# സർക്കാരിന്റെ ധനസഹായ പദ്ധതികൾ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

# സർക്കാരിന്റെ ധനസഹായ പദ്ധതികൾ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ എ എസ്**
*ഡയറക്ടർ, ഐ & പി.ആർ.ഡി*

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**സി.രമേഷ് കുമാർ**
*അഡീഷണൽ ഡയറക്ടർ, ഐ & പി.ആർ.ഡി*

ഡെപ്യൂട്ടി ചീഫ് എഡിറ്റർ
**എസ്.സുധീർ**
*ഡെപ്യൂട്ടി ഡയറക്ടർ (പബ്ലിക്കേഷൻസ്)*

എഡിറ്റർ
**അജിതാ ദാസ്**
*ഇൻഫർമേഷൻ ഓഫീസർ (റിസർച്ച് & റഫറൻസ്)*

അസിസ്റ്റന്റ് എഡിറ്റർ
**സി.അജോയ്**
*റിസർച്ച് ഓഫീസർ (റിസർച്ച് & റഫറൻസ്)*

ഡിസൈനർ
**ദീപക് മൗത്താട്ടിൽ**

സർക്കുലേഷൻ
**എ. ഷൈലാബീഗം**
*ഇൻഫർമേഷൻ ഓഫീസർ*
*(സർക്കുലേഷൻ & ഡിസ്ട്രിബ്യൂഷൻ)*

ടൈപ്പ് സെറ്റിംഗ്
**അജൻ ആർട്സ്, തിരുവനന്തപുരം**

പ്രിന്റിംഗ്
**സെന്റ് ജോസഫ് പ്രസ്സ്, തിരുവനന്തപുരം**

*വിവര സമാഹരണവും ക്രോഡീകരണവും: റിസർച്ച് & റഫറൻസ് വിഭാഗം ഐ & പി.ആർ.ഡി., കേരള സർക്കാർ.*
*അച്ചടിയും പ്രസിദ്ധീകരണവും: ഡയറക്ടർ ഐ & പി.ആർ.ഡി.*

*ഒക്ടോബർ 2014*

*പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നത്.*

*കോപ്പികൾ: 10000*

The content of this book is updated upto 1/10/2014

# ആമുഖം



ഏവരുടെയും ചിരകാല മോഹമായിരുന്നു സർക്കാരിന്റെ ധനസഹായ പദ്ധതികൾ വിശദീകരിക്കുന്ന ഒരു സമ്പൂർണ ഗ്രന്ഥം. അതിന്റെ സാക്ഷാത്കാരമാണ് ധനസഹായപദ്ധതികളെ കുറിച്ചുള്ള ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഈ പ്രസിദ്ധീകരണം.

ജനക്ഷേമകരങ്ങളായ ബഹുവിധ ധനസഹായപദ്ധതികൾ വിവിധ വകുപ്പുകൾ വഴി സർക്കാർ നടപ്പാക്കിവരുന്നുണ്ടെങ്കിലും, ഓരോ പദ്ധതിയെക്കുറിച്ചുമുള്ള സമ്പൂർണ വിവരങ്ങൾ സത്വരം ലഭിക്കുവാൻ കഴിയുന്ന തരത്തിൽ വകുപ്പ് തിരിച്ച് മാതൃഭാഷയിൽ ലളിതമായും വ്യക്തമായും പ്രതിപാദിക്കുന്ന ഒരു ഉത്കൃഷ്ട ഗ്രന്ഥം ആദ്യമായാണ് പ്രസിദ്ധപ്പെടുത്തുന്നത്.

ധനസഹായപദ്ധതികൾ പ്രധാനമായും ലക്ഷ്യമിടുന്നത് സമൂഹത്തിലെ അവശ വിഭാഗങ്ങളായ സ്ഥിരവരുമാനമില്ലാത്തവർ, രോഗികൾ, സ്വന്തമായി ഭൂമിയോ പാർപ്പിടമോ ഇല്ലാത്തവർ, സാമൂഹികമായും അടിസ്ഥാനപരമായും വിദ്യാഭ്യാസപരമായും വളരെ പിന്നാക്കം നിൽക്കുന്ന ഇടങ്ങളിൽ അധിവസിക്കുന്നവർ, മോശപ്പെട്ട ഭൗതിക സാഹചര്യങ്ങളിൽ ജീവിക്കുന്നവർ, അശരണരും ആലംബഹീനരുമായ സ്ത്രീകൾ, വൃദ്ധർ, വിധവകൾ തുടങ്ങിയവർക്ക് സമയോചിതമായ ആശ്വാസവും ആശ്രയവും പകരുന്ന പരിപാടികൾ നടപ്പാക്കുന്നതിനും, അതുവഴി അവരെ മുഖ്യധാരയിലേക്ക് നയിക്കുന്നതിനുമാണ്. ഇത്തരത്തിൽ ബഹുവിധ പദ്ധതികൾ നിലവിലുണ്ടെങ്കിലും, ബഹുഭൂരിപക്ഷം വരുന്ന അഗതികളും അശരണരും ഉൾപ്പെടുന്ന പിന്നാക്ക വിഭാഗത്തിനും ഇക്കാര്യങ്ങളെക്കു

റിച്ച് വ്യക്തമായ ധാരണയുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ട്.

സർക്കാർ നടപ്പാക്കിവരുന്ന ധനസഹായപരിപാടികളെക്കുറിച്ച സാധാരണക്കാർക്കും അവശ പിന്നാക്ക വിഭാഗങ്ങൾക്കും നിലവിലുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനും, പദ്ധതികളുടെ പ്രയോജനം അർഹതപ്പെട്ട എല്ലാപേർക്കും ക്ഷിപ്രസാധ്യമാക്കുന്നതിനും, അവശ്യമായ അറിവുകൾ/ വിവരങ്ങൾ ഈ ഗ്രന്ഥത്തിൽ വകുപ്പ് തിരിച്ച് സവിസ്തരം രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ പദ്ധതിയിലും ലഭിക്കുന്ന ആനുകൂല്യം, അത് ലഭിക്കുന്നതിന് വേണ്ട അർഹതാ മാനദണ്ഡം, അപേക്ഷിക്കുന്നതിനുള്ള നടപടിക്രമം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ മാതൃഭാഷയുടെ പ്രാഥമിക പാഠങ്ങൾ അറിവുള്ള ഏതൊരാൾക്കും എളുപ്പത്തിൽ ഗ്രഹിക്കുവാൻ കഴിയുന്ന തരത്തിലാണ് ഈ ഗ്രന്ഥത്തിലെ അടിസ്ഥാന വിവരങ്ങളൊക്കയും ഉൾക്കൊള്ളിച്ചിട്ടുള്ളത്.

തിരക്കേറിയ ജീവിതസാഹചര്യങ്ങളിൽ പെട്ട് ധനസഹായപദ്ധതികളെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ശ്രദ്ധിക്കുവാൻ കഴിയാതെ പോയവർക്ക്...... സർക്കാർ സ്ഥാപനങ്ങളിൽ പോയോ, ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ നേരിൽ കണ്ടോ വിവരങ്ങൾ സ്വരൂപിക്കുവാൻ കഴിയാത്തവർക്ക്.... പത്രമാധ്യമങ്ങളിൽ വരുന്ന പ്രചാരണ പരിപാടികൾ ഒരുപക്ഷേ ശ്രദ്ധിക്കാൻ കഴിയാതെ പോയവർക്ക് ..... മറ്റനേകം പേർക്കും ഈ പുസ്കം വിലപ്പെട്ട അറിവും വിവരങ്ങളുമായിരിക്കും സമ്മാനിക്കുക എന്നതിൽ ലവലേശം സംശയമില്ല. ജനക്ഷേമ തത്പരതയുള്ള ഒരു ഭരണകൂടം ഇത്രയേറെ ക്ഷേമ– സുരക്ഷാ പദ്ധതികൾ പ്രദാനം ചെയ്യുമ്പോൾ, അവയെക്കുറിച്ച് ലഭിക്കുന്ന അറിവിന്റെ ഓരോ നുറുങ്ങും മറ്റുള്ളവർക്ക് സഹായവും, നിരാശ്രയർക്ക് ആശ്രയവും, രോഗികൾക്ക് ആശ്വാസവും, കഷ്ടപ്പെടുന്നവർക്ക് കൈത്താങ്ങുമായി മാറ്റാൻ ഏതൊരു പൗരനും കഴിയണം. അപ്പോഴാണ് ഭരണാധികാരികളും പൊതുജനങ്ങളും പരസ്പര പൂരകങ്ങളും, ഭരണ സംവിധാനം സാർത്ഥകവുമാകുന്നത്.

നിരവധി വകുപ്പുകളുടെ സഹായ സഹകരണത്തോടെ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഏറ്റെടുത്ത് നിർവഹിച്ച ഈ ഗ്രന്ഥ പ്രസിദ്ധീകരണംകൊണ്ട് സമൂഹത്തിലെ എല്ലാ വിഭാഗത്തിലും ഉൾപെട്ട

ജനങ്ങൾക്ക്, പലവിധ പ്രതികൂല ജീവിത സാഹചര്യങ്ങൾ അഭിമുഖീകരിക്കുന്ന പാവപ്പെട്ടവർക്ക് പ്രത്യേകിച്ചും ഗുണമുണ്ടാകുമെന്നതിൽ ആഹ്ലാദിക്കാം. ഇതിൽ പ്രതിപാദിക്കുന്ന വിവരങ്ങൾ സമൂഹത്തിലെ ഒരോരുത്തരിലും എത്തി അർഹതപ്പെട്ട എല്ലാപേർക്കും ധനസഹായ പദ്ധതികളുടെ പ്രയോജനം സിദ്ധിക്കട്ടേയെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ഈ സംരംഭം സമയബന്ധിതമായി സാക്ഷാത്കരിക്കുവാൻ അഹോരാത്രം പ്രയത്നിച്ച എന്റെ സഹപ്രവർത്തകർക്കും, അതിൽ സഹകരിച്ച എല്ലാവർക്കും എന്റെ അകമഴിഞ്ഞ അഭിനന്ദനങ്ങൾ. അവരുടെ നിസ്വാർത്ഥ സേവനത്തെ സ്നേഹത്തിന്റെ ഭാഷയിൽ ശ്ലാഘിക്കുന്നു.

***റാണിജോർജ് ഐ.എ.എസ്***
*സെക്രട്ടറി*
*ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്*

# അവതാരിക



സംസ്ഥാനത്തെ മുഴുവൻ ധനസഹായപദ്ധതികളുടെയും വിശദാംശങ്ങൾ ഒരു ഗ്രന്ഥത്തിൽ ലഭ്യമാക്കാൻ കഴിയുക എന്നത് അങ്ങേയറ്റം ജനോപകാരപ്രദമായ ഒരു കാര്യമാണ്. ആ ചുമതല സമയബന്ധിതമായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കി എന്നത് അത്യധികം അഭിമാനപൂർവം ഇവിടെ രേഖപ്പെടുത്തട്ടെ. വികസനവും കരുതലും ആപ്തവാക്യമാക്കിയ ജനകീയ സർക്കാർ നിരവധി ക്ഷേമ പ്രവർത്തനങ്ങളും വികസന പരിപാടികളും സാമൂഹിക സുരക്ഷാ പദ്ധതികളും നിർവിഘ്നം നടപ്പാക്കി വരുന്നുണ്ട്. എങ്കിലും ധനസഹായപദ്ധതികളുടെ പ്രയോജനം ചിലപ്പോഴെങ്കിലും അർഹതപ്പെട്ടവർക്ക് അവയെക്കുറിച്ചുള്ള പ്രാഥമിക അവബോധക്കുറവ് മൂലം നഷ്ടമാകാറില്ലേയെന്ന് ചില സന്ദർഭങ്ങളെങ്കിലും നമ്മെ ഓർമപ്പെടുത്താറുണ്ട്. അത്തരം ആശാസ്യമല്ലാത്ത വീഴ്ചകൾക്ക് എന്നേക്കുമായി വിരാമമിടുന്നതിനുകൂടി വേണ്ടിയാണ് ധനസഹായപദ്ധതികളെക്കുറിച്ചുള്ള ഈ പ്രസിദ്ധീകരണം.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിൽപ്പെടുന്ന ജനക്ഷേമ പരിപാടികളുടെ പ്രചാരണം പൂർണമായി സാക്ഷാത്കരിക്കപ്പെടുന്നത് പ്രസ്തുത പരിപാടികൾ സംബന്ധിച്ച വസ്തുനിഷ്ഠമായ അറിവ് സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിലും എത്തുമ്പോഴാണ്. പ്രത്യേകിച്ച് താഴേതട്ടിലുള്ള അടിസ്ഥാന വർഗ്ഗങ്ങളിലെ ഓരോരുത്തരും അത് മനസിലാക്കി ക്രിയാത്മകമായി അവ പ്രയോജനപ്പെടുത്തുമ്പോഴാണ്. സമൂഹത്തിലെ അശരണരും ആലംബഹീനരുമായ ഒരു വിഭാഗത്തെ സംബന്ധിച്ചിടത്തോളം വ്യക്തിഗത ആനുകൂല്യങ്ങൾക്ക് പ്രസക്തി ഏറുമെങ്കിലും, ധനസഹായ പദ്ധതികളുടെ നിർവചനത്തിൽ കേവലം വ്യക്തിഗത ആനുകൂല്യങ്ങൾ മാത്രമേ ആകാവൂ എന്ന് ശഠിക്കുന്നത് ശരിയല്ല. ഇതര സേവനങ്ങൾ, സൗജന്യനിരക്കിലും ഇളവോടുകൂടിയും ലഭിക്കുന്ന ഉത്പന്നങ്ങൾ, പലിശരഹിത/ നാമ മാത്ര പലിശയുള്ള വായ്പകൾ, സ്വയംതൊഴിൽ പദ്ധതികൾ,തുടങ്ങി സർക്കാർ നട

പ്പാക്കിവരുന്ന ഒട്ടനവധി ധനസഹായ പദ്ധതികളെക്കുറിച്ച് ഈ പുസ്തകത്തിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

സമൂഹത്തിലെ പ്രതികൂല ജീവിത സാഹചര്യങ്ങളിൽപ്പെട്ട് കഷ്ടതയനുഭവിക്കുന്ന വൃദ്ധർ, പട്ടികജാതി/വർഗ വിഭാഗക്കാർ, മത്സ്യത്തൊഴിലാളികൾ, വിധവകൾ, അവിവാഹിതരായ അമ്മമാർ, ഉപേക്ഷിക്കപ്പെടുന്ന ശിശുക്കൾ, മോശപ്പെട്ട ഭൗതിക സാഹചര്യങ്ങളിൽ ജീവിക്കുന്ന സ്ത്രീകളും കുട്ടികളും രോഗികളും, പ്രകൃതി ദുരന്തങ്ങൾ/മറ്റു ദുരന്തങ്ങൾക്കിരയായവർ, രോഗം കൊണ്ടോ അനാഥത്വം വന്നോ ഒറ്റപ്പെട്ടുപോയവർ എന്നിവർക്കൊക്കെ അനുയോജ്യമായ നിരവധി ധനസഹായപരിപാടികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. എന്നാൽ ഇവയിലേറിയപങ്കും ഫലപ്രദമായി ഉപയോഗിക്കപ്പെടാതെ പോകുന്നതിനും ഒരു പ്രധാന കാരണമായി ചൂണ്ടിക്കാട്ടാവുന്നത് സാധാരണക്കാർക്കും ദരിദ്ര വിഭാഗത്തിനും പല പ്രധാന പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയാണ്. ആ കുറവ് നികത്തുന്നതിലേക്കായി ഒട്ടേറെ സർക്കാർ വകുപ്പുകൾ നടപ്പാക്കുന്ന ധനസഹായപദ്ധതികൾ ലളിതമായ ഭാഷയിൽ ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

മുപ്പതിലധികം വകുപ്പുകളുടെ സഹകരണത്തോടെ ഐ&പി.ആർ. വകുപ്പിലെ റിസർച്ച് & റഫറൻസ് വിഭാഗത്തിന്റെ ശുഷ്കാന്തിയോടെയുള്ള പ്രവർത്തനഫലമായി സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിഞ്ഞ ഈ ഗ്രന്ഥം ബഹു. മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദേശപ്രകാരം തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയത് സമൂഹത്തിലെ അർഹിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും ധനസഹായപദ്ധതികളുടെ പരമാവധി പ്രയോജനം സിദ്ധിക്കണമെന്ന ഉത്തമ ലക്ഷ്യത്തോടെയാണ്. അത് കുറെയെങ്കിലും സാക്ഷാത്കരിക്കാനായാൽ ഞങ്ങൾ കൃതാർഥരായി.

***മിനി ആന്റണി ഐ എ എസ്***
*ഡയറക്ടർ*
*ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്*

## ഉള്ളടക്കം


| | | |
|---|---|---|
| 1. | ആരോഗ്യവകുപ്പ് | 15–22 |
| 2. | എൻ.സി.സി. വകുപ്പ് | 23–24 |
| 3. | കയർ വികസന വകുപ്പ് | 25–26 |
| 4. | കൈത്തറി & ടെക്സ്റ്റൈൽ വകുപ്പ് | 27–29 |
| 5. | കൃഷി വകുപ്പ് | 30–56 |
| 6. | ക്ഷീരവികസന വകുപ്പ് (കെ.എൽ.ഡി.ബി.) | 57–63 |
| 7. | ഗ്രാമവികസന വകുപ്പ് | 64–67 |
| 8. | തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി വകുപ്പ് | 68–71 |
| 9. | തൊഴിലും പുനരധിവാസവും വകുപ്പ് | 72–107 |
| 10. | നഗരകാര്യവകുപ്പ് | 108–115 |
| 11. | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് | 116–118 |
| 12. | ന്യൂനപക്ഷ ക്ഷേമവകുപ്പ് | 119–125 |
| 13. | പഞ്ചായത്ത് വകുപ്പ് | 126– 131 |
| 14. | പട്ടികജാതി വികസനവകുപ്പ് | 132–153 |
| 15. | പട്ടികവർഗ്ഗ വികസനവകുപ്പ് | 154–166 |
| 16. | പൊതുവിതരണ വകുപ്പ് | 167–169 |
| 17. | പൊതുവിദ്യാഭ്യാസ വകുപ്പ് | 170–184 |
| 18. | പ്രവാസി കാര്യവകുപ്പ് | 185–202 |
| 19. | മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് | 203–209 |
| 20. | മത്സ്യബന്ധന വകുപ്പ് | 210–239 |
| 21. | മൃഗസംരക്ഷണ വകുപ്പ് | 240–250 |
| 22. | ലാന്റ് റവന്യൂ വകുപ്പ് | 251–263 |
| 23. | വനം വകുപ്പ് | 264–265 |
| 24. | വാണിജ്യനികുതി വകുപ്പ് | 266–268 |
| 25. | വിനോദസഞ്ചാര വകുപ്പ് | 269–270 |
| 26. | വ്യവസായിക പരിശീലന വകുപ്പ് | 271 |
| 27. | വാണിജ്യ-വ്യവസായ വകുപ്പ് | 272–274 |
| 28. | സഹകരണ വകുപ്പ് | 275–279 |
| 29. | സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് | 280–285 |
| 30 | സാമൂഹ്യനീതി വകുപ്പ് | 286–338 |
| 31. | സാസ്കാരിക വകുപ്പ് | 339–341 |

# ആരോഗ്യവകുപ്പ്

**പാവപ്പെട്ടവർക്ക് ചികിത്സാസഹായം**

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ (SMAP) എന്ന സ്ഥാപനം മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

- വാർഷികവരുമാനം മൂന്നു ലക്ഷം രൂപ

**ഹാജരാക്കേണ്ട രേഖകൾ**

- ചികിൽസിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രം
- വില്ലേജ് ഓഫീസറുടെ പക്കൽ നിന്നും ലഭിക്കുന്ന വരുമാന സർട്ടിഫിക്കറ്റ്

**അപേക്ഷ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ**

മെമ്പർ സെക്രട്ടറി

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ,

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, ജനറൽ ഹോസ്പിറ്റലിനു സമീപം, തിരുവനന്തപുരം-35

- വിശദവിവവരങ്ങൾക്ക് www.dhskeralagov.in ൽ SMAP എന്ന ലിങ്ക് സന്ദർശിക്കാവുന്നതാണ്

- RSBY യുടെ Chis plus എന്ന ചികിത്സാനുകൂല്യത്തിനും സൊസൈറ്റിയുടെ ചികിത്സാ സഹായത്തിനും ഒരേ രോഗിക്ക് അർഹതയുണ്ടായിരിക്കില്ല.

**RSBY യുടെ Chis plus പദ്ധതിപ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ**

| ക്രമ നമ്പർ | രോഗത്തിന്റെ പേര് | പരമാവധി തുക | ആശുപത്രിയുടെ പേര് |
|---|---|---|---|
| 1. | മസ്തിഷ്ക്ക | 20,000/- | 1) ശ്രീ ചിത്തിരതിരുനാൾ |

| | | | |
|---|---|---|---|
| | ശസ്ത്രക്രിയ | | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്& ടെക്നോളജി, തിരുവനന്തപുരം |
| 2. | ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ | 20,000/- | 2) റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം |
| 3. | വൃക്ക മാറ്റിവക്കൽ ശസ്ത്രക്രിയ | 20,000/- | 3) മെഡിക്കൽകോളേജ് ആശുപത്രി, തിരുവനന്തപുരം |
| 4. | കരൾ മാറ്റിവക്കൽ ശസ്ത്രക്രിയ | 20,000/- | 4) മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ |
| 5. | പേസ്മേക്കർ സ്ഥാപിക്കാൻ | 10,000/- | 5) മെഡിക്കൽ കോളേജ് ആശുപത്രി, തൃശൂർ |
| 6. | ആൻജിയോ പ്ലാസ്റ്റി | 10,000/- | 6) മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം |
| 7. | ക്യാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ) | 20,000/- | 7) മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് |
| 8. | ഡയാലിസിസ് | 10,000/- | 8) സഹകരണമെഡിക്കൽ കോളേജ് ആശുപത്രി, കൊച്ചി |
| 9. | ട്യൂമർ | 10,000/- | 9) ഇ.എം.എസ്മെമ്മോറിയൽ പട്ടാമ്പി, പെരിന്തൽമണ്ണ, മലപ്പുറം |
| 10. | അസ്ഥി സംബന്ധമായ ശസ്ത്രക്രിയ (റിസക്ഷനും പ്രൊസ്തസിസും, ലംബർ തൊറാസിക് വെർട്ടിബ്രൽ | 10,000/- | 10) സഹകരണ ഹൃദയാലയ മെഡിക്കൽ കോളേജ് ആശുപത്രി പരിയാരം, കണ്ണൂർ<br>11) ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം<br>12) മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി, കണ്ണൂർ<br>13) ജനറൽ ആശുപത്രി, എറണാകുളം<br>14) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേർണൽ & ചൈൽഡ് ഹെൽത്ത്, കോഴിക്കോട്<br>15) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, കോട്ടയം |



**2) ആരോഗ്യമന്ത്രിയുടെ ക്ഷേമനിധി ഫണ്ടിൽ നിന്നുള്ള ധനസഹായം**

- **ലഭിക്കുന്ന ആനുകൂല്യം** - 2000/- രൂപ

- **അർഹതാ മാനദണ്ഡം**

  * വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ താഴെ

  * സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പുവർ (SMAP) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത അസുഖങ്ങൾക്ക്

- **ഹാജരാക്കേണ്ട രേഖകൾ**

  * ചികിൽസിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റ്

  * വരുമാന സർട്ടിഫിക്കറ്റ്

- **അപേക്ഷ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ**

  * ആരോഗ്യവകുപ്പ് ഡയറക്ടർ

**3. വെൽഫെയർ സൊസൈറ്റി ഫോർ ദി ലോക്കോമോട്ടൊ ഡിസേബിൾഡ് വഴി നല്കുന്ന ധനസഹായം**

* അംഗവൈകല്യം മൂലം ചലനശേഷി നഷ്ടപ്പെട്ടവർക്ക് ചലനത്തിന് സഹായിക്കുന്ന ഉപകരണങ്ങൾ സൗജന്യമായി നല്കുന്നു

**ജനനി സുരക്ഷാ യോജന (JSY)**

* ലഭിക്കുന്ന ആനുകൂല്യം-700രൂപ(ഗ്രാമീണ മേഖല) 600 രൂപ (നഗരപ്രദേശം)

* 19 വയസ്സിന് മുകളിലുള്ള ഗർഭിണികൾക്ക് മികച്ച ഗർഭകാല ചികിത്സ.
* ഗ്രാമീണ മേഖലയിലെ ആനുകൂല്യത്തിന് JHI നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കണം.

* സർക്കാർ ആശുപത്രി - ആശുപത്രി സൂപ്രണ്ടിൽ നിന്നോ ചാർജ് എം.ഒ.യിൽ നിന്നോ ചെക്ക് കൈപ്പറ്റണം.

* അംഗീകൃത സ്വകാര്യ ആശുപത്രി - വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് (പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക്) എന്നിവ ഹാജരാക്കി സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ കോ-ഓർഡിനേറ്ററിൽ നിന്ന് ചെക്ക് കൈപ്പറ്റാം.

RSBY പദ്ധതി

* തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ വഴി രജിസ്റ്റർ ചെയ്ത കുടുംബങ്ങൾക്ക്

* സൗജന്യ ചികിത്സാ സഹായം

* ഓരോ അഡ്മിഷനും 100 രൂപ യാത്രാബത്ത

* ലഭിക്കുന്ന ആനുകൂല്യം - 30,000/-

**കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടപ്പാക്കുന്ന ക്ഷേമപദ്ധതികൾ**

എ) ആന്റി റിട്രോ വൈറൽ ചികിൽസ( ART)എടുക്കുന്നവർക്കുള്ള പെൻഷൻ

400 രൂപ പ്രതിമാസ പെൻഷൻ + 120 രൂപ യാത്രപ്പടി

**അപേക്ഷിക്കേണ്ട സ്ഥലം**

5 സർക്കാർ മെഡിക്കൽ കോളേജുകളിലേയോ എറണാകുളം, പാലക്കാട്, കാസർഗോഡ് ജില്ലാ ആശുപത്രികളിലെയോ ART സെന്ററുകളിൽ

**വിലാസം**

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി

റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം - 695035 ഫോൺ: 0471-2304882, 2304704, 2303763

**Mdr - Tb രോഗികൾക്കുള്ള ധനസഹായം**

* നിർദ്ധനരായ Mdr - Tb രോഗികൾക്ക് പോഷകാഹാരത്തിനായുള്ള ധനസഹായം

* ജില്ലാ ടിബി ഓഫീസ് Mdr - Tb center ൽ നിന്ന് ശുപാർശ ചെയ്യുന്ന രോഗികൾക്ക് ധനസഹായം ലഭിക്കുന്നു

* ലഭിക്കുന്ന ആനുകൂല്യം - 5000/-

## കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി

മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നു.

20 മുതൽ 60% വരെ സൗജന്യനിരക്കിൽ 7000ൽ അധികം ഇനങ്ങളിലുള്ള മരുന്നുകൾ ലഭിക്കുന്നു.

ഫോൺനമ്പർ - 18004251256 (ടോൾഫ്രീ)

0471-2440191

## ജനനി ശിശു സുരക്ഷാ കാര്യക്രമം (JSSK)
## (അമ്മയും കുഞ്ഞും പദ്ധതി)

* സർക്കാർ ആശുപത്രികളിൽ ചികിൽസ തേടുന്ന ഗർഭിണികൾക്ക് (ലാബ് ടെസ്റ്റ് ഉൾപ്പെടെ)
* നവജാത ശിശുവിന് 30 ദിവസം വരെ, അമ്മയ്ക്ക് 45 ദിവസം വരെ
* യാത്രാ ചെലവും ഭക്ഷണചെലവും ഉൾപ്പെടും

**വിലാസം**
State Programme Manager,
NRHM, Health Service Directorate
Premisel, Tvpm
Phone - 0471-2301181
9946105484

**സംസ്ഥാന ആരോഗ്യ വകുപ്പിന്റെ വിലാസം** 0471-2302490, 2303080

ഡയറക്ടർ **www.dkhs.kerala.gov.in**
സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്
ജനറൽ ഹോസ്പിറ്റൽ ജങ്ഷൻ
തിരുവനന്തപുരം-695 035

**ജില്ലാ ആശുപത്രികൾ**

1. ജില്ലാ മെഡിക്കൽ ഓഫീസർ
   ജനറൽ ആശുപത്രി ജംഗ്ഷൻ 0471-2473257, 2471291
   വഞ്ചിയൂർ, തിരുവനന്തപുരം

2. ജില്ലാ മെഡിക്കൽ ഓഫീസർ 0474-2795017, 2799299
   രണ്ടാംനില, സിവിൽ സ്റ്റേഷൻ, 99461 05473.
   കൊല്ലം

3. ജില്ലാ മെഡിക്കൽ ഓഫീസർ 04682-228220, 222642
   കളക്ടറേറ്റ്, പത്തനംതിട്ട

4. ജില്ലാ മെഡിക്കൽ ഓഫീസർ
   ബീച്ച് റോഡ്, ആലപ്പുഴ 0477-2252329, 2251650

5. ജില്ലാ മെഡിക്കൽ ഓഫീസർ **0481–2562973, 2562718**
സിവിൽ സ്റ്റേഷൻ, കോട്ടയം

6. ജില്ലാ മെഡിക്കൽ ഓഫീസർ **04862–233030**
പൈനാവ്, ഇടുക്കി

7. ജില്ലാ മെഡിക്കൽ ഓഫീസർ **0484–2369567, 2360802, 2373616**
ജനറൽ ഹോസ്പിറ്റലിന് സമീപം,
എറണാകുളം

8. ജില്ലാ മെഡിക്കൽ ഓഫീസർ **0487–2333050, 2333242**
നഴ്സിംഗ് സ്കൂൾ, തേക്കുംകാട് മൈതാനത്തിന് സമീപം
തൃശൂർ

9. ജില്ലാ മെഡിക്കൽ ഓഫീസർ **0491–2534189, 2525789, 2533264.**
ടിപ്പു സുൽത്താൻ കോട്ടയ്ക്ക് സമീപം
പാലക്കാട്

10. ജില്ലാ മെഡിക്കൽ ഓഫീസർ **0483–2766857.**
സിവിൽ സ്റ്റേഷൻ, മലപ്പുറം

11. ജില്ലാ മെഡിക്കൽ ഓഫീസർ **0495–2370494, 2370540**
കളക്ടറേറ്റിന് സമീപം,
കോഴിക്കോട്

12. ജില്ലാ മെഡിക്കൽ ഓഫീസർ **04935–230390.**
മാനന്തവാടി പഴശ്ശിസ്മാരകത്തിന് സമീപം
വയനാട്

13. ജില്ലാ മെഡിക്കൽ ഓഫീസർ **0479–2700709, 2700194.**
സിവിൽ സ്റ്റേഷൻ,
കണ്ണൂർ

14. ജില്ലാ മെഡിക്കൽ ഓഫീസർ **04672–203118.**
കാഞ്ഞങ്ങാട് ഡിസ്ട്രിക്ട് ഹോസ്പിറ്റലിന് സമീപം
കാസറഗോഡ്

**ആരോഗ്യകേരളം പദ്ധതിയുടെ ആസ്ഥാനം**

മിഷൻ ഡയറക്ടർ
ആരോഗ്യകേരളം, എൻ.ആർ.എച്ച്.എം. ബിൽഡിംഗ്
ഹെൽത്ത് സർവ്വീസസ് ഡയറക്ടറേറ്റ്
ജനറൽ ഹോസ്പിറ്റൽ, തിരുവനന്തപുരം
പിൻ-695035, ഫോൺ-0471-2301181, 2302784

## കെംബ് (കേരള എമർജൻസി മെഡിക്കൽ സർവീസസ് പ്രോജക്ട്) 108 ആംബുലൻസ് സർവീസ്

അനുദിനം വർധിച്ചുവരുന്ന റോഡപകടങ്ങളുടെ വെളിച്ചത്തിൽ അത്യാഹിത സാഹചര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുവേണ്ടി ആരംഭിച്ചിട്ടുള്ളതാണ് 108 ആംബുലൻസ് സർവീസ് . ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 45% അത്യാഹിതങ്ങൾ റോഡപകടങ്ങൾമൂലവും ബാക്കി 55% അത്യാഹിതങ്ങൾ പ്രകൃതിദുരന്തം, പാമ്പ്കടി, മാരകമായ അസുഖങ്ങൾ, ആത്മഹത്യാശ്രമങ്ങൾ, ഗർഭസംബന്ധമായ അസുഖങ്ങൾ എന്നിവ മൂലവും സംഭവിക്കുന്നു. കെംബ്പദ്ധതി വിജയിപ്പിക്കുന്നതിലേക്കായി പോലീസ് സഹായം, ആംബുലൻസ് സർവീസ്, അടിയന്തര വൈദ്യസഹായം എന്നിവ ഒരു കൂരയ്ക്കുള്ളിൽ നിന്നും നിയന്ത്രിക്കുന്ന സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. പദ്ധതി ആദ്യമായി ആരംഭിച്ചത് 2010 മെയ് 18-ന് തിരുവനന്തപുരം ജില്ലയിലാണ്. ഈ സംവിധാനം സംസ്ഥാനത്തിൽ മറ്റു ഭാഗങ്ങളിലേക്കും പ്രാവർത്തികമാക്കിവരികയാണ്. അത്യാധുനിക പ്രഥമ ശുശ്രൂഷാസൗകര്യങ്ങളും പരിചയസമ്പന്നരായ നഴ്സുമാരുടെയും ടെക്നീഷ്യമാരുടെയും സേവനങ്ങളുമൊരുക്കിയിട്ടുള്ള 108 ആംബുലൻസിന്റെ സേവനം 24 മണിക്കൂറും 108 ടോൾ ഫ്രീ നമ്പരിലൂടെ ലഭ്യമാണ്.

## Mdr - Tb രോഗികൾക്കുള്ള ധനസഹായ പദ്ധതി

നിർദ്ധനരായ Mdr-Tb രോഗികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനുള്ള സംസ്ഥാനാവിഷ്കൃത ധനസഹായ പദ്ധതിയാണിത്. ജില്ലകളിൽ കണ്ടുപിടിക്കപ്പെടുന്ന മൾട്ടി ഡ്രഗ് റസിസ്റ്റന്റ് ടിബി രോഗികളുടെ ലിസ്റ്റിൽ നിന്നും ജില്ലാ ടിബി ഓഫീസർ ശുപാർശ ചെയ്യുന്ന രോഗികളുടെ രേഖകൾ പരിശോധിച്ച ശേഷം അർഹരായവർക്കാണ് ഈ ധനസഹായം നല്കുന്നത്.

* **ലഭിക്കുന്ന ആനുകൂല്യം** - 5000/- രൂപ

**ആരോഗ്യകേരളം ജില്ലാ ഓഫീസുകളിലെ ഫോൺനമ്പറുകൾ**

| | | |
|---|---|---|
| തിരുവനന്തപുരം | - | 0471-2321288 |
| കൊല്ലം | - | 0474-2763763 |
| പത്തനംതിട്ട | - | 04682-325504 |
| അലപ്പുഴ | - | 0477-2230711 |
| കോട്ടയം | - | 0481-2304844 |
| ഇടുക്കി | - | 04862-232221 |
| എറണാകുളം | - | 0484-2354737 |
| തൃശൂർ | - | 0487-2325824 |
| പാലക്കാട് | - | 0491-2504695 |
| മലപ്പുറം | - | 0483-2730313 |
| കോഴിക്കോട് | - | 0495-2374990 |
| വയാനട് | - | 04935-246849 |
| കണ്ണൂർ | - | 0497-2709920 |
| കാസർഗോഡ് | - | 0467-2209466 |

# എൻ.സി.സി. വകുപ്പ്



**എൻ.സി.സി കേഡറ്റുകൾക്ക് സ്കോളർഷിപ്പ്**

- വിദ്യാഭ്യാസ മേഖലയിൽ ഉത്കൃഷ്ട സേവനം കാഴ്ച വയ്ക്കുന്ന 500 യോഗ്യരായ കേഡറ്റുകൾക്ക് 5000 രൂപ വരെ സ്കോളർഷിപ്പ് നൽകി വരുന്നു. ഓരോ ഗ്രൂപ്പിലും സർവ്വോത്താമ കേഡറ്റുകൾക്ക് 3000 രൂപയും രണ്ടാമത്തെ സർവ്വോത്താമ കേഡറ്റുകൾക്ക് 2000 രൂപയും പുരസ്കാര മായി നൽകുന്നു.

**എൻ.സി.സി.കേഡറ്റുകൾക്ക് സംസ്ഥാന സർക്കാർ നൽകി വരുന്ന സാമ്പ ത്തിക ആനുകൂല്യങ്ങൾ**

- ന്യൂഡൽഹിയിൽ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കുന്ന എല്ലാ കേഡറ്റുകൾക്കും 1000 രൂപ വീതം നൽകുന്നു.
- ന്യൂഡൽഹിയിൽ നടക്കുന്ന റിപ്പബ്ലിക് ഗാർഡ് ഓഫ് ഓണറിന് പങ്കെടു ക്കുന്ന ഓരോ കുട്ടിക്കും 500 രൂപ വീതം ലഭിക്കുന്നു.
- കേന്ദ്രീകൃതമായി സംഘടിപ്പിക്കുന്ന ക്യാമ്പുകളിൽ പങ്കെടുത്തു ഒന്നാം സ്ഥാനം നേടുന്ന കുട്ടിക്ക് 500 രൂപയും രണ്ടാം സ്ഥാനം നേടുന്ന കുട്ടിക്ക് 250 രൂപയും മൂന്നാം സ്ഥാനം നേടുന്ന കുട്ടിക്ക് 100 രൂപയും നൽകുന്നു.
- പർവ്വതാരോഹണത്തിൽ പങ്കെടുക്കുന്നവർക്ക് 500 രൂപയും, കൊടുമുടി കീഴടക്കുന്നവർക്ക് അധികമായി 1000 രൂപയും നൽകുന്നു.
- പാരച്യൂട്ട് ട്രെയിനിങ്ങിന് ഓരോ ചാട്ടത്തിനും 100 രൂപയും, കൂടാതെ 500 രൂപ വിലമതിക്കുന്ന സ്മരണികയും നൽകുന്നു.
- യൂണിറ്റ് തലത്തിൽ ഒരു സീനിയർ ഡിവിഷൻ ആൺകുട്ടിക്കും ഒരു സീനി യർ വിങ് പെൺകുട്ടിക്കും 100 രൂപ പ്രതിമാസം ഒരു വർഷത്തേക്ക് നൽകു ന്നു. ഒരു ജൂനിയർ ഡിവിഷൻ ആൺകുട്ടിക്കും ഒരു ജൂനിയർ വിങ് പെൺകുട്ടിക്കും 50 രൂപ വീതം പ്രതിമാസം ഒരു വർഷത്തേക്ക് നൽകുന്നു.

- ഗ്രൂപ്പ് തലത്തിൽ ഒരു സീനിയർ ഡിവിഷൻ ആൺകുട്ടിക്കും ഒരു സീനിയർ വിങ് പെൺകുട്ടിക്കും 200 രൂപ വീതം പ്രതിമാസം ഒരു വർഷത്തേക്ക് നൽകുന്നു. ഒരു ജൂനിയർ ഡിവിഷൻ ആൺകുട്ടിക്കും ഒരു ജൂനിയർ വിങ് പെൺകുട്ടിക്കും 100 രൂപ വീതം പ്രതിമാസം ഒരു വർഷത്തേക്ക് നൽകുന്നു.

**ആസ്ഥാനവിലാസം** **ഫോൺ - 0471-2721278**

എൻ.സി.സി. ഡയറക്ടറേറ്റ്,(കേരളം, ലക്ഷദ്വീപ്)

സംസ്ഥാനവിഭാഗം,തിരുവനന്തപുരം

# കയർവികസന വകുപ്പ്

കേരള കയർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിന്റെ ക്ഷേമനിധിയിൽ രണ്ടു വർഷത്തെ സ്ഥായിയായി അംഗത്വമുള്ളവർക്കാണ്(അപകടമരണം,ശാരീരിക അവശത ഒഴികെ) അർഹതയുള്ളത്.

| ക്ഷേമപദ്ധതി | അർഹതപ്പെട്ടവർ | ലഭിക്കുന്ന ആനുകൂല്യം |
|---|---|---|
| 1. വിവാഹ ധനസഹായം | വനിത അംഗങ്ങൾക്കും അംഗങ്ങളുടെ പെൺമക്കൾക്കും | 2000/- |
| 2. പ്രസവാനുകൂല്യം | വനിതാ അംഗങ്ങൾക്ക് | 1000/- |
| 3. ചികിത്സാ ധനസഹായം | അംഗങ്ങൾക്കും ആശ്രിതർക്കും | 1000/- |
| 4. ശാരീരിക അവശതയ്ക്കുള്ള പ്രത്യേക സഹായം | അംഗങ്ങൾ | 2500 (സ്ഥിരമായ ശാരീരിക അവശത) 600 (താൽക്കാലിക അവശത) (3 മാസം) |
| 5. അപകടമരണം | അംഗത്തിന്റെ ജീവിതപങ്കാളി | 10,000/- |
| 6. ശവസംസ്കാര ധനസഹായം | അംഗത്തിനോ ആശ്രിതർക്കോ | 1000/- |
| 7. മെറിറ്റ് അവാർഡ് | എല്ലാ വിഷയങ്ങൾക്കും എ + നേടുന്ന അംഗങ്ങളുടെ മക്കൾക്ക് | 1000/- |
| 8. വിദ്യാഭ്യാസ ധനസഹായം | അംഗങ്ങളുടെ മക്കൾക്ക് SSLC യ്ക്ക് ശേഷമുള്ള വിദ്യാഭ്യാസത്തിന് | 3000 (എൻജിനീയറിംഗ്-മെഡിക്കൽ, അഗ്രിക്കൾച്ചറൽ, വെറ്ററിനറി) 750 (മറ്റ് കോഴ്സുകൾക്ക്) |
| 9. വിരമിക്കൽ ആനുകൂല്യം | 2006 ഏപ്രിൽ ഒന്നു മുതൽ വിരമിക്കുന്ന അംഗങ്ങൾക്ക് | പ്രതിവർഷം 500/- നിരക്കിൽ 2500 മുതൽ 15000 രൂപ വരെ നൽകുന്നു |

| | | |
|---|---|---|
| 10. അംഗത്വ പെൻഷൻ | 60 വയസ് കഴിഞ്ഞ അംഗങ്ങൾക്കും സ്ഥായിയായ അവശതയുള്ള അംഗങ്ങൾക്കും | 600/- (മാസം) |
| 11. കുടുംബ പെൻഷൻ | മരണപ്പെട്ട അംഗത്തിന്റെ ജീവിത പങ്കാളിക്കും മൈനർ കുട്ടികൾക്കും | 100/- |
| 12. മുൻ കയർതൊഴിലാളി പെൻഷൻ | 1989 സെപ്റ്റംബർ 30ന് മുൻപ് 62 വയസ് പൂർത്തിയാക്കിയതോ, ശാരീരിക അവശതയുള്ളതോ ആയ അംഗങ്ങൾക്ക് | 600/- |

**വിലാസം:**

കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്,
ഓഫീസ്, ആലപ്പുഴ - 688007
ഫോൺ 0477-2251577, 2251499
ഫാക്സ് - 0477-2251577
വെബ്സൈറ്റ് - www.keralacoirwwfb.org

# കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പ്

1) **അംശദാനമിതവ്യയഫണ്ട് പദ്ധതി**

- അംശദാനമിതവ്യയ ഫണ്ട് പദ്ധതിയിലെ വരിക്കാരുടേയും, അവരുടെ കുടുംബാംഗങ്ങളുടേയും ചികിത്സാചിലവുകൾ, വിവാഹത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള ചെലവ്, വീട് നിർമ്മിക്കുവാൻ സ്ഥലം വാങ്ങൽ വീടുകളുടെ നിർമ്മാണം / വാങ്ങൽ / മാറ്റം / അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുള്ള ചെലവ് മുതലായവ വഹിക്കുന്നതിനാണ് ഈ പദ്ധതിയനുസരിച്ച് സഹായം നൽകുന്നത്. ഇതിൽ 50% തുക വനിതാ നെയ്ത്തുകാർക്കായി ഉദ്ദേശിച്ചിരിക്കുന്നു. 20,000 നെയ്ത്തുകാരെ ഉൾപ്പെടുത്തുന്ന ഈ പദ്ധതിയിൽ നെയ്ത്തുകാരുടെ കൂലിയുടെ 8% തുക ഈ ഫണ്ടിലേക്ക് ഈടാക്കുകയും അത്രയും തന്നെ തുക സർക്കാർ വിഹിതമായി ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നു.

2) **കൈത്തറി മേഖലയിലെ സ്വയംതൊഴിൽ പദ്ധതി**

- പുതിയ തലമുറയിലെ സംരഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പരമ്പരാഗത മേഖലയുടെ പഴമ നിലനിർത്തുന്നതിനും സഹകരണ മേഖലയുടെ പുറത്തുള്ള 25 യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ട്രെയിനിങ്, മാർജിൻമണി സഹായം, വിപണന സഹായം എന്നിവ നൽകുന്നു. 10 വർഷം കൈത്തറി നെയ്ത്തിൽ പ്രവർത്തന പരിചയമുള്ള സംരംഭകർക്കും കൈത്തറി / ടെക്സ്റ്റയിൽ ടെക്നോളജിയിൽ ഡിപ്ലോമയുള്ളവർക്കും ഈ പദ്ധതിയിൽ പ്രാമുഖ്യം നൽകുന്നു. ഒരു വർഷം 25 സംരംഭങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

3) **വിദഗ്ധ നെയ്ത്തുകാർക്ക് ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം**

- 30 വിദഗ്ധ നെയ്ത്തുകാർക്ക് കുറഞ്ഞത് 10 തറികൾ ഉൾപ്പെടുന്ന ഉത്പാദന യൂണിറ്റുകൾ ബാങ്ക് വായ്പ സഹായത്തോടെ സ്ഥാപിക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഷെഡ്ഡുകൾ നിർമിക്കുക, തറികളും അനുബന്ധ സാമഗ്രികളും വാങ്ങുക, വിദഗ്ധ നെയ്ത്തുകാർക്കും

മറ്റു നെയ്ത്തുകാർക്കും പരിശീലനം നൽകുക, ഡിസൈൻ ഇൻപുട്ട് പ്രവർത്തന മൂലധനത്തിന് മാർജിൻമണി എന്നിവ ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു

**4) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സഹായം**

- നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലക്ക് ലഭ്യമാകുന്നു എന്നുറപ്പാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഹാന്റക്സ്, ഹാൻവീവ്, യാൺ ബാങ്കുകൾ എന്നിവയ്ക്ക് കഴിനൂൽ സബ്സിഡി നൽകുന്നുണ്ട്. 40'Sനു താഴെയുള്ള കൗണ്ടുകൾക്ക് കിലോക്ക് 25 രൂപയും 80'S നു താഴെയുള്ള കൗണ്ടുകൾക്ക് കിലോയ്ക്ക് 30 രൂപയും അതിനു മുകളിലുള്ളകൗണ്ടുകൾക്ക് കിലോക്ക് 40 രൂപയും നിരക്കിലാണ് യാൺ സബ്സിഡി നൽകി വരുന്നത്. ചായങ്ങളും രാസവസ്തുക്കളും വാങ്ങുന്നതിന് വിലയുടെ 10% നിരക്കിൽ സബ്സിഡിയും അനുവദിച്ചുവരുന്നു.

**5)നെയ്ത്തുകാർക്കും അനുബന്ധതൊഴിലാളികൾക്കും പ്രചോദന പരിപാടി**

- നെയ്ത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം ഓരോ ഉല്പന്നത്തിനും സ്റ്റാന്റേർഡ് മീറ്ററേജ് നിശ്ചയിച്ചിട്ടുണ്ട്. നിശ്ചിത മീറ്ററേജിൽ കൂടുതൽ നെയ്യുന്ന ഉല്പന്നത്തിന് സാധാരണ ലഭ്യമാകുന്ന വേതനത്തിന് പുറമേ ഇരട്ടി വേതനം സർക്കാരിൽ നിന്ന് നൽകുന്നു. ഇങ്ങനെ നൽകുന്ന വേതനം ഒരു ദിവസം 150/- രൂപയായും ഒരു ആഴ്ച 1000/- രൂപയായും പരിമിതപ്പെടുത്തിയിട്ടുണ്ട്.

II കേന്ദ്രാവിഷ്കൃത പദ്ധതി

**1)കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി (മഹാത്മാഗാന്ധി ബങ്കാർ ബീമാ യോജന)**

- മഹാത്മാഗാന്ധി ബങ്കാർ ബീമായോജന പദ്ധതി പ്രകാരം ഓരോ നെയ്ത്തുകാരന്റെയും മൊത്തം പ്രീമിയം തുകയായ 330 രൂപയിൽ 100/- രൂപ എൽ.ഐ.സി വഹിക്കുന്നതാണ്. 150 രൂപ കേന്ദ്ര സർക്കാർ എൽ.ഐ.സി.ക്ക് നേരിട്ട് നൽകുന്നതാണ്. ബാക്കി വരുന്ന നെയ്ത്തുകാരന്റെ വിഹിതമായ 80 രൂപ സംസ്ഥാന സർക്കാർ വഹിക്കുന്നു. സ്വാഭാവിക മരണം, അപകട മരണം, പൂർണമായോ ഭാഗികമായോ അംഗവൈകല്യം എന്നിവ സംഭവിക്കുന്ന കൈത്തറി നെയ്ത്തുകാർക്ക് വർദ്ധിപ്പിച്ച ഇൻഷുറൻസ് പരിരക്ഷ

നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിൽ 22500 നെയ്ത്തുകാർക്ക് പരിരക്ഷ ലഭിക്കുന്നതാണ്.

2)**വീവേഴ്സ് ക്രെഡിറ്റ് കാർഡ് സ്കീം**

നെയ്ത്തുകാർക്കും അനുബന്ധതൊഴിലാളികൾക്കും തൊഴിൽ അധിഷ്ഠിതമായ ആവശ്യങ്ങൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് കേന്ദ്രഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്ന ഒരു ക്ഷേമപദ്ധതിയാണിത്. സഹകരണ സംഘങ്ങളിലും, ഗ്രൂപ്പുകളിലും ക്ലസ്റ്ററുകളിലും ജോലി ചെയ്യുന്ന നെയ്ത്തുകാർക്കും, സ്വന്തമായി നെയ്ത്തുജോലിയിലേർപ്പെട്ടിട്ടുള്ളവർക്കും ഈ പദ്ധതി പ്രകാരം ദേശസാൽകൃത ബാങ്കുകൾ വഴി 3 വർഷക്കാലത്തേക്ക് വായ്പ അനുവദിക്കുന്നതാണ്. നെയ്ത്തുതൊഴിലിന് പ്രവർത്തന മൂലധനമായും ഉപകരണങ്ങൾ വാങ്ങുന്നതിനും പ്രസ്തുത വായ്പ അനുവദിക്കുന്നു. ഈ പദ്ധതി പ്രകാരം 2 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. പ്രസ്തുത വായ്പക്ക് പലിശനിരക്ക് കുറവാണ്. ഈ പദ്ധതിയിൽ 10000 രൂപ മാർജിൻമണിയായും ലഭിക്കുന്നതാണ്. സി.ജി.റ്റി.എം.എസ്. പ്രകാരം ക്രെഡിറ്റ് ഗാരന്റിയും ലഭിക്കുന്നു. കൈത്തറി 3-ാം നാഷണൽ സെൻസസ് പ്രകാരം ഐഡന്റിറ്റി കാർഡ് ലഭിച്ചിട്ടുള്ള നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൽക്കും, സംസ്ഥാന സർക്കാർ അംഗീകരിച്ച നെയ്ത്തുകാർക്കും പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതാണ്.

**ആസ്ഥാന വിലാസം**

ഡയറക്ടർ, കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പ്
നാലാം നില, വികാസ് ഭവൻ
തിരുവനന്തപുരം, ഫോൺ : 0471-2303427

# കൃഷി വകുപ്പ്

I. **കൃഷിവകുപ്പ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ**

(പദ്ധതികൾ അനുവദിക്കപ്പെടുന്ന പ്രദേശങ്ങളിൽ മാത്രമായി സബ്സിഡികൾ നിജപ്പെടുത്തിയിരിക്കുന്നു)

**നെൽക്കൃഷി പദ്ധതികൾ**

| ക്രമ നമ്പർ | ഇനം | ധനസഹായം രൂപ/ഏക്കർ | പദ്ധതി നടപ്പാക്കുന്നത് |
|---|---|---|---|
| 1 | ഗ്രൂപ്പ് ഫാമിങ് | 1600 / ഏക്കർ | സംസ്ഥാന കൃഷിവകുപ്പ് |
| 2 | കരനെൽക്കൃഷി | 3000 / ഏക്കർ | സംസ്ഥാന കൃഷിവകുപ്പ് |
| 3 | തരിശുഭൂമി നെൽക്കൃഷി (കരാർ) | 10000 / ഏക്കർ 2000/ഏക്കർ ഭൂകൃഷി ഉടമയ്ക്ക് | സംസ്ഥാന കൃഷിവകുപ്പ് |
| 4 | പ്രദർശനത്തോട്ട നിർമാണം | 2500 / ഏക്കർ | സംസ്ഥാന കൃഷിവകുപ്പ് |
| 5 | ഒറ്റ ഞാർ കൃഷി | 3000 / ഏക്കർ | സംസ്ഥാന കൃഷിവകുപ്പ് |
| 6 | ഗുണമേന്മയുള്ള വിത്തിന്റെ പ്രചരണം | രൂപ/കി.ഗ്രാം | സംസ്ഥാന കൃഷിവകുപ്പ് |
| 7 | സസ്യസംരക്ഷണ ഉപാധികൾ/കുമ്മായ വിതരണം | 20രൂപ / ഏക്കർ | സംസ്ഥാന കൃഷിവകുപ്പ് |
| 8 | അടിസ്ഥാന സൗകര്യ വികസനം | പാടശേഖരങ്ങൾക്ക് | സംസ്ഥാന കൃഷിവകുപ്പ് |
| 9 | പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നഷ്ടം | 4000 രൂപ വരെ / ഏക്കർ | സംസ്ഥാന കൃഷിവകുപ്പ് |

| | | | |
|---|---|---|---|
| 10 | നെൽക്കൃഷി ഇൻഷുറൻസ് സംരക്ഷണം | 5000 രൂപ വരെ / ഏക്കർ | സംസ്ഥാന കൃഷിവകുപ്പ് |
| 11 | ഉൽപാദന ബോണസ് | 400 / ഏക്കർ സീസൺ | സംസ്ഥാന കൃഷിവകുപ്പ് |
| 12 | നെല്ല് സംഭരണം | 17 രൂപ / കി.ഗ്രാം | സംസ്ഥാന കൃഷിവകുപ്പ് |
| 13 | വൈദ്യുതി (പരിധിയില്ലാതെ) | സൗജന്യം | സംസ്ഥാന കൃഷിവകുപ്പ് |

**കേരകൃഷി പദ്ധതികൾ**

| ക്രമ നമ്പർ | ഇനം | ധനസഹായം | പദ്ധതി നടപ്പാക്കുന്നത് |
|---|---|---|---|
| 1 | തെങ്ങ് വെട്ടിമാറ്റൽ | 500 രൂപ വരെ / തെങ്ങ് | സംസ്ഥാന കൃഷിവകുപ്പ് |
| 2 | പുനർ നടീൽ | തെങ്ങ് ഒന്നിന് 11 രൂപ/ | സംസ്ഥാന കൃഷിവകുപ്പ് |
| 3 | വളം | തെങ്ങൊന്നിന് 12 രൂപ/ | സംസ്ഥാന കൃഷിവകുപ്പ് |
| 4 | വിളസംരക്ഷണം | തെങ്ങൊന്നിന് 10 രൂപ/ | സംസ്ഥാന കൃഷിവകുപ്പ് |
| 5 | ഇടകിളയ്ക്കൽ/ തടമെടുക്കൽ | തെങ്ങൊന്നിന് 30 രൂപ/ | സംസ്ഥാന കൃഷിവകുപ്പ് |
| 6 | കേരവൃക്ഷ ഇൻ ഷുറൻസ് | 600-1150 രൂപ, പ്രായമനുസരിച്ച് | സംസ്ഥാന കൃഷിവകുപ്പ് |
| 7 | സൗജന്യവൈദ്യുതി | അഞ്ച് ഏക്കർ വരെ മാത്രം | |

## പച്ചക്കറികൃഷി പദ്ധതികൾ

| ക്രമ നമ്പർ | ഇനം | ധനസഹായം | പദ്ധതി നടപ്പാക്കുന്നത് |
|---|---|---|---|
| 1 | തരിശുഭൂമിയിലെ കരാർകൃഷി | 12000 രൂപ/ഏക്കർ 2000/ഏക്കർ ഭൂ ഉടമയ്ക്ക് | സംസ്ഥാന കൃഷിവകുപ്പ് |
| 2 | വീട്/സ്കൂൾ വളപ്പിലെ പച്ചക്കറി കൃഷി | 3500 രൂപ വരെ | സംസ്ഥാന കൃഷിവകുപ്പ് |
| 3 | നഗരപ്രദേശങ്ങളിലെ പച്ചക്കറികൃഷി | 1500 രൂപ വരെ | സംസ്ഥാന കൃഷിവകുപ്പ് |
| 4 | വാണിജ്യ പച്ചക്കറി കൃഷി പുതിയത് | 9000/രൂപ വരെ/ഏക്കർ | സംസ്ഥാന കൃഷിവകുപ്പ് |
| 5 | പച്ചക്കറി ഇൻഷുറൻസ് (പന്തലില്ലാത്തതിന്) (പന്തലുള്ളതിന്) | 800 രൂപ / 10സെന്റിന് 1600 രൂപ/ 10സെന്റിന് | സംസ്ഥാന കൃഷിവകുപ്പ് |

എല്ലാ വിദ്യാർത്ഥികൾക്കും പച്ചക്കറി വിത്ത്, എല്ലാ വിദ്യാലയങ്ങളിലും പച്ചക്കറികൃഷി ഉറപ്പാക്കുന്നതിന് സമഗ്ര പച്ചക്കറികൃഷി വികസന പദ്ധതി പ്രകാരം 35 ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന പച്ചക്കറി വിത്ത് സൗജന്യമായി വിതരണം ചെയ്യുന്നു.

## സുഗന്ധവ്യഞ്ജനകൃഷി

| ക്രമ നമ്പർ | ഇനം | ധനസഹായം | പദ്ധതി നടപ്പാക്കുന്നത് |
|---|---|---|---|
| 1 | നഴ്സറി നിർമ്മാണം കരാർകൃഷി | ഏക്കറിന് 2.60 ലക്ഷം രൂപ മുതൽമുടക്കിന് 50%വരെ സബ്സിഡി | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ |
| 2 | തോട്ടം നവീകരണം | 6000 രൂപ വരെ/ഏക്കർ | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ |

| | | | |
|---|---|---|---|
| 3 | കർഷക സമിതി | 10000 രൂപ വരെ/ഏക്കർ | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ |
| 4 | കുരുമുളക് വിസ്തൃതി വർദ്ധിപ്പിക്കൽ | 8000 രൂപ വരെ/ഏക്കർ | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ |
| 5 | ഇഞ്ചി/മഞ്ഞൾ വിസ്തൃതി വർദ്ധിപ്പിക്കൽ | 5000 രൂപ വരെ/ഏക്കർ | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ |

**ജലസേചനം**

| ക്രമ നമ്പർ | ഇനം | ധനസഹായം പദ്ധതി അടിസ്ഥാത്തിൽ | പദ്ധതി നടപ്പാക്കുന്നത് |
|---|---|---|---|
| 1 | കമ്മ്യൂണിറ്റി ടാങ്കുകളുടെ നിർമാണം, പ്ലാസ്റ്റിക്ക് അല്ലെങ്കിൽ ആർ.സി.സി ബെയ്സ് മഴവെള്ള സംഭരണി. 100X100X3 മീ. വ്യാപ്തി | സമതലപ്രദേശങ്ങളിൽ ആറു ലക്ഷം രൂപ വരെ/യൂണിറ്റ്, ഉയർന്ന പ്രദേശങ്ങളിൽ 6.90 ലക്ഷം രൂപ വരെ/യൂണിറ്റ് | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ |
| 2 | സൂക്ഷ്മജലസേചന പദ്ധതി (ഡ്രിപ്പ്, സ്പ്രിംഗ്ലർ മുതലായവ) | ചെറുകിട നാമമാത്ര കർഷകർക്ക് മുതൽ മുടക്കിന്റെ 75% വരെ സബ്സിഡി | സംസ്ഥാന കൃഷിവകുപ്പ് |

**ഫലപുഷ്പകൃഷി**

| ക്രമ നമ്പർ | ഇനം | ധനസഹായം ഏക്കറിന് | പദ്ധതി നടപ്പാക്കുന്നത് |
|---|---|---|---|
| 1 | പുതിയ പഴത്തോട്ടങ്ങൾ സ്ഥാപിക്കുക | 16,000 രൂപ വരെ സബ്സിഡി | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ |

| | | | |
|---|---|---|---|
| 2 | പഴയ പഴത്തോട്ടങ്ങൾ പുനരുജ്ജീവിപ്പിക്കുക | 6,000 രൂപ വരെ സബ്സിഡി | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ |
| 3 | പുഷ്പ വിളകൾ | 14,000 രൂപ വരെ സബ്സിഡി | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ |
| 4 | സുഗന്ധ വ്യഞ്ജന വിളകൾ | 8,000 രൂപ വരെ സബ്സിഡി | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ |
| 5 | വിവിധ തോട്ടവിളകൾ | 8,000 രൂപ വരെ സബ്സിഡി | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ |
| 6 | സംരക്ഷിത കൃഷി (ഗ്രീൻ ഹൗസ്) | 935 രൂപ / ചതുരശ്ര മീറ്റർ മുതൽ മുടക്കിന് 50% വരെ സബ്സിഡി | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ |
| 7 | ഉല്പന്ന സംസ്കരണ, സംരക്ഷണ, മൂല്യവർദ്ധന പദ്ധതികൾ | പദ്ധതിച്ചെലവിന്റെ 40% വരെ പരമാവധി 20 ലക്ഷം രൂപ | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ |

**മണ്ണ് പരിപോഷണം, വളപ്രയോഗം**

| ക്രമ നമ്പർ | ഇനം | ധനസഹായം | പദ്ധതി നടപ്പാക്കുന്നത് |
|---|---|---|---|
| 1 | സംയോജിത വളപ്രയോഗം | 50% വരെ സബ്സിഡി പരമാവധി 400 രൂപ | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ |
| 2 | സമ്പൂർണ്ണ ജൈവകൃഷി | ഏക്കറിന് 8,000 രൂപ വരെ മുതൽ മുടക്കിന് 50% സബ്സിഡി | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ |

| | | | |
|---|---|---|---|
| 3 | ഫലഭൂയിഷ്ഠി കുറഞ്ഞ സ്ഥല ങ്ങളിൽ സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം | ഏക്കറിന് 300 രൂപ | സംസ്ഥാന കൃഷി വകുപ്പ് |
| 4 | ജിപ്സം/കുമ്മായം എന്നിവയുടെ ഉപയോഗം | ഏക്കറിന് 300 രൂപ | സംസ്ഥാന കൃഷി വകുപ്പ് |
| 5 | മണ്ണിര–കമ്പോസ്റ്റ് യൂണിറ്റ് (30X8X2.5 അടി വ്യാപ്തി) | യൂണിറ്റിന് 30,000 രൂപ | സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ |
| 6 | ജൈവവളങ്ങളുടെ യും ജൈവകീട നാശിനികളുടെ യും നിർമാണം | പ്രതിവർഷം 200 ടൺ ഉൽപാദന ത്തിന് 25% സബ്സിഡി (പരിധി 40 ലക്ഷം) | സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ |

**യന്ത്രവത്ക്കരണം**

| ക്രമ നമ്പർ | ഇനം | ധനസഹായം | പദ്ധതി നടപ്പാക്കുന്നത് |
|---|---|---|---|
| 1 | ട്രാക്ടർ 40 എച്ച്.പി. വരെ | 50% വരെ സബ്സിഡി പരമാ വധി 45,000 രൂപ | സംസ്ഥാന കൃഷി വകുപ്പ് |
| 2 | പവ്വർ ടില്ലർ എച്ച്.പി. വരെ | 40% പരമാവധി 45,000 രൂപ (8 ബി.എച്ച് പിയ്ക്കു മുകളിൽ) 20% പരമാവധി 25,000 രൂപ (8ബി.എച്ച്.പി വരെ) | സംസ്ഥാന കൃഷി വകുപ്പ് |
| 3 | 20 എച്ച്.പി. വരെയുള്ള കൃഷിയന്ത്രങ്ങൾ | 50% പരമാവധി 1,20,000 രൂപ | സംസ്ഥാന കൃഷി വകുപ്പ് |

| | | | |
|---|---|---|---|
| 4 | കർഷക ഗ്രൂപ്പു കൾക്കും എൻ.ജി. ഒ. കൾക്കും വിളവെടുപ്പ്/ കൊയ്ത്ത് മെതി യന്ത്രങ്ങൾ | 1,50,000/- അല്ലെങ്കിൽ ചെലവിന്റെ 25% ഏതാണോ കുറവ് | സംസ്ഥാന കൃഷി വകുപ്പ് |
| 5 | നടീൽയന്ത്രം പോലുള്ള യാന്ത്രിക ഉപകരണങ്ങൾ | 25000/- അല്ലെങ്കിൽ ചെലവിന്റെ 40% ഏതാണോ കുറവ് | സംസ്ഥാന കൃഷി വകുപ്പ് |
| 6 | പതിരടി യന്ത്രങ്ങൾ പോലെ കർഷകർക്ക് സ്വയം പ്രവർത്തിപ്പി ക്കാവുന്ന യന്ത്രങ്ങൾ | 12000/- അല്ലെങ്കിൽ ചെലവിന്റെ 25% ഏതാണോ കുറവ് | സംസ്ഥാന കൃഷി വകുപ്പ് |

**കർഷകർക്ക് വിജ്ഞാന വ്യാപന പരിശീലന പരിപാടികൾ**

| ക്രമ നമ്പർ | ഇനം | ധനസഹായം | പദ്ധതി നടപ്പാക്കുന്നത് |
|---|---|---|---|
| 1 | അംഗീകൃതസ്ഥാപന ങ്ങളിൽ കർഷകർക്ക് പരിശീലന പരിപാടി (സ്റ്റൈപെന്റ്, ഭക്ഷണം /താമസം, യാത്രാകൂലി എന്നിവ) | 5200 രൂപ പ്രതിമാസം ഓരോ കർഷകനും | സംസ്ഥാന കൃഷി വകുപ്പ് |
| 2 | പച്ചക്കറി ഉത്പാദന ത്തിലും ബന്ധപ്പെട്ട വിഷയങ്ങളിലും രണ്ട് ദിവസത്തെ പരിശീലനം | ഒരു പരിശീലന ത്തിന് 1500 രൂപ | സംസ്ഥാന കൃഷി വകുപ്പ് |
| 3 | കർഷകർക്ക് സംസ്ഥാന ത്തിനു വെളിയിൽ പരിശീലനം | പ്രതിദിനം 1000 രൂപ കർഷകന് | ആത്മ |

| | | | |
|---|---|---|---|
| 4 | കർഷകർക്ക് സംസ്ഥാനത്തിനുള്ളിൽ പരിശീലനം | പ്രതിദിനം 750 രൂപ /കർഷകന് | ആത്മ |
| 5 | കർഷകർക്ക് ജില്ലയ്ക്കുള്ളിൽ പരിശീലനം | പ്രതിദിനം 400 രൂപ /കർഷകന് | ആത്മ |
| 6 | ഡെമോൺസ്ട്രേഷൻ (പ്രദർശനം) പരിശീലനം | ഡെമോൺസ്ട്രേഷൻ പ്ലോട്ടിന് 4000 രൂപ വരെ | ആത്മ |
| 7 | 40 പേരടങ്ങുന്ന സംഘങ്ങൾക്ക് സസ്യ സംരക്ഷണ മാർഗങ്ങളെക്കുറിച്ചുള്ള പരിശീലനം | 1,52,100/സംഘം | സംസ്ഥാന കൃഷിവകുപ്പ് |
| 8 | കർഷകർക്ക് സംസ്ഥാനത്തിനു വെളിയിൽ 10 ദിവസത്തെ പഠന സന്ദർശനം | പ്രതിദിനം ഒരു കർഷകന് 600 രൂപ വീതം | ആത്മ |
| 9 | കർഷകർക്ക് സംസ്ഥാനത്തിനുള്ളിൽ 10 ദിവസത്തെ പഠന സന്ദർശനം | പ്രതിദിനം ഒരു കർഷകന് 300 രൂപ | ആത്മ |
| 10 | ജില്ലയ്ക്കുള്ളിൽ കർഷകർക്ക് പഠനസന്ദർശനം ഒരു ദിവസത്തേയ്ക്ക് | പ്രതിദിനം ഒരു കർഷകന് 250 രൂപ | ആത്മ |
| 11 | ഫാം ഫീൽഡ് സ്കൂൾ (പുരോഗമന കർഷകർ നടത്തുന്ന പ്രദർശന/ പരിശീലന കൃഷി തോട്ടങ്ങൾ) | സ്കൂൾ ഒന്നിന് 29,414 രൂപ വരെ | ആത്മ |
| 12 | സൂക്ഷ്മജലസേചന പ്രദർശനം/ ദിവസത്തെ പഠന സന്ദർശനം | ആകെത്തുകയുടെ 75% സബ്സിഡിയായി കർഷകർക്ക് നൽകും | സംസ്ഥാന കൃഷിവകുപ്പ് |

| | | | |
|---|---|---|---|
| 13 | സൂക്ഷ്മജലസേചനം 30 പേർക്ക് | 50,000 രൂപ 2-3 ദിവസത്തെ പരിശീലനം | സംസ്ഥാന കൃഷിവകുപ്പ് |
| 14 | തിരഞ്ഞെടുത്ത വില്ലേ ജുകളിൽ മണ്ണുപരി ശോധന ലാബുകളുടെ തത്സമയ പ്രദർശനം | 20,000 രൂപ | സംസ്ഥാന കൃഷിവകുപ്പ് |
| 15 | വളപ്രയോഗങ്ങളുടെ സന്തുലിത ഉപയോഗ ത്തിൽ കർഷകർക്കുള്ള പരിശീലനം | 10,000 രൂപ | സംസ്ഥാന കൃഷിവകുപ്പ് |
| 16 | കർഷകസംഘങ്ങൾക്ക് സ്വന്തം കഴിവ് വളർത്തി യെടുക്കാനും പ്രാവീണ്യം വികസിപ്പിക്കാനും പരിശീലനം | 5000 രൂപ/ സംഘം | സംസ്ഥാന കൃഷിവകുപ്പ് |

## ഇതര സേവനങ്ങൾ

| ക്രമ നമ്പർ | ഇനം | ധനസഹായം അർഹത ആർക്ക് | പദ്ധതി നടപ്പാക്കുന്നത് |
|---|---|---|---|
| 1 | മണ്ണ് പരിശോധന (കൃഷിഭവൻ മുഖേന) | സൗജന്യം | സംസ്ഥാന കൃഷി വകുപ്പ് |
| 2 | മണ്ണ് പരിശോധന (കർഷകർ നേരിട്ട്) | 50 രൂപ/സാമ്പിൾ | സംസ്ഥാന കൃഷി വകുപ്പ് |
| 3 | മണ്ണ് പരിശോധന (സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാല) | സൗജന്യം | സംസ്ഥാന കൃഷി വകുപ്പ് |
| 4 | കാർഷികയന്ത്രങ്ങൾ വാടകയ്ക്ക് | കുറഞ്ഞ തദ്ദേശ നിരക്കുകൾ | സംസ്ഥാന കൃഷി വകുപ്പ് |

| | | | |
|---|---|---|---|
| 5 | കേരളകർഷകൻ മാസിക അംഗത്വം | 80/വർഷം | സംസ്ഥാന കൃഷി വകുപ്പ് |
| 6 | വിത്ത് ഗുണമേന്മ പരിശോധന | 10 / സാമ്പിൾ | സംസ്ഥാന കൃഷി വകുപ്പ് |
| 7 | മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമിക്കുന്നതിന് | പ്രോജക്ടിന്റെ 30% പരമാവധി 10 ലക്ഷം | സംസ്ഥാന കൃഷി വകുപ്പ് |
| 8 | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ | സബ്സിഡി 10000 രൂപ വരെ | സംസ്ഥാന കൃഷി വകുപ്പ് |

## മറ്റു പദ്ധതികൾ

**1. കാർഷിക വായ്പ**

- വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമവികസന ബാങ്കുകൾ, സഹകരണ വായ്പ സ്ഥാപനങ്ങൾ എന്നിവയുടെ ബൃഹത്തായ ശൃംഖല വഴി കർഷകർക്ക് ഉല്പാദന വായ്പ, കിസാൻ ക്രെഡിറ്റ് കാർഡ്, മുതൽമുടക്ക് വായ്പ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നു.

**2. കാർഷിക ഇൻഷുറൻസ്**

- പ്രകൃതിക്ഷോഭം, കീടരോഗബാധ എന്നിവയിൽ നിന്നും ഉണ്ടാകുന്ന നഷ്ടത്തിൽനിന്ന് സംരക്ഷണം
- ആറു തരം സ്കീമുകളാണ് നിലവിലുള്ളത് – നാഷണൽ അഗ്രികൾച്ചറൽ ഇൻഷുറൻസ്, സംസ്ഥാന ഇൻഷുറൻസ്, സമഗ്ര നെൽക്കൃഷി ഇൻഷുറൻസ്, പച്ചക്കറി ഇൻഷുറൻസ്, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ്, കേരവൃക്ഷ ഇൻഷുറൻസ്.

**3. കർഷക പെൻഷൻ**

- 60 വയസ് പൂർത്തിയായ എല്ലാ ചെറുകിട നാമമാത്ര കർഷകർക്കും പ്രതിമാസം 400 രൂപ നിരക്കിൽ കൃഷിഭവൻ മുഖേന പെൻഷൻ നൽകുന്നു.

**4. മൊബൈൽഫോൺ സന്ദേശങ്ങൾ**

- പദ്ധതികളുടെ വിവരങ്ങൾ, ശാസ്ത്രീയ പരിചരണ മുറകൾ, നൂതന ശാസ്ത്ര സാങ്കേതിക വിദ്യകൾ തുടങ്ങിയവയുടെ ശബ്ദ/വാചക സന്ദേശങ്ങൾ മൊബൈൽ വഴി ലഭ്യമാക്കുന്നു.

- കൃഷിഭവനിൽ രജിസ്റ്റർ ചെയ്തവർക്ക് എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ സന്ദേശങ്ങൾ എത്തുന്നു.

**5. കിസാൻ കോൾസെന്റർ**

- 1551 എന്ന സൗജന്യ നമ്പറിൽ ഫോൺ വഴി കർഷകക്ഷേമ പദ്ധതികൾ, സാങ്കേതിക വിവരങ്ങൾ, നടീൽ വസ്തുക്കളുടെ ലഭ്യത, വളപ്രയോഗങ്ങൾ, രോഗസംരക്ഷണ രീതികൾ മുതലായവയെക്കുറിച്ച് വിശദാംശങ്ങൾ ലഭിക്കും.

**1. ഗ്രീൻ ഹൗസ് – ഹൈടെക്ക് ഫാമിങ്**

| | |
|---|---|
| ● കർഷകർ അവരുടെ പരിധിയിലെ കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. | |
| ● 400 ച.മീറ്റർ വിസ്തീർണമുള്ള ഗ്രീൻ ഹൗസിനുള്ള ധനസഹായം | 2.805 ലക്ഷം രൂപ |
| ● പച്ചക്കറി, വാഴ തുടങ്ങിയ വിളകളുടെ സൂക്ഷ്മ കൃഷിയ്ക്കായി | 40000 രൂപ/ ഹെക്ടർ |

**2. നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും**

| | |
|---|---|
| ● പൊതുമേഖലയിൽ നാല് ഹെക്ടർ സ്ഥലത്തേയ്ക്കുള്ള മാതൃകാ നഴ്സറികൾക്കും ഒരു ഹെക്ടർ സ്ഥലത്തേയ്ക്കുള്ള ചെറുകിട നഴ്സറികൾക്കും | 6.25 ലക്ഷം രൂപ / ഹെക്ടർ |
| ● സ്വകാര്യ മേഖലയിൽ ചെറുകിട നഴ്സറിയ്ക്ക് ഹെക്ടറൊന്നിന് | 6.25 ലക്ഷം രൂപയുടെ 50 ശതമാനം |
| ● ടിഷ്യൂകൾച്ചർ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി പൊതുമേഖലയ്ക്ക് | 15 ലക്ഷം യൂണിറ്റൊന്നിന് |
| ● പുതിയ ടിഷ്യൂകൾച്ചർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പൊതുമേഖലയ്ക്ക് | 100 ലക്ഷം യൂണിറ്റൊന്നിന് |
| സ്വകാര്യമേഖലയ്ക്ക് | 50 ലക്ഷം യൂണിറ്റൊന്നിന് |

**3. വിള വിസ്തൃതി വർദ്ധിപ്പിക്കാൻ**

| | |
|---|---|
| ● മാവിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് | 30,000 രൂപ ഹെക്ടറൊന്നിന് |

| | |
|---|---|
| ● വാഴയുടെയും കൈതച്ചക്കയുടെയും പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് | 35,000 രൂപ ഹെക്ടറൊന്നിന് |
| ● ടിഷ്യൂകൾച്ചർ വാഴത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് | 41,602 രൂപ ഹെക്ടറൊന്നിന് |
| ● കൂൺ വിത്തുത്പാദന കമ്പോസ്റ്റ് നിർമാണ പരിശീലന യൂണിറ്റ് പൊതുമേഖലയിൽ സ്ഥാപിക്കുന്നതിന് | 50 ലക്ഷം രൂപയുടെ 100 ശതമാനവും (സ്വകാര്യ മേഖലയിൽ 50 ശതമാനവും ധനസഹായം) |
| ● കൂൺ വിത്തുത്പാദന യൂണിറ്റ് പൊതുമേഖലയിൽ സ്ഥാപിക്കുന്നതിന് | ചെലവായ 15 ലക്ഷം രൂപയുടെ 100 ശതമാനവും (സ്വകാര്യ മേഖലയിൽ 50 ശതമാനവും) ധനസഹായം നൽകുന്നു. |

സുഗന്ധവ്യഞ്ജന വിളകളായ ഇഞ്ചി, മഞ്ഞൾ മുതലായവയുടെ കൃഷി വ്യാപിപ്പിക്കുന്നതിന് ഹെക്ടറൊന്നിന് 12,500 രൂപയും കുരുമുളക്, ജാതി, കറുവപ്പട്ട, ഗ്രാമ്പൂ എന്നിവയുടെ കൃഷിയും തോട്ടവിളയായ കൊക്കോയുടെ കൃഷിയും വ്യാപിപ്പിക്കുന്നതിന് ഹെക്ടറൊന്നിന് 20,000 രൂപയും ധനസഹായം നൽകുന്നു. മേൽ വിവരിച്ച വിളകൾക്കെല്ലാം പരമാവധി നാല് ഹെക്ടർ കൃഷി ചെയ്യുന്നതിനാണ് സഹായം നൽകുന്നത്. കട്ട്ഫ്ളവർ കൃഷി വ്യാപിപ്പിക്കുന്നതിന് ഹെക്ടറൊന്നിന് 35,000 രൂപയും ലൂസ് ഫ്ളവറിന് 12,000 രൂപയും ധനസഹായം നൽകുന്നു. പരമാവധി രണ്ട് ഹെക്ടർ കൃഷി ചെയ്യുന്നതിനാണ് സഹായം നൽകുന്നത്. കുരുമുളക്, കൊക്കോ എന്നീ വിളകളുടെ ഉത്പ്പാദനക്ഷമത കുറഞ്ഞതും രോഗബാധിതവുമായ തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനായി ഹെക്ടറൊന്നിന് 20,000 രൂപയും 15,000 രൂപയും വീതം ധനസഹായം നൽകുന്നു.

**4. ജലസ്രോതസുകളുടെ നിർമാണം**

ജലസ്രോതസുകളുടെ നിർമാണത്തിനായി കമ്മ്യൂണിറ്റി ടാങ്ക്/കുളങ്ങൾ സ്ഥാപി

ക്കുവാൻ 10 ഹെക്ടർ സ്ഥലത്തേയ്ക്കുള്ള ഒരു യൂണിറ്റിന് സമതല പ്രദേശത്തേയ്ക്ക് 15 ലക്ഷം രൂപയും, മലയോര പ്രദേശത്തേയ്ക്ക് 17.25 ലക്ഷം രൂപയും ധനസഹായം നൽകുന്നു.

**5. സംരക്ഷിത കൃഷി**

സംരക്ഷിത കൃഷി നടപ്പിലാക്കുന്നതിനായി പരമാവധി 4000 ച.മീറ്റർ വിസ്തീർണമുള്ള ട്യൂബുലാർ സ്ട്രക്ചർ നിർമ്മിക്കുന്നതിന് ച.മീറ്ററിന് മൊത്തം ചെലവ് വരുന്ന 935 രൂപയുടെ 50 ശതമാനം ധനസഹായം നൽകുന്നു.

**6. സംയോജിത രോഗകീട നിയന്ത്രണവും ജൈവകൃഷിയും**

സംയോജിത രോഗകീട നിയന്ത്രണത്തിന് പരമാവധി നാല് ഹെക്ടർ സ്ഥലത്തേയ്ക്ക് ഹെക്ടർ ഒന്നിന് 1000 രൂപയും, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 50 ഹെക്ടർ വരുന്ന ഒരു ക്ലസ്റ്ററിന് അഞ്ച് ലക്ഷം രൂപ ജൈവ സർട്ടിഫിക്കേഷനും അഞ്ച് ലക്ഷം രൂപ ജൈവകൃഷി പ്രോത്സാഹനത്തിനുമായി മൂന്ന് വർഷക്കാലയളവിലേയ്ക്കായി ധനസഹായം നൽകുന്നു. ഇത് പദ്ധതി അധിഷ്ഠിതമായിട്ടാണ് നടപ്പിലാക്കുന്നത്. 30'X8'X2.5' വിസ്തീർണ്ണമുള്ള മണ്ണിരകമ്പോസ്റ്റ് യൂണിറ്റ് നിർമിക്കുന്നതിന് മൊത്തം ചെലവ് വരുന്ന 60,000 രൂപയുടെ 50 ശതമാനം ധനസഹായം നൽകുന്നു.

**7. യന്ത്രവത്കരണം**

ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണത്തിന് പവ്വർ ഓപ്പറേറ്റഡ് യന്ത്രങ്ങൾക്ക് സെറ്റൊന്നിന് പരമാവധി 35,000 രൂപയുടെ 50 ശതമാനവും, 20 BHP വരെയുള്ള യന്ത്രങ്ങൾക്ക് സെറ്റൊന്നിന് പരമാവധി 1,20,000 രൂപയുടെ 50 ശതമാനവും, 20 BHP -യ്ക്ക് മുകളിലുള്ള യന്ത്രങ്ങൾക്ക് സെറ്റൊന്നിന് പരമാവധി 3,00,000 രൂപയുടെ 50 ശതമാനവും ധനസഹായം നൽകുന്നു.

**8. തേനീച്ച വളർത്തൽ**

ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ എന്ന ഘടകത്തിൽ തേനീച്ചക്കോളനിയ്ക്ക് 200 രൂപയും, തേനീച്ചപ്പെട്ടിക്ക് 200 രൂപയും തേനീച്ചക്കൃഷിയ്ക്കാവശ്യമുള്ള ഉപകരണങ്ങൾക്ക് 300 രൂപയും സബ്സിഡി നൽകുന്നു. പ്രസ്തുത പദ്ധതി ഹോർട്ടിക്കോർപ്പ് എന്ന നോഡൽ ഏജൻസി മുഖേനയാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കി വരുന്നത്.

**9. മാനവവിഭവശേഷി വികസനം**

മാനവവിഭവശേഷി വികസനത്തിനായി കാർഷിക പരിശീലന കേന്ദ്രങ്ങൾക്കായി ഗാർഡനർമാർക്കുള്ള പരിശീലനം നൽകുന്നതിന് 15 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. കൂടാതെ കർഷകർക്കുള്ള പരിശീലനം, പഠനയാത്രകൾ, ഉദ്യോഗസ്ഥർക്കുള്ള പരിശീലനം എന്നിവയ്ക്കും ധനസഹായം

നൽകുന്നു.

**10. വിപണികളുടെ അടിസ്ഥാനസൗകര്യവികസനം**

വിപണികളുടെ അടിസ്ഥാന സൗകര്യവികസനം എന്ന ഘടകത്തിൽ ഗ്രാമീണ വിപണികൾക്ക് യൂണിറ്റൊന്നിന് 20 ലക്ഷം രൂപ, ചില്ലറ വിൽപ്പനശാലകൾക്ക് 10 ലക്ഷം രൂപ എന്നിവയുടെ 40 ശതമാനം സമതലപ്രദേശങ്ങളിലും 55 ശതമാനം മലയോര പ്രദേശങ്ങളിലും ധനസഹായം നൽകുന്നു.

IV. **ദേശീയ ഔഷധസസ്യ മിഷൻ**

ദേശീയ ഔഷധസസ്യ മിഷൻ പദ്ധതിയിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

**ഔഷധ സസ്യങ്ങളുടെ വിളവിസ്തൃതി വർദ്ധിപ്പിക്കൽ**

- 1155 ഹെക്ടറിലേയ്ക്ക് ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുന്നതിന് മിഷൻ തിരഞ്ഞെടുക്കപ്പെട്ട 23 ഔഷധ സസ്യങ്ങൾക്കാണ് ധനസഹായം നൽകുന്നത്.
- വൃക്ഷങ്ങൾക്ക് മൂന്ന് വർഷത്തേയ്ക്ക് 65:20:15 എന്ന അനുപാതത്തിലും ദ്വിവാർഷിക വിളകൾക്ക് 75:25 എന്ന അനുപാതത്തിലും വാർഷിക വിളകൾക്ക് പ്രഥമ വർഷം 100 ശതമാനവുമാണ് സബ്സിഡി നൽകുന്നത്.
- അപേക്ഷകൾ ദേശീയ ഔഷധസസ്യ മിഷന്റെ ഹെഡ് ഓഫീസിലോ ജില്ലാ കൃഷി ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഹോർട്ടിക്കൾച്ചർ)ക്കോ സമർപ്പിക്കേണ്ടതാണ്.
- കൂടാതെ നെല്ലി-1300, അശോകം-31250, കറ്റാർവാഴ-8500, കുടംപുളി-12500, വേപ്പ്-7500, തിപ്പലി-12500, സർപ്പഗന്ധി-31250, ശതാവരി-12500, കൂവളം-20000, കുമിഴ്-22500, വയണ-15500, സ്റ്റീവിയ-62500, ബ്രഹ്മി-8000, ചിറ്റമൃത്-5500, ചക്കരകൊല്ലി-5000, മേന്തോന്നി-68750, സെന്ന/സുന്നമുഖി/തകര-5000, വയമ്പ് - 12500, കീഴാർനെല്ലി-5500, കാച്ചിൽ-12500, കുടങ്ങൽ-8000, തുളസി-6000, ഇരുവേലി-8600 എന്ന ക്രമത്തിൽ വിളകൾക്ക് ധനസഹായം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വഴി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ**

- പച്ചക്കറി, പുഷ്പങ്ങൾ എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ഗ്രീൻ ഹൗസ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സംര

ക്ഷിത കൃഷി.

- 500 ഹെക്ടർ സ്ഥലത്ത് ടിഷ്യൂക്കൾച്ചർ വാഴതൈകൾ ഉപയോഗിച്ചുള്ള വാഴകൃഷി
- കൂൺകൃഷി
- ഇടുക്കിജില്ലയിൽ ശീതകാല ഫലവർഗകൃഷി
- വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിൽ ശീതകാല പച്ചക്കറികൃഷി
- തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കുന്ന **പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും** എന്ന പദ്ധതി.
- മട്ടുപ്പാവ് പച്ചക്കറികൃഷി, ഹൈടെക്ക്കൃഷി

പദ്ധതികളുടെ അപേക്ഷകൾ അതത് കൃഷിഭവനുകളിലാണ് സമർപ്പിക്കേണ്ടത്. ജില്ലാതലത്തിൽ ജില്ലാമിഷൻ പദ്ധതികൾക്ക് ഡെപ്യൂട്ടി ഡയറക്ടറിനെ (ഹോർട്ടിക്കൾച്ചർ) സമീപിക്കാവുന്നതാണ്.

മേൽപറഞ്ഞ പദ്ധതിക്ക് പുറമെ പ്രോജക്ടുകൾ തയ്യാറാക്കി കൃഷിഭവനുകളിൽ സമർപ്പിക്കാവുന്നതാണ്.

**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രങ്ങൾ**

| **ഇനങ്ങൾ** | **ബന്ധപ്പെടേണ്ട വിലാസം** |
|---|---|
| ● സങ്കരയിനം തെങ്ങിൻ തൈകളായ കേരശ്രീ, കേരഗംഗ, ലക്ഷഗംഗ, അനന്തഗംഗ (തൈ ഒന്നിന് 100 രൂപ), കുറിയ ഇനം തെങ്ങിൻ തൈകൾ അച്ചാർ മാവിനങ്ങളുടെ ഒട്ടു തൈകൾ, കശുമാവ് ഗ്രാഫ്റ്റുകൾ, പച്ചക്കറി വിത്തുകൾ, കൂൺ വിത്ത്, അലങ്കാര വിളകൾ തുടങ്ങിയവ | പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട്, കാസർഗോഡ്-673573, ഫോൺ: 04672260450, 2260632 |
| ● കുരുമുളക്, കാപ്പിത്തോട്ടങ്ങൾക്കു പുറമെ മാംഗോസ്റ്റീൻ, ഓറഞ്ച്, അവക്കാഡോ, റമ്പൂട്ടാൻ, എഗ്ഫ്രൂട്ട് തുടങ്ങി വിവിധ ഫലവർഗ തോട്ടങ്ങളും ഇവിടെയുണ്ട്. പന്നിയൂർ കുരുമുളക്, 600 ൽപരം ഇനം റോസ് ബഡുകൾ, | പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ, വയനാട്, ഫോൺ 04936260421 |

ജീരകശാല, ഗന്ധകശാല അരി, ജാം, ജെല്ലി, സ്ക്വാഷ്, അച്ചാർ തുടങ്ങിയവ ലഭിക്കും.

| ഗവേഷണ കേന്ദ്രങ്ങൾ | സേവനങ്ങൾ | ബന്ധപ്പെടേണ്ട വിലാസം |
|---|---|---|
| **പട്ടാമ്പി** | ● സഞ്ചരിക്കുന്ന നെല്ല് ചികിത്സാ നിരീക്ഷണ കേന്ദ്രം | ഫോൺ : 9447880208 |
| | സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ പഠന യാത്ര,ഫീൽഡ് പരിശീലന ക്ലാസ്, കൃഷിയിടങ്ങളിൽ നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗം, കാർഷിക പ്രദർശനം, കാലാവസ്ഥ വിവരങ്ങൾ തുടങ്ങിയ സേവനങ്ങൾ ലഭ്യമാണ്. | പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി, പാലക്കാട്, പിൻ 679 306, ഫോൺ: 0466 2212228 |
| **കുമരകം** | ● തെങ്ങിന്റെ കൃഷി രീതികളും പരിപാലനമുറകളും കീടനിയന്ത്രണവും സംബന്ധിച്ച ഗവേഷണങ്ങൾ നടത്തുന്നു.<br>● ജാതിയുടെ ബഡ് തൈകൾ, കുടംപുളി ഗ്രാഫ്റ്റ്, കരിമീനും വിത്തുകൾ, ഇറച്ചി താറാവ്, തെങ്ങിൻ തൈ, തുടങ്ങിയവ ഇവിടെ ലഭിക്കും. | കുമരകം, കോട്ടയം-666566, ഫോൺ: 0481-2524421 |
| **കായംകുളം** | ● നെല്ല്, എള്ള്, പയറു വർഗങ്ങൾ എന്നിവയിൽ ശ്രദ്ധേയമായ ഇനങ്ങളും പരിപാലന മുറകളും വികസിപ്പിച്ചു.<br>● പലയിനം എള്ളിൻ വിത്തുകൾ കർഷകർക്ക് നൽകുന്നു.<br>● കാറ്റുവീഴ്ച പ്രതിരോധശേഷിയുള്ള തെങ്ങിൻതൈ, പഴയീച്ച കെണികൾ, മണ്ണിരകമ്പോസ്റ്റ്, കയർപിത്ത് | ഓണാട്ടുകര മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, കായകുളം, ആലപ്പുഴ- 690502 ഫോൺ: 0479-2443192 |

കമ്പോസ്റ്റ് തുടങ്ങിയവയും
ഇവിടെ നിന്ന് വാങ്ങാം.

**വെള്ളായണി** **ഫോൺ: 9495548768.**

● വിവിധ വിളകളും സംരംഭങ്ങളുമായി ബന്ധപ്പെട്ട കൺസൽട്ടൻസി സർവീസും ഇവിടെയുണ്ട്.

● കർഷകസാന്ത്വനം പദ്ധതി: തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ കർഷകർക്ക് കൃഷി സംബന്ധമായ പ്രശ്നപരിഹാരം നിർദ്ദേശിക്കുക എന്നത് ഉദ്ദേശിച്ചുള്ള താണ് ഈ പദ്ധതി.

**✶വെള്ളായണി കാർഷിക കോളേജിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾ**

തേനീച്ച പരിപാലനം (9847063300), ജൈവരോഗ നിയന്ത്രണ മാർഗങ്ങൾ ട്രൈക്കോഡെർമ, സ്യൂഡോമോണസ്, അസോസ്പൈറില്ലം, നൈട്രജൻ, ഫോസ്ഫറസ് ദായക ജീവാണുവളങ്ങൾ, പി.ജി.പി.ആർ മിശ്രിതം 1,11, മൈക്കോറൈസ, കീടനിയന്ത്രണകാരികളായ ബീവേറിയ, മെറ്റാറൈസി യം, ഫെറമോൺ കെണികൾ (9447558251, 9495301905), കൂൺകൃഷി, കൂൺ വിത്ത് - (9446175827), ജൈവകൃഷി, മണ്ണിരകമ്പോസ്റ്റ്, മണ്ണിര (9446662992), ഭക്ഷ്യവസ്തുക്കളിലെ കീടനാശിനി അവിശിഷ്ടം പരിശോധിക്കുന്നതിന് (9895408332), പുതിയ ഇനം തീറ്റപ്പുല്ലിനങ്ങൾ (9447658080), പച്ചക്കറി വിത്തുത്പാദനവും ലഭ്യതയും (9447192989), പഴം-പച്ചക്കറികളിലെ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ (9447587682), ടെറസ് കൃഷി (9447285675), മണ്ണ് പരിശോധന (9495121213), ഇൻസ്ട്രക്ഷനൽ ഫാം വെള്ളായണി - (04712383573).

**✶കാർഷികസർവകലാശാലയുടെ കണ്ടെത്തലുകൾ പൊതു സമൂഹത്തിനുപയോഗപ്രദമായ രീതിയിൽ പ്രചരിപ്പിക്കാൻ ഏഴ് വിജ്ഞാന വ്യാപനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.**

| | |
|---|---|
| കെ.വി.കെ. തൃശൂർ ഏറ്റിക്, മണ്ണുത്തി | 0487 2370540, 2375855 |
| കെ.വി.കെ. കണ്ണൂർ | 0460-2226087 |
| കെ.വി.കെ. മലപ്പുറം | 0494-2686329 |

| | | |
|---|---|---|
| കെ.വി.കെ. വയനാട് | | 0493-6260411 |
| കെ.വി.കെ. പാലക്കാട് | | 0466-2212279 |
| കെ.വി.കെ. കോട്ടയം | | 0481-2523421 |
| കെ.വി.കെ. കൊല്ലം | | 0474-2459388 |

VI. **വി.എഫ്.പി.സി.കെ (**വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, കേരള)

| | | |
|---|---|---|
| വി.എഫ്.പി.സി.കെ | തിരുവനന്തപുരം | 0471 2334480 |
| വി.എഫ്.പി.സി.കെ | കൊല്ലം | 0474 2160364 |
| വി.എഫ്.പി.സി.കെ | പത്തനംതിട്ട | 04734252030 |
| വി.എഫ്.പി.സി.കെ | കോട്ടയം | 04812534709 |
| വി.എഫ്.പി.സി.കെ | ആലപ്പുഴ | 0479 2380976 |
| വി.എഫ്.പി.സി.കെ | ഇടുക്കി | 04864 223502 |
| വി.എഫ്.പി.സി.കെ | എറണാകുളം | 0484 5517863 |
| വി.എഫ്.പി.സി.കെ | തൃശൂർ | 0480 2755458 |
| വി.എഫ്.പി.സി.കെ | മലപ്പുറം | 0483 2768987 |
| വി.എഫ്.പി.സി.കെ | കണ്ണൂർ | 0497 2708211 |
| വി.എഫ്.പി.സി.കെ | പാലക്കാട് | 0492 2222706 |
| വി.എഫ്.പി.സി.കെ | വയനാട് | 0493 6286012 |
| വി.എഫ്.പി.സി.കെ | കോഴിക്കോട് | 0495 2225517 |
| വി.എഫ്.പി.സി.കെ | കാസർകോട് | 0467 2217410 |

- വിത്ത് മുതൽ വിപണിവരെയുള്ള എല്ലാ ഘട്ടങ്ങളിലും പഴം-പച്ചക്കറി കർഷകരെ സഹായിക്കുന്നു.
- സ്വാശ്രയസംഘങ്ങൾ, മാസ്റ്റർ കർഷകർ, പങ്കാളിത്ത ഗവേഷണം, പങ്കാളിത്തവായ്പ പദ്ധതി, കൂട്ടായ വിപണനം തുടങ്ങിയ കർഷകപങ്കാളിത്ത പദ്ധതികൾക്ക് വി.എഫ്.പി.സി.കെ. പ്രാധാന്യം നൽകുന്നു.

**1. പച്ചക്കറി വിത്തുത്പാദനം**

- ചിറ്റൂർ, കൊഴിഞ്ഞാമ്പാറ, കൊല്ലംകോട് മേഖലയിൽ വാണിജ്യപ്രാധാന്യമുള്ള ഇരുപതിനം പച്ചക്കറിവിത്തുകൾ കൗൺസിൽ ഉത്പാദിപ്പിച്ച്

നൽകുന്നു.

- ഈ വിത്തുകൾ ആലത്തൂരിലെ ആധുനിക ലാബിൽ ശുദ്ധിചെയ്ത് സർവ പരിശോധനകളും പൂർത്തിയാക്കി ഹാലോജൻ കളറിംങ് നടത്തി വിതരണത്തിന് നൽകും. കേരളത്തിൽ ഏറ്റവും കുറഞ്ഞ വിലയ്ക്ക് വിത്തുകൾ കർഷകർക്ക് ലഭ്യമാക്കാനും കൗൺസിലിന് കഴിയുന്നു.
- ഒരേ സമയം രണ്ടരലക്ഷം തൈകൾ ഉത്പാദിപ്പിക്കുന്ന ഹൈടെക് നഴ്സറിയും ആലത്തൂരുണ്ട്. ഇവിടെയുള്ള ലാബിൽ നിന്ന് രണ്ടു ലക്ഷത്തിലേറെ ടിഷ്യൂകൾച്ചർ വാഴത്തൈകളും ഒരു ലക്ഷത്തോളം ഫലവൃക്ഷത്തൈകളും പ്രതിവർഷം ഉത്പാദിപ്പിച്ച് നൽകുന്നു.

**പ്രവർത്തനങ്ങൾ**

**എ. രജിസ്റ്റേർഡ് വിത്തുൽപ്പാദനപദ്ധതി (ആർഎസ്ജിപി)**

- കേരള കാർഷിക സർവകലാശാലയിൽനിന്നും ലഭ്യമാകുന്ന ബ്രീഡർ വിത്തുകൾ സംസ്ഥാനത്തെ 33 വിത്തുൽപ്പാദനകേന്ദ്രങ്ങളിൽ കൃഷി ചെയ്ത് ഫൗണ്ടേഷൻ വിത്തുകൾ ഉൽപാദിപ്പിക്കുന്നു.
- കർഷകർക്കും പാടശേഖരസമിതികൾക്കും സൗജന്യമായി നൽകുന്നു.
- ശാസ്ത്രീയ പരിചരണമുറകളും പരിശോധനകളും അനുവർത്തിച്ച് കൃഷി ചെയ്ത് സർട്ടിഫൈഡ് വിത്താക്കി കൃഷിക്കാർക്ക് വിതരണം ചെയ്യുന്നു.
- പദ്ധതിയിൽ പങ്കാളികൾ ആകാൻ 25 രൂപയുടെ ചെലാൻ 0401-00-800-84 എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച് കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കണം.
- പാടശേഖരസമിതികൾ 510 രൂപയും വ്യക്തികൾ 110 രൂപയും സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ അടച്ച് അംഗത്വം എടുക്കണം.
- ഒരു ഹെക്ടറിന് 80 കിലോഗ്രാം തോതിൽ അടിസ്ഥാന വിത്ത് സൗജന്യമായി നൽകും.
- കൃഷി ഡയറക്ടറേറ്റിലെ കൃഷി അഡീഷണൽ ഡയറക്ടർ (C.P) ആണ് വിത്ത് സർട്ടിഫിക്കേഷൻ നൽകുന്നത്.
- കിലോഗ്രാമിന് 25/- രൂപ നിരക്കിൽ 30 കി.ഗ്രാം ബാഗുകളിലാക്കി കൃഷിക്കാർക്ക് നേരിട്ട് എത്തിച്ചുകൊടുക്കും.
- കർഷകർക്ക് വിത്ത് സ്വന്തമായി ഉൽപാദിപ്പിക്കുന്നതിനും ഉപയോഗിക്കുന്നതിനും പരിശീലനം നൽകുന്നു.

- വിത്ത് സൂക്ഷിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി, പന്തളം, ആലപ്പുഴ, എരുത്തേമ്പതി എന്നിവിടങ്ങളിൽ മൂന്ന് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

**ബി. ആർ.കെ.വി.വൈ പദ്ധതി**

- RSGP പദ്ധതി പ്രകാരം സൗജന്യമായി പച്ചക്കറി വിത്തുകൾ കൃഷിക്കാർക്ക് വിതരണം ചെയ്യുകയും സംസ്കരിച്ച വിത്തുകൾ നല്ല വില നൽകി കൃഷിക്കാരിൽ നിന്ന് സംഭരിക്കുകയും ചെയ്യുന്നു.
- RKVY പദ്ധതിയനുസരിച്ച് 62 ഉണക്കുതറകളും 26 ഗോഡൗണുകളും നിർമ്മിച്ചു.

**സി. വീട്ടു വളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനം**

- നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം.
- ജനശ്രീ, കുടുംബശ്രീ, റസിഡൻഷ്യൽ അസോസിയേഷൻ തുടങ്ങിയ സംഘടനകൾക്ക് പച്ചക്കറി വിത്തുകൾ 50% സബ്സിഡിനിരക്കിൽ വിതരണം ചെയ്യുന്നു.
- സമഗ്ര പച്ചക്കറി വികസന പദ്ധതിക്കാവശ്യമായ പച്ചക്കറി വിത്തുകൾ സീഡ് അതോറിറ്റി വിതരണം ചെയ്യുന്നു.
- കാസർകോഡ്, കണ്ണൂർ, പാലക്കാട്, തൃശൂർ ജില്ലകളിൽ എല്ലാ മുൻസിപ്പാലിറ്റികളിലും തൃശൂർ കോർപ്പറേഷനിലും ഗ്രോബാഗുകളിൽ പച്ചക്കറി തൈകൾ നട്ടു നൽകി വരുന്നു.
- മലയാളം ആഴ്ച്ചപ്പതിപ്പുകളിലൂടെ വീട്ടീലേക്ക് ആവശ്യമായ ആറിനം ഇനം പച്ചക്കറിവിത്തുകൾ നൽകി വരുന്നു.
- വിത്ത് വികസന അതോറിറ്റി മുഖാന്തിരം ഗുണമേന്മയയുള്ള നെൽവിത്ത്, പച്ചക്കറിവിത്ത് തുടങ്ങിയവ ഉൽപാദിപ്പിച്ച്, സംസ്കരിച്ച്, സംഭരിക്കുകയും, ആവശ്യസമയങ്ങളിൽ കൃഷിക്കാർക്ക് നേരിട്ടും, കൃഷി ഭവനുകൾ മുഖേനയും നൽകുന്നു.

**അഗ്രോ സൂപ്പർ ബസ്സാർ**

- കാർഷികാവശ്യങ്ങളും സേവനങ്ങളും ഒരു കുടക്കീഴിൽ എന്നതാണ് ലക്ഷ്യം.
- വിത്തുമുതൽ തൈകൾ വരെയും, ചെറിയ കൃഷിയായുധങ്ങൾ മുതൽ ആധുനിക കൃഷിയന്ത്രങ്ങൾവരെയും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നു.

- രാവിലെ ഒൻപത് മണി മുതൽ രാത്രി എട്ട് മണി വരെ ഇവിടെ നിന്ന് വാങ്ങാം.

**വിലാസം**

*കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ*
കിസാൻ ജ്യോതി, ഫോർട്ട്,
തിരുവനന്തപുരം
ഫോൺ - 0471 2471343 /44/45/46/47

മിനി ബസാറുകൾ

കൊട്ടാരക്കര (0474 2454740)
തിരുവല്ല (0469 270273)
അത്താണി (0484 2474267)

**നഴ്സറി സ്ഥാപിക്കാൻ സഹായം**

സ്വകാര്യമേഖലയിൽ നഴ്സറി സ്ഥാപിക്കാൻ 25 ശതമാനം ധനസഹായം പരമാവധി രണ്ട് ലക്ഷം രൂപ. ചുരുങ്ങിയത് 25 സെന്റ് സ്ഥലത്ത് 6250 തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കുന്നതിന് 50,000 രൂപ. ഒരു ഏക്കറിൽ 25,000 തൈകൾ ഉത്പാദിപ്പിക്കാൻ രണ്ട് ലക്ഷം രൂപ. സ്വകാര്യ വ്യക്തികൾക്ക് മാതൃ വൃക്ഷങ്ങളിൽ നിന്നുള്ള തെങ്ങിൻ തൈ വിത്ത്തോട്ടം സ്ഥാപിക്കാൻ - ആറ് ലക്ഷം രൂപ.

**പുതുകൃഷി സഹായം**

ചുരുങ്ങിയത് 25 സെന്റ് സ്ഥലമോ 10 തൈയോ (പരമാവധി - നാല് ഹെക്ടർ) ഹെക്ടറിന് 8000 രൂപ നിരക്കിൽ രണ്ട് തുല്യ വാർഷികഗഡുക്കളായി സഹായം നൽകും.

**ജൈവവളയൂണിറ്റിന് സഹായം.**

ചെലവിന്റെ 50 ശതമാനം പരമാവധി 20,000 രൂപ ധനസഹായം നൽകും.

**കൊപ്രാ സംസ്കരണം**

മികച്ച കൊപ്ര ഉണ്ടാക്കുന്നതിന് ഡ്രയർ സ്ഥാപിക്കുവാൻ വിലയുടെ 25 ശതമാനം പരമാവധി 10,000 രൂപ നൽകും.

**സംസ്കരണയൂണിറ്റിന് സഹായം**

നാളികേര ടെക്നോളജി മിഷനു കീഴിൽ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കാനും നവീകരിക്കാനും ധനസഹായം.

സംസ്കരണ യൂണിറ്റ് സ്ഥാപിക്കാൻ സഹായധനമായി പദ്ധതി ചെലവിന്റെ 25% നിരക്കിൽ 50 ലക്ഷത്തിൽ കവിയാത്ത തുക കുറഞ്ഞത് സഹായം.

സംസ്കരണ യൂണിറ്റ് സ്ഥാപിക്കാൻ സംരംഭകർ പദ്ധതിചെലവിന്റെ 40 ശതമാനമെങ്കിലും ബാങ്ക് വായ്പയായി എടുത്തിരിക്കണം. ഈ പദ്ധതി വഴി ആനുകൂല്യം ലഭിക്കുന്നതിനായി സംരംഭകർ തുടങ്ങുവാനുദ്ദേശിക്കുന്ന കേര വ്യവസായ സംരംഭത്തിന്റെ വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സഹകരണ ബാങ്കുകളോ ദേശസാൽകൃത ബാങ്കുകളോ മുഖേന ബാങ്കിന്റെ പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് സഹിതം ബോർഡിൽ സമർപ്പിക്കണം.

നാളികേര മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമിക്കുന്ന യൂണിറ്റുകൾക്ക് ധനസഹായം നൽകും.

വിപണി വികസനത്തിനായി പദ്ധതിചെലവിന്റെ 50 ശതമാനം നിരക്കിൽ വ്യക്തികൾക്ക് 10 ലക്ഷം രൂപയും സഹകരണ സ്ഥാപനങ്ങൾക്ക് പദ്ധതി ചെലവിന്റെ 100 ശതമാനം നിരക്കിൽ 25 ലക്ഷം രൂപയും പരമാവധി ധനസഹായം നൽകുന്നു.

**6. കേരോത്പാദക സംഘങ്ങൾ**

കൃഷിയിൽ ശാസ്ത്രിയ രീതികളവലംബിച്ച് ഉത്പാദനം മെച്ചപ്പെടുത്തുന്നതോടൊപ്പം നാളികേര സംഭരണം, സംസ്കരണം, വിപണനം എന്നീ തലങ്ങളിൽ സൊസൈറ്റികൾ ഫലവത്തായ പങ്കുവഹിക്കുകയാണ് ഇവയുടെ ലക്ഷ്യം. ചുരുങ്ങിയത് കായ്ക്കുന്ന 10 തെങ്ങുകളെങ്കിലും സ്വന്തമായുള്ള കർഷകർക്ക് ഇതിൽ അംഗമാകാം. ശരാശരി 4000-5000 തെങ്ങുകളെങ്കിലും ഓരോ സി.പി.എസി ന്റെയും പ്രവർത്തനപരിധിയിലുണ്ടാവണം. സംഘം നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രേഷൻ ഫീസായ 200 രൂപ എറണാകുളത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റിനൊപ്പം നിശ്ചിത അപേക്ഷ ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്.

**7. തെങ്ങ് പുനർനടീൽ**

നാളികേര വികസന ബോർഡും സംസ്ഥാന കൃഷിവകുപ്പും സംയുക്തമായി തിരുവനന്തപുരം, കൊല്ലം, തൃശൂർ ജില്ലകളിൽ ഇത് നടപ്പാക്കുന്നു. രോഗബാധിതവും പ്രായാധിക്യവുമുള്ള തെങ്ങുകൾ മുറിച്ചു മാറ്റാൻ ഹെക്ടറൊന്നിന് പരമാവധി 13,000 രൂപ, പുനരുദ്ധാരണത്തിന് ഹെക്ടറിന് 15,000 രൂപ; രണ്ട് വർഷത്തേക്ക് പുനർനടീലിന് തൈ ഒന്നിന് 20 രൂപയും നൽകും.

✶ **തെങ്ങുകളുടെ ചങ്ങാതിക്കൂട്ടം**

യന്ത്രമുപയോഗിച്ച് തെങ്ങുകയറാൻ സന്നദ്ധരായ യുവതീയുവാക്കളെ പരിശീലിപ്പിക്കുന്ന നൂതനപദ്ധതി.

**വിലാസം**

നാളികേര വികസന ബോർഡ്
കേരഭവൻ, കൊച്ചി – 682011
ഫോൺ: 04842377266, 2377267

**എസ്.എഫ്.എ.സി** (സ്മോൾ ഫാർമേഴ്സ് അഗ്രി. ബിസിനസ് കൺസോർഷ്യം.)

- കൃഷിയധിഷ്ഠിത വ്യാപാര/വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്ന സംരംഭകർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നു.
- കാർഷികോത്പന്നങ്ങളുടെ ഉത്പാദനം, മൂല്യവർദ്ധനവ് ലക്ഷ്യമാക്കിയുള്ള സംസ്കരണം, ഉത്പന്ന വൈവിധ്യവത്കരണം, വിപണനം തുടങ്ങിയവ ഉൾക്കൊള്ളിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സംരംഭങ്ങൾക്ക് എസ്.എഫ്.എ.സി സംരംഭ മൂലധനം നൽകുന്നു.
- കർഷകർ, ഉത്പാദനസംഘങ്ങൾ, കാർഷികസംരംഭകർ, സ്വയംസഹായ സംഘങ്ങൾ, കാർഷിക കയറ്റുമതി മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, കൃഷി ബിരുദധാരികൾ, സഹകരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നീ വിഭാഗങ്ങൾക്ക് ഇതിന്റെ ഗുണഭോക്താക്കളാകാം.
- പദ്ധതിയുടെ മൊത്തം മൂലധന ചെലവ് ഏറ്റവും കുറഞ്ഞത് 50 ലക്ഷം രൂപയെങ്കിലും ആയിരിക്കണം.

**വിലാസം**

മാനേജിംഗ് ഡയറക്ടർ
എസ്.എഫ്.എ.സി, മാഞ്ഞാലിക്കുളം റോഡ്
ദേശാഭിമാനി ഓഫീസിന് എതിർവശം
തമ്പാനൂർ, തിരുവനന്തപുരം – 695 001
ഫോൺ: 0471–2322109



**XII. സ്റ്റേറ്റ് ഫാമിങ് കോർപ്പറേഷൻ**

- ആർആർഐഐ 105, ആർആർഐഐ–430, ആർആർഐഐ 415, പിബി 260 എന്ന ഇനങ്ങളുടെ സ്വന്തം ബഡ്വുഡ് നേഴ്സറിയിൽ നിന്ന് എടുത്ത ഗ്രീൻ ബഡ്ഡും ബ്രൗൺ ബഡ്ഡും ചെയ്ത ഗുണനിലവാരമുള്ള തൈകൾ മിതമായ നിരക്കിൽ മുൻകൂർ ബുക്കിങ് അനുസരിച്ച് നൽകി വരുന്നു.

**ബന്ധപ്പെടേണ്ട ഫോൺ നമ്പർ** 0475-2222251/52/45

**വിലാസം** കേരള സംസ്ഥാന ഫാമിങ് കോർപ്പറേഷൻ
വെട്ടിത്തിട്ട പിഒ, അലിമുക്ക്, പുനലൂർ
പിൻ: 0475-22 22 532
ഇ-മെയിൽ - sfckpnlr@sancharnet.in
വെബ്സൈറ്റ് - www.sfckerala.com

XIII **പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള**

**വിലാസം** പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള
മുട്ടമ്പലം പിഒ, കോട്ടയം
ഇ-മെയിൽ - pckltd@bsnl.in
വെബ്സൈറ്റ് - www.pcklimited.in

## ഗവേഷണ കേന്ദ്രങ്ങൾ

വിവിധ വിളകളുടെ കൃഷിരീതികളെക്കുറിച്ച് അറിയാനും നടീൽവസ്തുക്കൾ ലഭിക്കാനും ഗവേഷണകേന്ദ്രങ്ങളിൽ സൗകര്യമൊരുക്കിയിരിക്കുന്നു.

| | |
|---|---|
| നാളികേര ഗവേഷണ കേന്ദ്രം, ബാലരാമപുരം | 0471 2400621 |
| വിളസമ്പ്രദായ ഗവേഷണ കേന്ദ്രം, കരമന | 0471 2343586 |
| കൃഷിസമ്പ്രദായ ഗവേഷണ കേന്ദ്രം, കൊട്ടാരക്കര | 0474 2454853 |
| കാർഷിക ഗവേഷണ കേന്ദ്രം, തിരുവല്ല | 0469 2604181 |
| നെല്ല് ഗവേഷണ കേന്ദ്രം, മങ്കൊമ്പ് | 0477 2702245 |
| കൈതച്ചക്ക ഗവേഷണ കേന്ദ്രം, വാഴക്കുളം | 0485 2260832 |
| നെല്ല് ഗവേഷണ കേന്ദ്രം, വൈറ്റില | 04842 2809963 |
| ഏലം ഗവേഷണ കേന്ദ്രം, പാമ്പാടുംപാറ | 04868 236263 |
| ഔഷധ സുഗന്ധവിള ഗവേഷണ കേന്ദ്രം, ഓടക്കാലി | 0484 2658221 |
| കാർഷിക ഗവേഷണ കേന്ദ്രം, ചാലക്കുടി | 04872702116 |
| കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി | 0487 2370726 |
| കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ | 0487 2370339 |
| വാഴ ഗവേഷണ കേന്ദ്രം, കണ്ണാറ | 0487 22699087 |
| കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം | 0483 22864239 |
| കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ | 0460 2227287 |

- ഐെസ്ഒ 9001 : 2008 സർട്ടിഫൈഡ് പൊതുമേഖലാ സ്ഥാപനമായ പി.സി.കെ റബ്ബർ, കശുമാവ് തുടങ്ങിയവയുടെ ഗുണമേന്മയുള്ള ബഡ് / ഗ്രാഫ്റ്റ് ചെയ്ത തൈകൾ വിൽക്കുന്നുണ്ട്. കൂടാതെ ഗുണമേന്മയുള്ള കറുവപ്പട്ട, ഓയിൽ എന്നിവയും വില്പന നടത്തുന്നു. ഐഎസ്ഐ അംഗീകാരമുള്ള സെന്റിഫ്യൂജ്സ് ലാറ്റക്സ് ഐഎസ്എൻആർ വിവിധ ഗ്രേഡിലുള്ള സ്കീംക്രീപ്പ് എന്നിവയും വില്പനയ്ക്ക് ലഭ്യമാണ്.
- ആതിരപ്പള്ളിയിൽ പ്ലാന്റേഷൻവാലി പാറം റിസോർട്ടും പി.സി.കെ നടത്തി വരുന്നു.

XIV. **ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്**

- കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും സംയുക്ത സംരഭമായ ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്.
- കൊല്ലം ജില്ല കേന്ദ്രീകരിച്ച് 10,000 ഏക്കർ സ്ഥലത്ത് എണ്ണപ്പന കൃഷി ചെയ്യുന്നു.
- അഞ്ചലിനടുത്ത് ഏരൂർ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ഫാക്ടറിയിൽ പ്രതിവർഷം 7,000 മെട്രിക് ടൺ ക്രൂഡ് എണ്ണ ഉല്പാദിപ്പിക്കുന്നു.
- കെർണൽ ഓയിൽ 800 ടൺ പ്രതിവർഷം ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്നു.
- തൊടുപുഴയിൽ പ്രവർത്തിക്കുന്ന വിത്തുല്പാദന കേന്ദ്രത്തിൽ പ്രതിവർഷം പത്തു ലക്ഷം മുളപ്പിച്ച എണ്ണപ്പന വിത്തുകൾ ഉത്പാദിപ്പിച്ച് സംസ്ഥാനത്തിനുള്ളിലും വെളിയിലും വിപണനം നടത്തുന്നു.
- തിരഞ്ഞെടുത്ത ചെറുകിട കർഷകരെ ഉൾപ്പെടുത്തി 1600 ഹെക്ടർ സ്ഥലത്ത് എണ്ണപ്പന കൃഷി ചെയ്തു വരുന്നു.ഇതിന് ഹെക്ടറിന് 23,000/ രൂപ ധനസഹായം നൽകി വരുന്നു.
- കർഷകരിൽ നിന്നും എണ്ണപ്പന സംഭരിച്ച് ടണ്ണിന് 7,000/- രൂപ നിരക്കിൽ (ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ) വാങ്ങുന്നു.
- കോട്ടയം ജില്ലയിൽ വൈക്കം വെച്ചൂർ കേന്ദ്രമാക്കി ഓയിൽ 2010 ഇൻഡ്യ കുട്ടനാട് റൈസ് എന്ന ബ്രാന്റ് നാമത്തിൽ വാണിജ്യാടിസ്ഥാനത്തിൽ കർഷകരിൽനിന്നും നെല്ല് നേരിട്ട് സംഭരിച്ച് അരിയാക്കി സിവിൽ സപ്ലൈസ് മുഖേനയും നേരിട്ടും വിപണനം നടത്തുന്നു.
- പ്രതിവർഷം 12,000 ടൺ സംഭരണശേഷി ഈ മില്ലിനുണ്ട്.

**ആസ്ഥാനവിലാസം**

ഡയറക്ടർ
കൃഷിവകുപ്പ്, വികാസ്ഭവൻ
തിരുവനന്തപുരം-695 033
ഫോൺ-0471-2304480, 230474

**ജില്ലാ ഓഫീസ്**

| **പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസറുടെ വിലാസം** | **ഫോൺ നം:** |
|---|---|
| 1. കിസാൻ ജ്യോതി, പെരുന്താന്നി, തിരുവനന്തപുരം | 0471-2733334. |
| 2. III-ാം നില, സിവിൽ സ്റ്റേഷൻ, കൊല്ലം-691013 | 0474-2795082 |
| 3. സിവിൽ സ്റ്റേഷൻ, ആലപ്പുഴ-688001 | 0477-2251403. |
| 4. സിവിൽ സ്റ്റേഷൻ, പത്തനംതിട്ട | 0468-2222597. |
| 5. സിവിൽ സ്റ്റേഷൻ, കോട്ടയം-686002 | 0481-2562263. |
| 6. രണ്ടാം നില, മിനി സിവിൽ സ്റ്റേഷൻ, തൊടുപുഴ, ഇടുക്കി | 04862-2222428 |
| 7. സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം | 0484-2422224. |
| 8. ചെമ്പുക്കാവ്, തൃശ്ശൂർ-682630 | 0487-2323297 |
| 9. സിവിൽ സ്റ്റേഷൻ, പാലക്കാട്-678001 | 0491-2527075. |
| 10. അഷ്ഹിൽ, മലപ്പുറം-676505 | 0483-2734916. |
| 11. സിവിൽ സ്റ്റേഷൻ, കോഴിക്കോട്-673020 | 0495-2370897 |
| 12. കൽപ്പറ്റ, വയനാട്-673122 | 04938-2602506. |
| 13. സിവിൽ സ്റ്റേഷൻ, കണ്ണൂർ-670002 | 0497-2706154. |
| 14. സിവിൽ സ്റ്റേഷൻ, എ. ബ്ലോക്ക് വിദ്യാനഗർ, കാസർകോട്-617123 | 04494-2430346 |

## കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ പ്രോഡക്ട് ഡവലപ്മെന്റ് കോർപ്പറേഷൻ (ഹോർട്ടികോർപ്സ്)

കാർഷിക വിളകളുടെ ഉത്പാദനം ത്വരിതപ്പെടുത്തുക, ഉത്പാദിപ്പിക്കപ്പെടുന്ന വിളകൾക്ക് ന്യായവില ഉറപ്പുവരുത്തുക, ഗ്രാമങ്ങളിലുള്ള കർഷകർക്ക് ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി സാധ്യമാക്കുക, കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കുക, കാർഷിക അഭിവൃദ്ധിയിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ പ്രോഡക്ട് ഡവലപ്മെന്റ് കോർപ്പറേഷൻ 2009-ൽ നിലവിൽ വന്നു. ഹോർട്ടികോർപ്സിന്റെ ഹരിതസ്റ്റാളുകളിലൂടെയും സഞ്ചരിക്കുന്ന ഹരിത സ്റ്റോളുകളിലൂടെയും ഗുണമേന്മയുള്ള പച്ചക്കറിയും പഴവർഗങ്ങളും ന്യായവിലയ്ക്ക് ഉപഭോക്താവിന് എത്തിക്കുന്നു.

**വിലാസം**

കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ പ്രോഡക്ട്
ഡവലപ്മെന്റ് കോർപ്പറേഷൻ
ഉദയഗിരി
പുജപ്പുര, തിരുവനന്തപുരം
ഫോൺ - 0471-2359651, 2359477

## സ്റ്റേറ്റ് ഹോർട്ടിക്കൽച്ചർ മിഷൻ

സംസ്ഥാനത്തെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ച് സൂക്ഷിക്കുക എന്നതാണ് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ ധർമ്മം. ഇപ്രകാരം ശേഖരിക്കപ്പെടുന്ന സ്ഥിതി വിവരകണക്കുകളിൽ സഹായത്തോടെ സംസ്ഥാനത്തിന്റെ പദ്ധതി ...സൂത്രണം കാർഷികകണക്കെടുപ്പ്, കാർഷിക കടാശ്വാസ പദ്ധതികൾ, പ്രകൃതി ദുരന്തനിവാരണ പദ്ധതികൾ എന്നിവയുടെ പ്രവർത്തനങ്ങൾ സുഗമമാക്കപ്പെടുന്നു.

**വിലാസം**

സ്റ്റേറ്റ് ഹോർട്ടിക്കൽച്ചർ മിഷൻ
കേരളയൂണിവേഴ്സിറ്റി പി.ഒ
പാളയം, തിരുവനന്തപുരം - 695 034
ഫോൺ - 0471-2330856
www.nbm.nic.in

# ക്ഷീര വികസന വകുപ്പ്



## വകുപ്പ് നടപ്പിലാക്കിവരുന്ന വികസന ക്ഷേമപദ്ധതികൾ

**I. ക്ഷീരകർഷകർക്ക് ആവശ്യമായ പരിശീലനങ്ങൾ**

- ക്ഷീരവികസനവകുപ്പിന്റെ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ഷീരപരിശീലന കേന്ദ്രങ്ങളിൽ കർഷകർക്ക് ആദായകരമായ ക്ഷീരോത്പാദനം, തീറ്റപ്പുൽക്കൃഷി, ക്ഷീരോത്പന്ന നിർമാണം, ശുദ്ധമായ പാലുത്പാദനം തുടങ്ങിയ വിഷയങ്ങളിൽ വിവിധങ്ങളായ പരിശീലനപരിപാടി സൗജന്യമായി സംഘടിപ്പിക്കുന്നു.
- പരിശീലനത്തിൽ പങ്കെടുക്കുന്ന ക്ഷീരകർഷകർക്ക് ഭക്ഷണവും, അർഹമായ ദിനബത്തയും നല്കുന്നു.
- പരിശീലനാർത്ഥികൾ ക്ഷീരോത്പന്ന നിർമ്മാണത്തിന് 115 രൂപയും മറ്റ് പരിശീലന പരിപാടികൾക്ക് 10/- രൂപാവീതവും രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടതുണ്ട്.

**✱ വിശദവിവരങ്ങൾക്ക് താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.**

| | ക്ഷീര പരിശീലന കേന്ദ്രം | ഫോൺ നമ്പർ |
|---|---|---|
| 1. | തിരുവനന്തപുരം | 0471–2440911 |
| 2. | കൊല്ലം | 0476–2898550 |
| 3. | കോട്ടയം | 0481–2302223 |
| 4. | പാലക്കാട് | 0492–2226040 |
| 5. | കോഴിക്കോട് | 0495–2414579 |

**II കർഷകർക്കുണ്ടാകുന്ന ആകസ്മിക നഷ്ടങ്ങൾക്ക് ധനസഹായം**

- ലഭിക്കുന്ന ധനസഹായം – പരമാവധി 10,000/- രൂപ

**എ. അർഹതാമാനദണ്ഡം**

- പ്രകൃതിക്ഷോഭം തുടങ്ങി ആകസ്മികമായി ഉണ്ടാകുന്ന ദുരന്തങ്ങൾ കാരണം ക്ഷീരകർഷകർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം നല്കുന്ന പദ്ധതി.

**ബി. അപേക്ഷിക്കുവാനുള്ള നടപടിക്രമം**

- നഷ്ടം സംബന്ധിച്ച വ്യക്തമായ രേഖകളും ഫോട്ടോകളും ഉൾപ്പെടെയുള്ള നിശ്ചിതമാതൃകയിലുള്ള അപേക്ഷ അതത് ബ്ലോക്കുകളിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റ് ഓഫീസ് മുഖേന വകുപ്പിന് സമർപ്പിക്കാവുന്നതാണ്.

**III. ക്ഷീരസഹകാരി അവാർഡ്**

- സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പാൽ ക്ഷീരസഹകരണ സംഘത്തിന് നല്കുന്ന ക്ഷീരകർഷകന് ഒരു ലക്ഷം രൂപ
- മേഖലാതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്ക് യഥാക്രമം 50,000/-, 30,000/-, 20,000- രൂപ എന്ന നിരക്കിലും, ജില്ലാതലത്തിൽ ഒന്നാം സ്ഥാനത്തിന് 20,000/- രൂപ വീതവും, മികച്ച വനിത, പട്ടികജാതി/പട്ടികവർഗത്തിൽപ്പെട്ട കർഷകർ എന്നിവർക്ക് 20,000/- രൂപ വീതവും സമ്മാനങ്ങൾ നല്കുന്നു.

**IV. കർഷക സമ്പർക്ക പരിപാടികൾ**

- ഓരോ ബ്ലോക്കിലും കർഷക സമ്പർക്ക പരിപാടികൾ
- പാൽ ഗുണനിലവാര ബോധവത്കരണ പരിപാടികൾ
- ജില്ലാതലത്തിൽ പാൽ ഉപഭോക്തൃ മുഖാമുഖ പരിപാടികൾ

### ക്ഷീരോത്സവം

- എല്ലാവർഷവും വകുപ്പ് ജില്ലാതല ക്ഷീരോത്സവങ്ങൾ സംഘടിപ്പിച്ചുവരുന്നു.
- ജില്ലയിലെ മികച്ച ക്ഷീരകർഷകനെ തിരഞ്ഞെടുത്ത് പ്രോത്സാഹന സമ്മാനമായി 20,000 രൂപവരെയുള്ള ക്യാഷ് അവാർഡ് നൽകുന്നു
- ക്ഷീരോത്സവത്തിൽ മികച്ചയിനം കാലികളെ പരിചയപ്പെടുത്തുന്നതിനു വേണ്ടി എക്സിബിഷനുകൾ വിവിധതരം മേളകൾ, ക്ഷീരോത്പാദനത്തിന്റെ പ്രസക്തി ഉദ്ബോധിപ്പിക്കുന്ന സെമിനാറുകൾ, ശിൽപശാലകൾ, പ്രഭാഷണ പരമ്പരകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.



**V. തീറ്റപ്പുൽക്കൃഷി വ്യാപനം**

**എ) തീറ്റപ്പുൽക്കൃഷിക്കുള്ള ധനസഹായ പദ്ധതി**

- 20 സെന്റിൽ അധികം തീറ്റപ്പുൽക്കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 15,000/- രൂപാ നിരക്കിൽ സബ്സിഡി നൽകുന്നു.

- 20 സെന്റിൽ താഴെ തീറ്റപ്പുൽക്കൃഷി ചെയ്യുന്ന കർഷകർക്ക് നടീൽ വസ്തുക്കൾ മാത്രം സൗജന്യമായി നല്കുന്നു.
- വ്യാവസായികാടിസ്ഥാനത്തിൽ തീറ്റപ്പുൽക്കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 35,000/- രൂപ വരെ ധനസഹായം നൽകുന്നു.
- ഹ്രസ്വകാല തീറ്റപ്പുൽ വിളകളായ ചോളം, മണിച്ചോളം, വൻപയർ എന്നിവ കൃഷി ചെയ്യുവാൻ താല്പര്യമുള്ള കർഷകർക്ക് അവയുടെ വിത്ത് സൗജന്യമായി വിതരണം ചെയ്തുവരുന്നു.
- പുൽവെട്ട് യന്ത്രം/ചാഫ് കട്ടർ വാങ്ങുന്നതിനായി വിലയുടെ 50% (പരമാവധി 10,000/- രൂപ) ധനസഹായമായി നല്കുന്നു.
- പുൽക്കൃഷിക്ക് ജലസേചനസൗകര്യം ഒരുക്കുന്നതിനുള്ള ധനസഹായം (50 സെന്റിൽ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്ന കർഷകർക്ക്) ടി തുകയുടെ 50% മോ പരമാവധി 10,000/- രൂപയോ നല്കുന്നു.

✶ **അസ്സോള കൃഷിക്കുള്ള ധനസഹായം** :- അസ്സോള കൃഷി ചെയ്യുവാൻ താത്പര്യമുള്ള കർഷകർക്ക് യൂണിറ്റൊന്നിന് 475/- രൂപ വില വരുന്ന കൃഷിക്കാവശ്യമായ സാധനങ്ങളടങ്ങിയ കിറ്റും കൃഷിച്ചെലവിനായി 125 രൂപയും ധനസഹായമായി നല്കുന്നു.

- കാലിത്തീറ്റയുടെ അസംസ്കൃത വസ്തുവായ ചോളം 25 സെന്റ് സ്ഥലത്ത് കൃഷി ചെയ്യുവാൻ താത്പര്യമുള്ള കർഷകർക്ക് സൗജന്യമായി വിത്തും കൃഷിക്കുള്ള ധനസഹായമായി ഹെക്ടർ ഒന്നിന് 3,000/- രൂപയും നല്കുന്നു.
- കാലിത്തീറ്റ വൃക്ഷവിളകൾ : കാലിത്തീറ്റയായി ഉപയോഗിക്കാവുന്ന സുബാബുൾ, അഗത്തി, ശീമക്കൊന്ന മുതലായവയുടെ വൃക്ഷത്തൈകൾ ക്ഷീരകർഷകർക്ക് സൗജന്യമായി ക്ഷീരസംഘടനകൾ വഴി നല്കുന്നു.

**ബി. അപേക്ഷിക്കുന്നതിനുള്ള നടപടിക്രമം**

രജിസ്ട്രേഷൻ ഫീസും ബന്ധപ്പെട്ട രേഖകളും ഉൾപ്പെടെയുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറം അതത് ബ്ലോക്കിലുള്ള ക്ഷീരവികസന യൂണിറ്റ് ഓഫീസിൽ/സഹകരണ സംഘങ്ങളിൽ സമർപ്പിക്കാവുന്നതാണ്.

**VI. മിൽക്ക്ഷെഡ് വികസന പദ്ധതി**

**എ) കറവപ്പശുവിനെ വാങ്ങുന്നതിന് ധനസഹായം**

- കറവപ്പശുവിനെയോ എരുമയെയോ വാങ്ങുന്നതിന് ക്ഷീര കർഷകർക്ക് നല്കുന്ന ധനസഹായ പദ്ധതി.
- ഒരു പശു, രണ്ടു പശു/ അഞ്ചു പശു/പത്ത് പശു യൂണിറ്റുകൾ ആരംഭിക്കുന്നതിന് യഥാക്രമം 24,800, 50,000/- രൂപ, 1,10,000/- രൂപ 2,32,000/- രൂപ എന്നീ നിരക്കിൽ ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിക്കുന്നു.
- താത്പര്യമുള്ള കർഷകർ മതിയായ രേഖകൾ സഹിതമുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ ക്ഷീരവികസന യൂണിറ്റ് ഓഫീസിൽ നല്കാവുന്നതാണ്.

- തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ 100/- രൂപ രജിസ്ട്രേഷൻ ഫീസായി അടയ്ക്കുകയും 100/- രൂപ മുദ്രപത്രത്തിൽ ഒരു സമ്മതപത്രം തയ്യാറാക്കി ഒപ്പിട്ട് നല്കുകയും ചെയ്യേണ്ടതാണ്.

**ബി) കിടാരിവളർത്തൽ യൂണിറ്റുകൾക്കുള്ള ധനസഹായം**

- 5/10/ വീതം കിടാരികളുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് യഥാക്രമം 90500/- രൂപ, 1,81200/- രൂപ എന്ന നിരക്കിൽ ക്ഷീരകർഷകന് ധനസഹായം നൽകുന്ന ഒരു പദ്ധതിയാണിത്.
- നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷകൾ ക്ഷീരവികസന യൂണിറ്റ് ഓഫീസിൽ ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സഹിതം സമർപ്പിക്കേണ്ടതാണ്.
- തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ 100/- രൂപാ രജിസ്ട്രേഷൻ ഫീസ് നല്കുകയും 100/- രൂപയുടെ മുദ്രപത്രത്തിൽ സമ്മതപത്രം തയ്യാറാക്കി നൽകണം.

**സി) കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം**

കറവയന്ത്രത്തിന്റെ വിലയുടെ 50% അഥവാ പരമാവധി 25,000/- രൂപയാണ് ധനസഹായമായി ലഭിക്കുന്നത്.

**അർഹതാ മാനദണ്ഡം**

- കൂടുതൽ പശുക്കളെ വളർത്തുന്ന കർഷകർക്കും മുൻവർഷങ്ങളിലെ വകുപ്പിന്റെ എം.എസ്.ഡി.പി. ഗുണഭോക്താക്കൾക്കും ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹരാണ്.

**അപേക്ഷിക്കുന്നതിനുള്ള നടപടിക്രമം**

- അപേക്ഷ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം ക്ഷീരവികസന യൂണിറ്റ് ഓഫീസിൽ നല്കേണ്ടതാണ്.
- തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ 100/- രൂപയുടെ മുദ്രപത്രത്തിൽ സമ്മതപത്രം തയ്യാറാക്കി നൽകണം.

**ഡി) ഡയറിഫാമിലേക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കുള്ള ധനസഹായം**

- ഈ പദ്ധതി പ്രകാരം ഡയറിഫാമിലേക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിലേക്ക് ആവശ്യാധിഷ്ഠിത ധനസഹായം നല്കുന്നു.വാങ്ങുന്ന സാധനത്തിന്റെ വിലയുടെ 50% അഥവാ പരമാവധി 50,000/- രൂപവരെ ധനസഹായം ലഭിക്കും.
- മിൽക്ക് ക്യാൻ, റബ്ബർ മാറ്റ്, ഓട്ടോമാറ്റിക് വാട്ടർ ബൗൾ, ജനറേറ്റർ, സ്പ്രിംഗ്ലർ, മോട്ടോർപമ്പ്, സ്ലറിപമ്പ്, സോളാർ വാട്ടർ ഹീറ്റർ, കാലിത്തൊഴുത്തിലേക്കുള്ള ഫാൻ, കിണർ, കുഴൽകിണർ എന്നിവ സ്ഥാപിക്കുന്നതിനാണ് ധനസഹായം.

**ഇ) കാലിത്തൊഴുത്ത് നിർമാണം/പുനരുദ്ധാരണം പദ്ധതി**

- ലഭിക്കുന്ന ധനസഹായം - 50,000/- രൂപ(ചെലവിന്റെ 50% സബ്സിഡിയായി ലഭിക്കുന്നു)

**ആർക്കൊക്കെ ലഭിക്കും**

- കാലിത്തൊഴുത്ത് പുതുതായി നിർമിക്കാൻ ഉദ്ദേശിക്കുന്നവർ, പുനരുദ്ധാരണ പ്രവർത്തനങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നവർ

**അപേക്ഷിക്കുന്നതിനുള്ള നടപടിക്രമം**

- മതിയായ രേഖകൾ സഹിതമുള്ള നിശ്ചിതമാതൃകയിലുള്ള അപേക്ഷ, തൊഴുത്തിന്റെ അംഗീകരിച്ച പ്ലാൻ, (ലൈസൻസ്സ് സിവിൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയത്). എസ്റ്റിമേറ്റ് എന്നിവ സഹിതം ക്ഷീരവികസന യൂണിറ്റ് ഓഫീസിൽ സമർപ്പിക്കാവുന്നതാണ്.

**എഫ്) കാലിത്തീറ്റ ധനസഹായം**

- ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ നല്കുന്ന ക്ഷീര കർഷകർക്ക് പാലിന്റെ അളവ് അനുസരിച്ച് ലിറ്ററിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റയുടെ വിലയിൽ സബ്സിഡി കർഷകന്റെ ബാങ്ക് അക്കൗണ്ട് വഴിയായി നൽകുന്നു.
- അപേക്ഷാഫോറവും അനുബന്ധരേഖകളും സംഘത്തിൽ പാൽ നല്കിയ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ ക്ഷീരസഹകരണ സംഘങ്ങൾ മുഖേന ക്ഷീരവികസന യൂണിറ്റ് ഓഫീസിൽ സമർപ്പിക്കണം

**ജി) ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണം**

- സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 3500 ഓളം ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണത്തിലൂടെ സംഘങ്ങളിലെ പാൽ സംഭരണം ശുചിയായും പരിശോധന സുതാര്യമായും നടത്തുകവഴി കർഷകർക്ക് സ്ഥിരമായി വിപണിയും ന്യായമായ വിലയും ഉറപ്പുവരുത്തുന്നു.
- ഗുണഭോക്താക്കൾക്ക് ശുദ്ധവും സുരക്ഷിതവുമായ പാൽ ലഭ്യമാക്കുന്നു.
- ഭക്ഷ്യസുരക്ഷാനിയമം നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശീലനം ക്ഷീരസംഘം ഭാരവാഹികൾക്കും ജീവനക്കാർക്കും നൽകിവരുന്നു.
- ഇതിനു പുറമെ ഭക്ഷ്യസുരക്ഷാനിയമം അനുശാസിക്കുന്ന തയ്യാറെടുപ്പുകൾ സംഘതലത്തിൽ നടത്തുന്നതിന് ആവശ്യമായ ധനസഹായവും വകുപ്പു മുഖേന നൽകുന്നു.
- ക്ഷീരസംഘങ്ങളുടെ പാൽ സംഭരണ വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും വകുപ്പ് ധനസഹായം നൽകുന്നു.

**x) പാൽ ഗുണനിയന്ത്രണ പ്രവർത്തനങ്ങൾ**

- പാലിന്റെ ഗുണനിലവാരത്തിനനുസൃതമായി കർഷകർക്ക് പാൽ വില കിട്ടുന്നതിനും അതോടൊപ്പം പൊതുവിപണിയിൽ ഗുണനിലവാരമുള്ള പാലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുതകുന്ന പ്രവർത്തനങ്ങളാണ് വകുപ്പ് ചെയ്തു കൊണ്ടിരിക്കുന്നത്.
- 14 ജില്ലാ ആസ്ഥാനങ്ങളിൽ പാലിന്റെ എല്ലാവിധ രാസപരിശോധനകളും നടത്തുന്നതിനുള്ള ആധുനിക ഉപകരണങ്ങളോടെയുള്ള ജില്ലാ ലബോ

റട്ടറികൾ നിലവിലുണ്ട്.

- ഇതോടൊപ്പം ആലത്തൂർ, തിരുവനന്തപുരം, എന്നിവിടങ്ങളിൽ അത്യാധുനിക സൗകര്യത്തോടുകൂടിയ രണ്ട് സ്റ്റേറ്റ് ഡെയറി ലാബുകളും ഉണ്ട്.
- തിരുവനന്തപുരത്തെ സ്റ്റേറ്റ് ലാബ് തെക്കേ ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്. ഈ ലാബിൽ പാലിന്റെ സാധാരണ രാസപരിശോധനകൾക്ക് പുറമെ പാലിൽ കണ്ടേക്കാവുന്ന കീടനാശിനികൾ, ഘനലോഹങ്ങൾ എന്നിവ കണ്ടെത്തുന്നതിനാവശ്യമായിട്ടുള്ള ആധുനിക ഉപകരണങ്ങളായ HPLC, MS എന്നിവയും സ്ഥാപിച്ചിട്ടുണ്ട്.
- പാലിന്റെ അണുപരമായ നിലവാരം തിട്ടപ്പെടുത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ തിരുവനന്തപുരത്തെ സ്റ്റേറ്റ് ലാബ്, ആലത്തൂർ, ജില്ലാ ലാബുകളായ കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിലും ലഭ്യമാണ്.
- എല്ലാ ജില്ലാ ലാബുകളിലും സംഘങ്ങളിലെ ഉപകരണങ്ങൾ കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള കാലിബ്രേഷൻ ചെയ്തു കൊടുക്കുന്നുണ്ട്.
- പൊതുജനങ്ങൾക്ക് എല്ലാ ജില്ലാ ലാബുകളിലും മാർക്കറ്റ് സാമ്പിളുകൾ സൗജന്യമായി പരിശോധനയ്ക്കായി നൽകാം.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന വിവിധ പദ്ധതികളായ RKVY, NMPS, SIQ, & CMP, IDDP, 13 ധനകാര്യ കമ്മീഷൻ അവാർഡ് തുടങ്ങിയവയിലൂടെയും കർഷകർക്ക് വിവിധ ധനസഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ വകുപ്പു മുഖേനയും മേഖലാ

## മിൽമ

മിൽമ എന്ന അപരനാമത്തിൽ പ്രസിദ്ധമായ കേരള കോ ഓപ്പറേറ്റീവ് മിൽക് മാർക്കറ്റിങ് ഫെഡറേഷൻ (കെസിഎംഎംഎഫ്) 1980 ഏപ്രിലിലാണ് സ്ഥാപിതമായത്. ഇതിന്റെ ഹെഡ്ഓഫീസ് തിരുവനന്തപുരം ജില്ലയിലെ പട്ടത്താണ്. 5200 ഓളം റീട്ടെയിൽ ഔട്ട്ലെറ്റുകളുള്ള മിൽമയ്ക്ക് ശക്തി പകരുന്നത് അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന 2700 ക്ഷീരസഹകരണ സൊസൈറ്റികളും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എട്ടരലക്ഷത്തോളം ക്ഷീരകർഷകരുമാണ്.

**വിലാസം**

ഹെഡ് ഓഫീസ്, കേരള കോഓപ്പറേറ്റീവ് മിൽക്ക്
മാർക്കറ്റിങ് ഫെഡറേഷൻ (മിൽമ)
മിൽമ ഭവൻ, പട്ടം പാലസ് പി.ഒ
തിരുവനന്തപുരം - 695 004
ഫോൺ - 0471-2355981-85
www.milma.com

യൂണിയനുകൾ മുഖേനയും നടപ്പിലാക്കിവരുന്നു. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്കുതലത്തിലെ ക്ഷീരവികസന യൂണിറ്റുമായോ, ക്ഷീരസഹകരണ സംഘങ്ങളുമായോ ബന്ധപ്പെടേണ്ടതാണ്.

**ക്ഷീരകർഷക ക്ഷേമനിധി നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ**

| | | |
|---|---|---|
| **1. ക്ഷീരകർഷക ക്ഷേമപെൻഷൻ** | ക്ഷേമനിധിയിൽ അംഗമായിരിക്കണം<br>അഞ്ചു വർഷമെങ്കിലും കുറഞ്ഞത്<br>500 ലിറ്റർ പാൽ പ്രതിവർഷം<br>സംഘത്തിൽ അളന്നിരിക്കണം<br>അറുപത് വയസ് പൂർത്തിയായിരിക്കണം | 500/-പ്രതിമാസം |
| **2. അവശതാ പെൻഷൻ** | ക്ഷേമനിധിയിൽ അംഗമായിരിക്കണം<br>അഞ്ചു വർഷമെങ്കിലും കുറഞ്ഞത്<br>500 ലിറ്റർ പാൽ പ്രതിവർഷം<br>സംഘത്തിൽ അളന്നരിക്കണം<br>ശാരീരികമായ അവശതമൂലം<br>തുടർന്ന് കന്നുകാലി വളർത്തലിൽ<br>ഏർപ്പെടാൻ കഴിയാത്ത അവസ്ഥ<br>ആയിരിക്കണം. | 500/-പ്രതിമാസം |
| **3. കുടുംബ പെൻഷൻ** | ക്ഷേമനിധി പെൻഷൻ വാങ്ങി<br>ക്കൊണ്ടിരിക്കുന്ന ക്ഷീരകർഷകൻ<br>മരണപ്പെട്ടാൽ ടിയാന്റെ<br>അനന്തരാവകാശിക്ക് | 150/- പ്രതിമാസം |
| **4. വിവാഹ ധനസഹായം** | ക്ഷീരകർഷക ക്ഷേമനിധി അംഗമായ<br>ക്ഷീരകർഷകന്റെ പെൺമക്കളുടെ<br>വിവാഹത്തിനായി | 5000/- രൂപ |
| **5. മരണാനന്തര ധനസഹായം** | അംഗത്തിന് | 3,000/- രൂപ |
| **6. വിദ്യാഭ്യാസ ധനസഹായം** | അംഗങ്ങളുടെ മക്കൾക്ക് | SSLC 1000<br>പ്ലസ്ടു 1500<br>ഡിഗ്രി 2000<br>പ്രൊഫ.കോഴ്സ് 2500 |
| **7.ക്ഷീരസുരക്ഷാ പദ്ധതി** | അംഗങ്ങൾക്ക് അപകടമരണം,<br>മാരകരോഗങ്ങൾ,<br>ഗുരുതരമായ പരുക്കുമൂലമുള്ള<br>ശസ്ത്രക്രിയ, പകർച്ചവ്യാധി,<br>പാമ്പുകടി, പേപ്പട്ടി വിഷബാധ | 50,000/-രൂപവരെ |
| **8. മികച്ച ക്ഷീരകർഷക നുള്ള അവാർഡ്** | ജില്ലാ അടിസ്ഥാനത്തിൽ<br>മികച്ച ക്ഷീരകർഷകനായ<br>തിരഞ്ഞെടുക്കപ്പെടുന്നവർക്ക്<br>ക്യാഷ് അവാർഡ് | 2000/- രൂപ |

# ഗ്രാമവികസന വകുപ്പ്

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

- ലഭിക്കുന്ന വേതനം – പ്രതിദിനം 229/– രൂപ (1.4.2015 മുതൽ)
- മണ്ണിൽ പണിയെടുക്കുവാൻ സന്നദ്ധമായ ഒരു കുടുംബത്തിന് പ്രതിവർഷം 100 ദിവസത്തെ അധിക തൊഴിലിന് നിയമപരമായ ഉറപ്പ് നല്കുന്നു.

**അർഹതാ മാനദണ്ഡം**

- ഗ്രാമീണ മേഖലയിലെ ഓരോ കുടുംബത്തിലേയും അവിദഗ്ധ കായികാധ്വാനം ആവശ്യമുള്ള തൊഴിലെടുക്കുവാൻ സന്നദ്ധരായ പ്രായപൂർത്തിയായ ഏതൊരംഗത്തിനും തൊഴിൽ ലഭിക്കുവാൻ അർഹതയുണ്ട്.
- തൊഴിൽ ആവശ്യപ്പെടുവാനുള്ള നിയമപരമായ പ്രമാണമായി അഞ്ച് വർഷം പ്രാബല്യമുള്ള തൊഴിൽ കാർഡ് പഞ്ചായത്ത് വഴി ഇവർക്ക് ലഭ്യമാകുന്നുണ്ട്.
- 14 ദിവസത്തേക്ക് തുടർച്ചയായി ജോലിക്കപേക്ഷിക്കുമ്പോൾ 15 ദിവസങ്ങൾക്കകം ഗ്രാമപഞ്ചായത്തുകൾക്ക് തൊഴിൽ നല്കാൻ കഴിയാത്തപക്ഷം തൊഴിൽ രഹിതബത്തയ്ക്കും അഞ്ച് കിലോമീറ്റർ ചുറ്റളവിൽതന്നെ തൊഴിൽ നല്കിയില്ലെങ്കിൽ, 10% അധിക വേതനത്തിന് അർഹതയുണ്ട്.
- ജോലിസമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 5 വരെ. തൊഴിൽ ലഭിക്കുന്നവരിൽ 1/3 പേരെങ്കിലും വനിതകളായിരിക്കണം.

**അപേക്ഷിക്കുവാനുള്ള നടപടി ക്രമം**

- മതിയായ രേഖകൾ സഹിതമുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കാണ് സമർപ്പിക്കേണ്ടത്.
- അപേക്ഷകൾ പരിശോധിച്ച് കുടുംബാംഗങ്ങളെ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് നൽകുന്നു.

**സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)**

ഗ്രാമങ്ങളിൽ സമ്പൂർണ ശുചിത്വം ഉറപ്പു വരുത്തി ജീവിത ഗുണമേ ഉയർത്തുവാനായി നടപ്പിലാക്കി വന്നിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്നു നിർമൽ ഭാരത് അഭിയാൻ. ശുചിത്വമേഖലയിലെ പ്രവർത്തനങ്ങൾക്ക് കൂടുതൽ

ആക്കം നൽകി മഹാത്മാഗാന്ധിയുടെ 150-ാം ജൻമവർഷമായ 2019 ഓടു കൂടി ഗ്രാമപ്രദേശങ്ങൾ സമ്പൂർണ്ണ ശുചിത്വമാക്കപ്പെടുകയെന്ന ലക്ഷ്യത്തോടെ 2014 ഒക്ടോബർ 2 ന് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്ന പദ്ധതി പ്രഖ്യാപിക്കപ്പെട്ട് നടപ്പിലാക്കി വരുന്നു.

**പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ**

- തുറസ്സായ സ്ഥലത്തെ മലവിസർജ്ജനം ഒഴിവാക്കിയും ഗ്രാമങ്ങൾ വൃത്തിയും വെടിപ്പുള്ളതുമാക്കിയുംഗ്രാമീണ ജനതയുടെ ജീവിത ഗുണ മേ മെച്ചപ്പെടുത്തുക.
- രാജ്യത്തെ എല്ലാ ഗ്രാമങ്ങളിലെയും ശുചിത്വ സൗകര്യങ്ങൾ പൂർണമാക്കി 2019 ഒക്ടോബർ 2ഓടു കൂടി സ്വച്ഛ് ഭാരത് എന്ന നേട്ടം കൈവരിക്കുക.
- ആരോഗ്യ വിദ്യാഭ്യാസം, ബോധവൽക്കരണം എന്നിവയിലൂടെ സമൂഹ ത്തെയും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിച്ച് സ്ഥായി യായ ശുചിത്വ സൗകര്യങ്ങളും ശീലങ്ങളും ഉറപ്പാക്കുക.
- പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ ശുചിത്വ സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി ചെലവു കുറഞ്ഞതും ഉചിതവുമായ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുക.
- ഗ്രാമങ്ങളിലെ പൊതുശുചിത്വം ഉറപ്പാക്കുവാനായി ഖര-ദ്രവമാലിന്യ പരി പാലനത്തിന് പ്രത്യേക ഊന്നൽ നൽകി പരിസരശുചിത്വ സംവിധാനങ്ങൾ വികസിപ്പിക്കുക.

**പദ്ധതിയുടെ മുഖ്യ ഘടകങ്ങൾ**

- ശുചിത്വ സൗകര്യ ആവശ്യം സൃഷ്ടിക്കുന്നതിനുള്ള അനുകൂല മനോഭാവം ജനങ്ങളിൽ രൂപീകരിക്കുന്നതിനും സൃഷ്ടിക്കപ്പെട്ട ആസ്തികൾ സ്ഥായി യായി ഉപയോഗിക്കുന്നതിനും ജനങ്ങളെ പ്രേരിപ്പിക്കുന്നതിനുള്ള വിവര വിജ്ഞാന വ്യാപന പ്രവർത്തനം.
- പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട വിവിധ പങ്കാളികൾക്കുള്ള ശേഷീ വികസന പ്രവർത്തനം.
- മനുഷ്യമലം സുരക്ഷിതമായി സംസ്കരിക്കുന്നതിലേക്ക് ഇനിയും കക്കൂ സില്ലാത്ത കുടുംബങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കി ഗാർഹിക കക്കൂസ് നിർമി ക്കുവാൻ സാമ്പത്തിക സഹായംനൽകുക. (യൂണിറ്റ് കോസ്റ്റ് രൂപ 12000/ -)
- വ്യക്തിഗത കക്കൂസുകൾ പണിയുവാൻ സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ പൊതു ശുചിത്വ സമുച്ചയങ്ങൾ പണിയുവാൻ സഹായം (യൂണിറ്റ് കോസ്റ്റ് രൂപ 2 ലക്ഷം)
- ഗ്രാമപ്രദേശങ്ങളിൽ ഗാർഹിക തലത്തിലും പൊതുവായുമുള്ള ഖര-ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന് സഹായം (ഒരു ഗ്രാമപഞ്ചായത്തിന് പരമാവധി 20 ലക്ഷം രൂപ വരെ)

**ഇന്ദിര ആവാസ് യോജന (25 ശതമാനം സംസ്ഥാന വിഹിതം)**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി വീട് നിർമ്മിച്ച് കൊടുക്കുന്ന കേന്ദ്രവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജന പദ്ധതി 1995 ജനുവരി മാസം 1-ാം തീയതി മുതലാണ് സ്വതന്ത്രപദ്ധതിയായി നടപ്പിലാക്കാൻ തുടങ്ങിയത്. ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ തുക കേന്ദ്ര സംസ്ഥാനസർക്കാരുകൾ 75 : 25 അനുപാതത്തിലാണ് വഹിക്കുന്നത്.

ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾ സ്വന്തമായി വാസയോഗ്യമായ വീടില്ലാത്തവരും അതതു ഗ്രാമപഞ്ചായത്തിൽ രണ്ടു സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ളവരും ഗ്രാമസഭകളുടെ തെരഞ്ഞെടുത്ത ലിസ്റ്റിൽ ഉൾപ്പെട്ടവരുമായിരിക്കണം. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ലഭ്യമാക്കുന്ന തുകയുടെ 60 ശതമാനം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വിനിയോഗിക്കേണ്ടതുണ്ട്. കൂടാതെ ആകെ തുകയുടെ 15 ശതമാനം മതന്യൂനപക്ഷവിഭാഗക്കാർക്കും 3 ശതമാനം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും നീക്കി വയ്ക്കുന്നു. ഈ പദ്ധതി പ്രകാരം ഭവനം നിർമ്മിക്കുന്നതിന് 2013-14 സാമ്പത്തികവർഷം മുതൽ 70000 രൂപയാണ് യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ പരമാവധി തറ വിസ്തീർണ്ണ40 ചതുരശ്ര മീറ്ററിൽ നിന്നും 66 ചതുരശ്രമീറ്ററായി വർദ്ധിപ്പിച്ച്കൊണ്ട് ഉത്തരവ് (സാധാ) നം.333/2013/തസ്വഭവ തീയതി 6.2.2013 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് ജനറൽ / പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായമായി രണ്ട്ലക്ഷം രൂപയായും പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കുള്ള ധനസഹായം രണ്ടരലക്ഷം രൂപയുമായും 15.09.2011 മുതൽ മുൻകാല പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

**ഗ്രാമവികസന വകുപ്പിന്റെ ആസ്ഥാന വിലാസം**

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ
നന്തൻ കോട്
കവടിയാർ (പി.ഒ)
തിരുവനന്തപുരം -
ഫോൺ: 04712314526
ഇ മെയിൽ crdkerala@gmail.com

**ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട അനുബന്ധ ഓഫീസുകളുടെ വിലാസങ്ങൾ**

1 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മിഷൻ ഡയറക്ടർ
എം.ജി.എൻ.ആർ.ഇ.ജി.എ സ്റ്റേറ്റ് സെൽ
ഒന്നാം നില, പുനർജനി, റ്റി.സി. 26/13333(2)
പനവിള ജംഗ്ഷൻ
തിരുവനന്തപുരം - 695 001
ഫോൺ - 0471- 2333385
18004251004 (toll free )

2 സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (SIRD)

ഡയറക്ടർ
സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട്, കൊട്ടാരക്കര
കൊല്ലം - 691531
ഫോൺ - 0474- 2454618, 2454169

3 കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി (കെ.എസ്.ആർ.ആർ.ഡി.എ)

എംപവേർഡ് ഓഫീസർ
കെ.എസ്.ആർ.ആർ.ഡി.എ
എം.ജി.റോഡ്, പുളിമൂട്
തിരുവനന്തപുരം - 695 001
ഫോൺ - 0471 - 2572024.

# തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി വകുപ്പ്

## I. വകുപ്പ് നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികൾ

### 1. ബിപിഎൽ വിഭാഗത്തിലെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്

- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു.
- ഹയർസെക്കൻഡറി മേഖലയിലെ 12000 സ്കോളർഷിപ്പുകളിൽ 1000 സ്കോളർഷിപ്പുകൾ വൊക്കേഷണൽ ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കാണ് നൽകുന്നത്.
- വർഷത്തിൽ 5000 രൂപാ വീതം നൽകുന്ന ഈ സ്കോളർഷിപ്പിൽ 778 എണ്ണം ജനറൽ കാറ്റഗറിയിലും, 180 എണ്ണം പട്ടികജാതി/വർഗ്ഗവിഭാഗത്തിനും, 42 എണ്ണം കലാകായികരംഗങ്ങളിൽ മികവ് തെളിയിച്ചവർക്കും, വ്യത്യസ്ത ശാരീരിക കഴിവ് ഉള്ളവർക്കും നൽകിവരുന്നു.

**അർഹതാമാനദണ്ഡം**

- ഒന്നും രണ്ടും വർഷ വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് തുല്യമായാണ് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നത്.
- ഒന്നാംവർഷം സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾക്കാണ് രണ്ടാം വർഷവും സ്കോളർഷിപ്പിനർഹത.
- ഒന്നാംവർഷ ക്ലാസിലെ വർഷാന്ത്യപരീക്ഷയിലോ, ഇംപ്രൂവ്മെന്റ് പരീക്ഷയിലോ എല്ലാ വിഷയങ്ങൾക്കും തീയറി പേപ്പറിന് 30 ശതമാനത്തിൽ കുറയാത്ത സ്കോറും 70 ശതമാനം ഹാജറും കരസ്ഥമാക്കിയിരിക്കണം.
- ഒന്നാംവർഷ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥിക്ക് രണ്ടാംവർഷം യോഗ്യത ഇല്ലാതെ വരികയോ (ഒന്നാം വർഷ ക്ലാസ്സിലെ 30 ശതമാനത്തിൽ കുറയാത്ത സ്കോറും, 70 ശതമാനം ഹാജറും) രണ്ടാംവർഷം പഠനം നിർത്തി പോവുകയോ ചെയ്താൽ കഴിഞ്ഞവർഷം തയ്യാറാക്കിയ ഒന്നാംവർഷ വിദ്യാർത്ഥികളുടെ മുൻഗണനാ പട്ടികയിൽ സ്കോളർഷിപ്പ് ലഭിക്കാത്ത ഏറ്റവും ഉയർന്ന സ്ഥാനത്ത് ഉള്ളതും ഇപ്പോൾ രണ്ടാംവർഷം പഠിക്കുന്നതും സ്കോളർഷിപ്പ് ഗൈഡ്‌ലൈൻസിൽ നിഷ്കർഷിക്കുന്നത് പ്രകാരം യോഗ്യതയുള്ളതുമായ വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കോളർഷിപ്പ് നല്കുന്നതാണ്.

**എ. സ്കോളർഷിപ്പ് (ജനറൽ വിഭാഗം)**

- അപേക്ഷകർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥി

കളായിരിക്കണം.

- എസ്.എസ്.എൽ.സി അല്ലെങ്കിൽ തുല്യപരീക്ഷയിലെ ഗ്രേഡ്/മാർക്കുകളുടെ അടിസ്ഥാനത്തിലായിരിക്കണം. അർഹരായ ഒന്നാംവർഷ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കേണ്ടത്.
- ജനറൽ കാറ്റഗറിയിലേക്ക് പരിഗണിക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടുന്നവരോ കലാകായിക മത്സരങ്ങളിൽ മികവ് പുലർത്തിയവരോ വ്യത്യസ്തമായ ശാരീരിക കഴിവുകൾ ഉള്ളവരോ (അംഗവൈകല്യം മുതലായവ) ആയിരുന്നാലും ഗ്രേഡ്/മാർക്കിന്റെ അടിസ്ഥാനത്തിൽ ഏറ്റവും യോഗ്യരാണെങ്കിൽ അവരെ പരിഗണിക്കേണ്ടതാണ്.
- സംസ്ഥാനസർക്കാരിന്റെ മെരിറ്റ് സ്കോളർഷിപ്പ് ലഭിച്ചുകൊണ്ടിരിക്കുന്ന ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾ ബി.പി.എൽ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ പാടില്ല.
- സർക്കാരിന്റെ മെരിറ്റ് സ്കോളർഷിപ്പ് ലഭിച്ചുകൊണ്ടിരിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുണ്ടെങ്കിൽ പ്രസ്തുത വിദ്യാർത്ഥികളെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായി നീക്കിവച്ചിരിക്കുന്ന സ്കോളർഷിപ്പിലേക്ക് പരിഗണിക്കേണ്ടതാണ്.

**ബി. സ്കോളർഷിപ്പ് (പട്ടികജാതി/വർഗ വിഭാഗം)**

- അപേക്ഷകർ ദാരിദ്ര്യരേഖക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികളായിരിക്കണം.
- എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ പരീക്ഷയിലെ ഗ്രേഡ്/മാർക്കുകളുടെ അടിസ്ഥാനത്തിലായിരിക്കണം അർഹരായ പ്ലസ് വൺ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കേണ്ടത്.
- മറ്റ് സ്കോളർഷിപ്പുകളും ഗ്രാന്റുകളും ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളും ഈ സ്കോളർഷിപ്പിന് അർഹരാണ്.
- അപേക്ഷകൾ നിർദിഷ്ടഫോറത്തിൽ ബന്ധപ്പെട്ട ജില്ലാ പഞ്ചാത്തിലേക്ക് മേഖലാ അസിസ്റ്റന്റ് ഡയറക്ടർ മുഖേന അയച്ചുകൊടുക്കേണ്ടതാണ്.
- യാതൊരു കാരണവശാലും സ്കൂൾ പ്രിൻസിപ്പൽമാർ നേരിട്ട് ഇത് ഡയറക്ടറേറ്റിലേക്ക് അയക്കേണ്ടതില്ല.

**കലാകായിക മത്സരങ്ങളിൽ മികവ് തെളിയിച്ചവർ**

- കലാകായിക മത്സരങ്ങളിൽ ദേശീയതലത്തിലോ സംസ്ഥാനതലത്തിലോ മികവ് തെളിയിച്ചിട്ടുള്ളവരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിൽപ്പെട്ടവരുമായ ഒന്നാംവർഷ വിദ്യാർത്ഥികളായിരിക്കണം അപേക്ഷകർ.

**ശാരീരിക ശേഷി വ്യത്യസ്തതകളുള്ളവർ**

- ഈ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ നിന്നുള്ളവരായിരിക്കണം.
- അംഗീകൃത മെഡിക്കൽ ബോർഡിൽ നിന്നും 40 ശതമാനത്തിൽ കുറയാത്ത അംഗവൈകല്യം ഉണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം.
- കലാകായിക മത്സരങ്ങളിൽ കഴിവ് തെളിയിച്ചവർ, ശാരീരീകശേഷി വ്യത്യസ്തകളുള്ളവർ എന്നീ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെപട്ടിക മുൻഗണനാ ക്രമത്തിൽ നിർദ്ദിഷ്ട ഫോറത്തിൽ പ്രത്യേകം തയാറാക്കി ബന്ധപ്പെട്ട മേഖലാ അസിസ്റ്റന്റ് ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

**പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടത്.**

- ഒന്നാം വർഷ ക്ലാസിൽ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾക്ക്, തുടർന്ന് രണ്ടാംവർഷ ക്ലാസിലും സ്കോളർഷിപ്പ് ലഭിക്കണമെങ്കിൽ അവർ ഒന്നാം വർഷ ക്ലാസിലെ വർഷ്യാന്തപരീക്ഷയിലോ ഇംപ്രൂവ്മെന്റ് പരീക്ഷയിലെ എല്ലാ വിഷയങ്ങളിലും തിയറിപേപ്പറിന് 30 ശതമാനത്തിൽ കുറയാത്ത സ്കോറും 70 ശതമാനത്തിൽ കുറയാത്ത ഹാജറും കരസ്ഥമാക്കിയിരിക്കണം.
- ഈ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുടർന്ന് ലഭിക്കാൻ വീണ്ടും അപേക്ഷ നൽകേണ്ടതില്ല.
- എന്നാൽ ഇവരുടെ പുതുക്കൽ അപേക്ഷ ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫോമിൽ രേഖപ്പെടുത്തി (ജനറൽ കാറ്റഗറിയിലേതും കലാകായികരംഗത്തും വ്യത്യസ്ത ശാരീരികശേഷി വ്യത്യസ്തതകളുള്ള വിഭാഗത്തിലേയും) ബന്ധപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർക്ക് അപേക്ഷ ക്ഷണിക്കുന്ന സമയത്ത് അയച്ചുകൊടുക്കേണ്ടതാണ്.
- അപേക്ഷകരായ വിദ്യാർത്ഥികൾ പൂരിപ്പിച്ചു നൽകേണ്ട അപേക്ഷഫോറം ഒന്നിന്റെ പകർപ്പ് വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്.
- ജനറൽ കാറ്റഗറിയിൽ സ്കോളർഷിപ്പിന് അർഹരായ കുട്ടികളെ മറ്റ് വിഭാഗങ്ങളിലേക്കുള്ള സ്കോളർഷിപ്പിന് പരിഗണിക്കരുത്. യാതൊരു കാരണവശാലും ഇവരുടെ പേര് വിവരങ്ങൾ ഫോം നമ്പർ നാലിൽ ജില്ലാ പഞ്ചായത്തിലേയ്ക്കോ ഫോം നമ്പർ അഞ്ചിൽ വൊക്കേഷണൽ ഹയർസെക്കൻഡറി ഡയറക്ടറിലേയ്ക്കോ അയക്കേണ്ടതില്ല. അതുപോലെ ഒരു കാറ്റഗറിയിൽ ഉൾപ്പെടുത്തിയ വിദ്യാർത്ഥിയെ മറ്റൊരു കാറ്റഗറിയിലേക്ക് ശുപാർശ ചെയ്യരുത്.
- കലാകായിക രംഗങ്ങളിൽ മികവ് പുലർത്തുന്നവരുടെയും ശാരീരിക വൈകല്യമുള്ളവരുടെയും അപേക്ഷകൾ സുക്ഷ്മ പരിശോധനയ്ക്ക് ശേഷം മെറിറ്റിന്റെ മുൻഗണനാക്രമം അനുസരിച്ച് ഫോറം നമ്പർ അഞ്ചിൽ പ്രത്യേകം

മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാരുടെ പേരിൽ അയക്കേണ്ടതാണ്.

- സ്കോളർഷിപ്പ് പദ്ധതിയെക്കുറിച്ച് വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും ബോധവത്കരണം നൽകേണ്ടതും സ്കോളർഷിപ്പുകൾ ഒന്നും തന്നെ പാഴായി പോകുന്നില്ലായെന്ന് പ്രിൻസിപ്പൽമാർ ഉറപ്പു വരുത്തേണ്ടതുമാണ്.
- സ്കോളർഷിപ്പ് തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ് കിട്ടി രണ്ടുദിവസത്തിനകം തുക മാറി അർഹരായ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റുകൾ സ്കൂൾ പ്രിൻസിപ്പലിന് കിട്ടിയില്ലെങ്കിൽ ഡയറക്ടറേറ്റിലോ, സെക്ഷനിലോ 0471 2325318 എന്ന ടെലിഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.
- ഡിമാന്റ് ഡ്രാഫ്റ്റ് ലഭിച്ച ശേഷം ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും വിദ്യാർത്ഥിയെ ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടായാൽ ഉടൻ തന്നെ ഡയറക്ടറേറ്റുമായി ബന്ധപ്പെടേണ്ടതാണ്.
- ഓരോ സ്കൂളിനും അനുവദിച്ച ഒന്നാംവർഷത്തേയും രണ്ടാംവർഷത്തേയും സ്കോളർഷിപ്പുകളുടെ എണ്ണം പട്ടിക നോക്കി ഉറപ്പാക്കേണ്ടതാണ്.
- സ്കോളർഷിപ്പ് തുക വിതരണം ചെയ്തതിന്റെ അക്യൂറ്റൻസ് സ്കൂളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. ആവശ്യപ്പെടുമ്പോൾ ഇവ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

**ആസ്ഥാനവിലാസം**

ഡയറക്ടർ,
വൊക്കേഷണൽ ഹയർസെക്കൻഡറി എഡ്യൂക്കേഷൻ,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
നാലാംനില, ശാന്തിനഗർ,
തിരുവനന്തപുരം-1
ഫോൺ - 0471-2325318, 2325323

സെക്രട്ടറി,
വിഎച്ച്എസ്ഇ എക്സാമിനേഷൻസ്
ഫോൺ - 0471-2324015

**റീജിയണൽ അസി.ഡയറക്ടർമാർ**

| | | |
|---|---|---|
| കൊല്ലം | - | 0474-2749420 |
| ചെങ്ങന്നൂർ | - | 0479-2455901 |
| എറണാകുളം | - | 0484-2555767 |
| തൃശൂർ | - | 0487-2332587 |
| കുറ്റിപ്പുറം | - | 0494-2608083 |
| വടകര | - | 0496-2524911 |
| പയ്യന്നൂർ | - | 0498-5204480 |

# തൊഴിലും പുനരധിവാസവും വകുപ്പ്

## വകുപ്പ് നേരിട്ട് നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികൾ

**അസംഘടിത മേഖലയിലെ വിരമിച്ച തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി (Kerala Unorganized retired workers pension Schemes)**

- ലഭിക്കുന്ന ആനുകൂല്യം - 600/- രൂപ (പ്രതിമാസം)

**അർഹതാ മാനദണ്ഡം**

- നിലത്തെഴുത്താശാൻ, ആശാട്ടി തുടങ്ങി വിവിധ അസംഘടിത മേഖലയിലുള്ളവർക്ക് പെൻഷൻ നല്കുവാനുള്ള പദ്ധതി.
- കേരള കൈത്തൊഴിലാളി വിദഗ്ദ്ധതൊഴിലാളി ക്ഷേമപദ്ധതിയിൽ നിന്നും 60 വയസ് പൂർത്തീകരിച്ച് റിട്ടയർ ചെയ്തവരോ 10 വർഷം അംഗത്വ കാലാവധിയുള്ളവരോ ആയ അംഗങ്ങൾക്ക് ഈ സ്കീം പ്രകാരമുള്ള പെൻഷന് അർഹതയുള്ളത്.
- 8/2008 മുതൽ സ്കീം നിലവിൽ വന്നു.
- പെൻഷൻ ലഭിക്കുന്നതിന് അർഹതയുള്ളവരും റിട്ടയർമെന്റ് ആനുകൂല്യം കൈപ്പറ്റിയവരുമായ തൊഴിലാളികളുടെ ലിസ്റ്റ് കേരള കൈതൊഴിലാളി, വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ നിന്നും ലേബർ കമ്മീഷണർ ഓഫീസ് മുഖാന്തരം അതാത് ജില്ലാ ലേബർ ഓഫീസർമാർക്ക് അയച്ചുകൊടുക്കും
- തൊഴിലാളി ബന്ധപ്പെട്ട രേഖകൾ സഹിതമുള്ള അപേക്ഷ ജില്ലാ ലേബർ ഓഫീസർക്കാണ് സമർപ്പിക്കേണ്ടത്. അർഹരായവർക്ക് ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കും.

**മരംകയറ്റത്തൊഴിലാളി പെൻഷൻ (Tree Climbers Pension Scheme)**



- ലഭിക്കുന്ന പെൻഷൻ - 600/- രൂപ (പ്രതിമാസം)

**അർഹതാമാനദണ്ഡം**

- കേരളത്തിലെ മരംകയറ്റ തൊഴിലാളികൾക്കായി നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതിയാണിത്.

- ഈ പദ്ധതി പ്രകാരം തൊഴിലാളി വീണ് പരിക്ക് പറ്റുകയാണെങ്കിൽ, 50,000/- രൂപ.
- മരണപെടുയാണെങ്കിൽ 1,00,000/- രൂപ.
- ഒറ്റത്തവണ നല്കുന്ന ധനസഹായപദ്ധതിയാണിത്.
- ജോലി ചെയ്യുവാൻ സാധിക്കാത്തവിധം അപകടം കഠിനമാണെങ്കിൽ തൊഴിലാളിയുടെ മരണം വരെയോ മരത്തിൽ നിന്ന് വീണ് മരണപ്പെട്ടതാണെങ്കിൽ പ്രായമോ വരുമാനമോ നോക്കാതെ തൊഴിലാളിയുടെ ആശ്രിതർക്കോ അവശതാ പെൻഷൻ പദ്ധതിയും തൊഴിലാളിയുടെ കുട്ടിക്ക് വേണ്ടി വിദ്യാഭ്യാസ പദ്ധതിയും ഇതിലുൾപ്പെടുന്നു.
- മരംകയറ്റ തൊഴിലാളികളുടെ കുട്ടികൾക്ക് ആംആദ്മിബിമയോജന പ്രകാരമോ, മറ്റ് സമാന പദ്ധതി പ്രകാരമോ വിദ്യാഭ്യാസാനുകൂല്യം ലഭ്യമായില്ലെങ്കിൽ 8-ാം ക്ലാസു മുതൽ 12-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് പ്രതിമാസം 100/- രൂപാ നിരക്കിലും കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 200/- രൂപാ നിരക്കിലും സ്കോളർഷിപ്പിന് അർഹതയുണ്ട്.

**നടപടിക്രമം**

- പദ്ധതിപ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് മതിയായ രേഖകൾ സഹിതമുള്ള അപേക്ഷ ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർക്ക് സമർപ്പിക്കണം.

## മരംകയറ്റ തൊഴിലാളി ധനസഹായ പദ്ധതി (Tree Climbers Welfare Scheme)

- മരകയറ്റ തൊഴിലാളി ധനസഹായ പദ്ധതി 1980-ൽ നിലവിൽ വന്നു. തൊഴിലാളി എന്നതിന് ചെത്തുന്നതിന് ഒഴികെ കൂലിക്കോ, പ്രതിഫലത്തിനോ വേണ്ടി ടി തൊഴിലിൽ ഏർപ്പെടുന്ന വ്യക്തിയെന്നർത്ഥം.

**അർഹതാമാനദണ്ഡം**

- മരംകയറ്റ തൊഴിലിൽ ഏർപ്പെട്ടിരിക്കെ, അപകടം മൂലം മരണം സംഭവിക്കുകയോ സ്ഥിരമായ അവശത സംഭവിക്കുകയോ ചെയ്യുകയാണെങ്കിൽ ആ തൊഴിലാളിക്ക് ഈ ധനസഹായപദ്ധതിക്ക് അർഹതയുണ്ട്.
- സ്ഥായിയായി അവശത അനുഭവിക്കുന്ന തൊഴിലാളിക്ക് - 50000/- രൂപ
- മരണം സംഭവിക്കുന്ന തൊഴിലാളിക്ക് 1,00,000/- രൂപയും നൽകുന്നു.

**അപേക്ഷിക്കുന്നതിനുള്ള നടപടിക്രമം**

- അത്യാഹിതം സംഭവിച്ച ദിവസം മുതൽ അല്ലെങ്കിൽ തൊഴിലാളിയുടെ മരണദിനം മുതൽ 90 ദിവസത്തിനകം മതിയായ രേഖകൾ സഹിതമുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ ലേബർഓഫീസർക്കാണ് സമർപ്പിക്കേണ്ടത്.
- അവശതയുടെ കാര്യത്തിൽ തൊഴിലാളിയും മാരകമായ അപകടമോ അല്ലെങ്കിൽ മരണമാണ് സംഭവിച്ചതെങ്കിൽ, ആശ്രിതനുമാണ് അപേക്ഷിക്കേണ്ടത്.

**എസ്റ്റേറ്റ് തൊഴിലാളി ദുരിതാശ്വാസ പദ്ധതി**

- കേരള സംസ്ഥാനത്തിൽ 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട് ബാധകമായ പ്ലാന്റേഷനുകളിൽ തൊഴിലാളിയായിരിക്കെ മരണമടയുന്ന തൊഴിലാളിയുടെ കുടുംബത്തിലെ നിയമാനുസൃതമായ ഒരു അവകാശിക്ക് 25,000/- ധനസഹായമായി അനുവദിക്കുന്ന പദ്ധതിയാണിത്.
- ലഭിക്കുന്ന ധനസഹായം - 25,000/- രൂപ (ഒറ്റത്തവണ)

**അർഹതാ മാനദണ്ഡം**

- സംസ്ഥാനത്തെ തോട്ടങ്ങളിൽ പ്രകൃതിക്ഷോഭം, വെള്ളപ്പൊക്കം, പകർച്ച വ്യാധി, കഠിനമായ ദാരിദ്ര്യം എന്നിവമൂലം കഷ്ടത അനുഭവിക്കുന്ന തൊഴിലാളികൾക്ക് ദുരിതാശ്വാസം എത്തിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്.
- തൊഴിലാളി മരണമടഞ്ഞ് മൂന്നുമാസത്തിനകം നിയമാനുസൃതമുള്ള അവകാശി ധനസഹായത്തിനുള്ള അപേക്ഷ ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിനു സമർപ്പിച്ചിരിക്കേണ്ടതാണ്.
- എന്നാൽ നിശ്ചിത സമയപരിധിക്കുശേഷമുള്ള അപേക്ഷകളിൽ കാലതാമസത്തിനുള്ള കാരണം കാണിച്ചുകൊണ്ടുള്ള ഹർജി ബോദ്ധ്യപ്പെടുന്ന പക്ഷം അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്.

**അസംഘടിത മേഖലയിലെ സ്ത്രീത്തൊഴിലാളി പ്രസവാനുകൂല്യ പദ്ധതി**

- അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളി പ്രസവാനുകൂല്യ പദ്ധതി 27.3.2012 ലാണ് പ്രാബല്യത്തിൽ വന്നത്.
- ലഭിക്കുന്ന ആനുകൂല്യം - 500 മുതൽ 3000 രൂപ വരെ

**അർഹതാ മാനദണ്ഡം**

- അസംഘടിത മേഖലയിലെ സ്ത്രീത്തൊഴിലാളികൾക്ക് പ്രസവാനുകൂല്യ

മായി അർഹതപ്പെട്ട കുറഞ്ഞ വേതനം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ വേണ്ടിയാണ് ഈ പുതിയ പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

- ഓരോ ക്ഷേമനിധി ബോർഡിലും / പദ്ധതിയിലും അംഗമായിട്ടുള്ള സ്ത്രീ തൊഴിലാളികൾ പ്രസവാവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ട്.
- പ്രസവാനുകൂല്യം ലഭ്യമാക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ, ബോർഡിന്റെ / പദ്ധതിയുടെ വ്യവസ്ഥപ്രകാരമുള്ള ആനുകൂല്യങ്ങൾ നല്കുന്നതോടൊപ്പം, പ്രസവാവധി ആരംഭിച്ച തീയതി മുതൽ മൂന്ന് മാസക്കാലയളവിലേക്ക് നിയമപ്രകാരം ടി തൊഴിലാളിക്ക് ലഭ്യമാകാൻ അർഹതയുള്ള മിനിമം വേതനം, പ്രസവാനുകൂല്യമായി തൊഴിലാളിക്ക് ലഭ്യമാകുന്ന തുകയും മൂന്നു മാസത്തെ അർഹതപ്പെട്ട മിനിമം വേതനവും തമ്മിലുള്ള വ്യത്യാസം കണക്കാക്കി, ടി തുക ബന്ധപ്പെട്ട ക്ഷേമനിധി ബോർഡ്/പദ്ധതി തൊഴിലാളിയുടെ ബാങ്ക് അക്കൗണ്ട് മുഖേന തൊഴിലാളിക്ക് നൽകുന്നു.

**അന്യസംസ്ഥാന കുടിയേറ്റത്തൊഴിലാളി പുനരധിവാസ പദ്ധതി**

- അന്യസംസ്ഥാന കുടിയേറ്റത്തൊഴിലാളികൾക്ക് ചെലവ് കുറഞ്ഞതും ഗുണനിലവാരമുള്ള താമസസൗകര്യങ്ങളും യോഗ്യമായ തൊഴിൽ സാഹചര്യങ്ങളും അവരുടെ തൊഴിൽ സ്ഥലങ്ങൾക്ക് സമീപം പ്രദാനം ചെയ്യുന്ന പദ്ധതിയാണിത്.
- കോർപ്പറേഷൻ പരിസരങ്ങളിലോ കുടിയേറ്റത്തൊഴിലാളികൾ കൂടുതലുള്ള പ്രദേശങ്ങളിലോ പരീക്ഷണാടിസ്ഥാനത്തിൽ തൊഴിലാളി അഭയകേന്ദ്രങ്ങൾ നിർമിക്കുന്നതിന് തൊഴിൽ വകുപ്പ് ഉദ്ദേശിക്കുന്നു.
- ഇതിന്റെ ചുമതല കെട്ടിടനിർമാണത്തൊഴിലാളി ക്ഷേമനിധി ബോർഡിനെ ഏൽപ്പിച്ച് ഉത്തരവായിട്ടുണ്ട്.

**തോട്ടം തൊഴിലാളി ഭവനപദ്ധതി**

- തോട്ടം തൊഴിലാളി മേഖലയിൽ പണിയെടുക്കുന്ന ജനവിഭാഗം മറ്റ് മേഖലകളിലേക്ക് കുടിയേറുന്നതിന് തൊഴിൽപ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത കാരണമായിട്ടുണ്ട്
- ഇക്കാര്യങ്ങൾ പരിഹരിച്ച് ടി തൊഴിലാളികളുടെ തൊഴിൽ സ്ഥലത്ത് തന്നെ ടി തൊഴിലാളികൾക്കും അവരുടെ കുട്ടികൾക്കും താമസസൗകര്യം, വിദ്യാഭ്യാസം, ആരോഗ്യപരിപാലന സംവിധാനം എന്നിവ ഒരുക്കുക.

**പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ സാമ്പത്തിക സഹായ പദ്ധതി**

- ലഭിക്കുന്ന ധനസഹായം - 1250/- രൂപ (പ്രതിവർഷം)

**അർഹതാമാനദണ്ഡം**

- പരമ്പരാഗതമേഖലയിലെ പ്രവർത്തനങ്ങളിലേർപ്പെട്ടിട്ടുള്ള 25000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നല്കുന്ന പദ്ധതിയാണിത്.
- മത്സ്യത്തൊഴിലാളികൾ, ഖാദി, കയർ, മത്സ്യസംസ്കരണം, കൈത്തറി, കുട്ട, പായനെയ്ത്ത് തുടങ്ങിയവരാണ് ഈ പദ്ധതിയിലുൾപ്പെടുന്നത്.
- തൊഴിൽവകുപ്പ് മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം കയർ, കൈത്തറി, ഫിഷറീസ്, വ്യവസായ-വാണിജ്യ വകുപ്പ്, ഖാദി തുടങ്ങിയ വകുപ്പുകളിലൂടെയും ഈറ്റ-കാട്ടുവള്ളി, ബീഡി, സിഗാർ, കൈത്തറി എന്നീ ബോർഡുകളിലൂടെയും ധനസഹായത്തുക തൊഴിലാളികൾക്ക് ലഭ്യമാക്കിവരുന്നു.
- ധനസഹായത്തിന് അർഹരായവർ അതത് വകുപ്പുകളുമായി ബന്ധപ്പെടണം.

**അസംഘടിത മേഖലയിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്കുള്ള ആശ്വാസക്ഷേമപദ്ധതി**

- ലഭിക്കുന്ന ആനുകൂല്യം - 2000/- രൂപ (ഒറ്റത്തവണ)
- അസംഘടിതമേഖലയിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്ക് ധനസഹായം നല്കുന്ന പദ്ധതിയാണിത്. 2008 ലാണ് ടി പദ്ധതി പ്രാബല്യത്തിൽ വന്നത് മാറാരോഗങ്ങളാൽ (ക്യാൻസർ, ഹൃദ്രോഗം, ടിബി, ട്യൂമർ) കഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് 2000/- രൂപാവീതം ഒറ്റത്തവണയായി സഹായധനം അനുവദിക്കുന്നു.

**നടപടിക്രമം**

- മതിയായ രേഖകൾ സഹിതമുള്ള നിർദ്ദിഷ്ട അപേക്ഷ ജില്ലാ ലേബർ ഓഫീസർക്ക് സമർപ്പിക്കണം. അന്വേഷണം നടത്തി അർഹരായവർക്ക് ജില്ലാ ലേബർ ഓഫീസർ തുക അനുവദിച്ച് നൽകുന്നതാണ്.

**വകുപ്പിനു കീഴിലുള്ള ബോർഡുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

നിലവിൽ വകുപ്പിന് കീഴിൽ 15 ബോർഡുകൾ പ്രവർത്തിച്ചുവരുന്നു.

25 പദ്ധതികൾ ഈ ബോർഡുകൾ വഴി നടപ്പിലാക്കി വരുന്നു.

1. കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കേരള ഈറ്റ/ കാട്ടുവള്ളി/ തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്
4. കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്
5. കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ്
6. കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസക്ഷേമനിധി ബോർഡ്
7. കേരള കൈത്തറിതൊഴിലാളി ക്ഷേമനിധി ബോർഡ്
8. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്
9. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്
10. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
11. കേരള കള്ളുചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്
12. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്
13. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്
14. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്
15. കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്

## കേരള അബ്കാരിത്തൊഴിലാളിക്ഷേമനിധി ബോർഡ്:–

## (Kerala Abkari Workers Werfare Fund Board)

**ആനുകൂല്യങ്ങൾ**

വിദേശമദ്യ വ്യവസായ രംഗത്ത് തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് ടി പദ്ധതിയിൽ അംഗമായി ചേരാവുന്നതാണ്.

**പെൻഷൻ :** ടി സ്കീമിൽ മൂന്നു വർഷത്തിൽ കുറയാത്ത അംഗത്വമുള്ള ഒരു തൊഴിലാളിക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷന് അർഹതയുണ്ട്. ഏറ്റവും കുറഞ്ഞ പെൻഷൻ 500/– രൂപയാണ് നൽകുന്നത്. ഏറ്റവും കൂടിയ പെൻഷൻ 1000/– രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

**ഗ്രാറ്റുവിറ്റി :** ഓരോ വർഷത്തെ സർവ്വീസിനും ശരാശരി പ്രതിമാസ ശമ്പളത്തിന്റെ 50% വരുന്ന തുക പരമാവധി 20 മാസത്തെ ശമ്പളമെന്ന് നിജപ്പെടുത്തിയിട്ടുണ്ട്.

**പി.എഫ് :** തൊഴിലാളിയുടെ അക്കൗണ്ടിൽ വരുന്ന അംശദായത്തിന്റെ 10 ശതമാനവും തൊഴിലുടമയുടെ വിഹിതത്തിന്റെ എട്ട് ശതമാനവും റിട്ടയർമെന്റ് സമയത്ത് പി.എഫ് ആനുകൂല്യമായി നൽകുന്നു.

**എക്സ്ഗ്രേഷ്യ:** മരണപ്പെട്ട ഒരംഗത്തിന്റെ അവകാശിക്ക് 10,000/- രൂപ എക്സ്ഗ്രേഷ്യയായി നൽകുന്നു.

**ചികിൽസാ ധനസഹായം:** അംഗത്തിന്റെ പി.എഫ് അക്കൗണ്ടിൽ നിന്നും തിരിച്ചടയ്ക്കേണ്ടതല്ലാത്ത ചികിൽസാ ധനസഹായം നൽകുന്നു.

**വിവാഹ ധനസഹായം :** അംഗത്തിന്റെ മകളുടെ വിവാഹ ആവശ്യത്തിനായി അംഗത്തിന്റെ പി.എഫ് അക്കൗണ്ടിൽ നിന്നും 2000/- രൂപ തിരിച്ചടയ്ക്കേണ്ടതല്ലാത്ത അഡ്വാൻസായി നൽകുവാൻ വ്യവസ്ഥയുണ്ട്.

**ഭവനവായ്പ:** തൊഴിലാളിയുടെ 12 മാസത്തെ ശമ്പളത്തിന് തുല്യമായ തുക അല്ലെങ്കിൽ തൊഴിലാളി വിഹിതം അതിലേതാണോ കുറവ് ഈ തുക  പി.എഫ്. അക്കൗണ്ടിൽ നിന്നും നൽകുവാൻ വ്യവസ്ഥയുണ്ട്.

**ശവസംസ്കാരചെലവ്:** അംഗത്തിന്റെ മരണത്തോടനുബന്ധിച്ച് 1000/- രൂപ ശവസംസ്ക്കാരചെലവുകൾക്കായി നൽകാൻ വ്യവസ്ഥയുണ്ട്.

**കേരളകർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്**

## (Kerala Agricultural Workers Welfare Fund Board)

കൃഷിപ്പണിയുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് ഇതിൽ അംഗമായി ചേരാവുന്നതാണ്.

**ആനുകൂല്യങ്ങൾ:**

**കാലാവധി തിരുന്ന മുറയ്ക്കുള്ള ആനുകൂല്യം:** 40 വർഷം തുടർച്ചയായി അംശദായം അടയ്ക്കുന്ന ഒരംഗത്തിന് 25,000/- രൂപയും അതിൽ കുറവ് വർഷങ്ങളിൽ അംഗമായിട്ടുള്ളവർക്ക് സർവീസിന്റെ അടിസ്ഥാനത്തിലും കാലാവധിതീരുന്ന മുറക്കുള്ള ആനുകൂല്യം (Retirement Benefit) ലഭിക്കുന്നു. അംഗത്വമെടുത്ത മൂന്നു വർഷത്തിൽ കുറയാത്ത ഏതൊരാൾക്കും 5,000/- രൂപയിൽ കുറയാത്ത തുക സൂപ്പറാന്വേഷൻ തുകയായി ലഭിക്കുന്നു.

**എക്സ്ഗ്രേഷ്യേ :** അംഗത്വമെടുത്ത് 12 മാസത്തെ അംശദായമെങ്കിലും അടച്ചതിനുശേഷം മരണപ്പെടുന്ന അംഗത്തിന്റെ അവകാശിക്ക് പ്രതിവർഷം 625 രൂപ സേവനകാലയളവിന്റെ തുല്യമായ തുക നൽകുന്നു.

**വിദ്യാഭ്യാസ സ്കോളർഷിപ്പ് :** അംഗങ്ങളുടെ മക്കളിൽ എസ്.എസ്.എൽ.സിയ്ക്ക് ഉയർന്ന മാർക്ക് നേടുന്ന കുട്ടികൾക്ക് ജില്ലാ തലത്തിൽ

സ്കോളർഷിപ്പ് നൽകുന്നു.

**മെഡിക്കൽ ബെനിഫിറ്റ് :** അംഗത്തിന് ചികിൽസാ ധനസഹായമായി 1000/- രൂപ വീതം നൽകാൻ വ്യവസ്ഥയുണ്ട്.

**വിവാഹ ധനസഹായം :** ഒരു വനിതാ അംഗത്തിനോ ഏതെങ്കിലും അംഗത്തിന്റെ പെൺമക്കൾക്കോ വിവാഹധനസഹായമായി 2,000/- രൂപ വീതം നൽകാൻ വ്യവസ്ഥയുണ്ട്.

**പ്രസവാനന്തര ധനസഹായം :** ഒരു വനിതാ അംഗത്തിന് പ്രസവാനന്തര ധനസഹായമായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ15,000/- രൂപ നൽകുവാൻ വ്യവസ്ഥയുണ്ട്.

**കേരള കൈത്തൊഴിലാളി /വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി:**

**(Kerala Artisans and skilled Workers Welfare Fund Board)**

പ്രത്യേകിച്ച് തൊഴിലുടമയില്ലാതെ അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ഈ പദ്ധതിയിൽ അംഗമായി ചേരാവുന്നതാണ്.

**ആനുകൂല്യങ്ങൾ**

**വിരമക്കൽ ആനുകൂല്യം :** 42 വർഷത്തെ കാലാവധി പൂർത്തിയാക്കുന്ന ഒരംഗത്തിന് റിട്ടയർമെന്റ് ആനുകൂല്യമായി 62,720/- രൂപ ലഭിക്കുന്നു. കുറഞ്ഞ കാലാവധിയുള്ളവർക്ക് ആയതിന്റെ അടിസ്ഥാനത്തിൽ വിരമക്കൽ ആനുകൂല്യം (Retirement Benefit) ലഭിക്കുവാൻ വ്യവസ്ഥയുണ്ട്.

**വിവാഹ ധനസഹായം:** അംഗത്തിന്റെ മകളുടെ വിവാഹ ചെലവുകൾക്കായി 1000/- രൂപ നൽകുന്നു.

**പ്രസവാനന്തര ആനുകൂല്യം:** സ്കീമിലെ വനിതാ അംഗങ്ങൾക്ക് പ്രസവാനുകൂല്യമായി 500/- രൂപ വീതം രണ്ട് പ്രാവശ്യം നൽകുവാൻ വ്യവസ്ഥയുണ്ട്.

**വിദ്യാഭ്യാസ സ്കോളർഷിപ്പ് :** അംഗങ്ങളുടെ മക്കൾക്ക് ഉപരിപഠനത്തിനായി താഴെ പറയും പ്രകാരം സ്കോളർഷിപ്പ് നൽകി വരുന്നു.

| | | |
|---|---|---|
| റ്റി.റ്റി.സി/പി.ഡി.സി/പ്ളസ് ടൂ/ വി.എച്ച്.എസ്.സി/ഐ.ടി.ഐ | - | 300/- രൂപ |
| ഡിഗ്രി കോഴ്സുകൾ | - | 400/- രൂപ |

മാസ്റ്റർ ഡിഗ്രി കോഴ്സുകൾ - 750/- രൂപ

പ്രൊഫഷണൽ കോഴ്സുകൾ - 1000/- രൂപ

**ശവസംസ്കാര ചെലവ് :** റിട്ടയർമെന്റിനു മുമ്പ് ഒരംഗം മരണപ്പെടുകയാണെങ്കിൽ അദ്ദേഹത്തിന്റെ അവകാശിക്ക് സഹായധനമായി 10,000/ - രൂപയും ശവസംസ്ക്കാര ചെലവുകൾക്കായി 500/- രൂപയും ലഭിക്കാൻ അർഹതയുണ്ട്.

**കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്:**

**(Kerala Bamboo, Kattuvally and Pandanus Workers Welfare Fund Board))**

ഈറ്റ, കാട്ടുവള്ളി, തഴ വ്യവസായ രംഗത്ത് തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് ഇതിൽ അംഗമായി ചേരാവുന്നതാണ്.

**ആനുകൂല്യങ്ങൾ:**

**പെൻഷൻ ആനുകൂല്യം:** 60 വയസ് തികയുകയോ അല്ലെങ്കിൽ അവശത മൂലം ജോലി ചെയ്യാൻ കഴിയാതെ വരുകയോ ചെയ്യുന്ന ഒരു തൊഴിലാളിക്ക് പെൻഷൻ ആനുകൂല്യം പ്രതിമാസം 500/- രൂപ നൽകി വരുന്നു.

**സാമ്പത്തിക സഹായം:** സ്ഥിരമായ അവശത മൂലം ജോലി ചെയ്യാൻ കഴിയാതെ വരുകയോ അല്ലെങ്കിൽ കുടുംബത്തിലെ ഏതെങ്കിലും ഒരംഗം അപകടം മൂലം മരണപ്പെടുകയോ ചെയ്താൽ ബോർഡിൽ നിന്നും സഹായം നൽകുന്നു.

**കേരള ബീഡി - സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്:**

**(Kerala Beedi and Ciger Workers Welfare Fund Board)**

ബീഡി ആന്റ് സിഗാർ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ തൊഴിലാളികൾക്കും ഈ പദ്ധതിയിൽ അംഗമായി ചേരാവുന്നതാണ്.

**ആനുകൂല്യങ്ങൾ:**

**മാസ പെൻഷൻ**: അൻപത്തെട്ടാമത്തെ വയസ്സിൽ സർവീസിൽ നിന്നും പിരിയുന്ന ഒരാൾക്ക് മൂന്നുവർഷത്തെ തുടർച്ചയായ അംഗത്വമുള്ള പക്ഷം 500 രൂപ വീതം പ്രതിമാസ പെൻഷൻ ലഭിക്കുന്നു.

**എക്സ്ഗ്രേഷ്യ:** ഒരംഗത്തിന് സ്ഥിരമായ അവശത മൂലം ജോലി ചെയ്യാൻ കഴിയാതെ വരുകയാണെങ്കിലോ അല്ലെങ്കിൽ അംഗത്തിന്റെ

മരണം സംഭവിക്കുകയാണെങ്കിലോ അവകാശിക്ക് 10,000/- രൂപ എക്സ്ഗ്രേഷ്യ ആയി നൽകി വരുന്നു.

**വിവാഹധനസഹായം:** രണ്ടു വർഷത്തെ അംഗത്വ കാലാവധി പൂർത്തിയാക്കിയ വനിതാ അംഗത്തിന് 2,000/- രൂപ വിവാഹധനസഹായമായി ൽകിവരുന്നു. കൂടാതെ അംഗ പെൺമക്കളുടെ വിവാഹ ചെലവുകൾക്കായി 2,000/- രൂപ നൽകുന്നു

**അവശതാ പെൻഷൻ:** ഏതെങ്കിലും ഒരു ഒരംഗം അസുഖം മൂലം പൂർണ്ണമായോ സ്ഥിരമായോ അവശതയിലായാൽ ടിയാൾക്ക് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മരണം വരെ പ്രതിമാസ പെൻഷനായി 500/- രൂപ വീതം നൽകുന്നതാണ്.

**വനിതകൾക്ക് പ്രസവാനുകൂല്യം :** വനിതാ അംഗങ്ങൾക്ക് പ്രസവാനുകൂല്യമായി 15,000/- രൂപ ലഭിക്കുന്നു. ഈ ആനുകൂല്യം രണ്ടു പ്രാവശ്യത്തേക്കായി നിജപ്പെടുത്തിയിരിക്കുന്നു.

**നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ്**

## (Kerala Building and other Construction Workers Welfare Fund Board)

കെട്ടിട നിർമാണ മേഖലയിൽ പണിയെടുക്കുന്ന എല്ലാ തൊഴലാളികൾക്കും ഇതിൽ അംഗമായി ചേരാവുന്നതാണ്.

**പെൻഷൻ:** ബോർഡിൽ ഒരു വർഷമെങ്കിലും അംഗത്വകാലാവധി പൂർത്തിയാക്കിയ അംഗത്തിന് പെൻഷന് അർഹതയുണ്ട്. അംഗങ്ങൾക്ക് 60 വയസ് തികയുന്ന മുറയ്ക്ക് പെൻഷൻ നൽകി വരുന്നു. മിനിമം പെൻഷൻ 500/- രൂപയാണ്.

**കുടുംബ പെൻഷൻ:** ഏതെങ്കിലും ഒരംഗം മരണപ്പെട്ടാൽ അംഗത്തിന്റെ അവകാശിക്ക് (ഭർത്താവ്/ഭാര്യ) 250 രൂപ പെൻഷനായി ലഭിക്കുന്നു.

**ഇൻവാലിഡ് പെൻഷൻ:/അവശതാ പെൻഷൻ:** അപകടം മൂലമോ എന്തെങ്കിലും അസുഖം മൂലമോ ജോലി ചെയ്യാൻ കഴിയാതാകുന്ന ഒരംഗത്തിന് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 500 രൂപ അവശത പെൻഷൻ നൽകുന്നു.

**മരണാനന്തര ധനസഹായം:** ഒരു മെമ്പർ മരണപ്പെടുകയാണെങ്കിൽ അവകാശിക്ക് 15,000 രൂപ മരണാനന്തര ധനസഹായം ലഭിക്കുന്നു. ജോലി സ്ഥലത്തു വച്ച് ഉണ്ടാകുന്ന അപകടം മൂലം മരണം സംഭവി

ക്കുകയാണെങ്കിൽ രണ്ടു ലക്ഷം രൂപ ധനസഹായമായി അവകാശിക്ക് ലഭിക്കുന്നതാണ്. ജോലി സ്ഥലത്തു വച്ചുള്ള അപകടം മൂലം സ്ഥിര മായ അവശത സംഭവിക്കുകയാണെങ്കിൽ അംഗത്തിന് 50,000 രൂപ മുതൽ നഷ്ടപരിഹാരമായി ലഭിക്കുന്നു.

**ശവസംസ്കാരത്തിന് ധനസഹായം**

ഒരംഗം മരണപ്പെടുകയാണെങ്കിൽ അവകാശിക്ക് 2,000 രൂപ ശവസം സ്കാര ചെലവുകൾക്കായി ലഭിക്കുന്നു.

**വിവാഹധനസഹായം:** മൂന്നുവർഷത്തെ തുടർച്ചയായ അംഗത്വ മുള്ളയാൾക്ക് സ്വന്തം വിവാഹത്തിനോ അല്ലെങ്കിൽ പുത്രൻമാരുടേയോ, പുത്രിമാരുടേയോ വിവാഹത്തിനോ ധനസഹായം ലഭിക്കുന്നു. വനിതാ അംഗത്തിന് സ്വന്തം വിവാഹത്തിനും ഏതെങ്കിലും അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിനും 3,000/- രൂപ വീതവും ഒരു പുരുഷ അംഗത്തിന് സ്വന്തം വിവാഹത്തിന് ഏതെങ്കിലും അംഗത്തിന്റെ ആൺമ ക്കളുടെ വിവാഹത്തിനും 2,500/- രൂപ വീതവും ധനസഹായം ലഭിക്കും. ഈ ആനുകൂല്യം 2 പ്രാവശ്യത്തിൽ കൂടുതൽ ലഭിക്കുന്നതല്ല.

**വനിതകൾക്ക് പ്രസവാനുകൂല്യം**

വനിതാ അംഗങ്ങൾക്ക് പ്രസവാനുകൂല്യമായി 15,000/- രൂപ ലഭിക്കു ന്നു. ഈ ആനുകൂല്യം 2 പ്രാവശ്യത്തേക്ക് മാത്രമായിരിക്കും.

**ചികിൽസാ ധനസഹായം:** ഒരു വർഷത്തെ അംഗത്വ കാലാവധി തികച്ച ഒരംഗം അസുഖം മൂലമോ അപകടം സംഭവിച്ചോ ആശുപത്രിയിൽ ചികിൽസയ്ക്ക് വിധേയമാക്കപ്പെട്ടാൽ അഞ്ചു ദിവസത്തേയ്ക്ക് കുറ ഞ്ഞത് 400/- രൂപയും കൂടിയത് 5,000/- രൂപയും ധനസഹായം ലഭി ക്കുന്നതാണ്.

ക്യാൻസർ, കിഡ്നിതകരാർ, തുടങ്ങിയ ഗുരുതരമായ രോഗങ്ങൾക്ക് 20,000/- ധനസഹായമായി നൽകുന്നു.

**ഭവന നിർമ്മാണ വായ്പ:** അഞ്ചു വർഷത്തെ അംഗത്വകാലാവധി പൂർത്തിയാക്കിയ ഒരു മെമ്പർക്ക് 15 വർഷത്തെ കാലാവധി മിച്ചമുള്ള പക്ഷം 50,000/- രൂപ തുച്ഛമായ പലിശയ്ക്ക് ഭവനനിർമ്മാണ വായ്പ യായി ലഭിക്കുന്നു.

**പണിയായുധം വാങ്ങുന്നതിനുള്ള വായ്പ:** 55 വയസ് പൂർത്തിയാ കാത്ത മൂന്നു വർഷത്തെ അംഗത്വ കാലാവധി പൂർത്തിയാക്കിയ ഒരു മെമ്പർക്ക് 10,000/- രൂപ പണിയായുധം വാങ്ങാനുള്ള വായ്പയായി ലഭി

ക്കുന്നു. ഈ തുക 60 തവണകളിലായി തിരിച്ചു പിടിക്കുന്നു.

**ക്യാഷ് അവാർഡ്/സ്കോളർഷിപ്പ്:** എസ്.എസ്.എൽ.സി പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന അംഗങ്ങളുടെ കുട്ടികൾക്ക് ജില്ലാ തലത്തിൽ സ്കോളർഷിപ്പ് നൽകുന്നു. കൂടാതെ ഉന്നത വിദ്യാഭ്യാസ ത്തിനും സ്കോളർഷിപ്പ് നൽകുന്നു.

**എൻട്രൻസ് കോച്ചിങ് ധനസഹായം:** പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള എൻട്രൻസ് കോച്ചിങ്ങിനായി അംഗങ്ങ ളുടെ മക്കൾക്ക് 5,000/- രൂപ വരെ ഗ്രാന്റായി നൽകുന്നു.

## കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്:

## (Cashew Workers Relief And Welfare Fund Board)

**പെൻഷൻ:** അംഗങ്ങൾക്ക് 60 വയസ് തികയുന്ന മുറയ്ക്ക് പെൻഷന് അർഹരാകുന്നു. ദിവസ വേതന തൊഴിലാളികൾക്ക് മാസം 500/- രൂപ വീതവും മാസ വേതന തൊഴിലാളികൾക്ക് മാസം 500/- രൂപ വീതവും പെൻഷൻ ലഭിക്കുന്നു.

**എക്സ്ഗ്രേഷ്യ ധനസഹായം:** അംഗങ്ങൾക്ക് അപകടം മൂലം മരണം സംഭവിക്കുകയോ, ജോലി ചെയ്യാനാകാത്ത വിധം സ്ഥിരമായ അവശ തയോ അസുഖമോ ബാധിക്കുകയാണെങ്കിലോ 2,500/- രൂപ എക്സ്ഗ്രേഷ്യ ധനസഹായമായി നൽകുന്നു. മരണപ്പെടുകയാണെങ്കിൽ അംഗങ്ങളുടെ അവകാശികൾക്കാണ് തുക നൽകുന്നത്.

**ശവസംസ്കാരത്തിന് സാമ്പത്തിക സഹായം** : ഒരു മെമ്പർ മരണ പ്പെടുകയാണെങ്കിൽ 1000/- രൂപയും ഒരു പെൻഷണർ മരണപ്പെടുക യാണെങ്കിൽ 500/- രൂപയും ശവസംസ്കാര ചെലവുകൾക്കായി അവ കാശിക്ക് ലഭിക്കുന്നു.

**വനിതകൾക്ക് പ്രസവാനുകൂല്യം :** ഇ.എസ്.ഐ ആനുകൂല്യം ലഭി ക്കാത്ത വനിതാ അംഗങ്ങൾക്ക് പ്രസവാനുകൂല്യമായി 1000/- രൂപ ലഭി ക്കുന്നു. ഈ ആനുകൂല്യം മൂന്നു പ്രാവശ്യത്തേക്കായി നിജപ്പെടുത്തി യിരിക്കുന്നു.

**സ്കോളർഷിപ്പ്/ക്യാഷ് അവാർഡ്:** ഉന്നതവിദ്യാഭ്യാസത്തിന് തെരഞ്ഞെടുക്കുന്ന കോസ്ഴുകൾക്കനുസൃതമായി 1,500/- രൂപ വരെ സ്കോളർഷിപ്പ് നൽകുന്നു.

**വിധവയുടെ പെൺമക്കളുടെ വിവാഹത്തിന് സാമ്പത്തിക സഹായം**

വിധവയുടേയോ /വിഭാര്യന്റെയോ പെൺമക്കളുടെ വിവാഹധനസഹായമായി 1000/- രൂപ വീതം നൽകുന്നു. ഇത് രണ്ടു പ്രാവശ്യത്തേക്കായി നിജപ്പെടുത്തിയിരിക്കുന്നു.

**അക്കൗണ്ട് തുക അനന്തരാവകാശിക്ക്** : ഒരു മെമ്പറുടേയോ പെൻഷനറുടെയോ മരണം സംഭവിക്കുകയാണെങ്കിൽ അയാളുടെ അക്കൗണ്ടിലുള്ള തുക അവകാശിക്ക് തിരികെ നൽകുന്നതാണ്. പെൻഷറാണെങ്കിൽ അയാൾ നിധിയിലേയ്ക്ക് അടച്ച തുകയുടെ തുല്യമായ തുകയാണ് തിരികെ നൽകുന്നത്.

**കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ്:**

## (Kerala Handloom Workers Welfare Fund Board)

കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ തൊഴിലാളികൾക്കും ഇതിൽ അംഗമായി ചേരാവുന്നതാണ്.

**പ്രതിമാസ പെൻഷൻ :** 60 വയസ് പൂർത്തിയായ ഒരംഗത്തിന് പ്രതിമാസം 500/- രൂപ വീതം പെൻഷൻ നൽകി വരുന്നു.

. **എക്സ്ഗ്രേഷ്യ:** മെമ്പർ അപകടം മൂലം മരണപ്പെടുകയാണെങ്കിൽ അകാശക്കോ അവശത അനുഭവിക്കുകയാണെങ്കിലോ 5,000/- രൂപ വരെ എക്സ്ഗ്രേഷ്യ ധനസഹായമായി അനുവദിക്കുന്നു.

**മരണാനന്തര ധനസഹായം:** ഒരംഗം മരണപ്പെടുകയാണെങ്കിൽ അവകാശിക്ക് 5000/- രൂപ ധനസഹായമായി ലഭിക്കുന്നതാണ്.

**അനന്തരാവകാശിക്ക് തുക തിരികെ ലഭിക്കും** : ഒരംഗം മരണപ്പെടുകയാണെങ്കിൽ ടിയാൻ അംശദായമായി അടച്ച തുക കുറഞ്ഞത് 1000/- രൂപയെങ്കിലും അവകാശിക്ക് തിരികെ നൽകുന്നു.

**വിദ്യാഭ്യാസ ഗ്രാന്റ്** : അംഗങ്ങളുടെ മക്കൾക്ക് ഹൈസ്കൂൾതലം മുതൽ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിനായി 300/- രൂപ മുതൽ 2,100/- രൂപ വരെ ഗ്രാന്റായി നലകുന്നു.

**സ്വർണമെഡലും ക്യാഷ് അവാർഡും :** എസ്.എസ്.എൽ.സിക്ക് ജില്ലാ തലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന അംഗങ്ങളുടെ മക്കൾക്ക് 500/- രൂപ ക്യാഷ് അവാർഡും സംസ്ഥാനതലത്തിൽ സ്വർണ മെഡലും ഏർപ്പെടുത്തിയിട്ടുണ്ട്.

7. **വിവാഹധനസഹായം:** വനിതാ അംഗങ്ങളുടെയും അംഗങ്ങളുടെ

പെൺമക്കളുടെയും വിവാഹത്തിന് 2,000/- രൂപ ധനസഹായം നൽകുന്നു.

8. **പ്രസവാനുകൂല്യം:** വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി 15,000/- രൂപ വരെ നൽകി വരുന്നു.

**ഐ. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്:**

കയറ്റിറക്ക് മേഖലയിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും ഇതിൽ അംഗമായി ചേരാവുന്നതാണ്.

**ആനുകൂല്യങ്ങൾ:**

1. **ബോണസ്സ്:** വിഷു, ഓണം എന്നിവയോടനുബന്ധിച്ച് ഓരോ അംഗത്തിനും വേതനത്തിന്റെ 12% ബോണസ്സ് നൽകുന്നു.

2. **ഹോളിഡേ അലവൻസ്:** ഒരു കലണ്ടർ വർഷത്തിൽ അംഗങ്ങൾക്ക് ആവറേജ് ദിവസ ശമ്പളത്തിന്റെ റേറ്റിൽ ഒൻപത് ദിവസത്തെ ഹോളീഡേ അലവൻസ് ലഭിക്കുന്നു.

3. **വിദ്യാഭ്യാസ ഗ്രാന്റ്:** കോളേജിലും സ്കൂളിലും പഠിക്കുന്ന അംഗങ്ങളുടെ മക്കൾക്ക് ജൂൺ മാസത്തിൽ 300/- രൂപ വീതം വിദ്യാഭ്യാസ ഗ്രാന്റായി നൽകുന്നു.

4. **ചികിൽസാ ധനസഹായം:** ഒരു തൊഴിലാളിക്ക് രണ്ടോ അതിലധികമോ ദിവസം അംഗീകൃത ആശുപത്രിയിൽ ചികിൽസയ്ക്ക് വിധേയനാകേണ്ടി വന്നാൽ ആധികാരിക രേഖയുടെ അടിസ്ഥാനത്തിൽ പരമാവധി 15,000/- രൂപ വാർഷിക ചികിൽസാ ധനസഹായമായി നൽകാൻ വ്യവസ്ഥയുണ്ട്. അംഗത്തിന്റെ ഭാര്യയോ, 18 വയസ്സിൽ താഴെയുള്ള കുട്ടികളോ,ആശ്രിതരായ മാതാപിതാക്കളോ ആണെങ്കിൽ ഈ തുക വർഷത്തിൽ 3000/- രൂപയായിരിക്കും.

   ക്യാൻസർ, കിഡ്നിതകരാർ, തുടങ്ങിയ ഗുരുതരമായ രോഗങ്ങൾക്ക് 50,000/- ധനസഹായമായി നൽകുന്നു.

5. **കുട്ടികൾക്ക് സ്കോളർഷിപ്പ്:** സ്കൂൾ തലം മുതൽ പ്രൊഫഷണൽ കോഴ്സുകൾ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം 100/- രൂപ മുതൽ 300/- രൂപ വരെ സ്കോളർഷിപ്പ് നൽകുന്നു

6. **ദുരിതാശ്വാസം:** ഒരംഗം രോഗബാധിതനായി ചികിൽസയിലാവുകയും 24 മണിക്കൂറിലധികം വിശ്രമം വേണ്ടി വരുകയും ചെയ്യുന്ന പക്ഷം രണ്ടു

മാസത്തേയ്ക്ക് പ്രതിദിനം 60/- രൂപ നിരക്കിലും തുടർന്നുള്ള രണ്ടു മാസത്തേയ്ക്ക് ചികിൽസ ആവശ്യമെങ്കിൽ ടി നിരിക്കിന്റെ 50 ശതമാനമോ പരമാവധി 5,400/- രൂപയോ ധനസഹായമായി അനുവദിക്കുന്നതാണ്. കൂടാതെ ആശ്രിതരായിട്ടുള്ള ആരെങ്കിലും മരിച്ചാൽ 1000/- രൂപ ധനസഹായമായി ലഭിക്കുന്നു.

7. **വിവാഹവായ്പയും ധനസഹായവും:** ഒരംഗത്തിന്റെയോ, അംഗത്തിന്റെ പെൺമക്കളുടെയോ വിവാഹത്തിന് 5,000/- രൂപയോ അല്ലെങ്കിൽ ടിയാളുടെ ശരാശരി മാസവരുമാനത്തിന്റെ മൂന്നു മടങ്ങോ ഇതിലേതാണോ കുറവ് അത് പലിശരഹിത വായ്പയായി നൽകുന്നു. ടി തുക വിവാഹശേഷം 20 മാസതവണകളായി തിരിച്ചടയ്ക്കേണ്ടതാണ്. കൂടാതെ, വിവാഹധനസഹായമായി 2000/- രൂപ നൽകാനും വ്യവസ്ഥയുണ്ട്. ഇതിനു പുറമെ, 25,000/- രൂപ തുച്ഛമായ പലിശ നിരക്കിൽ വായ്പയായും നൽകുന്നു.

8. **ചികിത്സാചിലവ്** ജോലിയിലിരിക്കുമ്പോൾ അപകട സംഭവിക്കുകയാണെങ്കിൽ മുഴുവൻ ചികിത്സാചിലവും നഷ്ടപരിഹാരവും നൽകുന്നു.

9. **മരണാനന്തര ധനസഹായം:** അംഗം മരണപ്പെടുകയാണെങ്കിൽ ശവസംസ്കാര ചെലവുകൾക്കായി 3000/- രൂപ ആശ്രിതർക്ക് ലഭിക്കുന്നു.

10. **ഉത്സവ അഡ്വാൻസ്:** എല്ലാ അംഗങ്ങൾക്കും വർഷത്തിലൊരിക്കൽ ഫെസ്റ്റിവൽ അഡ്വാൻസായി പരമാവധി 12,000/- രൂപ വരെ നൽകുന്നു. ഈ തുക 10 മാസ തവണകളായി തിരികെ അടയ്ക്കേണ്ടതാണ്.

11. **അവശതാ പെൻഷൻ:** ഏതെങ്കിലും ഒരു ഒരംഗം അസുഖം മൂലം പൂർണ്ണമായോ സ്ഥിരമായോ അവശതയിലായാൽ ടിയാൾക്ക് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മരണം വരെ പ്രതിമാസ പെൻഷനായി 400/- രൂപ വീതം നൽകുന്നതാണ്.

12. **ഗ്രാറ്റുവിറ്റി:** അംഗത്തിന്റെ റിട്ടയർമെന്റ്/മരണം/അവശത എന്നിവ സംഭവിക്കുമ്പോൾ അയാളുടെ മൊത്ത വേതനത്തിന്റെ 11% ഗ്രാറ്റുവിറ്റിയായി നൽകുന്നു.

13. **സ്പെഷ്യൽ റിട്ടയർമെന്റ് ധനസഹായം:** ഒരംഗം വർഷത്തിൽ കുറഞ്ഞത് 180 ദിവസം ജോലി ചെയ്യുകയും എന്നാൽ സൂപ്പർ ആന്വേഷൻ സമയത്ത് ടെർമിനൽ ബെനിഫിറ്റ് 15,000/- രൂപയിൽ കുറവാണെങ്കിൽ കുറവായ തുക സ്പെഷ്യൽ സൂപ്പർ ആന്വേഷൻ അസിസ്റ്റൻസായി നൽകുന്നു.

14. **ഇതരസഹായം:** ഏതെങ്കിലും ഒരംഗത്തിന് പ്രകൃതിക്ഷോഭം, തീപിടുത്തം മുതലായവ മൂലം നഷ്ടം സംഭവിക്കുകയാണെങ്കിൽ ലോക്കൽ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 10,000 ധനസഹായം നൽകുന്നതാണ്.

15. **പ്രത്യേക മരണാനന്തര ധനസഹായം:** ഒരംഗത്തിന് സ്വാഭാവിക മരണം സംഭവിക്കുകയാണെങ്കിൽ ആശ്രിതർക്ക് 50,000/- രൂപയും, ജോലിയിൽ ഏർപ്പെട്ടിരിക്കെ മരണമടയുകയാണെങ്കിൽ 50,000/- രൂപയും ധനസഹായമായി ഭവന നിർമ്മാണ വായ്പ ലഭിക്കുന്നതാണ്.

16. **ഭവന നിർമ്മാണ വായ്പ:** കുറഞ്ഞത് മൂന്നു സെന്റ് വസ്തുവുള്ള ഒരംഗത്തിന് പുതിയ വീട് നിർമിക്കുന്നതിനോ, നിലവിലുള്ള വീട് പുതുക്കി പ്പണിയുന്നതിനോ വേണ്ടി യഥാക്രമം 6,00,000/- രൂപയും 4,00,000/- രൂപയും വരെ നൽകുന്നതാണ്. ഈ തുക പ്രതിമാസ ഗഡുക്കളായി തിരികെ പിടിക്കുന്നതാണ്.

17. **പെൻഷൻ**: (പുതുക്കിയ ടെർമിനൽ ബെനിഫിറ്റ്) 60 വയസിൽ സർവ്വീസിൽ നിന്നും പിരിയുന്ന ഒരംഗത്തിന് ആറുവർഷത്തെ സർവീസുണ്ടെങ്കിൽ മിനിമം പെൻഷന് അർഹതയുണ്ട്. അപ്രകാരം ലഭിക്കുന്ന തുക സർവീസിന്റെ ദൈർഘ്യം അനുസരിച്ച് പ്രതിമാസം 200/- രൂപ മുതൽ 2,400/- രൂപ വരെ ആയിരിക്കും. 12 വർഷത്തെ സർവീസ് പൂർത്തിയാക്കിയ ഒരാൾക്ക് മിനിമം പെൻഷൻ പ്രതിമാസം 400/- രൂപയായും 15 വർഷത്തെ സർവീസ് പൂർത്തിയാക്കിയ ആൾക്ക് മിനിമം പെൻഷൻ പ്രതിമാസം 400/- രൂപയായും നിജപ്പെടുത്തിയിരിക്കുന്നു.

18. **കുടുംബാസൂത്രണ ധനസഹായം:** കുടുംബാസൂത്രണ ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന ഒരംഗത്തിന് 1650- രൂപയും അംഗത്തിന്റെ ഭാര്യ/ഭർത്താവെങ്കിൽ ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്നത് എങ്കിൽ ടിയാൾക്ക് 1250/- രൂപ ധനസഹായം നൽകുന്നതാണ്.

19. **പ്രകൃതക്ഷോഭ ദുരിതാശ്വാസ പദ്ധതി:** ഒരംഗത്തിന് പ്രകൃതിക്ഷോഭം മൂലം വീട് പൂർണമായും നഷ്ടപ്പെടുകയാണെങ്കിൽ 10,000/- രൂപ വരെ ധനസഹായമായി നൽകുന്നതാണ്.

20. **വിവിധോദ്ദേശ വായ്പ:** അംഗങ്ങൾക്ക് 8% പലിശ നിരക്കിൽ പരമാവധി 50,000/- രൂപ വരെ വിവിധ ആവശ്യങ്ങൾക്കായി വായ്പ ലഭിക്കുന്നതാണ്.

**ജെ. കേരള ലേബർ ക്ഷേമനിധി ബോർഡ്**

**(Kerala Labour Welfare Fund Board)**

1. **അനുകമ്പാപൂർണമായ ദുരിതാശ്വാസം:** (Compassionate Relief Fund) ജോലിയിലിരിക്കെ മരണമടഞ്ഞ അംഗങ്ങൾക്ക് 2,500/- രൂപ ഉടനടി ധനസഹായമായി നൽകുന്നു.

2. **ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ധനസഹായം:** എട്ടു മുതൽ പത്തു വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 300/- രൂപ വരെ ധനസഹായമായി നൽകുന്നു.

3. **ഉന്നത വിദ്യാഭ്യാസ ധനസഹായം:** പ്രീഡിഗ്രി മുതൽ ഡിഗ്രി തലത്തിലും പോസ്റ്റ് ഗ്രാഡ്വേറ്റ് തലത്തിലുമുള്ള പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള വിവിധ കോഴ്സുകൾക്ക് 400/- രൂപ മുതൽ 1800/- രൂപ വരെ ധനസഹായം നൽകുന്നു.

4. **ലൈബ്രറികൾക്ക് ധനസഹായം:** ക്ഷേമനിധി വരിക്കാരിട്ടുള്ളവരോ, തൊഴിലാളി യൂണിയനുകളോ നടത്തുന്ന അംഗങ്ങൾ ഉപയോഗിക്കുന്ന ലൈബ്രറികളിൽ പുസ്തകങ്ങൾ വാങ്ങാനായി 5,000/- രൂപ വരെ ധനസഹായം നൽകുന്നു.

5. **കരകൗശല പരിശീലനം:** 230 വിദ്യാർത്ഥികൾക്ക് 12 ഗവൺമെന്റ് ഐ.ടി.കളിലായി 13 വിവിധ ട്രേഡുകളിൽ ട്രെയിനിങ് നൽകുന്നു. അവർക്ക് പ്രതിമാസം 150/- രൂപ വീതം സ്റ്റൈപന്റ് നൽകുന്നു.

6. **അത്യാസന്ന നിലയിലുള്ള രോഗികൾക്ക് സാമ്പത്തിക സഹായം:** അത്യാസന്ന നിലയിലുള്ള രോഗികൾക്കും ഓപ്പറേഷന് വിധേയമാകുന്നവർക്കും 10,000/- രൂപ വരെ സാമ്പത്തിക സഹായം അനുവദിക്കുന്നു. ക്യാൻസർ, കിഡ്നിതകരാർ, കുഷ്ടം തുടങ്ങിയ ഗുരുതരമായ രോഗങ്ങൾക്ക് 20,000/- ധനസഹായമായി നൽകുന്നു.

7. **ടൂർ സബ്സിഡി:** അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും തേക്കടി/കുമിളി സന്ദർശിക്കുന്നതിനും കുമിളിയിലെ ഹോളീഡേ ഹോമിൽ താമസിക്കുന്നതിനും ടൂർ സബ്സിഡി ലഭിക്കുന്നതാണ്.

8. **അംഗവൈകല്യമുള്ള തൊഴലാളികൾക്ക് ധനസഹായം :**

   അംഗവൈകല്യമുള്ള അംഗത്തിന് കൃത്രിമകാൽ/ക്രച്ചസ് എന്നിവ വാങ്ങുന്നതിന് 5000/- രൂപവരെ ധനസഹായം ലഭിക്കുന്നു.

9. **അംഗങ്ങളുടെ മക്കൾക്ക് കംപ്യൂട്ടർ ട്രെയിനിങ് പ്രോഗ്രാം:** തിരുവന

ന്തപുരം എൽ.ബി.എസ് സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ ഡി.ഐ.ടി.എസ്സിൽ അംഗങ്ങളുടെ കുട്ടികൾക്ക് കുറഞ്ഞ ഫീസ് നിരക്കിൽ കംപ്യൂട്ടർ ട്രെയിനിങ് നൽകുന്നു.

10. **അംഗങ്ങളുടെ മക്കൾക്ക് ക്യാഷ് അവാർഡ് :** അംഗങ്ങളുടെ അന്ധ, ബധിര, മൂക/ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് ക്യാഷ് അവാർഡ്: അംഗം റിട്ടയർ ചെയ്താൽ അന്ധ, ബധിര, മൂക/ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് പ്രതിമാസം 100/- രൂപവീതം ക്യാഷ് അവാർഡ് നൽകുന്നു.

## കെ. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്:

## (Kerala Motor Transport Workers Welfare Fund Board)

1. **പ്രോവിഡന്റ് ഫണ്ട്:** ഒരു മെമ്പർ പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കുന്ന മുഴുവൻ തുകയും കാലാകാലങ്ങളിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന പലിശ നിരക്കിൽ കൂട്ടുപലിശ അടിസ്ഥാനത്തിൽ റിട്ടയർമെന്റ് സമയത്ത് തിരികെ നൽകുന്നു.

2. **ഗ്രാറ്റുവിറ്റി:** പൂർത്തിയാക്കിയ ഓരോ വർഷത്തിനും 15 ദിവസത്തെ ശമ്പളം (അവസാനം വാങ്ങിയ ശമ്പളം) എന്ന നിരക്കിൽ ഗ്രാറ്റുവിറ്റി നൽകുന്നു.

3. **തിരിച്ചടയ്ക്കേണ്ടാത്ത ലോൺ:** ഒരംഗം പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിച്ച തുക തിരിച്ചടയ്ക്കേണ്ടാത്ത വായ്പയായി വീടു പണിയുന്നതിന് നൽകാൻ വ്യവസ്ഥയുണ്ട്.

4. **ജോലിയില്ലാത്ത സമയത്ത് സാമ്പത്തിക സഹായം:** അംഗം പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിച്ച തുക ജോലിയില്ലാത്ത സമയത്ത് സാമ്പത്തിക സഹായമായി ലഭിക്കുന്നു.

5. **കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഷെയറുകൾ വാങ്ങുന്നതിന്:** കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ ഷെയറുകൾ വാങ്ങുന്നതിന് 50/- രൂപയിൽ കവിയാത്ത തുക തിരിച്ചടയ്ക്കേണ്ടാത്ത അഡ്വാൻസായി ലഭിക്കുന്നു.

6. **വിദ്യാഭ്യാസ വായ്പ :** 1200/- രൂപയിൽ കൂടാത്ത തുക വിദ്യാഭ്യാസ ലോണായി ഒരു പ്രാവശ്യം എടുക്കാവുന്നതാണ്.

## എൽ. കേരള കള്ളു ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡ്:

കള്ളുചെത്ത് തൊഴിലായി സ്വീകരിച്ചിട്ടുള്ള തൊഴിലാളികൾക്ക് ടി

പദ്ധതിയിൽ അംഗമായി ചേരാവുന്നതാണ്.

1. **പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കുന്ന തുക തിരികെ നൽകുന്നു:** ഒരംഗം പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കുന്ന തുക പലിശയോടുകൂടി റിട്ടയർമെന്റ് സമയത്ത് തിരികെ നൽകുന്നു.

2. **ചികിത്സാ സഹായം:** ക്യാൻസർ പോലുള്ള ഗുരുതരമായ രോഗങ്ങൾക്ക് 15,000/- ധനസഹായമായി നൽകുന്നു.

3. **അവശതയനുഭവിക്കുന്നവർക്ക് സാമ്പത്തിക സഹായം:** മരത്തിൽ നിന്നുള്ള വീഴ്ച മൂലം സ്ഥിരമായും പൂർണമായും അവശതയിലാകുന്ന അംഗങ്ങൾക്ക് സാമ്പത്തിക സഹായമായി 300/ രൂപ നൽകി വരുന്നു

4. **സ്കോളർഷിപ്പും ക്യാഷ് അവാർഡുകളും:** കള്ളു ചെത്ത് തൊഴിലാളികളുടെ മക്കൾക്ക് സ്കോളർഷിപ്പുകൾനൽകി വരുന്നു. ഗവൺമെന്റ് സ്കൂളുകളിലോ ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

5. **ക്യാഷ് അവാർഡും സ്വർണ മെഡലും:** അംഗങ്ങളുടെ മക്കൾ / ആശ്രിതർ എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയത്തിനും A+ കരസ്ഥമാക്കിയാൽ അവർക്ക് സ്വർണമെഡൽ നൽകുന്നുണ്ട്. ജില്ലാതലത്തിൽ ഉയർന്ന മാർക്കുവാങ്ങുന്ന അംഗങ്ങളുടെ മക്കൾക്ക് ക്യാഷ് അവാർഡും നൽകുന്നതാണ്.

6. **ശവസംസ്കാര ചെലവുകൾ:** അംഗങ്ങളുടെ ശവസംസ്കാര ചെലവുകൾക്കായി 5000/- രൂപ അവകാശിക്ക് നൽകുന്നതാണ്.

7. **പെൻഷൻ സ്കീം :** അംഗങ്ങളുടെ അംശദായത്തിന്റെ ഒരു വിഹിതവും ഗവൺമെന്റ് ഗ്രാന്റും ഉൾപ്പെടുത്തി ഒരു പെൻഷൻ സ്കീം രൂപീകരിച്ചിട്ടുണ്ട്.

**എം. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്:**

തയ്യൽ തൊഴിലാളികൾക്കും തയ്യൽ സ്വയം തൊഴിലായി സ്വീകരിച്ചിട്ടുള്ളവർക്കും ഈ പദ്ധതിയിൽ അംഗമായി ചേരാവുന്നതാണ്.



**ആനുകൂല്യങ്ങൾ :**

1. **അവശതാ പെൻഷൻ :** 60 വയസ് തികഞ്ഞ, ജോലി ചെയ്യാൻ കഴിയാതെ അവശതയിലാകുന്ന ഒരംഗത്തിന് പ്രതിമാസം 100/- രൂപാ വീതം അവശതാ പെൻഷൻ അനുവദിക്കുന്നു. കുറഞ്ഞത് മൂന്നു വർഷത്തെയെങ്കിലും സ്ഥിരാംഗത്വം ഉണ്ടെങ്കിൽ മാത്രമേ ഈ വിധത്തിലുള്ള ധന

സഹായത്തിന് അർഹതയുള്ളു.

2. **റിട്ടയർമെന്റ് പെൻഷൻ :** ഒരംഗത്തിന് കുറഞ്ഞത് മൂന്നു വർഷത്തെ യെങ്കിലും അംഗത്വ കാലാവധി ഉണ്ടായിരിക്കുകയും 60 വയസ്സ് പൂർത്തി യാവുകയും ചെയ്താൽ സർവീസ് ദൈർഘ്യം അനുസരിച്ച് 500 രൂപ വരെ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

3. **വിവാഹ ധനസഹായം :** ബോർഡിൽ കുറഞ്ഞത് മൂന്നു വർഷത്തെ യെങ്കിലും അംഗത്വ കാലാവധിയുള്ള ഒരംഗത്തിന് അല്ലെങ്കിൽ ഏതെ ങ്കിലും അംഗത്തിന്റെ രണ്ട് പെൺമക്കൾക്ക് വിവാഹത്തിന് 1000/- രൂപ ധനസഹായം നൽകുന്നു.

4. **പ്രസവാനന്തര ധനസഹായം:** ബോർഡിൽ കുറഞ്ഞത് ഒരു വർഷമെ ങ്കിലും തുടർച്ചയായ അംഗത്വമുള്ള ഒരു വനിതാ അംഗത്തിന് രണ്ടു പ്രാവശ്യം മാത്രം പ്രസവത്തിന് 15,000/- രൂപ വീതം ധനസഹായം നൽകുന്നു.

5. **മരണാനന്തര ധനസഹായം :** ഒരംഗം മരണപ്പെട്ടാൽ കുടുംബാംഗ ങ്ങൾക്ക് 10000/- രൂപ വരെ മരണാനന്തര ധനസഹായമായി ലഭിക്കു ന്നു.

6. **ക്യാഷ് അവാർഡ് :** 10-ാം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയത്തിനും A+ ലഭിക്കുന്ന അംഗങ്ങളുടെ മക്കൾക്ക് 1000/- രൂപ ക്യാഷ് അവാർഡ് നൽകുന്നു.

7. **സ്കോളർഷിപ്പ്:** 11-ാം ക്ലാസ് മുതൽ പ്രൊഫഷണൽ കോഴ്സുകൾ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 1000/- രൂപ മുതൽ 5000/- രൂപ വരെ സ്കോളർഷിപ്പ് നൽകുന്നുണ്ട്.

8. **ടെർമിനൽ റീഫണ്ട്:** റിട്ടയർ ചെയ്യുന്ന അംഗങ്ങൾക്ക് അവരുടെ അംശ ദായവും ബോർഡിന്റെ വിഹിതം ചേർത്തുള്ള തുക ടെർമിനൽ റീഫ ണ്ടായി നൽകുന്നു.

9. **കുടുംബ പെൻഷൻ :** അംഗം മരണപ്പെട്ടാൽ കുടുംബാംഗത്തിന്റെ അർഹതയനുസരിച്ച് 100/- രൂപ മുതൽ 250/- രൂപ വരെ പ്രതിമാസ പെൻഷൻ നൽകി വരുന്നു.

**എൻ. കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് :**

ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റിന്റെ എല്ലാ തൊഴിലാളി

കൾക്കും ഇതിൽ അംഗമായി ചേരാവുന്നതാണ്.

**ആനുകൂല്യങ്ങൾ :**

1. **പെൻഷൻ :** സ്ഥിരമായ ശാരീരിക അവശത മൂലം രണ്ടു വർഷത്തില ധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ, 60 വയസ്സ് തികയു കയോ ചെയ്തിട്ടുള്ളതും എന്നാൽ ഈ ആക്ട് പ്രകാരമുള്ള ക്ഷേമപ ദ്ധതിയിൽ കുറഞ്ഞപക്ഷം 10 വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചതുമായ അംഗത്തിന് പെൻഷൻ നൽകുന്നതിനും, കുറഞ്ഞപക്ഷം 15 വർഷക്കാലമെങ്കിലും തുടർച്ചയായി അംശദായം അടച്ച അംഗം മരി ച്ചുപോയാൽ കുടുംബ പെൻഷൻ നൽകുന്നതിനും വ്യവസ്ഥയുണ്ട്

2. **വിവാഹ ധനസഹായം :** മൂന്നു വർഷം തുടർച്ചയായി സർവീസുള്ള ഒരു വനിതാ അംഗത്തിനോ അംഗത്തിന്റെ പെൺമക്കൾക്കോ 5000/- രൂപ വരെ ധനസഹായം നൽകാൻ വ്യവസ്ഥയുണ്ട്.

3. **പ്രസവാനുകൂല്യം** : ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതും എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് പദ്ധതിയുടെ പരി ധിയിൽ വരാത്തതുമായ സ്ത്രീ തൊഴിലാളികൾക്ക് പ്രസവത്തിന് 12 ആഴ്ചയും മാസം തികയാതെയുള്ള പ്രസവം, ഗർഭം അലസൽ, നിയ മപ്രകാരമുള്ള ഗർഭഛിദ്രം എന്നിവയ്ക്ക് ആറ് ആഴ്ച വീതവും പ്രസവ കാല വേതനം നൽകുന്നതാണ്. പ്രസവകാല വേതനം പരമാവധി രണ്ട്.

4. **ശവസംസ്കാര ചെലവ് :** അംഗമോ, അംഗത്തിന്റെ കുടുംബത്തിലെ ആരെങ്കിലുമോ മരണപ്പെടുകയാണെങ്കിൽ 1000/- രൂപ നൽകുവാൻ വ്യവസ്ഥയുണ്ട്.

5. **മരണാനന്തര ധനസഹായം :** മൂന്നു വർഷക്കാലം സർവീസ് പൂർത്തി യാക്കിയ ഒരംഗത്തിന് 5000/- രൂപ മുതൽ അംഗത്വ കലാവധി അനുസ രിച്ച് പരമാവധി 20,000/- രൂപ വരെ നൽകാൻ വ്യവസ്ഥയുണ്ട്.

6. **ചികിത്സാ ധനസഹായം :** മൂന്നു വർഷം സർവ്വീസ് പൂർത്തിയാകുന്ന അംഗത്തിനും അവരുടെ കുടുംബത്തിലെ അംഗത്തിനും സർക്കാർ ആശുപത്രിയിൽ കിടന്നുള്ള ചികിത്സ പരമാവധി 10,000/- രൂപ വരെ നൽകാൻ വ്യവസ്ഥയുണ്ട്.

7. **വിദ്യാഭ്യാസാനുകൂല്യം :** ഒരു വർഷമെങ്കിലും അംശദായമടച്ച അംഗ ത്തിന്റെ മക്കൾക്ക് മെരിറ്റടിസ്ഥാനത്തിൽ തുക നിശ്ചയിച്ച് നൽകുന്ന താണ്.

**ഒ. ഒട്ടോറിക്ഷാതൊഴിലാളി ക്ഷേനിധി സ്കീം**

## (Autorikshaw Workers Welfare Fund Scheme)

എല്ലാ ഓട്ടോറിക്ഷാ തൊഴിലാളികൾക്കും ഈ സ്കീമിൽ അംഗമായി ചേരാവുന്നതാണ്.

**ആനുകൂല്യങ്ങൾ :**

**റിട്ടയർമെന്റ് ആനുകൂല്യം :** അംഗത്തിന്റെ പെൻഷൻ പ്രായം 50 വയസാണ്. ഒരാൾ 30 വർഷമെങ്കിലും ടി സ്കീമിൽ അംഗമായി തുടർന്നാൽ റിട്ടയർമെന്റ് ആനുകൂല്യമായി 1,45,264/- രൂപ ലഭിക്കുന്നതാണ്. 30 വർഷം കുറവ് സർവീസുള്ള ഒരംഗത്തിന് അദ്ദേഹത്തിന്റെ സേവനത്തിന് ആനുപാതികമായി റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കുന്നതാണ്.

2. **മരണാനന്തരാനുകൂല്യം :** ഒരംഗം മരണപ്പെടുകയാണെങ്കിൽ റിട്ടയർമെന്റ് ആനുകൂല്യത്തോടൊപ്പം 25,000/- രൂപ ധനസഹായം ലഭിക്കുന്നതാണ്.

3. **ഓട്ടോറിക്ഷ വാങ്ങുന്നതിനുള്ള മുൻകൂർ തുക:** അംഗത്തിന്റെ അംശാദായത്തിന്റെ 75% തുക അഡ്വാൻസായി നൽകുന്നതാണ്.

4. **മറ്റാനുകൂല്യങ്ങൾ :** കാലാകാലങ്ങളിൽ ക്ഷേമനിധിയുടെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

   എ. ബോർഡിന്റെ അംഗീകാരത്തോടു കൂടിയുള്ള ചികിത്സാനുകൂല്യങ്ങൾ

   ബി. കുട്ടികൾക്കായുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ്

   സി. വീടു വയ്ക്കുന്നതിന് വസ്തു വാങ്ങുന്നതിനുള്ള മുൻകൂർ തുക.

   ഡി. പെൺമക്കളുടെ വിവാഹാവശ്യത്തിനുള്ള മുൻകൂർ തുക

   ഇ. ഭവന നിർമാണത്തിനുള്ള മുൻകൂർ തുക

**പി. അലക്കുതൊഴിലാളി ക്ഷേമനിധി:**

## (Laundry Workers Welfare Fund)

അലക്കു തൊഴിലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ തൊഴിലാളികൾക്കും ഇതിൽ അംഗമായി ചേരാവുന്നതാണ്.

**ആനുകൂല്യങ്ങൾ:**

1. **റിട്ടയർമെന്റ് ആനുകൂല്യം:** 42 വർഷത്തെ സർവീസ് പൂർത്തിയാക്കിയ ഒരംഗത്തിന് റിട്ടയർമെന്റ് ആനുകൂല്യമായി 62,750/- രൂപ നൽകുവാൻ

വ്യവസ്ഥയുണ്ട്. 42 വർഷത്തിൽ കുറവ് സർവീസുള്ള അംഗത്തിന് സർവീസിനാനുപാതികമായി റിട്ടയർമെന്റാനുകൂല്യം ലഭിക്കുന്നതാണ്.

2. **മരണാനന്തര ആനുകൂല്യം :** റിട്ടയർമെന്റിനു മുമ്പ് ഒരംഗം മരണപ്പെടുകയാണെങ്കിൽ റിട്ടയർമെന്റാനുകൂല്യത്തോടൊപ്പം 10,500/- രൂപ മരണാനന്തര ആനുകൂല്യമായും 1000/- രൂപ ശവസംസ്കാര ചെലവുകൾക്കായും അംഗത്തിന്റെ ആശ്രിതൻ / ആശ്രിതയ്ക്ക് ലഭിക്കുന്നു.

3. **പ്രസവാനുകൂല്യം :** വനിതാംഗത്തിന് പ്രസവാനുകൂല്യമായി പരമാവധി രണ്ടു പ്രാവശ്യം 1000/- രൂപ നൽകുന്നതാണ്.

4. **വിവാഹധനസഹായം :** അംഗത്തിന്റെ പെൺമക്കൾക്ക് വിവാഹധന സഹായമായി 2000/- രൂപ ലഭിക്കുന്നതാണ്.

5. **തൊഴിലുപകരണം വാങ്ങുന്നതിനുള്ള വായ്പ :** അംഗം ക്ഷേമനിധിയിൽ അടച്ച അംശദായത്തിന്റെ 75% പലിശരഹിത വായ്പയായി തൊഴിലുപകരണങ്ങൾ വാങ്ങുന്നതിനായി നൽകുന്നു.

6. **അവശതാ പെൻഷൻ :** സ്ഥിരമായ അവശതമൂലം ജോലി ചെയ്യാൻ കഴിയാത്ത ഒരംഗത്തിന് അംഗീകൃത മെഡിക്കൽ വിദഗ്ദ്ധന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം കുറഞ്ഞ നിരക്കിലുള്ള അവശതാ പെൻഷനും 1000/- രൂപ സാമ്പത്തിക സഹായമായും നൽകുന്നുണ്ട്.

7. **വിദ്യാഭ്യാസാനുകൂല്യം :** +2 മുതൽ പ്രൊഫഷണൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 500/- രൂപ - 1500/- രൂപ സ്കോളർഷിപ്പായി നൽകി വരുന്നു.

8. **അംശദായം തിരിച്ചു നൽകുന്നു:** ഒരംഗം മറ്റു തൊഴിൽ സ്വീകരിക്കുകയോ മറ്റു ക്ഷേമപദ്ധതികളിൽ അംഗമാകുകയോ സ്വയം അംഗത്വം അവസാനിപ്പിക്കുകയോ ചെയ്യുന്നപക്ഷം സർവീസ് ചാർജ്ജായി അഞ്ചു രൂപയോ അംശദായത്തിൻന്റെ അഞ്ച് ശതമാനമോ ഇതിൽ ഏതാണോ കൂടിയത് അത് കിഴിക്കുന്നതാണ്.

9. **പെൻഷൻ :** 60 വയസ് പൂർത്തിയായ ഒരംഗത്തിന് റിട്ടയർമെന്റാനുകൂല==്യത്തോടൊപ്പം പ്രതിമാസ പെൻഷനായി 100/- രൂപ നൽകുന്നതാണ്.

**ക്യൂ. ബാർബർ- ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി** ടി മേഖലയിൽ പണിയെടുക്കുന്ന എല്ലാ തൊഴലാളികൾക്കും ഇതിൽ അംഗമായി ചേരാവുന്നതാണ്.

1. **റിട്ടയർമെന്റ് ആനുകൂല്യം :** 42 വർഷത്തെ സർവീസ് പൂർത്തിയാക്കിയ ഒരംഗത്തിന് 62,750/- രൂപ റിട്ടയർമെന്റ് ആനുകൂല്യമായി ലഭിക്കുന്നു. 42 വർഷത്തിൽ കുറവ് സർവീസുള്ള അംഗത്തിന് സർവീസ് കാലയളവിന് ആനുപാതികമായി പെൻഷൻ ആനുകൂല്യം നൽകുന്നുണ്ട്.

2. **വിവാഹ ധനസഹായം :** അംഗത്തിന്റെ പെൺമക്കൾക്ക് 2000/- രൂപ വിവാഹ ധനസഹായമായി നൽകുന്നു.

3. **പ്രസവാനന്തരാനുകൂല്യം :** വനിതാ അംഗത്തിന് അവരുടെ സേവന കാലയളവിൽ രണ്ടു പ്രാവശ്യം 1000/- രൂപാ വീതാ പ്രസവാനന്തരാനുകൂല്യമായി ലഭിക്കുന്നു.

4. **വിദ്യാഭ്യാസാനുകൂല്യം :** + 2 മുതൽ പ്രൊഫഷണൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സിനു വരെ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 500/- രൂപ മുതൽ 1500/- രൂപ വരെ നൽകുന്നു.

5. **തൊഴിലുപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ:** അംഗത്തിന്റെ അംശദായത്തിന്റെ 75 ശതമാനത്തിന് തുല്യമായ തുക തൊഴിലുപകരണങ്ങൾ വാങ്ങുന്നതിന് വായ്പയായി നൽകുന്നു.

6. **അവശതാ പെൻഷൻ :** അംഗീകൃത മെഡിക്കൽ പ്രാക്ടീഷണറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരമായ അവശതമൂലം ജോലി ചെയ്യാൻ കഴിയാത്ത അംഗത്തിന് ഏറ്റവും കുറഞ്ഞ അവശതാ പെൻഷനും 1000/- രൂപ സാമ്പത്തിക സഹായവും നൽകി വരുന്നു.

7. **അംശദായം തിരിച്ചു നൽകൽ**: ഒരംഗം മറ്റു തൊഴിൽ സ്വീകരിക്കുകയോ മറ്റു ക്ഷേമപദ്ധതികളിൽ അംഗമാവുകയോ, സ്വയം അംഗത്വം അവസാനിപ്പിക്കുകയോ ചെയ്യുന്നപക്ഷം സർവീസ് ചാർജ്ജായി അഞ്ച് രൂപയോ അംശദായത്തിന്റെ അഞ്ചു ശതമാനമോ ഇതിലേതാണോ കൂടിയത് ആയത് കിഴിക്കുന്നതാണ്.

8. **പെൻഷൻ :** 60 വയസ് പൂർത്തിയായ ഒരംഗത്തിന് 100/- രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ റിട്ടയർമെന്റ് ആനുകൂല്യത്തോടൊപ്പം നൽകുന്നു.

9. **മരണാനന്തരാനുകൂല്യം :** അംഗം പെൻഷനാകുന്നതിന് മുമ്പ് മരണപ്പെടുകയാണെങ്കിൽ 10,500/- രൂപ മരണാനന്തരാനുകൂല്യമായും 1000/- രൂപ ശവസംസ്കാര ചെലവുകൾക്കായും നൽകുന്നതാണ്.

**ആർ. കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി**

**1. പെൻഷൻ :** കുറഞ്ഞത് അഞ്ചു വർഷം തുടർച്ചയായി അംശാദായം അടച്ച

ഒരു അംഗത്തിന് അറുപത് വയസ് തികയുന്ന മുറയ്ക്കോ സ്ഥിരമായ ശാരീരിക അവശതമൂലം ജോലി ചെയ്യാൻ കഴിയാതിരിക്കുന്ന അവസ്ഥ വന്നാലോ,

പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. പെൻഷൻ തുക ഭരണസമിതി തീരുമാനിച്ച് സർക്കാർ അംഗീകാരത്തിന് വിധേയമായി നടപ്പാക്കേണ്ടതാണ്. അവശതമൂലം പെൻഷൻ നൽകുന്നതിനുവേണ്ട മറ്റ് മാനദണ്ഡങ്ങളും ഭരണ സമിതി നിശ്ചയിക്കേണ്ടതാണ്.

**2. കുടുംബ പെൻഷൻ :** കുറഞ്ഞത് 10 വർഷം അംശാദായം അടച്ച ഒരംഗമോ, ഈ പദ്ധതി പ്രകാരം പെൻഷന് അർഹമായ അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. കുടുംബ പെൻഷൻ തുക ഭരണസമിതി തീരുമാനിച്ച് സർക്കാർ അംഗീകാരത്തിന് വിധേയമായി നടപ്പാക്കേണ്ടതാണ്.

**3. പ്രസവാനുകൂല്യം :** ഒരു വർഷമെങ്കിലും തുടർച്ചയായി അംശാദായം അടച്ചിട്ടുള്ള വനിതാ അംഗത്തിന്, പ്രസവ ധലസഹായമായി 3,000/- രൂപ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതാണ്. എന്നാൽ ഈ ആനുകൂല്യം പരമാവധി രണ്ടു പ്രാവശ്യത്തിൽ കൂടുതൽ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

**4. വിവാഹാനുകൂല്യം** കുറഞ്ഞത് മൂന്നു വർഷമെങ്കിലും നിധിയിലേക്ക് അംശാദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും സ്ത്രീ അംഗങ്ങളുടെയും വിവാഹ ചെലവിനായി 5,000/- രൂപ നിധിയിൽ നിന്നും ലഭിക്കുന്നതാണ്. ഈ ആനുകൂല്യം പരമാവധി രണ്ടു തവണ മാത്രമേ ഒരംഗത്തിന് ലഭിക്കുകയുള്ളൂ.

**5. ചികിത്സാ സഹായം :** ഒരു വർഷമെങ്കിലും നിധിയിലേക്ക് തുടർച്ചയായി അംശാദായം അടച്ച അംഗങ്ങൾക്ക് സർക്കാർ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് ധനസഹായം ലഭിക്കും. ചികിത്സാ സഹായമായി നൽകേണ്ട തുകയും ടി ധനസഹായം ലഭിക്കുന്നതിന് വേണ്ട മറ്റ് മാനദണ്ഡങ്ങളും ഭരണസമിതി നിശ്ചയിക്കേണ്ടതാണ്.

**6. വിദ്യാഭ്യാസാനുകൂല്യം** : ഒരു വർഷമെങ്കിലും നിധിയിലേക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ സമർത്ഥരായ മക്കൾക്ക് നിധിയിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതാണ്. എസ്.എസ്.എൽ.സി. മുതലുള്ള ഉന്നതപഠനത്തിനാണ് ഈ ആനുകൂല്യം ലഭ്യമാക്കേണ്ടത്. വിദ്യാഭ്യാസനുകൂല്യ പദ്ധതി ബോർഡ് ആവിഷ്കരിച്ച് സർക്കാർ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പാക്കുന്നതാണ്.

**7. അംഗത്തിന്റെ കുടുംബാംഗങ്ങളുടെ മരണാനന്തര ചെലവ്** : കുറഞ്ഞത് ഒരു വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച ഒരംഗം മരണപ്പെട്ടാൽ മരണാനന്തര ചെലവുകൾക്കായി 1,000 രൂപ നിധിയിൽ നിന്നും ആശ്രിതന് ലഭിക്കുന്നതാണ്.

**8. മരണാനന്തര സഹായം :** ഒരു വർഷമെങ്കിലും നിധിയിലേക്ക് തുടർച്ചയായി അംശദായം അടച്ച ഒരംഗം അസുഖം മൂലമോ അപകടം മൂലമോ മരണപ്പെട്ടാൽ താഴെപ്പറയും പ്രകാരം മരണാനന്തര സഹായം ലഭിക്കുന്നതാണ്.

എ. ഒരു വർഷത്തിനും അഞ്ചു വർഷത്തിനും ഇടയിൽ നിധിയിൽ അംഗത്വം ഉള്ളവർക്ക് 5000/- രൂപ.

ബി. അഞ്ചു വർഷത്തിനും പത്തു വർഷത്തിനും ഇടയിൽ നിധിയിൽ അംഗത്വം ഉള്ളവർക്ക് 10,000/- രൂപ.

സി. പത്തു വർഷത്തിനും പതിനഞ്ച് വർഷത്തിനും ഇടയിൽ നിധിയിൽ അംഗത്വം ഉള്ളവർക്ക് 15,000/- രൂപ.

ഡി. പതിനഞ്ച് വർഷത്തിനും ഇരുപത് വർഷത്തിനും ഇടയിൽ നിധിയിൽ അംഗത്വം ഉള്ളവർക്ക് 20000/- രൂപ.

ഇ. ഇരുപത് വർഷത്തിനു മുകളിൽ അംഗത്വം ഉള്ളവർക്ക് 30,000/- രൂപ.

**എസ്. കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി**

**1. പെൻഷൻ :** കുറഞ്ഞത് മൂന്നു വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന് അറുപത് വയസ് തികയുന്ന മുറയ്ക്കോ സ്ഥിരമായ ശാരീരിക, അവശത മൂലം ജോലി ചെയ്യാൻ കഴിയാതിരുക്കുന്ന അവസ്ഥ വന്നാലോ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. പെൻഷൻ തുക ഭരണസമിതി തീരുമാനിച്ച് സർക്കാർ അംഗീകാരത്തിന് വിധേയമായി നടപ്പാക്കേണ്ടതാണ്. അവശതമൂലം പെൻഷൻ നൽകുന്നതിനുവേണ്ട മറ്റ് മാനദണ്ഡങ്ങളും ഭരണ സമിതി നിശ്ചയിക്കേണ്ടതാണ്.

**2. കുടുംബ പെൻഷൻ :** കുറഞ്ഞത് അഞ്ചു വർഷം അംശദായം അടച്ച ഒരുംഗമോ ഈ പദ്ധതി പ്രകാരം പെൻഷന് അർഹമായ അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. കുടുംബ പെൻഷൻ തുക ഭരണസമിതി തീരുമാനിച്ച് സർക്കാർ അംഗീകാരത്തിന് വിധേയമായി നടപ്പാക്കേണ്ടതാണ്

**3. പ്രസവാനുകൂല്യം :** അംഗത്വമെടുത്ത് ഒരു വർഷം പൂർത്തിയാകുന്ന വനിതാ

അംഗത്തിന് പ്രസവ ധനസഹായമായി 7,500/- രൂപ നിധിയിൽ നിന്നും ധന സഹായം ലഭിക്കുന്നതാണ്. എന്നാൽ ഈ ആനുകൂല്യം പരമാവധി രണ്ടു പ്രാവശ്യത്തിൽ കൂടുതൽ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

**4. വിവാഹനൂകൂല്യം** : കുറഞ്ഞത് മൂന്നു വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺ മക്കളുടെയും സ്ത്രീ അംഗങ്ങളുടെയും വിവാഹ ചെലവിനായി അയ്യായിരം രൂപ നിധിയിൽ നിന്നും ലഭിക്കുന്നതാണ്. ഈ ആനുകൂല്യം പരമാവധി രണ്ടു തവണ മാത്രമേ ഒരംഗത്തിന് ലഭിക്കുകയുള്ളൂ.

**5. ചികിത്സാ സഹായം** : ക്ഷേമനിധിയിൽ അംഗത്വമെടുത്ത് അംഗത്വ കാലാവധി ഒരു മാസമെങ്കിലും പൂർത്തിയാകുമ്പോൾ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് ധനസഹായം കിട്ടുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. ചികിത്സാ സഹായമായി നൽകേണ്ട തുകയും ടി ധനസഹായം ലഭിക്കുന്നതിന് വേണ്ട മറ്റ് മാനദണ്ഡങ്ങളും ഭരണസമിതി നിശ്ചയിക്കും.

**6. വിദ്യാഭ്യാസനുകൂല്യം :** ഒരു വർഷമെങ്കിലും നിധിയിലേക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ സമർത്ഥരായ മക്കൾക്ക് നിധിയിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കും. പത്താം ക്ലാസിനുശേഷമുള്ള ഉന്നത പഠനത്തിനാണ് ഈ ആനുകൂല്യം ലഭ്യമാക്കേണ്ടത്.

**7. അംഗത്തിന്റെ കുടുംബാംഗങ്ങളുടെ മരണാനന്തരം ചെലവ് :** കുറഞ്ഞത് ഒരു വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച ഒരംഗം മരണപ്പെട്ടാൽ താഴെപ്പറയും പ്രകാരം മരണാനന്തര സഹായം ലഭിക്കും.

എ. ഒരു വർഷത്തിനും അഞ്ചു വർഷത്തിനും ഇടയിൽ നിധിയിൽ അംഗത്വം ഉള്ളവർക്ക് 5000/- രൂപ.

ബി. അഞ്ചു വർഷത്തിനും പത്തു വർഷത്തിനും ഇടയിൽ നിധിയിൽ അംഗത്വം ഉള്ളവർക്ക് 10,000/- രൂപ.

സി. പത്തു വർഷത്തിനും പതിനഞ്ച് വർഷത്തിനും ഇടയിൽ നിധിയിൽ അംഗത്വം ഉള്ളവർക്ക് 15,000/- രൂപ.

ഡി. പതിനഞ്ച് വർഷത്തിനും ഇരുപത് വർഷത്തിനും ഇടയിൽ നിധിയിൽ അംഗത്വം ഉള്ളവർക്ക് 20000/- രൂപ.

ഇ. ഇരുപത് വർഷത്തിനു മുകളിൽ അംഗത്വം ഉള്ളവർക്ക് 30,000/- രൂപ.

**ടി. കേരള ഗാർഹികത്തൊഴിലാളി ക്ഷേമപദ്ധതി**

**1. ശാരീരിക അവശതകൊണ്ട് ജോലി ചെയ്യാൻ കഴിയാത്ത ക്ഷേമ നിധി അംഗത്തിന് പെൻഷൻ**

കുറഞ്ഞത് ഒരു വർഷം തുടർച്ചയായി അംശദായം അടച്ച ഒരംഗത്തിന് 60 വയസ്സ് തികയുന്ന മുറയ്ക്കോ സ്ഥിരമായ ശാരീരിക അവശതമൂലമോ അംഗ വൈകല്യം മൂലമോ ജോലി ചെയ്യാൻ കഴിയാതിരിക്കുന്ന അവസ്ഥ വന്നാൽ പെൻഷൻ ലഭിക്കും. അവശതമൂലം പെൻഷൻ നൽകുന്നതിന് വേണ്ട മറ്റ് മാന ദണ്ഡങ്ങൾ ഭരണസമിതി നിശ്ചയിക്കും.

**2. ഗാർഹിക തൊഴിലാളികൾക്കുള്ള പെൻഷൻ**

- നിലവിൽ 60 വയസ് കഴിഞ്ഞ ഗാർഹികതൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭ്യമാകാതിരിക്കുകയോ മറ്റ് ക്ഷേമ പദ്ധതി അംഗത്വം ഒന്നും നേടാതിരിക്കുകയോ ചെയ്തിട്ടുള്ള പക്ഷം അവർക്ക് ഈ പദ്ധതി മുഖേന പെൻഷൻ ലഭ്യമാകുന്നതാണ്

   എ. പെൻഷൻ നൽകുന്നതിനുള്ള ചെലവ് വർഷാവർഷം സർക്കാരിൽ നിന്നും നൽകും.

   ബി. ഇതിനാവശ്യമായ തുക ഭരണസമിതി എല്ലാ വർഷവും ജനുവരി മാസം തന്നെ കണക്കുകൂട്ടി തൊഴിൽ വകുപ്പിനെ അറിയിക്കേണ്ടതും ഏപ്രിൽ മാസം തുക അനുവദിക്കുന്നതുമാണ്.

**3. കുടുംബ പെൻഷൻ**

- കുറഞ്ഞത് അഞ്ചു വർഷം അംശദായം അടച്ച ഒരംഗം ഈ പദ്ധതി പ്രകാരം പെൻഷന് അർഹമായ അംഗമോ മരണപ്പെട്ടാൽ ടി അംഗത്തിന്റെ കുടുംബത്തിന് കുടുംബ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. കുടുംബപെൻഷൻ തുക ഭരണസമിതി തീരുമാനിച്ച് സർക്കാർ അംഗീകാരത്തിന് വിധേയമായി നടപ്പാക്കേണ്ടതാണ്.

**4. പ്രസവാനുകൂല്യം**

അംഗത്വമെടുത്ത് ഒരു വർഷം പൂർത്തിയാകുന്ന വനിതാ അംഗത്തിന് പ്രസവ ധനസഹായമായ 7,500/- രൂപ നിധിയിൽ നിന്നും ലഭിക്കും. എന്നാൽ ഈ ആനുകൂല്യം പരമാവധി രണ്ടു പ്രാവശ്യത്തൽ കൂടുതൽ ലഭിക്കില്ല.

**5. വിവാഹാനുകൂല്യം**

- കുറഞ്ഞത് മൂന്ന് വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച

അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും, സ്ത്രീ അംഗങ്ങളുടെയും വിവാഹ ചെലവിനായി 5000/- ലഭിക്കും. ഈ ആനുകൂല്യം പരമാവധി 2 തവണ മാത്രമേ ഒരംഗത്തിന് ലഭിക്കുകയുള്ളൂ.

**6. ചികിത്സാ സഹായം**

- ക്ഷേമനിധിയിൽ അംഗത്വമെടുത്ത് അംഗത്വകാലാവധി ആറു മാസമെങ്കിലും പൂർത്തിയാകുമ്പോൾ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് സഹായം കിട്ടുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. ചികിത്സാ സഹായമായി നൽകേണ്ട തുകയും ടി ധനസസഹായം ലഭിക്കുന്നതിന് വേണ്ട മറ്റ് മാനദണ്ഡങ്ങളും ഭരണസമിതി നിശ്ചയിക്കും.

**7. വിദ്യാഭ്യാസ ആനുകൂല്യം**

- ഒരു വർഷമെങ്കിലും നിധിയിലേക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ സമർത്ഥരായ മക്കൾക്ക് നിധിയിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കും. പത്താം ക്ലാസിനുശേഷമുള്ള ഉന്നത പഠനത്തിനാണ് ഈ ആനുകൂല്യം ലഭിക്കുന്നത്.

**8. മരണാനന്തര സഹായം**

- അംഗത്വം ഒരു വർഷം കഴിയുന്ന ഒരംഗം അസുഖം മൂലമോ അപകടം മൂലമോ മരണപ്പെട്ടാൽ താഴെപ്പറയും പ്രകാരം മരണാനന്തര സഹായം ആശ്രിതന് / ആശ്രിതർക്ക് ലഭിക്കുന്നതാണ്.

  എ. ഒരു വർഷത്തിനും അഞ്ചു വർഷത്തിനും ഇടയിൽ നിധിയിൽ അംഗത്വം ഉള്ളവർക്ക് 5,000/- രൂപ.

  ബി അഞ്ചു വർഷത്തിനും 10 വർഷത്തിനും ഇടയിൽ നിധിയിൽ അംഗത്വം ഉള്ളവർക്ക് 10,000/- രൂപ.

  സി 10 വർഷത്തിനും 15 വർഷത്തിനും ഇടയിൽ നിധിയിൽ അംഗത്വം ഉള്ളവർക്ക് 15,000/- രൂപ.

  ഡി. 15 വർഷത്തിനും 20 വർഷത്തിനും ഇടയിൽ നിധിയിൽ അംഗത്വം ഉള്ളവർക്ക് 20,000/- രൂപ.

  ഇ. 20 വർഷത്തിനു മുകളിൽ അംഗത്വം ഉള്ളവർക്ക് 30,000/- രൂപ.

**യു. ആഭരണ തൊഴിലാളി ക്ഷേമനിധി പദ്ധതി**

**(Jewellery Workers Welfare Fund Scheme)**

1. **പെൻഷൻ :** തുടർച്ചയായി അഞ്ചു വർഷം ക്ഷേമപദ്ധതി അംഗത്വ മുള്ള 60 വയസായവർക്ക് പെൻഷന് അർഹതയുണ്ട്. പ്രസവാനുകൂല്യം വിവാഹധനസഹായം ചികിത്സാ ധനസഹായം എന്നിവ നൽകാനും വ്യവസ്ഥയുണ്ട്.

5. **മരണാനന്തര ധനസഹായം :** സ്കീമിൽ ചേർന്ന് അംശദായമട യ്ക്കുന്ന ആദ്യ അഞ്ച് വർഷതത്തിന് 10,000/- രൂപയും പിന്നീടുള്ള ഓരോ വർഷത്തിനു 1000/- രൂപ വീതം 25,000/- രൂപ.

**വി. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതി**

**(Kerala Small Scale Plantations Workers Welfare Fund Scheme)**

**1. പെൻഷൻ**

- കുറഞ്ഞത് അഞ്ചു വർഷം തുടർച്ചയായി അംശദായം അടച്ചു വരുന്ന അംഗത്തിന് പദ്ധതി പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് ചെറുകിട തോട്ടം തൊഴിലാളിയായി ജോലി ചെയ്ത വന്നിരുന്നതും പദ്ധതി പ്രാബല്യത്തിൽ വന്ന മാസം മുതൽ അംശദായമടച്ചതും, പദ്ധതി പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുമ്പും, പ്രാബല്യത്തിൽ വരുന്ന മാസം മുതൽക്കുമുള്ള അംഗത്വ കാല യളവുമടക്കം മൊത്തം 15 വർഷക്കാലം ജോലി ചെയ്ത അംഗത്തിന് 60 വയസ്സ് പൂർത്തിയായി ജോലിയിൽ നിന്നും വിരമിക്കുന്ന ആൾക്ക് പ്രതിമാസ പെൻഷന് അർഹതയുണ്ട്.

- പെൻഷനു വേണ്ടി ജോലിയിൽ നിന്നും പിരിഞ്ഞ് മൂന്നു മാസത്തിനകം പദ്ധതി അനുശാസിക്കും വിധത്തിൽ അപേക്ഷ സമർപ്പിക്കണം.

**2. അവശതാ പെൻഷൻ**

- രോഗം മൂലമോ, അപകടം മൂലമോ, സ്ഥിരവും പൂർണവുമായ ശാരീരിക അവശത സംഭവിച്ച് രണ്ട് വർഷത്തിൽ കൂടുതൽ കാലം യാതൊരു ജോലിയും ചെയ്യാൻ കഴിയാതെ വരുന്ന ഒരംഗത്തിന് പൂർണ്ണ അവശത തുടരുന്ന പക്ഷം അങ്ങനെ രണ്ട് വർഷം കഴിയുന്ന മാസത്തിന്റെ തൊട്ടടുത്ത മാസം മുതൽ പ്രതിമാസം അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കുന്ന താണ്.

- മേൽപറഞ്ഞ വസ്തുത തെളിയിക്കുന്നതിലേക്കായി മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം, പദ്ധതി അനുശാസിക്കുന്ന പ്രകാരമുള്ള അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

**3. കുടുംബ പെൻഷൻ**

- ഈ പദ്ധതി പ്രാബല്യത്തിൽ വരുന്നതിന് മുമ്പുള്ള കാലഘട്ടമടക്കമോ, അല്ലാതെയോ കുറഞ്ഞത് 15 വർഷമെങ്കിലും ചെറുകിട തോട്ടം തൊഴിലാളിയായിരിക്കുന്നതും തുടർച്ചയായ മൂന്ന് വർഷത്തിൽ കുറയാത്ത കാലം അംശാദായമടച്ചു വരുന്നതുമായ ഒരംഗത്തിന് ഈ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്ന അംഗമോ, പെൻഷൻ ലഭിക്കുവാൻ അർഹതപ്പെട്ട അംഗമോ മരണപ്പെട്ടാൽ പ്രസ്തുത അംഗത്തിന്റെ കുടുംബത്തിലെ നിയമനാസൃതമായ ഒരാൾക്ക് കുടുംബ പെൻഷന് അർഹതയുണ്ട്.

- കുടുംബ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരാൾക്ക് അർഹത നഷ്ടപ്പെട്ടാൽ കുടുംബത്തിലെ അർഹതയുള്ള അടുത്ത ആൾക്ക് പെൻഷന് ലഭിക്കും. ഭാര്യ/ഭർത്താവ് പുനർവിവാഹതരായായലും പെൺമക്കൾ വിവാഹിതരായാലും ആൺമക്കൾ 21 വയസ്സ് പൂർത്തിയായാലും പെൻഷനുള്ള അർഹത നഷ്ടപ്പെടുന്നതാണ്.

- പദ്ധതി അനുശാസിക്കുന്ന പ്രകാരം, അപേക്ഷയോടൊപ്പം ജനന മരണ രജിസ്ട്രാർ നൽകിയ മരണസർട്ടിഫിക്കറ്റ് അപേക്ഷകന് മരണപ്പെട്ട തൊഴിലാളിയുമായുള്ള ബന്ധുത്വം തെളിയിക്കുന്നതിനായി റവന്യൂ അധികാരി നൽകുന്നു ബന്ധുതരാകക്കണം സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

**4. പ്രസവാനുകൂല്യം**

- ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതും എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് പദ്ധതിയുടെ പരിധിയിൽ വരാത്തതുമായ സ്ത്രീ അംഗത്വത്തിന് പ്രസവാനുകൂല്യമായി 2000/- രൂപ പരമാവധി രണ്ടു തവണ നിധിയിൽ നിന്നും ലഭിക്കും.

- ഗർഭം അലസൽ സംഭവിച്ച സ്ത്രീ അംഗത്തിന് 1000/- രൂപ നിധിയിൽ നിന്നും ആനുകൂല്യമായി ലഭിക്കും.

- എന്നാൽ, രണ്ടുതവണ പ്രസവാനുകൂല്യം കൈപ്പറ്റിയ അംഗത്തിനു മുമ്പ് രണ്ട് തവണ ഗർഭം അലസൽ ആനുകൂല്യം കൈപ്പറ്റിയ അംഗത്തിനും തുടർന്ന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല.

- പ്രസവാനുകൂല്യത്തിനും ഗർഭം അലസൽ ആനുകൂല്യത്തിനും പൂരിപ്പിച്ച അപേക്ഷയോടൊപ്പം യഥാക്രമം ജനന-മരണ രജിസ്ട്രാർ നൽകുന്ന കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് / അസിസ്റ്റന്റ് സർജന്റെ പദവിയിൽ കുറയാത്ത സർക്കാർ ഡോക്ടർ നൽകിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**5. വിവാഹാനുകൂല്യം**

കുറഞ്ഞത് മൂന്നു വർഷമെങ്കിലും തുടർച്ചയായ അംശദായം അടച്ചു വരുന്ന അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്കും സ്ത്രീ അംഗങ്ങൾക്കും വിവാഹ ചെലവിനായി 3000/- രൂപ നിധിയിൽ നിന്നും നൽകുന്നത്. ഈ ആനുകൂല്യത്തിന് അപേക്ഷിക്കുന്നവർ വിവാഹം നിശ്ചയിച്ചു എന്നോ, വിവാഹം നടന്നു എന്നോ തെളിയിക്കുന്നതിനായി സ്ഥലത്തെ തദ്ദേശ സ്വയം ഭരണ സെക്രട്ടറി/ബാർ/ചെയർമാൻ/മേയർ/എം.എൽ.എ./എം.പി/ഗസ്റ്റഡ് ഓഫീസർ എന്നിവരിൽ നിന്നോ/വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് അധികാരമുള്ള സ്ഥാപനത്തിൽ നിന്നോ ലഭിച്ച സാക്ഷ്യപത്രം ഹാജരക്കണം.

- ഈ ആനുകൂല്യത്തിന് വിവാഹം നിശ്ചയിച്ചു കഴിഞ്ഞ് ഉടനെയോ വിവാഹം കഴിഞ്ഞ 60 ദിവസങ്ങൾക്കുള്ളിലോ അപേക്ഷിക്കണം.

- ഒരംഗത്തിന് രണ്ടു തവണയിൽ കൂടുതൽ ഈ ആനുകൂല്യത്തിന് അർഹതയില്ല. അച്ഛനും അമ്മയും വിവാഹിതയാകുന്ന മകളും ക്ഷേമനിധിയിൽ അംഗങ്ങളാണെങ്കിൽ ഒരാൾക്ക് മാത്രമാണ് ആനുകൂല്യത്തിന് അർഹത.

**6. ചികിത്സാ ധനസഹായം**

- മൂന്നു വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് യഥാർത്ഥത്തിൽ ചെലവായ തുക മൊത്തം അംഗത്വകാലത്തേയ്ക്ക് പരമാവധി 10,000/- എന്ന നിബന്ധനയ്ക്ക് വിധേയമായി നിധിയിൽ നിന്നും ലഭിക്കും.

- പ്രസ്തുത ആനുകൂല്യത്തിനായി അപേക്ഷയോടൊപ്പം സർക്കാർ ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ, ചികിത്സാ രേഖകൾ, ചികിത്സ നടത്തിയെന്ന് തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

**7. മരണാനന്തര ധനസഹായം**

- നിധിയിൽ അംഗമായിരിക്കേ മരണമടയുന്ന അംഗത്തിന്റെ നിയമാനുസൃതമായ ആശ്രിതരിൽ 1.ഭാര്യാ / ഭർത്താവ് (2) പ്രായപൂർത്തിയാകാത്ത കുട്ടികൾ (3) അവിവാഹിതരായ പുത്രിമാർ (4) വിധവകളായ പുത്രിമാർ (5) അച്ഛൻ (6) അമ്മ (7) പ്രായപൂർത്തിയായ മക്കൾ (8) സഹോദരിമാർ / സഹോദരന്മാർ (9) മറ്റു നിയമാനുസൃത അവകാശികൾ എന്ന ക്രമത്തിൽ ഒരാൾക്ക് ആദ്യ മൂന്നു വർഷം വരെയുള്ള അംഗത്വത്തിന് 1500/- രൂപയും പിന്നീട് ഓരോ വർഷത്തെ അംഗത്വത്തിന് 400/- രൂപ വീതവും കണക്കാക്കി ആകെ തുക

പരമാവധി 10,000/- എന്ന നിബന്ധനയിൽ മരണാനന്തര ധനസഹായം നൽകുന്നതാണ്.

- പൂരിപ്പിച്ച അപേക്ഷയോടൊപ്പം ജനന മരണ രജിസ്ട്രാർ നൽകുന്ന മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അംഗത്തിന്റെ അവകാശികൾ ആരൊക്കെ എന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയോ വില്ലേജ് ഓഫീസറോ തഹസീൽദാരോ നൽകിയ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

- ആക്ടിലും, പദ്ധതിയിലും പ്രതിപാദിച്ചിട്ടുള്ള പ്രകാരം അംശദായം കുടിശ്ശികയില്ലാതെ അടച്ച് അംഗത്വം നിലനിർത്തിയ അംഗങ്ങൾക്ക് മാത്രമേ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ

**കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതി**

**(Kerala Migrant Labour workers Welfare Fund Scheme)**

**മരണാനന്തര ആനുകൂല്യം**

- അംഗത്വം നിലവിലിരിക്കെ ഏതെങ്കിലും ഒരംഗം മരണമടയുന്നപക്ഷം അയാളുടെ കുടുംബാംഗങ്ങളിൽ താഴെപ്പറയുന്ന ക്രമത്തിൽ ഒരാൾക്ക് / ഒരു വിഭാഗത്തിന് മരണാനന്തര ധനസഹായമായി 50,000/- രൂപ നിധിയിൽ നിന്നും നൽകുന്നതാണ്.

**കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി 2010**

**പെൻഷൻ**

- 60 വയസ്സ് പൂർത്തിയായവരും തുടർച്ചയായ ഒരു വർഷം പദ്ധതിയിൽ അംഗമായിട്ടുള്ള തൊഴിലാളിക്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി തീരുമാനിക്കുന്ന തുക പെൻഷനായി വിതരണം ചെയ്യുന്നതാണ്.

**കുടുംബ പെൻഷൻ**

- രണ്ടാം വർഷം തുടർച്ചയായി അംഗത്വം നിലനിർത്തിയ അംഗങ്ങളുടെ അവകാശികൾക്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി തീരുമാനിക്കുന്ന തുക കുടുംബ പെൻഷനായി നൽകുന്നതാണ്.

**അവശതാ പെൻഷൻ**

- പത്തുവർഷം തുടർച്ചയായി അംഗത്വം നിലനിർത്തിയ അംഗങ്ങൾക്ക് ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥ വന്നുചേരുമ്പോൾ സാധാരണ

നൽകുന്ന പെൻഷൻ തുകയുടെ റേറ്റിൽ തന്നെ നൽകുന്നതാണ്.

**മരണാനന്തര സഹായം**

- ഒരു അംഗത്തിന് മരണം സംഭവിക്കുമ്പോൾ ടിയാന്റെ അവകാശികൾക്ക് 15,000/- ൽ കുറയാത്ത തുകയ്ക്കുള്ള ധനസഹായം നൽകുന്നതാണ്.

**റിട്ടയർമെന്റ് ബെനഫിറ്റ്**

എ. മൂന്നുവർഷം വരെ തടുർച്ചയായ അംഗത്വം 2000/- രൂപ

ബി. തുടർന്നുവരുന്ന ഓരോ വർഷത്തിനും 50/- രൂപ

**സി. വിവാഹധനസഹായം**

- തുടർച്ചയായ രണ്ടുവർഷം അംഗത്വം നിലനിർത്തിയ അംഗത്തിന്റെ മകൾക്ക് വിവാഹ ധനസഹായം 5000/- രൂപ.

**ഡി. പ്രസവാനുകൂല്യം**

- മൂന്നു വർഷം തുടർച്ചയായ അംഗത്വം നിലനിർത്തിയ വനിതാ അംഗത്തിന്റെ രണ്ട് പ്രസവത്തിന് 3000/- രൂപ വീതം

**ഇ. വിദ്യാഭ്യാസ സ്കോളർഷിപ്പ്**

- ക്ഷേമനിധിയിൽ അംഗമായ തൊഴിലാളിയുടെ എസ്.എസ്.എൽ.സി. മുതൽ പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്ന മക്കൾക്ക് 1000/- മുതൽ 5000/- രൂപ വരെ കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ധനസഹായം അനുവദിക്കാവുന്നതാണ്.

**എഫ്. ചികിത്സാ ധനസഹായം**

- അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി തീരുമാനക്കുന്ന തുക അംഗത്വത്തിന് മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ലഭിക്കുന്നു.

**ജി. ലോൺസ് & അഡ്വാൻസ്**

1. ഭവനനിർമാണം
2. അംഗത്തിന്റെ മകളുടെ വിവാഹധനസഹായത്തിന് മേൽ ആവശ്യങ്ങൾക്കായി അപേക്ഷ ലഭിക്കുകയാണെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ധനസഹായം അനുവദിക്കാവുന്നതാണ്.

**അനുബന്ധ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതി കൾ.**

**I. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് ഏജൻസി വഴി നടപ്പാക്കുന്ന പദ്ധതി കൾ (CHIAK) (Comprehensive Health Insurance Agency )**

**എ) രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന**

**ലഭിക്കുന്ന ആനുകൂല്യം**

- അഞ്ചംഗങ്ങളുള്ള ഒരു കുടംബത്തിന് വാർഷിക ചികിത്സ ഇൻഷുറൻസ് പരിരക്ഷ-30,000/- രൂപാ വരെ.
- കേന്ദ്ര പ്ലാനിങ് കമ്മീഷൻ നിർണ്ണയിച്ചിട്ടുള്ള സംസ്ഥാനത്തെ BPL തൊഴിലാളികളേയും അവരുടെ കുടുംബങ്ങളേയും ഉൾക്കൊള്ളിച്ച് ആരംഭിച്ച ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണിത്.
- തൊഴിലാളി, ഭാര്യ/ഭർത്താവ്, കുട്ടികൾ, ആശ്രിതരായ രക്ഷകർത്താക്കൾ എന്നിവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

CHIAK ആണ് ആർ.എസ്.ബി.വൈ യുടെ നോഡൽ ഏജൻസി. രജിസ്ട്രേഷൻ അക്ഷയ സെന്ററുകൾ വഴി നടത്താവുന്നതാണ്.

**ബി) ആം ആദ്മി ബീമാ യോജന**

**ലഭിക്കുന്ന ആനുകൂല്യം**

| | |
|---|---|
| സ്വാഭാവിക മരണം | - 30,000/- രൂപ |
| അപടക മരണം | - 75,000/- രൂപ |
| അപകടം മൂലമുണ്ടാകുന്ന സ്ഥിരമായ അംഗവൈകല്യം | - 75,000/- രൂപ |
| അപകടം മൂലമുള്ള അംഗവൈകല്യം | - 35,000/- രൂപ |
| ഒരു കുടുംബത്തിലെ രണ്ട് കുട്ടികൾക്ക് സ്കോളർഷിപ്പ് (ഒരു കുട്ടിക്ക് പ്രതിമാസം 100/- രൂപ) | - 200/- രൂപ |

- കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ഗ്രാമീണ മേഖലയിലെ ഭൂരഹിത കുടുംബങ്ങൾക്ക് വേണ്ടി ആരംഭിച്ച ഇൻഷുറൻസ് പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം സംഘടിതമേഖലയിൽ ജോലിയില്ലാത്ത കുടുംബനാഥനെയോ, അല്ലെങ്കിൽ കുടുംബത്തിലെ വരുമാനമുള്ള ഒരു വ്യക്തിയേയോ ഇൻഷ്വർ ചെയ്യുന്നു. പ്രീമിയം 200/- രൂപയാണ്.

- അപേക്ഷ ബന്ധപ്പെട്ട അക്ഷയാ സെന്ററിൽ CHIAK പരസ്യം പ്രസിദ്ധീകരിക്കുമ്പോൾ നല്കിയാൽ മതിയാകും

**സി) സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

RSBY പദ്ധതിയിൽ ഉൾപ്പെടാത്തവരാണ് ഈ പദ്ധതിയിൻ കീഴിൽ വരുന്നത്. ആസൂത്രണ കമ്മീഷന്റെ പട്ടികയിൽ ഉൾപ്പെടാത്തതും എന്നാൽ സംസ്ഥാന സർക്കാരിന്റെ ബി.പി.എൻ. പട്ടികയിൽ ഉൾപ്പെടുന്നവരും, ആസൂത്രണ കമ്മീഷന്റെ പട്ടികകളിലും സംസ്ഥാന സർക്കാരിന്റെ പട്ടികയിലും ഉൾപ്പെടാത്ത എ.പി.എൽ കുടുംബങ്ങളുമാണ് ഇതിന്റെ ഗുണഭോക്താക്കൾ.

CHIAK നാണ് ഇതിന്റെ നടത്തിപ്പ് ചുമതല. അപേക്ഷകൾ ബന്ധപ്പെട്ട അക്ഷയ കേന്ദ്രങ്ങൾ വഴി സ്വീകരിക്കും.

# നഗരകാര്യ വകുപ്പ്

## I. വകുപ്പ് നടപ്പാക്കുന്ന സാമൂഹിക സുരക്ഷാ പദ്ധതികൾ

### 1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ

**ധനസഹായ തുക - പ്രതിമാസം 500/- രൂപ മണിയോർഡറായി നൽകുന്നു. 80 വയസ്സിന്മേൽ പ്രായമുള്ള വൃദ്ധജനങ്ങൾക്കുള്ള വാർദ്ധക്യ കാല പെൻഷൻ നിലവിലുള്ള 400/- രൂപയിൽ നിന്നും 1100/- രൂപയായി വർദ്ധിപ്പിച്ചു.**

**അർഹത**

20.6.14 ലെ സ.ഉ.(എം.എസ്.)നം.52/2014 സാനിവ-ാം നം. സർക്കാർ ഉത്തരവു പ്രകാരം വാർദ്ധക്യകാല പെൻഷൻ എ.പി.എൽ/ബി.പി.എൽ. വ്യത്യാസമില്ലാതെ പരമാവധി ഒരുലക്ഷം രൂപവരെ വാർഷിക വരുമാനമുള്ളവർക്ക് നൽകുന്നതിന് ഉത്തരവായിട്ടുള്ളതാണ്.

- 60 വയസ്സ് പൂർത്തിയാകണം (വയസ്സ് തെളിയിക്കുന്നതിന് മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം)4.11.13 ലെ സർക്കാർ ഉത്തരവു.(എം.എസ്.)നം.93/2013 സാ.നി.വകുപ്പ്
- അഗതിയായ ഭാര്യ, ഭർത്താവ് അർഹരാണ്.
- തുടർച്ചയായി മൂന്നു വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമുള്ളവരായിരിക്കണം.
- 20 വയസ് കഴിഞ്ഞ ആൺ മക്കളുള്ളവരും മേൽ നിബന്ധനകൾക്ക് വിധേയമായി അർഹരാണ്. (സ.ഉ.(എം.എസ്.)/2008/സ.ക്ഷേ.മ. തീയതി 1 8/1/2008)
- ഒറ്റയ്ക്ക് ജീവിക്കുന്ന സ്ത്രീകൾ, എസ് സി/എസ്.ടി വിഭാഗക്കാർ, വികലാംഗർ, സ്വന്തം ഭൂമിയില്ലാത്ത കർഷക തൊഴിലാളികൾ എന്നിവർക്ക് മുൻഗണന.

### 2. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ

- അന്വേഷണ ചുമതല - ഐസിഡിഎസ് സൂപ്പർവൈസർ
- ധനസഹായ തുക - 700- രൂപ പ്രതിമാസം

നിരക്കിൽ മണി ഓർഡർ ആയി നൽകുന്നു.

**അർഹത**

- കുടുംബ വാർഷിക വരുമാനം 1,00,000/- രൂപ
- ആരോരും ആശ്രയമില്ലാത്തവർ, വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ
- കേരളത്തിൽ 3 വർഷത്തിലധികമായി സ്ഥിര താമസമുള്ളവർ
- വിധവകൾ,വിവാഹമോചനം നേടിയ സ്ത്രീകൾ
- ഏഴ് വർഷമായി ഭർത്താവിനെ കുറിച്ച് വിവരങ്ങൾ ലഭ്യമല്ലാത്ത സ്ത്രീകൾ
- പ്രായ പരിധിയില്ല. (പുനർവിവാഹം വരെ അനുവദിക്കുന്നതാണ്)

**3. വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം**

**സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന വിധവകളുടെ പെൺമക്കളെ നിയമാനുസൃതം വിവാഹം ചെയ്തയക്കുന്നതിനായി രക്ഷാകർത്താവിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. ധനസഹായതുക ഒറ്റത്തവണ 30,000/- രൂപ ചെക്കായി നൽകുന്നു.**

**അർഹത**

- കുടുംബ വാർഷിക വരുമാനം 22,375/- രൂപയിൽ കവിയരുത്
- വിവാഹിതയാകുന്ന പെൺകുട്ടിക്ക് 18 വയസ് പൂർത്തിയായിരിക്കണം
- പെൺകുട്ടികൾക്ക് സ്വർണമുൾപ്പെടെ 50,000/- രൂപയുടെ സ്വത്ത് മാത്രമെ സ്വന്തം പേരിൽ ഉണ്ടാവാൻ പാടുള്ളു.
- ആദ്യ വിവാഹമായിരിക്കണം

**ഹാജരാക്കേണ്ട രേഖകൾ**

- പ്രതിശ്രുത വരന്റെ സത്യവാങ്മൂലം
- പരേതന്റെ മരണ സർട്ടിഫിക്കറ്റ്
- വരുമാന സർട്ടിഫിക്കറ്റ്.പുനർവിവാഹിതയല്ല എന്ന സർട്ടിഫിക്കറ്റ്

**4. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ**

- വികലാംഗർക്കും മാനസിക വൈകല്യം സംഭവിച്ചവർക്കും700/- രൂപ വരെ പ്രതിമാസം (1/4/2013 മുതൽ) മണി ഓർഡർ മുഖേന നൽകുന്നു.

- 80%വും അതിനുമേലും വൈകല്യമുള്ളവർക്ക് വികലാംഗപെൻഷൻ പ്രതിമാസം 1000/- രൂപ

**അർഹത**

- കുടുംബ വാർഷിക വരുമാനപരിധി 1,00,000/- രൂപ
- കുടുംബ വരുമാനത്തിൽ സ്വാതന്ത്ര്യസമരസേനാനികൾക്കുള്ള പെൻഷൻ കണക്കാക്കേണ്ടതില്ല.
- 40%ത്തിലധികം ശാരീരിക വൈകല്യമുള്ളവർക്കും, പൂർണ്ണമായ അന്ധത, ബധിരത, മൂകത, അംഗഭംഗം എന്നീ വൈകല്യതയുള്ളവർക്കും അർഹത ഉണ്ടായിരിക്കും.

**5. കർഷകത്തൊഴിലാളി പെൻഷൻ**

- കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിട്ടുള്ള (1/1/2002 മുതൽ), പത്ത് വർഷമായി കേരളത്തിൽ സ്ഥിരതാമസമാക്കിയ, കൃഷിഭൂമിയിൽ കൂലിവാങ്ങി കാർഷികവൃത്തി ചെയ്യുന്ന കർഷക തൊഴിലാളികൾക്കു വേണ്ടിയുള്ള പദ്ധതിയാണിത്.
- 60 വയസ് പൂർത്തിയാകണം.
- കുടുംബ വാർഷികവരുമാനം 11,000 രൂപ വരെയുള്ളവർക്ക് പെൻഷന് അർഹതയുണ്ട്.
- മാസം 500/- രൂപ മണി ഓർഡർ ആയി നൽകുന്നു.
- മരണപ്പെട്ടാൽ അവകാശികൾക്ക് തുക നൽകാവുന്നതാണ്.
- 16/4/1998 ന് ശേഷം മരണമടഞ്ഞവർക്ക് മുൻകാല പ്രാബല്യമുണ്ട്.
- മറ്റ് പെൻഷനുകളിൽ ഏതെങ്കിലും ഒന്ന് ലഭിക്കുന്നവർ ഈ പെൻഷന് അർഹരല്ല. (സർക്കുലർ നമ്പർ 55181/ഡി2/2008ത സ്വ ഭ വ തീയതി 26/8/18).



**6. അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി**

- സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ടതും ഇതുവരെ സാമൂഹിക

സുരക്ഷാ പദ്ധതികളിലൊന്നും ഉൾപ്പട്ടിട്ടില്ലാത്തതുമായ 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്ക് വേണ്ടിയുള്ള പദ്ധതി

- 2001 ഏപ്രിൽ ഒന്നു മുതൽ നടപ്പിലാക്കിവരുന്നു.
- പ്രതിമാസ പെൻഷൻ തുക700/- രൂപ.

**അർഹത**

- വില്ലേജാഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, അവിവാഹിത യാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.
- വാർഷിക വരുമാനം1,00,000/- രൂപ.

പെൻഷൻ അനുവദിച്ചുകൊണ്ട് എൽ എസ് ജി ഐ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കുന്ന അതേ മാസം ഒന്നാം തീയതി തൊട്ട് പെൻഷന് അർഹതയുണ്ടായിരിക്കും.

**7. തൊഴിൽ രഹിത വേതനം**

- 21 നും 35 നും മദ്ധ്യേ പ്രായമുള്ള തൊഴിൽരഹിതന് പ്രതിമാസം 120 രൂപ വീതം നൽകുന്ന പദ്ധതിയാണിത്.
- കുടുംബ വാർഷിക വരുമാന പരിധി 12,000 രൂപയാണ്.

റിന്യൂവൽ പ്രകാരം സീനിയോരിറ്റി പുന:സ്ഥാപിച്ചു നൽകുന്ന കേസുകളിൽ തൊഴിൽരഹിത വേതനം നിർത്തൽ ചെയ്യേണ്ടതാണ്.

- നിർത്തൽ ചെയ്ത സംഗതികളിൽ ടിയാന് മൂന്ന് വർഷത്തിന് ശേഷം വീണ്ടും അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.
- സാമൂഹിക സുരക്ഷാപെൻഷനുകൾക്കുള്ള അപേക്ഷ അതത് നഗരസഭാ സെക്രട്ടറി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.
- അപേക്ഷ സമർപ്പിക്കുന്നതിന് പ്രത്യേക കാലയളവ് നിശ്ചയിച്ചിട്ടില്ല. നിശ്ചിത അപേക്ഷ ഫോറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ ഫോറത്തിന്റെ മാതൃക പഞ്ചായത്ത് വകുപ്പിന്റെ അവസാനം ചേർത്തിട്ടുണ്ട്.

**II വകുപ്പ് നടപ്പാക്കിവരുന്ന ഇതര ക്ഷേമപരിപാടികൾ:-**

1. കുടുംബശ്രീ വഴി നടപ്പാക്കുന്ന ദാരിദ്ര്യ നിർമാർജന പദ്ധതികൾക്ക് നഗരകാര്യവകുപ്പാണ് മേൽനോട്ടം വഹിക്കുന്നത്.
2. കേരള സസ്റ്റെനബിൾ അർബൻ ഡവലപ്മെന്റ് പ്രോജക്ട്

(കെഎസ്‌യുസിപി):-

- എഡിബിയുടെ സാമ്പത്തിക സഹായത്തോടെയുള്ള കെഎസ് യുഡിപിയുടെ പദ്ധതികളുടെ നിർവഹണനിയന്ത്രണം നഗരകാര്യ വകുപ്പിന്.
- മേൽപ്പറഞ്ഞത് കൂടാതെ എസ്ജെഎസ് ആർ വൈ, ഐ എച്ച് എസ് ഡി പി, ബിഎസ് യുപി രാജീവ് ആവാസ് യോജന (ചേരിരഹിത പട്ടണം) തുടങ്ങിയ പദ്ധതികളുടെയും മറ്റ് ഭവനനിർമ്മാണ പദ്ധതികളുടെയും വിവിധ നഗരസഭകളിലെ നിർവഹണ നിയന്ത്രണം നഗരകാര്യ വകുപ്പിനാണ്. എസ്ജെ ● എസ് ആർ വൈ പദ്ധതിയുടെ കീഴിൽ കുടുംബശ്രീ വഴി വ്യക്തിഗത ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ബന്ധപ്പെട്ട നഗരസഭ/ കോർപ്പറേഷനിൽ ലഭ്യമായിരിക്കും.

**3. അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി:-**

- കായികാധ്വാനത്തിന് സന്നദ്ധതയുള്ള നഗരപ്രദേശത്തെ പ്രായപൂർത്തിയായ അംഗങ്ങൾക്ക് തൊഴിൽ നൽകുന്ന പദ്ധതി.
- ഒരു വർഷം മിനിമം 100 ദിവസമെങ്കിലും തൊഴിൽ ഉറപ്പാക്കുക.
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് മൂന്നു വർഷം പൂർത്തിയാകണം
- രജിസ്ട്രേഷൻ നഷ്ടപ്പെട്ടവർക്ക് സ്പെഷൽ
- അതിലൂടെ കുടുംബാംഗങ്ങളുടെ ജീവിത സുരക്ഷ കൈവരിക്കുക.
- നഗരസഭയുമായി ബന്ധപ്പെട്ട് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ കഴിയും.

**4. ഭവനനിർമ്മാണ പദ്ധതി:-**

- നഗരകാര്യ വകുപ്പിൻ കീഴിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായ കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ എന്നിവ മുഖേന നടന്നുവരുന്ന എല്ലാ ഭവന നിർമ്മാണ പദ്ധതികളിലും.
- വരുമാന പരിധി 25,000/- രൂപയ്ക്ക് വിധേയമായി ബിപിഎൽ ലിസ്റ്റിൽപ്പെട്ടവരോ അർഹതയുള്ളവരോ ആയ പൊതുവിഭാഗം ഗുണ ഭോക്താക്കൾക്ക് രണ്ടു ലക്ഷം രൂപ.
- പട്ടികജാതി ഗുണഭോക്താക്കൾക്ക് രണ്ടു ലക്ഷം രൂപ.

- പട്ടികവർഗ ഗുണഭോക്താക്കൾക്ക് രണ്ടര ലക്ഷം രൂപ.
- ഓരോ സാമ്പത്തികവർഷവും ഇപ്രകാരം നടപ്പാക്കപ്പെടുന്ന ഭവന നിർമ്മാണ പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ അതത് നഗര സഭകളുമായി ബന്ധപ്പെട്ട് മനസിലാക്കാവുന്നതാണ്.

**പ്രസ്തുത ഭവനപദ്ധതികൾക്കുള്ള മാനദണ്ഡങ്ങൾ ചുവടെ പറയും പ്രകാരമാണ്.**

- കുടുംബത്തിന് വാസയോഗ്യമായ വീടില്ല എന്ന് നിശ്ചിത ഫോറത്തിൽ വിവരശേഖരണം നടത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി യിരിക്കണം.
- വീട് നിർമാണത്തിന് ധനസഹായം ലഭിച്ചവരാണെങ്കിൽ അത് 12 വർഷത്തിന് മുമ്പായിരിക്കണം.
- ഭാര്യ/ഭർത്താവിന്റെ പേരിലായിരിക്കണം വീട് അനുവദിക്കേണ്ടത്. അപേക്ഷക ഭാര്യയായിരിക്കണം. വിധവയുടെയും,അവിവാഹിതയായ അമ്മയുടെയും, വിഭാര്യനായ കുടുംബനാഥന്റെയും കാര്യത്തിൽ ഇത് ബാധകമല്ല.
- 30 ചതുരശ്ര മീറ്ററിൽ കുറയാത്തതും 60 ചതുരശ്ര മീറ്ററിൽ കൂടാത്ത തുമായ തറ വിസ്തീർണ്ണത്തിൽ നിർമിക്കുന്ന വീടുകൾക്കേ സബ്സിഡി ക്ക് അർഹതയുള്ളൂ.
- നിർമിക്കുന്ന വീടിന് ആസ്ബെറ്റോസ് ഷീറ്റ് അനുവദനീയമല്ല.
- തിരഞ്ഞെടുക്കപ്പെട്ട കുടുംബം ഇപ്പോൾ താമസിക്കുന്ന പാർപ്പിടത്തിന്റെ മുന്നിൽ നിൽക്കുന്ന ഫോട്ടോ ഉണ്ടായിരിക്കണം.
- മൂന്നു വർഷമെങ്കിലും ഒരു ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ സ്ഥിരമായി താമസിക്കുന്ന കുടുംബമായിരിക്കണം. റേഷൻ കാർഡോ, സെക്രട്ടറി നൽകുന്ന സർട്ടിഫിക്കറ്റോ രേഖയായി സ്വീകരിക്കാം.
- പുകയില്ലാത്ത അടുപ്പ്, വീട്, വയറിങ്, ടോയ്ലെറ്റ് എന്നിവ വീട് നിർമാണത്തിന്റെ ഭാഗമായി ചെയ്യേണ്ടതാണ്.

**5. ആശ്രയ പദ്ധതി**

- നഗരസഭാതിർത്തിയിലുള്ള ദരിദ്രരിൽ ദരിദ്രരായ കുടുംബാംഗങ്ങളെ കണ്ടെത്തി അവരുടെ ഉന്നമനത്തിന് വേണ്ടി പ്ലാൻ ഫണ്ട് / നഗരസഭാ ഫണ്ട് / സന്നദ്ധ സേവനം/ സംഭാവന ഉപയോഗിച്ച് കുടുംബശ്രീ നഗരസഭകൾ

മുഖേന 2009 മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. ഈ വിഭാഗക്കാർക്ക് വീടു വച്ച് നൽകുന്നതിനും രോഗികൾക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ / ഗവൺമെന്റ് ഡിസ്പെൻസറി, ആശുപത്രി മുഖേന പരിശോധന നടത്തി ഗവൺമെന്റ് ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് മരുന്നുകളുടെ വിലയും, റേഷൻ കടകൾ വഴിയുള്ള അരിയുടെ വിലയും, സ്കൂൾ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായവും നൽകുന്നു.

**നഗരകാര്യവകുപ്പിന്റെ ആസ്ഥാനവിലാസം**

ഡയറക്ടർ,
നഗരകാര്യവകുപ്പ്,
പബ്ലിക് ഓഫീസ് ബിൽഡിങ്
പാളയം, തിരുവനന്തപുരം, പിൻ - 695 033
ഫോൺ - 0471-2322886, 2312886

**വകുപ്പിന് കീഴിലുള്ള കോർപ്പറേഷനുകൾ**

1) തിരുവനന്തപുരം കോർപ്പറേഷൻ,
എൽ.എം.എസ് വെള്ളയമ്പലം റോഡ്

## ശാന്തികവാടം

തിരുവനന്തപുരം നഗരസഭയുടെ കീഴിലുള്ള ഇലക്ട്രിക് ശ്മശാനമാണ് ശാന്തികവാടം. രണ്ടര ഏക്കറിൽ സ്ഥാപിച്ചിട്ടുള്ള ശാന്തികവാടത്തിന്റെ മുഖ്യകെട്ടിടത്തിൽ ഒരേസമയം രണ്ട് ശവസംസ്കാരം നിർവഹിക്കുന്നതിനുള്ള അത്യാധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ശവസംസ്കാരത്തിന് എപിഎൽ വിഭാഗത്തിന് 1100/- രൂപയും ബിപിഎൽ വിഭാഗത്തിന് 600/- രൂപയും ഫീസ് നൽകേണ്ടതുണ്ട്. ഇതിനുപറമെ മൊബൈൽ മോർച്ചറി ആംബുലൻസ് സർവീസ് സൗകര്യങ്ങളും ആവശ്യക്കാർക്കായി ഏർപ്പെടുത്തിയിട്ടുണ്ട്.

വിലാസം

ശാന്തികവാടം
തൈക്കാട്, തിരുവനന്തപുരം
ഫോൺ: 0471-2323574, 2339977
ആംബുലൻസ്: 0471-2336014
www.corporationoftrivandrum.in

തിരുവനന്തപുരം - 695 033
ഫോൺ - 0471-2322470, 2320821, 23777
വെബ്സൈറ്റ് - www.corporationoftrivandrum.in

2) കൊല്ലം കോർപ്പറേഷൻ
കൊല്ലം -
ഫോൺ - 0474-2742724, 2768528
വെബ്സൈറ്റ് - www.kollamcorporation.gov.in

3) കൊച്ചി കോർപ്പറേഷൻ
കൊച്ചി, എറണാകുളം
ഫോൺ - 0484-2369007, 2353728
വെബ്സൈറ്റ് - www.corporationofcochin.net.

4) തൃശൂർ കോർപ്പറേഷൻ
തൃശൂർ
ഫോൺ - 0487-2423522, 2423375, 2336185
വെബ്സൈറ്റ് - www.corporationofthrissur.net

5) കോഴിക്കോട് കോർപ്പറേഷൻ
ഫോൺ - 0495-2365797, 2365040, 2362100
വെബ്സൈറ്റ് - www.kozhikkodecorporation.org

# നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ്

**ആസ്ഥാനവിലാസം**

ഡയറക്ടർ,
എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്
തൈക്കാട്, തിരുവനന്തപുരം - 695 014
ഫോൺ - 0471-2326246, 2321249, 2323389,2322181
വെബ്സൈറ്റ് - www.employmentkerala.gov.in

Fax: 04712326246, e-mail-dcker.emp.lbr@kerala.gov.in

**റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ**

| | | | |
|---|---|---|---|
| 1 | തിരുവനന്തപുരം | - | 0471-2570830 |
| 2. | എറണാകുളം | - | 0484-2422458 |
| 3. | കോഴിക്കോട് | - | 0495-2370179 |

**ശരണ്യ സ്വയംതൊഴിൽ പദ്ധതി**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗം സ്ത്രീകൾക്കായി 2010-11 സാമ്പത്തികവർഷം ആരംഭിച്ചിട്ടുള്ള പുതിയ സ്വയംതൊഴിൽ പദ്ധതിയാണിത്. ഒരു വ്യക്തിക്ക് പരമാവധി 50,000/- രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 50% പരമാവധി 25,000/- രൂപ വരെ സബ്സിഡിയായി അനുവദിക്കും. കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും, വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതും 18 നും 55 നും മദ്ധ്യേ പ്രായമുള്ളതുമായ (അവിവാഹിതകൾക്ക് 30 വയസ് പൂർത്തിയാകണം) മേൽപ്പറഞ്ഞ വിഭാഗത്തിലുള്ള വനിതകൾക്ക് ഈ പദ്ധതിയിൻപ്രകാരം സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. പ്രൊഫഷണൽ/ സാങ്കേതിക യോഗ്യതയുള്ളവർക്കും, ഐ.റ്റി.ഐ., ഐ.റ്റി.സി. സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് മുൻഗണന നൽകുന്നതാണ്. ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽരഹിത വേതനം ലഭിക്കുന്നതല്ല. പദ്ധതി പ്രകാരം

ധനസഹായം ലഭിക്കുന്നവരെ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖേന താത്കാലിക ഒഴിവുകൾക്ക് പരിഗണിക്കുന്നതല്ല. എന്നാൽ സ്ഥിരം ഒഴിവുകൾക്ക് പരിഗണിക്കുന്നതും നിയമനം ലഭിക്കുകയാണെങ്കിൽ പദ്ധതി പ്രകാരം ലഭിച്ച വായ്പത്തുക പൂർണമായും അടച്ചു തീർക്കേണ്ടതുമാണ്. പദ്ധതിയുടെ പൂർണമായ നടത്തിപ്പ് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ ലഭിക്കുന്നതിനുള്ള അപേക്ഷ പൂരിപ്പിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചിൽ സമർപ്പിക്കേണ്ടതാണ്. ഔൺ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചിൽ നിന്നും പ്രാഥമിക പരിശോധനയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ ജില്ലാ എംപോയ്മെന്റ് ഓഫീസർ  പദ്ധതിക്കായി ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള ജില്ലാ കമ്മിറ്റിക്ക് നൽകുകയും കമ്മിറ്റി ഉദ്യോഗാർത്ഥിയെ കൂടിക്കാഴ്ച്ചയ്ക്ക് വിളിച്ച് അപേക്ഷയിന്മേൽ തീർപ്പു കൽപ്പിക്കുകയും ചെയ്യുന്നു. ജില്ലാ കമ്മിറ്റി അപേക്ഷ പാസാക്കിയവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനാവശ്യമായ സംരംഭകത്വ വികസന പരിശീലനം RSETI കൾ വഴി നൽകിയതിന് ശേഷം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചുകൾ മുഖേന വായ്പ അനുവദിക്കുന്നു. വായ്പ തിരിച്ചടവ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചിലോ ബന്ധപ്പെട്ട ഔൺ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചിലോ നടത്താവുന്നതാണ്.

**തൊഴിൽരഹിതവേതന  പദ്ധതി**

സംസ്ഥാനത്തെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് പതിനെട്ട് വയസിനു ശേഷം മൂന്നു വർഷം തുടർച്ചയായി തൊഴിലൊന്നും ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവർക്കും വാർഷിക കുടുംബ വരുമാനം 12,000/- രൂപയിൽ കവിയാത്തവർ ക്കും, വ്യക്തിഗത വരുമാനം 100 രൂപയിൽ കവിയാത്തവർക്കും ഈ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകർ എസ്.എസ്.എൽ.സി. പാസ്സായവരും 18 വയസിനു ശേഷം മൂന്നു വർഷത്തെ രജിസ്ട്രേഷൻ സീനിയോറിറ്റി ഉള്ളവരും ആയിരിക്കണം. (എസ്.സി./എസ്.റ്റി./പി.എച്ച്. വിഭാഗത്തിൽപ്പെട്ടവർക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയിരുന്നാലും മതി) ശാരീരിക ശേഷി വ്യത്യസ്തകളുള്ളവർക്ക് (Physically challenged) 18 വയസ്സിനു ശേഷം രണ്ട് വർഷത്തെ രജിസ്ട്രേഷൻ സീനിയോറിറ്റി മതിയാകും. 6 മാസം വരെ ദൈർഘ്യമുള്ള ഹ്രസ്വകാല കോഴ്സുകളിൽ പഠിക്കുന്നവരെ വിദ്യാർത്ഥിയെന്ന നിർവ്വചനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. തൊഴിൽരഹിത വേതനത്തിന്റെ ഇപ്പോഴത്തെ പ്രതിമാസ നിരക്ക് 120/- രൂപയാണ്. യോഗ്യതയുള്ള ഏതൊരാൾക്കും ഏത് സമയത്തും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷിക്കാവുന്നതാണ്.

## കെസ്രു (കേരള സെൽഫ് എംപ്ലോയിമെന്റ് സ്കീം ഫോർ ദി രജിസ്റ്റേഡ് അൺ എംപ്ലോയിസ്)

തൊഴിൽ വകുപ്പിന്റെ പ്രത്യേക ഉത്തരവിലൂടെ നടപ്പാക്കിയ കെസ്രു പദ്ധതി പ്രകാരം ഒരു വ്യക്തിയ്ക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിലേക്കായി ഒരു ലക്ഷം രൂപം വരെ ബാങ്ക് വായ്പ ലഭ്യമാക്കുന്നു. കൂടാതെ ഇതിന്റെ 20% സർക്കാർ സബ്സിഡിയും എംപ്ലോയിമെന്റ് വകുപ്പ് വഴി അനുവദിക്കുന്നു. അപേക്ഷകന്റെ ജീവിതപങ്കാളിയോ രക്ഷാകർത്താക്കളോ നൽകുന്ന ജാമ്യവ്യവസ്ഥയിൽ ഗുണഭോക്തൃവിഹിതം നിർബന്ധമില്ലാതെ പദ്ധതി അംഗീകരിച്ച് കൊടുക്കാനും വ്യവസ്ഥയുണ്ട്.

21–50 പ്രായ പരിധിയിൽപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലനിർത്തിയിട്ടുള്ള തൊഴിൽ രഹിതനും കുടുംബ വാർഷിക വരുമാനം 40,000 രൂപയ്ക്ക് താഴെയും വ്യക്തിഗത മാസവരുമാനം 500 രൂപയിൽ താഴെയുമായിരിക്കണം. തൊഴിലധിഷ്ഠിത സാങ്കേതികവിദ്യാഭ്യാസമുള്ളവർക്ക് മുൻഗണന നൽകി വരുന്നതോടൊപ്പം അപേക്ഷകൻ സമർപ്പിക്കുന്ന പ്രോജക്ട് അയാളുടെ വിദ്യാഭ്യാസയോഗ്യതയ്ക്ക് അനുയോജ്യമായിരിക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

# ന്യൂനപക്ഷ ക്ഷേമ വകുപ്പ്

**സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്**

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസമേഖലയിൽ പിന്നാക്കം നില്ക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ, പ്രത്യേകിച്ച് മുസ്ലീം സമുദായങ്ങളിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസപരമായ പുരോഗതി ലക്ഷ്യം വച്ച് സംസ്ഥാന സർക്കാർ സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കിവരുന്നു.

- ബിരുദത്തിന് പഠിക്കുന്ന 3000 വിദ്യാർത്ഥിനികൾക്ക് 4000 രൂപ.
- ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന 1000 വിദ്യാർത്ഥിനികൾക്ക് 5000 രൂപ.
- പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന 100 വിദ്യാർത്ഥിനികൾക്ക് 6000 രൂപ.
- 2000 പേർക്ക് ഹോസ്റ്റൽ സ്റ്റൈപന്റായി 12000 രൂപാ പ്രതിവർഷം നൽകുന്നു.
- 20% സ്കോളർഷിപ്പ് ലത്തീൻ പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്ക്.

**വനിതാ സ്വയം സഹായ സംഘങ്ങൾ**

- ലഭിക്കുന്ന ആനുകൂല്യം - പരമാവധി 2 1/2 ലക്ഷം രൂപ

70% ൽ കുറയാത്ത ന്യൂനപക്ഷ വനിതകൾ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ള വനിതാസ്വയംസഹായ സംഘങ്ങൾക്ക്, സ്ഥിരവരുമാനമുറപ്പാക്കാവുന്ന ഏതു മേഖലയിൽ നിന്നുള്ള സ്വയം തൊഴിൽ പദ്ധതികൾക്കും പദ്ധതിച്ചെലവിന്റെ പകുതിയോ പരമാവധി രണ്ടര ലക്ഷം രൂപ വരേയോ നല്കും.500 സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം നല്കുവാനുള്ള പദ്ധതിയാണിത്. കുടുംബശ്രീയുടെ സഹായത്തോടെയാണ് പദ്ധതികൾ നടപ്പിൽവരുത്തുക. ഇതുമായി ബന്ധപ്പെട്ട പരിശീലനവും ന്യൂനപക്ഷ ക്ഷേമവകുപ്പ് കുടുംബശ്രീവഴി നൽകുന്നതാണ്.

**4. നിർദ്ധന വിദ്യാർത്ഥികൾക്ക് പഠനമേശ - കസേര സൗജന്യ വിതരണം**

- കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ് ന്യൂനപക്ഷ ബി.പി.എൽ.

വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും സൗജന്യവിതരണം ചെയ്യുന്നു.

- ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ ന്യൂനപക്ഷ ജനസംഖ്യാനുപാതികമായി തയാറാക്കി നല്കുന്ന ലിസ്റ്റ് പ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

**7. ന്യൂനപക്ഷ വിധവകൾക്ക് പാർപ്പിട പദ്ധതി**

- ഭർത്താവ് മരണപ്പെട്ടതോ, ഉപേക്ഷിക്കപ്പെട്ടതോ ആയ ന്യൂനപക്ഷ വിഭാഗത്തിൽ നിന്നുള്ള ദരിദ്ര വനിതകൾക്ക് വീട് നിർമ്മിക്കുന്നതിന് വകുപ്പ് ധനസഹായം നൽകുന്ന ഒരു പദ്ധതിയാണിത്.
- ഒരു വീടിന് രണ്ടുലക്ഷം രൂപയാണ് നല്കുന്നത്.ഇത് തിരിച്ചടക്കേണ്ടതില്ല.
- നിരാലംബരായ പാർശ്വവത്ക്കരിക്കപ്പെട്ട മറ്റ് വരുമാന സ്രോതസ്സുകൾ ഒന്നും തന്നെയില്ലാത്തതും സർക്കാരിന്റെയോ മറ്റ് ഇതര പദ്ധതികളുടെയോ യാതൊരുവിധമായ ഭവന പദ്ധതി ആനുകൂല്യം നാളിതുവരെ ലഭിക്കാത്ത വിധവകളായ വനിതകൾക്ക് വേണ്ടിയാണ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.
- അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പുനർവിവാഹം നടന്നിരിക്കാൻ പാടില്ല.
- അപേക്ഷകയ്ക്ക് ചുരുങ്ങിയത് 2.5 സെന്റിൽ കുറയാത്ത സ്ഥലം ഉണ്ടായിരിക്കണം.
- സർക്കാരിൽ നിന്ന് ഭവന നിർമ്മാണാവശ്യത്തിന് ഇതിന് മുമ്പ് ധനസഹായം ലഭിച്ചിരിക്കരുത്.
- അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം.
- അപേക്ഷക അല്ലെങ്കിൽ അപേക്ഷയുടെ മക്കൾക്ക് ശാരീരിക മാനസിക വൈകല്യമുണ്ടെങ്കിൽ മുൻഗണന നൽകും. മുകളിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് ടി വിഭാഗത്തിലെ ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഈ പദ്ധതിയിൽ 20% ഗുണഭോക്താക്കൾ ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ടവരിൽ നിന്നാണ് തെരഞ്ഞെടുക്കുന്നത്.

**8. ഐ.റ്റി.ഐ.യിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം നൽകുന്നു.**

- സർക്കാർ അംഗീകരിക്കുന്ന സ്വകാര്യ ഐ.റ്റി.ഐ.യിൽ പഠിക്കുന്ന ബി.പി. എൽ വിഭാഗത്തിൽപ്പെടുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ് ഒടുക്കിയ ഫീസ് തിരിച്ചു നൽകുന്നു. രണ്ട് വർഷം/ ഒരു വർഷം/6 മാസം കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് യഥാക്രമം 20000, 10000, 5000 രൂപയോ കോഴ്സിന് ചെലവായ തുകയോ ഏതാണ് ചെറുത് അതിനാണ് ഫീസാനുകൂല്യം ലഭിക്കുന്നത്.
- നിശ്ചിത എണ്ണം അപേക്ഷകർ ബി.പി.എൽ. വിഭാഗത്തിൽ നിന്നും ലഭ്യമല്ലെങ്കിൽ രണ്ടര ലക്ഷം രൂപ വരുമാനപരിധിയിലുള്ളവർക്കും ആനുകൂല്യം ലഭിക്കും.
- 20% തുക ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ടവർക്കും 10% പെൺകുട്ടികൾക്കും സംവരണം ചെയ്തിരിക്കുന്നു. യോഗ്യതാ പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകുന്നത്.

**10. ഹ്രസ്വ ഗവേഷണത്തിന് ഫെല്ലോഷിപ്പ്**

- ന്യൂനപക്ഷ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിന് താല്പര്യമുള്ള ഗവേഷകർക്ക് ഫെല്ലോഷിപ്പ് നൽകുന്നു.
- ഉന്നത പഠന മേഖലകളിൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ പ്രവേശനാനുപാതം, ന്യൂനപക്ഷ കേന്ദ്രീകൃത ചേരി പ്രദേശങ്ങളുടെ പുനരുദ്ധാരണം, പൊതു വിദ്യാഭ്യാസ-ഉന്നതവിദ്യാഭ്യാസ-പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലകളിലെ ന്യൂനപക്ഷ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്, ന്യൂനപക്ഷ കുടുംബങ്ങളിലെ പ്രശ്നങ്ങൾ, ന്യൂനപക്ഷ സമുദായങ്ങളുടെ വിഭവ സമാഹരണം, ന്യൂനപക്ഷങ്ങളുടെ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്ന മറ്റു വിഷയങ്ങൾ തുടങ്ങിയ മേഖലകളിലാണ് ഗവേഷണം നടത്തേണ്ടത്.
- അപേക്ഷകർ സോഷ്യോളജി, മാനേജ്മെന്റ്, സോഷ്യൽ വർക്ക്, എഡ്യൂക്കേഷൻ, സൈക്കോളജി, ആന്ത്രോപോളജി, ഹിസ്റ്ററി, ഇസ്ലാമിക് ഹിസ്റ്ററി, എക്കണോമിക്സ് തുടങ്ങിയ വിഷയങ്ങളിൽ 55% ൽ കുറയാത്ത മാർക്ക് ബിരുദാനന്തര ബിരുദത്തിന് ലഭിച്ചിരിക്കണം.
- എം.ഫിൽ/എം.എഡ്./പി.എച്ച്.ഡി. വിദ്യാഭ്യാസമുള്ളവർക്ക് ഗവേഷണത്തിൽ മുൻഗണന നൽകും.
- അപേക്ഷകർ 22-65 വയസ്സിനിടയിൽ പ്രായമുള്ളവരായിരിക്കണം.
- തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 1,00,000/- രൂപ ഫെല്ലോഷിപ്പ് നൽകും.

- ഒരു വർഷത്തിനകം ഗവേഷണം പൂർത്തീകരിച്ചിരിക്കണം.

**11. സി.എ.ഐ.സി.ഡബ്ല്യൂ.എ, സി.എസ്. തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ**

- ചാർട്ടേർഡ് അക്കൗണ്ടൻസി, കോസ്റ്റ് ആന്റ് വർക്ക് അക്കൗൺൻസി, കമ്പനി സെക്രട്ടറി തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നു.
- ഫൗണ്ടേഷൻ/കോമൺ പ്രൊവിഷൻസി ടെസ്റ്റിനു പഠിക്കുന്നവർക്ക് 6000/- രൂപയും ഇന്റർമീഡിയേറ്റ് / എക്സിക്യൂട്ടീവ്, ഫൈനൽ / പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 12000/- രൂപ വീതവുമാണ് സ്കോളർഷിപ്പ്.
- അപേക്ഷകരുടെ വാർഷിക വരുമാനം രണ്ടര ലക്ഷം (രൂപ 2.50 ലക്ഷം) രൂപയിൽ കവിയരുത്.
- 20% സ്കോളർഷിപ്പുകൾ ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ടവർക്കും 30% പെൺകുട്ടികൾക്കുമായി സംവരണം ചെയ്തിരിക്കുന്നു.

**പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രീമെട്രിക് സ്കോളർഷിപ്പ്.**

- കേരളത്തിലെ വിദ്യാലയങ്ങളിൽ ഒന്നു മുതൽ പത്തുവരെ സ്റ്റാൻഡേർഡുകളിൽ പഠിക്കുന്ന ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നല്കിവരുന്ന സ്കോളർഷിപ്പാണിത്. കേന്ദ്രന്യൂനപക്ഷ ക്ഷേമ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും 75.25 ധനസഹായത്തിൽ പദ്ധതി നടപ്പിലാക്കിവരുന്നു.
- സർക്കാർ / എയിഡഡ് / സർക്കാർ അംഗീകൃത അൺഎയ്ഡഡ് / അഫിലിയേഷനുള്ള സി.ബി.എസ്.സി./ഐ.സി.എസ്.സി. സ്കൂളുകളിൽ പഠിക്കുന്ന നിർധനരായ, വാർഷിക വരുമാനം നാലരലക്ഷം രൂപയ്ക്ക് താഴെ വരുന്ന, മുൻഅധ്യയന വർഷങ്ങളിൽ 50% ൽ കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്ക് 1000/- രൂപ സ്കോളർഷിപ്പ് വിഹിതമായി നല്കിവരുന്നു.
- ഉന്നത വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ മെരിറ്റ് കം മീൻസ്

സ്കോളർഷിപ്പും നടപ്പിലാക്കിവരുന്നു.

- മദ്രസ അദ്ധ്യാപകരുടെ ക്ഷേമനിധിയിൽ അംഗത്വമുള്ളവരുടെ ബിടെക്കിന് പഠിക്കുന്ന നിർദ്ധനരായ കുട്ടികൾക്ക് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ലാപ്ടോപ്പ് നല്കുന്ന ഒരു പദ്ധതിയും നിലവിലുണ്ട്.

**മദ്രസ അദ്ധ്യാപകരുടെ ക്ഷേമനിധി പെൻഷൻ പദ്ധതി**

ക്ഷേമനിധി അംഗങ്ങളായ മദ്രസ അദ്ധ്യാപകർക്ക് 65 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷൻ

ഏറ്റവും ചുരുങ്ങിയ പെൻഷൻതുക 500/ രൂപ

വിലാസം മാനേജർ,കേരള മദ്രസഅദ്ധ്യാപകക്ഷേമനിധി ആഫീസ് പുതിയറ,കോഴിക്കോട്673004 ഫോൺ നമ്പർ 0495 2720577

**സംസ്ഥാന ന്യൂനപക്ഷക്ഷേമവകുപ്പിന്റെ ആസ്ഥാനവിലാസം**
ഡയറക്ടർ,വികാസ്ഭവൻ, ഫോർത്ത് ഫ്ളോർ,തിരുവനന്തപുരം

ഫോൺ - 0471-2300523, 2302090
email : director.mwd@gmail.com
Website : www.minoritywelfarekerala.gov.in

വകുപ്പിന് കീഴിലുള്ള കോച്ചിങ് സെന്ററുകളുടെ വിലാസവും ഫോൺ നമ്പരുകളും ചുവടെ. വകുപ്പുമായി ബന്ധപ്പെട്ട ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ടി സ്ഥാപനങ്ങളിലോ ഫോൺ നമ്പരുകളിലോ ബന്ധപ്പെട്ട് ലഭ്യമാക്കാവുന്നതാണ്.

1. പ്രിൻസിപ്പൽ
   കോച്ചിംഗ് സെന്റർ ഫോർ മുസ്ലീം യൂത്ത്
   പുതിയറ, കോഴിക്കോട്
   ഫോൺ - 0495-2724610

2. പ്രിൻസിപ്പൽ
   കോച്ചിംഗ് സെന്റർ ഫോർ മുസ്ലീം യൂത്ത്
   മാസ് കോമേഴ്സിന്റെ ടവർ
   തൃക്കാവൂർ, പൊന്നാനി
   മലപ്പുറം
   ഫോൺ-0494-2667388

3. പ്രിൻസിപ്പൽ
   കോച്ചിംഗ് സെന്റർ ഫോർ മുസ്ലീം യൂത്ത്

കുഞ്ഞിരാമൻ അടിയോടി സ്മാരക ഗവ.
വി.എച്ച്.എസ്. കാസഡ്
പയ്യന്നൂർ, കണ്ണൂർ
ഫോൺ–0498–5309677.

4. പ്രിൻസിപ്പൽ
കോച്ചിംഗ് സെന്റർ ഫോർ മുസ്ലീം യൂത്ത്
എടക്കുളങ്ങര പി.ഒ., കരുനാഗപ്പള്ളി
കൊല്ലം–690 523
ഫോൺ–0476–2664217.

5. പ്രിൻസിപ്പൽ
കോച്ചിംഗ് സെന്റർ ഫോർ മുസ്ലീം യൂത്ത്
വേങ്ങര, കൊല്ലപ്പുറം പി.ഒ.
എ.ആർ. നഗർ, മലപ്പുറം
ഫോൺ–0494–2468176.

6. പ്രിൻസിപ്പൽ
കോച്ചിംഗ് സെന്റർ ഫോർ മുസ്ലീം യൂത്ത്
തേർഡ് ഫ്ളോർ, ശാസ്താലയം, എസ്.എസ്. കോവിൽ റോഡ്
മേലെ തമ്പാന്നൂർ, തിരുവനന്തപുരം

7. പ്രിൻസിപ്പൽ
കോച്ചിംഗ് സെന്റർ ഫോർ മുസ്ലീം യൂത്ത്
പെരിന്തൽമണ്ണ

8. പ്രിൻസിപ്പൽ
മുസ്ലീം യുവജനതക്കായുള്ള പരിശീലന കേന്ദ്രം
ഇസ്ലാമിക് കോംപ്ലക്സ്, ശക്തൻ നഗർ, തൃശ്ശൂർ

9.. പ്രിൻസിപ്പൽ
മുസ്ലീം യുവജനതക്കായുള്ള പരിശീലന കേന്ദ്രം, ആലുവ
കരീം എസ്റ്റേറ്റ്, ബാങ്ക് ജംഗ്ഷൻ, ടെമ്പിൾ റോഡ്.
എറണാകുളം ജില്ല–683101
ഫോൺ – 0484–2621897
മൊ – 9497185515.

10. പ്രിൻസിപ്പൽ
മുസ്ലീം യുവജനതക്കായുള്ള പരിശീലന കേന്ദ്രം
തൈയ്ക്കാവ് സ്കൂൾ, പേട്ട, പത്തനംതിട്ട
മൊ - 9447411090

11. പ്രിൻസിപ്പൽ
മുസ്ലീം യുവജനതക്കായുള്ള പരിശീലന കേന്ദ്രം
ഓൾഡ് ബസ്റ്റാന്റ് ബിൽഡിംഗ്, കൽപ്പറ്റ
വയനാട്-673121
മൊ - 9556259169

12. പ്രിൻസിപ്പൽ
മുസ്ലീം യുവജനതക്കായുള്ള പരിശീലന കേന്ദ്രം
നിയർ മേഴ്സി കോളേജ്, പള്ളിപ്പുറം, പി.ഒ., പാലക്കാട്-678006
മൊ-9446667542

13. പ്രിൻസിപ്പൽ
മുസ്ലീം യുവജനതക്കായുള്ള പരിശീലന കേന്ദ്രം
നൈനാർപ്പള്ളി ഷോപ്പിംഗ് കോംപ്ലക്സ്, ഫസ്റ്റ് ഫ്ളോർ
കാഞ്ഞിരപ്പള്ളി, കോട്ടയം-686 507
മൊ-9447022088.

14. പ്രിൻസിപ്പൽ
മുസ്ലീം യുവജനതക്കായുള്ള പരിശീലന കേന്ദ്രം
ദായി എ-മില്ലത്ത്-കോളേജ് ബിൽഡിംഗ് കാരിക്കോട്,
തൊടുപുഴ ഈസ്റ്റ്-പിൻ-685 585, ഇടുക്കി
മൊ-9447022088.

15. പ്രിൻസിപ്പൽ
മുസ്ലീം യുവജനതക്കായുള്ള പരിശീലന കേന്ദ്രം
സെക്രട്ടറി, എം.ഇ.എസ്.കൾച്ചറിൽ സെന്റർ, ആലപ്പുഴ
ഫോൺ - 0477-2261373

16. പ്രിൻസിപ്പൽ
മുസ്ലീം യുവജനതക്കായുള്ള പരിശീലന കേന്ദ്രം
ബസ്സ് സ്റ്റാൻഡ് ടെർമിനൽ, ചേർക്കള, ചെങ്ങള പി.ഒ.
കാസർഗോഡ് - 671541
മൊ.9446667542, 0499-4281142.

# പഞ്ചായത്ത് വകുപ്പ്

## കേരള കർഷകത്തൊഴിലാളി പെൻഷൻ പദ്ധതി

- ലഭിക്കുന്ന ആനുകൂല്യം - പ്രതിമാസം 600/- രൂപ

**അർഹതാ മാനദണ്ഡം**

- അംഗത്വമുണ്ടായിരിക്കണം. 60 വയസ് പൂർത്തിയായിരിക്കണം.
- 10 വർഷമെങ്കിലും തുടർച്ചയായി കേരളത്തിൽ താമസക്കാരനായിരിക്കണം.
- വാർഷികവരുമാനം11,000/- രൂപയിൽ താഴെയായിരിക്കണം.
- (1957-ലെ തോട്ടം തൊഴിലാളി നിയമത്തിന്റെ പരിധിയിലുള്ള തോട്ടങ്ങളിലെ തൊഴിലാളികൾക്കും തൊഴലാളിയായിരുന്നവർക്കും ഈ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.)
- വൃദ്ധസദനത്തിലോ, ശരണാലയത്തിലോ അന്തേവാസിയാകരുത്.

**സമർപ്പിക്കേണ്ട രേഖകൾ**

- നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പകർപ്പുകൾ.
- ക്ഷേമനിധിയിൽ അംഗമായിരുന്നതിന്റെ സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ പകർപ്പ്, ഭൂസ്വത്തിന്റെ വിവരങ്ങൾ, പ്രായം തെളിയിക്കുന്ന രേഖ (തിരിച്ചറിയൽ കാർഡ്/ജനന സർട്ടിഫിക്കറ്റ്)

**അപേക്ഷ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ**

- ഗ്രാമപഞ്ചായത്ത് സെക്രട്ടറി

## ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

**ലഭിക്കുന്ന ആനുകൂല്യം**

- പ്രതിമാസം 600/- രൂപ (60 വയസ് മുതൽ 80വയസ് വരെ)
- പ്രതിമാസം 1200/- രൂപ (80 വയസ്സിന് മുകളിൽ)

a. **അർഹതാ മാനദണ്ഡം**

- 60 വയസോ അതിന്മുകളിലോ പ്രായമുള്ള ആളായിരിക്കണം.
- മൂന്ന് വർഷത്തിൽ കുറയാതെ കേരളത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.

- വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്. മറ്റ് പെൻഷനുകൾ വാങ്ങുന്ന ആളാകരുത്. വൃദ്ധസദനത്തിലോ, ശരണാലയത്തിലോ അന്തേവാസിയാകരുത്. യാചകവൃത്തി (ഭിക്ഷാടനം) തൊഴിലായി സ്വീകരിച്ച ആളാകരുത്.

**സമർപ്പിക്കേണ്ട രേഖകൾ**

- നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പകർപ്പുകൾ.
- റേഷൻ കാർഡിന്റെ പകർപ്പ്, പ്രായം തെളിയിക്കുന്ന രേഖ (മെഡിക്കൽ ആഫീസറുടെ സർട്ടിഫിക്കറ്റ്)

**അപേക്ഷ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ**

- ഗ്രാമപഞ്ചായത്ത് സെക്രട്ടറി

## വികലാംഗ പെൻഷൻ

- ലഭിക്കുന്ന ആനുകൂല്യം -
  പ്രതിമാസം 800/- രൂപ(80% ത്തിൽ താഴെ വൈകല്യമുള്ളവർക്ക്)
  പ്രതിമാസം 1100/- രൂപ (80% വും അതിനുമുകളിലും വൈകല്യമുള്ളവർക്ക്)

**അർഹതാ മാനദണ്ഡം**

- 40% മെങ്കിലും അംഗവൈകല്യമുണ്ട് എന്നതിന് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്
- വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയരുത്.
- ബധിരർ കേൾവിശക്തി 90 ഡെസിബല്ലിൽ കുറഞ്ഞത്.
- മാനസിക വൈകല്യം - ഐ.ക്യൂ. 50 ൽ താഴെ.

**സമർപ്പിക്കേണ്ട രേഖകൾ**

- നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പകർപ്പുകൾ
- റേഷൻ കാർഡിന്റെ പകർപ്പ് ,അംഗവൈകല്യം തെവിയിക്കുന്ന രേഖ.

**അപേക്ഷ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ**

- ഗ്രാമപഞ്ചായത്ത് സെക്രട്ടറി

## അഗതി പെൻഷൻ (വിധവകൾക്കും, വിവാഹമോചിതർക്കും)

**ലഭിക്കുന്ന ആനുകൂല്യം**

- പ്രതിമാസം 800/- രൂപ

**ആർക്കൊക്കെ ലഭിക്കും**

- അഗതികൾക്ക്,വിധവകൾക്ക്, വിവാഹമോചിതർക്ക്, ഏഴുവർഷമായി ഭർത്താവിനെക്കുറിച്ച് ഏതൊരു വിവരവും ഇല്ലാത്തവർക്ക്
- വാർഷിക വരുമാനം രൂപ.1,00000/- ൽ താഴെയായിരിക്കണം.
- രണ്ടു വർഷമായി കേരളത്തിൽ സ്ഥിരതാമസമുള്ള ആളായിരിക്കണം.
- യാചകവൃത്തി തൊഴിലായി സ്വീകരിച്ച ആളായിരിക്കരുത്.

**സമർപ്പിക്കേണ്ട രേഖകൾ**

- നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പകർപ്പുകൾ,റേഷൻ കാർഡിന്റെ പകർപ്പ്,ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് / വിവാഹ മോചിതയാണെന്ന് തെളിയിക്കുന്ന രേഖ / ഏഴു വർഷമായി ഭർത്താവിനെക്കുറിച്ച് ഏതൊരു വിവരവുമില്ലാത്തവർ, അതു സംബന്ധിച്ചുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം,പുനർ വിവാഹിതയല്ലെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടഫിക്കറ്റ്

**അപേക്ഷ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ**

- ഗ്രാമപഞ്ചായത്ത് സെക്രട്ടറി

## 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ

ലഭിക്കുന്ന ആനുകൂല്യം -800/- രൂപപ്രതിമാസം

**അർഹതാ മാനദണ്ഡം**

- കേരളത്തിൽ സ്ഥിരതാമസക്കാരി, 50 വയസിന് മുകളിൽ പ്രായം, അവിവാഹിത
- വാർഷിക വരുമാനം 1,00000/- രൂപയിൽ താഴെ

**സമർപ്പിക്കേണ്ട രേഖകൾ**

- നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പകർപ്പ്, പ്രായം,അവിവാഹിത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് തഹസീൽദാരിൽ നിന്നുള്ളത്, റേഷൻകാർഡിന്റെയും തിരിച്ചറിയൽ കാർഡിന്റെയും പകർപ്പുകൾ (അപേ ക്ഷകയ്ക്ക് സ്വന്തമായി വരുമാനം ഉണ്ടാകാൻ പാടില്ല.)

**അപേക്ഷ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ**

- പഞ്ചായത്ത് സെക്രട്ടറി

## തൊഴിൽരഹിത വേതനം

- ലഭിക്കുന്ന ആനുകൂല്യം - പ്രതിമാസം 120/- രൂപ

**അർഹതാ മാനദണ്ഡം**

- എസ്.എസ്.എൽ.സി.യോ തത്തുല്യ പരീക്ഷയോ പാസായി, എംപ്ലോയ്മെന്റിൽ പേര് രജിസ്റ്റർ ചെയ്ത് മൂന്നുവർഷം 21 വയസിന് പൂർത്തിയാക്കിയ തൊഴിൽ രഹിതനായിരിക്കണം.
- കുടുംബവാർഷിക വരുമാനപരിധി 12,000 രൂപയും വ്യക്തിഗതവരുമാനം പ്രതിമാസം 100/- രൂപയിലും അധികരിക്കരുത്.
- 35 വയസ് പൂർത്തിയാകുന്നതുവരെയോ, പ്രതിമാസം 100 രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന തൊഴിലോ, മറ്റ് പേമെന്റുകളോ, ലഭിക്കുന്നതുവരെയോ തൊഴിൽരഹിത വേതനത്തിന് അർഹതയുണ്ടായിരിക്കും
- അംഗവൈകല്യമുള്ള അപേക്ഷകർ പേര് രജിസ്റ്റർ ചെയ്ത് 18 വയസ് പൂർത്തീകരിച്ച തീയതിമുതൽ രണ്ടുവർഷം തികഞ്ഞാൽ മതിയാകും.

**സമർപ്പിക്കേണ്ട രേഖകൾ**

- നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പകർപ്പ്,എസ്.എസ്.എൽ.സി ബുക്ക്എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ്,ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്,
- വികലാംഗർ/പട്ടികജാതി/വർഗ വിഭാഗത്തിൽപ്പെട്ടവർക്ക് എസ്.എസ്.എൽ.സി തോറ്റാലും അപേക്ഷിക്കാവുന്നതാണ്
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രഷൻ യഥാസമയം പുതുക്കാതിരുന്നാലും, രജിസ്ട്രേഷൻ കാർഡിലായതിനുശേഷം എംപ്ലോയിമെന്റ് ഡയറക്ടറുടെ പ്രത്യേക ഉത്തരവ് മുഖേന പുതുക്കിയതാണെങ്കിലും തൊഴിൽ രഹിത വേതനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- നിശ്ചിത വയസ്സ് കഴിഞ്ഞ് എസ് എസ് എൽ സി പരീക്ഷ എഴുതി തോറ്റവർക്ക് ബാധകമല്ല.

**സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനഹായം**

ലഭിക്കുന്ന ആനുകൂല്യം -30,000/- രൂപ

**അർഹതാ മാനദണ്ഡം**

എ) വാർഷിക വരുമാനം 20,000/- രൂപയിൽ താഴെ.

ബി) മൂന്നു വർഷമായി കേരളത്തിൽ സ്ഥിര താമസമായിരിക്കണം.

സി) പെൺകുട്ടിയുടെ പേരിലുള്ള വസ്തു, ആഭരണം പണം മുതലായവ 50,000/- രൂപയിൽ കവിയുവാൻ പാടില്ല.

**b. സമർപ്പിക്കേണ്ട രേഖകൾ**

● നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പകർപ്പുകൾ വിവാഹത്തിന് 30 ദിവസം മുമ്പ് പഞ്ചായത്ത് സെക്രട്ടറി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

- അപേക്ഷകയുടെ ഭർത്താവിന്റെ മരണസർട്ടിഫിക്കറ്റ്
- വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്
- വരന്റെ സാക്ഷ്യപത്രം
- റേഷൻ കാർഡിന്റെ പകർപ്പ്

● നിശ്ചിത സമയപരിധിയിൽ അപേക്ഷ സമർപ്പിക്കുവാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ, തക്കതായ കാരണമുണ്ടെന്ന് കാണുന്നപക്ഷം വിവാഹത്തിന് ശേഷം മൂന്നു മാസംവരെ ലഭിക്കുന്ന അപേക്ഷകളും പരിഗണിക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

● മൂന്ന് വർഷമോ അതിലധികമോ കാലയളവ് വിവാഹമോചിതരായി കഴിയുന്ന സ്ത്രീകളുടെ പെൺമക്കൾക്കും ഈ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

● വിവാഹം നടക്കുന്ന തീയതി മുതൽ ആറു മാസംവരെയുള്ള സമയം കാലവിളംബമാക്കി ആനുകൂല്യം നല്കുവാൻ അതത് ജില്ലാ കളക്ടർമാർക്കും അതിനുശേഷം അഞ്ചു മാസം വരെയുള്ള സമയം ലാൻഡ് റവന്യൂ കമ്മിഷണർക്കും (ആകെ ഒരു വർഷം) അധികാരമുണ്ടായിരിക്കുന്നതാണ്.

**വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള**
**(ജനറൽ & പട്ടികജാതി / വർഗവിഭാഗം) വിവിധ ക്ഷേമപദ്ധതികൾ**

**a. ഭവന നിർമ്മാണം**

ജനറൽ & പട്ടികജാതി - വ്യക്തിക്ക് പരമാവധി രണ്ടുലക്ഷം രൂപ നല്കി വരുന്നു

പട്ടികവർഗവിഭാഗം- വ്യക്തിക്ക് പരമാവധി രണ്ടരലക്ഷം രൂപ നല്കി വരുന്നു

**b. ഭൂരഹിതർക്ക് ഭൂമിയും വീടും പദ്ധതി**

**ഭൂമി വാങ്ങുന്നതിന്**

| | |
|---|---|
| ജനറൽ/എസ്.സി./എസ്.ടി. | - 1,50,000/- |

**വീട് വയ്ക്കുന്നതിന്**

| | |
|---|---|
| എസ്.സി. | - 2,00,000/- |
| എസ്.ടി. | - 2,50,000/- |
| ജനറൽ | - 2,00,000/- |

കൃഷിയും അനുബന്ധമേഖലയിലേയും വികസന പദ്ധതികൾ സ്വയം തൊഴിൽ പദ്ധതി (വ്യക്തിക്കും/സംഘത്തിനും) പശ്ചാത്തല മേഖലയിലേയും സേവനമേഖലയിലേയും നിരവധി വികസന പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പാക്കിവരുന്നു.

വൈദ്യുതീകരണം, ശുദ്ധജലവിതരണം, തൊഴിൽ പരിശീലനം തുടങ്ങിയ പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ വാർഡ് തലത്തിൽ നടപ്പാക്കിവരുന്നു.

**ആസ്ഥാന വിലാസം**

പഞ്ചായത്ത് ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടറേറ്റ്
പബ്ലിക് ഓഫീസ്, മ്യൂസിയം ജംഗ്ഷൻ, പാളയം
തിരുവനന്തപുരം, ഫോൺ-0471-2323286
email-directorofpanchayats@gmail.com

# പട്ടികജാതി വികസന വകുപ്പ്

**I. വിദ്യാഭ്യാസ പരിപാടികൾ**

**എ) പ്രീ-പ്രൈമറി വിദ്യാഭ്യാസ പദ്ധതി**

എൽ.കെ.ജി., യു.കെ.ജി. വിദ്യാർത്ഥികൾക്ക് പ്രതിദിനം 10/- രൂപ ഫീഡിങ് ചാർജ്ജിനും, 300/- രൂപ യൂണിഫോമിനും, 150/- രൂപ ലംപ്സം ഗ്രാന്റും ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നല്കി വരുന്നു.

**ബി) പ്രീ-മെട്രിക് വിദ്യാഭ്യാസ പദ്ധതി**

- **ലംപ്സം ഗ്രാന്റ്**

വകുപ്പിന്റെ നഴ്സറി സ്കൂളുകൾക്ക് 150/- രൂപഒന്നാംക്ലാസു മുതൽ നാലാം ക്ലാസുവരെ 250/- അഞ്ചാം ക്ലാസു മുതൽ ഏഴാം ക്ലാസുവരെ 500/- രൂപയും എട്ടാം ക്ലാസുമുതൽ 10-ാം ക്ലാസുവരെ 750/- രൂപയും സ്കൂൾ അധ്യയനവർഷം ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ പ്രഥമധ്യാപകൻ മുഖേന നൽകുന്നു. ഒരു വർഷം തോറ്റവർക്ക് പകുതി തുക ലഭിക്കുന്നതാണ്. ഇതിന് പ്രത്യേകം അപേക്ഷ നല്കേണ്ടതില്ല. (ഒ.ഇ.സിക്കും ബാധകം)

- **സ്റ്റൈപന്റ്**

സ്കൂൾ പ്രഥമാധ്യാപകന്റെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ വേടൻ, വേട്ടുവ - നായാടി എന്നീ അതിദുർബല വിഭാഗം കുട്ടികൾക്ക് പ്രതിമാസ സ്റ്റൈപന്റ് എൽ.പി.100/-, യു.പി.125/-, ഹൈസ്കൂൾ-150/- നല്കിവരുന്നു. വൃത്തിഹീനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്ക് ജാതിപരിഗണനകൂടാതെ എൽ.പി.യു.പി./എച്ച്.എസ്. വിഭാഗത്തിന് - 110രൂപ സ്റ്റൈപന്റും അഡ്ഹോക്ക് ഗ്രാന്റ് 750/- ഉം ഡേ സ്കോളേഴ്സിന് 1000/- (ഹോസ്റ്റലേഴ്സ്) ഉം നൽകി വരുന്നു.

ടി ആനുകൂല്യം ലഭിക്കുന്നതിന് വില്ലേജ് ഓഫീസറിൽ നിന്നോ ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ സെക്രട്ടറി എന്നിവരിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റ് സഹിതമുള്ള അപേക്ഷ സ്കൂൾ മേധാവിക്ക് നൽകേണ്ടതാണ്.

- **അൺ എയിഡഡ് സ്കൂളിൽ പഠിക്കുന്നവർക്ക് ട്യൂഷൻഫീസ്**

**റീഇംബേഴ്സ്മെന്റ്**

അംഗീകൃത അൺഎയിഡഡ് സ്കൂളിൽ 10-ാം ക്ലാസ് വരെ പഠിക്കുന്ന പട്ടികജാതി / മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീഇംബേഴ്സ് ചെയ്ത് നല്കിവരുന്നു. എൽ.പി., യു.പി. ഫീസ് 1000/- രൂപയും സ്പെഷ്യൽ ഫീസ് Rs.333/- ഉം ഹൈസ്കൂൾ ഫീസ് 1500/- ഉം സ്പെഷ്യൽ ഫീസ് 500/ -ഉം മായി നിജപ്പെടുത്തിയിരിക്കുന്നു. കുട്ടികളുടെ ക്ലാസ് തിരിച്ചുള്ള പട്ടിക ജാതി ലിസ്റ്റ് തയ്യാറാക്കി ഫീസ് നിരക്ക് രേഖപ്പെടുത്തി ഡി.ഇ.ഒ/എ.ഇ.ഒ. മേലൊപ്പ് ചാർത്തി ബന്ധപ്പെട്ട ബ്ലോക്ക് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ ഓഫീസിൽ നല്കേണ്ടതാണ്. (ഒഇസി ക്കും ബാധകം)

- **9, 10 ക്ലാസിൽ പഠിക്കുന്നവർക്ക് സ്കോളർഷിപ്പ്**

9, 10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 2012-13 വർഷം മുതൽ പ്രത്യേക സ്കോളർഷിപ്പ് നൽകുന്നു.

**നിരക്കുകൾ**

സ്കോളർഷിപ്പ് - 150 (Day Scholar) 350 (Hostel)

(പ്രതിമാസം)

ബുക്ക് ഗ്രാന്റ് - 1000 (Day Scholar) 750 (Hostel)

ഹോസ്റ്റൽ വിദ്യാർത്ഥികൽക്ക് ഒരു വർഷം ആകെ 4500 രൂപയും മറ്റു ള്ളവർക്ക് 2250 രൂപയും ലഭിക്കുന്നു.

- **ബോർഡിങ് സ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം**

രക്ഷിതാക്കളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള അഞ്ചാം ക്ലാസ് മുതൽ ഉന്നത നിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾക്ക് സ്വകാര്യ ബോർഡിങ് സ്കൂളിൽ സർക്കാർ ചിലവിൽ പഠനം നടത്തുന്നതിന് നാലാം ക്ലാസ് പരീക്ഷയിൽ ലഭിച്ച ഗ്രേഡ് സഹിതം ജില്ലാ പഞ്ചായത്ത് സെക്രട്ടറി / മുനിസി പ്പൽ / കോർപ്പറേഷൻ സെക്രട്ടറി എന്നിവർക്ക് മുമ്പാകെ അപേക്ഷ നല്കാവു ന്നതാണ്.

- **അയ്യൻകാളി ടാലന്റ് സേർച്ച് സ്കോളർഷിപ്പ്**

നാല്, ഏഴ്, ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസുവരെ പ്രതിവർഷം 4500/- രൂപ വീതം സ്കോളർഷിപ്പ് അനുവദിക്കും. ജാതി-വരുമാന-ഗ്രേഡ് സർട്ടിഫിക്കറ്റുകളും രക്ഷി താവിന്റെ വാർഷിക വരുമാനം 1,00000/- രൂപയിൽ താഴെയാണെന്ന് കാണിക്കുന്ന വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റും സഹിതം ജൂൺ മാസ

ത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ട താണ്.

രക്ഷിതാവിന്റെ വാർഷിക വരുമാനം 12000/- രൂപയിൽ താഴെയാ ണെങ്കിൽ പഠിതാക്കൾക്ക് ഫർണിച്ചർ വാങ്ങുന്നതിന് 1500/- രൂപ അധികമായി ഒറ്റത്തവണ അനുവദിക്കുന്നതാണ്. പോഷകാഹാരം ലഭ്യമാക്കാൻ പ്രതിമാസം 100 രൂപ പ്രകാരം 1000 രൂപ നൽകുന്നു.

- **മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശനം**

വിദ്യാർത്ഥികൾക്ക് അഞ്ചാം ക്ലാസ് മുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നല്കുന്നതിനായി വകുപ്പിന് കീഴിൽ ഒൻപത് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു.നാലാം ക്ലാസ് വിദ്യാർത്ഥികളെ സംസ്ഥാ നാടിസ്ഥാനത്തിൽ നടത്തുന്ന മത്സരപ്പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാന ത്തിലാണ് തിരഞ്ഞെടുപ്പ്. ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ഇത് സംബ ന്ധിച്ച അറിയിപ്പ് ഉണ്ടാകും. വാർഷിക വരുമാനപരിധി ഒരുലക്ഷം രൂപയിൽ താഴെയുള്ള രക്ഷിതാക്കളുടെ കുട്ടികൾ ജാതി, വരുമാനം, നിലവിൽ പഠിക്കുന്ന സ്ഥാനമേധാവിയുടെ സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട എം.ആർ. എൽ. മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അപേക്ഷ നല്കാവുന്നതാണ്.

- **പ്രീമെട്രിക് ഹോസ്റ്റൽ പ്രവേശനം**

ബ്ലോക്ക് പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ എന്നിവയ്ക്ക് കൈമാറിയ 87 പ്രീമെട്രിക് ഹോസ്റ്റലുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരു ന്നു. അഞ്ചാം ക്ലാസ് മുതലാണ് പ്രവേശനം. പ്രവേശനം നേടുന്നവർക്ക് രണ്ട് സെറ്റ് യൂണിഫോം, ഭക്ഷണത്തിനായി പ്രതിമാസം 2000/- രൂപ, ചെരുപ്പ്, ബാഗ്, പ്രതിമാസ പോക്കറ്റ് മണിയായി 100/- രൂപ അവധി ദിവസങ്ങളിൽ വീട്ടിൽ പോയിവരുന്നതിന് യാത്രാപ്പടി എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

പ്രവേശനം ആഗ്രഹിക്കുന്നവർ ജാതി, വരുമാനം, സ്കൂൾ വാർഷിക പരീക്ഷ യുടെ ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബ്ലോക്ക് പഞ്ചായത്ത് / മുനിസി പ്പൽ / കോർപ്പറേഷൻ സെക്രട്ടറിക്കോ, പട്ടികജാതി വികസന ഓഫീസർക്കോ അപേക്ഷ സമർപ്പിക്കാവുന്നതാണ്

- **സബ്സിഡൈസ്ഡ് ഹോസ്റ്റൽ പ്രവേശനം**

സന്നദ്ധ സംഘടനകൾ നടത്തുന്ന ഒൻപതുഹോസ്റ്റലുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നതാണ്. ഇതിലൂടെ അന്തേവാസികൾക്ക് 500 രൂപ പ്രതിമാസ ബോർഡിങ് ഗ്രാന്റും യൂണിഫോം അലവൻസിനായി 500 രൂപയും അനുവദിച്ചു നൽകുന്നുണ്ട്.

- **അയ്യൻകാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ**

കായിക മേഖലയിൽ മികവ് പുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം നല്കുന്നതിനായി അഞ്ചാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ പരിശീലനം നല്കുന്ന സ്ഥാപനമാണിത്. മേഖലാതല സെലക്ഷൻ ട്രയൽസിലൂടെയാണ് തിരഞ്ഞെടുപ്പ്. ഒരു ക്ലാസിൽ പരമാവധി 30 വിദ്യാർത്ഥികൾക്കാണ് പ്രവേശനം.

12-ാം ക്ലാസ് വരെ സി ബി എസ് ഇ സിലബസ്സിൽ പഠനം.ഓരോ കുട്ടിക്കും പ്രതിദിനം 130 രൂപ മെസ്ചാർജ്.

**സി) പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം**

• **ലംപ്സം ഗ്രാന്റും സ്റ്റൈപന്റും**

പ്ലസ് വൺ മുതൽ പി.എച്ച്.ഡി. വരെയുള്ള പഠിതാക്കൾക്ക് പ്രതിമാസം 500/- രൂപ സ്റ്റൈപന്റ് അനുവദിച്ചിട്ടുണ്ട്. (എട്ട് കി.മീറ്ററിൽ അധികം യാത്രചെയ്ത് വരുന്നവർക്ക് സ്റ്റൈപന്റ് 600 രൂപ ആണ്.) പ്ലസ് ടു ക്കാർക്ക് 900/- രൂപയും ഡിഗ്രിക്കാർക്ക് 950/- രൂപയും പിജിക്കാർക്ക് 1250/- രൂപയും ലംപ്സം ഗ്രാന്റിനത്തിലും ലഭിക്കുന്നതാണ്. പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് 350/- മുതൽ 2500/- രൂപ വരെ കോഴ്സിന്റെ സ്വഭാവമനുസരിച്ച് ലംപ്സം ഗ്രാന്റ് ലഭിക്കുന്നതാണ്.

അപേക്ഷകൾ വിദ്യാഭ്യാസ വർഷാരംഭത്തിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന ഓൺലൈനായി സമർപ്പിക്കാവുന്നതും, ഒറിജനൽ അപേക്ഷയും അനുബന്ധരേഖകളും (ജാതി, വരുമാന സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി. ബുക്കിന്റെ പകർപ്പ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്) സ്ഥാപന മേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽ കാവുന്നതാണ്. (ഒഇസിക്കും ബാധകം).

• **പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ**

പോസ്റ്റ് മെട്രിക് കോഴ്സുകൾ പഠിക്കുന്നവർക്കായി 17 ഹോസ്റ്റലുകൾ വകുപ്പ് നേരിട്ട് നടത്തുന്നു. പഠിതാക്കളുടെ ഭക്ഷണത്തിനായി പ്രതിമാസം 1500/- രൂപയും പോക്കറ്റ് മണിയായി 100/- മുതൽ 150/- രൂപയും നല്കി വരുന്നു. സർക്കാർ കോളേജ് ഹോസ്റ്റലുകൾ അംഗീകൃത എയിഡഡ് ഹോസ്റ്റലുകൾ സ്വശ്രയ കോളേജുകളിലെ അംഗീകൃത ഹോസ്റ്റലുകൾ എന്നിവയിൽ അഡ്മിഷൻ നേടിയിട്ടുള്ളവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ട്. ക്രിസ്മസ്, ഓണം, അവധിക്കാലങ്ങളിൽ വീട്ടിൽ പോയി വരുന്നതിന് യാത്രാ ബത്ത നൽകുന്നുണ്ട്.

ഹോസ്റ്റൽ സൗകര്യമില്ലാത്ത പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ബോർഡിങ് ഗ്രാന്റായി 1500/- രൂപ നല്കി വരുന്നു.

*** പ്രത്യേക പ്രോത്സാഹന സമ്മാനം**

വിവിധ വാർഷിക പരീക്ഷയിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥി

കൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നു. നിരക്ക് ചുവടെ.

| **കോഴ്സ്** | **ഫസ്റ്റ് ക്ലാസ് ഗ്രേഡ്** | **ഡിസ്റ്റിംഗ്ഷൻ ഗ്രേഡ്** |
|---|---|---|
| എസ്.എസ്.എൽ.സി | 1500/- | 2500/- |
| പ്ലസ് ടു,റ്റി.റ്റി.സി,ഡിപ്ലോമ | 2500/- | 5000/- |
| ഡിഗ്രി | 3500/- | 7500/- |
| പി.ജി./ മറ്റ് പ്രൊഫഷണൽ കോഴ്സുകൾ | 5000/- | 10000/- |

അപേക്ഷകൾ, ജാതി സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ്കളുടെ പകർപ്പ് എന്നിവ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കാണ് നൽകേണ്ടത്.

*** റാങ്ക് ജേതാക്കൾക്ക് സ്വർണ മെഡൽ**

മെഡിക്കൽ / എഞ്ചിനീയറിങ് പ്രവേശനപരീക്ഷയിൽ ആദ്യ റാങ്ക് നേടുന്നവർക്ക് ഒരു പവൻ സ്വർണ നാണയം സമ്മാനമായി നൽകുന്നു.

പ്ലസ് ടു എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് വാങ്ങുന്ന കുട്ടികൾക്ക് അരപവൻ സ്വർണനാണയം നല്കി അനുമോദിക്കുന്നു.

എൻട്രൻസ് കമ്മീഷണറിൽ നിന്നും പരീക്ഷാ ഭവൻ, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും നല്കുന്ന അർഹരുടെ പട്ടികയുടെ

## പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ

പട്ടികജാതി-വർഗ വിഭാഗങ്ങളിൽപ്പെട്ട യുവതി-യുവാക്കളെ വിവിധ മത്സര പരീക്ഷകളിൽ സുസജ്ജരാക്കുന്നതിന് സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ പ്രവർത്തിക്കുന്നു.

**വിലാസം**

പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ,
ഗവ: ആയുർവേദ കോളേജിന് സമീപം,
കുന്നുപുറം, തിരുവനന്തപുരം.
ഫോൺ - 0471-2463441

അടിസ്ഥാനത്തിലാണ് മെഡൽ നല്കുന്നത്. ഇതിന് പ്രത്യേകം അപേക്ഷ നൽകേണ്ടതില്ല.

*** ക്ഷേത്ര പ്രവേശന വിളംബരസ്മാരക സ്കോളർഷിപ്പ്**

1936 ലെ ക്ഷേത്ര പ്രവേശന വിളംബരത്തിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റ് തുകയുടെ പലിശയും സർക്കാർ ഗ്രാന്റും ചേർത്ത് ഡിഗ്രി / പിജി / എൽ.എൽ.ബി / മെഡിക്കൽ / എഞ്ചിനീയറിങ് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുന്നു. ഒക്ടോബർ / നവംബർ മാസങ്ങളിലാണ് ഇതിനുള്ള അപേക്ഷ ക്ഷണിക്കുന്നത്. അപേക്ഷയിൽ, ജാതി, വരുമാനം, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് എന്നിവ സഹിതം പട്ടികജാതി വികസനവകുപ്പ് ഡയറക്ടർക്ക് അപേക്ഷ നൽകാവുന്നതാണ്.

*** മെഡിക്കൽ / എഞ്ചിനീയറിങ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം**

എസ്.എസ്.എൽ.സി. പരീക്ഷ മുതൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസിന് മുകളിൽ ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ / എഞ്ചിനീയറിങ് പ്രവേശന പരീക്ഷകൾക്ക് വേണ്ടി ദീർഘകാല കോച്ചിംഗിന് Rs.20,000/- വരെ ധനസഹായം നല്കുന്നു. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി നാലര ലക്ഷം രൂപയിൽ കവിയാത്ത വിദ്യാർത്ഥികൾക്ക് ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതമുള്ള അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽകാവുന്നതാണ്.

*** സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കുള്ള ആനുകൂല്യം**

വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ യൂണിവേഴ്സിറ്റികൾ എന്നിവയിൽ മെരിറ്റിലോ, റിസർവേഷനിലോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം നല്കിവരുന്നു. ഇതുകൂടാതെ ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നിവയും അനുവദിച്ചിട്ടുണ്ട്.

അപേക്ഷകൾ ഓൺലൈനായി അക്ഷയ കേന്ദ്രങ്ങൾ വഴി സമർപ്പിക്കുന്നതിനു പുറമേ ജാതി, വരുമാനസർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ യോഗ്യത എന്നിവ സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ സഹിതം ഒറിജിനൽ അപേക്ഷ സ്ഥാപന മേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽകേണ്ടതാണ്. ഇ-ഗ്രാന്റായി ബാങ്ക് മുഖേനയും ഈ ആനുകൂല്യം ലഭിക്കുന്നു. (ഒഇസി ക്കും ബാധകം)

## ഭൂരഹിത പുനരധിവാസ പദ്ധതി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴയുള്ള ഗ്രാമ സഭാ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമത്തിൽ 3 സെന്റ് ഭൂമിയും മുനിസിപ്പൽ / കോർപ്പറേഷൻ പ്രദേശത്ത് 3 സെന്റ് ഭൂമിയെങ്കിലും വാങ്ങുന്നതിന് ഗ്രാമ പഞ്ചായത്തിൽ 3,75,000 രൂപയും മുനിസിപ്പാലിറ്റിയിൽ 4,50,000 രൂപയും കോർപ്പറേഷനുകളിൽ 6 ലക്ഷം രൂപയും ഗ്രാന്റായി അനുവദിക്കും.

ജാതി വരുമാന സർട്ടിഫിക്കറ്റുകൾ, സ്വന്തമായി ഭൂമിയില്ലെന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, അവകാശമായി ലഭിക്കാവുന്ന ഭൂമി സംബന്ധിച്ച സാക്ഷ്യപത്രം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക് / മുനിസിപ്പൽ / കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വാർഷിക വരുമാന പരിധി 50,000 രൂപ.

## ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസ് എക്സാമിനേഷൻ ട്രെയിനിങ് സൊസൈറ്റി

പട്ടികജാതി-വർഗ മറ്റു പിന്നാക്ക വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളെ സിവിൽ സർവീസ് പരീക്ഷകളിലേക്ക് സുസജ്ജമാക്കുന്നതിനുവേണ്ടി പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണിത്.

**വിലാസം**

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസ് എക്സാമിനേഷൻ<br>ട്രെയിനിങ് സൊസൈറ്റി<br>ഐ.എൽ.എം. ബിൽഡിംഗ്<br>പി റ്റി പി നഗർ, തിരുവനന്തപുരം<br>ഫോൺ : 0471-2360272

*** എഞ്ചിനീയറിങ് / മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്**

എഞ്ചിനീയറിങ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് 5000/- രൂപയും മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് 10,000/- രൂപയും പ്രാഥമിക ചെലവുകൾക്ക് അനുവദിച്ചു വരുന്നു.

വാർഷിക വരുമാന പരിധി ഒരുലക്ഷം രൂപയിൽ കവിയാത്ത രക്ഷിതാക്കളുടെ കുട്ടികൾ അഡ്മിഷൻ നേടിയത് സംബന്ധിച്ച രേഖ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതമുള്ള അപേക്ഷ ജില്ലാ പട്ടിക ജാതി വികസന ഓഫീസർക്ക് നൽകേണ്ടതാണ്.

*** ലാപ്ടോപ്പ് വിതരണം**

മെഡിക്കൽ/എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതി 2012-13 മുതൽ നിലവിൽ വന്നു.രണ്ടാം വർഷവിദ്യാർത്ഥികൾക്കാണ് ഇത് ലഭിക്കുന്നത്.

*** ഈവനിങ് കോഴ്സ് പഠിക്കുന്നവർക്ക് ധനസഹായം**

സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ ഈവനിങ് കോഴ്സ് പഠിക്കുന്നതിന്, ജാതി-വരുമാന സർട്ടിഫിക്കറ്റുകൾ, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതമുള്ള അപേക്ഷ സ്ഥാപന മേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിച്ചാൽ കോഴ്സ് ഫീസ് അനുവിദിക്കുന്നതാണ്. (ഒഇസിക്കും ബാധകം)

*** വിദൂര വിദ്യാഭ്യാസത്തിനുള്ള ധനസഹായം**

യൂണിവേഴ്സിറ്റികളുടെ കറസ്പോണ്ടൻസ് കോഴ്സിൽ ചേർന്ന് പഠിക്കുന്നവർക്ക് കോഴ്സ് ഫീസ് അനുവദിക്കുന്നതാണ്. (ഒഇസിക്കും ബാധകം)

*** സംസ്ഥാനത്തിന് പുറത്ത് പഠിക്കുന്നവർക്കുള്ള ആനുകൂല്യം**

സംസ്ഥാനത്തിന് പുറത്ത് അംഗീകൃത സ്ഥാപനങ്ങളിലും സെൻട്രൽ യൂണിവേഴ്സിറ്റിയിലും മെരിറ്റ്/ റിസർവേഷൻ സീറ്റിൽ പ്രവേശനം നേടിയിട്ടുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുണ്ട്. ജാതി-വരുമാന സർട്ടിഫിക്കറ്റുകൾ സഹിതമുള്ള അപേക്ഷ സ്ഥാപനമേധാവി വഴി പട്ടികജാതി വികസന ഡയറക്ടർക്ക് സമർപ്പിക്കാവുന്നതാണ്.

*** ഭാരതത്തിന് പുറത്ത് പഠിക്കുന്നവർക്കുള്ള ധനസഹായം**

ഭാരതത്തിന് പുറത്ത് പഠിക്കുന്നതിന് അപേക്ഷയുടെയും മെരിറ്റി

ന്റെയും അടിസ്ഥാനത്തിൽ പരമാവധി അഞ്ച് ലക്ഷം രൂപാവരെ ആനുകൂല്യം അനുവദിക്കുന്നതാണ്. ഓരോ അപേക്ഷയും വകുപ്പ് സെക്രട്ടറി തലത്തിൽ പരിഗണിച്ചാണ് യുക്തമായ തീരുമാനമെടുക്കുന്നത്.

*** പാരലൽ കോളെജ് പഠനത്തിനുള്ള ധനസഹായം**

സർക്കാർ മേഖലകളിൽ പ്ലസ് ടു, ഡിഗ്രി, പിജി കോഴ്സുകൾക്ക് പ്രവേശനം ലഭിക്കാത്തവർക്ക് പാരലൽ കോളേജ് പഠനത്തിന് റെഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ, ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പരീക്ഷാഫീസ്, എന്നിവ അനുവദിച്ചിട്ടുണ്ട്. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, സർക്കാർ / എയ്ഡഡ് സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും അഡ്മിഷൻ ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതമുള്ള അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് ബ്ലോക്ക് / മുനിസിപ്പൽ / കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർ വഴി നൽകാവുന്നതാണ്.(ഒഇസിക്കും ബാധകം).

*** ഐടി ഐ/ അംഗീകൃത വൊക്കേഷണൽ സ്ഥാപനങ്ങൾ**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവിധ ട്രേഡുകളിൽ പരിശീലനം നല്കുന്നതിന് 44 ഐടിഐകൾ വകുപ്പ് നേരിട്ട് നടത്തുന്നു. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് യൂണിഫോം, ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്(500 രൂപ പ്രതിമാസം)എന്നിവ നൽകുന്നു.

ഇതു കൂടാതെ വകുപ്പിന്റെ താത്ക്കാലിക അംഗീകാരമുള്ള അംഗീകൃത വൊക്കേഷണൽ സ്ഥാപനങ്ങളിൽ പട്ടികജാതി വിഭാഗം / മറ്റ് അർഹവിഭാഗം എന്നിവർക്കായി മാറ്റിവെച്ചിരിക്കുന്ന സീറ്റുകളിൽ പഠിക്കുന്നവർക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ട്.

*** പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്റർ**

വിവിധ മത്സരപരീക്ഷകൾക്ക് പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് സംസ്ഥാനത്ത് നാല് പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപന്റോടു കൂടിയ പരിശീലനത്തിന് പുറമേ മെഡിക്കൽ / എഞ്ചിനീയറിങ് പ്രവേശന പരീക്ഷാ പരിശീലനവും ജോബ് ഓറിയന്റഡ് കോഴ്സ്കളും ഈ സെന്ററുകളിൽ നടത്തുന്നു. തിരുവനന്തപുരം, ആലുവ, കുഴൽമന്ദം, കോഴിക്കോട് എന്നിവിവടങ്ങളിലാണ് കേന്ദ്രങ്ങൾ.

*** ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിങ് സെന്റർ (I-CETS)**

അഖിലേന്ത്യാ സർവീസുകളിലേക്കുള്ള മത്സരപ്പരീക്ഷകൾക്ക് പ്രത്യേക പരിശീലനം നല്കുന്നതിന് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിതമായ സ്വയംഭരണ സ്ഥാപനമാണിത്. സംസ്ഥാനതലത്തിൽ നടക്കുന്ന പ്രാഥമിക സെലക്ഷൻ പരീക്ഷകളിൽ പാസാകുന്നവർക്കായി പുസ്തക അലവൻസായി 3000 രൂപയും പ്രതിമാസ ഭക്ഷണത്തിന് 1500 രൂപയും പോക്കറ്റ് മണിയായി 250 രൂപയും അനുവദിച്ചിട്ടുണ്ട്. പട്ടികജാതി / പട്ടികവർഗക്കാർക്ക് സൗജന്യ താമസസൗകര്യത്തിന് പുറമേ മികച്ച ലൈബ്രറി സംവിധാനവും ഇവിടെ ലഭ്യമാണ്. മാർച്ച് മാസത്തിലാണ് അപേക്ഷകൾ ക്ഷണിക്കുന്നത്. വിശദാംശങ്ങൾ ടി സ്ഥാപനങ്ങളിൽ ലഭ്യമാണ്.

*** പാരാമെഡിക്കൽ സ്ഥാപനങ്ങൾ**

തിരുവനന്തപുരം തൃശൂർ മെഡിക്കൽ കോളേജുകളോട് ചേർന്ന് രണ്ട് പാരാമെഡിക്കൽ സ്ഥാപനങ്ങൾ പട്ടികവിഭാഗം വിദ്യാർത്ഥികൾക്കായി സ്ഥാപിച്ചിട്ടുണ്ട്. കുഴൽമന്ദത്ത് ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിനുള്ള സ്ഥാപനവും പയ്യന്നൂരിൽ ഡിഎംഎൽറ്റി കോഴ്സിനുള്ള സ്ഥാപനവും പ്രവർത്തിച്ചുവരുന്നു.

*** സെന്റർ ഓഫ് എക്സലൻസ്**

പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും ടി വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനുമായി കിർത്താഡ്സ് കാമ്പസിൽ ക്രസ്റ്റ് (CREST) (Centre for Research and Education for Social Transformation) എന്ന സ്ഥാപനം കോഴിക്കോട് പ്രവർത്തിക്കുന്നു. ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും കോർപ്പറേറ്റ് മേഖലകലിൽ ജോലി ലഭിക്കുന്നതിനും മറ്റും പട്ടികവിഭാഗത്തെ പ്രാപ്തരാക്കുകയെന്നതാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യം.

*** മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്**

പട്ടികജാതി വിഭാഗത്തിൽ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിനായി പാലക്കാട് കണ്ണാടിയിൽ ആരംഭിച്ച സ്ഥാപനമാണിത്. 30 കുട്ടികൾക്കാണ് പ്രവേശനം.

*** ബുക്ക് ബാങ്ക് സ്കീം**

പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്.

*** പഠന നിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേകത പദ്ധതി**

ഒൻപതു മുതൽ 12-ാംക്ലാസുവരെയുള്ള വിദ്യാർത്ഥികളെ മെഡിക്കൽ/ എഞ്ചിനീയറിഗ് പ്രവേശന പരീക്ഷകൾ വിജയിക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി 100% കേന്ദ്രസഹായത്തോടെ പ്രവർത്തിക്കുന്ന പദ്ധതിയാണിത്. തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളെ ബോർഡിംഗ് സ്കൂളിൽ പഠിപ്പിച്ച് പ്രത്യേക പരിശീലനം നൽകുന്നു.

*** കമ്മ്യൂണിറ്റി കോളേജ്**

ടൂൾ ആന്റ് ഡൈ മേക്കിംങ്, ഇൻസ്ട്രുമെന്റേഷൻ തുടങ്ങിയ ഹൈടെക് കോഴ്സുകൾക്ക് പരിശീലനം നല്കുന്നതിനായി പാലക്കാട് പ്രവർത്തനമാരംഭിച്ച സ്ഥാപനമാണിത്. 20 പേർക്ക് പരിശീലനം നല്കുന്ന രണ്ട് വർഷത്തെ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിന് എസ്.എസ്. എൽ.സിയോ, പ്ലസ് ടുവോ പാസായിരിക്കണം. തൊഴിലധിഷ്ഠിത കോഴ്സായതിനാൽ പ്ലേസ്മെന്റും സാധ്യമാണ്.

**സാമ്പത്തിക വികസന പദ്ധതികൾ**

**സ്വയം തൊഴിൽ പദ്ധതി**

ബാങ്കുകളുമായി ചേർന്ന് നടപ്പാക്കുന്ന ഈ പദ്ധതിയിലൂടെ വ്യക്തികൾക്ക് മൂന്ന് ലക്ഷം രൂപവരെയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപവരെയുമുള്ള വായ്പകൾക്ക് വായ്പാ തുകയുടെ മൂന്നിൽ ഒന്ന് സബ്സിഡി ലഭിക്കും. 18 നും 50 വയസ്സിനുമിടയിൽ പ്രായമുള്ള 7 ാം ക്ലാസ്സ് വരെ പഠിച്ച സ്വയംതൊഴിൽ സംഭരംഭകന്റെ അടിസ്ഥാനയോഗ്യത, ജാതി-വരുമാനസർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡിന്റെ പകർപ്പ് തിരിച്ചറിയൽ കാർഡ് പകർപ്പ്, പദ്ധതി റിപ്പോർട്ട് എസ്.ജി.എസ്. വൈ ലോൺ വാങ്ങിയിട്ടില്ലായെന്ന് ബന്ധപ്പെട്ട ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതമുള്ള അപേക്ഷ, ബ്ലോക്ക് / മുനിസിപ്പൽ / കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് നൽകാവുന്നതാണ്.

**വക്കീലന്മാർക്കുള്ള ധനസഹായം**

നിയമവിദ്യാഭ്യാസം കഴിഞ്ഞ് ഉടൻ വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിന് മൂന്ന് വർഷത്തേക്ക് ധനസഹായം നല്കുന്നു. ഒന്നാം വർഷം ഡ്രെസിനായി 2000 രൂപയും പുസ്തകങ്ങൾക്കായി 6250/- രൂപയും അനുവദിച്ചിട്ടുണ്ട്. രണ്ടാം വർഷം ഡ്രസിനത്തിൽ 2000/- രൂപയും പുസ്തകയിനത്തിൽ 6250/- രൂപയും മുറിവാടകക്കായി 3000/- രൂപയും അനുവദിച്ചിട്ടുണ്ട്. മൂന്നാം വർഷം ഡ്രസ്സിനത്തിൽ 2000/- രൂപയും പുസ്തകങ്ങൾക്കായി 6250 രൂപയും, മുറിവാടക ഇനത്തിൽ 3000 രൂപയും വർഷത്തിലനുവദിച്ചിട്ടുണ്ട്. പുറമേ എൻറോൾമെന്റിന് 1550/- രൂപയും അനുവദിച്ചിട്ടുണ്ട്.

അഭിഭാഷകനായി എൻറോൾ ചെയ്ത് ഒരു മാസത്തിനകം ജാതി സർട്ടിഫിക്കറ്റ്, നിമയബിരുദം സർട്ടിഫിക്കറ്റ്, ബാർകൗൺസിൽ എൻറോൾമെന്റ് സാക്ഷ്യപത്രം എന്നിവ സഹിതം നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ജില്ലാ പട്ടികജാതിവികസന ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്.

**സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ്**

ഐറ്റിഐ, ഡിപ്ലോമ, എഞ്ചിനീയറിങ് ഡിഗ്രി എന്നിവ പാസായവർക്ക് യഥാക്രമം 2000/-, 2500/- 3000/- രൂപാ നിരക്കിൽ പ്രതിമാസ അപ്രന്റീസ്ഷിപ്പ് അനുവദിച്ചിട്ടുണ്ട്.

അപേക്ഷകർ അതത് ജില്ലാ പട്ടികജാതി വികസന ഓഫീസുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ടൂൾകിറ്റ് വാങ്ങുന്നതിനുള്ള ധനസഹായം**

വകുപ്പിന് കീഴിലുള്ള ഐടിഐകളിൽ വിവിധ ട്രേഡുകൾ പാസായിട്ടുള്ളവർക്ക് പണിയായുധങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് നൽകുന്ന പദ്ധതിയാണിത്. കൂടുതൽ വിവരങ്ങൾക്ക് പട്ടികജാതി വികസന ഓഫീസറുമായി ബന്ധപ്പെടാവുന്നതാണ്.

**ഉത്പന്ന പ്രദർശന വിപണനമേള**

പട്ടികജാതിക്കാരുടെ പാരമ്പര്യ ഉത്പന്നങ്ങൾക്കും സ്വയം സഹായ സംഘങ്ങളുടെ ഉത്പന്നങ്ങൾക്കും വിപണി കണ്ടെത്തി സംസ്ഥാനാടിസ്ഥാനത്തിൽ ഒരു വർഷം രണ്ട് സ്ഥലങ്ങളിലായി വിപണനമേള സംഘടിപ്പിച്ചുവരുന്നു. സ്റ്റാൾ സൗജന്യമായി അനുവദിക്കുന്നതിനോടൊപ്പം ഉത്പന്നങ്ങൾ സ്റ്റാളിലെത്തിക്കുന്നതിനുള്ള വാഹന വാടക, സ്റ്റാളിൽ നില്ക്കുന്നവർക്കുള്ള പ്രതിദിനബത്ത ഭക്ഷണം എന്നിവയും നൽകുന്നു. മേളയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർക്ക് ഒക്ടോബർ മാസം പുറത്തിറങ്ങുന്ന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പിലെ ചീഫ് പബ്ലിസിറ്റി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**കർഷകത്തൊഴിലാളികൾക്ക് കൃഷിഭൂമി**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കർഷതത്തൊഴിലാളികൾക്ക് 25 സെന്റ് കരഭൂമിയോ 50 സെന്റ് നിലമോ കൃഷി ചെയ്യാൻ വാങ്ങുന്നതിനായി ലക്ഷ്യമിടുന്ന പദ്ധതിയാണിത്. ഒരു ലക്ഷം രൂപയോ ഭൂമിയുടെ വിലയുടെ 50% തുകയോ ഏതാണോ കുറവ് ആ തുക സബ്സിഡിയായി നൽകുന്നു. ബാക്കി തുക ബാങ്ക് ലോണായി കണ്ടെത്താവുന്നതാണ്.

അപേക്ഷകൻ ജാതി-വരുമാന സർട്ടിഫിക്കറ്റുകൾ കർഷകത്തൊഴിലാളിയാണെന്ന് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം എന്നിവ സഹിതമുള്ള അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്.

**സാമൂഹ്യക്ഷേമ പദ്ധതികൾ**

**വിവാഹ ധനസഹായം**

വാർഷിക വരുമാനം 50,000 രൂപയിൽ താഴെയുള്ള പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 50,000/- രൂപ വിവാഹ ധനസഹായമായി നല്കുന്നു. ജാതി-വരുമാന സർട്ടിഫിക്കറ്റുകൾ പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ചതായുള്ള സമുദായസംഘടനയുടെ / ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക് / മുനിസിപ്പൽ / കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ വഴി ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**മിശ്രവിവാഹിതർക്ക് ധനസഹായം**

മിശ്രവിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി ഇതരസമുദായത്തിൽപ്പെട്ടതുമായിരിക്കണം) വിവാഹത്തെ തുടർന്നുണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കുവാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 50,000 രൂപ വരെ ഗ്രാന്റായി നൽകുന്നു. ഭാര്യ ഭർത്താക്കന്മാരുടെ ജാതി സർട്ടിഫിക്കറ്റ്, കുടുംബ വാർഷികവരുമാനം, സഹവാസ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബ്ലോക്ക് / മുനിസിപ്പൽ / കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർ വഴി ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. രണ്ടുപേരുടെയും കൂടി പ്രതിവർഷ വരുമാനം 40,000/- രൂപയിൽ കവിയാൻ പാടുള്ളതല്ല. വിവാഹശേഷം ഒരു വർഷം കഴിഞ്ഞ് മൂന്ന് വർഷത്തിനകം അപേക്ഷ സമർപ്പിക്കണം.

**ഭവന നിർമാണ ഗ്രാന്റ്**

വാർഷിക വരുമാനം 50000രൂപ വരെയുള്ളവർക്ക് ഭവനനിർമാണ ഗ്രാന്റായി 2014-15 സാമ്പത്തിക വർഷം മുതൽ 3 ലക്ഷം രൂപ വരെ ഗ്രാന്റ് നൽകുന്നു.

ഗ്രാമപ്രദേശത്ത് സ്വന്തമായി രണ്ട് സെന്റും നഗരപ്രദേശങ്ങളിൽ കുറഞ്ഞത് ഒന്നര സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ദാരിദ്ര്യരേഖക്ക് താഴെയുള്ള ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതർക്കാണ് ഗ്രാന്റ് അനുവദിക്കു

ന്നത്. അപേക്ഷയും ബന്ധപ്പെട്ട രേഖകളായ ജാതി-വരുമാനം, കൈവശാവകാശ സർട്ടിഫിക്കറ്റുകൾ, വാസയോഗ്യമായ ഭവനമില്ലായെന്ന ബന്ധപ്പെട്ട അധികാരിയുടെ സാക്ഷ്യപത്രം, തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഭവന നിർമാണ ഗ്രാന്റ് ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം എന്നിവയും സഹിതം ബ്ലോക്ക് / മുനിസിപ്പൽ / കോർപ്പറേഷൻ സെക്രട്ടറിക്കോ, പട്ടികജാതി വികസന ഓഫീസർക്കോ സമർപ്പിക്കാവുന്നതാണ്. വരുമാന പരിധി 50,000 രൂപ.

**ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസപദ്ധതി**

ദാരിദ്ര്യരേഖക്ക് താഴെയുള്ള ഭൂരഹിത ഭവനരഹിതരായ വേടൻ, നായാടി, വേട്ടുവ, ചക്ലിയ, കല്ലാടി, അരുന്ധതിയാർ എന്നീ അതിദുർബല സമുദായങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനുള്ള പ്രത്യേക പദ്ധതിയാണിത്. ഇതിനായി 7,25,000/- രൂപാവരെ ഗ്രാന്റ് നൽകുന്നു.വാർഷിക വരുമാനപരിധി 50000/രൂപ.

ജാതി-വരുമാനം സർട്ടിഫിക്കറ്റുകൾ സ്വന്തമായി ഭൂമിയില്ലെന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക് / മുനിസിപ്പൽ / കോർപ്പറേഷൻ സെക്രട്ടറിക്കോ, പട്ടികജാതി വികസന ഓഫീസർക്കോ അപേക്ഷ നല്കേണ്ടതാണ്.

**വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധി**

മാരകരോഗങ്ങൾ ബാധിച്ചവരും, അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 50,000/- രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവർക്ക്, വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 1,00,000/- രൂപാവരെ ചികിത്സാ ധനസഹായം ലഭിക്കുന്നു. ജാതി-വരുമാന സർട്ടിഫിക്കറ്റുകൾ, ചികിത്സിക്കുന്ന ഡോക്ടറുടെ നിശ്ചിത ഫോറത്തിലുള്ള സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക് / മുനിസിപ്പൽ / കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകാവുന്നതാണ്.

**ഉദ്യാഗാർത്ഥികൾക്ക് യാത്രാബത്ത**

പി.എസ്.സി., യു.പി.എസ്.സി, വിവിധ സർക്കാർ ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പരീക്ഷകൾക്കും ഇൻർവ്യൂവിനും പങ്കെടുക്കുവാൻ പോകുന്ന പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികൾക്ക് അർഹമായ യാത്രാപ്പടി അറ്റന്റെൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു. അപേക്ഷകൻ സാക്ഷ്യപത്രങ്ങൾ സഹിതമുള്ള അപേക്ഷ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് / മുനിസിപ്പൽ / കോർപ്പറേഷൻ

സെക്രട്ടറിക്ക് നൽകേണ്ടതാണ്.

**ടോയ്ലെറ്റ് നിർമ്മാണം**

മെച്ചപ്പെട്ട ടോയ്ലെറ്റ് നിർമ്മിക്കുന്നതിന് പട്ടികജാതി കുടുംബങ്ങൾക്ക് 25000/- രൂപയുടെ ധനസഹായം നൽകുന്ന പദ്ധതി 2012-13 ൽ നിലവിൽ വന്നു.വാർഷിക വരുമാനപരിധി 50000/രൂപ

**ഭവന പുനരുദ്ധാരണ പദ്ധതി**

ഭവനം പുനഃരുദ്ധരിക്കുന്നതിനും ഒരു മുറി കൂടി നിർമ്മിക്കുന്നതിനുമായി പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ ധനസഹായം നൽകുന്നു. ഇതിനുള്ള അപേക്ഷ ബ്ലോക്ക് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്ക് നൽകാവുന്നതാണ്. വാർഷിക വരുമാനപരിധി 22000/രൂപ

**സാംസ്കാരിക പരിപാടികൾ**

**സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ഗ്രാന്റ്**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പുസ്തക രൂപത്തിൽ അച്ചടിക്കുന്നതിന് 20,000/- രൂപ വരെ ഗ്രാന്റ് അനുവദിക്കുന്നു. മൗലിക രചനകളുടെ രണ്ട് കൈയ്യെഴുത്തു പ്രതികൾ, ജാതി-വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ സഹിതമുള്ള അപേക്ഷ പട്ടികജാതി വികസന വകുപ്പിലെ ചീഫ് പബ്ലിസിറ്റി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള അപേക്ഷ ക്ഷണിക്കുന്നത് ഓഗസ്റ്റ്-സെപ്തംബർ മാസങ്ങളിലാണ്.

## നിയമാധിഷ്ഠിത സേവനങ്ങൾ

**പൗരവകാശ സംരക്ഷണ നിയമം**

1995 ലെ പൗരാവകാശ സംരക്ഷണ നിയമപ്രകാരം പട്ടികജാതി-പട്ടികവർഗ വിഭാഗക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊട്ടുകൂടായ്മയടക്കമുള്ള അനാചാരങ്ങൾക്കെതിരെ ബോധവത്ക്കരണം നടത്തുന്നതിനും പൗരവാകാശ സംരക്ഷണ നിയമപ്രകാരം തുക ചെലവഴിക്കുന്നു. പട്ടികജാതിക്കാരെ സംബന്ധിച്ച് മാധ്യമ റിപ്പോർട്ടുകളിൽ മികച്ചവയ്ക്ക് അവാർഡ്, മികച്ച ദളിത് സാമൂഹിക പ്രവർത്തകനുള്ള അവാർഡ് എന്നിവ ഈ നിയമത്തിന്റെ ഭാഗമായി നല്കുന്നു. സാംസ്കാരിക ജാഥകൾ, സാംസ്കാരിക മത്സരങ്ങൾ, സന്ദേശ റാലികൾ, മിശ്രവിവാഹിതർക്ക് ധനസഹായം നല്കൽ എന്നിവയും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നവയാണ്.

**അതിക്രമം തടയൽ നിയമം**

പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളെ ശക്തമായി നേരിടുന്നതിനും 1989 ൽ പാർലമെന്റ് പാസാക്കിയ കേന്ദ്രനിയമത്തിൽ നിർവചിച്ചിട്ടുള്ള 15 ഇനം അതിക്രമങ്ങളിൽ ഏതെങ്കിലുമോ ഒന്നിലേറെയോ നേരിടേണ്ടി വരുന്നവർക്ക് കേസ് ചാർജ് ചെയ്യപ്പെടുമ്പോൾതന്നെ നിശ്ചിത തുക നഷ്ടപരിഹാരമായി ലഭിക്കുന്നതാണ്.ജില്ലാ പോലീസ് സൂപ്രണ്ട് / സിറ്റി പോലീസ് കമ്മീഷണർ എന്നവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിജിലൻസ് & മോണിറ്ററിങ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ തുക വിതരണം ചെയ്യുന്നു.

അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സൗജന്യ നിയമ സേവനം ലഭിക്കുന്നതിനു പുറമേ സാമ്പത്തികമായി നഷ്ടപരിഹാരവും ലഭിക്കുന്നു. നിയമ അതിക്രമം നടന്നാൽ അത് സംബന്ധിച്ച പരാതി സംഭവം നടന്ന പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ അറിയിക്കണം. പട്ടികജാതിക്കാർക്കായി സാക്ഷി പറയാൻ എത്തുന്നവർക്ക് യാത്രാപ്പടി നല്കുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്.

## അതിക്രമം തടയൽ നിയമം 1989 ലെ കുറ്റകൃത്യങ്ങളുടെ പട്ടിക

1) 1989 ലെ അതിക്രമം തടയൽ നിയമം അനുസരിച്ച് പട്ടികജാതി / വർഗ വിഭാഗത്തിലെ ഒരംഗത്തെ കൊണ്ട് ഭക്ഷ്യയോഗ്യമല്ലാത്തതോ, നിന്ദ്യമായതോ ആയ ഏതെങ്കിലും സാധനം തീറ്റിക്കുന്നതിനോ, കുടിപ്പിക്കുന്നതിനോ ബലപ്രയോഗം നടത്തുവാൻ പാടില്ല.

2) വിസർജ്ജ്യ വസ്തുക്കളോ, പാഴ്വസ്തുക്കളോ ജന്തുക്കളുടെ ശവശരീരങ്ങളോ മറ്റ് ഏതെങ്കിലും നിന്ദ്യമായ സാധനമോ ടി വിഭാഗത്തിന്റെ പരിസരങ്ങളിലോ അയൽവക്കത്തോ കൂട്ടിയിടുന്നതും കുറ്റകരമാണ്.

3) ടി വിഭാഗത്തിലെ ഒരംഗത്തിന്റെ ശരീരത്തിൽ നിന്ന് ബലാൽക്കാരമായി വസ്ത്രങ്ങൾ മാറ്റുകയോ അല്ലെങ്കിൽ മുഖത്തോ ശരീരത്തിലെ ചായം തേച്ചോ നടത്തുന്ന ഏതു നടപടിയും നിയമപ്രകാരം കുറ്റകരമാണ്.

4) ഈ വിഭാഗത്തിലെ ഒരംഗത്തിന്റെ ഉടമസ്ഥാവകാശമുള്ള ഭൂമി അന്യായമായി കൈവശപ്പെടുത്തുകയോ കൃഷി ചെയ്യുകയോ അല്ലെങ്കിൽ അയാൾക്ക് അലോട്ട് ചെയ്ത ഭൂമി കൈമാറ്റം ചെയ്തെടുക്കുന്നതും കുറ്റകരമാണ്.

5) ടി വിഭാഗത്തിലെ ഒരംഗത്തിന്റെ ഭൂമിയേയോ പരിസര പ്രദേശത്തേയോ അയാളുടെ കൈവശത്ത് നിന്ന് അന്യായമായി നീക്കം ചെയ്യുകയോ അല്ലെങ്കിൽ ഏതെങ്കിലും ഭൂമിയിൻമേലോ പരിസര പ്രദേശങ്ങത്തിൻമേലോ വെള്ളത്തിൻമേലോ ഉള്ള അയാളുടെ അവകാശങ്ങൾ അനുഭവിക്കുന്നതിൽ കൈകടത്തുന്നത് കുറ്റകരമാണ്.

6) സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും നിർബന്ധിത സേവനം ഒഴികെ, ബിഗാർ അല്ലെങ്കിൽ അതേരൂപത്തിലുള്ള മറ്റ് നിർബന്ധിത തൊഴിലോ അടിമപണിയോ ചെയ്യുവാൻ നിർബന്ധിക്കുന്നത് കുറ്റകരമാണ്.

7) ടി വിഭാഗത്തിലെ ഒരംഗത്തെ വോട്ട് ചെയ്യാതിരിക്കുന്നതിനോ, ഒരു പ്രത്യേക സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യുവാൻ നിർബന്ധിക്കുന്നതോ നിയമപ്രകാരം കുറ്റകരമാണ്.

8) ടി വിഭാഗത്തിലെ ഒരംഗത്തിന്മേൽ വ്യാജമായതോ ദുരുദ്ദേശപരമായതോ ശല്യപ്പെടുത്തുന്നതോ ആയ വ്യവഹാരമോ ക്രിമിനൽ നടപടികളോ മറ്റ് നിയമനടപടികളോ അവലംബിക്കുന്നതും കുറ്റകരമാണ്.

9) പബ്ലിക് സർവെന്റിന്റെ നിയമാനുസൃതമായ അധികാരം ടി വിഭാഗത്തിലെ ഒരംഗത്തിന് (വ്യാജമായ വിവരത്തിന്റെയടിസ്ഥാനത്തിൽ) ക്ഷതിയോ അലട്ടലോ ഉണ്ടാകത്തക്കവിധം പ്രവർത്തിക്കുന്നതും കുറ്റകരമാണ്.

10) പൊതുസ്ഥലത്തു വച്ച് അവഹേളിക്കണമെന്ന ഉദ്ദേശത്തോട് കൂടി മനഃപൂർവം ടി വിഭാഗത്തിലെ ഒരംഗത്തെ അപമാനിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നതും കുറ്റകരമാണ്.

11) ടി വിഭാഗത്തിൽപെടുന്ന സ്ത്രീയെ അനാദരിക്കുകയോ, മാനഭംഗപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടി അവരുടെ നേരെ കൈയ്യേറ്റം നടത്തുകയോ ബലപ്രയോഗം ചെയ്യുകയോ ചെയ്യുന്നതും കുറ്റകരമാണ്.

12) ടി വിഭാഗത്തിൽപ്പട്ട ഒരു സ്ത്രീയുടെ ഇച്ഛയെ സ്വാധീനപ്പെടുത്താവുന്ന ഒരു സ്ഥാനത്തായിരിക്കുകയും അങ്ങനെ അല്ലായിരുന്നെങ്കിൽ അവർ സമ്മതിക്കില്ലായിരുന്ന ലൈംഗിക ചൂഷണത്തിന് ആ സ്ഥാനം ഉപയോഗിക്കുന്നതും കുറ്റകരമാണ്.

3) ആറ്റിങ്ങൽ – 0470 – 2622413
4) കൊല്ലം – 0474 – 2454763
5) കൊട്ടാരക്കര – 0475 – 2224700
6) പുനലൂർ – 0468 – 2222229
7) പത്തനംതിട്ട – 0469 – 2601349
8) തിരുവല്ലം – 0469 – 2601349
9) ആലപ്പുഴ – 0477 – 2251467
10) മാവേലിക്കര – 0479 – 2302206
11) ചേർത്തല – 0478 – 2813939
12) കുട്ടനാട് – 0477 – 2704069
13) കോട്ടയം – 0481 – 2566750
14) ചാല – 0482 – 2212351
15) കടുതുരുത്തി – 04829 – 283511
16) കാഞ്ഞിരപ്പള്ളി – 0482 – 8221357
17) തൊടുപുഴ – 0486 – 2222863
18) കട്ടപ്പന – 0486 – 8272439

19) മൂവാറ്റുപുഴ - 0485 - 2822346
20) കോതമംഗലം - 0485 - 2862786
21) എറണാകുളം - 0484 - 2360983
22) ആലുവ - 0484 - 2624382
23) ഇരിങ്ങാലക്കുട - 0480 - 2825247
24) തൃശൂർ - 0487 - 2331263
25) ചാവക്കാട് - 0487 - 2507343
26) ഒറ്റപ്പാലം - 0466 - 2244327
27) പാലക്കാട് - 0491 - 2555801
28) തിരൂർ - 0494 - 2422302
29) മലപ്പുറം - 0483 - 2734826
30) വണ്ടൂർ - 04931 - 245360
31) കോഴിക്കോട് - 0495 - 2722238
32) വടകര - 0496 - 2522398
33) താമരശേരി - 0495 - 3098923
34) വയനാട് - 04936 - 202264
35) തലശേരി - 0490 - 2320182
36) കണ്ണൂർ - 0497 - 2700167
37) കാസർഗോഡ് - 0499 - 4230053
38) കാഞ്ഞങ്ങാട് - 0467 - 2206233

**അനുബന്ധ ഓഫീസുകളുടെ വിലാസങ്ങളും ഫോൺ നമ്പരുകളും**

1) ഡയറക്ടർ
എസ്.സി.ഇ.ആർ.റ്റി. (വിദ്യാഭവൻ)
പൂജപ്പുര പി.ഒ.
തിരുവനന്തപുരം - 695 012
ഫോൺ : 0471 - 2341883, 2340323
വെബ്സൈറ്റ് : www.scert.kerala.gov.in

2) കമ്മീഷണർ,
പരീക്ഷാഭവൻ,
തിരുവനന്തപുരം
ഫോൺ : 0471 - 2546800, 2546827
വെബ്സൈറ്റ് : www.keralapareekshabhavan.in

3) എക്സിക്യൂട്ടീവ് ഡയറക്ടർ,
ഐറ്റിഅറ്റ്സ്കൂൾ,
പൂജപ്പുര, തിരുവനന്തപുരം - 12
ഫോൺ : 0471 - 2529800
വെബ്സൈറ്റ് : www.itschool.gov.in

4) ഡയറക്ടർ,
SIEMAT,
സെൻട്രൽ ഹൈസ്കൂൾ കാമ്പസ്,
അട്ടക്കുളങ്ങര, തിരുവനന്തപുരം - 36
ഫോൺ : 0471 - 2460343
വെബ്സൈറ്റ് : www.education.kerala.gov.in

5) ഡയറക്ടർ
SIET, (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി),
പത്മാഭായി റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം - 694 010
ഫോൺ : 0471 - 2315076, 231 6671
വെബ്സൈറ്റ് : www.sietkerala.nic.in

6) സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ,
സ്റ്റേറ്റ് പ്രോജക്ട് ഓഫീസ്,
രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ,
7-ാം നില, ട്രാൻസ് ടവർ,
വഴുതക്കാട്, തിരുവനന്തപുരം - 14
ഫോൺ : 0471 - 2331388

7) കേരള മഹിളാ സമഖ്യാ സൊസൈറ്റി,
റ്റി.സി. 20/1652, “കല്പന”,
കുഞ്ചാലുംമൂട്, കരമന പി.ഒ.,
തിരുവനന്തപുരം - 695 002
ഫോൺ : 0471 - 2913212, 2348666

8) വിക്ടേർസ് എഡ്യൂക്കേഷണൽ ചാനൽ,
ഐ.സി.റ്റി. എനേബിൾസ് റിസോഴ്സ് ഫോർ ചിൽഡ്രൻ,
ഐടി അറ്റ് സ്കൂൾ,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ : 0471 - 2629809

# പ്രവാസികാര്യവകുപ്പ്

**നോർക്ക - റൂട്ട്സ്**

**സാമൂഹിക സുരക്ഷ / ഇൻഷുറൻസ് പദ്ധതികൾ (Social Security/Insurance Schemes)**

- എൻ.ആർ.കെ. ഐ.ഡി.കാർഡ് / പ്രവാസി ഐ.ഡി. കാർഡ്

**സവിശേഷതകൾ**

- പ്രവാസി കേരളീയർക്കായുള്ള തിരിച്ചറിയൽ കാർഡ് ഉപയോഗിക്കുന്നതിലേക്ക് 2008 ആഗസ്റ്റിൽ ആരംഭിച്ചു
- അപകടമരണം/സ്ഥിരമായി/പൂർണമായ/ഭാഗീകമായ വൈകല്യം എന്നിവയ്ക്ക് രണ്ടുലക്ഷം (പരമാവധി) രൂപവരെയുള്ള ഇൻഷുറൻസ് ആനുകൂല്യം
- കാർഡിന്റെ കാലാവധി മൂന്നുവർഷം.
- രജിസ്ട്രേഷൻ ഫീ-ഒരു വ്യക്തിക്ക് 300 രൂപ (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ് എന്ന പേരിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്)

**അർഹത**

- കുറഞ്ഞത് ആറുമാസത്തേതെങ്കിലും സാധുതയുള്ള വിസ, പാസ്പോർട്ട് എന്നിവയോടെ വിദേശത്ത് താമസിക്കുകയോ ജോലിചെയ്യുന്നതോ ആയ പ്രവാസി മലയാളി.
- 18 വയസ്സ് പൂർത്തിയായിരിക്കണം
- പാസ്പോർട്ട്, വിസ എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പ്രസക്തമായ പേജുകളുടെ പകർപ്പുകൾ സഹിതം അപേക്ഷ സമർപ്പിച്ചിരിക്കണം

**ഭരണനിർവഹണം**

- ഇൻഷുറൻസ് കാർഡുകൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവടങ്ങളിലെ മേഖലാ സെന്ററുകളിൽ എൻആർകെ കാർഡ് സെല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.

- പ്രവാസികൾക്ക് തങ്ങളുടെ ഭവനം സ്ഥിതിചെയ്യുന്ന ജില്ല ഉൾപ്പെടുന്ന മേഖലാ സെന്ററിൽ അപേക്ഷ സമർപ്പിക്കത്തക്കവിധം 14 ജില്ലകളെ താഴെ പ്പറയുംവിധം മൂന്നു മേഖലകളായി തരംതിരിച്ചിട്ടുണ്ട്.

| **ഉത്തരമേഖ** | **മധ്യമേഖല** | **ദക്ഷിണമേഖല** |
|---|---|---|
| കാസർകോഡ് | തൃശൂർ | |
| കണ്ണൂർ | എറണാകുളം | പത്തനംതിട്ട |
| കോഴിക്കോട് | (മേഖലാ സെന്റർ) | കൊല്ലം |
| (മേഖലാ സെന്റർ) | പാലക്കാട് | തിരുവനന്തപുരം |
| മലപ്പുറം | കോട്ടയം | (മേഖലാ സെന്റർ) |
| വയനാട് | ഇടുക്കി | |

**പുതുക്കൽ**

- എൻആർകെഐഡി കാർഡ്/പ്രവാസികാർഡുകൾ പുതുക്കുന്നതിന് നിലവിലുള്ള കാർഡിന്റെ കാലാവധി തീരുന്നതിന് രണ്ടുമാസം മുതൽ മുൻകൂറായി അപേക്ഷിക്കണം.
- സാധുതയുള്ള പാസ്പോർട്ടിന്റെയും വിസയുടെയും പ്രസക്തമായ പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നിശ്ചിതഫാറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- പുതുക്കൽ ഫീയായി 300 രൂപ അടയ്ക്കണം.
- മറ്റ് അർഹതാ വ്യവസ്ഥകൾ കൂടി പരിശോധിച്ചായിരിക്കും കാർഡുകൾ പുതുക്കി നൽകുന്നത്.

**2. എൻ.ആർ.കെ. ഇൻഷുറൻസ് കാർഡ്**

**സവിശേഷതകൾ**

- മറുനാടൻ മലയാളികൾക്കുള്ള (അന്യസംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികൾ) തിരിച്ചറിയൽ കാർഡ് എന്ന നിലയിൽ 2012 ജൂണിലാണ് ആരംഭിച്ചത്.
- നോർക്ക സഹായപദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള തിരിച്ചറിയൽ കാർഡായി ഇത് ഉപയോഗിക്കാം.
- അപകടമരണം, സ്ഥിരം/പൂർണ വൈകല്യം എന്നിവയ്ക്ക് രണ്ടുലക്ഷം (പരമാവധി) രൂപ വരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. ഭാഗികമായ

അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപവരെ ലഭിക്കും.

- കാർഡിന്റെ കാലാവധി മൂന്നുവർഷം.
- രജിസ്ട്രേഷൻ ഫീ – ഓരോ വ്യക്തിക്കും 300 രൂപ (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ് എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്)

**അർഹത**

- കഴിഞ്ഞ രണ്ടുവർഷമായി അന്യസംസ്ഥാനങ്ങളിൽ താമസിക്കുകയോ ജോലി എടുക്കുകയോ ചെയ്യുന്ന മറുനാടൻ കേരളീയർ (NRK)
- 18 വയസ്സ് പൂർത്തിയായിരിക്കണം.
- സർക്കാർ തിരിച്ചറിയൽ രേഖ, അതതുസംസ്ഥാനത്തെ താമസത്തിന്റെ രേഖ എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## III. ധനസഹായപദ്ധതികൾ/പ്രോജക്ടുകൾ

### 1. സാന്ത്വന

- തിരിച്ചെത്തിയ പ്രവാസികൾക്കുവേണ്ടി (REM) നോർക്കമന്ത്രിയുടെ ദുരിതാശ്വാസനിധി ഈ പദ്ധതിപ്രകാരം താഴെപ്പറയുന്ന കാര്യങ്ങൾക്ക് ധനസഹായം നല്കുന്നു.
- ഡെത്ത് കോമ്പൻസേഷൻ പരമാവധി 1 ലക്ഷം രൂപ
- കാൻസർ, ഹൃദയ ശസ്ത്രക്രിയ, ഗുരുതര വൃക്കരോഗം, പക്ഷാഘാതം അപകടംമൂലമുള്ള സ്ഥിര അംഗവൈകല്യം തുടങ്ങിയവയ്ക്ക് 50,000/- രൂപ.
- മറ്റ് രോഗങ്ങൾക്ക് 20,000/- രൂപ
- തിരിച്ചെത്തിയ പ്രവാസികൾക്ക് പെൺമക്കളുടെ വിവാഹച്ചെലവുകൾക്കായി പരമാവധി 15,000/- രൂപ വരെ നല്കുന്നു.
- പ്രവാസികളായ കേരളീയർക്കും അവരുടെ ആശ്രിതർക്കും അംഗവൈകല്യ പരിഹാരത്തിന് കൃത്രിമകാലുകൾ, ഊന്നുവടി, വീൽചെയർ മുതലായവ വാങ്ങുന്നതിന് പരമാവധി 15,000/- രൂപ വരെ നൽകുന്നു.

**അർഹത**

- അപേക്ഷകന്റെ വാർഷിക കുടുംബവരുമാനം 1,00,000/- രൂപയിലധികമാവാൻ പാടില്ല.

- കുറഞ്ഞത് രണ്ടുവർഷം പ്രവാസി ആയിരുന്നിരിക്കണം.
- തിരിച്ചെത്തിയിട്ട് വിദേശത്ത് ജോലി ചെയ്തത്ര കാലയളവ് അല്ലെങ്കിൽ പത്തുവർഷം (ഇവയിൽ ഏതോ കുറവ്) ആ സമയ പരിധിയിൽ അപേക്ഷ നൽകിയിരിക്കണം.
- അപേക്ഷകൻ അപേക്ഷ സമർപ്പിക്കുമ്പോഴും സഹായം സ്വീകരിക്കുമ്പോഴും ജോലിയുണ്ടായിരിക്കുവാൻ പാടുള്ളതല്ല.

**ആവശ്യമുള്ള രേഖകൾ**

| **ചികിത്സാ സഹായം** | **മരണാനന്തര സഹായം** | **വിവാഹ സഹായം** | **കൃത്രിമകാൽ ഊന്നുവടി മുതലായവ** |
|---|---|---|---|
| പാസ്പോർട്ട് | പാസ്പോർട്ട് | പാസ്പോർട്ട് | പാസ്പോർട്ട് |
| റേഷൻകാർഡ് | റേഷൻകാർഡ് | റേഷൻകാർഡ് | റേഷൻകാർഡ് |
| വരുമാന സർട്ടിഫിക്കറ്റ് | വരുമാന സർട്ടിഫിക്കറ്റ് | വരുമാന സർട്ടിഫിക്കറ്റ് | വരുമാന സർട്ടിഫിക്കറ്റ് |
| മെഡിക്കൽ സർട്ടിഫിക്കറ്റ് | അപേക്ഷകന്റെ തിരിച്ചറിയൽ കാർഡ് | വിവാഹം സംബന്ധിച്ച തെളിവ് | ഡോക്ടറുടെ കുറിപ്പുകൾ |
| മെഡിക്കൽ ബില്ലുകൾ | | പ്രവാസിയുമായുള്ള ബന്ധം ബന്ധത്തിന്റെ തെളിവ് | തെളിയിക്കുന്നതിനുള്ള രേഖ |

**2. ചെയർമാൻ ഫണ്ട്**

- സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 20% ഉൾക്കൊള്ളിച്ച് രൂപീകരിച്ച സഞ്ചിത നിധി.
- അർഹതയുള്ള പ്രവാസികളായ കേരളീയർക്ക് ബോർഡിന്റെ അംഗീകാരത്തോടെ ധനസഹായം നല്കുന്നു.

**അർഹത**

- അപേക്ഷകർ ഇന്ത്യയ്ക്ക് പുറത്തോ ഇന്ത്യയിൽ അന്യസംസ്ഥാനത്തോ രണ്ടുവർഷമെങ്കിലും താമസിച്ചിട്ടുള്ള ആളാവണം.
- വാർഷിക കുടുംബവരുമാനം 1,00,000 രൂപയിൽ കവിയരുത്.
- അപേക്ഷകന്റെ ആശ്രിതനും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

- അപേക്ഷകൻ സാന്ത്വനം പദ്ധതി പ്രകാരം സഹായം ലഭിച്ചയാൾ ആവരുത്.

**ആവശ്യമുള്ള രേഖകൾ**

- പാസ്പോർട്ടിന്റെ പകർപ്പ്
- വരുമാന സർട്ടിഫിക്കറ്റ്
- ചികിത്സാ സഹായത്തിന് - മെഡിക്കൽ ബില്ലുകൾ
- മരണാനന്തര സഹായത്തിന് - മരണ സർട്ടിഫിക്കറ്റ്
- റേഷൻകാർഡിന്റെ കോപ്പി

**3. കാരുണ്യം**

- പ്രവാസികളായ കേരളീയരുടെ (ഇന്ത്യക്കു പുറത്തോ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലോ ഉള്ളവർ) മൃതശരീരം സ്വദേശത്തേക്ക് കൊണ്ടുവരുന്നതിനുള്ള പ്രത്യേകനിധി
- പ്രവാസിയായ കേരളീയന്റെ മൃതദേഹം വിമാനത്തിലോ ട്രെയിനിലോ മറ്റേതെങ്കിലും വാഹനത്തിലോ ഏറ്റവുംചിലവ് കുറഞ്ഞ രീതിയിൽ സ്വദേശത്തെത്തിക്കുന്നതിന് മരണമടഞ്ഞ പ്രവാസിയുടെ നിയമാനുസൃതമുള്ള അവകാശികൾക്കാണ് സാമ്പത്തിക സഹായം നല്കുന്നത്.
- മരണമടഞ്ഞ പ്രവാസിക്കോ അയാളുടെ ബന്ധുക്കൾക്കോ മറ്റൊരു ധനാഗമ മർഗവുമില്ലാത്ത അസാധാരണ സന്ദർഭങ്ങളിൽ മാത്രമേ ഈ സഹായം നല്കുകയുള്ളൂ.
- മൃതദേഹം നാട്ടിൽ എത്തിച്ചശേഷം ചെലവായ തുക പിന്നീട് ഈ നിധിയിൽ നിന്ന് അനുവദിക്കുകയാണ് ചെയ്യുന്നത്.
- വിദേശത്തുവച്ചുണ്ടായ മരണത്തിന് പരമാവധി 50,000 രൂപയും ഇന്ത്യയിൽ ഇതരസംസ്ഥാനത്തുവച്ച് നടന്ന മരണത്തിന് പരമാവധി 10,000 രൂപയും സഹായമായി നൽകും.

**അർഹത**

- വിദേശത്തുവച്ച് മരിക്കുന്ന പ്രവാസിക്ക് സാധുതയുള്ള ഇന്ത്യൻ പാസ്പോർട്ട് ഉണ്ടായിരിക്കണം. മരണസമയത്ത് അവിടെ നിയമാനുസൃതം താമസിച്ചിരുന്ന / ജോലി ചെയ്തിരുന്ന ആളായിരിക്കണം.
- ഇന്ത്യയിൽ ഇതരസംസ്ഥാനത്തുവച്ച് മരിക്കുന്ന കേരളീയന്റെ കാര്യത്തിൽ

അയാൾ തൊഴിലിനുവേണ്ടി / ജോലി സംബന്ധിച്ച ആവശ്യങ്ങൾക്കു വേണ്ടി അന്യസംസ്ഥാനത്ത് സഞ്ചരിക്കുകയോ താമസിക്കുകയോ ചെയ്തിരുന്ന ആളാവണം.

**ആവശ്യമുള്ള രേഖകൾ**

- ഇന്ത്യയ്ക്ക് പുറത്തുള്ള പ്രവാസികളായ കേരളീയരുടെ കാര്യത്തിൽ യഥാവിധി റദ്ദാക്കിയ ഇന്ത്യൻ പാസ്പോർട്ട് വിദേശ രാഷ്ട്രത്തിന്റെ വിസ സംബന്ധിച്ച വിവരങ്ങൾ പാസ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടാവം. വിദേശത്ത് പ്രവേശിച്ച തീയതി, പാസ്പോർട്ട് റദ്ദാക്കിയ തീയതി എന്നിവ ഇതിലൂടെ വ്യക്തമാവണം.
- നിശ്ചിതകാലത്ത് വിദേശത്ത് അഥവാ വിദേശങ്ങളിൽ ജോലി ചെയ്യുന്നതിന് അനുവദിക്കപ്പെട്ടിരുന്നതായി തെളിയിക്കുന്നതിന് അതതു രാജ്യത്തെ വർക്ക് പെർമിറ്റ് അഥവാ മറ്റൊരു രേഖ ഹാജരാക്കണം.
- തൊഴിലിന്റെ സ്വഭാവവും കാലവും തെളിയിക്കുന്നതിനായി തൊഴിൽ സംബന്ധിച്ച കരാർ, നിയമന ഉത്തരവ്, തൊഴിൽ സർട്ടിഫിക്കറ്റ്വിദേശ തൊഴിലൽ ഉടമയുടെ മറ്റു രേഖകൾ എന്നിവ ഹാജരാക്കണം.
- മരണസർട്ടിഫിക്കറ്റും മെഡിക്കൽ സർട്ടിഫിക്കറ്റുകളും
- മരിച്ച ആളുമായി അപേക്ഷിക്കുന്ന ആൾക്കുള്ള ബന്ധം തെളിയിക്കുന്ന രേഖ.
- തിരഞ്ഞെടുപ്പുകമ്മീഷൻ നല്കുന്ന തിരിച്ചറിയൽ കാർഡ് / അല്ലെങ്കിൽ അപേക്ഷിക്കുന്ന ആളിന്റെ ഇപ്പോഴത്തെ വാസസ്ഥലം തെളിയിക്കുന്ന മറ്റെന്തെങ്കിലും രേഖ. (തിരഞ്ഞെടുപ്പു കമ്മീഷൻ നല്കുന്ന തിരിച്ചറിയൽ കാർഡ് ഹാജരാക്കാൻ കഴിയുന്നില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കണം).
- മരിച്ച പ്രവാസിയായ കേരളീയന്റെ കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും വരുമാനം സംബന്ധിച്ച രേഖകൾ.
- അപേക്ഷകൻ നിയമാനുസൃതമുള്ള അനന്തരാവകാശിയാണെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
- മരിച്ച ആൾ ജോലി ചെയ്തിരുന്ന സ്ഥാപനം / കമ്പനി / സ്പോൺസറിൽ നിന്ന് മൃതദേഹം കൊണ്ടുപോകുന്നതിനുള്ള ക്രമീകരണത്തിന്റെയും അത് നാട്ടിലെത്തിക്കുന്നതിന്റെയും ചെലവ് തങ്ങൾ വഹിച്ചിട്ടില്ല എന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ്.

- അന്തരിച്ച പ്രവാസിയുടെ വാസസ്ഥലം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ സർട്ടിഫിക്കറ്റ്.
- മൃതദേഹം കേടുകൂടാതെ സൂക്ഷിക്കുന്നതിനും ശവപ്പെട്ടി തയ്യാറാക്കുന്നതിനും ചെലവായ തുകയുടെ ബില്ലുകൾ.
- മോർച്ചറിയിൽ മൃതദേഹം സൂക്ഷിച്ചിരുന്നുവെങ്കിൽ അതിനു ചെലവായ തുകയുടെ ബില്ലുകൾ.
- മരിച്ച വ്യക്തിയുടെ ആശുപത്രി ചെലവുകൾ അവകാശപ്പെടുന്നുവെങ്കിൽ അതിനുള്ള ബില്ലുകൾ.
- മൃതശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾ അപേക്ഷകൻ വ്യക്തിപരമായി വഹിച്ചു എന്ന് ഉറപ്പാക്കുന്ന രേഖകൾ

**നടപടിക്രമം**

- അന്തരിച്ച പ്രവാസിയുടെ നിയമാനുസൃതമുള്ള അന്തരാവകാശികൾ നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കണം
- നോർക്ക റൂട്ട്സിന്റെ www.norkaroots.net എന്ന വെബ്സൈറ്റിൽ നിന്ന് അപേക്ഷാഫാറം ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്.
- അപേക്ഷയിൽ അപേക്ഷകന്റെയും അന്തരിച്ച ആളുടെയും പാസ്പോർട്ട് സൈസ് ഫോട്ടോ ഒട്ടിക്കുകയും മേൽപ്പറഞ്ഞ എല്ലാ രേഖകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ വ്യക്തതയുള്ള പകർപ്പുകൾ ചേർക്കുകയും ചെയ്യണം. ● അവകാശികൾ ആവശ്യപ്പെടുന്ന പക്ഷം അപേക്ഷകൻ പരിശോധനയ്ക്കായി അസ്സൽ രേഖകൽ ഹാജരാക്കാൻ ബാധ്യസ്ഥനാണ്.

IV. **പുനരധിവാസ പദ്ധതികൾ**

- ചുരുങ്ങിയത് രണ്ടുവർഷം വിദേശത്ത് താമസിക്കുകയോ ജോലി ചെയ്യുകയോ ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കും.
- താൽപര്യമുള്ള സംരംഭങ്ങൾക്ക് വേണ്ടി പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ പരിശീലന കളരികൾ, ബോധവൽക്കരണ സെമിനാറുകൾ എന്നിവ നടത്തുന്നു.

**അർഹത**

- ചുരുങ്ങിയത് രണ്ടു വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവരുമായ പ്രവാസികളും, അത്തരം പ്രവാസികൾ ഒത്തുചേർന്ന് ആരംഭിക്കുന്ന സംഘങ്ങളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും.

**മേഖലകൾ**

- കാർഷിക-വ്യവസായം (കോഴി വളർത്തിൽ മുട്ടക്കോഴി, ഇറച്ചിക്കോഴി)
- മത്സ്യകൃഷി (ഉൾനാടൻ മത്സ്യ കൃഷി,അലങ്കാര മത്സ്യകൃഷി)
- ക്ഷീരോത്പാദനം, ഭക്ഷ്യസംസ്കരണം, സംയോജിത കൃഷി,ഫാം ടൂറിസം, ആടു വളർത്തിൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവ
- കച്ചവടം (പൊതു വ്യാപാരം -വാങ്ങുകയും വിൽക്കുകയും ചെയ്യൽ)
- സേവനങ്ങൾ (റിപ്പേയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി സർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവ.
- ഉത്പാദനം - ചെറുകിട - ഇടത്തരം സംരംഭങ്ങൾ (പൊടിമില്ലുകൾ, ബേക്കറി ഉൽപ്പന്നങ്ങൾ, ഫർണിച്ചറും തടിവ്യവസായവും, സലൂണുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ലിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവ).

**ആനുകൂല്യം**

- പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ നിന്നോ സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള കെ.എഫ്.സി, കെ.എസ്.എഫ്.ഇ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങലിൽ നിന്നോ വായ്പകൾ അനുവദിക്കപ്പെട്ടതും, പ്രസ്തുത വായ്പാ തവണകളിൽ മുടക്കം വരാതെ തിരിച്ചടയ്ക്കുകയും ചെയ്യുന്ന ഗുണഭോക്താക്കൾക്ക് മൊത്തം 10 ശതമാനം 'ബാക്ക് എൻഡ്' സബ്സിഡിയായി ബാങ്ക് വായ്പയിൽ ക്രമീകരിച്ചു നൽകുന്നതുമാണ്.



**V. സമാശ്വാസ പദ്ധതികൾ**

**പ്രവാസി നിയമ സഹായ സെൽ (PLAC)**

- തങ്ങളുടെതല്ലാത്ത കുറ്റങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ

ജയിലുകളിൽ കഴിയുന്ന നിരപരാധികളായ പ്രവാസി മലയാളികൾക്ക് വിദേശ രാജ്യങ്ങളിൽ എംബസികളുടെ സഹായത്തോടെ നിയമസഹായം നൽകുന്നു.

- പദ്ധതിപ്രകാരം എംബസികളിൽ വിവിധ കാരണങ്ങളാൽ അഭയം തേടുന്ന മലയാളി സ്ത്രീകൾക്ക് വിമാന യാത്രാകൂലി നൽകുന്നതിനും ഇവരെ വിദേശ രാജ്യങ്ങളിലെ വിവിധ ഭാഗങ്ങളിൽ നിന്നും എംബസികളിൽ എത്തിക്കുന്നതിന് ആവശ്യമായി വരുന്ന വാഹനചെലവുകളും വഹിക്കുന്നതാണ്.
- കേരളത്തിലെ എല്ലാ ജില്ലകളിലും ഇന്ത്യയിലെ മലയാളികൾ അധിവസിക്കുന്ന പ്രദേശങ്ങളിലും പ്രത്യേകിച്ചും ഡൽഹി, മുംബൈ, ചെന്നൈ, ബാംഗ്ലൂർ, ഹൈദരാബാദ്, ബറോഡ എന്നീ സ്ഥലങ്ങളിൽ നിയമ ബോധവത്ക്കരണ ക്ലാസുകൾ ഈ പദ്ധതിയിലൂടെ സംഘടിപ്പിക്കുന്നു.

**സ്വപ്ന സാഫല്യം**

**ഉദ്ദേശ്യം**

- തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റങ്ങൾക്കും വിദേശ ജയിലുകളിൽ ശിക്ഷ അനുവദിച്ച് മോചിതരാകുന്ന മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുന്ന പദ്ധതി.

**അർഹത**

- വിദേശത്ത് ജോലി ചെയ്യുന്നതോ താമസിക്കുന്നതോ ആയ പ്രവാസി മലയാളികൾ
- ജയിൽവാസം അനുഭവിച്ചത് ക്രിമിനൽ കുറ്റകൃത്യങ്ങൾക്കോ, അവരുടേതായ കാരണങ്ങൾകൊണ്ടുണ്ടായ കുറ്റകൃത്യങ്ങൾക്കോ വീഴ്ചകൾക്കോ ആയിരിക്കരുത്.
- വിസിറ്റ് / ഉംറ / ഹജ്ജ് വിസയിൽ വിദേശത്തുപോകുന്നവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയില്ല.

**ആവശ്യമായ രേഖകൾ**

- പാസ്പോർട്ടിന്റെ പകർപ്പ്
- കോടതി വിധിയുടെ പകർപ്പ്
- നോർക്ക റൂട്ടസ് ഡയറക്ടർ ശുപാർശ

**അപേക്ഷിക്കേണ്ട വിധം**

- വെള്ളക്കടലാസിൽ പാസ്പോർട്ട് നമ്പർ, റസിഡന്റ് പെർമിറ്റിന്റെ വിശദാംശങ്ങൾ, നാട്ടിലേയും വിദേശത്തെയും വിലാസം, കുറ്റകൃത്യത്തിന്റെ സ്വഭാവം, തടവിലായിരുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ, ജയിലിന്റെ പേര്, സ്ഥലം തുടങ്ങിയ കാര്യങ്ങൾ രേഖപ്പെടുത്തിയ അപേക്ഷ.
- ആവശ്യമായ രേഖകളുടെ പകർപ്പുകൾ സഹിതം നോർക്ക വകുപ്പിലോ, നോർക്ക സെല്ലുകളിലോ, നോർക്ക റൂട്ട്സ് ആഫീസുകളിലോ സമർപ്പിക്കണം.
- തടവിലായിരുന്ന വ്യക്തിക്കോ, കുടുംബാംഗങ്ങൾക്കോ, ആശ്രിതനോ, മലയാളി സംഘടനകൾക്കോ, സർക്കാർ ഇതര സംഘടനകൾക്കോ ഗുണഭോക്താവിനു വേണ്ടി അപേക്ഷ സമർപ്പിക്കാം.

**തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടി**

- തൊഴിലെടുക്കാൻ പ്രാപ്തിയുള്ള കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം വിദേശതൊഴിൽ വിപണയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുക
- സാങ്കേതികവൈദഗ്ധ്യം, ആശയവിനിമയവൈദഗ്ധ്യം, നിയമന നടപടികൾ, വിസ, തൊഴിൽക്കരാർ, കുടിയേറ്റം എന്നിവ സംബന്ധിച്ച ബോധവത്കരണം ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുന്നു.
- കേരള സർക്കാരിന്റെ വ്യവസായിക പരിശീലന ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ (ITI), മികച്ച നിലവാരം പുലർത്തുന്ന സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ചാണ് തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനും പുനർസംയോജനത്തിനുമുള്ള (Skill upgradation & Re-Integration) പരിശീലനപരിപാടികൾ നടപ്പാക്കുന്നു.
- തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്ന പരിശീലനപരിപാടിയിലെ കോഴ്സുകൾ, ബാച്ചുകൾ എന്നിവയുടെ വിശദവിവരങ്ങൾ www.norkaroots.net എന്ന വെബ്സൈറ്റിൽ നിന്നും നോർക്ക-റൂട്ട്സ് ഓഫീസുകളിൽ നിന്നും ലഭിക്കുന്നു.

**കാൾ സെന്റർ**

- നോർക്ക വകുപ്പിനെയും നോർക്ക-റൂട്ടിസിനെയും സംബന്ധിച്ച വിവരങ്ങൾ ഇവയുടെ കീഴിലുള്ള വിവിധ ഓഫീസുകൾ, സേവനങ്ങൾ, പദ്ധതികൾ,

പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മാർഗ നിർദ്ദേശങ്ങൾ തുടങ്ങിയവ കാൾസെന്ററിൽ നിന്നും ലഭിക്കും.

ടോൾ ഫ്രീ നമ്പർ 1800-425-3939 (ഇന്ത്യയിൽ)

വിദേശത്തുള്ള പ്രവാസികളായ കേരളീയർക്ക്, 0091-471-2333339

സമയം:24*7=365 ദിവസം,

**നാർക്ക-റൂട്ട്സ് ഓഫീസുകൾ**

നോർക്ക-റൂട്ട്സ് (ഹെഡ് ഓഫീസ്)
നോർക്ക സെന്റർ, തൈക്കാട്
തിരുവനന്തപുരം-695 014
ഫോൺ - 0471-2770500, 2332416, 2332452
ഫാക്സ് - 0471-2326263
വെബ്സൈറ്റ് www.norkaroots.net
ഇ-മെയിൽ mail@norkaroots.net

**നോർക്ക-റൂട്ട്സിന്റെ മേഖലാ ഓഫീസുകൾ**

അതെന്റിക്കേഷൻ ഓഫീസർ/സെന്റർ മാനേജർ
നോർക്ക-റൂട്ട്സ് സർട്ടിഫിക്കറ്റ് അതെന്റിക്കേഷൻ സെന്റർ
നോർക്ക സെന്റർ, തൈക്കാട്
തിരുവനന്തപുരം
ഫോൺ-0471-2329950, 2332416
ഇ-മെയിൽ cactvm@norkaroots.net

അതെന്റിക്കേഷൻ ഓഫീസർ/സെന്റർ മാനേജർ
നോർക്ക-റൂട്ട്സ് സർട്ടിഫിക്കറ്റ് അതെന്റിക്കേഷൻ സെന്റർ
വി.എം.കോംപ്ലക്സ്, ബിൽഡിംങ് നമ്പർ 41/1313 ബി
സി.പി. ഉമ്മർ റോഡ്, എറണാകുളം-35
ഫോൺ-0484-2371830, 2371810
ഇ-മെയിൽ cactvm@norkaroots.net

അതെന്റിക്കേഷൻ ഓഫീസർ/സെന്റർ മാനേജർ
നോർക്ക-റൂട്ട്സ് സർട്ടിഫിക്കറ്റ് അതെന്റിക്കേഷൻ സെന്റർ
സെക്കൻഡ് ഫ്ളോർ, സാമൊറിൻ സ്ക്വയർ
ലിങ്ക് റോഡ്, കോഴിക്കോട്
സി.പി. ഉമ്മർ റോഡ്, എറണാകുളം-35
ഫോൺ-0495-2304882, 2304885

ഫാക്സ് - 0495 2304883
ഇ-മെയിൽ cactvm@norkaroots.net

**എൻ.ആർ.കെ. ഡവലപ്മെന്റ് ഓഫീസുകൾ**

എൻആർകെ ഡവലപ്മെന്റ് ഓഫീസർ
എൻആർകെ ഡവലപ്മെന്റ് ഓഫീസ്
ട്രാൻവൻകൂർ ഹൗസ്, കെ.ജി.മാർഗ് (കസ്തൂർബാഗാന്ധിമാർഗ്)
ന്യൂഡൽഹി-110001
ഫോൺ-011-23384369, ഫാക്സ്-011-23389141
ഇ-മെയിൽ norkadelhi@norkaroots.net

എൻആർകെ ഡവലപ്മെന്റ് ഓഫീസർ
എൻആർകെ ഡവലപ്മെന്റ് ഓഫീസ്
പ്ലോട്ട് നമ്പർ 8, സെക്ടർ 30 എ
കേരള ഹൗസ്, വാശി, നവീംമുംബൈ-400703
ഫോൺ-02227812129, ഫാക്സ് - 02227812129
ഇ-മെയിൽ norkamumbai@norkaroots.net

**സാറ്റലൈറ്റ് ഓഫീസുകൾ**

**ബറോഡ**

നോർക്ക-റൂട്ട്സ് സാറ്റലൈറ്റ് ഓഫീസ്
സെക്കൻഡ് ഫ്ളോർ, സായിബിൽഡിങ്
മെതഡിസ്റ്റ് ചർച്ചിന് എതിർവശം
ഫത്തേഗുനി, ബറോഡ-390002
ഫോൺ-0265 2389885, 2750560

**ചെന്നൈ**

നോർക്ക-റൂട്ട്സ് സാറ്റലൈറ്റ് ഓഫീസ്
ആർ/17, 15-ാം സ്ട്രീറ്റ്, അണ്ണാനഗർ
ചെന്നൈ-600040
ഫോൺ - 044-26212060

**ബാംഗ്ലൂർ**

നോർക്ക-റൂട്ട്സ് സാറ്റലൈറ്റ് ഓഫീസ
ശ്രീനാരായണ സമിതി ബിൽഡിങ്
നമ്പർ-1, അൽസൂർ ടാങ്ക് റോഡ്
ബാംഗ്ലൂർ-560042
ഫോൺ - 080-2305090

**കണ്ണൂർ**

നോർക്ക-റൂട്ട്സ് സെൽ
അനെക്സ് ബിൽഡിങ്
സിവിൽ സ്റ്റേഷൻ, കണ്ണൂർ - 670002
ഫോൺ - 0497-2765310

**കോട്ടയം**

നോർക്ക റൂട്ട്സ്-സെൽ
സിവിൽ സ്റ്റേ,ൻ, കോട്ടയം-686002
ഫോൺ - 0481 2580033, 9497492778

**തൃശ്ശൂർ**

നോർക്ക റൂട്ട്സ്-സെൽ
സിവിൽ സ്റ്റേഷൻ, രണ്ടാംനില
അയ്യന്തോൾ തൃശ്ശൂർ
ഫോൺ - 0487-2360707

**കേരളപ്രവാസി കേരളീയ ക്ഷേമബോർഡിന്റെ പദ്ധതികൾ**

- വിദേശത്ത് രണ്ട് വർഷം ജോലിയെടുത്ത് നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കും ഈ പദ്ധതിയിൽ അംഗമെടുക്കാവുന്നതാണ്.
- ക്ഷേമനിധി ആക്ടിൽ പെൻഷൻ, കുടുംബ പെൻഷൻ, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം തുടങ്ങി ഒട്ടേറെ ക്ഷേമപദ്ധതികൾ പ്രവാസികൾക്കായി നടപ്പിലാക്കുന്നു.

**ക്ഷേമനിധി സ്വരൂപിക്കൽ**

- ക്ഷേമനിധി പ്രധാനമായും സ്വരൂപിക്കുന്നത് നിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള താഴെ കാണുന്ന 3 വിഭാഗങ്ങളിൽ നിന്നാണ്.

| ക്രമ നമ്പർ | വിഭാഗം | അംശദായം | രജിസ്ട്രേഷൻ ഫീസ് |
|---|---|---|---|
| 1. | പ്രവാസി കേരളീയൻ (വിദേശം) | പ്രതിമാസം 300 രൂപ | 200 രൂപ ഒറ്റത്തവണ രജിസ്ട്രേഷൻ സമയത്ത് നൽകണം |
| 2. | മുൻ പ്രവാസി കേരളീയൻ (വിദേശം) | പ്രതിമാസം 100 രൂപ | |
| 3. | പ്രവാസി കേരളീയൻ (ഭാരതം) | പ്രതിമാസം 100 രൂപ | |

4. കല്പിതാംഗം പ്രതിമാസം 50 രൂപ

(പ്രവാസി കേരളീയൻ (ഭാരതം) അംഗം കേരളത്തിൽ തിരിച്ചു വരുന്ന പക്ഷം കല്പിതാംഗമായി കണക്കാക്കപ്പെടുന്നു).

- കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന് കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഗ്രാന്റ്, വായ്പ, സംഭാവന എന്നി സ്വീകരിച്ച് ക്ഷേമനിധി ശക്തിപ്പെടുത്താവുന്നതാണ്.
- കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന് വ്യക്തികളിൽ നിന്നും മറ്റിതര ഏജൻസികളിൽ നിന്നും സർക്കാർ അനുമതിയോടെ സംഭാവനകൾ സ്വീകരിച്ച് കേരള പ്രവാസി കേരളീയ ക്ഷേമനിധി വിപുലപ്പെടുത്താവുന്നതാണ്.

**ക്ഷേമപദ്ധതികൾ**

- പ്രവാസി കേരളീയ ക്ഷേമപദ്ധതി വിഭാവനം ചെയ്യുന്ന വിവിധ പദ്ധതികളാണ് ക്ഷേമ ബോർഡ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

### (a) പെൻഷൻ

- അറുപത് വയസ്സ് പൂർത്തിയായതും, അറുപതു വയസ്സ് വരെയും അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം ആയിരം രൂപയും അറുപതു വയസ്സ് പൂർത്തയായതും, അറുപതുവയസ്സുവരെയും അംശദായമടച്ചിട്ടുള്ളതും, സ്വന്തം നാട്ടിലേക്ക് തിരിച്ചു വന്നതുമായ ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം അഞ്ഞൂറു രൂപയും പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. മുൻ പ്രവാസി കേരളീയൻ (വിദേശം) അംഗത്തിനും പ്രവാസി കേരളീയൻ (ഭാരതം) അംഗത്തിന് അംശദായം 100 രൂപയും പെൻഷൻ 500 രൂപയും ആണ്. അംശദായം തുടർച്ചയായി ഒരു വർഷക്കാലമോ അതിലധികമോ അടയ്ക്കാൻ വീഴ്ചവരുത്തിയാൽ അംഗത്വം സ്വമേധയാ റദ്ദായിപ്പോകുന്നതാണ്.

### (b) കുടുംബപെൻഷൻ

- അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള ഒരു പ്രവാസി കേരളീയനായ അംഗവും, പ്രവാസികേരളീയൻ (ഭാരതം) അംഗവും, സ്വന്തം നാട്ടിൽ തിരിച്ചുവന്ന പ്രവാസി കേരളീയനായ (വിദേശം) അംഗവും, ഒരു കല്പിത അംഗവും മരണമടയുന്ന പക്ഷം അയാളുടെ കുടുംബാംഗങ്ങൾക്ക് പ്രതിമാസ കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

- കുടുംബ പെൻഷൻ തുക ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻ തുകയുടെ അൻപതു ശതമാനം ആയിരിക്കും.

### (c) അവശതാ പെൻഷൻ

- തന്റെ നിത്യവൃത്തിക്കായി ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശത മൂലം പ്രാപ്തിക്കുറവ് അനുഭവിക്കുന്നതും ക്ഷേമനിധിയിൽ മൂന്നുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായമടച്ചിട്ടുള്ളതുമായ ഒരംഗത്തിന് അർഹതപ്പെട്ട പെൻഷൻ തുകയുടെ നാല്പതു ശതമാനത്തിനു തുല്യമായ തുക പ്രതിമാസ അവശതാ പെൻഷൻ ലഭിക്കാനർഹത ഉണ്ടായിരിക്കും.

### (d) മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം

- ഈ പദ്ധതിയിൽ അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ, മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് 50,000 രൂപയും, വിദേശത്തുനിന്നും തിരിച്ചുവന്ന പ്രവാസി കേരളീയനായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും, പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും കല്പിത അംഗങ്ങളുടെ ആശ്രിതർക്ക് ഇരുപതിനായിരം രൂപയും മരണാനന്തര ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

### (e) ചികിത്സാസഹായം

- ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടേയും കല്പിതാംഗങ്ങളുടേയും ചികിത്സക്കായി ഒരംഗത്തിന് അമ്പതിനായിരം രൂപ പരമാവധി പരിധിക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നു.
- ധനസഹായത്തിന് അർഹതയുള്ള ഗുരുതരമായ രോഗങ്ങൾ ഏതൊക്കയെന്നത് അതാത് കാലത്തെ ബോർഡ് അംഗീകരിക്കുന്ന പ്രകാരമായിരിക്കും. ബോർഡ് മുൻകൂട്ടി അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലെ / ക്ലിനിക്കുകളിലെ / ചികിത്സാസ്ഥാപനങ്ങളിലെ ചികിത്സകൾക്കു മാത്രമായിരിക്കും ധനസഹായത്തിന് അർഹത.

### (f) വിവാഹധനസഹായം

- കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശാദായം അടച്ചുവ

രുന്ന കല്പിതാംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടേയും സ്ത്രീ അംഗങ്ങളുടേയും വിവാഹച്ചിലവിന് 10,000 രൂപ ഒരംഗത്തിന് നിധിയിൽ നിന്നും ലഭിക്കുന്നതാണ്.

- രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

**(g) പ്രസവാനുകൂല്യം**

- തുടർച്ചയായി ഒരുവർഷക്കാലം അംശദായം അടച്ചിട്ടുള്ള കല്പിതാംഗങ്ങൾ ഒഴികെയുള്ള ഒരു വനിതാ അംഗത്തിന് പ്രസവത്തിന് മൂവായിരം രൂപ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.
- ഒരംഗത്തിന് രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- ഗർഭം അലസൽ സംഭവിച്ച കല്പിതാംഗങ്ങൾ ഒഴികെയുള്ള വനിതാ അംഗത്തിന് രണ്ടായിരം രൂപ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.
- രണ്ടുതവണ പ്രസവാനുകൂല്യമോ ഗർഭം അലസലിനുള്ള ആനുകൂല്യമോ രണ്ടും കൂടിയോ ലഭിച്ച അംഗത്തിന് തുടർന്ന് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

**(h) വിദ്യാഭ്യാസ ആനുകൂല്യം**

- രണ്ടുവർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശാദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് ഗ്രാന്റ് അനുവദിക്കാവുന്നതാണ്.
- ഗ്രാന്റിന് അർഹതയ്ക്കുള്ള മാനദണ്ഡം, ക്ലാസ്, കോഴ്സ്, ഗ്രാന്റ് തുക, അപേക്ഷാരീതി, അപേക്ഷയുടെ മാതൃകയും അനുബന്ധ രേഖകളും എന്നിവ സംബന്ധിച്ചും മറ്റും ഉള്ള പദ്ധതി ബോർഡ് ആവിഷ്കരിച്ച് സർക്കാരിന്റെ അനുമതിയോടെ നടപ്പാക്കാവുന്നതാണ്.

**അപേക്ഷ ഫോറങ്ങളും ചെലാൻ ഫോറങ്ങളും**



- കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗത്വത്തിനുള്ള അപേക്ഷ ഫോറങ്ങളും കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ മുഖ്യ ഓഫീസ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണൽ ഓഫീസുകൾ, കോട്ടയ്ക്കലുള്ള ലെയ്സൺ ഓഫീസ് എന്നിവിടങ്ങളിൽ നിന്നും മറ്റ് ജില്ലകളിലെ അതത് കളക്ട്രേറ്റുകളിൽ പ്രവർത്തിക്കുന്ന

നോർക്ക സെല്ലുകലിൽ നിന്നും സൗജന്യമായി ലഭിക്കുന്നു.

- കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ www.pravasiwelfarefund.org .എന്ന വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്തും ഉപയോഗിക്കാവുന്നതാണ്.

**രജിസ്ട്രേഷൻ ഫീസ്**

- കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിന് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രജിസ്ട്രേഷൻ ഫീസ് 200/- രൂപ.
- കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ചെലാൻ മുഖേന എസ്.ബി.ടി.വഴിയോ, ഇന്ത്യൻ ബാങ്ക് വഴിയോ, Kerala Non-Resident Keralites Welfare Board എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി. മുഖേനയോ സമർപ്പിക്കാവുന്നതാണ്.

**അംശദായം അടയ്ക്കുന്നത് സംബന്ധിച്ച്**

- കേരള പ്രവാസി കേരളീയ ക്ഷേമ നിധിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് അംശദായം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നൽകുന്ന പിങ്ക് നിറത്തിലുള്ള ചെലാൻ മുഖാന്തരമോ പ്രിങ്ക്ചെലാന്റെ ഫോട്ടോ കോപ്പി എടുത്തും ഉപയോഗിക്കാം.
- അക്ഷയകേന്ദ്രങ്ങൾ മുഖേനയോ അംശദായം അടയ്ക്കാം.
- എസ്.ബി.ടി.യുടെ ഏതെങ്കിലും ബ്രാഞ്ചിൽ അക്കൗണ്ട് ഉള്ളവർക്ക് ഓട്ടോ ഡെബിറ്റ് സംവിധാനം ഉപയോഗിച്ചും അംശദായം അടയ്ക്കാം. ഈ സംവിധാനം എസ്.ബി.ടി.യുടെ ഏതെങ്കിലും ബ്രാഞ്ചിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുള്ള അംഗങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാമ്. ഇതിനായി അംശദായ അടവ് കാലാവധിയും നിരക്കും കാണിച്ച് ഒരു നിർദ്ദേശം ക്ഷേമനിധി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
- ഇതിന്റെ ഫോറം തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ക്ഷേമനിധി ഓഫീസിലും www.pravasiwelfarefund.org എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

**കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് ഓഫീസ് അഡ്രസ്സ്**

**മുഖ്യ ഓഫീസ് - തിരുവനന്തപുരം**

- കേരള പ്രവാസി കേരളീയ ക്ഷേമബോർഡ്, രണ്ടാം നില, നോർക്കസെന്റർ, ഗവ. ഗസ്റ്റ് ഹൗസ്സിന് സമീപം തൈയ്ക്കാട്, തിരുവനന്തപുരം–14
  ഫോൺ നമ്പർ – 0471–2785500, ഫാക്സ്–0471–2785501
  ഇ മെയിൽ – info@pravadiwelfarefund.org
  വെബ് സൈറ്റ് – www.pravasiwelfarefund.org

**റിജീയണൽ ഓഫീസ് – എറണാകുളം**

കേരള പ്രവാസി കേരളീയ ക്ഷേമബോർഡ്, (റീജിയണൽ ഓഫീസ്)
ശ്രീ സായി ബിൽഡിംഗ്, രവിപുരം റോഡ്, വളഞ്ഞമ്പലം, കൊച്ചി–682 016.
ഫോൺ നമ്പർ – 0484–2357566, ഫാക്സ്–0484–2357566
ഇ മെയിൽ – info@pravadiwelfarefund.org
വെബ് സൈറ്റ് – www.pravasiwelfarefund.org

**റിജീയണൽ ഓഫീസ് – കോഴിക്കോട്**

കേരള പ്രവാസി കേരളീയ ക്ഷേമബോർഡ്, (റീജിയണൽ ഓഫീസ്)
സാമൂതിരി കോംപ്ലക്സ് സ്ക്വയർ, റെയിൽവേ ലിങ്ക് റോഡ്, കോഴിക്കോട്,
ഫോൺ നമ്പർ – 0495–2304604
ഇ മെയിൽ – abdurahmanekkadan8@gmail.com
വെബ് സൈറ്റ് – www.pravasiwelfarefund.org

**ലെയ്സൺ ഓഫീസ്**

കേരള പ്രവാസി കേരളീയ ക്ഷേമബോർഡ്, മുൻസിപ്പൽ ബിൽഡിംഗ്, ടാക്സി സ്റ്റാന്റിനു സമീപം, കോട്ടയ്ക്കൽ പി.ഒ., മലപ്പുറം
ഫോൺ നമ്പർ – 0483–2744042
ഇ മെയിൽ – saleemvadakkan86@gmail.com
വെബ് സൈറ്റ് – www.pravasiwelfarefund.org

# മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്

മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതി വിഭവങ്ങളുടെ ശാസ്ത്രീയമായ വിവരശേഖരണം നടത്തുകയും മണ്ണിന്റെ ഘടന, രാസ ഭൗതിക സ്വഭാവങ്ങൾ, കഴിവുകൾ, പരിമിതികൾ എന്നിവ കൃത്യമായി അപഗ്രഥിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്തിന്റെ സുസ്ഥിര വികസനത്തിനായുള്ള വികസന പദ്ധതികളും, വിവിധ മണ്ണു ജലസംരക്ഷണ പദ്ധതികളും ശാസ്ത്രീയമായി നടപ്പാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെയാണ് മണ്ണു പര്യവേക്ഷണ സംരക്ഷണ വകുപ്പ് പ്രവർത്തിക്കുന്നത്. വാട്ടർഷെഡ് അടിസ്ഥാനത്തിൽ ഉള്ള വികസന പ്രവർത്തനങ്ങൾക്കും മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനും ഭൂവിഭവസമാഹരണത്തിനും ഊന്നൽ നല്കിയാണ് ഈ വകുപ്പ് പ്രവർത്തിക്കുന്നത്.

**I. മണ്ണു പര്യവേക്ഷണ സംരക്ഷണ വകുപ്പ് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾ**

**1. നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള മണ്ണ്-ജല സംരക്ഷണ പദ്ധതി (ആർ.ഐ.ഡി.എഫ്)**

നബാർഡ് സാമ്പത്തിക സഹായത്തോടെ വാട്ടർഷെഡ് അടിസ്ഥാനത്തിൽ മണ്ണു-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വാട്ടർഷെഡ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ പദ്ധതി പ്രദേശത്ത് അധിവസിക്കുന്ന എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതി ആനുകൂല്യം ലഭ്യമാകും. വ്യക്തിഗത പ്രവർത്തനങ്ങൾക്ക് 90% സബ്സിഡിയും പൊതുപ്രവർത്തനങ്ങൾക്ക് 95% സബ്സിഡിയും നൽകിവരുന്നു. നീർച്ചാലുകളുടെ സംരക്ഷണത്തിന് 95% സബ്സിഡി നൽകിവരുന്നു. വ്യക്തികൾക്ക് അവരുടെ പുരയിടങ്ങളിൽ സ്വന്തമായോ നോമിനി മുഖേനയോ പദ്ധതി പ്രവർത്തനങ്ങൾ നിർവഹിക്കാവുന്നതാണ്. കർഷകർക്ക് അവരവരുടെ പുരയിടങ്ങളിൽ വിവിധ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ സർക്കാർ നിബന്ധനകൾക്ക് വിധേയമായി ഹെക്ടറൊന്നിന് ശരാശരി 25,000 രൂപവരെ ലഭ്യമാകും.

കാർഷികഭൂമിയുടെ സംരക്ഷണത്തിനായി കല്ലുകയ്യാലകൾ, മൺകയ്യാലകൾ, ട്രെഞ്ചുകൾ, മഴക്കുഴികൾ, വൃക്ഷത്തൈ നടൽ, പുല്ലുവെച്ച് പിടിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കും പൊതു പ്രവർത്തനങ്ങളായ നീർച്ചാലുകളുടെ സംരക്ഷണാർത്ഥം പാർശ്വഭിത്തി നിർമാണം, തടയണ നിർമാണം, കുളങ്ങളുടെ നിർമാണം, വാട്ടർ ഹാർവെസ്റ്റിങ് സ്ട്രക്ചർ നിർമാണം തുടങ്ങിയ പ്രവൃത്തികൾക്കും ഈ പദ്ധതിയിൽ ആനുകൂല്യം നൽകിവരുന്നു. ഈ പദ്ധതിയിൻ കീഴിൽ 87 വിവിധ മണ്ണു-ജല സംരക്ഷണ പദ്ധതികൾ സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്നു.

**കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പരിസ്ഥിതി പുനരുജ്ജീവനത്തിനുള്ള മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ**

13-ാം ധനകാര്യ കമ്മീഷന്റെ അംഗീകാരത്തോടെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലായി കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മണ്ണുജല സംരക്ഷണ പ്രവർത്തികൾ നടപ്പിലാക്കുന്നുണ്ട്. കുളങ്ങളുടെ പുനരുദ്ധാരണം, കിണറുകളുടെ നവീകരണം, കിണറുകൾക്ക് മേൽപൊക്കംവക്കൽ, രാമച്ചംനടീൽ, ഫലവൃക്ഷതൈകളുടെയും ഔഷധസസ്യങ്ങളുടെയും വിതരണം തുടങ്ങിയ പ്രവർത്തികൾക്കുള്ള ആനുകൂല്യങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകി വരുന്നു. 100 ശതമാനം സബ്സിഡിയോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കിണറുകളുടെ നവീകരണത്തിന് പരമാവധി 32,500 രൂപവരെ ധനസഹായം നൽകുന്നു.

**8. ശുദ്ധജല സംഭരണികളുടെ വൃഷ്ടിപ്രദേശത്തെ മണ്ണു-ജല സംരക്ഷണം**

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ശുദ്ധജലവിതരണ പദ്ധതിയുടെയും കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ശുദ്ധജലവിതരണ പദ്ധതിയുടെയും ജലസംഭരണികളുമായി ബന്ധപ്പെട്ട വൃഷ്ടി പ്രദേശത്തെ മണ്ണൊലിപ്പ് നിയന്ത്രണ വിധേയമാക്കുന്നതിനായി കൃഷി ഭൂമി സംരക്ഷണത്തിനുള്ള കയ്യാലിറ നിർമാണം, ട്രെഞ്ചുകൾ, ടെറസുകൾ, മഴക്കുഴികൾ, പുൽവച്ചുപിടിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കും നീർച്ചാലുകളുടെ സംരക്ഷണത്തിനും ആനുകൂല്യം നൽകുന്നു. ഈ പ്രവൃത്തികൾക്കെല്ലാം തന്നെ 100 ശതമാനം ആനുകൂല്യമാണ് നൽകിവരുന്നത്. ഹെക്ടർ ഒന്നിന് പരമാവധി 30,000 രൂപ വരെ സാമ്പത്തിക സഹായം നല്കുന്നു.

**നീർത്തടാധിഷ്ഠിത വികസനത്തിൽ ഒരു വർഷത്തെ ഡിപ്ലോമ കോഴ്സ്**

ഇഗ്നോയും (IGNOU) കേന്ദ്രസർക്കാരിന്റെ ഭൂവിഭവവകുപ്പുമായി സഹകരിച്ച് ഒരു വർഷത്തെ ഡിപ്ലോമാ കോഴ്സ് ഈ സ്ഥാപനം വഴി നടത്തുന്നു. ഈ കോഴ്സിനുള്ള അടിസ്ഥാന യോഗ്യത +2 ജയിച്ചിരിക്കണം. കോഴ്സ് ഫീസ് 11000 രൂപയാണ്. എന്നാൽ ബി.പി.എൽ ഉദ്യോഗാർത്ഥികൾക്കും, ഗ്രാമീണ മേഖലയിൽ നിന്നു വരുന്നവർക്കും 50 ശതമാനം ഫീസ് ഇളവ് നല്കി വരുന്നു.

**എ. ജി.ഐ.എസിൽ പരിശീലനം**

മറ്റു വകുപ്പുകളിലെ സാങ്കേതിക ജീവനക്കാർക്കും പരിശീലനം ആവശ്യമുള്ള മറ്റു ഏജൻസികൾക്കും ഫീസ് ഈടാക്കി ജി.ഐ.എസിലും ജി.പി.എസിലും ഹ്രസ്വകാല പരിശീലന പരിപാടികൾ ജിയോമാറ്റിക്സ് ലാബിൽ നൽകുന്നുണ്ട്.

**ബി. റിമോർട്ട് സെൻസിങിൽ സർട്ടിഫിക്കറ്റ് കോഴ്സ്**

ഡെറാഡ്യൂണിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിമോട്ട് സെൻസിങും, ഇൻഡ്യൻ സ്പെയ്സ് റിസർച്ച് ഓർഗനൈസേഷനും മണ്ണു പര്യവേഷണ സംരക്ഷണ വകുപ്പും സംയുക്തമായി റിമോർട്ട് സെൻസിങ് ഇതര വിഷയങ്ങളിൽ ഒരു സർട്ടിഫിക്കറ്റ് കോഴ്സ് നടപ്പിലാക്കുന്നു. വിദൂര പഠന സംവിധാനത്തിൽ തികച്ചും സൗജന്യമായാണ് വഴുതയ്ക്കാടുള്ള വകുപ്പ് ആസ്ഥാനത്ത് ഈ കോഴ്സ് നടപ്പാക്കുന്നത്.

കേരളത്തിലെ 14 ജില്ലകളുടെയും മുൻഗണന തിരിച്ചുള്ള സൂക്ഷ്മ നീർത്തടങ്ങളുടെ വിവരങ്ങളടങ്ങുന്ന അറ്റ്ലസ് എല്ലാ ജില്ലാ മണ്ണു പര്യവേക്ഷണ ഓഫീസുകളിൽ നിന്നും ലഭ്യമാണ്. നീർത്തടാധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്കും സന്നദ്ധ സംഘടനകൾക്കും മറ്റ് വികസന വകുപ്പുകൾക്കും ഏറെ സഹായകമാണ് ഈ നീർത്തട അറ്റ്ലസുകൾ.

**17. കൺസൾട്ടൻസി**

പ്രാദേശിക തലത്തിലും പഞ്ചായത്ത് നീർത്തടാധിഷ്ഠിത തലത്തിലും ഭൂവിഭവങ്ങളെക്കുറിച്ച് വിവരശേഖരണംനടത്തുന്നതിനായി അതത് ജില്ലകളിൽ ഉൾപ്പെടുന്ന പഞ്ചായത്തുകൾ, നീർത്തടങ്ങൾ എന്നിവയുടെ വിശദ മണ്ണുപര്യ

വേക്ഷണം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഭൂവിഭവങ്ങളെ സംബന്ധി ക്കുന്ന വിവരങ്ങൾ ഫീസ് ഈടാക്കി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു.

ജില്ലയിലെ മണ്ണു ഭൂവിഭങ്ങൾ, നീർത്തടങ്ങൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ മറ്റു ഗവേഷണ സ്ഥാപനങ്ങളുടെ മണ്ണു സാമ്പിളുകളുടെ പരി ശോധനാഫലം എന്നിവ ആവശ്യാനുസരണം വിദ്യാർത്ഥികൾക്കും ശാസ്ത്ര ജ്ഞന്മാർക്കും മറ്റ് ഗവേഷണ സ്ഥാപനങ്ങൾക്കും സർക്കാർ നിഷ്കർച്ചിരി ക്കുന്ന ഫീസ് ഈടാക്കി ലഭ്യമാക്കുന്നതാണ്. നാളിതുവരെ ഈ സേവനങ്ങൾ ലഭ്യമാക്കുകവഴി 37 ലക്ഷം രൂപ വകുപ്പിന്റെ വരവ് ശീർഷകത്തിൽ അടച്ചിട്ടു ണ്ട്.

- ♦ കല്ലുകയ്യാല നിർമാണം Rs. 143.52 മീറ്ററൊന്നിന്
- ♦ നീർക്കുഴിയൊന്നിന് Rs. 80/-
- ♦ റബ്ബറിന് പ്ലാറ്റ്ഫോം വെട്ടുന്നതിന് Rs. 126/- പ്ലാറ്റ്ഫോമൊന്നിന്

- ♦ വ്യക്തിഗത ആനുകൂല്യമായി കുട്ടനാട് പാക്കേജിലുൾപ്പെടുത്തി കോട്ട യം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ 20,000 രൂപ മുതൽ 32,500 രൂപ വരെ കിണർ നിർമാണത്തിനായി കർഷകർക്ക് നൽകുന്നു.

**ആസ്ഥാന വിലാസം**

ഡയറക്ടർ,
മണ്ണു പര്യവേക്ഷണ സംരക്ഷണ വകുപ്പ്
സെന്റർ പ്ലാസ ബിൽഡിങ് 3,4 നില, വഴുതക്കാട്
തിരുവനന്തപുരം-14
ഫോൺ : 04712339800 (P), 04712339899 (ജനറൽ)
ഫാക്സ് : 0471-2338200, 0471-2339899 (ജനറൽ)
ഇ-മെയിൽ : pnplsoilsurvey@rediffmail.com

മണ്ണുസംരക്ഷണ/മണ്ണു പര്യവേഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി അതത് ജില്ലാ മണ്ണുസംരക്ഷണ/മണ്ണുപര്യവേഷണ ആഫീസുമായി ബന്ധപ്പെടാവുന്നതാണ്.

| ക്രമനമ്പർ | ബന്ധപ്പെടേണ്ട ഓഫീസർ | ഫോൺ നമ്പർ |
|---|---|---|
| 1 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ, തിരുവനന്തപുരം | 0471 2732648 |
| 2. | ജില്ലാ മണ്ണു പര്യവേക്ഷണ ഓഫീസർ, തിരുവനന്തപുരം | 0471 2469709 |
| 3 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ, കൊല്ലം | 047-42798816 |
| 4 | ജില്ലാ മണ്ണു പര്യവേക്ഷണ ഓഫീസർ, കൊല്ലം | 0474- 2767121 |
| 5 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ, പത്തനംതിട്ട | 0468-2224070 |
| 6 | ജില്ലാ മണ്ണു പര്യവേക്ഷണ ഓഫീസർ, പത്തനംതിട്ട | 0468- 2323105 |
| 7 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ, ആലപ്പുഴ | 0477-2254927 |
| 8 | ജില്ലാ മണ്ണു പര്യവേക്ഷണ ഓഫീസർ, ആലപ്പുഴ | 0477- 2236293 |
| 9 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ, കോട്ടയം | 0481-2568519 |
| 10 | ജില്ലാ മണ്ണു പര്യവേക്ഷണ ഓഫീസർ, കോട്ടയം | 0481-2300978 |

| | | |
|---|---|---|
| 11 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ, ഇടുക്കി | 0486-2252650 |
| 12 | ജില്ലാ മണ്ണു പര്യവേക്ഷണ ഓഫീസർ, ഇടുക്കി | 04862-228725 |
| 13 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ, എറണാകുളം | 0484-2423301 |
| 14 | ജില്ലാ മണ്ണു പര്യവേക്ഷണ ഓഫീസർ, എറണാകുളം | 0484- 2596262 |
| 15 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ, തൃശ്ശൂർ | 0487-2360426 |
| 16 | ജില്ലാ മണ്ണു പര്യവേക്ഷണ ഓഫീസർ, തൃശ്ശൂർ | 0487-2323965 |
| 17 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ, പാലക്കാട് | 0491-2565860 |
| 18 | ജില്ലാ മണ്ണു പര്യവേക്ഷണ ഓഫീസർ, പാലക്കാട് | 0491 -2505455 |
| 19 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ, മലപ്പുറം | 04832-767872 |
| 20 | ജില്ലാ മണ്ണു പര്യവേക്ഷണ ഓഫീസർ, മലപ്പുറം | 0483- 2739001 |
| 21 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ, കോഴിക്കോട് | 0495-2370790 |
| 22 | ജില്ലാ മണ്ണു പര്യവേക്ഷണ ഓഫീസർ, കോഴിക്കോട് | 0495 -2371060 |
| 23 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ, വയനാട് | 04936-203756 |
| 24 | ജില്ലാ മണ്ണു പര്യവേക്ഷണ ഓഫീസർ, വയനാട് | 04936- 246330 |

25 ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ,
കണ്ണൂർ 0497-2768260

26 ജില്ലാ മണ്ണു പര്യവേക്ഷണ ഓഫീസർ,
കണ്ണൂർ 0497 -2712818

27 ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ,
കാസർഗോഡ് 04994-256658

28 ജില്ലാ മണ്ണു പര്യവേക്ഷണ ഓഫീസർ,
കാസർഗോഡ് 04994-57450

# സംസ്ഥാന മത്സ്യബന്ധന വകുപ്പ്

**1. ദേശീയ മത്സ്യത്തൊഴിലാളി ഭവനനിർമാണം**

- ദേശീയ മത്സ്യത്തൊഴിലാളി ഭവനനിർമാണ പദ്ധതി പ്രകാരം രണ്ട് സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള മത്സ്യത്തൊഴിലാളി ലിസ്റ്റിൽ അംഗത്വമുള്ളവർക്ക് വീടൊന്നിന് 2,00,000/- രൂപ വച്ച് നൽകുന്നു. അപേക്ഷകൾ മത്സ്യഭവൻ വഴി സ്വീകരിക്കുകയും ജില്ലാ കളക്ടർ ചെയർമാനായുള്ള മോണിറ്ററിങ് കമ്മിറ്റിയിലൂടെ ഗുണഭോക്താക്കളെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു. 35 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള വീട് നിർമിക്കേണ്ടതും നിർമാണ പുരോഗതിക്ക് അനുസരിച്ച് ഗഡുക്കളായി തുക നൽകുന്നതുമാണ്. അപേക്ഷകൻ വിവാഹിതനും കുടുംബമായി താമസിക്കുന്ന ആളും സ്വന്തമായോ ഭാര്യയുടെ പേരിലോ വീടില്ലാത്ത ആളുമായിരിക്കണം. ധനസഹായം ലഭിക്കുന്നതിനായി നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷയുടെ മൂന്ന് പകർപ്പുകൾ തയാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം

*** ആവശ്യമായ രേഖകൾ**

- ക്ഷേമനിധി പാസ്ബുക്ക്, വിവാഹ സർട്ടിഫിക്കറ്റ്, റേഷൻകാർഡ് പകർപ്പ്, കരം തീരുവ രസീതും വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് / പ്രമാണത്തിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്

**2. സമ്പാദ്യ സമാശ്വാസ പദ്ധതി**

- മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുക. പഞ്ഞമാസങ്ങളിൽ ആശ്വാസമെത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. മത്സ്യത്തൊഴിലാളി ലിസ്റ്റിൽ അംഗത്വമുള്ളവരിൽ നിന്നും ജൂലൈ മാസം മുതൽ ഫെബ്രുവരി മാസം വരെ 100 രൂപ നിരക്കിൽ ആകെ 900 രൂപ പിരിക്കുകയും പഞ്ഞമാസങ്ങളായ മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ സർക്കാർ വിഹിതവും കൂടി ചേർത്ത് ആകെ 2700 രൂപ മൂന്നു തുല്യഗഡുക്കളായി നൽകുകയും ചെയ്യുന്നു. നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷകൾ തയാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം.

**ആവശ്യമായ രേഖകൾ**

- നടപ്പുവർഷം ക്ഷേമനിധിവിഹിതം അടച്ച രസീതും, രണ്ട് പാസ്പോർട്ട്

സൈസ് ഫോട്ടോയും.

**3. മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യം**

- മത്സ്യത്തൊഴിലാളി ലിസ്റ്റിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളുടെയും കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യമായി ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, ഫീസ്, പോക്കറ്റ് മണി എന്നിവ പഠിക്കുന്ന ക്ലാസിന്റെ അടിസ്ഥാനത്തിൽ നൽകുന്നു.

**4. മത്സ്യസമൃദ്ധി പദ്ധതി**

- ഉൾനാടൻ മത്സ്യമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി പദ്ധതി. ഇതിന്റെ കാലയളവ് 2012—2015 വരെയാണ്.
- സംസ്ഥാനത്തെ 14 ജില്ലകളിലും ഈ പദ്ധതി നടപ്പാക്കി വരുന്നു. അതത് ഫിഷറീസ് ജില്ലാ ഓഫീസുകൾ മുഖേനയാണ് പദ്ധതി നടപ്പാക്കി വരുന്നത്. ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രത്യേക അപേക്ഷാ ഫാറങ്ങൾ അതത് ജില്ലകളിലെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ / അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിൽ ലഭ്യമാണ്.

## ഫിഷറീസ് സർവകലാശാല

ഫിഷറീസ് സർവകലാശാല 2010 നവംബർ 20-ന് നിലവിൽ വന്നു. കൊച്ചിയിൽ നിന്നും 12 കിലോമീറ്റർ അകലെയുള്ള പനങ്ങാട് എൻഎച്ച്-47ന് സമീപത്തായി സ്ഥിതിചെയ്യുന്ന ഇതിന്റെ പൂർണമായ പേര് കേരളയൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻസ് സ്റ്റഡീസ് എന്നാണ്. ഫിഷറീസിൽ ബിരുദതലം മുതൽ ഡോക്ടറേറ്റ് തലം വരെയുള്ള പഠനസൗകര്യം ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

**ആസ്ഥാന വിലാസം**

കേരളയൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻസ് സ്റ്റഡീസ്, പനങ്ങാടി പി.ഒ, കൊച്ചി, കേരള
ഫോൺ : 0484-2700964, 2700598, 2700274
web: www.kufos.ac.in

## II. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ

### 1. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി (മത്സ്യത്തൊഴിലാളി / അനുബന്ധ തൊഴിലാളി)

- മത്സ്യമേഖലയിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതിപ്രകാരം ഇൻഷുർ ചെയ്തിട്ടുണ്ട്. അപകടമരണം, അവശത, അപകടം മൂലം കാണാതാകൽ എന്നിവയ്ക്ക് വ്യത്യസ്ത നിരക്കിലാണ് ധനസഹായം നൽകുന്നത്. നഷ്ടപരിഹാര തുക ലഭിക്കുന്നതിന് നിശ്ചിത ഫോറത്തിൽ ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം ഫിഷറീസ് ഓഫീസർക്ക് അപേക്ഷ നൽകണം.

- അപകടമരണം / കാണാതാകൽ 5,00,000 രൂപ
- അപകടം മൂലം ശാശ്വത/ പൂർണ്ണ അവശത 5,00,000 രൂപ
- അപകടം മൂലം ഭാഗിക അവശത 2,50,000 രൂപ

*** ആവശ്യമായ രേഖകൾ**

- **മരണമാണെങ്കിൽ** 1. മരണസർട്ടിഫിക്കറ്റ്, അസൽ 2. അംഗത്വ പകർപ്പ് 3. പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ പകർപ്പ് 4. രാസപരിശോധനയ്ക്കയച്ചാൽ ആയതിന്റെ പകർപ്പ് 5.പോലീസ് സ്റ്റേഷനിലെ FIR പകർപ്പ്

- **കാണാതാവുകയാണെങ്കിൽ** 1. പോലീസ് സ്റ്റേഷനിലെ റിപ്പോർട്ട്, 2. കളക്ടർ / ആർ.ഡി.ഒ.നൽകുന്ന സർട്ടിഫിക്കറ്റ്, 3. മാർഗരേഖ പ്രകാരമുള്ള അവകാശികളുടെ സത്യപ്രസ്താവന – നോട്ടറി സാക്ഷ്യപ്പെടുത്തിയത്

- അവശതയാണെങ്കിൽ

  1. ആശുപത്രിയിലെ കേസ് സർട്ടിഫിക്കറ്റ് 2. ഡോക്ടറുടെ സർട്ടിഫിക്കറ്റ് നിശ്ചിത ഫോറത്തിൽ.

### 2. അപകടത്തെ തുടർന്ന് ആശുപത്രി ചികിത്സക്ക് ധനസഹായം പദ്ധതി

- ഗ്രൂപ്പ് ഇൻഷുറൻസ് മാസ്റ്റർ പോളിസിയിൽ ഉൾപ്പെടുത്തി ഏർപ്പെടുത്തിയിട്ടുള്ളതാണ് ഈ പദ്ധതി. അപകടത്തെ തുടർന്ന് അടിയന്തിര ചികിത്സക്കായി ആശുപത്രിയിൽ പ്രവേശിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന ചികിത്സാ ചെലവിലേക്ക് ഈ പദ്ധതിപ്രകാരം പരമാവധി 20000 രൂപ ധനസഹായം നൽകുന്നു. സ്വകാര്യ ആശുപ്രതികളിലെ ചികിത്സയ്ക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. 24 മണിക്കൂറെങ്കിലും ആശുപത്രി

യിൽ കിടത്തി ചികിത്സിച്ചിട്ടുണ്ടെങ്കിൽ മാത്രമേ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയുള്ളു. ധനസഹായം ലഭിക്കുന്നതിനായി നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷയുടെ മൂന്ന് പകർപ്പുകൾ തയാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം.

- **ആവശ്യമായ രേഖകൾ** 1. വാങ്ങിയ മരുന്നുകളുടെയും ആശുപത്രി ചികിത്സയുടെയും സാക്ഷ്യപ്പെടുത്തിയ യഥാർത്ഥ ബില്ല് 2. പരിക്കിന്റെയും ചികിത്സയുടെയും വിവരങ്ങൾ അടങ്ങിയ ഡിസ്ചാർജ് സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

**3. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം**

- മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരിക്കുകയും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി പ്രകാരം 50000 രൂപ ധനസഹായം നൽകുന്നു.

**ആവശ്യമായ രേഖകൾ**

- മരണസർട്ടിഫിക്കറ്റ് അസൽ 2. ആശുപത്രിയിൽ പ്രവേശിപ്പിച്ചതിനു ശേഷമാണെങ്കിൽ മരണം സാധാരണ രോഗം കൊണ്ട് ഉണ്ടായതല്ല എന്നും അപ്രതീക്ഷിതകാരണം കൊണ്ടായിരുന്നുവെന്നും തെളിയിക്കുന്ന ഡോക്ടർ സർട്ടഫിക്കറ്റ്. 3.മരിച്ചയാളുടെ പാസ്ബുക്കിന്റെ കോപ്പി. 4.പോലീസ് സ്റ്റേഷനിലെ FIR പകർപ്പ്

**4. വിവാഹധനസഹായ പദ്ധതി**

- മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. 10,000 രൂപ വായ്പയായും തിരിച്ചടക്കേണ്ടാത്ത ധനസഹായമായും ആരംഭിച്ച ഈ പദ്ധതി പ്രകാരമുള്ള സർട്ടിഫിക്കറ്റ് ധനസഹായത്തുക ഇപ്പോൾ ഒട്ടും തിരിച്ചടക്കേണ്ട തില്ല. വിവാഹത്തീയതിക്ക് മുമ്പായി മതിയായ രേഖകൾ സാഹിത്യമുള്ള അപേക്ഷ ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം. നിശ്ചിത ഫോറത്തിൽ തയാറാക്കിയ അപേക്ഷകളുടെ രണ്ട് പകർപ്പുകൾ സമർപ്പിക്കേണ്ടത്.

**ആവശ്യമായ രേഖകൾ**

- വിവാഹത്തീയതിക്ക് മുൻപ് അപേക്ഷ സമർപ്പിക്കണം, 2. വധുവിന്റെ വയസ് തെളിയിക്കുന്നതിനായി സ്കൂൾ സർട്ടിഫിക്കറ്റ് / ജനനമരണ രജിസ്ട്രേഷനിൽ നിന്നുള്ള സർട്ടിഫിക്കറ്റ്/ ജ്ഞാനസ്നാന സർട്ടിഫിക്കറ്റ് 3. വിവാഹം നിശ്ചയിച്ചു എന്ന് തെളിയിക്കുന്നതിന് ഉത്തരവാദപ്പെട്ട സ്ഥാപനത്തിന്റെയോ സംഘടനയുടെയോ ഭാരവാഹികളിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ് / അച്ഛനും മകളും കൂട്ടായി എഴുതിയ സത്യവാങ്മൂലം ഫിഷറീസ് ആഫീസർ സാക്ഷ്യപ്പെടുത്തിയത് 4.വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ച കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് 5. പാസ്ബുക്കിന്റെ പകർപ്പ്

**5. മത്സ്യത്തെ തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി**

- മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ മരണമടയുമ്പോൾ ശവസംസ്ക്കാരം തുടങ്ങിയ ചെലവുകൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം നൽകുന്ന സാമ്പത്തിക സഹായം 2000/- രൂപയാണ്. മത്സ്യത്തൊഴിലാളികളുടെ അമ്മ, അച്ഛൻ, ഭാര്യ/ ഭർത്താവ്, മൈനർമാരായ ആൺമക്കൾ, അവിവാഹിതരായ പെൺമക്കൾ എന്നിവരുടെ മരണം സംഭവിക്കുമ്പോഴാണ് ഈ പദ്ധതി പ്രകാരമുള്ള

## തണൽപദ്ധതി

ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി മത്സ്യബന്ധനവകുപ്പ്, മത്സ്യഫെഡ് / തൊഴിൽ വകുപ്പ് എന്നിവയുടെ സംയുക്ത സംരംഭമാണ് (2013 ജനുവരി)സർക്കാരിന്റെ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള തണൽ പദ്ധതി. ഇതിൻപ്രകാരം വറുതിയുടെ മാസങ്ങളായ ട്രോളിങ് നിരോധന മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് 1350/- നിരക്കിൽ സാമ്പത്തികസഹായം അനുവദിക്കുന്നു. ഈ ആനുകൂല്യത്തിനായി മത്സ്യത്തൊഴിലാളികളും അനുബന്ധത്തൊഴിലാളികളും സമീപത്തുള്ള മത്സ്യഭവനുമായി ബന്ധപ്പെടേതാണ്.

* മത്സ്യതൊഴിലാളികളുടെ കൈകളിൽ സുരക്ഷിതമായി എത്തുന്നുവെന്ന് ഉറപ്പാക്കാനായി ധനസഹായം ബാങ്ക് അക്കൗണ്ടിലൂടെ മാത്രമേ വിതരണം ചെയ്യുകയുള്ളു.

ധനസഹായം നൽകുന്നത്. ആശ്രിതർ മരിച്ച് മൂന്നു മാസത്തിനകം മതിയായ രേഖകൾ സഹിതം നിശ്ചിത ഫോറത്തിൽ തയാറാക്കിയ അപേക്ഷയുടെ രണ്ടു പകർപ്പുകൾ ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം.

**ആവശ്യമായ രേഖകൾ**

- മരിച്ചയാളിന്റെ മത്സ്യബോർഡ് പാസ്ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും മരണസർട്ടിഫിക്കറ്റും

**6. വാർദ്ധക്യകാല പെൻഷൻ പദ്ധതി**

- വാർദ്ധക്യകാലത്ത് വരുമാനമാർഗമൊന്നുമില്ലാതെ കഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. കേരളത്തിൽ കുറഞ്ഞത് 10 വർഷമെങ്കിലും മത്സ്യത്തൊഴിലാളിയായി ജോലി ചെയ്ത് ഉപജീവനം കഴിക്കുകയും 60 വയസ് പൂർത്തിയാക്കുകയും തൊഴിലിൽനിന്നും വിരമിക്കുകയും ചെയ്യുന്ന ക്ഷേമനിധി അംഗങ്ങൾ പെൻഷൻ ലഭിക്കുന്നതിന് അർഹരാണ്. അപേക്ഷകരുടെ വ്യക്തിഗത വാർഷിക വരുമാനം 5000/- രൂപയിൽ കൂടുതലായിരിക്കരുത്. അപേക്ഷ തീയതി തൊട്ട് അഞ്ചു വർഷം മുമ്പെങ്കിലും മത്സ്യബോർഡിൽ വിഹിതം അടച്ച് അംഗത്വമെടുത്തിരിക്കുകയും കുടിശിക ഇല്ലാതെ വിഹിതങ്ങൾ അടയ്ക്കുകയും ചെയ്തിരിക്കണം. അപേക്ഷ തയ്യാറാക്കി രണ്ട് പകർപ്പുകൾ നിശ്ചിത ഫോറത്തിൽ ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം. പ്രതിമാസം 500 രൂപ പെൻഷൻ നൽകുന്നു.
- വില്ലേജ് ആഫീസറിൽ നിന്നും ലഭിച്ച വ്യക്തിഗത വാർഷിക വരുമാന സർട്ടിഫിക്കറ്റ് 2. വയസ് തെളിയിയക്കുന്നതിന് ജനന സർട്ടിഫിക്കറ്റ് / ജ്ഞാനസ്നാന സർട്ടിഫിക്കറ്റ് / നിശ്ചിത ഫോറത്തിൽ ഉള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, 3. മത്സ്യബോർഡ ്പാസ്ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**7. അപകടം മൂലമുണ്ടാകുന്ന താല്ക്കാലിക അവശതക്ക് ആശ്വാസ ധനസഹായ പദ്ധതി**

- അപകടം മൂലം താല്ക്കാലികമായി തൊഴിൽ ചെയ്യാൻ കഴിയാതെ വരുന്ന കാലത്തേക്ക് ഉപജീവനത്തിനുള്ള ആശ്വാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്. അവശതകാലത്തെ ആദ്യത്തെ ഏഴു ദിവസത്തേക്ക് 100 രൂപയും പിന്നീടുള്ള ഓരോ ദിവസത്തേക്കും 15 രൂപാ വീതവും പരമാവധി 500 രൂപ ഈ പദ്ധതിപ്രകാരം ധനസഹായമായി നൽകുന്നതാണ്.

കുറഞ്ഞത് ഏഴു ദിവസമെങ്കിലും തൊഴിൽ ചെയ്യാൻ പറ്റാതെ വന്നാൽ മാത്രമേ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയുള്ളൂ. അപകടം മൂലം അവശതയുണ്ടായാലുടൻ തന്നെ വിവരം ഫിഷറീസ് ഓഫീസറെ അറിയിക്കണം. ധനസഹായത്തിനുള്ള അപേക്ഷ നിശ്ചിത ഫോറത്തിൽ രണ്ട് പകർപ്പുകൾ തയാറാക്കി അപകടം സംഭവിച്ച തീയതി മുതൽ മൂന്ന് മാസത്തിനകം ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് സമർപ്പിച്ചിരിക്കണം.

*** ആവശ്യമായ രേഖകൾ**

- സർക്കാർ ആശുപത്രിയിൽ ചികിത്സിച്ച ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്
- മത്സ്യബോർഡ് പാസ്ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**8. മത്സ്യത്തൊഴിലാളിയുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി**

- മത്സ്യത്തൊഴിലാളികൾ ഏതു സാഹചര്യത്തിൽ മരിച്ചാലും 15,000 രൂപ ആശ്രിതർക്ക് സൗജന്യ ധനസഹായമായി നൽകുന്നു. മാർഗരേഖ പ്രകാരമുള്ള ആശ്രിതൻ വെള്ളക്കടലാസിൽ അപേക്ഷയുടെ രണ്ട് പകർപ്പുകൾ തയാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം. മത്സ്യത്തൊഴിലാളി മരണപ്പെട്ട് മൂന്ന് മാസത്തിനകം ഈ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകനും മരിച്ചയാളുമായുള്ള ബന്ധവും മരിച്ച തീയതിയും അപേക്ഷയിൽ പ്രത്യേകമായി കാണിച്ചിരിക്കേണ്ടതും അപേക്ഷകൻ ഒപ്പിട്ടിരിക്കേണ്ടതുമാണ്. മരിച്ചയാളിന്റെ മത്സ്യബോർഡ് പാസ് ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും മരണ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.

**9. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നതവിജയം നേടുന്നവർക്ക് ക്യാഷ് അവാർഡും, തുടർവിദ്യാഭ്യാസത്തിന് ധനസഹായവും**

- വിദ്യാഭ്യാസ പുരോഗതി നേടുന്നതിന് മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനാണ് ഈ പദ്ധതി തയാറാക്കിയിട്ടുള്ളത്. സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന കുട്ടിക്ക് 5,000/- രൂപയും സംസ്ഥാന തലത്തിൽ രണ്ടാം സ്ഥാനം ലഭിക്കുന്ന കുട്ടിക്ക് 4,000/- രൂപയും ജില്ലാതലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന കുട്ടിക്ക് 3,000/- രൂപയും കൂടാതെ മെറിറ്റ് സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്. സമ്മാനാർഹമായ ഒരേ മാർക്കു നേടിയ ഒന്നിലധികം പേരുണ്ടെങ്കിൽ ഓരോരുത്തർക്കും മേൽകാണിച്ച തുക സമ്മാനമായി നൽകുന്ന

താണ്. ഓരോ വർഷവും എസ്.എസ്.എൽ.സി. പരീക്ഷാഫലം പ്രസിദ്ധീകരിച്ചാലുടനെതന്നെ കമ്മീഷണർ ഈ പദ്ധതി സംബന്ധിച്ച് ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾ നേരിട്ടോ, രക്ഷിതാവ് മുഖേനയോ നിശ്ചിത തീയതിക്കകം അപേക്ഷകൾ ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

**ആവശ്യമായ രേഖകൾ**

- വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ പകർപ്പ്, രക്ഷിതാവിന്റെ മത്സ്യബോർഡ് പാസ്ബുക്കിന്റെ പകർപ്പ്, ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.

**10. കുടുംബ സംവിധാന പദ്ധതി**

- വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയരാകുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും പുരുഷൻമാർക്കും സാമ്പത്തിക സഹായം നൽകിക്കൊണ്ട് കുടുംബം സംവിധാനത്തിന് പ്രോത്സാഹനം നൽകുന്നതിനുള്ള ഒരു പദ്ധതിയാണിത്. ശസ്ത്രക്രിയയോടനുബന്ധിച്ചുള്ള ശുശ്രൂഷ ചെലവുകൾക്കായി 500 രൂപയാണ് ധനസഹായമായി നൽകുന്നത്. ശസ്ത്രക്രിയയ്ക്കു വിധേയരാകുന്ന മത്സ്യത്തൊഴിലാളികളായ സ്ത്രീകൾക്കോ പുരുഷൻമാർക്കോ നേരിട്ട് അപേക്ഷ നൽകാം. അവരുടെ ഭർത്താവോ/ഭാര്യയോ ശസ്ത്രക്രിയയ്ക്കു വിധേയരായാലും മത്സ്യത്തൊഴിലാളികൾക്ക് ധനസഹായ അപേക്ഷ സമർപ്പിക്കാം. ശസ്ത്രക്രിയ കഴിഞ്ഞ് 60 ദിവസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷയുടെ രണ്ട് പകർപ്പുകൾ തയാറാക്കി ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

**ആവശ്യമായ രേഖകൾ**

- ശസ്ത്രക്രിയ നടത്തിയ അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ്, മത്സ്യബോർഡ് പാസ്ബുക്കിന്റെ പകർപ്പ്.

**11. മാരകരോഗ ചികിത്സാ പദ്ധതി**

- മാരകരോഗങ്ങൾ പിടിപെട്ട് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ദ്ധ ചികിത്സയ്ക്കു വേണ്ട ധനസഹായം വിവധ രോഗങ്ങളുടെ അടിസ്ഥാനത്തിൽ നൽകുന്നതിനുള്ള പദ്ധതിയാണിത്.ഹൃദ്രോഗം, വൃക്കരോഗം, ക്യാൻസർ, തലച്ചോറിലെ ട്യൂമർ, തളർവാതം ചികിത്സിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസികരോഗം എന്നീ രോഗങ്ങളുടെ ചികിത്സാസഹായമായി പരമാവധി 50,000/- രൂപവരെ നൽകുന്നു. കൂടാതെ ക്യാൻസർ, സ്വബോധം നഷ്ടപ്പെട്ട മാനസിക രോഗം, അതീവ ഗുരുതരമായ മന്ത്

എന്നിവ മൂലം കഷ്ടപ്പെടുന്ന രോഗികൾക്ക് പ്രതിമാസം 100/- രൂപ പ്രകാരം അവശതാപെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്. രോഗിയോ രോഗിയുടെ രക്ഷിതാവോ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ മൂന്ന് പകർപ്പുകൾ തയാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം.

* **ആവശ്യമായ രേഖകൾ** 1. വില്ലേജ് ആഫീസറിൽ നിന്നും ലഭിച്ച വരുമാന സർട്ടിഫിക്കറ്റ് 2. സർക്കാർ ആശുപത്രിയിൽ ചികിത്സിച്ച ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് 3. സർക്കാർ ആശുപത്രിയിൽ നിന്നും സ്വകാര്യ ആശുപ്രതിയിലേക്ക് റഫർ ചെയ്തതിന്റെ രേഖ 4. വയസ് തെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ്/ ജ്ഞാനസ്നാന സർട്ടിഫിക്കറ്റ്/ നിശ്ചിത ഫോറത്തിൽ ഉള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് 5. മത്സ്യബോർഡ് പാസ്ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 6.ചികിത്സ ചിലവിലേക്കുള്ള ബില്ലുകൾ - ചികിത്സിച്ച് ഡോക്ടർ സാക്ഷ്യപ്പെടുത്തിയത് 7.ചികിത്സി ക്കുന്ന ഡോക്ടറുടെ പ്രിസ്ക്രിപ്ഷന്റെ പകർപ്പ്,.

**12. ചെയർമാൻ റിലീഫ് ഫണ്ട്**

● അപ്രതീക്ഷിതമായുണ്ടാകുന്ന അപകടങ്ങൾ കൊണ്ടും പ്രകൃതി ക്ഷോഭ ങ്ങൾ കൊണ്ടും ദുരിതമനുഭവിക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ധനസഹായമായി 5000/- വരെ നൽകുന്നതിനുള്ള പദ്ധതി യാണിത്. അപകടങ്ങളെപ്പറ്റിയും നാശനഷ്ടങ്ങളെപ്പറ്റിയുമുള്ള വിവരങ്ങൾ ലഭിച്ചാലുടനെ തന്നെ ബന്ധപ്പെട്ട മത്സ്യബോർഡ് ഉദ്യോഗസ്ഥൻമാർ സ്ഥലം സന്ദർശിച്ച് ധനസഹായം അനുവദിക്കുന്നതാണ്. ധനസഹായ തുക അടിയന്തിര സന്ദർഭങ്ങളോടനുബന്ധിച്ച് ഉടനടി വിതരണം ചെയ്യാൻ പറ്റാതെ വരുന്ന സന്ദർഭങ്ങളിൽ നിശ്ചിത ഫോറത്തിൽ അപേക്ഷ തയാ റാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്.

**13.പ്രസവശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി**

● മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ക്ഷേമം ലാക്കാക്കി ക്കൊണ്ടുള്ള ഒരു പദ്ധതിയാണിത്. ക്ഷേമനിധിയിൽ കുടിശിക ഇല്ലാതെ വിഹിതം അടച്ചുതീർത്തിട്ടുള്ള പ്രവർത്ത്യുന്മുഖ മത്സ്യത്തൊഴിലാളി വനി തകൾക്കും മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവ ശുശ്രൂഷ ധന സഹായം ലഭിക്കുന്നതാണ്. ആദ്യത്തെ രണ്ടു പ്രസവങ്ങൾക്ക് 750/- രൂപ വീതമാണ് നൽകുന്നത്.

* **ആവശ്യമായ രേഖകൾ** 1. ഡോക്ടർ സർട്ടിഫിക്കറ്റ് 2. വിവാഹ സർട്ടിഫി ക്കറ്റ് 3. വയസ്സ് തെളിയിക്കുന്നതിനുള്ള നിയമാനുസൃതരേഖ.

### 14. മരിച്ച മത്സ്യത്തൊഴിലാളിയുടെ ഭാര്യയ്ക്ക് പെൻഷൻ നൽകുന്ന പദ്ധതി

- മത്സ്യത്തൊഴിലാളിയുടെ മരണം നിരാലംബരാക്കി തീർക്കുന്നവരുടെ ഭാര്യമാർക്ക് ആശ്വാസ ധനസഹായമെന്ന നിലയിൽ പ്രതിമാസം 500/- രൂപ വീതം പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. മത്സ്യബോർഡിൽ വിഹിതമടച്ച് അംഗത്വമെടുത്ത ശേഷം വാർദ്ധക്യകാല പെൻഷൻ പദ്ധതിപ്രകാരമുള്ള പെൻഷൻ ഒരു ഗഡുപോലും വാങ്ങുന്നതിനുമുമ്പായി മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

* **ആവശ്യമായ രേഖകൾ** 1. മരണസർട്ടിഫിക്കറ്റ്/ഫിഷറീസ് ആഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

- മത്സ്യബോർഡ് പാസ്ബുക്കിന്റെ പകർപ്പ്
- റേഷൻകാർഡിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തിയത്
- പുനർവിവാഹം നടത്തിയിട്ടില്ല. സ്ഥിരവരുമാനമുള്ള തൊഴിൽ ഇല്ല എന്നു തെളിയിക്കുന്നതിന് ഗസറ്റഡ് ഓഫീസർ/പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ സെക്രട്ടറി/മെമ്പർ നൽകുന്ന സർട്ടിഫിക്കറ്റ്

## III. അനുബന്ധ മത്സ്യതൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ

### 1. അനുബന്ധ മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

- അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് വാർദ്ധക്യകാലത്ത് ആശ്വാസ ധനസഹായമായി പ്രതിമാസം 500/- രൂപ വീതം പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്.

**ആവശ്യമായ രേഖകൾ**

- അപേക്ഷകന്റെ രണ്ട് ഫോട്ടോ
- വില്ലേജ് ആഫീസിൽ നിന്ന് ലഭിക്കുന്ന വരുമാന സർട്ടിഫിക്കറ്റ്,
- മറ്റ് പെൻഷനുകൾ ലഭിക്കുന്നില്ലെന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്
- വയസ്സ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്
- വിഹിതം പൂർണ്ണമായും അടച്ചിട്ടുണ്ടെന്ന് തെളിയിക്കുന്ന പാസ്ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

**2. അപകടത്തെ തുടർന്നുള്ള ആശുപത്രി ചികിത്സക്ക് ധനസഹായം**

- പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി നടപ്പാക്കിയിട്ടുള്ള ഈ പദ്ധതിയുടെ ആനുകൂല്യം അനുബന്ധതൊഴിലാളികൾക്ക് നൽകുന്നുണ്ട്. പരമാവധി ചികിത്സാധനസഹായം 20,000/- രൂപയാണ്.

**3. അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായം**

- മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് കുടിശിക ഇല്ലാതെ വിഹിതം അടച്ചുവരുന്ന മത്സ്യബന്ധന അനുബന്ധത്തൊഴിലാളി ഏതു സാഹചര്യത്തിൽ മരിച്ചാലും, മറ്റു പദ്ധതികൾ പ്രകാരം ധനസഹായത്തിന് അർഹതയില്ലെങ്കിലും അവരുടെ ആശ്രിതർക്ക് 15,000/- രൂപ ധനസഹായമായി നൽകും. കുടുംബനാഥന്റെ വേർപാടുമൂലം ദുരിതമനുഭവിക്കേണ്ടി വരുന്ന കുടുംബാംഗങ്ങൾക്ക് ഈ പദ്ധതി ഒരു പരിധിവരെയെങ്കിലും ആശ്വാസം നൽകുന്നു.

**4. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി**

- അനുബന്ധത്തൊഴിലാളികളായ വനിതകളുടെ പ്രസവ ശുശ്രൂഷയ്ക്കായി 750/- രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണിത്. ആദ്യത്തെ രണ്ടു പ്രസവങ്ങൾക്ക് മാത്രമേ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയുള്ളൂ.

**5. ഉന്നതവിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്**

- അനുബന്ധത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിപ്രകാരം എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനത്തെത്തുന്ന വിദ്യാർത്ഥിക്ക് 5,000/- രൂപയും രണ്ടാം സ്ഥാനത്തെത്തുന്ന വിദ്യാർത്ഥിക്ക് 4,000/- രൂപയും ജില്ലാ തലത്തിൽ ഒന്നാം സ്ഥാനത്തെത്തുന്നവർക്ക് 3,000/- രൂപ വീതവും ക്യാഷ് അവാർഡായി നൽകുന്നു.

**6. അനുബന്ധത്തൊഴിലാളി രോഗിചികിത്സാ പദ്ധതി**

- മത്സ്യബന്ധനമേഖലയിലെ അനുബന്ധത്തൊഴിലാളികളുടെ മാരകരോഗ ചികിത്സയ്ക്ക് ധനസഹായം നൽകുന്ന പദ്ധതിപ്രകാരം വിവിധ രോഗങ്ങൾക്ക് 25,000/- രൂപ വരെ ധനസഹായം നൽകുന്നതാണ്.

**ആവശ്യമായ രേഖകൾ**

- വില്ലേജാഫീസിൽ നിന്നും ലഭിച്ച വരുമാന സർട്ടിഫിക്കറ്റ്,
- സർക്കാർ ആശുപത്രിയിൽ ചികിത്സിച്ച ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.
- സർക്കാർ ആശുപത്രിയിൽ നിന്ന് പ്രത്യേകം സ്വകാര്യ ആശുപത്രിയിലേയ്ക്ക് റഫർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ.
- ചികിത്സിച്ച ഡോക്ടറുടെ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ.
- രോഗിയുടെ വയസ്സ് തെളിയിക്കുന്നതിന് സ്കൂൾ സർട്ടിഫിക്കറ്റ് / ജനന മരണ രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ്.
- ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ മത്സ്യബോർഡ് പാസ്ബുക്കിന്റെ പകർപ്പ്.
- ചികിത്സിക്കുന്ന ഡോക്ടറുടെ പ്രസിക്രിപ്ഷന്റെ പകർപ്പ്.

**7. അനുബന്ധത്തൊഴിലാളികളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായ പദ്ധതി**

- അനുബന്ധമത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. 1500 രൂപ തിരിച്ചടക്കേണ്ടാത്ത ധനസഹായമായി നൽകുന്നു.

**8. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി**

- ക്ഷേമനിധി അംഗത്വമുള്ള അനുബന്ധ തൊഴിലാളികളിൽ നിന്നും പ്രത്യേക പ്രീമിയം തുകയൊന്നും ഈടാക്കാതെ തന്നെ അവർക്കും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യം നൽകുന്നുണ്ട്.

**9. അനുബന്ധത്തൊഴിലാളികൾക്ക് കുടുംബ സംവിധാനത്തിന് ധനസഹായം**

- വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയരാകുന്ന അനുബന്ധമത്സ്യത്തൊഴിലാളി സ്ത്രീകൾക്കും പുരുഷൻമാർക്കും സാമ്പത്തിക സഹായം നൽകികൊണ്ട് കുടുംബ സംവിധാനത്തിന് പ്രോത്സാഹനം നൽകുന്നതിനുള്ള ഒരു പദ്ധതിയാണിത്. ശസ്ത്രക്രിയയോടനുബന്ധിച്ചുള്ള ശുശ്രൂഷ ചിലവുകൾക്കായി 500 രൂപയാണ് ധനസഹായമായി നൽകുന്നത്.

## അനുബന്ധം –1

## ബോർഡ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികളും ധനസഹായ തുകയും ഒറ്റനോട്ടത്തിൽ

**എ. മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതി.**

| | | ധനഹായ തുക |
|---|---|---|
| 1. | ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി | |
| ● | അപകട മരണത്തിന് /മത്സ്യബന്ധന വേളയിൽ കാണാതാകൽ | 5,00000/- രൂപ |
| ● | ശാശ്വത/പൂർണ അവശത | 5,00000/- രൂപ |
| ● | ശാശ്വത/ഭാഗിക അവശത | 2,50,000/- രൂപ |
| ● | അപകടമരണമടഞ്ഞ മത്സ്യ ത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം (പരമാവധി 2 കുട്ടികൾക്ക്) | ഒരു കുട്ടിക്ക് 5,000/- രൂപ പ്രകാരം 1,0000/- രൂപ |
| ഇ. | ആശുപത്രി ചികിത്സക്ക് ധനസഹായം | പരമാവധി 2,0000/- രൂപ |
| എഫ്. | ശവസംസ്കാര ചടങ്ങിന് ധനസഹായം | 2,000/- രൂപ |
| 2 | മത്സ്യബന്ധനസമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ഉണ്ടാകുന്ന മരണം ആശ്രിതർക്ക് ധനസഹായം | 50,000/- രൂപ |
| 3. | പെൺമക്കളുടെ വിവാഹ ധനസഹായം | 10,000/- രൂപ |
| 4. | വാർദ്ധക്യകാല പെൻഷൻ | പ്രതിമാസം 500/- രൂപ |
| 5. | അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായം | 500/- രൂപ |
| 6. | മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം | 15,000/- രൂപ |
| 7. | എസ്.എസ്.എൽ.സി ക്യാഷ് അവാർഡ് 10എ+ ലഭിക്കുന്നവർക്ക് | 5,000/- രൂപ |

| | | |
|---|---|---|
| | 9എ+ ലഭിക്കുന്നവർക്ക് | 4,000/- രൂപ |
| | 8എ+ ലഭിക്കുന്നവർക്ക് | 3,000/- രൂപ |
| 8. | കുടുംബ സംവിധാന പദ്ധതി | 500/- രൂപ |
| 9. | മാരകരോഗ ചികിൽസാധനസഹായം | പരമാവധി 5,0,000/- രൂപ |
| 10 | ചെയർമാൻസ് റിലീഫ് ഫണ്ട് | പരമാവധി 5,000/- രൂപ |
| 11. | പ്രസവ ശുശ്രൂഷക്കുള്ള ധനസഹായം | 750/- രൂപ |
| 12. | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം പ്ളസ് ടു, പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക് | 5,000/- രൂപ |
| | വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ നേടുന്നവർക്ക് | 3,000/- രൂപ |
| 13. | വിധവാ പെൻഷൻ | പ്രതിമാസം 500/- രൂപ |

**ബി. മത്സ്യബന്ധനമേഖലയിലെ അനുബന്ധത്തൊഴിലാളികൾക്കുള്ള ധനസഹായം**

| | | |
|---|---|---|
| 1. | ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി | |
| ● | അപകട മരണം | 5,00000/- രൂപ |
| ● | ശാശ്വത/പൂർണ അവശത | 5,00000/- രൂപ |
| ● | ശാശ്വത/ഭാഗിക അവശത | 2,50000/- രൂപ |
| ● | അപകടമരണമടഞ്ഞ അനുബന്ധ തൊഴിലാളികളുടെ കുട്ടികൾക്ക് (2 പേർക്ക്) വിദ്യാഭ്യാസ സഹായം | ഒരു കുട്ടിക്ക് 5,000/- പരമാവധി 1,0000/- രൂപ |
| ● | ആശുപത്രി ചികിത്സക്ക് ധനസഹായം | പരമാവധി 2,0000/- രൂപ |
| ● | ശവസംസ്കാര ചടങ്ങിന് ധനസഹായം | പരമാവധി 2,000/- രൂപ |
| 2. | വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രതിമാസം | 500/- രൂപ |

| | | |
|---|---|---|
| 3. | അനുബന്ധത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം | 5,000/- രൂപ |
| 4. | പ്രസവ ശുശ്രൂഷയ്ക്ക് ധനസഹായ ത്തിനുള്ള പദ്ധതി | 750/- രൂപ |
| 5. | എസ്.എസ്.എൽ.സി അവാർഡ് | |
| | 10 എ+ ലഭിക്കുന്നവർക്ക് | 5,000/- രൂപ |
| | 9 എ+ ലഭിക്കുന്നവർക്ക് | 4,000/- രൂപ |
| | 8 എ+ ലഭിക്കുന്നവർക്ക് | 3,000/- രൂപ |
| 6. | രോഗ ചികിത്സാ ധനസഹായം | പരമാവധി 25,000/- രൂപ |
| 7. | അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000/- രൂപ |
| 8. | കുടുംബസംവിധാന പദ്ധതി | 500/- രൂപ |
| 9. | വനിതാ പീലിങ് തൊഴിലാളികൾക്ക് ധനസഹായം ആളൊന്നിന് (കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകൾക്ക്) | 2,000/- രൂപ വീതം |
| 10. | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം | |
| | പ്ളസ് ടു പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക് | 5,000/- രൂപ |
| | വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക് | 3,000/- രൂപ |

## IV. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ

മത്സ്യഫെഡ് വഴി നടപ്പാക്കുന്ന വായ്പകൾക്കും ആനുകൂല്യങ്ങൾക്കും പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണം സംഘം വഴി അപേക്ഷിക്കുകയും മത്സ്യഫെഡ് ക്ലസ്റ്റർ ഓഫീസറുടെ (പ്രോജക്ട് ഓഫീസർ / അസിസ്റ്റന്റ് മാനേജർ) പരിശോധനയ്ക്കായി മത്സ്യഭവനിൽ അയയ്ക്കുകയും പരിശോധനയ്ക്കു ശേഷം പ്രസ്തുത അപേക്ഷകൾ ജില്ലാ ഓഫീസിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു.

- ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതിപ്രകാരം മത്സ്യത്തൊ

ഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ സ്വന്തമാക്കുന്നതിനാവശ്യമായ വായ്പ, മത്സ്യത്തൊഴിലാളി വനിതകൾക്ക് വിപണനം നടത്തുന്നതിനാവശ്യമായ പ്രവർത്തന മൂലധന വായ്പ, പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് പ്രവർത്തന മൂലധനം, കെട്ടിടം മറ്റു സൗകര്യങ്ങൾ എന്നിവയ്ക്ക് ധനസഹായം, സബ്സിഡി ഓഹരിമൂലധനം, മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്വയം തൊഴിൽ വായ്പ എന്നിവ നൽകുന്നു. മത്സ്യബന്ധനോപകരണങ്ങൾക്ക് 22.5% സബ്സിഡി നൽകുന്നു.

- പ്രാഥമിക സഹകരണ സംഘങ്ങൾക്ക് മത്സ്യം താത്ക്കാലികമായി കേട് കൂടാതെ സൂക്ഷിക്കുന്നതിനും, മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വിപണന തൊഴിലാളികൾക്ക് മത്സ്യം കൊണ്ട് പോകുന്നതിന് വാഹനസൗകര്യത്തിനും സാമ്പത്തിക സഹായം നൽകുന്നു.
- ദേശീയ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടി സ്വയം തൊഴിലിനായി ജാമ്യവ്യവസ്ഥയിൽ ആറ് ശതമാനം പലിശ നിരക്കിൽ വായ്പകൾ നൽകുന്നു. സംഘങ്ങളിൽ അംഗങ്ങളായ 18 വയസിനും 45 വയസിനും ഇടയ്ക്ക് പ്രായമായ മത്സ്യത്തൊഴിലാളികൾക്ക് അപേക്ഷ നൽകാവുന്നതാണ്.
- എൻ.ബി.സി.എഫ്.ഡി.സിയുടെ ധനസഹായത്തോടെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ വായ്പയായി പരമാവധി 1 ലക്ഷം രൂപ വരെ വാർഷിക ഫീസിനത്തിൽ നൽകുന്നു. കോഴ്സ് പൂർത്തീകരിക്കുന്നതിനായി ഒരു വിദ്യാർത്ഥിക്ക് പരമാവധി അഞ്ച് ലക്ഷം രൂപ വരെ വായ്പയായി ലഭിക്കുന്നു. ഈ വായ്പയുടെ പലിശ നിരക്ക് നാലു ശതമാനം ആണ്.
- എൻ.എം.ഡി.എഫ്.സിയുടെ ധനസഹായത്തോടെ മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ വായ്പയായി പരമാവധി 1 ലക്ഷം രൂപ വരെ വാർഷിക ഫീസിനത്തിൽ നൽകുന്നു. ഒരു വിദ്യാർത്ഥിയ്ക്ക് പരമാവധി 5,00,000 രൂപ വരെ വായ്പയായി ലഭിക്കുന്നു. ഈ വായ്പയുടെ പലിശ നിരക്ക് മൂന്നുശതമാനമാണ്.
- മത്സ്യത്തൊഴിലാളികളെയും അവരുടെ കുടുംബാംഗങ്ങളെയും സ്വയം സഹായ ഗ്രൂപ്പുകളായി സംഘടിപ്പിക്കുകയും അവർക്ക് തൊഴിൽ ചെയ്യുന്നതിനായി മൈക്രോഫിനാൻസ് വായ്പ പദ്ധതിപ്രകാരം പരസ്പര ജാമ്യത്തിൻമേൽ ആറ് ശതമാനം പലിശ നിരക്കിൽ ലളിതമായ

നടപടിക്രമങ്ങളിലൂടെ വായ്പ നൽകുന്നു.

- മത്സ്യക്കച്ചവടം നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് ആദ്യ ഗഡുവായി 5,000 രൂപ **പലിശരഹിത വായ്പ** യായി നൽകുന്നു. ഒരു വർഷത്തിനുള്ളിൽ മുടക്കം കൂടാതെ ടി തുക തിരിച്ചടയ്ക്കുന്നവർക്ക് അടുത്ത ഗഡുവായി 10,000 രൂപയും, ടി 10,000 രൂപ ഒരു വർഷത്തിനു ള്ളിൽ മുടക്കം കൂടാതെ തിരിച്ചടയ്ക്കുന്നവർക്ക് അടുത്ത ഗഡുവായി 15,000 രൂപയും പലിശരഹിത വായ്പയായി നൽകുന്നു. വായ്പ അടച്ചു തീർക്കുന്ന മുറയ്ക്ക് 20,000 രൂപ കൂടി ലഭിക്കും.
- കേന്ദ്രാവിഷ്കൃത യന്ത്രവൽക്കരണ പദ്ധതിപ്രകാരം പ്രാഥമിക സംഘ ങ്ങളിലൂടെ കുറഞ്ഞത് ആറു മാസമെങ്കിലും മത്സ്യലേലം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് സംഘങ്ങൾക്ക് 10 എച്ച്.പിയിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിനുകൾ വാങ്ങുന്നതിന് പരമാവധി 10,000 രൂപ വരെ സബ്സിഡി നൽകുന്നു.
- 10 എച്ച്.പിയിൽ താഴെയുള്ള മോട്ടോർ ഉപയോഗിച്ചു മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന വല വാങ്ങുന്ന തിന് പരമാവധി 6,000 രൂപ വരെ സബ്സിഡി നൽകുന്നു.
- പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ബാങ്ക് വായ്പ മുഖേന മത്സ്യ ബന്ധനോപകരണങ്ങൾ സ്വന്തമാക്കുന്നതിന് വിലയുടെ 25% വരെ പരമാവധി സബ്സിഡി നൽകുന്നു.
- എം.പി.ഇ.ഡി.എയുടെ ധനസഹായത്തോടെ അലങ്കാരമത്സ്യകൃഷിയിൽ ഏർപ്പെടുന്ന കർഷകർക്ക് മത്സ്യവിത്ത് ഉല്പാദനത്തിന് സബ്സിഡി യായി ഗ്രേഡ് ഒന്നിന് 75,000 രൂപയും, ഗ്രേഡ് രണ്ടിന് രണ്ട് ലക്ഷം രൂപയും, ഗ്രേഡ് മൂന്നിന് 7.5 ലക്ഷം രൂപയും എം.പി.ഇ.ഡി.എ.യുടെ നിബന്ധനകൾക്ക് വിധേയമായി നൽകുന്നു.
- മത്സ്യഫെഡ് വഴി വായ്പയായി നൽകിയിട്ടുള്ള മത്സ്യബന്ധന ഉപകര ണങ്ങൾ കടലാക്രമണം കൊണ്ടും അപകടങ്ങൾ കൊണ്ടും നഷ്ടപ്പെ ടുന്ന മത്സ്യത്തൊഴിലാളിക്ക് പരിഹാരം നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു.
- മത്സ്യത്തൊഴിലാളി അപകട ഇൻഷുറൻസ് പദ്ധതി പ്രകാരം വാർഷിക പ്രീമിയം അടച്ച് അംഗങ്ങളാകുന്ന മത്സ്യതൊഴിലാളി അപകടത്തിൽപ്പെട്ട് മരിക്കുകയാണങ്കിൽ അവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപയും, അപ കടത്തിൽ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ അതിന്റെ തീവ്രത അനുസരിച്ച് ആനുപാതികമായ തുകയും ഇൻഷുറൻസ് ആനു

കൂല്യമായും ലഭിക്കുന്നു.

- വനിതാ മത്സ്യത്തൊഴിലാളികളുടെ യാത്രാസൗകര്യത്തിനു ലാന്റിങ് സെന്ററിൽ നിന്ന് മാർക്കറ്റിലേയ്ക്ക് തിരുവനന്തപുരം ജില്ലയിൽ മൂന്ന് ബസുകൾ പ്രവർത്തിക്കുന്നു.
- ശക്തികുളങ്ങര കമ്മ്യൂണിറ്റി പീലിങ് സെന്ററിൽ അനുബന്ധ മത്സ്യത്തൊഴിലാളി വനിതകൾക്ക് പീലിങ്ങിന് അടിസ്ഥാന സൗകര്യം നൽകുന്നു.
- മത്സ്യഫെഡ് നെറ്റ് ഫാക്ടറിയിൽ നിന്ന് മത്സ്യബന്ധനാവശ്യങ്ങൾക്കുള്ള വല, വിവിധയിനം മത്സ്യക്കൂടുകൾ എന്നിവ ഉല്പാദിപ്പിച്ച് നേരിട്ടും വ്യാസാസ്റ്റോറുകൾ വഴിയായും വില്പന നടത്തി വരുന്നു.
- മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ വല, എഞ്ചിൻ അനുബന്ധ ഉപകരണങ്ങൾ, ലൂബ്രിക്കന്റ് ഓയിൽ എന്നിവയും ജീവൻ രക്ഷാ ഉപ കരണങ്ങളായ ലൈഫ് ബോയ് , ലൈഫ് ജാക്കറ്റ്, ഇലക്ട്രോണിക്സ് ഉപകരണങ്ങളായ ഇക്കോസൗണ്ടർ, വി.എച്ച്.എഫ് റേഡിയോ, ജി.പി. എസ്.ഇൻസുലേറ്റഡ് ബോക്സുകൾ, പ്ലാസ്റ്റിക്ക് ക്രേയ്റ്റസ് എന്നിവയും ന്യായമായ വിലയിൽ 12 വ്യാസസ്റ്റോറുകളിൽ നിന്നും നൽകുന്നു. കൂടാതെ മത്സ്യബന്ധനത്തിനാവശ്യമായ ഡീസൽ മത്സ്യഫെഡിന്റെ അഞ്ച് ഡീസൽ ബാങ്കുകളിലൂടെയും ലഭ്യമാക്കുന്നു.
- മത്സ്യഫെഡിന്റെ 13 ഒ.ബി.എം വർക്ക് ഷോപ്പിൽ നിന്ന് മത്സ്യത്തൊഴി ലാളികൾക്ക് മിതമായ നിരക്കിൽ, എഞ്ചിന്റെ യഥാർത്ഥ സ്പെയർ പാർട്ടു കൾ ഉപയോഗിച്ച്, എഞ്ചിനുകൾ റിപ്പയർ ചെയ്ത് കൊടുക്കുന്നു.
- മത്സ്യഫെഡ് ഐസ് & ഫ്രീസിങ് പ്ലാന്റ്, കൊച്ചിയിൽ നിന്ന് മത്സ്യം ശീതികരിച്ച് കയറ്റി അയയ്ക്കുകയും, കൂടാതെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും നടത്തുകയും ചെയ്യുന്നു.
- അഴിക്കോടും, കോഴിക്കോടും പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഫിഷ്മീൽ പ്ലാന്റ് വഴി കാർഷികാവശ്യത്തിനുള്ള മത്സ്യവളം ഉല്പാദിപ്പിച്ച് വിത രണം ചെയ്യുന്നു.
- നീണ്ടകരയിലുള്ള കൈറ്റിൻ-കൈറ്റോസൺ പ്ലാന്റ് ചെമ്മീൻ തോടിൽ നിന്ന് കൈറ്റോസൻ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നു.
- കൈറ്റോൺ ക്യാപ്സ്യൂൾ ഉല്പാദിപ്പിച്ച് വിതരണം നടത്തി വരുന്നു.
- ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ പച്ചമത്സ്യം ന്യായവിലയ്ക്ക് ലഭ്യ

മാക്കാൻ മത്സ്യഫെഡ് ഫ്രെഷ് ഫിഷ് മാർക്കറ്റുകൾ എറണാകുളം, കോട്ടയം, കോഴിക്കോട് ജില്ലകൾ കേന്ദ്രീകരിച്ച് പ്രവർത്തിപ്പിക്കുന്നു.

- പ്രവർത്തന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ഡീസൽ എഞ്ചിനുകളുടെ വിതരണം പരീക്ഷണാർത്ഥം നടപ്പിലാക്കി വരുന്നു.
- പൊതു വിപണിയിലെ വില നിയന്ത്രിയ്ക്കുന്നതിനും ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി കൺസ്യൂമർ ഫെഡുമായി സഹകരിച്ച് മത്സ്യ നീതി സ്റ്റോറുകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയായി നടത്തിവരുന്നു.
- മത്സ്യഫെഡിന്റെ നാല് ഹാച്ചറികളിൽ നിന്ന് നാരൻ, കാര, ആറ്റുകൊഞ്ച് എന്നിവയുടെ വിത്ത് ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകുകയും മൂന്ന് ഫാമുകളിൽ നിന്ന് മത്സ്യവും ചെമ്മീനും വളർത്തി വിപണനം നടത്തുകയും ചെയ്യുന്നു.
- അക്വേറിയം-കം-റിസർച്ച് സെന്റർ, തെന്മലയിൽ അലങ്കാരമത്സ്യങ്ങളുടെ പ്രദർശനവും ഉല്പാദനവും നടത്തിവരുന്നു. കൂടാതെ അലങ്കാര മത്സ്യ കൃഷിയെ സംബന്ധിച്ച് സ്വയം സഹായം ഗ്രൂപ്പുകൾക്കും സ്വയം സംരംഭവകർക്കും പരിശീലനവും നൽകി വരുന്നു.
- മത്സ്യഫെഡ് ചെയർമാന്റെ ദുരിതാശ്വാസനിധിയിൽ നിന്നും പ്രാഥമിക സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് ചികിത്സാ സഹായമായി 2500/- രൂപ വരെയും അപകട മരണം സംഭവിയ്ക്കുന്ന പക്ഷം മരണാനന്തര ചെലവുകൾക്കായി 5000 രൂപയും നൽകി വരുന്നു.
- മത്സ്യത്തൊഴിലാളി അപകട ഇൻഷുറൻസ് പദ്ധതിയിൽ അംഗമായിരിക്കുകയും മത്സ്യബന്ധന സമയത്ത് ഹൃദയസ്തംഭനം മൂലം മരണപ്പെടുകയും ചെയ്യുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപ സഹായി നൽകി വരുന്നു.
- പ്രാഥമിക സംഘാംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ മക്കളിൽ നിന്നും എസ്.എസ്.എൽ.സി. / പ്ലസ് ടു തലത്തിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകിവരുന്നു. കൂടാതെ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ എൻട്രൻസ് കമ്മീഷണറുടെ ലിസ്റ്റ് പ്രകാരം പ്രവേശനം നേടുന്നവർക്ക് പ്രോൽസാഹന സമ്മാനമായി 10000 രൂപ വീതം നൽകി വരുന്നു. ബിരുദ / ബിരുദാനന്തര ബിരുദ പരീക്ഷകളിൽ റാങ്ക് ലഭിക്കുന്നവർക്ക് യഥാക്രമം 5000/- രൂപയും 10,000 രൂപയും നൽകുന്നതാണ്.

- കലാകായിക രംഗത്ത് സംസ്ഥാന/ദേശീയ തലത്തിൽ ഒന്നാം സ്ഥാനം നേടുന്ന പ്രാഥമിക സംഘാംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.
- മത്സ്യത്തൊഴിലാളി മേഖലയിലെ വിവിധ വിഷയങ്ങളെ സംബന്ധിച്ച് സെമിനാറുകൾ, വർക്ക്ഷോപ്പ്, പ്രദർശനങ്ങൾ, ബോധവൽക്കരണ പരിപാടികൾ കൂടാതെ തൊഴിൽ പരിശീലനങ്ങൾ മുതലായവ നടത്തി വരുന്നു.
- മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴിയായി, തീരദേശ ലേലം നടത്തി മത്സ്യത്തിന് ന്യായമായ വില ഉറപ്പു വരുത്തുന്നു.

**സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്)**

- കേരളത്തിലെ മത്സ്യതൊഴിലാളി സ്ത്രീകളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിനായി വിവിധതരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ കീഴിൽ രൂപം നല്കിയിട്ടുള്ള ഒരു പദ്ധതി നിർവഹണ ഏജൻസിയാണ് സാഫ്.
- കേരളത്തിലെ മത്സ്യതൊഴിലാളി വനിതകൾക്ക് ജീവനോപാധി കണ്ടെത്തുന്നതിനായി ആവശ്യമുള്ള സംരഭകത്വ പരിശീലനം, വൈദഗ്ദ്യ പരിശീലനം, സാമ്പത്തിക സഹായം, മാർക്കറ്റിങ് വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കുക തുടങ്ങി എല്ലാത്തരം സഹായങ്ങളും സാഫ് വഴി നല്കിവരുന്നു.
- കേരളത്തിലെ പത്രങ്ങളിലൂടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള പരസ്യം നല്കുകയാണ് ആദ്യ നടപടി. ഇതിനുള്ള അപേക്ഷാഫോറങ്ങൾ എല്ലാ മത്സ്യഭവനുകളിലും, പഞ്ചായത്ത് ഓഫീസുകളിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ പ്രത്യേക മാനദണ്ഡങ്ങൾക്കനുസരിച്ച് മാർക്ക് നല്കിയ ശേഷം പഞ്ചായത്തുതലത്തിൽ ചേരുന്ന ഉന്നതസമിതി യോഗത്തിൽ അംഗീകരിക്കുകയും അവരുടെ പട്ടിക പഞ്ചായത്തുതലത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മാർക്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് നല്കിയ പട്ടികയിൽ നിന്നും ഓരോ പഞ്ചായത്തിലും അനുവദിച്ചു നല്കിയിട്ടുള്ള പ്രോജക്റ്റിന്റെ ഗുണഭോക്തൃ യൂണിറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി ഗ്രൂപ്പുകളെ തിരഞ്ഞെടുക്കുന്നു. വിവിധ പദ്ധതികളിൽ നാലുമുതൽ -ആറു വനിതകൾ അടങ്ങിയതാണ് ഒരു ഗുണഭോക്തൃഗ്രൂപ്പ്. ഗ്രൂപ്പുകൾ മുഖേന മാത്രമേ സാഫിന്റെ സാമ്പത്തിക സഹായം അനുവദിക്കുകയുള്ളു. ഗ്രൂപ്പുകളെ തിരഞ്ഞെടുത്ത ശേഷം അവർക്ക് ആവശ്യമായ

സംരഭകത്വ പരിശീലനം, പദ്ധതി തയാറാക്കൽ, മാനേജ്മെന്റ് പരിശീലനം, വൈദഗ്ദ്യ പരിശീലനം എന്നിവ നല്കുന്നു.

## സാഫ് വഴി നടപ്പാക്കി വരുന്ന ക്ഷേമപദ്ധതികൾ

### 1) വനിതാ മത്സ്യത്തൊഴിലാളികൾക്കുള്ള പലിശരഹിത വായ്പാ പദ്ധതി

### (Interest Free Financial Credit to Fisher women)

- തീരദേശ മേഖലയിലെ വനിതാ മത്സ്യത്തൊഴിലാളികൾക്കായി സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്. വനിതാ മത്സ്യത്തൊഴിലാളികൾക്ക് ഒരു വർഷത്തേക്ക് പലിശരഹിത വായ്പ തൊഴിൽ ചെയ്യുന്നതിനായി അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി നടപ്പിലാക്കുന്നത് സാഫിന്റെ മേൽനോട്ടത്തിൽ മത്സ്യഫെഡ് വഴിയാണ്.

### 2) മൂല്യവർദ്ധിത മത്സ്യോത്പന്നങ്ങളുടെ നിർമാണ യൂണിറ്റ് (VAFP)

### (Establishment of Value Added Fish Production Unit)

- സംസ്ഥാനത്തെ ഉൾനാടൻ / തീരദേശ മേഖലയിലെ വനിതാ മത്സ്യത്തൊഴിലാളികൾക്കായി സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് മൂല്യവർദ്ധിത മത്സ്യഉല്പന്നങ്ങളുടെ നിർമാണ യൂണിറ്റ്. ജില്ലകളിലെ തിരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ഒൻപത് തീരദേശ ജില്ലകളിൽ നിന്നായി ഓരോ യൂണിറ്റിലും അഞ്ച് അംഗങ്ങൾ വീതമുള്ള 104 യൂണിറ്റുകൾ തിരഞ്ഞെടുക്കുകയും തിരഞ്ഞെടുത്ത ഗ്രൂപ്പുകൾക്ക് ആവശ്യമായ പരിശീലവും നൽകുന്നു. 104 യൂണിറ്റുകളുടെ പ്രവർത്തനത്തിന് വേണ്ടിയുള്ള സാമ്പത്തിക സഹായമായി രണ്ട് ഗഡുക്കളായി നൽകും. പത്രപ്പരസ്യത്തിലൂടെ അപേക്ഷകൾ ക്ഷണിച്ച് പഞ്ചായത്ത് ഓഫീസ്, മത്സ്യഭവൻ എന്നിവ വഴി അപേക്ഷ സ്വീകരിക്കും.

### 3) സൂക്ഷ്മ സംരംഭങ്ങളുടെ നിലനിൽപ്പ് (SME)

### (Sustainability of Micro Enterprises)

- സാഫ് മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് സൂക്ഷമ സംരംഭങ്ങളുടെ നിലനിൽപ്പ്. ഈ പദ്ധതിപ്രകാരം ഗുണഭോക്തൃ യൂണിറ്റുകളിൽനിന്നും നന്നായി പ്രവർത്തിക്കുന്ന യൂണിറ്റുകളെ തെരഞ്ഞെടുത്ത് അവർക്ക് ആവശ്യമായ ടെക്നിക്കൽ സ്കിൽ ട്രെയിനിങ്, അക്കൗണ്ടിങ് ട്രെയിനിങ് തുടങ്ങിയ പരിശീലന പരിപാടികൾ നടത്തുന്നു. നന്നായി പ്രവർത്തിക്കുന്ന ഗ്രൂപ്പുകളെ വിവിധ എക്സിബിഷനുകൾ, മേളകൾ, ട്രേഡ്ഫെയർ എന്നിവയിൽ പങ്കെടുപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുമുള്ള പരസ്യ

ത്തിനും മാർക്കറ്റിങ്ങിനും ആവശ്യമായ ധനസഹായം നൽകുകയെന്നതു മാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

### 4. ഉല്പന്നങ്ങളുടെ വിപണനത്തിനുള്ള സഹായം (MSF) (Market Support to Fisherwomen)

- സാഫിന്റെ കീഴിലുള്ള ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് മാർക്കറ്റിങ്ങിന് സഹായം നൽകുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്. കേരളത്തിലെ തീരപ്രദേശങ്ങളിൽ ഇതുവരെ സാഫിന്റെ ധനസഹായം ലഭിച്ചിട്ടുള്ള ഗുണഭോക്തൃഗ്രൂപ്പുകൾക്ക് ഉല്പന്നങ്ങളുടെ വിപണനത്തിനുള്ള സഹായം നൽകുന്നതാണ്. ഈ പദ്ധതിയിൽ 115 ഗുണഭോക്തൃഗ്രൂപ്പുകൾക്ക് ഒരു യൂണിറ്റിന് പരമാവധി 25000 രൂപ എന്ന നിരക്കിലാണ് സാമ്പത്തിക സഹായം നൽകുന്നത്. ഓരോ ജില്ലയിലും തിരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പുകൾക്ക് സാഫിന്റെ ഗ്രാന്റ് വിഹിതമായ സാമ്പത്തിക സഹായം നൽകുകയും ആവശ്യമായ പരിശീലന പരിപാടികൾ നടത്തിവരികയും ചെയ്യുന്നു.

### 5. സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ വികസനം (DME) (Development of Micro Enterprises)

- സംസ്ഥാനത്തെ ഉൾനാടൻ / തീരദേശ മേഖലയിലെ വനിതാ മത്സ്യത്തൊഴിലാളികൾക്കായി സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്. ആലപ്പുഴ, തൃശൂർ, എറണാകുളം എന്നീ മൂന്ന് ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഗ്രൂപ്പ് അംഗങ്ങൾക്ക് അച്ചീവ്മെന്റ് മോട്ടീവേഷൻ ട്രെയിനിങ്, സാങ്കേതിക പരിശീലനം, മാനേജ്മെന്റ് പരിശീലനം എന്നിങ്ങനെ എല്ലാ മേഖലയിലും വിദഗ്ദ്ധ പരിശീലനം നൽകി വരുന്നുണ്ട്. ട്രെയിനിംഗ് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഒന്നാംഘട്ടം സ്ഥിരമൂലധനത്തിന്റെ 80% നല്കും. ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് പ്രവർത്തന മൂലധനത്തിന്റെ 80% അനുവദിക്കുന്നതാണ്.

### തീരമൈത്രി പദ്ധതി

- കേന്ദ്രാവിഷ്കൃത ജീവനോപാധി പദ്ധതികളായ ടീപ്പ്, ടി.ആർ.പി, പി.എം.എൻ.ആർ.എഫ് എന്നിവയിലൂടെ തിരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിച്ച ഗ്രൂപ്പകളുടെ സുസ്ഥിരമായ നിലനിൽപ്പിനും പുരോഗതിക്കുമായി സംസ്ഥാന ഫണ്ടുപയോഗിച്ച് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ''തീരമൈത്രി''. ഫിഷറീസ് വകുപ്പ് നേരിട്ടും ADAK, FIRMA, MATSYAFED, BFFDA, SAF തുടങ്ങിയ ഏജൻസികളിലൂടെയും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള 2500 ഓളം ആക്ടിവിറ്റി ഗ്രൂപ്പുകളുടെ നിലനിൽപ്പ് ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതി പഞ്ചായത്ത് തലത്തിൽ സ്ഥാപിതമായിട്ടുള്ളതും പഞ്ചായത്ത്

പ്രസിഡന്റ് ചെയർമാനും മത്സ്യഭവൻ ഓഫീസർ ട്രഷററുമായിട്ടുള്ള 'തീര മൈത്രി കൗൺസിൽ' മുഖേനയാണ് നടപ്പാക്കുന്നത്.

- വിവിധ തരത്തിലുള്ള ട്രെയിനിങ്ങുകൾ, പലിശയില്ലാതെ ഗ്രൂപ്പുകൾക്ക് തിരിച്ചടക്കാവുന്ന വർക്കിങ് ക്യാപ്പിറ്റൽ റിവോൾവിങ് ഫണ്ട്, പുതിയ ജീവനോപാധിപദ്ധതികൾ, സൂപ്പർമാർക്കറ്റുകൾക്കുള്ള ധനസഹായം, സീഫുഡ് സെന്ററുകൾ ആരംഭിക്കൽ തുടങ്ങി വിവിധയിനം ശീർഷകങ്ങളിലായി ഈ പദ്ധതിക്ക് അനുവദിച്ച തുക വിനിയോഗിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്തുകളുടെ തീരമൈത്രി കൗൺസിലുകളിൽ നിന്നുംനിർദ്ദേശിക്കപ്പെടുന്ന അപേക്ഷകൾക്ക് ജില്ലാതല അപ്രൂവൽകമ്മിറ്റികളാണ് തീർപ്പ് കൽപ്പിച്ച് തുക അനുവദിക്കുന്നത്.

## VI. എഫ്. അഡാക്ക് നടപ്പാക്കി വരുന്ന ക്ഷേമപ്രവർത്തനങ്ങൾ

- സംസ്ഥാന മത്സ്യവകുപ്പിന്റെ കീഴിൽ കേരളത്തിലെ ജലകൃഷി സമഗ്ര വികസനത്തിനായി ട്രാവൻകൂർ-കൊച്ചിൻ ലിറ്ററസി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം 1989-ൽ പ്രവർത്തനമാരംഭിച്ച അഡാക്ക് മുഖേന വിവിധ ക്ഷേമപദ്ധതികൾ നടപ്പാക്കി വരുന്നു.

### 1. പൊക്കാളി പാടങ്ങളിൽ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി

- എറണാകുളം, ആലപ്പുഴ, തൃശൂർ എന്നീ ജില്ലകളിൽ വ്യാപിച്ചു കിടക്കുന്ന പൊക്കാളി പാടശേഖരങ്ങളിൽ നെൽക്കൃഷിക്കുശേഷം ചെമ്മീൻ കൃഷി നടത്തി നെല്ലിന്റെയും ചെമ്മീനിന്റെയും ഉല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.
- മത്സ്യ കർഷകർക്ക് ബണ്ട് നിർമാണം, സ്ലൂയിഡ് നിർമാണം എന്നീ പശ്ചാത്തല സൗകര്യ വികസനത്തിന് 60% സബ്സിഡിയും മത്സ്യതീറ്റ, വിത്ത്, കുളം ഒരുക്കൽ തുടങ്ങിയ ആവർത്തന ചെലവുകൾക്ക് 75% സബ്സിഡിയും ലഭിക്കുന്നു. അഡാക്കിന്റെ എറണാകുളം റീജിയണൽ ഓഫീസ് മുഖാന്തിരം ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് സ്ഥല സന്ദർശനം നടത്തി ചെമ്മീൻ കൃഷിയുടെ അനുയോജ്യത കണക്കാക്കി കർഷകരെ തിരഞ്ഞെടുക്കുന്നു. മത്സ്യകർഷകർക്ക് ഹെക്ടർ ഒന്നിന് 1,32,225 രൂപ സബ്സിഡി ഇനത്തിൽ ലഭിക്കുന്നു.



### 2. കൈപ്പാട് നിലങ്ങളിലെ നെൽ-ചെമ്മീൻ കൃഷി

- കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന 90 ഹെക്ടർ കൈപ്പാട് നിലങ്ങളിലെ നെൽ-ചെമ്മീൻ കൃഷി പദ്ധതിയ്ക്കായി സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി രണ്ടു കോടി രൂപ 2012-13 വർഷം

അനുവദിച്ചിട്ടുണ്ട്. പദ്ധതിയിൽ അഞ്ചു പേരിൽ കുറയാത്ത അംഗങ്ങളുള്ള സ്വയം സഹായസംഘങ്ങളാണ് ഗുണഭോക്താക്കൾ. പദ്ധതി പ്രവർത്തന ങ്ങൾ പുരോഗമിച്ചു വരുന്നു. കൈപ്പാട് പാടശേഖരങ്ങളിൽ നെൽക്കൃഷി ക്കുശേഷം ചെമ്മീൻ കൃഷി നടത്തി നെല്ലിന്റെയും ചെമ്മീനിന്റെയും ഉല്പാ ദനം വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

- കർഷകർ ഒന്നാം വിളയായി നെൽക്കൃഷിയും രണ്ടാം വിളയായി ചെമ്മീൻ കൃഷിയും നടത്തിവരുന്നു. പദ്ധതിയിൽ ബണ്ട് നിർമാണം, സ്ലൂയിസ് നിർമാണം എന്നീ പശ്ചാത്തല സൗകര്യ വികസനത്തിന് 60% സബ്സി ഡിയും മത്സ്യതീറ്റ, വിത്ത്, കുളം ഒരുക്കൽ തുടങ്ങിയ ആവർത്തന ചെല വുകൾക്ക് 75% സബ്സിഡിയും നൽകി വരുന്നു. അഡാക്കിന്റെ കീഴിൽ തലശേരിയിൽ എരഞ്ഞോളിയിൽ പ്രവർത്തിക്കുന്ന ഫാം മുഖാന്തിരമാണ് പദ്ധതി പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ധനസഹായത്തിന് ഇവിടെ ഗുണഭോക്തൃ ഗ്രൂപ്പുകൾ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് സ്ഥല സന്ദർശനം നടത്തി കൃഷിയുടെ അനുയോജ്യത കണക്കാക്കി ഗ്രൂപ്പുകളെ തിരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നു.
- അഞ്ച് ഹെക്ടർ വിസ്തൃതി വരുന്ന ഒരു പാടശേഖരത്തിന് 8,45,625 രൂപ സബ്സിഡി ഇനത്തിൽ ലഭിക്കുന്നു.

**3. പി.സി.ആർ. ലാബുകൾ**

- ചെമ്മീൻ കൃഷി മേഖലയിൽ കൃഷിക്കായി ഉപയോഗിക്കുന്ന ചെമ്മീൻ കുഞ്ഞുങ്ങൾ രോഗവിമുക്തമാണെന്ന് ഉറപ്പു വരുത്തുന്നതിനു വേണ്ടി അഡാക്കിന്റെ നേതൃത്വത്തിൽ എറണാകുളത്തെ കുമ്പളങ്ങിയിലും, പറ വൂരിലും ഓടയത്തു പ്രവർത്തിക്കുന്ന ഹാച്ചറിയിലും പി.സി.ആർ. ലാബു കൾ പ്രവർത്തിച്ചു വരുന്നു. പുറമെയുള്ള ലാബുകളിൽ ടെസ്റ്റ് നടത്തുന്ന തിനേക്കാൾ കുറഞ്ഞ നിരക്കിലാണ് ഈ ലാബുകളിൽ പി.സി.ആർ ടെസ്റ്റ് നടത്തുന്നത്. വിവിധ വൈറസ് ടെസ്റ്റുകൾക്ക് ടെസ്റ്റ് ഒന്നിന് 900 രൂപ, (WSSV), 700 രൂപ (MBV), 800 രൂപ, (IHHNV), 700 രൂപ, (HPV) എന്നീ നിരക്കിലാണ് ഫീസ് ഈടാക്കുന്നത്. പി.സി.ആർ ടെസ്റ്റുകൾ നടത്തിയ ശേഷം രോഗവിമുക്തമായ കുഞ്ഞുങ്ങൾ കൃഷിക്ക് ഉപയോഗിക്കുന്നത് ഉല്പാ ദനം വർദ്ധിപ്പിക്കുന്നതിനും, വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധ്യമാകും.

**4. ജലസംഭരണികളിൽ മത്സ്യസമ്പത്ത്/ഉല്പാദന വർദ്ധനവിനായുള്ള മത്സ്യവിത്ത് നിക്ഷേപം**

നമ്മുടെ സമുദ്ര മത്സ്യോല്പാദനം ഗണ്യമായി കുറഞ്ഞു വരുന്ന സാഹചര്യ ത്തിൽ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യകൃഷിയും, മത്സ്യോല്പാദന

സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്താണ് ഏറ്റവും പ്രധാനപ്പെട്ട ഉൾനാടൻ ജലസ്രോതസായ ജലസംഭരണികളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്ന ഒരു ബൃഹത് പദ്ധതി ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാന ഫിഷറീസ് വകുപ്പ് അഡാക്ക് വഴി നടപ്പാക്കിയത്.

- ഇതുമൂലം ജലസംഭരണികളിൽ മത്സ്യബന്ധനം നടത്തി ജീവിക്കുന്ന ആദിവാസി മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം വർദ്ധിക്കുന്നതിന് ഇത് സഹായമായി.

*** അഡാക്കിന്റെ നൂതന പദ്ധതികൾ**

**എ) കുട്ടനാടൻ കാർഷിക - പരിസ്ഥിതി പുനരുജ്ജീവനം - സുസ്ഥിര മത്സ്യകൃഷിയിലൂടെ**

- 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് ധനസഹായത്തോടെ 2011 വർഷത്തിൽ ആരംഭിച്ച് 2015 വരെ തുടരുന്ന 20 കോടിയുടെ ഒരു സമഗ്ര മത്സ്യകൃഷി വികസന പദ്ധതിയാണിത്.. പദ്ധതി ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി ആലപ്പുഴ റീജിയണൽ ഓഫീസ് കേന്ദ്രീകരിച്ച് നടപ്പാക്കി വരുന്നു.

| | | |
|---|---|---|
| 1) ഒരു നെല്ലും ഒരു മീനും പദ്ധതി | : | 6843 ഹെക്ടർ |
| 2) പെൻ മത്സ്യകൃഷി | : | 300 യൂണിറ്റ് |
| 3) പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം | : | ഒരു സാങ്ചറി<br>100 കരിമീൻ<br>വിത്തുല്പാദന<br>യൂണീറ്റുകൾ |

പദ്ധതി പൂർത്തീകരണത്തിലൂടെ കുട്ടനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് ഗണ്യമായി വർദ്ധിപ്പിക്കാമെന്നതിനു പുറമെ വരുന്ന അഞ്ചു വർഷ കാലയളവിൽ 70 കോടി രൂപയുടെ ഉല്പാദന വരുമാനം ഗുണഭോക്താക്കൾക്ക് ലഭ്യമാകും.

**1) ഒരു നെല്ലും ഒരു മീനും പദ്ധതി**



- ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ വ്യാപിച്ചു കിടക്കുന്ന കുട്ടനാടൻ പാടശേഖരത്തിൽ നെൽക്കൃഷിക്കുശേഷം തരിശായി കിടക്കുന്ന സമയത്ത് ആറ്റുകൊഞ്ച്/മത്സ്യകൃഷി ചെയ്യുന്ന പദ്ധതിയാണിത്. പദ്ധതിയിൽ മത്സ്യ കർഷകർക്ക് ബണ്ട് നിർമാണം, സ്ലൂയിഡ് നിർമാണം എന്നീ പശ്ചാത്തല സൗകര്യ വികസനത്തിന് 60% സബ്സിഡിയും മത്സ്യതീറ്റ,

വിത്ത്, കുളം ഒരുക്കൽ തുടങ്ങിയ ആവർത്തന ചെലവുകൾക്ക് 75% സബ്സിഡിയും ലഭിക്കുന്നു. അഡാക്കിന്റെ ആലപ്പുഴ റീജിയണൽ ഓഫിസ് മുഖാന്തിരം ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് സ്ഥല സന്ദർശനം നടത്തി കൃഷിയുടെ അനുയോജ്യത കണക്കാക്കി കർഷകരെ തിരഞ്ഞെടുക്കുന്നു. മത്സ്യകർഷകന് ഹെക്ടർ ഒന്നിന് 1,48,680 രൂപ സബ്സിഡിയായി ഈ പദ്ധതി പ്രകാരം ലഭിക്കുന്നു.

**2) പെൻ (വളപ്പ്) മത്സ്യകൃഷി**

- കുട്ടനാടൻ പ്രദേശത്തുള്ള പൊതുജലാശയങ്ങളിലെ വളപ്പുകളിൽ മത്സ്യകൃഷി പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതിയിൽ 300 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. തിരഞ്ഞെടുത്ത ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ഒരു ഗ്രൂപ്പിന് 60% സബ്സിഡിയായി 18000 രൂപ നൽകി വരുന്നു.

**3) പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം**

- തനതു മത്സ്യങ്ങളുടെ സംരക്ഷണത്തിനും വംശവർദ്ധനയ്ക്കുമായി നടപ്പാക്കുന്ന പദ്ധതിയാണിത്. ഇതിന്റെ കീഴിൽ കരിമീൻ കുഞ്ഞുല്പാദന യൂണിറ്റുകൾ, സാങ്ചറി എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു. ഇതിൽ കരിമീൻ കുഞ്ഞുല്പാദന യൂണിറ്റുകൾക്കായി ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ 100 യൂണിറ്റുകൾ സബ്സിഡി നൽകി വരുന്നു. പദ്ധതിയിൻ കീഴിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മൂന്ന് സാങ്ചറികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ബി) കുട്ടനാട് പാക്കേജ് – കൂടു കൃഷി പദ്ധതി**

- കുട്ടനാടൻ ജലാശയങ്ങളിൽ സ്വയം സഹായ സംഘങ്ങൾ മുഖേന കൂടുകളിലെ മത്സ്യകൃഷി പ്രധാനമായും കരിമീൻ, തിലോപ്പിയ എന്നീ മത്സ്യങ്ങളുടെ കൃഷിയാണ് ഈ പദ്ധതി മൂലം ഉദ്ദേശിക്കുന്നത്. പദ്ധതിയിൻ കീഴിൽ ഒരു യൂണിറ്റിൽ 20 കൂടുകൾ എന്ന നിരക്കിൽ 12 യൂണിറ്റുകളാണുള്ളത്. പദ്ധതിയിൻ കീഴിൽ ഒരു ഗുണഭോക്തൃ ഗ്രൂപ്പിന് ഒരു യൂണിറ്റിന് (20 കൂടുകൾ) കൂട് നിർമാണം, മത്സ്യവിത്ത് മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി 12,92,000 രൂപ സബ്സിഡി ഇനത്തിൽ ലഭിക്കുന്നു.

**സി. വെള്ളായണി കായൽ സുസ്ഥിര മത്സ്യോല്പാദനവും മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി മെച്ചപ്പെടുത്തലും പദ്ധതി**

- വെള്ളായണി കായലിന്റെ ജൈവ വൈവിധ്യവും സന്തുലിതാവസ്ഥയും നിലനിർത്തിക്കൊണ്ട് കായൽ സംരക്ഷണവും, മത്സ്യസമ്പത്ത് വർദ്ധിപ്പിച്ചു

കൊണ്ട് കായലിനെ ആശ്രയിച്ചു ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആളോഹരി വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ കേരള പരിസ്ഥിതി മാനേജ്മെന്റ് ഏജൻസിയുടെ ധനസഹായത്തോടെ വെള്ളായണി കായൽ സുസ്ഥിര മത്സ്യോല്പാദനവും, മത്സ്യത്തൊഴിലാളി ഉപജീവനം മെച്ചപ്പെടുത്തലും പദ്ധതി ജലകൃഷി വികസന ഏജൻസി, കേരള (അഡാക്ക്) വഴി നടപ്പാക്കി വരുന്നു.

**ഡി. ആർ.കെ.വി.വൈ – നിറവ് പദ്ധതി**

- നിറവ് പദ്ധതി പ്രകാരം തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നിയമസഭാ മണ്ഡലത്തിലും എറണാകുളം ജില്ലയിലെ പരൂർ നിയമസഭാ മണ്ഡലത്തിലും പൊക്കാളി പാടങ്ങളിലെ ഓരുജല മത്സ്യകൃഷി പദ്ധതി നടപ്പാക്കി വരുന്നു.

**മത്സ്യബന്ധനവകുപ്പ്**

- സംസ്ഥാന മത്സ്യബന്ധന വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും ആസ്ഥാനവിലാസവും ഫോൺ നമ്പരും ചുവടെ രേഖപ്പെടുത്തിയിട്ടുണ്ട്. വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾക്കും അടിയന്തിരഘട്ടത്തിലുള്ള സഹായത്തിനും ഈ വിലാസത്തിലോ നമ്പരിലോ, സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന നൂറോളം മത്സ്യഭവൻ ഓഫീസുകളുമായോ ബന്ധപ്പെടുതാവുന്നതാണ്.

**ഡയറക്ടർ**
ഫിഷറീസ് ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം-33.
ഫോൺ-0471-2303160, 2304348
email fisheriesdirector@gmail.com
website-www/fisherieskerala.gov.in

**കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ്**

കമ്മീഷണർ
കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ്
തൃശൂർ. ഫോൺ – 0487 – 2383084
റീജീയണൽ ഓഫീസ്, തിരുവനന്തപുരം.
ഫോൺ-0471-2325483



**മത്സ്യഫെഡ്**

മാനേജിങ് ഡയറക്ടർ
മത്സ്യഫെഡ്, കമലേശ്വരം, തിരുവനന്തപുരം
ഫോൺ – 0471 – 2457763

**സൊസൈറ്റി ഫോർ അസിസ്റ്റന്റ് ടു ഫിഷർ വിമൻ**

എക്സിക്യൂട്ടീവ് ഡയറക്ടർ
സൊസൈറ്റി ഫോർ അസിസ്റ്റന്റ് ടു ഫിഷർ വിമൻ
കൊടുങ്ങല്ലൂർ, ആലുവ,എറണാകുളം
ഫോൺ-0484-2607643

**മത്സ്യസമൃദ്ധി**

മത്സ്യസമൃദ്ധി
വികാസ് ഭവൻ, തിരുവനന്തപുരം
ഫോൺ-0471-2308295.

**അഡാക്ക്**

എക്സിക്യൂട്ടീവ് ഡയറക്ടർ
അഡാക്ക് (ഏജൻസി ഫോർ ഡവല്പ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള)
ഡി.പി.ഐ. ജംഗ്ഷൻ
തിരുവനന്തപുരം.
ഫോൺ-0471-2322410

*** മത്സ്യബന്ധ വകുപ്പിന്റെ ജില്ലാതല ഓഫീസുകൾ**

| | |
|---|---|
| ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം | 0471-2450773 |
| ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം | 0474-2792850 |
| ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ | 0477-2252367 |
| അസി. ഡയറക്ടർ. ഇടുക്കി | 04869-222326 |
| അസി. ഡയറക്ടർ, പത്തനംതിട്ട | 0468-2223134 |
| ഡെ. ഡയറക്ടർ, കോട്ടയം | 0481-2566823 |
| ഡെ. ഡയറക്ടർ, എറണാകുളം | 0484-2394476 |
| ഡെ. ഡയറക്ടർ, തൃശൂർ | 0487-2331132 |
| ഡെ. ഡയറക്ടർ, പാലക്കാട് | 0491-2815245 |
| ഡെ. ഡയറക്ടർ, കോഴിക്കോട് | 0495-2383780 |
| ഡെ. ഡയറക്ടർ, മലപ്പുറം | 0494-2666428 |
| അസി. ഡയറക്ടർ, വയനാട് | 04936-255214 |
| ഡെ. ഡയറക്ടർ, കണ്ണൂർ | 0497-2731081 |
| ഡെ. ഡയറക്ടർ, കാസർഗോഡ് | 0467-2202537 |

## മത്സ്യസമൃദ്ധി പദ്ധതിയിലെ ഘടകങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ

| ക്രമ നം. | പദ്ധതിഘടകം | സബ്സിഡി നിരക്ക് | ഇൻഷുറൻസ് | പരിശീലനം | അർഹതാ മാനദണ്ഡം | അപേക്ഷ നൽകേണ്ട സ്ഥാപനം | അപേക്ഷ നൽകേണ്ട സമയം |
|---|---|---|---|---|---|---|---|
| 1 | കുളങ്ങളിലെയും ടാങ്കുകളിലെയും ശുദ്ധജല മത്സ്യകൃഷി | 10000/ഹെക്ടർ (പരമാവധി അഞ്ച് ഹെക്ടർ/വ്യക്തി, 15 ഹെക്ടർ/ ഗ്രൂപ്പ്) | – | സ്റ്റൈപന്റോടു കൂടിയ വിദഗ്ദ്ധ പരിശീലനം | സ്വന്തമായി ജലാശയമുള്ളവർക്കും ജലാശയങ്ങൾ ലീസിന് എടുത്തവർക്കും (വ്യക്തികൾക്കും/ ഗ്രൂപ്പിനും) ടി പദ്ധതി വഴി കൃഷി ചെയ്യാവുന്നതാണ്. | ഓരോ ഘടക പദ്ധതിക്കുമുള്ള അപേക്ഷാ ഫോറങ്ങൾ അതാത് ജില്ലകളിലെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ /ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിൽ ലഭ്യമാണ്. | മേയ് 30 |
| 2 | പാടശേഖരങ്ങളിലെയും കോൾപാടങ്ങളിലെയും മത്സ്യ/ ആറ്റുകൊഞ്ച് കൃഷി / സംയോജിത മത്സ്യ കൃഷി | 10000/ഹെക്ടർ (50 ഹെക്ടർ വരെ - 25 ഹെക്ടറിന്റെ ധനസഹായം 50 ഹെക്ടറിനു മുകളിൽ - 50 ഹെക്ടറിന്റെ ധനസഹായം) | – | ” | ” | ” | ” |
| 3 | പൊക്കാളി കൈപ്പാട് നിലങ്ങളിലെയും സ്വകാര്യകുളങ്ങളിലെയും ചെമ്മീൻകൃഷി | 20000/ഹെക്ടർ (പരമാവധി അഞ്ച് ഹെക്ടർ/വ്യക്തി, 15 ഹെക്ടർ/ ഗ്രൂപ്പ്) | ഇൻഷുറൻസ് 75% സർക്കാർ വിഹിതം | ” | ” | ” | ” |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | കരിമീൻ വിത്തുൽപ്പാദന വിതരണ യൂണിറ്റ് (പി.എസ്.ആർ.യു) | 15000/യൂണിറ്റ് | — | ” | ” | ” | ഒക്ടോബർ 15 ന് മുമ്പ് |
| 5 | കുളങ്ങളിലെ കരിമീൻ കൃഷി | 25000/ഹെക്ടർ (പരമാവധി ഒന്ന് ഹെക്ടർ/ വ്യക്തി) | — | ” | ” | ” | ” |
| 6 | കൂടുകളിലെ കരിമീൻകൃഷി | 25000/യൂണിറ്റ് | — | ” | ” | ” | ” |
| 7 | അടുക്കളക്കുളത്തിലെ കരിമീൻകൃഷി | 1000/കുളം | — | ” | ” | ” | ” |
| 8 | കല്ലുമ്മേക്കായ കൃഷി | 2500/25 ച.മീ. | ഇൻഷുറൻസ് 75% സർക്കാർ വിഹിതം | ” | ” | ” | ” |
| 9 | ഞണ്ടുകൃഷി/പരിപോഷിപ്പിക്കൽ | 12500/യൂണീറ്റ് | — | ” | ” | ” | ” |
| 10 | പൊതുജലാശയങ്ങളിലെ മത്സ്യ/ചെമ്മീൻ വിത്ത് നിക്ഷേപം | 150000/ജില്ല | | ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പാക്കുന്ന പദ്ധതി | | | |

# മൃഗസംരക്ഷണ വകുപ്പ്

**1. കർഷകർക്ക് സാറ്റലൈറ്റ് ഫാമുകൾ തുടങ്ങുന്നതിനുള്ള ധനസഹായം**

**ആട് വളർത്തൽ യൂണിറ്റ്**

- അഞ്ച് ആടും ഒരു മുട്ടനാടും വളർത്തുന്ന ഒരു യൂണിറ്റിന് 25,000/- രൂപാ ധനസഹായം നൽകി 600 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. കൂടുതൽ വിവരങ്ങൾക്ക് വകുപ്പുമായോ, സമീപത്തുള്ള മൃഗാശുപത്രിയുമായോ പഞ്ചായത്തുമായോ ബന്ധപ്പെടേണ്ടതാണ്.

**ടർക്കി യൂണിറ്റ്**

- അഞ്ച് ടർക്കികളടങ്ങുന്ന 700 യൂണിറ്റ് സ്ഥാപിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. കൂടുതൽ വിവരങ്ങൾക്ക് വകുപ്പുമായോ, മൃഗാശുപത്രി/ പഞ്ചായത്ത് എന്നിവയുമായോ ബന്ധപ്പെടാവുന്നതാണ്.

**പിന്നാമ്പുറ കോഴി വളർത്തൽ പ്രോത്സാഹനം**

- 1020 സർക്കാർ /എയ്ഡഡ് സ്കൂളുകളിലൂടെ 5 മുതൽ 9 ക്ലാസു വരെയുള്ള

  തെരഞ്ഞെടുത്ത കുട്ടികൾ 5 കോഴിക്കുഞ്ഞുങ്ങൾ വീതവും തീറ്റ, മരുന്ന്, ഉൾപ്പെടെ ഒരു കുട്ടിക്ക് 650 രൂപ ധനസഹായം ലഭ്യമാക്കി വരുന്നു. ഇത്തരത്തിൽ 51,000 കുട്ടികൾക്ക് ഈ പ്രയോജനം ലഭ്യമാക്കുന്നു.കൂടുതൽ വിവരങ്ങൾക്ക് ജി ാ മൃഗസംരക്ഷണ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

- **താറാവ് വളർത്തൽ പ്രോത്സാഹനം**

  20 താറാവുകുഞ്ഞുങ്ങളടങ്ങുന്ന ഒരു യൂണിറ്റിന് 2,000/- രൂപാ ധനസഹായം നൽകി വരുന്നു.ഇത്തരത്തിൽ 2470 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ ലക്ഷ്യമിട്ടിട്ടുള്ളത്.˘കൂടുതൽ വിവരങ്ങൾക്ക് വകുപ്പുമായോ, മൃഗാശുപത്രി/ പഞ്ചായത്ത് എന്നിവയുമായോ ബന്ധപ്പെടാവുന്നതാണ്.

**എഫ്)മൃഗസംരക്ഷണ മേഖലയിൽ വൈദഗ്ദ്ധ്യം നല്കുന്ന പദ്ധതി**

- സംരംഭകരെ കണ്ടെത്തി അവർക്ക് മൃഗസംരക്ഷണ മേഖലയിൽ വൈദഗ്ദ്ധ്യം നല്കുന്നതിന് ഒരു കർമപദ്ധതി വകുപ്പ് ആവിഷ്ക്കരിച്ച് നട

പ്പാക്കിവരുന്നു. ഇതുകൂടാതെ വാണിജ്യാടിസ്ഥാനത്തി ആടുവളർത്തലിന് അവരെ പ്രാപ്തരാക്കുന്നതിന് ജി ാ തലത്തി പരിശീലനങ്ങൾ ആവിഷ്കരിച്ചുവരുന്നു. ഇതിലൂടെ 560 സംരംഭകർക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കിവരുന്നു.ഏകദേശം ഒരു സംരംഭകന് 3500 രൂപ വീതം ചെലവാക്കിയാണ് ഈ പരിശീലനം നടപ്പിലാക്കുന്നത്.

- തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ മൃഗക്ഷേമക്ലബ്ബുകൾക്ക് 50,000 രൂപ പ്രവർത്തനത്തിന് ലഭ്യമാക്കും.
- നഗരപ്രഗേശങ്ങളിൽ കൂടുകളിലൂടെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് 300 ഗുണഭോക്താക്കൾക്ക് 5000/- രൂപ ധനസഹായമായി നൽകുന്നു . 100 ഗുണഭോക്താക്കൾക്ക് ആട് വളർത്തുന്നതിന് 15000/- രൂപ ധനസഹായമായി നൽകുന്നു
- കൂടുതൽ വിവരങ്ങൾക്ക് വകുപ്പുമായോ, സമീപത്തുള്ള മൃഗാശുപത്രി/ പഞ്ചായത്ത് എന്നിവയുമായോ ബന്ധപ്പെടേണ്ടതാണ്.
- മൃഗസംരക്ഷണ വകുപ്പ് മുഖേന കാലിതൊഴുത്ത് പുനർനിർമാണത്തിനും പുതുക്കുന്നതിനും വ്യക്തിഗത ധനസഹായം ആർകെവൈവൈ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നു.

## II. വകുപ്പിന് കീഴിലെ ജില്ലാതല കേന്ദ്രങ്ങളും അനുബന്ധ സ്ഥാപനങ്ങളും ലഭ്യമാക്കുന്ന സേവനങ്ങൾ

- കർഷകരുടെ ജന്തുക്കൾക്ക് മൃഗചികിത്സയും മരുന്നുകളും സൗജന്യമായി നല്കിവരുന്നു.
- കന്നുകാലികളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും ജനിതകമേൻമ കൂട്ടുന്നതിനും കൃത്രിമ ബീജധാനം നല്കിവരുന്നു.
- കന്നുകാലികൾക്കും പക്ഷികൾക്കുമുണ്ടാകുന്ന പ്രധാനപ്പെട്ട രോഗങ്ങൾക്കെതിരെ സൗജന്യ പ്രതിരോധ കുത്തിവയ്പ് നൽകിവരുന്നു.
- മൃഗാരോഗ്യം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഹെൽത്ത് ക്യാമ്പുകൾ വന്ധ്യതാ നിവാരണ ക്യാമ്പുകൾ, പേ വിഷബാധ ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ് തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു.
- കന്നുകാലികൾക്ക് ഇൻഷുറൻസ് പരിരക്ഷ സൗജന്യനിരക്കിൽ നല്കിവരുന്നു.

**ജി)സങ്കരയിനം പശുക്കുട്ടിയുടെ പരിപാലനം**

- സംസ്ഥാനത്ത് ജനിക്കുന്ന സങ്കരയിനം പശുക്കുട്ടികളെ ശാസ്ത്രീയ രീതിയിൽ വളർത്തി അവയുടെ ഉൽപാദനശേഷി വർദ്ധിപ്പിക്കുന്നതിന് കന്നുകുട്ടി പരിപാലന പദ്ധതിപ്രകാരം സൗജന്യനിരക്കിൽ തീറ്റ, ആരോഗ്യ പരിരക്ഷ,ഇൻഷ്വറൻസ് എന്നിവ നൽകിവരുന്നു. കന്നുകുട്ടിപരിപാലനപദ്ധതിയിലൂടെ 30,042 സങ്കരയിനം പശുക്കുട്ടികളെ

  ഗോവർദ്ധിനി പദ്ധതിയിലൂടെയും 38160 സങ്കരയിനം കന്നുകുട്ടികളേയും ഈ സാമ്പത്തികവർഷം ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതാണ്.

- കന്നുകാലി/ആട്/പന്നി/മുയൽ/കോഴി/കാട എന്നിവയുടെ പരിപാലനത്തിനാവശ്യമായ പരിശീലനം പൊതുജനങ്ങൾക്ക് നല്കിവരുന്നു.

- മൃഗക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സെമിനാറുകൾ, ബോധവത്ക്കരണ പരിപാടികൾ തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു. കൂടാതെ, കർഷകരുടെ വീട്ടുമുറ്റത്ത് മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നതിനും രാത്രികാലങ്ങളിൽ അടിയന്തിര ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങൾ**

പക്ഷി മൃഗാദികളുടെ യഥാസമയമുള്ള സർക്കാർ നിബന്ധനകൾക്ക് വിധേയമായി ചികിത്സ, കന്നുകാലികൾക്ക് രോഗപ്രതിരോധ കുത്തിവയ്പ്, യഥാസമയമുള്ള കൃത്യമബീജാധാന സൗകര്യം ലഭ്യമാക്കുക, കന്നുകാലികളെയും, പക്ഷികളെയും ഇൻഷുർ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കുക, ഇൻഷുറൻസ്ആനുകൂല്യകർഷകർക്ക് സമയബന്ധിതമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക തുടങ്ങി വിവിധ സേവനങ്ങൾ ഈ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് ലഭിക്കുന്നു.

✶ ഈ സ്ഥാപനങ്ങളിൽ നിലവിലുള്ള സേവനങ്ങളുടെ സർക്കാർ അംഗീകൃത നിരക്ക്

| | | | |
|---|---|---|---|
| 1) | കൃത്രിമ ബീജാധാനം | - | സൗജന്യം |
| 2) | ഓമന മൃഗങ്ങളുടെ ചികിത്സാ ഫീസ് | - | അഞ്ച് രൂപ |
| 3) | സർജറി (മേജർ) | - | 100/- രൂപ |
| 4) | സർജറി (മൈനർ) | - | 25/- രൂപ |
| 5) | ലബോറട്ടറി സൗകര്യം | - | സൗജന്യം |

## മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികൾ സംബന്ധിച്ചുള്ള സംക്ഷിപ്ത രൂപം

| ക്രമ ഇനം നമ്പർ | ധനസഹായം | പദ്ധതി നടപ്പാക്കുന്നത് |
|---|---|---|
| 1. വീട്ടുവളപ്പിലെ കോഴി വളർത്തൽ പദ്ധതി (10 കോഴിക്കുഞ്ഞുങ്ങളും തീറ്റയും) | 1000 രൂപ (മൊത്തം 39,000 ഗുണഭോക്താക്കൾ) | സംസ്ഥാന മൃഗ സംരക്ഷണ വകുപ്പ് |
| 2 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ കീഴിൽ കന്നുകുട്ടികളെ ദത്തെടുക്കൽപരിപാടി (50% സബസ്ഡിനിരക്കിൽ കാലിത്തീറ്റലഭ്യമാക്കു കയാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് | | സംസ്ഥാന മൃഗ സംരക്ഷണ വകുപ്പും,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും യോജിച്ച് |
| 3. സംരംഭകത്വ വികസന പരിശീലന പരിപാടികൾ 1) ഹൈടെക്ക് ഡയറി ഫാമിങ്ങ് - ഏഴ് ദിവസം (500പേർക്ക്) | 2500 രൂപ/വ്യക്തി | സംസ്ഥാന മൃഗ സംരക്ഷണ വകുപ്പ്, കന്നുകാലി വികസന ബോർഡ് |
| 2) പാലുല്പന്നങ്ങളുടെ നിർമാണം - അഞ്ചു ദിവസം (1000 പേർക്ക്) | 1900 രൂപ/വ്യക്തി | സംസ്ഥാന മൃഗ സംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, വെറ്ററിനറി യൂണി വേഴ്സിറ്റി |
| 3) ശാസ്ത്രീയ കറവ പരിശീലനം ഏഴ് ദിവസം 1000 പേർക്ക് | 2500 രൂപ/വ്യക്തി 200 പേർക്ക് | സംസ്ഥാന മൃഗ സംരക്ഷണ വകുപ്പ്, കന്നുകാലി വികസന ബോർഡ് |

| | | |
|---|---|---|
| 4) ഇറച്ചിക്കോഴി ഡ്രസ്സിംങ് അഞ്ച് ദിവസം - 1000 പേർക്ക് | 1900 രൂപ/വ്യക്തി | സംസ്ഥാന മൃഗ സംരക്ഷണ വകുപ്പ്, പൗൾട്രി വികസന കോർപ്പറേഷൻ,എം.പി.ഐ |
| 5) മൂല്യവർദ്ധിത ഉല്പന്ന നിർമാണം കോഴിയിറച്ചിയിൽ നിന്നും (അഞ്ച് ദിവസം-1000 പേർക്ക്) | 1900 രൂപ/വ്യക്തി | സംസ്ഥാന മൃഗ സംരക്ഷണ വകുപ്പ്, പൗൾട്രി വികസന കോർപ്പറേഷൻ,എം.പി.ഐ വെറ്ററിനറി യൂണിവേഴ്സിറ്റി |
| 6) ഹാച്ചറി മാനേജ്മെന്റ് 25 ദിവസം - 200 പേർക്ക് | 7900 രൂപ/വ്യക്തി | സംസ്ഥാന മൃഗ സംരക്ഷണ വകുപ്പ്, പൗൾട്രി വികസന കോർപ്പറേഷൻ |
| 7) മാംസോൽപ്പന്ന നിർമാണം 15 ദിവസം -200 പേർക്ക് | 4900 രൂപ/വ്യക്തി | സംസ്ഥാന മൃഗ സംരക്ഷണ വകുപ്പ്,എം.പി.ഐ, വെറ്ററിനറി യൂണിവേഴ്സിറ്റി |
| 8) വളർത്തുനായ്ക്കളുടെ പരിശീലനവും പ്രജനനതന്ത്രങ്ങളും (100 ദിവസം-200 പേർക്ക്) | 3400 രൂപ/വ്യക്തി | സംസ്ഥാന മൃഗ സംരക്ഷണ വകുപ്പ് |
| 9). കന്നുകാലി ഇൻഷുറൻസ് (ഒന്നു മുതൽ മൂന്നു വർഷ കാലയളവിലേയ്ക്കുള്ള ഇൻഷുറൻസ് പരിരക്ഷ) | 1.5% മുതൽ 3.46% വരെ ഒരു കന്നുകാലിയ്ക്ക് പ്രീമിയം | സംസ്ഥാന മൃഗ കാലയള വകുപ്പ്, ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് |

മേൽപ്പറഞ്ഞ സേവനങ്ങൾ വെറ്ററിനറി പോളിക്ലിനിക്, വെറ്ററിനറി ഹോസ്പിറ്റൽ, ഡിസ്പെൻസറി എന്നിവിടങ്ങളിലും ലഭ്യമാണ്.

**3.ജില്ലാതല വെറ്ററിനറി കേന്ദ്രങ്ങൾ ഉപകേന്ദ്രങ്ങൾ അനുബന്ധ പദ്ധതി കൾ വഴി ലഭ്യമാക്കുന്ന സേവനങ്ങൾ**

**4. പ്രോജക്ട് കോ-ഓർഡിനേറ്ററുടെ കാര്യാലയം അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട്**

കണ്ണമ്മൂല, മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം

**ഡി. കോഴിവളർത്തൽ ഗ്രാമങ്ങൾ**

- സംസ്ഥാനത്തെ തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യുന്ന 2500 വനിതാ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കും. ഓരോ ഗുണഭോക്താവിനും 45-60 ദിവസം പ്രായമുള്ള മൂന്നു കോഴിയും അഞ്ച് കിലോ തീറ്റയും, 25 രൂപയുടെ മരുന്നും സൗജന്യമായി ലഭിക്കും. ഗുണഭോക്താക്കളിൽ 70% പേർ ബിപിഎല്ലും 30% പേർ എപി എല്ലുമാണ്.

**ഇ. ആശ്രയ**

- തിരഞ്ഞെടുത്ത പഞ്ചായത്തുകളിലെ മുഴുവൻ വിധവകൾക്കും അവശർക്കും അഗതികൾക്കും 10 കോഴി 10 കിലോ തീറ്റ എന്നിവ സൗജന്യമായി നല്കുന്ന പദ്ധതിയാണിത്.
- ആവശ്യക്കാർക്ക് പദ്ധതിപ്രകാരമല്ലാതെ രണ്ട് മാസം പ്രായമുള്ള മുട്ടക്കോഴികളെ 100 രൂപാ വിലയ്ക്ക് കെപ്കോയിൽ നിന്ന് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കെപ്കോയുടെ പേട്ടയിലുള്ള ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.
- ഫോൺ - 0471-2478585

**എഫ്. വീട്ടമ്മയുടെ അരുമക്കോഴികൾ**

- തിരഞ്ഞെടുക്കുന്ന പഞ്ചായത്തിലെ രജിസ്റ്റർ ചെയ്യുന്ന എല്ലാ ബിപിഎൽ വനിതാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിക്കുന്ന പദ്ധതി. തിരഞ്ഞെടുക്കുന്ന ഓരോ ഗുണഭോക്താവിനും 45-60 ദിവസം പ്രായമായ മൂന്നു കോഴിയും, ആറ് കിലോ തീറ്റയും, 20 രൂപയുടെ മരുന്നും സൗജന്യമായി വിതരണം ചെയ്യും.

**ജി. ഗ്രാമം നിറയെ കോഴികൾ**

- തെരഞ്ഞെടുക്കുന്ന പഞ്ചായത്തിലെ 1000 വനിതാ ഗുണഭോക്താക്കൾക്ക് അഞ്ച് കോഴിയും, 10 കിലോ തീറ്റയും, 25 രൂപയുടെ മരുന്നും വിതരണം ചെയ്യുന്ന പദ്ധതി. ഗുണഭോക്താക്കളിൽ 70% പേർ ബിപിഎല്ലും, 30% പേർ എപിഎല്ലുമാണ്. ഗുണഭോക്തൃ വിഹിതമായി 80 രൂപ ഒടുക്കണം.
- സ്വർണ ജയന്തി ഗ്രാമം സ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകൾ വഴി തിരഞ്ഞെടുക്കുന്ന ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 40,000 വനിതകൾക്ക് ഒരു കോഴിക്കൂടും, 20 കോഴികളും, 40 കിലോ തീറ്റയും, 50 രൂപയുടെ മരുന്നും സൗജന്യ നിരക്കിൽ നൽകും.

**എച്ച്. കെപ്കോ ഗ്രാമങ്ങൾ**

- കേരളത്തിലെ തിരഞ്ഞെടുത്ത 15 പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കുന്നു. ഒരു ഗ്രാമപഞ്ചായത്തിലെ 3500 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കും. (എപിഎൽ, ബിപിഎൽ മാനദണ്ഡമില്ലാതെ). ഒരു ഗുണഭോക്താവിന് നാല് കോഴിയും, അഞ്ച് കിലോ തീറ്റയും, 25 രൂപയുടെ മരുന്നും സൗജന്യമായി നൽകും.

**ഐ. കുഞ്ഞു കൈകളിൽ കോഴിക്കുഞ്ഞു പദ്ധതി**

- സ്കൂൾ കുട്ടികളിൽ കോഴിവളർത്തലിന്റെ പ്രാധാന്യം മനസിലാക്കാനും അതുവഴി മുട്ട ഉത്പാദനം വർദ്ധിപ്പിക്കാനും വേണ്ടി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതിയാണിത്. ഗവൺമെന്റ് / എയ്ഡഡ് സ്കൂളിലെ എൽപി, യുപി, എച്ച്എസ് വിഭാഗം കുട്ടികളെയാണ് ഇതിലേക്ക് തിരഞ്ഞെടുക്കുക. ഓരോ കുട്ടിക്കും മൂന്ന് കോഴിയും മൂന്ന് കിലോ തീറ്റയും 20 രൂപയുടെ മരുന്നും സൗജന്യമായി വിതരണം ചെയ്യും. സംസ്ഥാനത്തെ 50,000 സ്കൂൾ കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

**ജെ. നഗരപ്രിയ കെപ്കോ**

- നഗരത്തിൽ മുട്ടയുത്പാദനം വർദ്ധിപ്പിക്കുക, അടുക്കള മാലിന്യം നൽകി മുട്ടയുത്പാദന ചെലവ് കുറയ്ക്കുക, മാലിന്യ സംസ്കരണം നടത്തുക, കോഴിവളം ഉപയോഗിച്ചു പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനും കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയുമായി സഹകരിച്ചു സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ രൂപം നൽകുന്ന നൂതന പദ്ധതിയാണിത്. നഗരപരിധിക്കുള്ളിൽ സ്ഥിരതാമസമാക്കിയ 6700 കുടുംബങ്ങൾക്ക് എപിഎൽ, ബിപിഎൽ

വ്യത്യാസമില്ലാതെ ഓരോ ഗുണഭോക്താവിനും അഞ്ച് കോഴിയും, നവീന രീതിയിലുള്ള കൂടും, അഞ്ച് കിലോ തീറ്റയും നൽകും. ഗുണഭോക്താക്കൾ വിഹിതമായി 550 രൂപ അടയ്ക്കണം.

**തൊഴിൽ പരിശീലനം**

- കോഴി വളർത്തൽ, കോഴിയിറച്ചി സംസ്കരണം, റസ്റ്റോറന്റ് മേഖല എന്നിവയുമായി ബന്ധപ്പെട്ട വിദഗ്ധർ കുറവായതിനാൽ ഇതുമായി ബന്ധപ്പെട്ട് കോഴ്സുകൾ നടത്താൻ ഡവലപ്മെന്റ് പ്രോഗ്രാം എന്ന പുതിയ പദ്ധതി സർക്കാർ അംഗീകരിച്ചു. ഇതനുസരിച്ച് കോഴ്സുകൾ ചെയ്യുന്നവർക്ക് താമസ സൗകര്യവും, ഭക്ഷണവും സൗജന്യമാണ്. മൂന്നു മുതൽ ആറു ആഴ്ചകളാണ് കോഴ്സുകളുടെ കാലാവധി. അപേക്ഷകർ 18 നും 45നും മദ്ധ്യേ പ്രായം ഉള്ളവരും, പത്താം ക്ലാസ് വരെ വിദ്യാഭ്യാസ യോഗത്യ ഉള്ളവരായിരിക്കണം. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് കെപ്കോ

**2. സൗജന്യ കൃത്രിമ ബീജാധാനം:-**

- സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും കൃത്രിമ ബീജാധാനം സൗജന്യമായി ലഭ്യമാക്കുന്നു. കർഷകർക്ക് നേരിട്ട് ലഭ്യമാകുന്ന പ്രധാന സേവനമാണിത്.

**3. ഇൻഷ്വുറൻസ് പദ്ധതി:-**

- 50% സബ്സിഡി നൽകി സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

**4. കുടുംബശ്രീയുമായി സഹകരിച്ച് നടപ്പിലാക്കുന്ന പുൽകൃഷി:-**

- കുടുംബശ്രീ അംഗങ്ങളെ തിരഞ്ഞെടുത്ത് പരിശീലനം നൽകി, തീറ്റപ്പുൽക്കൃഷി ചെയ്യുന്നതിനായി സാമ്പത്തിക സഹായം നൽകുന്നതാണ്. ഏക്കറിന് 15,000 രൂപ ധനസഹായം നൽകുന്നതാണ്. പദ്ധതി സംസ്ഥാനത്തെ തിര

**6. ഉത്പാദനക്ഷമത കാട്ടിയ പശുക്കുട്ടികൾ:-**

- ഹൈടെക് ബുൾ മദർ ഫാമുകളിൽ (മാട്ടുപ്പെട്ടി, കുളത്തൂപ്പുഴ) ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പാദനക്ഷമത കൂടിയ പശുക്കുട്ടികളെ ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നതാണ്.

**7. മികച്ച കർഷകർക്ക് അംഗീകാരം:-**

കെ.എൽ.ഡി ബോർഡിന്റെ പ്രോജനി ടെസ്റ്റിംങ് മേഖലയിൽ നിന്നും മികച്ച കർഷകരെ തെരെഞ്ഞെടുത്ത് അവർക്ക് ചാഫ് കട്ടർ, സൈലേജ് മേക്കിംങ് യൂണിറ്റ് എന്നിവ നൽകുന്ന പദ്ധതി ബോർഡ് നടപ്പിലാക്കുന്നതാണ്.

യുടെ വിവിധ സ്ഥാപനങ്ങളിൽ പ്രായോഗിക പരിശീലനവും വിജയകര മായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകളും നൽകും.

*** കൂടുതൽ വിവരങ്ങൾക്ക്**

കേരള പൗൾട്രി വികസന കോർപ്പറേഷൻ
ടിസി 30/697, പേട്ട
തിരുവനന്തപുരം-24
ഫോൺ: 0471-2478585, 2468585

**കെ.എൽ.ഡി ബോർഡ്**

| | | |
|---|---|---|
| ബന്ധപ്പെടേണ്ട വിലാസം | : | മാനേജിങ് ഡയറക്ടർ, |
| | : | കെ.എൽ.ഡി. ബോർഡ് |
| | : | ഗോകുലം, പട്ടം, തിരുവനന്തപുരം - 695 004 |
| ഫോൺ | : | 04712440920, 2449138 |
| ഇ.മെയിൽ | : | www.livestock.kerala.gov.in |

**8. സൈലേജ് മേക്കിങ് യൂണിറ്റ്**

- കെ.എൽ.ഡി. ബോർഡിന്റെ ഹൈടെക് ഫാമിന്റെ സാറ്റലൈറ്റ് യൂണിറ്റിൽ നിന്നും പ്രോജനി ടെസ്റ്റിംങ് മേഖലയിൽ നിന്നും തിരഞ്ഞെടുക്കുന്ന 100 ക്ഷീരകർഷകർക്ക് സൈലേജ് മേക്കിംങ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഓരോ യൂണിറ്റിനും 105000/- രൂപയുടെ സഹായം ലഭ്യമാക്കുന്നതാണ്. ഇതിൽ പവർകൊണ്ട് പ്രവർത്തിപ്പിക്കാൻ സാധിക്കുന്ന ചാഫ്കട്ടറും ഉൾപ്പെടുന്നു.

**9. കൈ കൊണ്ട് പ്രവർത്തിപ്പിക്കാൻ കഴിയുന്ന ചാഫ്കട്ടറുകളുടെ വിതരണത്തിനായുള്ള പദ്ധതി**

- കെ.എൽ.ഡി. ബോർഡിന്റെ പ്രോജനി ടെസ്റ്റിംങ് മേഖലയിൽ നിന്നും ഹൈടെക് ഫാമുകളുടെ സാറ്റലൈറ്റ് യൂണിറ്റിൽ നിന്നും മികച്ച കർഷ കരെ തിരഞ്ഞെടുത്ത് അവർക്ക് കൈകൊണ്ട് പ്രവർത്തിപ്പിക്കുവാൻ സാധി ക്കുന്ന 500 ചാഫ്കട്ടറുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ചാഫ്കട്ടറിന്റെ വിലയിൽ 3750/- രൂപ സ്കീം ഫണ്ടിൽ നിന്നും നൽകുന്നതും ബാക്കി രൂപ ഉപഭോക്താവ് വഹിക്കേണ്ട തുമാണ്. സൈലേജ് മേക്കിംങ് യൂണീറ്റ് സ്ഥാപിക്കുന്നതിനും കൈകൊണ്ട് പ്രവർത്തിക്കുന്ന ചാഫകട്ടറുകളുടെ വിതരണത്തിനായുള്ള പദ്ധതിയും

കേന്ദ്രസഹായത്തിൽ നടപ്പിലാക്കുന്ന പദ്ധതികളാണ്.

**10. കന്നുകാലി ഇൻഷുറൻസ് പദ്ധതി**

- കേന്ദ്രസംസ്ഥാന സർക്കാർ ധനസഹായത്തോടുകൂടി സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. പ്രീമിയം തുക, ഒരു വർഷത്തെ ഇൻഷുറൻസിന് ഉരുവിന്റെ വിലയുടെ 3.09% വും മൂന്ന് വർഷത്തെ ഇൻഷുറൻസിന് 6.92% വുമാണ്. ഈ തുകയുടെ 50% മാത്രം കർഷകർ വഹിച്ചാൽ മതിയാകും. ബാക്കി 50% സർക്കാർ വഹിക്കുന്നതാണ്. ടാഗിംങ് ഫീസും പോസ്റ്റ്മാർട്ടം ഫീസും സർക്കാർ വഹിക്കുന്നതാണ്.

### മൃഗസംരക്ഷണ വകുപ്പിന്റെ ആസ്ഥാനവിലാസം

ഡയറക്ടർ,
മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം - 33
ഫോൺ നമ്പർ - 0471-2303683, 2303681

### ജില്ലാമൃഗസംരക്ഷണ ഓഫീസുകൾ

| | |
|---|---|
| 1) തിരുവനന്തപുരം | ഫോൺ - 0471-2330736 |
| 2) കൊല്ലം | ഫോൺ - 0474-2793454 |
| 3) ആലപ്പുഴ | ഫോൺ - 0477-2249125 |
| 4) പത്തനംതിട്ട | ഫോൺ - 0468-2322762 |
| 5) കോട്ടയം | ഫോൺ - 0481-2563726 |
| 6) എറണാകുളം | ഫോൺ - 0484-2360648 |
| 7) ഇടുക്കി | ഫോൺ - 0486-2222894 |
| 8) മലപ്പുറം | ഫോൺ - 0483-2734917 |
| 9) പാലക്കാട് | ഫോൺ - 0491-2520297 |
| 10) തൃശൂർ | ഫോൺ - 0487-2361216 |
| 11) കോഴിക്കോട് | ഫോൺ - 0495-2768075 |
| 12) കണ്ണൂർ | ഫോൺ - 0497-2700267 |
| 13) വയനാട് | ഫോൺ - 04936-202292 |
| 14) കാസർഗോഡ് | ഫോൺ - 04994-255483 |

### മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ

1) പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ,

മൃഗസംരക്ഷണ പരിശീലന കേന്ദ്രം
കുടപ്പനക്കുന്ന്, തിരുവനന്തപുരം-43 ഫോൺ - 0471-2732918

2) പ്രൊഡക്ഷൻ മാനേജർ
സെൻട്രൽ ഹാച്ചറി, ചെങ്ങന്നൂർ ഫോൺ - 0477-2452277

3) അസിസ്റ്റന്റ് ഡയറക്ടർ (പരിശീലനം)
മൃഗസംരക്ഷണ പരിശീലനകേന്ദ്രം,
തലയോലപ്പറമ്പ് പി.ഒ, കോട്ടയം

4) ഡെപ്യൂട്ടി ഡയറക്ടർ,
മൃഗസംരക്ഷണ പരിശീലനകേന്ദ്രം,
നേതാജി റോഡ്, ആലുവ (പി.ഒ)
എറണാകുളം ഫോൺ - 0484-2624441

5) അസിസ്റ്റന്റ് ഡയറക്ടർ (പരിശീലനം)
മൃഗസംരക്ഷണ പരിശീലനകേന്ദ്രം,
മലമ്പുഴ, പാലക്കാട്

6) പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ,
മൃഗസംരക്ഷണ പരിശീലനകേന്ദ്രം,കണ്ണൂർ ഫോൺ - 0497-2721168

# ലാന്റ് റവന്യൂ വകുപ്പ്

## ലാന്റ് റവന്യൂ വകുപ്പ് വഴി നൽകുന്ന ധനസഹായം

**1. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

പാവപ്പെട്ട ജനവിഭാഗങ്ങൾക്കുണ്ടാകുന്ന മാരകമായ രോഗങ്ങൾക്ക് ചികിത്സാ ധനസഹായം, അപകട മരണങ്ങൾക്ക് ഇരയാകുന്നവർക്ക് അടിയന്തര ധനസഹായം, വാസഗൃഹങ്ങൾ, ഇൻഷുറൻസ് പരിരക്ഷയില്ലാത്ത ചെറുകിട കച്ചവട സ്ഥാപനങ്ങൾ എന്നിവയ്ക്ക് തീപിടിത്തം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ചെറിയ തോതിൽ ധനസഹായം, തൊഴിൽ കുഴപ്പമുണ്ടാകുമ്പോൾ ദുരിതത്തിലാകുന്ന തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുക എന്നിങ്ങനെയുള്ള ആവശ്യങ്ങൾക്കാണ് ഈ പദ്ധതി മുഖേന സഹായം ലഭിക്കുന്നത്.

**എ. അർഹതാമാനദണ്ഡം**

1. വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയുള്ളവർക്കാണ് ഈ സഹായം ലഭിക്കുന്നത്.
2. ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുകയുള്ളൂ. എന്നാൽ മാരകരോഗങ്ങൾ ഉള്ളവർക്ക് (ക്യാൻസർ, ക്ഡ്നി, ഹൃദയസംബന്ധമായ അസുഖങ്ങൾക്ക്) പ്രത്യേക സാഹചര്യം പരിഗണിച്ച് ഒരിക്കൽ ധനസഹായം ലഭിച്ച് 2 വർഷത്തിന് ശേഷം വീണ്ടും അപേക്ഷിക്കാവുന്നതാണ്.
3. അപകരമരണം നടന്ന കേസുകളിൽ ഒരുവർഷത്തനുള്ളിൽ ആശ്രിതർ അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്.

**ബി. അപേക്ഷിക്കേണ്ട രീതി**

നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ മതിയായ രേഖകൾ സഹിതം വില്ലേജ്/താലൂക്ക്/കളക്ടറേറ്റ് എന്നിവിടങ്ങളിൽ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. വരുമാന സർട്ടിഫിക്കറ്റ്
2. അസുഖബാധിതരുടെ കാര്യത്തിൽ നിശ്ചിത മാതൃകയിൽ ആറുമാസത്തിനുള്ളിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് (ഡോക്ടറുടെ ഒപ്പ്, തീയതി എന്നിവ നിർബന്ധം)
3. അപകടമരണം നടന്ന കേസുകളിൽ മരണ സർട്ടിഫിക്കറ്റ്, എഫ്.ഐ.ആർ, പോസ്റ്റുമാർട്ടം സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ.
4. തീപിടിത്തം നടന്ന കേസുകളിൽ എഫ്.ഐ.ആർ, അഗ്നിശമന സേനയുടെ റിപ്പോർട്ട്
5. അപേക്ഷകന്റെ സത്യപ്രസ്താവന.

**കുറിപ്പ്**

മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിത രേഖകൾ സഹിതം വില്ലേജ് ഓഫീസിൽ ലഭിക്കുന്ന അപേക്ഷ പരമാവധി രണ്ടുദിവസത്തിനുള്ളിൽ നിർദ്ദിഷ്ട

പ്രൊഫോർമയിൽ റിപ്പോർട്ട്, ശുപാർശ എന്നിവ സഹിതം മേലധികാരിക്ക് അയയ്ക്കേണ്ടതാണ്. താലൂക്ക്, കളക്ട്രേറ്റ് എന്നീ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ അന്നേദിവസം തന്നെ പ്രാഥമിക അന്വേഷണത്തിനായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസർക്ക് കൈമാറേണ്ടതാണ്.

സർക്കാർ/ജില്ലാകളക്ടർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകി തഹസീൽദാർ അർഹരായവർക്ക് ചെക്കായി ധനസഹായം വിതരണം ചെയ്യുന്നു.

**2. ദേശീയ കുടുംബക്ഷേമ പദ്ധതി (Family Benefit Scheme - NFBS)**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ മുഖ്യ അന്നദാതാവ് (പ്രധാന വരുമാനമുണ്ടാക്കി കുടുംബത്തെ സംരക്ഷിച്ചുവരുന്ന വ്യക്തി) മരണപ്പെട്ടാൽ വ്യക്തിയുടെ ഭാര്യ/ഭർത്താവ്, പ്രായപൂർത്തിയാകാത്ത മക്കൾ, അവിവാഹിതരായ പെൺമക്കൾ, മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന അച്ഛനമ്മമാർ എന്നിവർക്കാണ് ധനസഹായം ലഭിക്കുന്നത്. ഈ പദ്ധതിപ്രകാരം 20,000/- രൂപ ആണ് ധനസഹായം ലഭിക്കുന്നത്.

**എ. അർഹതാമാനദണ്ഡം**

1. മരണപ്പെട്ട വ്യക്തി മരണം സംഭവിക്കുന്നതിന് മുമ്പ് മൂന്നുവർഷം കേരളത്തിൽ സ്ഥിരതാമസമാക്കിയിരിക്കണം.
2. മരണപ്പെട്ട വ്യക്തിയുടെ പ്രായം 18-വയസ്സിനു മുകളിലും 60-വയസ്സിനു താഴെയും ആയിരിക്കണം.
3. കുടുംബ വാർഷിക വരുമാനം 11000/- രൂപയിൽ കൂടാൻ പാടില്ല.
4. മരണം സംഭവിച്ച് ഒരുമാസത്തിനകം അപേക്ഷ സമർപ്പിക്കണം.

**ബി. അപേക്ഷിക്കേണ്ട രീതി**

നിർദ്ദിഷ്ട ഫോറത്തിലുള്ള 2 പ്രതി അപേക്ഷകൾ തഹസിൽദാർ മുഖേന ജില്ലാകളക്ടർക്ക് മുമ്പാകെ സമർപ്പിക്കണം. അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ ഹാജരാക്കേണ്ടതതാണ്.

1. മരണസർട്ടിഫിക്കറ്റ്
2. അപേക്ഷകന് മരണപ്പെട്ട വ്യക്തിയുമായുള്ള ബന്ധം തെളിയിക്കുന്ന രേഖ
3. അപേക്ഷന്റെ സത്യപ്രസ്താവന

**കുറിപ്പ്**

മതിയായ കാരണമുണ്ടെന്ന് ബോധ്യപ്പെട്ടാൽ അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം മാപ്പാക്കുന്നതിന് കളക്ടർക്ക് അധികാരമുണ്ട്.

മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിത രേഖകൾ സഹിതം വില്ലേജ് ഓഫീസിൽ ലഭിക്കുന്ന അപേക്ഷ പരമാവധി രണ്ടുദിവസത്തിനുള്ളിൽ വരുമാനം സാക്ഷ്യപ്പെടുത്തി ശുപാർശ സഹിതം മേലധികാരിക്ക് അയയ്ക്കേണ്ടതാണ്. താലൂക്ക്, കളക്ടറേറ്റ് എന്നീ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ അന്നേദിവസം തന്നെ പ്രാഥമിക അന്വേഷണത്തിനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് കൈമാറേണ്ടതാണ്.

**3. വാഹനാപകടങ്ങൾക്കിരയാകുന്നവർക്കുള്ള ധനസഹായം**

വാഹനാപകടങ്ങളിൽപ്പെടുന്നവർക്ക് സാമൂഹ്യ സുരക്ഷാ പദ്ധതിപ്രകാരം ധന സഹായം നൽകുന്ന പദ്ധതിയാണിത്. ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്നാണ് ജില്ലാ കളക്ടർമാർ ധനസഹായം അനുവദിക്കുന്നത്. പരിക്കേറ്റവർക്ക് 500/- രൂപ വരെയും മരിച്ചവരുടെ ആശ്രിതർക്ക് 1000/- രൂപ വരെയും ഇടക്കാലാശ്വാ സമായി തഹസീൽദാർക്ക് അനുവദിക്കാം. 5000/- രൂപ വരെയുള്ള ധനസ ഹായം ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് കളക്ടർമാർക്ക് അനുവദിക്കാം. വാഹനം തിരിച്ചറിയാത്ത സാഹചര്യത്തിലും സഹായം ലഭിക്കും. സഹായ ത്തിന് പോലീസ് മഹസ്സറും മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കണം.

## വിവിധ രോഗചികിത്സാ പദ്ധതികൾ

**4. ക്ഷയരരോഗികൾക്കുള്ള ധനസഹായം**

നിർധനരായ ക്ഷയരോഗികൾക്കു വേണ്ടിയുള്ള സാമ്പത്തിക സഹായ പദ്ധതി യാണിത്.

**ധനസഹായത്തിന് അർഹതയുള്ളവർ**

1. ഒരു വർഷത്തിലധികമായി കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കണം.
2. ടി.ബി.ക്ലിനിക്കിലോ, ആശുപത്രിയിലോ, സാനിട്ടോറിയത്തിലോ, പ്രവേശിപ്പി ച്ചിട്ടില്ലാത്ത രോഗികൾക്കാണ് ധനസഹായത്തിനർഹത.
3. വാർഷിക വരുമാനപരിധി 1,00,000/- രൂപ (ഉത്തരവ് സ.ഉ.(കൈ)നം.485/2013 ആ.കു.വ തീയതി 13.12.2013)

**അപേക്ഷിക്കേണ്ട രീതി**

നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ മതിയായ രേഖകൾ സഹിതം വില്ലേജ്/ താലൂക്ക്/കളക്ടറേറ്റ് എന്നിവിടങ്ങളിൽ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. അപേക്ഷയിലെ രോഗിക്ക് ക്ഷയരോഗമാണെന്നും അയാൾക്ക് 6 മാസത്തേക്കെ ങ്കിലും ചികിത്സ ആവശ്യമാണെന്നുമുള്ള അസിസ്റ്റന്റ് സർജനിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം.
2. വരുമാന സർട്ടിഫിക്കറ്റ്
3. അപേക്ഷകന്റെ സത്യപ്രസ്താവന

**കുറിപ്പ്**

താലൂക്ക് ഓഫീസ്/വില്ലേജാഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

ഒരു വർഷത്തേക്കാണ് പ്രതിമാസ ധനസഹായം അനുവദിക്കുന്നത്. തുടർന്നു വരുന്ന വർഷങ്ങളിൽ ധനസഹായം ആവശ്യമുള്ള പക്ഷം പുതിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിത രേഖകൾ സഹിതം വില്ലേജ് ഓഫീ സിൽ ലഭിക്കുന്ന അപേക്ഷ പരമാവധി രണ്ടുദിവസത്തിനുള്ളിൽ നിർദ്ദിഷ്ട പ്രൊഫോർമയിൽ റിപ്പോർട്ട്, ശുപാർശ എന്നിവ സഹിതം മേലധികാരിക്ക്

അയയ്ക്കേണ്ടതാണ്. താലൂക്ക്, കളക്ട്രേറ്റ് എന്നീ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ അന്നേദിവസം തന്നെ പ്രാഥമിക അന്വേഷണത്തിനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് കൈമാറേണ്ടതാണ്.

**5. കുഷ്ഠരോഗികൾക്കുള്ള ധനസഹായം**

അഗതികളായ കുഷ്ഠരോഗികൾക്ക് വേണ്ടിയുള്ള ധനസഹായ പദ്ധതിയാണിത്.

**ധനസഹായത്തിന് അർഹതയുള്ളവർ**

1. രണ്ടു വർഷത്തിലധികമായി കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കണം.
2. വാർഷിക വരുമാനപരിധി 1,00,000/- (ഉത്തരവ് സ.ഉ.(കൈ) നം.485/2013/ആ.കു.വ തീയതി 13-12-2013)

**അപേക്ഷിക്കേണ്ട രീതി**

നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ മതിയായ രേഖകൾ സഹിതം വില്ലേജ്/താലൂക്ക്/കളക്ടറേറ്റ് എന്നിവിടങ്ങളിൽ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. അപേക്ഷയിലെ രോഗിക്ക് കുഷ്ഠരോഗമാണെന്നും അയാൾക്ക് തുടർ ചികിത്സ ആവശ്യമാണെന്നുമുള്ള അസിസ്റ്റന്റ് സർജനിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം.
2. വരുമാന സർട്ടിഫിക്കറ്റ്.
3. അപേക്ഷകന്റെ സത്യപ്രസ്താവന.

**ധനസഹായത്തിന് അർഹത ഇല്ലാത്തവർ**

1. പതിവായി യാചകവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ളവർ
2. സദാചാരവിരുദ്ധമായ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ
3. ഗുരുതരമായ കുറ്റങ്ങൾക്ക് ഒരു വർഷത്തിൽകൂടുതൽ ജയിൽ ശിക്ഷയ്ക്ക് വിധിക്കപ്പെട്ടിട്ടുള്ളവർ.
4. സമീപത്തുള്ള എസ്.ഇ.റ്റി സെന്ററിലോ ആശുപത്രിയിലോ പേര് രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരും നിർദ്ദിഷ്ട ചികിത്സയിൽ കഴിയാത്തവരുമായ വ്യക്തികൾ.
5. സൗജന്യ ചികിത്സയും താമസസൗകര്യവും ലഭ്യമാക്കുന്നതും കുഷ്ഠരോഗ ചികിത്സയ്ക്കുവേണ്ടി പ്രത്യേകം സജ്ജമാക്കിയിട്ടുള്ളതുമായ ഏതെങ്കിലും സർക്കാർ ആശുപത്രിയിലോ മറ്റ് അംഗീകൃത ആശുപത്രിയോ ചികിത്സയ്ക്ക് വേണ്ടി പ്രവേശിക്കപ്പെട്ടിട്ടുള്ളവർ
6. സംസ്ഥാന ഗവൺമെന്റോ, കേന്ദ്ര ഗവൺമെന്റോ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനമോ ഗ്രാന്റ് ലഭിക്കുന്ന മറ്റേതെങ്കിലും അംഗീകൃത സ്ഥാപനമോ ഏർപ്പെടുത്തിയിട്ടുള്ള പദ്ധതി അനുസരിച്ച് എന്തെങ്കിലും ധനസഹായമോ പെൻഷനോ ലഭിക്കുന്നവർ.

**കുറിപ്പ്**

മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിത രേഖകൾ സഹിതം വില്ലേജ് ഓഫീ

സിൽ ലഭിക്കുന്ന അപേക്ഷ പരമാവധി രണ്ടുദിവസത്തിനുള്ളിൽ നിർദ്ദിഷ്ട പ്രൊഫോർമയിൽ റിപ്പോർട്ട്, ശിപാർശ എന്നിവ സഹിതം മേലധികാരിക്ക് അയയ്ക്കേണ്ടതാണ്. താലൂക്ക്, കളക്ട്രേറ്റ് എന്നീ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ അന്നേ ദിവസം തന്നെ പ്രാഥമിക അന്വേഷണത്തിനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് കൈമാറേണ്ടതാണ്.

### 6. ക്യാൻസർ രോഗികൾക്കുള്ള ധനസഹായം

അഗതികളായ ക്യാൻസർ രോഗികൾക്കുവേണ്ടിയുള്ള ധനസഹായം പദ്ധതിയാണിത്. പ്രതിമാസം 1000/- രൂപയാണ് ഈ പദ്ധതിപ്രകാരം ലഭിക്കുന്ന ധനസഹായം (12-07-2013ലെ സ.ഉ (അച്ചടി) നമ്പർ 339/2013/ധന നമ്പർ സർക്കാർ ഉത്തരവ്)

**ധനസഹായത്തിന് അർഹതയുള്ളവർ**

1. തുടർച്ചയായി രണ്ടു വർഷത്തിൽ കുറയാതെ കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കണം.
2. വാർഷിക വരുമാനപരിധി 1,00,000/- (ഉത്തരവ് സ.ഉ (കൈ) നം.485/2013/ആ.കു.വ തീയതി 13-12-2013).

**ധനസഹായത്തിന് അർഹതയില്ലാത്തവർ**

1. സൗജന്യ താമസവും ചികിത്സയും ലഭ്യമാക്കി ക്യാൻസർ രോഗം ചികിത്സിക്കാൻ സ്പെഷ്യലൈസ് ചെയ്തിട്ടുള്ളതുമായ ഏതെങ്കിലും സർക്കാർ ആശുപത്രിയിലോ, സാനിട്ടോറിയത്തിലോ, മറ്റ് അംഗീകൃത ആശുപത്രിയിലോ ചികിൽസയ്ക്ക് വേണ്ടി പ്രവേശിക്കപ്പെട്ടിട്ടുള്ളവർ.
2. സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ് ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനമോ പ്രസ്തുത സ്ഥാപനത്തിൽ ഏതിൽനിന്നെങ്കിലും ഗ്രാന്റ് ലഭിക്കുന്ന മറ്റ് ഏതെങ്കിലും സ്ഥാപനങ്ങളോ ഏർപ്പെടുത്തിയിട്ടുള്ള പദ്ധതി അനുസരിച്ച് ഏതെങ്കിലും സാമ്പത്തിക സഹായമോ പെൻഷനോ ലഭിക്കുന്ന വ്യക്തികൾക്ക്.

**അപേക്ഷിക്കേണ്ട രീതി**

നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ മതിയായ രേഖകൾ സഹിതം വില്ലേജ്/താലൂക്ക്/കളക്ട്രേറ്റ് എന്നിവിടങ്ങളിൽ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. അപേക്ഷയിലെ രോഗിക്ക് ക്യാൻസറാണെന്നുള്ള ഡോക്ടറുടെ സാക്ഷ്യപത്രം
2. വരുമാന സർട്ടിഫിക്കറ്റ്
3. അപേക്ഷകന്റെ സത്യപ്രസ്താവന

**കുറിപ്പ്**

മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിത രേഖകൾ സഹിതം വില്ലേജ് ഓഫീസിൽ ലഭിക്കുന്ന അപേക്ഷ പരമാവധി രണ്ടുദിവസത്തിനുള്ളിൽ നിർദ്ദിഷ്ട പ്രൊഫോർമയിൽ റിപ്പോർട്ട്, ശിപാർശ എന്നിവ സഹിതം മേലധികാരിക്ക് അയയ്ക്കേണ്ടതാണ്. താലൂക്ക്, കളക്ടറേറ്റ് എന്നീ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ അന്നേ ദിവസം തന്നെ പ്രാഥമിക അന്വേഷണത്തിനായി ബന്ധപ്പെട്ട

വില്ലേജ് ഓഫീസർക്ക് കൈമാറേണ്ടതാണ്.

**7. അവശകലാകാർക്കുള്ള പെൻഷൻ**

കേരളത്തിൽ അവശതയനുഭവിക്കുന്ന പാവപ്പെട്ട കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള പദ്ധതിയാണിത്. പ്രതിമാസം 500/- രൂപ മുതൽ 2000/- രൂപവരെയാണ് പെൻഷൻ തുക.

**ധനസഹായത്തിന് അർഹതയുള്ളവർ**

1. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 24,000/-രൂപയിൽ കവിയരുത്.
2. പരമ്പരാഗത പണ്ഡിതന്മാർ/പാരമ്പര്യകലകളിൽ പ്രാവീണ്യം തെളിയിച്ചവർ
3. അപേക്ഷകന് 58 വയസ്സ് പൂർത്തിയായിരിക്കണം.

**അപേക്ഷിക്കേണ്ട രീതി**

നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ മതിയായ രേഖകൾ സഹിതം വില്ലേജ്/താലൂക്ക്/കളക്ട്രേറ്റ് എന്നിവിടങ്ങളിൽ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. അപേക്ഷകൻ ഏത് കലയുമായി ബന്ധപ്പെട്ടിരുന്നുവോ, അതിലുള്ള സേവനം തെളിയിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനത്തിൽനിന്നുള്ള സർട്ടിഫിക്കറ്റ്.
2. വരുമാന സർട്ടിഫിക്കറ്റ്
3. വയസ്സ് തെളിയിക്കുന്ന രേഖ
4. അപേക്ഷകന്റെ സത്യപ്രസ്താവന

**കുറിപ്പ്**

അവശകലാകാരന്മാർക്കുള്ള പെൻഷൻ അനുവദിക്കുന്ന കേസുകളിൽ ജില്ലാ കളക്ടർവഴി ബന്ധപ്പെട്ട തഹസീൽദാർക്ക് തു വിതരണം ചെയ്യുന്നതിനുള്ള ഉത്തരവും ആവശ്യമായ തുകയും നൽകുന്നു.

മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിത രേഖകൾ സഹിതം വില്ലേജ് ഓഫീസിൽ ലഭിക്കുന്ന അപേക്ഷപരമാവധി രണ്ടുദിവസത്തിനുള്ളിൽ നിർദ്ദിഷ്ട പ്രൊഫോർമയിൽ റിപ്പോർട്ട്, ശിപാർശ എന്നിവസഹിതം മേലധികാരിക്ക് അയയ്ക്കേണ്ടതാണ്. താലൂക്ക്, കളക്ട്രേറ്റ് എന്നീ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ അന്നേ ദിവസം തന്നെ പ്രാഥമിക അന്വേഷണത്തിനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് കൈമാറേണ്ടതാണ്.

**8. സർക്കസ്കലാകാരന്മാർക്കുള്ള പെൻഷൻ**

കേരളത്തിൽ സർക്കസ് തൊഴിലാളി സ്വീകരിച്ചവരും അവശതയനുഭവിക്കുന്നവരുമായ പാവപ്പെട്ട കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള പദ്ധതിയാണിത്. പ്രതിമാസം 1000/- രൂപയാണ് പെൻഷൻ തുക.

**ധനസഹായത്തിന് അർഹതയുള്ളവർ**

1. 15 വർഷമെങ്കിലും സർക്കസിൽ പ്രവർത്തിച്ചവരായിരിക്കണം.
2. വാർഷിക വരുമാനം 36,000/- രൂപയിൽ കവിയരുത്.
3. 45 വയസ്സ് പൂർത്തിയായ സർക്കസ് കലാകാരന്മാർ

4. 35 വയസ്സ് പൂർത്തിയായ സർക്കസ് കലാകാരികൾ

5. 10 വർഷത്തിൽക്കൂടുതൽ കേരളത്തിൽ സ്ഥിരതാമസമാക്കിയ അന്യസംസ്ഥാന സർക്കസ് കലാകാരന്മാർ

**അപേക്ഷിക്കേണ്ട രീതി**

നിശ്ചിതമാതൃകയിൽ തയ്യാറാക്കിയ അപേക്ഷയിൽ മതിയായ രേഖകൾ സഹിതം വില്ലേജ്/താലൂക്ക്/കളക്ട്രേറ്റ് എന്നിവിടങ്ങളിൽ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. അപേക്ഷകൻ ഏത് സർക്കസ് രൂപവുമായിട്ടാണ് ബന്ധപ്പെട്ടിട്ടുള്ളത്, എത്രകാലമായി പ്രവർത്തിച്ചിരുന്നു എന്നിവ തെളിയിക്കുന്ന രേഖകൾ/സാക്ഷ്യപത്രം.

2. വരുമാന സർട്ടിഫിക്കറ്റ്

3. വയസ്സ് തെളിയിക്കുന്ന രേഖ

4. അപേക്ഷകന്റെ സത്യപ്രസ്താവന

**കുറിപ്പ്**

സർക്കസ് കലാകാരന്മാർക്കുള്ള പെൻഷൻ അനുവദിക്കുന്ന കേസുകളിൽ ജില്ലാ കളക്ടർ വഴി ബന്ധപ്പെട്ട തഹസീൽദാർക്ക് തുക വിതരണം ചെയ്യുന്നതിനുള്ള ഉത്തരവും ആവശ്യമായ തുകയും നൽകുന്നു.

മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിത രേഖകൾ സഹിതം വില്ലേജ് ഓഫീസിൽ ലഭിക്കുന്ന അപേക്ഷ പരമാവധി രണ്ടുദിവസത്തിനുള്ളിൽ നിർദ്ദിഷ്ട പ്രൊഫോർമയിൽ റിപ്പോർട്ട്, ശിപാർശ എന്നിവ സഹിതം മേലധികാരിക്ക് അയയ്ക്കേണ്ടതാണ്. താലൂക്ക്, കളക്ട്രേറ്റ് എന്നീ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ അന്നേദിവസം തന്നെ പ്രാഥമിക അന്വേഷണത്തിനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് കൈമാറേണ്ടതാണ്.

**9. സ്വാതന്ത്ര്യസമരസേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കുള്ള സഹായം**

ഭാരതത്തിന്റെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ധീരദേശാഭിമാനികളുടെ മരണാനന്തരചടങ്ങുകൾക്കായി സർക്കാർ ജില്ലാകളക്ടർ മുഖേന 5000/- രൂപ നൽകുന്നു. പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട് ചുവടെചേർക്കുന്ന ധനസഹായങ്ങൾ സർക്കാർ അനുവദിച്ചിരിക്കുന്നു.

**1. കടൽക്ഷോഭം/മഴക്കെടുതി**

1.1 കടൽക്ഷോഭം/മഴക്കെടുതി എന്നിവയിൽപ്പെട്ട് മരണമടഞ്ഞ കുട്ടികളുടെ കുടുംബത്തിന് 200000/- രൂപ ധനസഹായം ലഭിക്കുന്നു. (ഉത്തരവ് സ.ഉ (കൈ) നം. 305/13/റവ.തീയതി 24.07.2013).

1.2. കടൽക്ഷോഭം /മഴക്കെടുതി എന്നിവയിൽ ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾ, കയർത്തൊഴിലാളികൾ, ആദിവാസികൾ എന്നിവർക്ക് രണ്ടാഴ്ചത്തേയ്ക്ക് സൗജന്യറേഷൻ ലഭിക്കുന്നു. (ഉത്തരവ് സ.ഉ (എം.എസ്) നം. 270/13/റവ.തീയതി 21.06.2013).

1.3. കടൽക്ഷോഭം/മഴക്കെടുതിയിൽ മരണമടഞ്ഞ മുതിർന്നവരുടെ കുടുംബങ്ങൾക്ക് 200000/- രൂപ ധനസഹായം നൽകുന്നു (ഉത്തരവ് സ.ഉ (എം.എസ്) നം. 270/13/റവ. തീയതി 21.06.2013).

2.3. കാലവർഷക്കെടുതി മൂലം ഭാഗികമായി നാശനഷ്ടം സംഭവിച്ച വീടുകൾക്ക് 2,00,000/- രൂപ ധനസഹായം വീടുകൾക്ക് 35000/- രൂപ ധനസഹായം നൽകുന്നു. (ഉത്തരവ് സ.ഉ (എം.എസ്) നം. 270/13/റവ. തീയതി 21.06.2013)

3. മഴക്കെടുതി

3.1 സംസ്ഥാനത്തുണ്ടായ മഴക്കെടുതിയിൽ ദുരിതം അനുഭവിച്ച് ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിച്ച കുടുംബങ്ങൾക്ക് ലംപ്സം ഗ്രാന്റായി 2000/- രൂപയും രണ്ടാഴ്ചത്തേയ്ക്കുള്ള സൗജന്യറേഷനും നൽകുന്നു. ഇവർക്കാവശ്യമായ ഭക്ഷണം, മറ്റു ചെലവുകൾ എന്നിവയും സർക്കാർ വഹിക്കുന്നു (ഉത്തരവ് സ.ഉ (എം.എസ്) നം. 270/13/റവ. തീയതി 21.06.2013)

3.2 മഴക്കെടുതിയിൽ വെള്ളം കയറിയ വീടുകളിൽ താമസിക്കുന്നവർക്കും വീട് സുരക്ഷിതമല്ലെന്നു കണ്ട് വീട് മാറിത്താമസിച്ചവർക്കും രണ്ടാഴ്ചത്തേയ്ക്ക് സൗജന്യറേഷൻ നൽകുന്നു (ഉത്തരവ് സ.ഉ (എം.എസ്) നം. 270/13/റവ. തീയതി 21.06.2013).

3.3 മഴക്കെടുതിയിൽ ജീവഹാനി സംഭവിച്ചവരുടെ ശവസംസ്കാരചടങ്ങുകൾക്കായി 10,000/- രൂപ നൽകുന്നു. (ഉത്തരവ് സ.ഉ (എം.എസ്) നം. 270/13/റവ. തീയതി 21.06.2013)

കേന്ദ്രാംഗീകൃത പ്രകൃതി ദുരന്തങ്ങൾ

കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ച് താഴെപറയുന്നവയാണ് ദുരന്ത പ്രതികരണനിധിയിൽ നിന്നും സഹായം നൽകുവാനായിപ്രകൃതി ദുരന്തങ്ങളായി അംഗീകരിച്ചിട്ടുള്ളത്.

ചുഴലിക്കാറ്റ് (Cyclone)

വരൾച്ച (Drought)

ഭൂമികുലുക്കം (Earthquake)

തീപിടുത്തം (Fire)

വെള്ളപ്പൊക്കം (Flood)

സുനാമി (Tsunami)

ആലിപ്പഴവർഷം (Hail Storm)

ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ/പാറനിരങ്ങൽ/പാറവീഴ്ച (Landslide)

ശൈത്യതരംഗം (Cold wave)

ഹിമാഘാതം (Frost - bite)

| ദുരിതാശ്വാസം | ധനസഹായം |
|---|---|
| എ മരണം (ഒരാൾക്ക്)<br>സ ഉ (കയ്യെഴുത്ത് നം. 305/13/റവന്യൂ, തീയതി 24.07.2013)<br>(എസ്.ഡി.ആർ.എഫ് 150000/- + സി.എം.ഡി.ആർ.എഫ് 50000/-<br>ആകെ | ₹2,00,000/- |
| ബി ഗുരുതരമായ പരിക്ക് (കൈകാലുകളോ കണ്ണോ നഷ്ടപ്പെട്ടാൽ)<br>അംഗവൈകല്യം<br>(1) 40% മുതൽ 80% വരെ<br>(2) 80% മുകളിൽ<br>കുറിപ്പ് : അംഗവൈകല്യം എത്ര ശതമാനമാണെന്ന് സർക്കാർ ഡോക്ടറുടെയോ, സർക്കാർ അംഗീകരിച്ച പട്ടികയിലുള്ള ഡോക്ടർമാരുടെയോ സർട്ടിഫിക്കറ്റ് ഹാജരാക്കണം. | ₹43,500/-<br>₹62,000/- |
| സി പരിക്ക്<br>ഒരാഴ്ചയിൽ കൂടുതൽ ആശുപത്രിയിലായ കേസിൽ<br>ഒരാഴ്ചയിൽ താഴെ (ഒരാൾക്ക്) | <br>₹9,300/-<br>₹3,100/- |
| ഡി വെള്ളപ്പൊക്കത്തിൽ വീട് നഷ്ടമാകുമ്പോൾ /പൂർണ്ണമായും തകരുമ്പോൾ/ ഒരാഴ്ചയിൽ കൂടുതൽ വെള്ളം കെട്ടി നിൽക്കുമ്പോൾ (ഓരോ കുടുംബത്തിനും)<br>(എ) വസ്ത്രങ്ങൾ നഷ്ടപ്പെടുമ്പോൾ<br>(ബി) വീട്ടുപകരണങ്ങൾ / പാത്രങ്ങൾ നഷ്ടപ്പെടുമ്പോൾ | <br>₹1,300/-<br>₹1,400/- |
| ഇ. ഗുരുതരമായി ദുരിതബാധിതരായ കുടുംബങ്ങളുടെ ദൈനദിന ജീവിതത്തിന് ഭക്ഷണം പാകം ചെയ്യുവാനുള്ള സംവിധനങ്ങളും ഭക്ഷ്യവസ്തുക്കളും സഹിതം നഷ്ടപ്പെടുകയും നിത്യവൃത്തിക്ക് നിവൃത്തി ഇല്ലാതാകുകയും ചെയ്തവർക്ക്)<br>* ഈ സഹായധനം ലഭിക്കുന്ന ദുരന്താധിതരായ വക്തികളുടെ ഭക്ഷണ സാമഗ്രികൾ പൂർണ്ണമായും ദുരന്തത്തിൽ നഷ്ടപ്പെട്ടു എന്നു സാക്ഷ്യപത്രം നൽകേണ്ടതുമാണ്.<br>* ഈ സഹായധനം 30 ദിവസം വരെ നൽകാവുന്നതാണ്.<br>* വരൾച്ചയോ കീടബാധ കൊണ്ടോ കൃഷിനാശം നേരിട്ടതുമൂലം ഭക്ഷണ സാമഗ്രികൾ നഷ്ടപ്പെട്ടവരാണെങ്കിൽ ഈ സഹായ ധനം നൽകുന്നത് ആദ്യത്തെ തവണയായി 60 ദിവസം വരെയും രണ്ടാം തവണയായി 90 ദിവസ വരെയും (മൊത്തത്തിൽ) നീട്ടാവുന്നതാണ്. | ദുരിതാശ്വാസ ക്യാമ്പിൽ അല്ലാതെ ഉള്ളവർ<br>മുതിർന്നവർ- ₹40/-<br>കുട്ടികൾ - ₹30/- |

2. രക്ഷാപ്രവർത്തനം സെർച്ച് ആന്റ് റസ്ക്യാ ഓപ്പറേഷൻ

എ രക്ഷാപ്രവർത്തനം ദുരന്തസാധ്യതയുള്ള പ്രദേശത്തു നിന്നും ആളുകളെ മാറ്റിപാർപ്പിക്കുന്നതിനും യഥാർത്ഥത്തിൽ ചെലവായ തുക, ദുരന്തനിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റിയുടെയും, കേന്ദ്രസംഘത്തിന്റെയും (നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിന്റെ കാര്യത്തിൽ ശുപാർശക്കനുസൃതമായി കൊടുക്കാവുന്നതാണ്.

ബി ദുരന്തമായി പ്രഖ്യാപിക്കപ്പെട്ട സംഭവത്തിൽ രക്ഷാപ്രവർത്തനത്തിന് ഉപയോഗിക്കുന്ന ബോട്ടിന്റെ വാടകയിനത്തിലും രക്ഷാപ്രവർത്തനത്തിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾക്കും യഥാർത്ഥത്തില

ചെലവായ തുകയും ഇത്തരത്തിൽ കൊടുക്കാവുന്നതാണ്.

3 ദുരിതാശ്വാസ (റിലീഫ്) പ്രവർത്തനങ്ങൾ

എ രക്ഷപ്പെടുത്തിയ/മാറ്റിപ്പാർപ്പിക്കപ്പെട്ട ആളുകൾക്കും റിലീഫ് ക്യാമ്പുകളിൽ കഴിയുന്നവർക്കും താൽക്കാലിക താമസസ്ഥലം ഒരുക്കുന്നതിനും, ഭക്ഷണം, വസ്ത്രം തുടങ്ങിവയവർക്ക് 30 ദിവസം വരെ സഹായം കൊടുക്കാം. ദുരന്തം നീണ്ടുപോകുകയാണെങ്കിൽ 60 ദിവസ് വരെയും കഠിനമായ വരൾച്ചയാണെങ്കിൽ 90 ദിവസം വരെയും ഉണ്ടാകുന്ന ചെലവ് സഹായധനമായി കൊടുക്കാം. ഇത് ദുരന്തനിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റിയുടെയും കേന്ദ്രസംഘത്തിന്റെയും (നാഷണൽ ഡിസാസ്ടർ റെസ്പോൺസ് ഫണ്ടിന്റെ കാര്യത്തിൽ) ശുപാർശക്കനുസൃതമായിരിക്കണം. (റിലീഫ് ക്യാമ്പുകൾ എത്ര ദിവസം പ്രവർത്തിച്ചു. എത ആളുകൾ ഉണ്ടായിരുന്നു തുടങ്ങിയവ എസ്.ഇ.സി സാക്ഷ്യപ്പെടുത്തണം).

ചികിത്സയ്ക്ക് ചെലവാകുന്ന തുക നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽ നിന്ന് ആകാവുന്നതാണ്.

ബി ആവശ്യസാധനങ്ങൾ ഹെലികോപ്ടർ ഉപയോഗിച്ച് വിതരണം ചെയ്യേണ്ടിവന്നാൽ യതാർത്ഥത്തിൽ ചെലവാകുന്ന തുകയും ഇത്തരത്തിൽ കൊടുക്കുന്നതാണ്.

സി അടിയന്തിരമായി കുടിവെള്ളം എത്തിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവാകുന്ന തുക സാധാരണ ഗതിയിൽ 30 ദിവസം വരെയും വരൾച്ചയാണെങ്കിൽ 90 ദിവസം വരെയും നൽകാവുന്നതാണ്.

ദുരന്തബാധിതപ്രദേശങ്ങളിൽ മണ്ണും മറ്റും മാറ്റുന്നതിന്: പൊതുസ്ഥലങ്ങളിൽ അടിയുന്ന മണ്ണ് മാറ്റുന്നതിനും, വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ കെട്ടിനിൽക്കുന്ന ജലം ഒഴുക്കികളയുന്നതിനും ദുരന്തം തുടങ്ങി 10 ദിവസം വരെയും, ശവശരീരങ്ങളിൽ മാറ്റുന്നതിനും മറവു ചെയ്യുന്നതിനും സഹായം ദുരന്തനിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും കേന്ദ്ര സംഘത്തിന്റെയും (നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിന്റെ കാര്യത്തിൽ) ശുപാർശ പ്രകാരം നൽകാവുന്നതാണ്.

5. കൃഷി

(i) ചെറുകിട / ഇടത്തരം കർഷകർക്കുള്ള സഹായം.

(A) ഭൂമിയ്ക്കും മറ്റുമുള്ള നാശം ഉണ്ടാകുമ്പോൾ

| | | |
|---|---|---|
| എ | എക്കൽമണ്ണ്/ഊറൽമണ്ണ് 3 ഇഞ്ചിൽ കൂടുതല കനം ഉണ്ടെങ്കിൽ നീക്കം ചെയ്യുന്നതിന് (ഇത് സംസ്ഥാന സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പ് സാക്ഷ്യപ്പെടുത്തേണ്ടതാണ്.) | ₹ 8,100/ഹെക്ടർ |
| ബി | കുന്നുംപ്രദേശങ്ങളിലെ കൃഷിസ്ഥലങ്ങളിലെ മണ്ണിടിയൽ, ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ തുടങ്ങിയവ മൂലമുള്ള അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന്. | 8,100/ഹെക്ടർ (മറ്റു സർക്കാർ സ്കീമുകളിൽ നിന്ന്സാമ്പത്തിക സഹായം കൈപ്പറ്റാത്ത വർക്കു മാത്രം) |
| സി | മത്സ്യകൃഷിയിടങ്ങളിലെ എക്കൽ നീക്കം ചെയ്യുന്നതിന്/പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിനും/ നന്നാക്കുന്നതിനും | ₹ 8,100/ഹെക്ടർ |

ഡി ഉരുൾപാട്ടൽ/ മണ്ണിടിച്ചിൽ/പുഴ ഗതി മാറി ഒഴുകൽ എന്നിവ മൂലം വലിയതോതിൽ ഭൂമി നഷ്ടമായവർക്ക് (സ്ഥലത്തിന്റെ ഉടമസ്ഥ റവന്യൂ ലേഖകൾ പ്രകാരം പ്രസ്തുത ആളുടേതാണെങ്കിൽ) — ₹ 25000/ ഹെക്ടർ

ബി 50 ശതമാനത്തിലധികം വിളനാശം ഉണ്ടായാലുള്ള സബ്സിഡി

എ മഴ ലഭിക്കുന്ന സ്ഥലങ്ങളിലുള്ള കാർഷിക വിളകൾ, തോട്ടകൃഷി തോട്ടവിളകൾ എന്നിവയ്ക്ക്

ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിൽ (വിസ്തൃതിയനുസരിച്ച്) — പരമാവധി 9000/ ഹെക്ടർ ചുരുങ്ങിയത് ₹ 750/- ഹെക്ടർ

ബി എല്ലാത്തരം വാർഷിക വിളകൾക്കും സംഭവിക്കുന്ന നാശനഷ്ട ങ്ങൾക്കും വിസ്തൃതിയുടെ അടിസ്ഥാനത്തിൽ

| | |
|---|---|
| പരമാവധി | ₹ 12,000/ ഹെക്ടർ |
| ചുരുങ്ങിയത് | ₹ 3,200/ ഹെക്ടർ |

**(ii) ചെറുകിട-ഇടത്തരം വിഭാഗത്തിൽപ്പെടാത്ത കൃഷിക്കാർക്ക് ലഭിക്കുന്ന സബ്സിഡി (ഹെക്ടറിന്)**

| ഇനം | ധനസഹായം |
|---|---|
| മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ജലസേചന സൗകര്യമുള്ള പ്രദേശങ്ങളിൽ | ₹ 4500/ ഹെക്ടർ |
| ജലസേചന സൗകര്യമുള്ള പ്രദേശങ്ങളിൽ എല്ലാത്തരം വാർഷിക വിളകൾക്ക് | ₹ 9000/ ഹെക്ടർ |
| * 50 ശതമാനമോ, അതിലധികമോ വിളനാശം ഉണ്ടാവുകയാണെങ്കിൽ ഒരു ഹെക്ടറിൽ താഴെ കൃഷി ഉള്ളവർക്കുള്ള സഹായം നൽകാവുന്നതാണ്. തുടർച്ചയായ ദുരന്തം മൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് 2 ഹെക്ടർ വരെയുള്ള കൃഷിനാശത്തിന് സഹായം കിട്ടുന്നതാണ്. | ₹ 12000/ ഹെക്ടർ |

6 വളർത്തുമൃഗങ്ങൾ

എ ചെറുകിട-ഇടത്തരം കർഷകരുടെ വളർത്തുമൃഗങ്ങൾ നഷ്ടപ്പെടുമ്പോൾ നൽകുന്ന ധനസഹായം

| | |
|---|---|
| (എ) കന്നുകാലി | ₹ 16400/- |
| (ബി) കന്നുകുട്ടി | ₹ 10000/- |
| (സി) ആട് | ₹ 1650/- |
| (ഡി) താറാവ്/കോഴി (പക്ഷി*) | ₹ 37/- |

* പരമാവധി ധനസഹായം 400 ആയി നിജപ്പെടുത്തിയിരിക്കുന്നു (രോഗങ്ങൾ)മൂലം സംഭവിക്കുന്ന നഷ്ടത്തിന് ഈ സഹായം കിട്ടുകയില്ല.)

* സാമ്പത്തികമായി ലാഭം ഉണ്ടാക്കുന്ന മൃഗങ്ങളക്ക് സംഭവിക്കുന്ന അപകടങ്ങൾക്കു മാത്രമാണ് സഹായം. ഒരു കുടുംബത്തിന് പാൽ ഉൽപാദ — മറ്റ് സർക്കാർ സ്കീമുകളിൽ

| | |
|---|---|
| നത്തിന് വളർത്തുന്ന വലിയ മൃഗങ്ങൾക്ക് ഒരെണ്ണത്തിന് മാത്രവും, ആട് തുടങ്ങിയ ചെറിയ മൃഗങ്ങൾക്ക് ഒരെണ്ണത്തിനും, ചെറുതാണെങ്കിൽ രണ്ടെണ്ണത്തിനും മാത്രമായി ഈ ധനസഹായം പരിമിതപ്പെടുത്തിയിട്ടുണ്ട്. മൃഗങ്ങൾക്ക് സംഭവിക്കുന്ന നഷ്ടം സംസ്ഥാന സർക്കാരിന്റെ അംഗീകൃത ഏജൻസി സാക്ഷ്യപ്പെടുത്തേണ്ടതാണ്. | നിന്നും സഹായം കൈപ്പറ്റാത്തവർക്ക് മാത്രം |
| ബി വളർത്തുമൃഗങ്ങളെ ക്യാമ്പിൽ പാർപ്പിക്കുമ്പോൾ കാലിത്തീറ്റ ഇനത്തിൽ | |
| വലിയ മൃഗങ്ങൾക്ക് | ₹ 50/മൃഗം/ദിവസം |
| ചെറിയ മൃഗങ്ങൾക്ക് | ₹ 25/മൃഗം/ദിവസം |

* ദുരന്തനിവാരണത്തിന്റെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മടിയുടെയും കേന്ദ്രസംഘത്തിന്റെയും (നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിന്റെ കാര്യത്തിൽ) ശുപാർശയ്ക്കു വിധേയമായി പരമാവധി യഥാർത്ഥത്തിൽ ചെലവായ തുക എത്രയാണോ അത് 30 ദിവസത്തേക്ക് കൊടുക്കാവുന്നതാണ്. കന്നുകാലികൾക്ക് വെള്ളം എത്തിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവാകുന്ന തുകയും ദുരന്തനിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി (SEC) യുടെയും കേന്ദ്ര സംഘത്തിന്റെയും (നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിന്റെ കാര്യത്തിൽ) ശുപാർശയ്ക്ക് വിധേയമായി കൊടുക്കാവുന്നതാണ്.

7. മത്സ്യബന്ധനം

| | |
|---|---|
| കാലവർഷക്കെടുതിമൂലം മത്സ്യത്തെ തൊഴിലാളികളുടെ ബോട്ടിനോ, വലയ്ക്കോ കട്ടമരം തുടങ്ങിവയ്ക്കോ ഭാഗികമായി കേടുപാടുകൾ ഉണ്ടായാൽ | |
| ബോട്ടിന് | ₹ 3000/- |
| വല | ₹ 1500/- |
| പൂർണമായും നാശം ഉണ്ടാവുകയൊ നഷ്ടപ്പെടുകയോ ചെയ്താൽ | |
| ബോട്ട് | ₹ 7000/- |
| വല | ₹ 1850/- |

10. **അടിസ്ഥാന സൗകര്യങ്ങൾ**

എ താഴെപ്പറയുന്ന കാര്യങ്ങൾക്ക് സഹായം ലഭിക്കുന്നതാണ്. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, പാലം, ജലസേചനം, സ്കൂൾ വാർത്താവിനിമയ സംവിധാനം, വൈദ്യുതി, പൊതുജനാരോഗ്യം, കുടിവെള്ളവിതരണം, പൊതു ആസ്തികൾ എന്നിവയുടെ കേടുപാടുകൾ തീർക്കുന്നതിന് അടിയന്തിര സ്വഭാവമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും പുനർനിർമ്മാണത്തിനും ധനസഹായം നൽകാവുന്നതാണ്. (അനുബന്ധം കാണുക.) പട്ടണപ്രദേശങ്ങളിൽ ഓഡിനറി റിപ്പയറിനുള്ള (സാധാരണ മെയിൻറനൻസ്) തുകയുടെയും പീരിയോഡിക്കൽ റിപ്പയറിനുള്ള (കാലാകാലങ്ങളിൽ നടത്തുന്ന റിപ്പയർ) തുകയുടെയും ആകെ തുകയുടെയും 15% വരെയും, കുന്നിൻപ്രദേശങ്ങളിൽ ആണെങ്കിൽ ഇതിന്റെ 20% വും ചെലവാക്കാം. സംസ്ഥാന സർക്കാരിന്റെ റിപ്പയറിംഗിലുള്ള ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചതിനുശേഷം മാത്രമേ കേന്ദ്രസഹായത്തുക വിനിയോഗിക്കാവൂ.

അനുബന്ധം കാണുക.

11 **ഉപകരണങ്ങൾ വാങ്ങൽ**

എ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനും ആളുകളെ ഒഴിപ്പിക്കുന്നതിനും, വാർത്താവിനിമയത്തിനും

വേണ്ട ഉപകരണങ്ങൾ വാങ്ങാൻ ദുരന്തനിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി (SEC) യുടെ ശുപാശ പ്രകാരം സഹായം നൽകാവുന്നതാണ്. ഇത് സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫണ്ട് (SDRF) ന് അനുവദിക്കപ്പെട്ട വാർഷിക വിഹിതത്തിന്റെ 5 ശതമാനത്തിൽ കൂടാൻ പാടില്ല.

**10-ാം പിരിവിന്റെ അനുബന്ധം**

അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തനങ്ങളുടെ നിർവചനം.

എ കുടിവെള്ള വിതരണം പുനഃസ്ഥാപിക്കുന്നതിന്, ഹാന്റ് പമ്പുകൾ, കിണറുകൾ തുടങ്ങിയവയുടെ ഭിത്തി ഇടിയൽ, തകർന്ന പൈപ്പുകൾ തുടങ്ങിയവ നന്നാക്കൽ, ചോർച്ച തടയുന്നതിനുള്ള പ്രവർത്തികൾ, പമ്പിംഗ് മെഷീനുകളും മറ്റും നന്നാക്കൽ തുടങ്ങിയവ.

ബി റോഡുകൾ

ദുരന്തംമൂലം റോഡിലുണ്ടാകുന്ന കുഴികൾ, പൊട്ടലുകൾ തുടങ്ങിയവ അടയ്ക്കുക, തകർന്ന പാലങ്ങൾ, കലുങ്കുകൾ, കൈവരികൾ എന്നിവ നന്നാക്കുക തുടങ്ങിയവ.

സി തകർന്ന കനാലുകൾ, ടാങ്കുകൾ, ചെറിയ റിസർവോയറുകൾ തുടങ്ങിയവ നന്നാക്കുക. അണക്കെട്ടുകളുടെ ദുർബലപ്രദേശങ്ങൾ നന്നാക്കുക, കനാലുകളിൽ നിന്ന് മണ്ണും കാട്ടുചെടികളും നീക്കുക തുടങ്ങിയവ.

ഡി ആരോഗ്യം

പൊതുജനാരോഗ്യകേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവയിലേയ്ക്കുള്ള അപ്രോച്ച് റോഡുകളുടെ കേടുപാടുകൾ തീർക്കുക.

ഇ പൊതു ആസ്തികൾ

വില്ലേജ് റോഡുകൾ, ഡ്രെയിനേജ് തുടങ്ങിയവയിൽ നിന്നുള്ള മണ്ണ് നീക്കം ചെയ്യൽ, കുടിവെള്ള വിതരണലൈനുകൾ, വഴിവിളക്കുകൾ, പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളുകൾ, അംഗൻവാടികൾ എന്നിവയുടെ താൽക്കാലിക റിപ്പയർ ജോലികൾ തുടങ്ങിയവ.

അനുവദനീയ വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ

സർക്കുലർ നമ്പർ : 1. 77507/കെ3/2012/ഡി.എം.ഡി തീയതി 28/12/13

2. 30283/കെ3/2013/ഡി.എം.ഡി തീയതി 12/06/13

വരൾച്ചാകാലങ്ങളിൽ കുടിവെള്ളത്തിന്റെ ആവശ്യകത പരിഗണിച്ച് വില്ലേജ് അടിസ്ഥാനത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്നു.

# വനം വകുപ്പ്

**1. സെറ്റിൽമെന്റിൽ താമസിക്കുന്ന പട്ടിക വർഗക്കാർക്ക് ഭവനനിർമാണത്തിന് ഒന്നര ഘന മീറ്റർ തടി**

- ഇപ്രകാരം തടി ലഭിക്കുന്നതിന് ഉള്ള അപേക്ഷ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകേണ്ടതാണ്. ഈ ഇനത്തിൽ അപേക്ഷാഫീസ് ഈടാക്കുന്നില്ല.
- ഈ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനുവേണ്ടി സൗജന്യമായി തടി ലഭിക്കുന്നതിനുള്ള അപേക്ഷ, ഭവന നിർമ്മാണം ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിലാണ് നടക്കുന്നത്, ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി മുഖേന ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കണം.
- ഇതോടൊപ്പം അപേക്ഷകന്റെ മേൽവിലാസം തെളിയിക്കുന്ന രേഖ, റേഷൻ കാർഡ്, വസ്തുവിന്റെ കൈവശാവകാശ രേഖ, ബിൽഡിംഗ് പെർമിറ്റ് എന്നിവയുടെ പകർപ്പുകൾ ഉണ്ടായിരിക്കണം.

**2. തടിയേതര വനവിഭവശേഖരണത്തിന് പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള പാസ്സ്**

- പട്ടികവർഗ സഹകരണസംഘങ്ങൾ അപേക്ഷ ബന്ധപ്പെട്ട ഫോറസ്റ്റ് റെയിഞ്ച് ഓഫീസിൽ നൽകണം. അപേക്ഷാഫീസ് ഈടാക്കുന്നില്ല. പട്ടികവർഗ സഹകരണസംഘങ്ങൾ മറ്റു ഫീസുകളൊന്നും ഒടുക്കേണ്ടതില്ല.

**3. പട്ടികജാതി/പട്ടികവർഗ പരമ്പരാഗത കരകൗശല തൊഴിലാളികൾക്കുള്ള മുള - ഈറ്റ ശേഖരണത്തിനുള്ള പാസ്സ്**

- പട്ടികജാതി / വർഗ കരകൗശല തൊഴിലാളികൾ അപേക്ഷ ബന്ധപ്പെട്ട ഫോറസ്റ്റ് റെയിഞ്ചാഫീസിൽ നൽകണം. അപേക്ഷാഫീസ് ഈടാക്കുന്നില്ല. സീനിയറേജ് നിരക്കിന്റെ 50% ഉം ബന്ധപ്പെട്ട നികുതികളും ഇതിൽ ഉൾപ്പെടുന്നു.
- ആദിവാസി വിഭാഗത്തിൽപെട്ടവർക്ക് സൗജന്യമായി നൽകിവരുന്നു.

**4. വനാതിർത്തിക്കുള്ളിലെ അംഗീകൃത കടവുകളിൽ നിന്ന് മണൽ ശേഖരണം**

- ബന്ധപ്പെട്ട അപേക്ഷകൾ അഞ്ചുരൂപയുടെ ക്വാർട്ട് ഫീസ് സ്റ്റാമ്പ് സഹിതം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകളിൽ നൽകണം. ഇതിലേയ്ക്കായി മണലിന്റെ വിലയും മറ്റു നികുതികളും ബാധകമാകും. സ്വന്തം ഉപയോഗത്തിനു മാത്രമാണ് ഈ അനുവാദം നൽകുന്നത്. റെയിഞ്ച് ഓഫീസുകൾക്ക് കീഴിലുള്ള വനസംരക്ഷണ സമിതികൾ മുഖേനയാണ് മണൽ ശേഖരണം.

**5. വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം**

- അപേക്ഷകൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നൽകുക. മറ്റു ചെലവുകൾ ഒന്നും ഒടുക്കേണ്ടതില്ല. മരണപ്പെട്ടാൽ 5 ലക്ഷം രൂപയും പരിക്ക് സംഭവിച്ചാൽ അരലക്ഷം രൂപയും നൽകുന്നതാണ്. പാമ്പ് കടിയേറ്റ് മരണപ്പെടുന്നവർക്ക് ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നൽകിവരുന്നു

**113. വന്യജീവി മൂലമുണ്ടാകുന്ന വിളനാശം**

- വന്യജീവി ആക്രമണം മൂലമുള്ള വിളനാശത്തിന് അപേക്ഷകൾ ബന്ധപ്പെട്ട ഫോറസ്റ്റ് റെയിഞ്ച് ഓഫീസിൽ നൽകുക. അപേക്ഷാഫീസ് ഇല്ല. പരിശോധനയ്ക്കുശേഷം നഷ്ടപരിഹാരം താമസംവിനാ നൽകുന്നു.

# വാണിജ്യ നികുതി വകുപ്പ്

## I.സംസ്ഥാന വ്യാപാരി ക്ഷേമബോർഡ് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികൾ.

**1) മരണാനന്തര ആനുകൂല്യം**

- സംസ്ഥാന വ്യാപാരി ക്ഷേമനിധിയിൽ ഒരംഗം അംഗത്വമെടുത്ത് ആറുമാസം കഴിഞ്ഞാൽ, മരണാനന്തരം അവകാശിക്ക് ലഭിക്കുന്ന ആനുകൂല്യമാണിത്. നാല് തരത്തിൽ അംഗത്വമനുവദിക്കുന്ന ക്ഷേമനിധി ബോർഡിൽ അംഗം മരണപ്പെട്ടാൽ താഴെപ്പറയുന്ന നിരക്കിൽ ആനുകൂല്യം അവകാശിക്ക് ലഭിക്കുന്നു.

**എ. ലഭിക്കുന്ന ആനുകൂല്യം**

| | | | |
|---|---|---|---|
| എ) | എ ക്ലാസ് | - | 1,00,000 രൂപ |
| ബി) | ബി ക്ലാസ് | - | 60,000 രൂപ |
| സി) | സി ക്ലാസ് | - | 40,000 രൂപ |
| ഡി) | ഡി ക്ലാസ് | - | 30,000 രൂപ |

**ബി. ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമം**

- അംഗത്വകാർഡ്, ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, വില്ലേജ് ഓഫീസർ നൽകുന്ന കുടുംബാംഗത്വ സർട്ടിഫിക്കറ്റ്, കുടുംബാംഗത്വ സർട്ടിഫിക്കറ്റിലെ അംഗങ്ങളെല്ലാം കൂടി തുക കൈപ്പറ്റുവാൻ വേണ്ടി അവരിലൊരാളെ ചുമതലപ്പെടുത്തുന്ന സമ്മതപത്രം എന്നിവ ഉൾപ്പെടെയുള്ള അവകാശിയുടെ അപേക്ഷ അംഗം മരിച്ച് 90 ദിവസത്തിനുള്ളിൽ സംസ്ഥാന വ്യാപാരിക്ഷേമനിധി ബോർഡിൽ ഹാജരാക്കേണ്ടതാണ്.
- അംഗത്തിന് മരണം സംഭവിച്ച് 90 ദിവസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിൽ വീഴ്ച്ച സംഭവിക്കുന്നപക്ഷം വിശദീകരണം നല്കേണ്ടതാണ്.

**2. എക്സ്ഗ്രേഷ്യാ ക്ലെയിമുകൾ**

സംസ്ഥാന വ്യാപാരി ക്ഷേമബോർഡിൽ നിന്നും അംഗങ്ങൾക്ക് വെള്ളപ്പൊക്കം, തീപിടുത്തം, അക്രമം, ലഹള മറ്റ് പ്രകൃതിക്ഷോഭങ്ങൾ എന്നിവയിലൂടെ വ്യാപാര സ്ഥാപനത്തിനും സാധനങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നല്കിവരുന്നു. നഷ്ടപരിഹാരത്തുക അംഗങ്ങൾക്ക് മരണാനന്തര ആനുകൂല്യം ലഭിക്കുന്ന തുകയോളം പരിമിതപ്പെടുത്തിയിരിക്കുന്നു.

**എ. അപേക്ഷിക്കുന്നതിനുള്ള നടപടിക്രമം**

- അംഗത്വകാർഡിന്റെ കോപ്പി, വില്ലേജ് ഓഫീസറുടെ റിപ്പോർട്ട്, ഫയർഫോഴ്സ് റിപ്പോർട്ട് (തീപിടുത്തത്തിന് മാത്രം), പോലീസ് റിപ്പോർട്ട് (അക്രമത്തിന് മാത്രം) എന്നിവ സഹിതമുള്ള അപേക്ഷ കേരള സംസ്ഥാന വ്യാപാരി ക്ഷേമബോർഡ് മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

**3. പെൻഷൻ**

- 10 വർഷം തുടർച്ചയായി ക്ഷേമനിധി അംഗത്വമുള്ളവർക്ക് 60 വയസ് പൂർത്തിയായതിന്റെ അടുത്തമാസം മുതൽ താഴെപറയുന്ന നിരക്കിൽ പ്രതിമാസ പെൻഷൻ നൽകി വരുന്നു.

| | | | |
|---|---|---|---|
| എ) | എ ക്ലാസ് | - | 1100 രൂപ |
| ബി) | ബി ക്ലാസ് | - | 900 രൂപ |
| സി) | സി ക്ലാസ് | - | 800 രൂപ |
| ഡി) | ഡി ക്ലാസ് | - | 750 രൂപ |

**പെൻഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമം**

- സംസ്ഥാന വ്യാപാരിക്ഷേമ ബോർഡിൽ തുടർച്ചയായി 10 വർഷത്തിൽ കുറയാത്ത അംഗത്വമുള്ള, 60 വയസ് പൂർത്തിയായവർക്ക് (രേഖ ഹാജരാക്കണം) പെൻഷന് അർഹതയുണ്ട്. ഇവർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള കച്ചവട ലൈസൻസും അംഗത്വകാർഡിന്റെ കോപ്പിയും സഹിതം ബോർഡ് മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- മേൽ പദ്ധതികൾക്ക് പുറമേ 1992-ൽ ബോർഡ് രൂപീകരിച്ച വേളയിൽ വിഭാവനം ചെയ്തിട്ടുള്ള സ്കോളർഷിപ്പ് പദ്ധതി, സമഗ്ര ആരോഗ്യ

ഇൻഷുറൻസ് പദ്ധതി എന്നിവ നടപ്പാക്കുവാൻ ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

**വാണിജ്യ വകുപ്പിന്റെ ആസ്ഥാന വിലാസം**

കമ്മീഷണർ,
വാണിജ്യ നികുതി വകുപ്പ്, ടാക്സ് ടവർ,
കരമന പി.ഒ., കിള്ളിപ്പാലം
തിരുവനന്തപുരം,
ഫോൺ-0471-2785206, 2785202
email-commissioner@keralataxes.gov.in
website-www.keralataxes.gov.in

**സംസ്ഥാന വ്യാപാരി ക്ഷേമ ബോർഡിന്റെ ആസ്ഥാനവിലാസം**

സംസ്ഥാന വ്യാപാരി ക്ഷേമ ബോർഡ്
ഊറ്റുകുഴി, തിരുവനന്തപുരം
ഫോൺ-0471-2324049

**3. വൈദ്യുതി ചാർജ് സബ്സിഡി**

● ടൂറിസം വകുപ്പിന്റെ അംഗീകൃത ക്ലാസിഫിക്കേഷൻ സ്റ്റാർ പദവിയിലുള്ള ഹോട്ടലുകൾക്കും റസ്റ്റാറന്റുകൾക്കും ആയുർവേദ സ്ഥാപനങ്ങൾക്കും, സമാനസ്ഥാപനങ്ങൾക്കും, കെ.എസ്.ഇ.ബി. ഈടാക്കുന്ന വൈദ്യുതി ചാർജിന് സബ്സിഡി നൽകുന്ന ഒരു പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു. ടൂറിസം രംഗത്തെ അംഗീകൃത സ്ഥാപനങ്ങൾക്ക് ഒരു വ്യവസായിക സഹായം എന്ന നിലയ്ക്കാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**5. ഗൃഹസ്ഥലി/പൈതൃക സംരക്ഷണ പദ്ധതി.**

● പ്രകൃതിലാവണ്യ സമ്പത്തിനുപരിയായി കേരളത്തിന് ചരിത്രപധാനവും പൈതൃകമൂല്യവും വാസ്തുശില്പചാതുര്യവുമുള്ള നിരവധി രമ്യഹർമയങ്ങളുണ്ട്. സ്വകാര്യവ്യക്തികളുടെ കൈവശമുള്ള അത്തരം ശ്രേഷ്ഠ നിർമ്മിതികളെ സംരക്ഷിക്കുന്നതിനും തനതുപൈതൃകം നിലനിർത്തുന്നതിനുമുള്ള പദ്ധതിയാണിത്. 50 വർഷത്തിലധികം പഴക്കമുള്ളതും ആധുനികസൗകര്യങ്ങളോട് കൂടിയ അതിഥി സത്കാരകേന്ദ്രങ്ങളമായി മാറ്റാൻ കഴിയുന്നതുമായ സാംസ്കാരികത്തനിമയുള്ള കേരളവാസ്തു ശില്പ രീതിയിൽ നിർമ്മിച്ച ഏതൊരു കെട്ടിടത്തേയും സംരക്ഷിച്ച് നിലനിർത്തു പോരാൻ തയ്യാറുള്ള സംരംഭകർക്ക് പദ്ധതിച്ചെലവിന്റെ 25% അഥവാ പരാമവധി 5 ലക്ഷം രൂപാ വരെ വകുപ്പ് നൽകുന്ന പദ്ധതിയാണിത്. പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ വകുപ്പിലുംവകപ്പിന്റെ വെബ്സൈറ്റിലും ലഭ്യമാണ്.

**8. ടാവൽ ഏജന്റുമാർക്കും ടൂർ ഓപ്പറേറ്റർമാർക്കും മാർക്കറ്റിങ് സഹായം**

● ഇന്ത്യയിലും വിദേശത്തും നടക്കുന്ന ടൂറിസം മേളകൾ, എക്സിബിഷനുകൾ എന്നിവയിൽ കേരളത്തിലെ ടൂറിസം ട്രേഡ് അംഗങ്ങൾക്ക് പങ്കെടുക്കുന്നതിനും അവരുടെ ടൂറിസം സംരംഭത്തെ വിപണനം ചെയ്യുന്നതിനും ആനുകൂല്യങ്ങൾ വകുപ്പു നൽകുന്നു.

**9. നൂതന ടൂറിസം സംരംഭകർക്ക് സാമ്പത്തിക സഹായം**

● ടൂറിസം രംഗത്ത് പുത്തൻ ആശയങ്ങൾ കൊണ്ടുവന്ന് നടപ്പിലാക്കാൻ

ശ്രമിക്കുന്നവർക്കായി വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണിത്. ആശയങ്ങൾ ടൂറിസം വകുപ്പിന്റെ അംഗീകാരം നേടിയതിനുശേഷമാത്രമെ സാമ്പത്തിക സഹായത്തിനായി അപേക്ഷിക്കാൻ കഴിയൂ

**വിനോദസഞ്ചാര വകുപ്പിന്റെ ആസ്ഥാന വിലാസം**

ഡയറക്ടർ
സംസ്ഥാന വിനോദസഞ്ചാര വകുപ്പ് പാർക്ക് വ്യൂ, തിരുവനന്തപുരം-695033
ഫോൺ - 0471-2321132
വെബ് സൈറ്റ് www.keralatourism.org
ടൂറിസ്റ്റ് ഇൻഫർമേഷൻ
ടോൾ ഫ്രീ നമ്പർ 1800-425 - 4747
ടൂറിസ്റ്റ് അലർട്ട് സർവ്വീസ് നമ്പർ - 9846300100

# വ്യാവസായിക പരിശീലന വകുപ്പ്

# വ്യവസായ – വാണിജ്യ വകുപ്പ്

**സംരംഭക സഹായ പദ്ധതി**

- സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന് നിലവിൽ വിത്ത് മൂലധന വായ്പ, സംസ്ഥാന നിക്ഷേപസഹായധനം സാങ്കേതികവിദ്യയും നവീകരണ പരിപാടിയും കാർഷികാധിഷ്ഠിത ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾ, ഉത്പന്നങ്ങളുടെ ഉത്പാദനത്തിന് പ്രോത്സാഹനം, എന്നിവ ഉൾപ്പെടുന്ന സഹായപദ്ധതിയാണിത്. സർക്കാർ നിയമങ്ങൾക്ക് വിധേയമായി താഴെപ്പറയുന്ന സഹായങ്ങൾ ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു.
- ഈ പദ്ധതിയിൽ താഴെ വിവരിച്ചിട്ടുള്ള ആനുകൂല്യങ്ങൾ വിവിധ വിഭാഗങ്ങൾക്കായി ലഭിക്കുന്നതാണ്.

1. സംരംഭകർക്ക് മൂലധന നിക്ഷേപത്തിന്റെ 15% സഹായധനം – 20 ലക്ഷം വരെ.
2. വനിതാ വ്യവസായികൾക്ക് മൂലധനത്തിന്റെ 20% സഹായ ധനം – 30 ലക്ഷം വരെ
3. അഭ്യസ്തവിദ്യരായ യുവസംരംഭകർക്ക് മൂലധനത്തിന്റെ 20% സഹായ ധനം – 30 ലക്ഷം വരെ
4. പട്ടികജാതി/പട്ടികവർഗ്ഗ സംരംഭകർക്ക് – മൂലധനത്തിന്റെ 20% ധന സഹായധനം – 30 ലക്ഷം വരെ
5. ഭക്ഷ്യ സംസ്കരണവും വിവിധ ത്രസ്റ്റ് മേഖലകളിൽ തുടങ്ങുന്ന വ്യവസായങ്ങൾക്ക് 20% അധിക സഹായധനം – 19 ലക്ഷംവരെ.
6. വയനാട്, ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ വ്യവസായം തുടങ്ങുന്നവർക്ക് 20% അധിക ധനസഹായം – 10 ലക്ഷം വരെ
7. നൂതന സാങ്കേതിക വിദ്യ അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ആർജ്ജിക്കുന്നതിന് ധനസഹായം 10% – 10 ലക്ഷം വരെ
8. അനുവദിക്കപ്പെട്ട തുകയുടെ 30% സൂക്ഷ്മ വ്യവസായങ്ങൾക്കായി മാറ്റി വെച്ചിരിക്കുന്നു. എന്നാൽ അപേക്ഷകരുടെ അഭാവത്തിൽ മേൽത്തുക മറ്റു ചെറുകിട വ്യവസായങ്ങൾക്കായി ഉപയോഗിക്കുന്നതാണ്.

9. വനിതാ വ്യവസായികൾക്ക് 10%വും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ ങ്ങൾക്ക് വും ആകെത്തുകയുടെ വിഹിതം വകയിരുത്തുന്നതാണ്.

- ഈ പദ്ധതി പ്രകാരം ഒരു സംരംഭകന് ലഭിക്കുന്ന പരമാവധി ധനസ ഹായം 30 ലക്ഷം രൂപയായി നിശ്ചയിച്ചിരിക്കുന്നു.

**വ്യവസായ സഹകരണ സംഘങ്ങൾക്ക് എൻസിഡിസി സഹായം**

- വ്യവസായ സഹകരണ സംഘങ്ങളുടെ പ്രോത്സാഹനത്തിനും വിക സനത്തിനും ധനസഹായം നല്കുന്ന പദ്ധതിയാണിത്. നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനാണ് ഇത് നടപ്പാക്കുന്നത്.
- വ്യവസായ ഉത്പന്നങ്ങളുടെ നിർമ്മാണം, സംസ്ക്കരണം, വിപണനം, ഇറക്കുമതി, കയറ്റുമതി എന്നിവയ്ക്ക് വ്യവസായ സഹകരണ സംഘങ്ങളെ സഹായിക്കുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

**കരകൗശല വ്യവസായം**

- കരകൗശല പ്രാഥമിക സഹകരണസംഘങ്ങൾക്ക് മൂലധന ഓഹരി അംശദാനം നല്കുന്നു.
- കരകൗശല മേഖലയിലെ അപ്പെക്സ് സംഘങ്ങൾക്ക് (സുരഭി ഉൾപ്പെ ടെ) മൂലധന ഓഹരി അംശദാനവും ഉന്നതതല സ്ഥാപനങ്ങൾക്ക് ധനസഹായവും നല്കുന്നു.
- പിന്നാക്ക വിഭാഗങ്ങളിലോ ന്യൂനപക്ഷവിഭാഗങ്ങളിലോ ഉൾപ്പെടാത്ത ദാരി ദ്ര്യരേഖയ്ക്ക് താഴെയുള്ള കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഗുണ ഭോക്താക്കൾക്ക് NBCFDC, NMFDCഎന്നിവയുടെ വ്യവസ്ഥകൾ പാലി ച്ചുകൊണ്ട് തവണ വ്യവസ്ഥയിൽ വായ്പ നൽകുന്നു.
- കരകൗശല യൂണിറ്റുകളുടെ നവീകരണവും പുതിയ ഡിസൈനുകളുടെ വികസനവും പ്രോത്സാഹനവും, പൊതുസൗകര്യസേവന കേന്ദ്രങ്ങളുടെ സ്ഥാപനവും നവീകരണവും തുടങ്ങിയവയ്ക്ക് സാമ്പത്തിക സാങ്കേതി കസഹായം നല്കുന്നു.

**വ്യവസായ വകുപ്പിന്റെ ആസ്ഥാന വിലാസം**

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്,
വികാസ്ഭവൻ, തിരുവനന്തപുരം

ഫോൺ - 0471-2302774, 2302874, 2304295
വെബ്സൈറ്റ് - www.dic.kerala.gov.in

**വെബ്സൈറ്റ് :** keralaindustry.org
dic.kerala.gov.in

**ഡി. ക്ഷേമനിധി - വാർദ്ധക്യകാല പെൻഷൻ**

- കരകൗശല മേഖലയിലെ വിദഗ്ദ്ധർക്ക് പെൻഷൻ അനുവദിക്കുന്ന പദ്ധതിയാണിത്. ഇതിനായി ഒരു നിശ്ചിത പ്രൊഫോർമയിൽ തയാറാക്കിയ അപേക്ഷയോടൊപ്പം താഴെപ്പറയുന്ന സർട്ടിഫിക്കറ്റുകൾ കൂടി ഹാജരാക്കേണ്ടതുണ്ട്.

1. വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്
2. പഞ്ചായത്ത് മുനിസിപ്പാലിറ്റി കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് യാതൊരുവിധ സാമൂഹിക സുരക്ഷ പെൻഷനും കൈപ്പറ്റുന്നില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം.
3. കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടില്ല എന്ന് തെളിയിക്കുന്ന പോലീസ് ഇൻസ്പെക്ടറുടെ സാക്ഷ്യപത്രം
4. ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ തിരിച്ചറിയൽ കാർഡ്
5. കരകൗശല വിദഗ്ദ്ധനാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തിരിച്ചറിയൽ കാർഡ്.

**SIDCO യുടെ വിലാസവും ഫോൺനമ്പരും ചുവടെ**

കേരള സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ്
ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

ശാന്തിനഗർ, പി.ബി. നമ്പർ 50
തിരുവനന്തപുരം - 695 001
ഫോൺ - 0471-2330413, 2330818, 2330613, 2330909
ഫാക്സ് - 0471-2330904
വെബ്സൈറ്റ് - www.keralasidco.com

# സഹകരണ വകുപ്പ്

**എ. അശരണരായ സഹകാരികൾക്കുള്ള ആശ്വാസ ഫണ്ട്.**

ലഭിക്കുന്ന ആനുകൂല്യം - പരമാവധി 50,000/- രൂപാവരെ

* **അർഹതാ മാനദണ്ഡം**

- സഹകരണ മേഖലയിൽ (താലൂക്ക്, ജില്ല) വളരെക്കാലമായി പ്രവർത്തിക്കുകയും അതിന്റെ പുരോഗതിക്കും വളർച്ചക്കും വേണ്ടി ജീവിത കാലം മുഴുവൻ പ്രവർത്തിച്ച നിരാലംബരും അശരണരുമായ സഹകാരി കൾക്കാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളത്. ഈ പദ്ധതി പ്രകാരം 50,000/- രൂപാവരെയും സഹകാരികൾ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക് / ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ലഭ്യമാക്കുന്ന പദ്ധതിയാണിത്. സഹകാരിയുടെ വാർഷിക വരുമാനം 36,000/- രൂപയിൽ കവിയാൻ പാടില്ല.

- വില്ലേജ് ഓഫീസർ നല്കുന്ന വരുമാന സർട്ടിഫിക്കറ്റും ഡോക്ടർ സർട്ടിഫിക്കറ്റും (ചികിത്സാ ചെലവ്) മതിയായ രേഖകളും സഹിതമുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ സ്ഥിരമായി താമസിക്കുന്ന താലൂക്കിലെ സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/അസിസ്റ്റന്റ് രജിസ്ട്രാർ ( ജനറൽ) മുഖേന സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിക്കാവുന്നതാണ്.

**ബി. നെൽക്കർഷകർക്കുള്ള പലിശ രഹിത വായ്പ പദ്ധതി**

- സംസ്ഥാനത്തെ നെൽക്കർഷകർക്കായി സഹകരണസംഘങ്ങൾ/ ബാങ്കുകൾ മുഖേന നടപ്പാക്കുന്ന പലിശരഹിത വായ്പാ പദ്ധതിയാണിത്.

- ഒരു വിളയ്ക്ക് വായ്പാ കാലാവധി പരമാവധി 180 ദിവസങ്ങളാണ്. അതിനാൽ വായ്പയുടെ മുതൽ വായ്പാകാലാവധിക്കകം കർഷകർ തിരിച്ചട ക്കേണ്ടതാണ്. വായ്പാത്തുക നെൽക്കൃഷിക്ക് ഉപയോഗിക്കാതെ വകമാറ്റി ഉപ യോഗിച്ചാൽ, വായ്പാക്കാരനിൽ നിന്ന് കാലാവധി കണക്കാക്കാതെ വായ്പ തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ സഹകരണ സംഘങ്ങൾ / ബാങ്കുകൾ സ്വീകരിക്കുന്നതാണ്

**സി. ഉത്തേജന പലിശയിളവ് പദ്ധതി**

- ഹ്രസ്വകാല കാർഷിക ആവശ്യത്തിന് കൃഷിക്കാർക്ക് സഹകരണ സംഘങ്ങൾ മുഖേന അനുവദിക്കുന്ന പൂർണ്ണമായ പലിശയിളവ് വായ്പാ

പദ്ധതിയാണിത്. രണ്ട് ഹെക്ടർവരെ ഭൂമി കൈവശമുള്ള ചെറുകിട കർഷകർക്ക് ഹ്രസ്വകാല വായ്പയായി മൂന്നു ലക്ഷം രൂപാവരെ നല്കിവരുന്നു. വീഴ്ച കൂടാതെ തിരിച്ചടവ് നടത്തുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പരമാവധി 3% പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ, പരമാവധി അഞ്ച് ശതമാനം പലിശയിളവും അനുവദിക്കുന്നു. ക്യാഷ് ക്രെഡിറ്റ് സിസ്റ്റം, കിസാൻ ക്രഡിറ്റ് കാർഡ് മുഖേന അനുവദിക്കുന്ന വായ്പകൾക്കും ഈ പദ്ധതി പ്രകാരം പലിശയിളവിന് അർഹതയുണ്ട്.

1 ഒന്നിലധികം ഇനങ്ങളിൽ വായ്പ അനുവദിക്കുകയാണെങ്കിൽ, മൂന്നു ലക്ഷം വരെയുള്ള ആകെ വായ്പയ്ക്ക് മാത്രമേ പലിശ ഇളവ് അനുവദിക്കൂ. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് മാത്രമാണ് ഈ ആനുകൂല്യം.

## 2) കേരള സ്റ്റേറ്റ്, കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ ബോർഡ്

1 കേരളത്തിലെ സഹകരണ മേഖലയിലെ ജീവനക്കാർക്ക് പെൻഷൻ നല്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ബോർഡാണിത്. പ്രൈമറി സഹകരണ സംഘങ്ങളിൽ നിന്ന് വിരമിക്കുന്ന ജീവനക്കാർക്ക് പരമാവധി 15,000/- രൂപയും കുറഞ്ഞ പെൻഷൻ 1500/- രൂപയും ലഭിക്കുന്നു. ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് വിരമിക്കുന്നവർക്ക് പരമാവധി പെൻഷൻ 22000/- രൂപയും കുറഞ്ഞ പെൻഷൻ 2000/- രൂപയും ലഭിക്കുന്നു.

**വിലാസം**

കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ ബോർഡ്,
കലാനിവാസ്, റ്റി.സി.27/156, 157, ആയൂർവേദ കോളേജിനു
സമീപം, തിരുവനന്തപുരം-695 001

## 3) കേരള സ്റ്റേറ്റ്, കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫയർ ബോർഡ്

1 സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള ബോർഡാണിത്.

**എ. ലഭിക്കുന്ന ധനസഹായം :**

* ജീവനക്കാരുടെ മരണാനന്തര ധനസഹായം - 1,50,000/രൂപ

ജീവനക്കാർക്ക് ചികിത്സാ ധനസഹായം-75,000/- രൂപ

* കമ്മീഷൻ ഏജന്റുമാരുടെ മരണാനന്തര ധനസഹായം-1,50,000/-
* ജീവനക്കാരുടെ ആശ്രിതർക്ക് ചികിത്സാ ധനസഹായം-25,000/-
* കമ്മീഷൻ ഏജന്റുമാർക്ക് ചികിത്സാ ധനസഹായം-25,000/-

ജീവനക്കാരുടെയും കമ്മീഷൻ ഏജന്റുമാരുടെയും മക്കളിൽ എസ്.എസ്.എൽ.സി.ക്ക്എല്ലാ വിഷയങ്ങൽക്കും എപ്ലസ് ഗ്രേഡ് ലഭിക്കുന്നവർക്കും 90% കൂടുതൽ മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്കും 10,000/- രൂപ നൽകുന്നു. കൂടാതെ പ്ലസ്ടു,VHSE, HDC & BM, JDC പരീക്ഷകളിൽ സംസ്ഥാന തലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്നവർക്ക് 10,000/- രൂപയും രണ്ടും, മൂന്നും സ്ഥാനം നേടുന്നവർക്ക് യഥാക്രമം 7000/- രൂപയും, 5000/- രൂപയും നൽകുന്നു.

**വിലാസം**

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫയർ ബോർഡ്,
കേരള സംസ്ഥാന സഹകരണ ബാങ്ക് ബിൽഡിങ്
ഓവർ ബ്രിഡ്ജ് ജംഗ്ഷൻ, തിരുവനന്തപുരം-695 001.

**4) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്**

1 പ്രവർത്തന മാന്ദ്യം സംഭവിച്ച സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും വികസന പ്രവർത്തനങ്ങൾക്കും ധനസഹായം അനുവദിക്കുന്നതും, കൂടാതെ സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കുന്നതിനുമായി രൂപീകരിച്ചിരിക്കുന്നതാണ് ഈ ബോർഡ്.

1 ഈ പദ്ധതി പ്രകാരം പ്രവർത്തനമാന്ദ്യം സംഭവിച്ച സംഘങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപാവരെ അനുവദിക്കുന്നു. വിവിധ വായ്പാ സഹകരണ സംഘങ്ങൾ വഴി കാർഷിക കാർഷികേതര ആവശ്യങ്ങൾക്കായി വായ്പയെടുത്തിട്ടുള്ളയാൾ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെട്ടുപോയാൽ അന്നേദിവസം മുതൽ ഇനത്തിൽ ബാക്കി നില്ക്കുന്ന ഒന്നര ലക്ഷംരൂപ വരെയുള്ളമുതൽ തുകയും അതിന്റെ പലിശയും ബാധ്യതയിൽ നിന്നും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അവരെ ഒഴിവാക്കുന്നു. കൂടാതെ വായ്പയെടുത്തയാൾക്ക് 5 മാരകരോഗങ്ങൾ വന്നാൽ 75,000/- രൂപവരെയുള്ള വായ്പ ബാധ്യതയും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി എഴുതി തള്ളുന്നു.

**സഹകരണ റിസ്ക് ഫണ്ട് പദ്ധതി വഴി ലഭിക്കുന്ന ആനുകൂല്യങ്ങൾ**

* റിസ്ക് ഫണ്ട് ആനുകൂല്യ തുക പരമാവധി ഒന്നര ലക്ഷം രൂപാ. (30.03.2012 ന് മുൻപ് പദ്ധതിയിൽ അംഗമായവർക്ക് ഒരു ലക്ഷം രൂപ)
* വായ്പാ കാലാവധി കഴിയാത്ത വായ്പക്കും വായ്പാ കാലാവധികഴിഞ്ഞ വായ്പക്കും ആനുകൂല്യം ലഭിക്കും.
* ആനുകൂല്യം ലഭിക്കുന്നതിനുള്ള വായ്പക്കാരന്റെ പ്രായപരിധി 70 വയസാണ്.
* ക്യാൻസർ, എയിഡ്സ്, പക്ഷാഘാതം വന്ന് ശരീരം തളർന്നവർ, കിഡ്നി സംബന്ധമായ രോഗങ്ങൾ ബാധിച്ചവർ, ഹൃദയസംബന്ധമായ ശസ്ത്രക്രിയക്ക് വിധേയരായവർ എന്നീ മാരകരോഗങ്ങൾ പിടിപെട്ട് വായ്പാ ബാധ്യതകൾ തീരാതെ വരുന്ന വായ്പാക്കാർക്ക് 75,000 രൂപ ധനസഹായം നൽകും.

**വിലാസം** കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ്

ഠ ഇ 25/357(4) ഗാന്ധാരി അമ്മൻ കോവിൽ റോഡ്,

തിരുവനന്തപുരം-695 001. ഫോൺ: 0471 2327656 ഫാക്സ്: 0471 2327727

**5) കേരള സഹകരണ ഡെപ്പോസിറ്റ് ഗ്യാരണ്ടിഫണ്ട് ബോർഡ്**

പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വേണ്ടി രൂപീകരിച്ചിരിക്കുന്ന ബോർഡാണിത്.

പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ നിക്ഷേപകർക്ക് നിക്ഷേപം തിരികെ ലഭിക്കാത്ത സാഹചര്യത്തിൽ, പരാമർശിക്കുന്ന ഒരു ലക്ഷംരൂപാ വരെ ഗ്യാരണ്ടി ഫണ്ട് ലഭിക്കുന്നു.

**വിലാസം**

കേരള സഹകരണ ഡെപ്പോസിറ്റ് ഗ്യാരണ്ടിഫണ്ട് ബോർഡ്,

റ്റി സി 25/1955(4) മാഞ്ഞാലിക്കുളം റോഡ്, തിരുവനന്തപുരം-695 001

# വനിതാ ഫെഡ് ഷോർട്ട് സ്റ്റേഹോം

തിരുവനന്തപുരത്തുള്ള സ്ഥാപനങ്ങളിലും മറ്റും ഇന്റർവ്യൂ, മീറ്റിങ്ങുകൾ, അതുപോലെയുള്ള അത്യാവശ്യ സന്ദർഭങ്ങൾ തുടങ്ങിയവയ്ക്ക് എത്തുന്ന പെൺകുട്ടികൾക്കും, വനിതകൾക്കും നിർഭയമായി കടന്നുവന്ന് കാര്യങ്ങൾ മനസിലാക്കുവാനും താമസിക്കുവാനും ആഗമനോദ്ദേശ്യം കഴിഞ്ഞ് മടങ്ങി പോകുവാനും കഴിയുക എന്ന ലക്ഷ്യത്തോടെ സ്ഥാപിച്ചിട്ടുള്ള സംരംഭമാണിത്. 2012 ജനുവരി ഒന്നിന് ഇത് നിലവിൽ വന്നു. തലസ്ഥാന നഗരിയിൽ എത്തുന്ന ഏതൊരു വനിതക്കും പരസഹായം കൂടാതെ വിശ്രമിച്ച് മടങ്ങാൻ കഴിയുന്ന ഇവിടെ ഒരു ദിവസത്തെ വാടക 150 രൂപ മാത്രമാണ്. ഒരു മാസത്തേക്ക് 2000/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

**വിലാസം**

വനിതാഫെഡ് ഷോർട്ട് സ്റ്റേഹോം<br>
ടിസി 39/1852/9<br>
കെജിആർഎ - 12ബി<br>
മണക്കാട്, തിരുവനന്തപുരം<br>
ഫോൺ: 0471-2464539<br>
കെയർടേക്കർ - 9446193412

# സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്

**1. ചികിത്സാധനസഹായം**

* **ലഭിക്കുന്ന ആനുകൂല്യം** – പരമാവധി 20,000/– രൂപ

* **അർഹത മാനദണ്ഡം**

ഇൻഷുറൻസ് പരിരക്ഷയില്ലാത്ത ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾ അഞ്ച് ദിവസമോ അതിൽ കൂടുതലോ ആശുപത്രിയിൽ ചികിത്സയക്ക് വിധേയരാകുമ്പോൾ, ആദ്യത്തെ അഞ്ച് ദിവസം 400/– രൂപയും അതിന് ശേഷമുള്ള ഓരോ ദിവസത്തിനും 75/– രൂപ വീതവും നല്കുന്നു. ഈ ചികിത്സയ്ക്ക് പരമാവധി 3,000/– രൂപ വരെ ധനസഹായം നല്കുന്നതാണ്.

ഗുരുതരമായ രോഗബാധകൊണ്ട് കഷ്ടപ്പെടുന്ന അംഗങ്ങൾക്ക് ബോർഡ് നിശ്ചയിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി 20,000/– രൂപ വരെയും ധനസഹായം ലഭിക്കും. വിശദാംശങ്ങൾക്ക് ബോർഡുമായി ബന്ധപ്പെടേണ്ടതാണ്.

**2. വിവാഹ ധനസഹായം**

* **ലഭിക്കുന്ന ആനുകൂല്യം** – 5,000/– രൂപ

* **അർഹത മാനദണ്ഡം**

മൂന്നു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെയും അവരുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും വിവാഹച്ചെലവിനായാണ് ഈ ധനസഹായം ഏർപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ബോർഡിൽ ലഭ്യമാണ്.

*രണ്ട് തവണ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

**3. പ്രസവാനുകൂല്യം**

* **ലഭിക്കുന്ന ആനുകൂല്യം** – 5,000/– രൂപ

*** അർഹത മാനദണ്ഡം**

ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ള സ്ത്രീകൾക്കാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളത്. വിശദാംശങ്ങൾ ബോർഡിൽ ലഭ്യമാണ്.

രണ്ട് തവണ മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.

**4. കുടുംബ പെൻഷൻ**

*** ലഭിക്കുന്ന ആനുകൂല്യം** – ലഭിക്കുന്ന പെൻഷന് ആനുപാതികമായി കുടുംബപെൻഷൻ ലഭിക്കും.

*** അർഹത മാനദണ്ഡം**

പെൻഷൻ ലഭിക്കുന്ന അംഗമോ/പെൻഷൻ ലഭിക്കുവാൻ അർഹതയുള്ള അംഗമോ/10 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള അംഗമോ മരണപ്പെട്ടാൽ, അയാളുടെ ഭാര്യ / ഭർത്താവിന് അർഹതയുള്ള പെൻഷൻ തുകയുടെ പകുതി കുടുംബ പെൻഷനായി ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബോർഡുമായി ബന്ധപ്പെടാവുന്നതാണ്.

**5. പെൻഷൻ**

*** ലഭിക്കുന്ന ആനുകൂല്യം** – 500/- രൂപ

*** അർഹത മാനദണ്ഡം**

അഞ്ച് വയസ് പൂർത്തിയായ 10 വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള അംഗത്തിനാണ് പെൻഷന് അർഹതയുള്ളത്. 10 വർഷം പൂർത്തിയായതിന് ശേഷമുള്ള ഓരോ വർഷത്തിനും പ്രതിമാസം പെൻഷനിൽ 20/- രൂപ വർദ്ധനവുണ്ടായിരിക്കും.

കക. **മറ്റ് ക്ഷേമ പദ്ധതികൾ**

**എ) വിദ്യാഭ്യാസ മികവ് പുലർത്തിയ കുട്ടികൾക്ക് ക്യാഷ് അവാർഡ്**

ടടഘഇ, ഠഒടഘഇ, ഢഒടജ, ഒടജ തലങ്ങളിൽ കൂടുതൽ മാർക്ക് വാങ്ങിയ ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിലായി യഥാക്രമം 2,000/-, 1,500/-, 1000/- രൂപ വീതം വിദ്യാഭ്യാസ അവാർഡ് സർക്കാർ നല്കി വരുന്നു. ഇതു സംബന്ധിച്ചുള്ള വിദാംശങ്ങൾ ബോർഡിൽ ലഭ്യമാണ്.

**ബി) ഉപരിപഠനത്തിന് സ്കോളർഷിപ്പ്**

ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഉപരിപഠനത്തിന് പഠന കാലയ

ളവിൽ ഒറ്റത്തവണ സ്കോളർഷിപ്പ് നല്കുന്ന പദ്ധതി സർക്കാർ നടപ്പാക്കിവരുന്നു. കൂടുതൽ വിവരങ്ങൾക്ക് ബോർഡിൽ ബന്ധപ്പെടുക.

**സി) വായ്പാ ധനസഹായം**

അംഗങ്ങൾക്ക് ടിക്കറ്റ് വില്പനയ്ക്ക് മോപ്പഡ് സൈക്കിൾ, ട്രൈസൈക്കിൾ, ബങ്കുകൾ എന്നിവ വാങ്ങുന്നതിന് വായ്പാ ധനസഹായം നല്കുന്നതിനുള്ള സംവിധാനങ്ങളും ബോർഡ് നടപ്പാക്കി വരുന്നു. ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ബോർഡിൽ ലഭ്യമാണ്.

**ഡി) പ്രഖ്യാപിത അലവൻസുകൾ**

കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ഓണം അലവൻസ് മറ്റ് ആനുകൂല്യങ്ങൾ എന്നിവയും ക്ഷേമനിധി ബോർഡ് അംഗങ്ങൾക്കായി നടപ്പിലാക്കിയിട്ടുണ്ട്.

**കകക. കാരുണ്യചികിത്സാ ധനസഹായംപദ്ധതി**

* **ലഭിക്കുന്ന ആനുകൂല്യം** – പരമാവധി 2,00,000 രൂപ

* **അർഹതാ മാനദണ്ഡം**

കാരുണ്യ ബനവലന്റ് ഫണ്ട് കേരളത്തിലെ കാൻസർ, വൃക്കരോഗം, ഹൃദ്രോഗം, ഹീമോഫീലിയ കരൾ. തലച്ചോർ സർജറി ഉൾപ്പെടെയുള്ള ചികിത്സ, പാലിയേറ്റീവ് കെയർ, മാരകമായ ശ്വാസകോശ രോഗങ്ങൾ, മാരകമായ നട്ടെല്ല്, സൂഷ്മ്നാ നാഡി, രോഗങ്ങൾ, താലിസീമിയ എന്നീ രോഗങ്ങളുടെ ചിക്തസയ്ക്കും, വൃദ്ധജനങ്ങളുടെ സാന്ത്വന ചികിത്സക്ക് ധനസഹായം നല്കുന്നതിനും വേണ്ടി രൂപീകരിച്ച പദ്ധതിയാണ്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കാരുണ്യ ലോട്ടറിയുടെ വരുമാനമാണ് ഈ ചികിത്സാ ധനസഹായം പദ്ധതിക്ക് വേണ്ടി ഉപയോഗിക്കുന്നത്. എല്ലാ ബി.പി.എൽ കുടുംബങ്ങളും വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപവരെയുള്ള എ.പി.എൽ. കുടുംബങ്ങളും ഈ പദ്ധതിയുടെ ധനസഹായത്തിന് അർഹരാണ്.

എല്ലാ സർക്കാർ മെഡിക്കൽ കോളേജ്, ജില്ല – ജനറൽ ആശുപത്രികളിലും, പരിയാരം സഹകരണ മെഡിക്കൽ കോളേജ്, കൊച്ചി സഹകരണ മെഡിക്കൽ കോളേജ്, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയിൻസ് & ടെക്നോളജി, റീജയണൽ കാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നിവിടങ്ങളിലും ചികിത്സ തേടുന്നവർ ധനസഹായത്തിനർഹരാണ്. കൂടാതെ അക്രഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലും കാരുണ്യ ധനസഹായം ലഭ്യമാണ്. ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ആഫീസിൽ അപേക്ഷ കൊടുക്കുന്ന തീയതി മുതൽ ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.

നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറം, ബന്ധപ്പെട്ട രേഖകൾക്കൊപ്പം ജില്ലാ സമിതികളിലോ, അഡ്മിനിസ്ട്രേറ്റർക്കോ സമർപ്പിക്കാവുന്നതാണ്. ഇതിൽ നിന്നും അർഹരായവരെ സംസ്ഥാന കമ്മിറ്റി തിരഞ്ഞെടുത്ത് അനുവദിച്ച തുക ചെക്കായി ആശുപത്രി അധികൃതർക്ക് കൈമാറുന്നതാണ്.

**സമർപ്പിക്കേണ്ട രേഖകൾ**

1. അപേക്ഷാ ഫോറം 1, 2, 3, 13
2. റേഷൻകാർഡ് പകർപ്പ്
3. എസ്റ്റിമേറ്റ് ഓഫ് എക്സിപെന്റീച്ചർ
4. രോഗിയുടെ പാസ്പോർട്ട്സൈസ് ഫോട്ടോ
5. കുടുംബ ഫോട്ടോ

**ധനസഹായമാണെങ്കിൽ അർഹതാ മാനദണ്ഡങ്ങൾ**

1. കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപയ്ക്കു താഴെ
2. റേഷൻകാർഡിൽ പേരുണ്ടാകണം.
3. നിശ്ചിത രോഗങ്ങൾക്കുള്ള ചിക്തിത്സയ്ക്കു മാത്രമേ ധനസഹായം ലഭിക്കുകയുള്ളൂ.
4. സർക്കാർ ആശുപ്രതികളിലോ കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് അക്രെഡിറ്റ് ചെയ്തിട്ടുള്ള ആശുപത്രികളിലോ ചികിത്സ മുൻകാല ചികിത്സയ്ക്ക് ധനസഹായം ലഭിക്കുകയില്ല.

**സംസ്ഥാന ലോട്ടറി ആസ്ഥാന വിലാസം**

ഡയറക്ടർ
കേരള സംസ്ഥാന ലോട്ടറി ഡയറക്ടറേററ്
വികാസ് ഭവൻ, തിരുവനന്തപുരം-33.
ഫോൺ - 0471-2305230, 2301741
Website : www.keralalotteries.com

**ജില്ലാ ഓഫീസുകൾ**

1. ജില്ലാ ലോട്ടറി ഓഫീസ്
ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബിൽഡിങ്
പുളിമൂട്, തിരുവനന്തപുരം
ഫോൺ - 0471-2479293

2. ജില്ലാ ലോട്ടറി ഓഫീസ്
ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബിൽഡിങ്
ഷൈൻ ഷോപ്പിങ് കോംപ്ലക്സ്
ഹോസ്പിറ്റൽ റോഡ്, ചാമക്കട, കൊല്ലം
ഫോമ്-0474-2746414.

3. ജില്ലാ ലോട്ടറി ഓഫീസ്
ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബിൽഡിംഗ്
ഗ്രൗണ്ട് ഫ്ളോർ, ന്യൂ ബ്ലോക്ക്
മിനി സിവിൽ സ്റ്റേഷൻ, പത്തനംതിട്ട
ഫോൺ - 0468-2322709.

4. ജില്ലാ ലോട്ടറി ഓഫീസ്
ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബിൽഡിങ്
കല്ല്പാലത്തിൻ ജംഗ്ഷൻ, ആലപ്പുഴ
ഫോൺ - 04777-2252292

5. ജില്ലാ ലോട്ടറി ഓഫീസ്
ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബിൽഡിങ്
മിലി സ്റ്റേഷൻ, 15-609, ഇ-1, 3-ാം നില
യൂണിയൻ ക്ലബ് റോഡ്, കോട്ടയം
ഫോൺ - 0481-2560756

6. ജില്ലാ ലോട്ടറി ഓഫീസ്
ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബിൽഡിങ്
7/294, നെടുമ്പുറത്ത് ടവർ
ഇടുക്കി റോഡ്, തൊടുപുഴ, ഇടുക്കി
ഫോൺ - 0486-2222416

7. ജില്ലാ ലോട്ടറി ഓഫീസ്
ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബിൽഡിങ്
7-ാം നില, റവന്യൂ ടവർ
ഫോൺ-0484-2351182

8. ജില്ലാ ലോട്ടറി ഓഫീസ്
ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബിൽഡിങ്
സിവിൽ സ്റ്റേഷൻ, തൃശൂർ
ഫോൺ-0489-2360492.

9. ജില്ലാ ലോട്ടറി ഓഫീസ്
ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബിൽഡിങ്
സിവിൽ സ്റ്റേഷൻ, പാലക്കാട്
ഫോൺ-0491-2505535.

10. ജില്ലാ ലോട്ടറി ഓഫീസ്
ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബിൽഡിങ്
സിവിൽ സ്റ്റേഷൻ, മലപ്പുറം
ഫോൺ-0493-2734816.

11. ജില്ലാ ലോട്ടറി ഓഫീസ്
ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബിൽഡിങ്
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495-2771572.

12. ജില്ലാ ലോട്ടറി ഓഫീസ്
ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബിൽഡിങ്
എം.ജി.റ്റി. ബിൽഡിംഗ്
കല്പറ്റ, വയനാട്
ഫോൺ-0493-6204686

13. ജില്ലാ ലോട്ടറി ഓഫീസ്
ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബിൽഡിങ്
സിവിൽ സ്റ്റേഷൻ, കണ്ണൂർ
ഫോൺ-0497-2700803

14. ജില്ലാ ലോട്ടറി ഓഫീസ്
ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബിൽഡിങ്
സിവിൽ സ്റ്റേഷൻ, രണ്ടാംനില
എഫ്. ബ്ലോക്ക്

15. ജില്ലാ ലോട്ടറി ഓഫീസ്
ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബിൽഡിങ്
വിദ്യാനഗർ പി.ഒ.
കാസർഗോഡ്-671123
ഫോൺ-0499-4256150.

# സാമൂഹ്യനീതി വകുപ്പ്

1975 ൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. സംസ്ഥാനത്ത് സാമൂഹ്യനീതിവകുപ്പ് നടപ്പാക്കിവരുന്ന ബൃഹത് പദ്ധതിയായ ഇതിൽ സമഗ്ര ശിശുവികസനത്തിന് അനിവാര്യമായ വ്യത്യസ്ത സേവനങ്ങൾ ഒരേസമയം ഒരേസ്ഥലത്ത് നിന്ന് ലഭ്യമാക്കി മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നു. 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

*** ലക്ഷ്യം**

ആറ് വയസുവരെയുള്ള കുട്ടികളുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തി ശിശുവിന്റെ ശാരീരികവും മാനസികവും സാമൂഹികവുമായ വികസനത്തിന് അടിത്തറ പാകുകയാണ് പദ്ധതിയുടെ ലക്ഷ്യം. ശിശുമരണം, രോഗാതുരത, പോഷണക്കുറവ്, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് എന്നിവ തടയുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

*** ഗുണഭോക്താക്കൾ**

ആറ് വയസിൽ താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, 18 നും 45 നും വയസിനിടയിൽ പ്രായമുള്ള സ്ത്രീകൾ എന്നിവരാണ് ഇതിലെ പ്രധാന ഗുണഭോക്താക്കൾ.

*** സേവനങ്ങൾ**

അനുപൂരകപോഷകാഹാരം, വളർച്ചാനിരീക്ഷണം, ആരോഗ്യപരിശോധന, ആരോഗ്യ-പ്രതിരോധകുത്തിവയ്പും ചികിത്സയും, ആരോഗ്യ പോഷണ വിദ്യാഭ്യാസം, അനൗപചാരിക പ്രീപ്രൈമറി വിദ്യാഭ്യാസം എന്നിവയാണ് ഇതിലൂടെ സാധ്യമാവുന്ന സേവനങ്ങൾ.



**എ. കുട്ടികൾക്കും സ്ത്രീകൾക്കും ഐ.സി.ഡി.എസ്. വഴിയുള്ള പദ്ധതികൾ**

**1) അംഗൻവാടി വഴിയുള്ള അനൗപചാരിക വിദ്യാഭ്യാസം**

അംഗൻവാടികളിൽ മൂന്ന് മുതൽ ആറ് വയസുവരെയുള്ള കുട്ടികൾക്കാണ് അനൗപചാരിക വിദ്യാഭ്യാസം നല്കുന്നത്. പ്രീ സ്കൂൾ

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സാമൂഹ്യനീതിവകുപ്പ് 'മഴവില്ല്' എന്ന പേരിൽ പരിഷ്ക്കരിച്ച പാഠ്യപദ്ധതി നടപ്പാക്കിയിട്ടുണ്ട്.

ആറ് വയസിൽ താഴെയുള്ള കുട്ടികൾക്ക് ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ്, ടൈഫോയിഡ്, ടിബി, അഞ്ചാംപനി എന്നീ രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധനടപടികൾ ഈ കേന്ദ്രങ്ങൾ സ്വീകരിച്ചു പോരുന്നു. രോഗപ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി വാർഡ് ഹെൽത്ത് ഡേയും ന്യൂട്രീഷൻ ഡേയും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ആരോഗ്യം, പോഷണം, ശുചിത്വം, രോഗപ്രതിരോധം എന്നീ വിഷയങ്ങളിൽ സമഗ്രമായ ക്ലാസ്സും ഇവിടങ്ങളിൽ സംഘടിപ്പിച്ചുവരുന്നു.

**2) കൗമാരക്കാരായ പെൺകുട്ടികൾക്കായുള്ള സൈക്കോ സോഷ്യൽ സർവീസ് (സ്കൂൾ കൗൺസിലിങ് പ്രോഗ്രാം)**

ആരോഗ്യവകുപ്പ്, എൻ ആർ എച്ച് എം എന്നീ ഏജൻസികളുടെ സഹകരണത്തോടെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ കൗമാരക്കാരായ പെൺകുട്ടികൾക്ക് ആരോഗ്യപരിശോധന, ആരോഗ്യപോഷണവിദ്യാഭ്യാസവും മാർഗനിർദ്ദേശങ്ങളും നല്കുക തുടങ്ങിയ സേവനങ്ങൾ നല്കിവരുന്നു. സൈക്കോസോഷ്യൽ സർവീസ് പദ്ധതിയിൽ ഉൾപ്പെടുത്തി 500 സ്കൂളുകളിൽ മേൽപ്പറഞ്ഞ സേവനങ്ങൾ നല്കിവരുന്നു. 163 സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ വെന്റിങ് മെഷീൻ സ്ഥാപിച്ച് അതിലൂടെ കുട്ടികൾക്ക് ഒരു രൂപാ നിരക്കിൽ നാപ്കിൻ നല്കിവരുന്നു.

**3) ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (ഠങ്ങടെ)**

അംഗൻവാടികൾ വഴി മൂന്ന് വയസിന് താഴെപ്രായമുള്ള കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിന് ആവിഷ്ക്കരിച്ച ടി പദ്ധതി പ്രകാരം നിർദ്ദിഷ്ട പോഷകമൂല്യമടങ്ങിയ ഭക്ഷ്യമിശ്രിതം (500 സ രമഹ & 12-15 ഴാ പ്രോട്ടീൻ) വീടുകളിൽ കൊടുത്തുവിടുന്നു. നിലവിൽ ഒരു കുട്ടിക്ക് ഒരു ദിവസത്തേക്ക് 135ഴാ വീതം 15 ദിവസത്തേക്കുള്ള കുടുംബശ്രീ യൂണിറ്റുകൾ തയാറാക്കുന്ന ന്യൂട്രിമിക്സ് എന്ന ഭക്ഷ്യമിശ്രിതം വീടുകളിൽ നല്കിക്കൊണ്ട് കേരളത്തിലെ 258 ഐസിഡിഎസ് പ്രോജക്ടുകളിലും പദ്ധതി നടപ്പാക്കുന്നു.

**4) ഫ്ളക്സി ഫണ്ട്**

ഐസിഡിഎസ് പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന അംഗൻവാടി

കേന്ദ്രങ്ങളിൽ അടിയന്തിരഘട്ടങ്ങളിൽ വേണ്ടിവരുന്ന സാമ്പത്തികാവ ശ്യങ്ങൾ നേരിടുന്നതിനായി ഫ്ളക്സി ഫണ്ട് എന്ന പേരിൽ അംഗൻവാടി കേന്ദ്രം ഒന്നിന് പ്രതിവർഷം 1000/- രൂപാ നിരക്കിൽ ചുവടെ കാണിച്ചിരിക്കുന്ന ആവശ്യങ്ങൾക്ക് ചെലവഴിക്കുന്നതിന് സർക്കാർ അനുവദിച്ചിട്ടുണ്ട്.

* അംഗൻവാടി ഗുണഭോക്താക്കൾക്ക് അടിയന്തിരഘട്ടങ്ങളിൽ വൈദ്യ സഹായം ലഭ്യമാക്കുന്നതിനുള്ള യാത്രാസൗകര്യം ഏർപ്പെടുത്തൽ.

## അമ്മത്തൊട്ടിൽ

സമൂഹത്തിൽ ഉപേക്ഷിക്കപ്പെടുന്ന നവജാതശിശുക്കൾക്ക് സംര ക്ഷണം എന്ന ലക്ഷ്യത്തോടെ സംസ്ഥാനസർക്കാർ കേരളസംസ്ഥാന ശിശുക്ഷേമസമിതിയുടെ നിയന്ത്രണത്തിൽ സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിലും അമ്മത്തൊട്ടിൽ സ്ഥാപിച്ചിട്ടുണ്ട്. സമിതി ആസ്ഥാ നമായ തിരുവനന്തപുരം തൈയ്ക്കാട്ട് 2002 നവംബർ 14 നാണ് ആദ്യ അമ്മത്തൊട്ടിൽ സ്ഥാപിച്ച് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. തിരുവന നതപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിലും അമ്മ ത്തൊട്ടിൽ സ്ഥാപിച്ചിട്ടുണ്ട്. അമ്മത്തൊട്ടിൽ ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കെല്ലാം തന്നെ സമിതി ആസ്ഥാനത്തുള്ള അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ശിശുപരിചരണ കേന്ദ്രത്തിൽ ഏകദേശം ഒരു വയസു വരെ സംരക്ഷണം നൽകിയ ശേഷം അനുയോജ്യരായ ദമ്പതി കളെ കണ്ടെത്തി നിയമപ്രകാരം ദത്ത് നൽകുന്നു. 36 ആയമാരുടെയും നാല് നഴ്സുമാരുടെയും രണ്ട് ഡോക്ടർമാരുടെയും നിതാന്തപരിചരണം ലഭ്യമാക്കുന്ന ശിശുപരിചരണ കേന്ദ്രത്തിന് രാജ്യാന്തര തലത്തിൽ തന്നെ അംഗീകാരവും പ്രശസ്തിയും നേടിയ ദത്തെടുക്കൽ കേന്ദ്രവും പ്രവർത്തി ച്ചുവരുന്നു.

**വിലാസം**

കേരള സംസ്ഥാന ശിശുക്ഷേമസമിതി
തൈയ്ക്കാട്,
തിരുവനന്തപുരം - 695 014
ഫോൺ : 0471-2324939, 2324932
www.kerala.gov.in-child welfare council

*  സാമൂഹിക സമ്പർക്ക പരിപാടി നടപ്പിലാക്കൽ

*  അപ്രതീക്ഷിത റെഫറൽ സർവ്വീസസ് ഏർപ്പെടുത്തൽ, അംഗൻവാടി കളിലേക്കാവശ്യമായ പാത്രങ്ങൾ, ക്ലീനിംഗ് ആന്റ് വാഷിംഗ് പൗഡർ, ലോഷൻ എന്നിവ വാങ്ങൽ.

*  തുക അംഗൻവാടി വർക്കർമാർക്കാണ് നൽകുന്നത്.

**5) അംഗൻവാടികളിലേയ്ക്ക് ആവശ്യമായ മെഡിസിൻ കിറ്റുകൾ:-**

അംഗൻവാടി പ്രവർത്തകർക്ക് കൈകാര്യം ചെയ്യുവാൻ കഴിയുന്ന മരുന്നിനങ്ങൾ ഉൾപ്പെടുത്തി പ്രതിവർഷം 1000 രൂപ ചെലവഴിച്ച് മരുന്നു കിറ്റുകൾ വാങ്ങി ഓരോ അംഗൻവാടിയിലും വിതരണം ചെയ്യുന്ന പദ്ധതിയാണിത്. പ്രധാനമായും ഇനിപ്പറയുന്ന മരുന്നുകളായ പാര സെറ്റാമോൾ ഗുളിക, പാരസെറ്റാമോൾ സിറപ്പ്, ആൽബൻഡസോൾ ഗുളിക, ORS പൗഡർ, അയൺ & ഫോളിക് ആസിഡ് ഗുളിക് , (പീഡിയാട്രിക്), പോവിഡോൺ അയഡിൻ ഓയിൽമെന്റ്, ബൻസൈൽ ബൻസോയേറ്റ് ആപ്ലിക്കേഷൻസ്, വൈറ്റ്ഫീൽഡ് ഓയിന്റ്മെന്റ്, കാർമിനേറ്റീവ് മിക്സ്ചർ എന്നിവയാണ് മരുന്ന് കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രൈമറി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർ, ജെ.പി.എച്ച്. എൻ എന്നിവരുടെ സേവനം ഇക്കാര്യത്തിൽ അംഗൻവാടി പ്രവർത്തകർക്ക് ലഭ്യമാണ്.

**6) പ്രീ-സ്കൂൾ കിറ്റുകൾ**

ഐസിഡിഎസ് പദ്ധതിയിൽപ്പെട്ട പ്രീസ്കൂൾ വിദ്യാഭ്യാസ പരിപാടിയായ അംഗൻവാടികളുടെ പ്രവർത്തനങ്ങൾ പ്രധാനമായും കുട്ടികുളടെ ശാരീരിക ചാലകവികാസം, വൈജ്ഞാനിക വികാസം,ഭാഷാവികാസം, സാമൂഹിക വൈകാരിക വികാസം, സർഗ്ഗാത്മകതയും ശാസ്ത്രീയബോധവും എന്നിവയിലൂന്നിയുള്ളതാണ്. ഈ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി അംഗൻവാടി ഒന്നിന് പ്രതിവർഷം 3000 രൂപ പ്രീസ്കൂൾ കിറ്റുകൾ വാങ്ങുവാൻ അനുവദിച്ചിട്ടുണ്ട്. സർക്കാർ നിയോഗിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റിയാണ് പ്രീസ്കൂൾ കിറ്റിലെ ഇനങ്ങൾ തിരഞ്ഞെടുക്കുന്നത്.

**7) രാജീവ്ഗാന്ധി സ്കീം ഫോർ അഡോളസെന്റ് ഗേൾസ്**

കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ സമഗ്രവികസനത്തിന് വേണ്ടിയുള്ള പദ്ധതിയായ രാജീവ്ഗാന്ധി സ്കീം ഫോർ അഡോളസന്റ് ഗേൾസ് (ടഅആഘഅ) പ്രകാരം സംസ്ഥാനത്ത് ഇടുക്കി, കൊല്ലം,

## പകൽവീട്

സാമൂഹ്യനീതിവകുപ്പിന്റെ കീഴിൽ സമൂഹത്തിലെ അവഗണിക്കപ്പെട്ട വൃദ്ധരായ സ്ത്രീജനങ്ങളെ സംരക്ഷിക്കുന്നതിനും അവർക്ക് ഉത്സവപ്രദമായ രീതിയിൽ പകൽ സമയം ചെലവിടുന്നതിന് തിരുവനന്തപുരം പൂജപ്പുരയിലുള്ള വകുപ്പിന്റെ ഡയറക്ടറേറ്റ് അനക്സ് കാമ്പൗണ്ടിൽ സംസ്ഥാനത്തെ ഏക പകൽവീട് പ്രവർത്തിച്ചുവരുന്നു. ഇതോടനുബന്ധിച്ച് അത്യാധുനിക സൗകര്യങ്ങളോട് കൂടിയ സ്ത്രീകൾക്കുള്ള വൃദ്ധസദനവും പ്രവർത്തിക്കുന്നുണ്ട്. വൃദ്ധരായ അമ്മമാർക്ക് പകൽസമയത്തെ വിരസത ഒഴിവാക്കുന്നതിനുവേണ്ടി ആയാസരഹിതമായ പല പ്രവൃത്തി ക്ലാസുകളും സോഷ്യൽവർക്കറുടെ നേതൃത്വത്തിൽ ഇവിടെ നടത്തുന്നു.

**വിലാസം**

സൂപ്രണ്ട്
പകൽവീട് & സ്ത്രീകൾക്കുള്ള വൃദ്ധസദനം
സാമൂഹ്യനീതിവകുപ്പ് ഡയറക്ടറേറ്റ്, അനക്സ്
പൂജപ്പുര, തിരുവനന്തപുരം
ഫോൺ : 0471–2340566

മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ തിരഞ്ഞെടുത്ത 50 ഐസിഡിഎസ് പ്രോജക്ടുകൾക്ക് പ്രോജക്ട് ഒന്നിന് 3.80 ലക്ഷം രൂപ വീതം നോൺ ന്യൂട്രീഷൻ സേവനങ്ങൾക്കായി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാക്കുന്നു.

കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സപ്ലിമെന്ററി ന്യൂട്രീഷൻ, അയൺ & ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ, ഹെൽത്ത് ചെക്കപ്പ് & റഫറൽ സർവ്വീസ്, ന്യൂട്രീഷൻ & ഹെൽത്ത് എഡ്യൂക്കേഷൻ, കൗൺസലിംഗ് ഗൈഡൻസ് ഓൺ ഫാമിലി വെൽഫെയർ, എആർഎസ്എച്ച്, ചൈൽഡ് കെയർ പ്രാക്ടീസസ് ആന്റ് ഹോം മാനേജ്മെന്റ്, ലൈഫ് സ്കിൽ എഡ്യൂക്കേഷൻ & അക്സസ്സിങ് പബ്ലിക് സർവ്വീസസ്, 16 വയസിൻമേൽ പ്രായമുള്ള പെൺകുട്ടികൾക്ക് ചടഉജ യുടെ കീഴിൽ വൊക്കേഷണൽ ട്രെയിനിങ് തുടങ്ങിയ ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

**8) കണ്ടീഷണൽ മെറ്റേണിറ്റി ബനിഫിറ്റ് സ്കീം (ഇന്ദിരാഗാന്ധി മാതൃത്വസഹയോഗയോജന)**

ഈ പദ്ധതിപ്രകാരം അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും നിബന്ധനകൾ പാലിച്ചിട്ടുള്ളതുമായ ഗർഭിണികളായ സ്ത്രീകൾക്ക് നാല് മാസം 1500 രൂപയും പ്രസവാനന്തരം മൂന്നാം മാസം 3000 രൂപയും ആറാംമാസം 3000 രൂപയും ഉൾപ്പെടെ ആകെ 6000 രൂപ നിബന്ധന കൾക്ക് വിധേയമായി ഗർഭസ്ഥ, മുലയൂട്ടൽ കാലയളവിൽ (9 മാസ ത്തിൽ) നല്കുന്നതാണ്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ടി പദ്ധതിയുടെ ഗുണം ലഭ്യമാകുന്നുവെന്നത് ഉറപ്പാക്കുന്നതിലേക്കായി അംഗൻവാടി വർക്കർക്ക് 200 രൂപയും അംഗൻവാടി ഹെൽപ്പർക്ക് 100 രൂപയും നല്കുന്നതാണ്. കേന്ദ്രസർക്കാർ പദ്ധതി തുക ലഭ്യമാക്കുന്ന ടി പരിപാടിക്കായി സംസ്ഥാനത്ത് പാലക്കാട് ജില്ലയാണ് തിരഞ്ഞെടു ത്തിട്ടുള്ളത്.

**9) കാര്യകർത്ര ബീമായോജന**

അംഗൻവാടി വർക്കർ / ഹെൽപ്പർ എന്നിവർക്ക് വേണ്ടി എൽഐസി മുഖേന നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത ഇൻഷുറൻസ് പദ്ധതി യാണിത്. 200 രൂപ പ്രീമിയം അടക്കേണ്ടുന്ന ടി പദ്ധതിയിൽ 100/- രൂപ എൽഐസിയുടെ സോഷ്യൽ സെക്യൂരിറ്റി ഫണ്ടിൽ നിന്നും 100 രൂപ കേന്ദ്രസർക്കാരുമാണ് വഹിക്കുന്നത്. കൂടാതെ 80/- രൂപ അധിക പ്രീമിയം അടക്കുന്ന അംഗങ്ങൾക്ക് ക്രിട്ടിക്കൽ ഇൽനെസിന്റെ കവറേജ് കൂടി ലഭിക്കുന്നതാണ്.

ഈ പദ്ധതി പ്രകാരം അപകടം മൂലമല്ലാത്ത മരണം സംഭവിച്ചാൽ 30,000/- രൂപയും അപകടമരണമോ, അപകടത്താൽ സ്ഥിരം വൈക ല്യമോ സംഭവിച്ചാൽ 75000/- രൂപയും, അപകടം കൊണ്ട് ഭാഗികമായ അംഗവൈകല്യം സംഭവിച്ചാൽ 37500 രൂപയും ആനുകൂല്യം ലഭിക്കു ന്നതാണ്. കൂടാതെ ഒൻപത് -പന്ത്രണ്ട് ക്ലാസ് വരെയുള്ള കുട്ടികളുടെ പഠനത്തിന് സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്. കാൻസർ തുടങ്ങി യുള്ള ക്രിട്ടിക്കൽ ഇൽനെസ്സിന് 20,000/- രൂപയും അനുവദിക്കുന്നതാ ണ്.

**10) അംഗൻവാടി വർക്കർ / ഹെൽപ്പർമാർക്ക് യൂണിഫോം, നെയിം ബാഡ്ജ്**

അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവർക്ക് ഓരോ വർഷവുംരണ്ട് ജോഡി യൂണിഫോം സാരികൾ ഈ പദ്ധതി വഴി നൽകി വരു ന്നു. ഇതിന് 600 രൂപ നൽകുന്നു.

## സംയോജിത ശിശു സംരക്ഷണ പദ്ധതി

വിവിധ ശിശുസംരക്ഷണ പദ്ധതികൾ (രവശഹറ ു്രീലേരശേീ രെവലാല) ഏകോപിച്ചുകൊണ്ട് കേന്ദ്രവനിതാ ശിശുവികസന മന്ത്രാലയം നടപ്പാക്കിവരുന്ന സംരംഭമാണ് സംയോജിത ശിശു സംരക്ഷപദ്ധതി. ബാലനീതി ഉറപ്പുവരുത്തുന്നതിനുതകുന്ന സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയെന്നതാണ് കജടട പദ്ധതിയുടെ പ്രധാന ലക്ഷ്യം.

ശിശുസംരക്ഷണ പദ്ധതികൾക്ക് വേണ്ട വിവരശേഖരണവും വിജ്ഞാനശേഖരണവും നടത്തി എല്ലാതരത്തിലും അവരുടെ കഴിവ് വർദ്ധിപ്പിച്ച് ബാലനീതി സേവനങ്ങൾക്ക് പ്രാധാന്യം നല്കി സേവന ഘടനയ്ക്ക് ശക്തി പകരുകയെന്നതാണ് പ്രധാനലക്ഷ്യം. പൊതുജനങ്ങളിൽ അവബോധം സൃഷ്ടിച്ച് ഈ പദ്ധതിയുടെ കാര്യക്ഷമതക്കായി എല്ലാതലങ്ങളിലും ഉചിതമായ ഇന്റർ സെക്ട്രറൽ പ്രതികരണവും ഉറപ്പാക്കിയിട്ടുണ്ട്.

**മ) ഐസിപിഎസ് വഴി നടപ്പാക്കുന്ന പദ്ധതികൾ**

**1) ശിശുഗൃഹ**

ആറ് വയസിന് താഴെയുള്ള കുട്ടികളെ താമസിപ്പിക്കുക ദത്ത് നല്കാൻ യോഗ്യരായ കുട്ടികളെ ദത്ത് നല്കുന്ന പ്രക്രിയയ്ക്ക് വിധേയരാക്കുക. അമ്മത്തൊട്ടിൽ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കുക എന്നിവയാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിലെ 19 അംഗീകൃത ദത്ത് കേന്ദ്രങ്ങൾക്ക് ധനസഹായം നല്കുന്നു. ഒപ്പം ശിശുഗൃഹ പദ്ധതിപ്രകാരം ഏഴ് ഏജൻസികൾക്ക് ഗ്രാന്റും ലഭിക്കുന്നു.

**2) അഡോപ്ഷൻ കോ-ഓർഡിനേറ്റിങ് ഏജൻസി**

അംഗീകൃത ദത്ത് കേന്ദ്രങ്ങളുടെ പ്രവർത്തനം ക്രോഡീകരിക്കുക, വിലയിരുത്തുക, മാർഗനിർദ്ദേശങ്ങൾ നല്കുക എന്നിവയാണ് എ.സി.എ.യുടെ ചുമതല. കേരളത്തിലെ രാജഗിരി കോളേജ്, കളമശ്ശേരി, കേന്ദ്രമായി ഒരു ഏജൻസി പ്രവർത്തിക്കുന്നുണ്ട്. ഈ ഏജൻസിക്ക് തിരുവനന്തപുരത്തും കോഴിക്കോടും ഓരോ ഉപ ഏജൻസിയുമുണ്ട്.



**3) ചൈൽഡ്ലൈൻ സർവീസ്**

കേന്ദ്രമന്ത്രാലയത്തിൻ കീഴിൽ മുംബൈ ആസ്ഥാനമാക്കി വിഷമസന്ധികളിൽ ജീവിക്കുന്ന കുട്ടികളുടെ രക്ഷക്കായി പ്രവർത്തിക്കുന്ന ഒരു സേനാവിഭാഗമാണ് ചൈൽഡ്ലൈൻ. കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, മലപ്പു

റം, കണ്ണൂർ, കാസർഗോഡ്, പാലക്കാട് എന്നീ ഒൻപത് ജില്ലകളിൽ ചൈൽഡ് ലൈൻ സർവ്വീസ് ലഭ്യമാണ്. ചൈൽഡ് ലൈനിന്റെ സർവീസിന് ബി.എസ്.എൻ.എൽ. 1098 എന്ന ടോൾ ഫ്രീ നമ്പരിലേക്ക് 24 മണിക്കൂറും വിളിക്കാവുന്ന ഒരു ഹെൽപ്പ് ഡെസ്ക്ക് പ്രവർത്തിക്കുന്നുണ്ട്. 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇതിൽവിഷമഘട്ടത്തിൽപ്പെട്ടവരോ, ചൂഷണങ്ങൾക്കിരയാകുന്നവരോ ആയ കുട്ടികളെ ഉൾപ്പെടുത്തി അവർക്ക് അനുയോഗ്യമായ പുനരധിവാസപദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു.

## യ) ബാലനീതി നിയമത്തിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

### 1) സ്പെഷ്യൽ ഹോം

നിയവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നത് ജുവനയിൽ ജസ്റ്റിസ് ബോർഡാണ്. അവർ കുറ്റം ചെയ്തതായി കണ്ടെത്തിയാൽ അത്തരം കുട്ടികളുടെ മാനസിക പരിവർത്തനം പുനരധിവാസംഎന്നിവസംബന്ധിച്ച നടപടികളെടുക്കുന്നതിന് വേണ്ടിയാണ് സ്പെഷ്യൽഹോം സ്ഥാപിച്ചിട്ടുള്ളത്. ആൺകുട്ടികൾക്കായി തിരുവനന്തപുരം പൂജപ്പുരയിലും, പെൺകുട്ടികൾക്കായി കോഴിക്കോട് വെള്ളിമാട് കുന്നിലുമാണ് ഇവ പ്രവർത്തിക്കുന്നത്.

1. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, പാലക്കാട്
   ഫോൺ–0491–2556494
2. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, വയനാട്
   ഫോൺ–0436–286900
3. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, മലപ്പുറം
   ഫോൺ–0494–2125050
4. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, കണ്ണൂർ
   ഫോൺ–0490–2343121
5. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, കാസർഗോഡ്
   ഫോൺ–04994–238490

### 2) ഒബ്സർവേഷൻ ഹോം

കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ട കുട്ടികൾക്കുള്ള താല്ക്കാലിക നിരീക്ഷണ കേന്ദ്രങ്ങളാണിവ. ഇടുക്കി ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളിലും ഒബ്സർവേഷൻ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്.

പെൺകുട്ടികൾക്ക് മാത്രമായി കോഴിക്കോട് ജില്ലയിലൊരു ഒബ്സർവേഷൻ ഹോമും പ്രവർത്തിക്കുന്നുണ്ട്.

1. ഒബ്സർവേഷൻ ഹോം, പൂജപ്പുര, തിരുവനന്തപുരം

ഫോൺ-0471-2340353

2. ഒബ്സർവേഷൻ ഹോം, ബീച്ച് റോഡ്, കൊല്ലം

ഫോൺ-0474-2743821

3. ഒബ്സർവേഷൻ ഹോം, തിരുവഞ്ചിയൂർ പി.ഒ., കോട്ടയം
ഫോൺ-0481-2770530

4. ഒബ്സർവേഷൻ ഹോം, വയലത്തലെ പി.ഒ., പത്തനംതിട്ട
ഫോൺ-0473-5246558

5. ഒബ്സർവേഷൻ ഹോം, മായിത്തറ, ആലപ്പുഴ
ഫോൺ-0478-2812366

6. ഒബ്സർവേഷൻ ഹോം, കാക്കനാട്, എറണാകുളം
ഫോൺ-0484-2428554

7. ഒബ്സർവേഷൻ ഹോം, പ്ലേയിസ് ഓഫ് സേഫ്റ്റി, രാമപുരം പി.ഒ.
ഫോൺ-0487-2337794

8. ഒബ്സർവേഷൻ ഹോം, മുട്ടിക്കുളങ്ങര, പാലക്കാട്
ഫോൺ-0491-2556494

9. ഒബ്സർവേഷൻ ഹോം, തവനൂർ, മലപ്പുറം
ഫോൺ-0494-2126050

10. ഒബ്സർവേഷൻ ഹോം, (ആൺകുട്ടികൾ), വെള്ളിമാട് കുന്ന്.
ഫോൺ-0495-2731118

11. ഒബ്സർവേഷൻ ഹോം, (പെൺകുട്ടികൾ), വെള്ളിമാട് കുന്ന്.
ഫോൺ-0495-2731118

12. ഒബ്സർവേഷൻ ഹോം, വയനാട്
ഫോൺ-04936-286900

13. ഒബ്സർവേഷൻ ഹോം, തലശ്ശേരി, കണ്ണൂർ

ഫോൺ-0490-2343121

14. ഒബ്സർവേഷൻ ഹോം, കാസർഗോഡ്

ഫോൺ–04994–238490

3) **ചിൽഡ്രൻസ് ഹോം**

1 ബാലനീതി നിയമപ്രകാരം പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥാപിച്ചിട്ടുള്ള സ്ഥാപനമാണിത്. കേരളത്തിലെ എട്ട് ചിൽഡ്രൻസ് ഹോമുകളിൽ ആറ് എണ്ണം ആൺകുട്ടികൾക്കുള്ളതാണ്. സമൂഹത്തിൽ സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നില്ക്കുന്ന കുടുംബത്തിലെ കുട്ടികൾ, വീടില്ലാത്ത, ജീവിതമാർഗമില്ലാത്ത, ബാലവേലയിൽ നിന്നും മോചിക്കപ്പെട്ട, തെരുവിലലയുന്ന കുട്ടികൾ എന്നിവരുടെ ശ്രദ്ധയും സംരക്ഷണവും ഉറപ്പാക്കുന്നതിനാണ് ഇവിടെ പ്രവേശിപ്പിക്കുന്നത്.

1. ചിൽഡ്രൻസ് ഹോം (ആൺകുട്ടികൾ) പൂജപ്പുര, തിരുവനന്തപുരം
ഫോൺ–0471–2342075

2. ചിൽഡ്രൻസ് ഹോം (ആൺകുട്ടികൾ) ബീച്ച് റോഡ്, കൊല്ലം
ഫോൺ–0474–2743821

3. ചിൽഡ്രൻസ് ഹോം (ആൺകുട്ടികൾ) തിരുവഞ്ചിയൂർ, കോട്ടയം
ഫോൺ–0481–2770530

4. ചിൽഡ്രൻസ് ഹോം, നൂറനാട്, ആലപ്പുഴ
ഫോൺ–0479–2385577

5. ചിൽഡ്രൻസ് ഹോം (പെൺകുട്ടികൾ) കാക്കനാട് പി.ഒ.
എറണാകുളം, ഫോൺ–0484–2428553

6. ചിൽഡ്രൻസ് ഹോം (ആൺകുട്ടികൾ) തൃശൂർ
ഫോൺ–0487–2337794

7. ഗവ. ചിൽഡ്രൻസ് ഹോം (ആൺകുട്ടികൾ) വെള്ളിമാട് കുന്ന്,
കോഴിക്കോട്, ഫോൺ–0495–2731907

8. ഗവ. ചിൽഡ്രൻസ് ഹോം (പെൺകുട്ടികൾ) വെള്ളിമാട് കുന്ന്,
കോഴിക്കോട്, ഫോൺ–0495–2730459

## സ്ത്രീകൾക്കുള്ള പദ്ധതികൾ

### a) സ്വാധർ സ്കീം

1 ജയിൽ മോചിതരായവർക്കും, വിധവകൾ അഗതികളായ സ്ത്രീകൾ

എന്നിവർക്ക് ഭക്ഷണം, താമസം, വസ്ത്രം കൗൺസിലിംങ് തൊഴിൽപരിശീലനം എന്നിവ നല്കി പുരനധിവസിപ്പിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. അപേക്ഷ സാമൂഹ്യനീതി ഡയറക്ടർക്കാണ് സമർപ്പിക്കേണ്ടത്.

**b) ഫിനിഷിങ് സ്കൂൾ**

തൊഴിലന്വേഷകരായ സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നല്കുന്നതിനും, പരിശീലനം പൂർത്തിയാക്കിയവർക്ക് പുനരധിവാസത്തിനും, സ്വന്തമായി യൂണിറ്റുകൾ നടത്തുന്നതിനുമായി ധനസഹായം നല്കുന്ന പദ്ധതിയാണിത്. അപേക്ഷകർ വനിതാക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികളോ സമീപപ്രദേശത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകളോ ആയിരിക്കണം. വനിതാക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**c) മംഗല്യപദ്ധതി (വിധവാ വിവാഹപ്രോത്സാഹനം)**

ഭർത്താവ് നഷ്ടപ്പെട്ടവരോ, വിവാഹബന്ധം വേർപ്പിരിഞ്ഞ ആരും സംരക്ഷിക്കാനില്ലാത്തവരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുമായ

## കേരള വനിതാകമ്മിഷൻ

സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവളുടെ പ്രശ്നങ്ങൾക്ക് സത്വരപരിഹാരം കാണുന്നതിനുമുള്ള നിയമനടപടികളും നിയമോപദേശങ്ങളും സൗജന്യമായി ഏതൊരു സ്ത്രീക്കും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സംസ്ഥാനത്തെ വനിതാകമ്മിഷൻ പ്രവർത്തിക്കുന്നത്. 1996- ൽ കേരള വനിതാകമ്മിഷൻ സ്ഥാപിതമായി. സ്ത്രീസംരക്ഷണ നിയമം നിലവിൽ വന്നതും സ്ത്രീശാക്തീകരണം ആചരിക്കുന്നതുമായ വർത്തമാന കാലഘട്ടത്തിൽ ഇതിന്റെ പ്രസ്ക്തി വളരെ വലുതാണ്.

**വിലാസം**

കേരള വനിതാകമ്മിഷൻ
ടി.സി. നമ്പർ : 2/38-42
ലൂർദ്ദ് ചർച്ചിന് സമീപം, പി.എം.ജി
പട്ടം പി.ഒ., തിരുവനന്തപുരം - 4
ഫോൺ : 0471-2300509

സ്ത്രീകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്.ലഭിക്കുന്ന ആനുകൂല്യം 25,000/- രൂപയാണ്.

ആദ്യഭർത്താവ് മരണപ്പെട്ടതാണെങ്കിൽ, വിവാഹം രജിസ്റ്റർ ചെയ്തതിന്റെ പകർപ്പ്, റേഷൻ കാർഡിൽ ഭർത്താവിന്റെ പേരുൾപ്പെട്ട പേജ്, മരണമടഞ്ഞയാളിന്റെ വിധവയാണ് അപേക്ഷകയെന്ന് തെളിയിക്കുന്ന രേഖ, മരണസർട്ടിഫിക്കറ്റ്, വിവാഹബന്ധം വേർപ്പെടുത്തിയതാണെങ്കിൽ, അതുസംബന്ധിച്ച കോടതി ഉത്തരവ്, ബിപിഎൽ ലിസ്റ്റിൽ അംഗമാണെന്നതിനുള്ള തെളിവ് (റേഷൻകാർഡിന്റെ പകർപ്പ്/പഞ്ചായത്തിൽ നിന്നുള്ള ബിപിഎൽ സർട്ടിഫിക്കറ്റ്), അപേക്ഷകയുടെ ജനനതീയതി തെളിയിക്കുന്നതിനുള്ള രേഖ, പുനർവിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവയുൾപ്പെടെയുള്ള അപേക്ഷ ബ്ലോക്കുതലത്തിലുള്ള സംയോജിത ശിശുവികസന പദ്ധതി ഓഫീസർമാർക്ക് സമർപ്പിക്കാവുന്നതാണ്.

**d) വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി**

ഈ പദ്ധതിപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് പഠനധനസഹായത്തിന് അർഹതയുണ്ട്. ഒരു കുടുംബത്തിൽ പരമാവധി രണ്ട് കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്.

എസ്എസ്എൽസി മുതൽ പ്ലസ്ടുവരെ പഠിക്കുന്ന ഓരോ കുട്ടിക്കും പ്രതിമാസം 250/- രൂപാവീതം 10 മാസത്തേക്ക് 2500/- രൂപയും ഡിഗ്രി മുതൽ തുടർവിദ്യാഭ്യാസത്തിന് പ്രതിമാസം 500/- രൂപാ നിരക്കിൽ 10 മാസത്തേക്ക് 5000/- രൂപയും ധനസഹായം ലഭിക്കുന്നു.

മുൻവർഷം ധനസഹായം ലഭിച്ചവർക്ക് അർഹതയുണ്ടെങ്കിൽ തുടർന്നും ലഭിക്കുന്നതാണ്.

സംസ്ഥാന/കേന്ദ്രസർക്കാരിൽ നിന്നും ഒരു വിധത്തിലുമുള്ള സ്കോളർഷിപ്പുകൾ ലഭിക്കുന്നില്ലായെന്ന സാക്ഷ്യപത്രം വിദ്യാഭ്യാസസ്ഥാപന മേധാവിയിൽ നിന്ന് വാങ്ങി അപേക്ഷയോടൊപ്പം സിഡി.പി.ഓമാർ വഴി ജില്ലാ സാമൂഹ്യഓഫീസർക്ക് നല്കാവുന്നതാണ്.

ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള വിഭാഗത്തിൽ, എച്ച് ഐ വി/ എയിഡ്സ് ബാധിതർ, സാമൂഹികമായി വിവേചനം ആനുഭവിക്കുന്നവർ, യുദ്ധത്തിൽ മരിച്ച ജവാന്റെ വിധവകൾ എന്നിവർ ഗൃഹനാഥകളായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കും വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

## കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ

സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നില്ക്കുന്ന സ്ത്രീ ജനങ്ങളുടെ ശാക്തീകരണം ലാക്കാക്കി സ്ഥാപിതമായ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡ്. 1988 ൽ നിലവിൽ വന്നു. വനിതകളെ സ്വയം പര്യാപ്തമാക്കുന്നതിനു വേണ്ടിയുള്ള നിരവധി പദ്ധതികൾ, പരിശീലനപരിപാടികൾ, ധനസഹായ പദ്ധതികൾ എന്നിവ കോർപ്പറേഷൻ നടപ്പാക്കി വരുന്നു. കോർപ്പറേഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരം നഗരത്തിന്റെ 23 പ്രധാന കവലകളിൽ ഇലക്ട്രോണിക് ഷീടോയിലറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 40 വയസുവരെയുള്ള വനിതകൾക്ക് തൊഴിൽ പരിശീലനം നല്കുന്നതിനായി റീച്ച് എന്ന പേരിൽ കോർപ്പറേഷന്റെ കീഴിലുള്ള പരിശീലനകേന്ദ്രം തിരുവനന്തപുരത്തെ കൈമനത്തും, കോഴിക്കോടും പ്രവർത്തിക്കുന്നുണ്ട്.

**വിലാസം**

കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ ലിമിറ്റഡ്
ബസന്ത്, മൻമോഹൻ ബംഗ്ലാവിന് എതിർവശം,
കവടിയാർ, തിരുവനന്തപുരം - 03
ഫോൺ: 0471-2727668, 9496015015, 9496015016

* കൂടാതെ തിരുവനന്തപുരത്തും പാളയത്തും, എറണാകുളത്തും, കോഴിക്കോടും റീജിയണൽ ഓഫീസുകളുമുണ്ട്.

റീജിയണൽ ഓഫീസുകൾ:
ഫോൺ - തിരുവനന്തപുരം :0471-2328257, 9496015006
എറണാകുളം: 0484-2394932, 9469015007
കോഴിക്കോട് : 0495-2766454, 9496015009

### e) ഉജ്വല സ്കീം

1 ലൈംഗീക ചൂഷണത്തിന് ഇരയായവർക്കും ഇരയാകാൻ സാധ്യതയുള്ളവർക്കും പുനരധിവാസം സാധ്യമാക്കുന്ന സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. ധനസഹായത്തിനുള്ള അപേക്ഷകൾ സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

## f) കൺസ്ട്രക്ഷൻ ഓഫ് വർക്കിങ് വിമൻസ് ഹോസ്റ്റൽ

1 നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമുള്ള സർക്കാർ / സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വിധവകൾ, വിവാഹമോചനം നേടിയവർ, ഭർത്താക്കന്മാർ ദൂരസ്ഥലങ്ങളിൽ ജോലി ചെയ്യുന്നതിനാൽ ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകൾ എന്നിവരാണ് ഇതിന്റെ ഗുണഭോക്താക്കൾ. സന്നദ്ധസംഘടനകൾ ആരംഭിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാൻഡ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ തൃശ്ശൂർ മുതൽ വടക്കോട്ടുള്ള ജില്ലകൾക്കുള്ളവ സാമൂഹ്യനീതി വകുപ്പിനും മറ്റ് ജില്ലകൾക്കുള്ളവ സോഷ്യൽ വെൽഫയർ ബോർഡിനുമാണ് സമർപ്പിക്കേണ്ടത്.

## 1) സ്ത്രീകളുടെ സാമൂഹികസുരക്ഷയ്ക്കുള്ള സ്ഥാപനങ്ങൾ

## a) മഹിളാ മന്ദിരം

1 നോക്കുവാനാളില്ലാത്ത വിധവകൾ, വിവാഹബന്ധം വേർപ്പെടുത്തിയവർ, ദുരിതബാധിതരും അഗതികളുമായ സ്ത്രീകൾ, ആരും സംരക്ഷിക്കാനില്ലാത്തവർ തുടങ്ങി സംരക്ഷണം ആവശ്യമായ 18 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകളെയാണ് മഹിളാമന്ദിരത്തിൽ പ്രവേശിപ്പിക്കുന്നത്. വയനാട്, ഇടുക്കി ജില്ലകളൊഴികെ മറ്റെല്ലാ ജില്ലകളിലും മഹിളാമന്ദിരങ്ങൾ പ്രവർത്തിച്ചുവരുന്നു.

| | | |
|---|---|---|
| 1. | പൂജപ്പുര, തിരുവനന്തപുരം-12 | ഫോൺ-0471-2340126 |
| 2. | അഞ്ചുകല്ലുംമൂട്, തിരുമുല്ലവാരം പി.ഒ., കൊല്ലം | ഫോൺ-0474-2793890 |
| 3. | പി.എച്ച്.വാർഡ്, ആലപ്പുഴ | ഫോൺ-0477-2245261 |
| 4. | കോഴഞ്ചേരി, പത്തനംതിട്ട | ഫോൺ-0468-2310057 |
| 5.. | കല്ലറ പി.ഒ., പുത്തൻപള്ളി കോട്ടയം | ഫോൺ-04829-269420 |
| 6. | പൂണിത്തുറ പി.ഒ., ചമ്പക്കര, എറണാകുളം | ഫോൺ - 0484-2303664 |
| 7. | രാമവർമപുരം പിഒ., തൃശൂർ | ഫോൺ-0487-2327258 |
| 8. | മുട്ടികുളങ്ങര, പാലക്കാട് | ഫോൺ-0491-2552658 |
| 9. | മാരിക്കുന്ന് പി.ഒ., തൃശൂർ | ഫോൺ-0495-2731119 |
| 10. | മലപ്പുറം, | ഫോൺ-0494-2126671 |
| 11. | തലശ്ശേരി, ചിറക്കര പി.ഒ., | ഫോൺ-0490-2321511 |

12. പരവനടുക്കം പി.ഒ., കാസർഗോഡ് ഫോൺ-04994-235201

**b) ആശാഭവൻ**

മാനസികാരോഗ്യം വീണ്ടെടുത്തെങ്കിലും, സംരക്ഷിക്കുവാനാളില്ലാത്ത രോഗികളുടെ പരിചരണത്തിനും സംരക്ഷണത്തിനുമുള്ളതാണ് ആശാ ഭവൻ. സംസ്ഥാനത്ത് ആകെ ആറ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മാനസികാരോഗ്യം വീണ്ടെടുത്തവരാണെന്ന് തെളിയിക്കുന്ന മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 18 വയസിന് മുകളിൽ പ്രായമുള്ളവർക്കാണ് ഇവിടെ പ്രവേശനം ലഭിക്കുന്നത്.

**ആശാഭവൻ (പുരുഷന്മാർക്ക്)**

1. പൂജപ്പുര, തിരുവനന്തപുരം ഫോൺ-0471-2341955
2. എറണാകുളം ഫോൺ-0484-2428308
3. കോഴിക്കോട് ഫോൺ-0495-2537654

**ആശാഭവൻ (സ്ത്രീകൾക്ക്)**

4. പൂജപ്പുര, തിരുവനന്തപുരം ഫോൺ-0471-2341944
5. രാമവർമപുരം, തൃശൂർ ഫോൺ-0487-2694818

## സംസ്ഥാന വികലാംഗ കമ്മിഷൻ

സംസ്ഥാന വികലാംഗ കമ്മിഷൻ 1999-ൽ നിലവിൽ വന്നു. ഇതിന്റെ പ്രധാന ദൗത്യം വികലാംഗനിയമത്തിൽ അനുശാസിക്കുന്ന കാര്യങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോയെന്ന കാര്യം കമ്മിഷൻ കാലാകാലങ്ങളിൽ പരിശോധിക്കുന്നതോടൊപ്പം വികലാംഗർക്ക് വേണ്ടി സംസ്ഥാനത്തുടനീളം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, വികലാംസർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുക, അവർക്ക് വേണ്ടിയുള്ള പ്രത്യേക സെമിനാറുകൾ വർക്ക്ഷോപ്പ് എന്നിവ നടപ്പാക്കുക എന്നിവ കമ്മീഷൻ ചെയ്തുവരുന്നു.

**വിലാസം**

സംസ്ഥാന വികലാംഗകമ്മിഷൻ
ഒന്നാംനില, പിടിസി ബിൽഡിങ്
സാമൂഹ്യനീതി വകുപ്പ് കോമ്പൗണ്ട്
പൂജപ്പുര, തിരുവനന്തപുരം - 695 012
ഫോൺ : 0471-2347704, 2340624

6. മായനാട് പി.ഒ., കോഴിക്കോട് ഫോൺ–0495–2358876

**c) റസ്ക്യൂ ഹോമുകൾ**

അനാശാസ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും സാൻമാർഗികഭ്രംശം നേരിടുകയും ചെയ്യുന്ന സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥാപനമാണിത്. മലപ്പുറം ജില്ലയിലെ തവനൂരിലാണ് റസ്ക്യൂഹോം പ്രവർത്തിക്കുന്നത്.

1. റസ്ക്യൂ ഹോം, തവനൂർ, മലപ്പുറം ഫോൺ–0494–2698341

**d) ആഫ്റ്റർ കെയർ ഹോം**

സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ചിൽഡ്രൻസ് ഹോം, സ്പെഷ്യൽഹോം, ബാലമന്ദിരം, പുവർഹോം, അനാഥാലയങ്ങൾ, എന്നീ സ്ഥാപനങ്ങളിൽ നിന്നും പുറത്തിറങ്ങുന്നവരെയാണ് ഇവിടെ പുനരധിവസിപ്പിക്കുന്നത്. കൊല്ലത്തും കോഴിക്കോടുമായി പെൺകുട്ടികൾക്കും തലശേരിയിൽ ആൺകുട്ടികൾക്കുമായി ഈ സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. 18 നും 21നുമിടയിൽ പ്രായമുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനത്തോടൊപ്പം തുടർവിദ്യാഭ്യാസം ചെയ്യുന്നതിനും തൊഴിൽ പരിശീലനം നടത്തുന്നതിനുമുള്ള അവസരം ഇവിടെ ലഭിക്കുന്നുണ്ട്.

*** ആഫ്റ്റർ കെയർ ഹോം (ആൺകുട്ടികൾക്ക്)**

1. തലശ്ശേരി, കണ്ണൂർ ഫോൺ–0471–2341944

**ആഫ്റ്റർ കെയർ ഹോം (പെൺകുട്ടികൾക്ക്)**

1. അഞ്ചാലുമ്മൂട്, കൊല്ലം–681601 ഫോൺ–0474–2072500
2. കോഴിക്കോട് ഫോൺ–0495–2537502

**e) ഷോർട്ട്സ്റ്റേ ഹോം**

തകർന്ന കുടുംബങ്ങളിൽ നിന്ന് സാമൂഹിക പിന്തുണ ലഭിക്കാത്തവർ, മാനസികസമ്മർദ്ദമുള്ളവർ, ചൂഷണം ചെയ്യപ്പെട്ടവർ, അനാശാസ്യ വിപത്തിൽ ഭയപ്പെടുന്നവർ എന്നിങ്ങനെയുള്ള സ്ത്രീകളേയും പെൺകുട്ടികളേയും പുനരധിവസിപ്പിക്കുവാനുള്ള സങ്കേതങ്ങളാണിത്. 15 നും 35 നുമിടയിൽ പ്രായമുള്ള സ്ത്രീകൾക്കും, പെൺകുട്ടികൾക്കും, അവരുടെ കുഞ്ഞുങ്ങൾക്കും ഇത്തരം ഹോമുകളിൽ സഹായം ലഭിക്കുന്നു.

* ഈ കേന്ദ്രങ്ങളിൽ അഭയം ലഭിക്കുന്നവർക്ക് തുടർ വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനുമുള്ള അവസരമുണ്ട്.

മേരിക്കുന്ന് പി.ഒ., കോഴിക്കോട് ഫോൺ-0495-2731883

**f) ഒൺഡെ ഹോം**

13 വയസിനുമേൽ പ്രായമുള്ള പെൺകുട്ടികൾക്ക് വേണ്ടി തിരുവനന്തപുരം കൊച്ചി നഗരങ്ങളിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ പരീക്ഷ, ഇന്റർവ്യൂ മീറ്റിങ്ങുകൾ തുടങ്ങിയ ആവശ്യങ്ങൾക്കായി എത്തുമ്പോൾ ഒരു നിശ്ചിത കാലയളവുവരെ താമസിക്കാവുന്നതാണ്.

പൂജപ്പുര, തിരുവനന്തപുരം ഫോൺ-0471-2340126

## IV. വൃദ്ധർക്കുള്ള പദ്ധതികൾ

### F. വൃദ്ധജനങ്ങൾക്കുള്ള സംയോജിതസംരക്ഷണ പദ്ധതി:-

വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഗണിച്ച് കേന്ദ്രസർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. അവരുടെ സുരക്ഷിതത്വത്തിനും മാനസികോല്ലാസത്തിനും വൈദ്യസഹായത്തിനും ആവശ്യമായ സൗകര്യങ്ങൾ ഇവിടെ ഒരുക്കുന്നു. ഈ പദ്ധതിയുടെ ക്രിയാത്മക നടത്തിപ്പിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും സന്നദ്ധസംഘടനകൾക്കും കേന്ദ്രസർക്കാർ ധനസഹായം നല്കുന്നു.

**1) വൃദ്ധസദനങ്ങളുടെ നടത്തിപ്പ്**

ഏറ്റവും കുറഞ്ഞത് 25 വൃദ്ധജനങ്ങളെ താമസിപ്പിക്കുകയും, അവർക്ക് നല്ല ഭക്ഷണം, വിനോദം, സംരക്ഷണം എന്നിവ സൗജന്യമായി നല്കുകയും ചെയ്യുന്ന വൃദ്ധസദനങ്ങൾക്ക് പ്രതിവർഷം 667000/- രൂപ കേന്ദ്രസഹായമായി നല്കുന്നു. അപേക്ഷകൾ അതത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ് സമർപ്പിക്കേണ്ടത്.

**2) ആശ്വാസകേന്ദ്രങ്ങളുടെയും തുടർസംരക്ഷണ കേന്ദ്രങ്ങളും**

വൃദ്ധസദനങ്ങളിൽ കഴിയുന്നവർക്ക് അസുഖം ബാധിച്ചാൽ അവരെ ശുശ്രൂഷിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പ്രതിവർഷം 7,20,000/ രൂപ വരെ സംരക്ഷണ ചെലവ് നലകുന്നു.

**3) വൃദ്ധർക്കായി വിവിധ സേവനങ്ങൾ നല്കുന്ന കേന്ദ്രങ്ങൾ നടത്തുന്ന പദ്ധതി**

വൃദ്ധരുടെ പകൽസംരക്ഷണ കേന്ദ്രങ്ങളിൽ വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, സൗഹൃദബന്ധങ്ങൾ തുടങ്ങിയ സേവനങ്ങൾ നല്കുന്ന 50 പേരെങ്കിലുമുള്ള കേന്ദ്രത്തിന് 406000/- രൂപ ധനസഹായം നല്കുന്നു.

**4) മെഡിക്കൽ കെയർ യൂണിറ്റ് നടത്തുന്നതിനുള്ള സഹായ പദ്ധതി**

ചേരി പ്രദേശങ്ങളിലും വികസനമെത്താത്ത ഗ്രാമങ്ങളിലും യാതൊരു സൗകര്യങ്ങളുമില്ലാതെ കഴിയുന്ന വൃദ്ധജനങ്ങൾക്കായുള്ള പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം കുറഞ്ഞ് 400 പേർക്കെങ്കിലും ഒരു മാസം ചികിത്സാ-സഹായമെത്തിക്കാൻ വയോജന ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്കും, വയോജനങ്ങൾക്ക് സൗജന്യ ചികിത്സ നല്കുന്ന സ്ഥാപനങ്ങൾക്കും, ആശുപത്രി, മെഡിക്കൽകോളേജ, നഴ്സിങ് ഹോമുകൾക്കും പ്രതിവർഷം 296000/- രൂപ സംസ്ഥാന സർക്കാരിന്റെ ചുമതലയിൽപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർ നല്കുന്ന അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നല്കുന്നു.

**5) സ്മൃതിനാശം സംഭവിച്ച വൃദ്ധജനങ്ങളെ സംരക്ഷിക്കുന്ന പകൽപരിപാലന കേന്ദ്രങ്ങൾക്കുള്ള ധനസഹായപദ്ധതി**

സ്മൃതിനാശം സംഭവിച്ച വൃദ്ധജനങ്ങൾക്ക് ആശ്വാസം പകരുന്ന വിധത്തിലുള്ള പകൽപരിപാലന കേന്ദ്രങ്ങൾ തുടങ്ങുന്നതിനും, അത് പരിപാലിച്ച് കൊണ്ട് പോകുന്നതിനുമായി നല്കുന്ന ധനസഹായ പദ്ധതിയാണിത്. കുറഞ്ഞത് 20 പേരെയെങ്കിലും സംരക്ഷിക്കുന്ന ഈ കേന്ദ്രങ്ങൾക്ക് പ്രതിവർഷം 97,8000/- രൂപാ വരെ ധനസഹായം നല്കുന്നു.

**6) ഫിസിയോ തെറാപ്പി ക്ലിനിക്കുകൾക്കുള്ള ധനസഹായം**

ഫിസിയോതെറാപ്പി ക്ലിനിക്കുകൾ നടത്തുന്ന സന്നദ്ധസംഘടനകൾക്ക് / മെഡിക്കൽകോളേജുകൾക്ക് / നഴ്സിങ് ഹോമുകൾക്ക് മിനിമം 50 പേർക്കുള്ള വാർഷിക ധനസഹായമായി 70,0000/- രൂപ നല്കുന്നു.

**7) വികലാംഗസഹായ ഉപകരണങ്ങൾ നല്കുന്ന പദ്ധതി**

വയോജനങ്ങൾക്ക് വികലാംഗ സഹായ ഉപകരണങ്ങൾ, ശ്രവണ സഹായ ഉപകരണങ്ങൾ എന്നിവ സൗജന്യമായി നല്കുന്നതിനുവേണ്ടി സംഘടിപ്പിക്കുന്ന ക്യാമ്പൊന്നിന് 160000/- രൂപ നിരക്കിൽ മെഡിൽകോളോജുകൾ / ചാരിറ്റബിൾ ആശുപത്രികൾ / നഴ്സിങ് ഹോമുകൾ എന്നിവയ്ക്ക് ധനസഹായം നല്കുന്നു.

**8) വൃദ്ധജനങ്ങളുടെ ശാരീരിക മാനസികാരോഗ്യപദ്ധതി**

വയോജനങ്ങളുടെ ശാരീരിക മാനസികാരോഗ്യ സംരക്ഷണത്തിനായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ആശുപത്രികൾ / നഴ്സിംങ് ഹോമുകൾ / സന്നദ്ധസംഘടനകൾക്കും, മെഡിക്കൽ കോളേജുകൾക്കും ക്യാമ്പൊന്നിന് 9500/- രൂപ ധനസഹായം നല്കുന്നു.

**9) വയോജനങ്ങളുടെ കൗൺസലിങ്/ ഹെൽപ്ലൈൻ എന്നിവ നടത്തുന്നതിനുള്ള ധനസഹായം**

വയോജനങ്ങളുടെ കൗൺസലിങ്/ ഹെൽപ്ലൈൻ എന്നിവ ഏർപ്പെടുത്തുന്ന സന്നദ്ധസംഘടനകൾക്ക് അംഗീകൃത ചാരിറ്റബിൾ / സർക്കാർ ആശുപത്രികൾക്കും പ്രതിവർഷം 572000/- രൂപ ധനസഹായം നല്കുന്നു.

**10) സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കുള്ള അവബോധം**

വയോജനങ്ങളുടെ മാനസികവും ശാരീരികവും ബൗദ്ധികവുമായ പ്രശ്നങ്ങളെ സംബന്ധിച്ച് സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് പ്രതിവർഷം 38,7000/- രൂപ ധനസഹായം നല്കുന്നു

**11) മേഖലാടിസ്ഥാനത്തിൽ പരിശീലനകേന്ദ്രങ്ങൾക്കുള്ള ധനസഹായം**

വൃദ്ധജനസംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി റിസോഴ്സ് & ട്രെയിനിങ് സെന്ററിന് 779000/- രൂപ പ്രതിവർഷം ധനസഹായമായി നല്കുന്നു.

**12) വൃദ്ധജനങ്ങൾക്ക് സംരക്ഷണം നല്കുന്നവർക്കുള്ള പരിശീലനപരിപാടികൾക്കുള്ള ധനസഹായം**

വയോജനങ്ങളെ സംരക്ഷിക്കുന്നവർക്ക് മികച്ച പരിശീലനം നല്കുന്ന പദ്ധതിയാണിത്. പ്രതിവർഷം 39,6000/- രൂപാ വരെ ധനസഹായം നല്കുന്നു.

**13) വയോജനങ്ങൾക്കുള്ള ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിനുള്ള ധനസഹായം**

ഈ പദ്ധതിപ്രകാരം ദൃശ്യശ്രവ്യ മാധ്യമങ്ങളിലൂടെ വൃദ്ധജനങ്ങൾക്ക് അവബോധം നല്കുന്നു. വിശദവിവരങ്ങൾ www.socialjustice.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**14) വൃദ്ധസദനം/ ഡേകെയർ സെന്റർ എന്നിവ ആരംഭിക്കുന്നതിന്**

**പഞ്ചായത്തുകൾക്കുള്ള ധനസഹായം**

25 അന്തേവാസികൾക്ക് പ്രവേശനസൗകര്യമുള്ള വൃദ്ധസദനങ്ങൾക്കും 50 അന്തേവാസികൾക്ക് പ്രവേശനമുള്ള ഡേകെയർ സെന്ററുകൾക്കുമാണ് ആനുകൂല്യം ലഭിക്കുന്നത്. തദ്ദേശസ്വയം ഭരണ സ്ഥാപനം നടത്തുന്ന വൃദ്ധസദനങ്ങൾക്കും ഡേകെയർ സെന്ററുകൾക്കും തുക അനുവദിക്കുന്നത് ജില്ലാ സാമൂഹ്യക്ഷേമവകുപ്പാണ്. ഇത് സംബന്ധിച്ച വിവരങ്ങൾ ०००.ഭീരശമഹഷൗശെേരല.ിശര.ശി എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ബി. വൃദ്ധജനങ്ങൾക്കുള്ള സ്ഥാപനങ്ങൾ**

**1) വികലാംഗരായ വൃദ്ധർക്കുള്ള ഹോം**

55 വയസായ വികലാംഗരായ വൃദ്ധർക്കാണ് ഇവിടെ പ്രവേശനം ലഭിക്കുന്നത്. ജില്ലാ പ്രൊബേഷൻ ഓഫീസർ/മെഡിക്കൽ ഓഫീസർ നല്കുന്ന ശുപാർശ കത്തുമായി അർഹതയുള്ളവർ ഹോം സൂപ്രണ്ടിനെ സമീപിക്കേണ്ടതാണ്. ആലപ്പുഴ, ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ഈ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

**ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സ്ഥാപനങ്ങൾ**

1. വികലാംഗ വനിതാസദനം
   പൂജപ്പുര, തിരുവനന്തപുരം ഫോൺ–0471–2341090
2. വികലാംഗ വനിതാസദനം
   തേവര, എറണാകുളം ഫോൺ–0484–2663688
3. ശാരീരിക വൈകല്യമുള്ളവരുടെ ഹോം
   (പ്രായമായവർ)
   മായിത്തറ, ആലപ്പുഴ ഫോൺ–0478–2157696
4. ശാരീരിക വൈകല്യമുള്ളവരുടെ ഹോം
   (പ്രായമായവർ) മുതലക്കുളം
   മഠത്തിക്കണ്ടം, ഇടുക്കി ഫോൺ–0486–2211024
5. ശാരീരിക വൈകല്യമുള്ളവരുടെ ഹോം
   (പ്രായമായവർ)
   കൊടുവായൂർ പി.ഒ., പാലക്കാട് ഫോൺ–0492–3205672
6. ശാരീരിക വൈകല്യമുള്ളവരുടെ ഹോം
   (പ്രായമായവർ)
   കണിയാംപറ്റ, വയനാട് ഫോൺ–0493–6285900
7. പ്രതീക്ഷാ ഭവൻ,
   തവനൂർ, മലപ്പുറം ഫോൺ–0494–2103507
8. ഗവ. വികലാംഗ സദനം

മായനാട് പി.ഒ., കോഴിക്കോട് ഫോൺ–0495–2351498

2) **വൃദ്ധസദനം**

സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വൃദ്ധസദനങ്ങളിൽ 55 വയസിന് മുകളിൽ പ്രായമുള്ള നിരാലംബരായ എല്ലാ വയോജനങ്ങൾക്കും പ്രവേശനം ലഭിക്കും.

1. കെയർ ഹോം
   പുലയനാർകോട്ട, തിരുവനന്തപുരം ഫോൺ–0471–2500747
2. ഡേ കെയർ സെന്റർ &
   ഓൾഡ് ഏജ് ഹോം (സ്ത്രീകൾ)
   പൂജപ്പുര, തിരുവനന്തപുരം ഫോൺ–0471–2340566
3. ഓൾഡ് ഏജ് ഹോം
   ഇഞ്ചവിള പി.ഒ., പെരിനാട്, കൊല്ലം ഫോൺ–0474–2701516
4. ഓൾഡ് ഏജ് ഹോം
   ഇത്തിത്താനം പി.ഒ.
   ചങ്ങനാശേരി, കോട്ടയം ഫോൺ–0481–2469794
5. ഓൾഡ് ഏജ് ഹോം
   തേവര, കൊച്ചി, എറണാകുളം–13 ഫോൺ–0484–2663641
6. ഓൾഡ് ഏജ് ഹോം
   രാമവർമ്മപുരം പി.ഒ., തൃശൂർ ഫോൺ–0487–2694818
7. ഓൾഡ് ഏജ് ഹോം
   സോഷ്യൽ വെൽഫെയർ
   കോംപ്ലക്സ്, ബാലസദനം ബിൽഡിങ്
   കോഴിക്കോട്–12 ഫോൺ–0495–2537536,2731111
8. ഓൾഡ് ഏജ് ഹോം
   തൃക്കണ്ണാപുരം, തവനൂർ
   മലപ്പുറം ഫോൺ–0494–2103540
9. ഓൾഡ് ഏജ് ഹോം
   അഴിക്കോട് പി.ഒ.,
   ഒണ്ടേൽ റോഡ് ജംഗ്ഷൻ
   ചാലിനു സമീപം, കണ്ണൂർ. ഫോൺ–0491–2771300
10. ഓൾഡ് ഏജ് ഹോം
    പരവനടുക്കം പി.ഒ.ക കളനാട്
    കാസർഗോഡ് ഫോൺ–0499–4239726

**വയോജനങ്ങൾക്കുള്ള ഡേകെയർ സെന്ററുകൾ**

അണുകുടുംബസംവിധാനത്തിൽ വയോജനങ്ങൾക്ക് ശരിയായ സംരക്ഷണവും ശ്രദ്ധയും ലഭിക്കാത്ത സാഹചര്യത്തിൽ പകൽസമയ

ങ്ങളിൽ അവരുടെ പരിപാലനം ഉറപ്പാക്കുന്ന സ്ഥാപനങ്ങളാണിത്. ലഘുഭക്ഷണവും, ആതുരശുശ്രൂഷയും പരിപാലനവും ലഭിക്കുന്ന ഈ സ്ഥാപനങ്ങൾ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നി വടങ്ങളിൽ പ്രവർത്തിക്കുന്നു.

ഡേ കെയർ സെന്റർ &
ഓൾഡേജ് ഹോം
പൂജപ്പുര, തിരുവനന്തപുരം ഫോൺ–0471–2340566

**V. ശാരീരികമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പദ്ധതികൾ**

**a) ദീൻദയാൽ ഡിസേബിൾഡ്സ് റിഹാബിലിറ്റേഷൻ സ്കീം (സിഡിആർഎസ്)**

ഭാരതത്തിലെ എല്ലാ പൗരൻമാർക്കുമൊപ്പം ഭരണഘടന അനുശാസി ക്കുന്ന സമത്വം, സ്വാതന്ത്ര്യം, നീതി എന്നിവ ഉറപ്പുവരുത്തുന്നതിന് വിക ലാംഗർക്കായി നടപ്പാക്കിയിരിക്കുന്ന പദ്ധതിയാണിത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇതുപ്രകാരം ധനസഹായം ലഭിക്കുന്നതിന് ജില്ലാ സാമൂ ഹിക നീതി ഓഫീസുകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**1) വികലാംഗരായ കുട്ടികൾക്ക് വിദ്യാഭ്യാസം / പരിശീലനം എന്നിവ നല്കുന്നതിനുള്ള പദ്ധതി**

അംഗവൈകല്യമുള്ള കുട്ടികളെ നേരത്തെ കണ്ടെത്തി പ്രത്യേക പരി ശീലനം നല്കി മുഖ്യധാരയിലേക്ക് കൊണ്ടുവരുന്ന പദ്ധതിയാണിത്.

**2) സ്പെഷ്യൽസ്കൂൾ**

അസ്ഥി വൈകല്യം, കാഴ്ച്ചയില്ലായ്മ, ബധിരത, ബുദ്ധിമാന്ദ്യം എന്നീ വൈകല്യങ്ങളുള്ള കുട്ടികളുടെ പഠനസൗകര്യാർത്ഥം താമസസൗക ര്യത്തോട് കൂടിയതും അല്ലാത്തതുമായ സ്കൂളുകൾക്കുള്ള പദ്ധതിയാ ണിത്.

**3) സെറിബ്രൽ പാൾസി ബാധിത കുട്ടികൾക്കുള്ള പദ്ധതി**

സ്പെഷ്യൽ സ്കൂളുകൾക്കൊപ്പം ചികിത്സാസൗകര്യം കൂടി ചേർത്തുള്ള പദ്ധതിയാണിത്.

**4) തൊഴിൽ പരിശീലനകേന്ദ്രങ്ങൾ**

15 മുതൽ 25 വയസുവരെ പ്രായമുള്ള വികലാംഗരുടെ സാമ്പത്തിക സ്ഥിരതയും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുന്നതിനായി തൊഴിൽ പരി ശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണിത്. തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ ഫോൺ നമ്പരുകൾ ചുവടെ ചേർക്കുന്നു.

ഡഠഉ, തിരുവനന്തപുരം–0471–2343618

ഡഠഉ, കോഴിക്കോട്–0495–2351498

**5) ഷെൽറ്റേർഡ് വർക്ക് ഷോപ്പ്**

സ്ഥിരവരുമാന സ്രോതസ് ലക്ഷ്യമിട്ട് തൊഴിൽശാലകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണിത്.

**6) കുഷ്ഠരോഗവിമുക്ത പുനരധിവാസ പദ്ധതി**

കുഷ്ഠരോഗവിമുക്തരുടെ സാമൂഹിക സാമ്പത്തിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് തൊഴിൽ പരിശീലനകേന്ദ്രങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള പദ്ധതിയാണിത്.

**7) മാനസിക രോഗബാധിതർക്കുള്ള ചികിത്സാ പുനരധിവാസ പദ്ധതി**

മാനസികരോഗം ചികിത്സിച്ച് ഭേദമാക്കിയിട്ടുള്ളവരെ കുടുംബാംഗങ്ങൾക്കൊപ്പം വിടുന്നതിനായി കുടുംബാഗങ്ങൾക്കാവശ്യമായ കൗൺസലിങ്, രോഗിക്ക് വീണ്ടും രോഗം വരാതിരിക്കുന്നതിനുള്ള മരുന്നുകൾ, യഥാസമയമുള്ള മെഡിക്കൽ പരിശോധനയും, ചികിത്സയും എന്നിവ നടപ്പിലാക്കുന്നതിനുള്ള പദ്ധതിയാണിത്.

**8) വികലാംഗരെ തിരിച്ചറിയുന്നതിനും ബോധവത്ക്കരണം നടത്തുന്നതിനുമുള്ള പദ്ധതി**

വൈകല്യം നേരത്തെ തിരിച്ചറിഞ്ഞ് രക്ഷകർത്താക്കൾക്ക് വേണ്ട ബോധവത്ക്കരണം നടത്തി വൈകല്യമുള്ളവരുടെ പുനരധിവാസം നടത്തുന്നതിനും വിവിധരീതിയിലുള്ള വൈകല്യങ്ങളെക്കുറിച്ച് ഗവേഷണം നടത്തുന്നതിനുമുള്ളതാണ് ഈ പദ്ധതി.

**9) വീടിനോടനുബന്ധിച്ച് പുനരധിവാസപദ്ധതി**

വികലാംഗർക്ക് കുടുംബാന്തരീക്ഷത്തിൽ താമസിച്ചുകൊണ്ട് കഴിവുകൾ വികസിപ്പിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലധിഷ്ഠിത പരിശീലനം നല്കുന്നതിനുമുള്ള പദ്ധതിയാണിത്.

**10) കമ്മ്യൂണിറ്റി ബേസ്ഡ് റീഹാബിലിറ്റിറ്റേഷൻ പ്രോജക്ട്**

ദുർഘട സ്ഥലങ്ങളിലുള്ള വികലാംഗ പുനരധിവാസ കേന്ദ്രങ്ങളിൽ ഈ രംഗത്തെ വിദഗ്ദ്ധരെക്കൊണ്ട് ചികിത്സാ സൗകര്യം ഏർപ്പെടുത്തുക, മറ്റ് വികലാംഗഗ്രൂപ്പുകളുമായി ചേർന്ന് സംയുക്ത സംരഭങ്ങൾ ആരംഭിക്കുക, തുടങ്ങിയവ ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതിയാണിത്.

**11) കാഴ്ചശക്തി വളരെക്കുറഞ്ഞവർക്കുള്ള പദ്ധതി**

കാഴ്ച ശക്തി വളരെക്കുറവുള്ളവർക്ക് വിവിധ ചികിത്സാരീതികൾകൊണ്ട് കാഴ്ച വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്.

**12) മനുഷ്യവിഭവശേഷി വികസനത്തിനുള്ള പദ്ധതി**

വികലാംഗരെ പരിശീലിപ്പിക്കുന്നതിന് പ്രത്യേക പരിശീലനം സിദ്ധിച്ച പരിശീലകർക്ക് വികലാംഗപുനരധിവാസ നെറ്റ് വർക്കിലൂടെ പ്രത്യേക വൈദഗ്ദ്ധ്യം സിദ്ധിക്കുന്നതിനുള്ള പദ്ധതിയാണിത്.

**13) സെമിനാറുകൾ / ക്യാമ്പുകൾ / വർക്ക്ഷോപ്പുകൾ നടത്തുന്നതിനുള്ള പദ്ധതി**

വികലാംഗർക്കായി പരിശീലനം / സെമിനാർ / ക്യാമ്പുകൾ എന്നിവ നടത്തുന്നതിന് ഒറ്റത്തവണയായി തുക അനുവദിക്കുന്ന പദ്ധതിയാണിത്.

**14) പരിസ്ഥിതി സൗഹൃദ ജൈവാധിഷ്ഠിത പദ്ധതികൾ**

വികലാംഗർക്കായി പൂന്തോട്ട പരിപാലനം, പട്ട്നൂൽ പുഴുവളർത്തൽ, നഴ്സറികൾ, മരംവെച്ചുപിടിപ്പിക്കൽ എന്നിവ ഈ പദ്ധതിയിൽപ്പെടുന്നു.

**15) കമ്പ്യൂട്ടർ വാങ്ങുന്നതിന് ധനസഹായം**

വികലാംഗർക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള സവിശേഷ പദ്ധതിയാണിത്.

**16) കെട്ടിട നിർമാണ പദ്ധതി**

വികലാംഗർക്കുള്ള മറ്റ് പദ്ധതികൾ നടപ്പാക്കുന്നതിനായി കെട്ടിടം നിർമിക്കുന്നതിനുള്ള പദ്ധതിയാണിത്.

**17) നിയമാവബോധത്തെ സംബന്ധിച്ച പദ്ധതി**

വികലാംഗർക്കും സംരഭകർക്കും ആവശ്യമായ നിയമോപദേശം, സഹായം, കോടതിചെലവുകൾ എന്നിവ അനുവദിക്കുന്നതിനുള്ള പദ്ധതിയാണിത്.

**18) ജില്ലാ വികലാംഗ പുനരധിവാസ കേന്ദ്രം**

വികലാംഗർക്കാവശ്യമുള്ള എല്ലാ പദ്ധതികളെയും പുനരധിവാസ പദ്ധതികളെയും സംബന്ധിച്ച് ഠഠഠ.ീരശമഹഷൗശേരല.ിശര.ശി എന്ന വെബ്സൈറ്റിൽ വിവരങ്ങൾ ലഭ്യമാണ്.

**19) സ്കോളർഷിപ്പ്**

ഒന്നാം സ്റ്റാർഡേർഡ് മുതൽ ബിരുദാനന്തര ബിരുദം വരെ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന സ്കോളർഷിപ്പ് നല്കി വരുന്നു. വാർഷിക വരുമാനം 36000/- രൂപ

യിൽ കവിയാത്തവരും, മുൻവാർഷിക പരീക്ഷയിൽ 40% കുറയാതെ മാർക്ക് ലഭിച്ചവരുമായ വികലാംഗവിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് അർഹതയുണ്ട്. ഒന്നുമുതൽ നാല് വരെ പഠിക്കുന്നവർക്ക് 100/- രൂപയും, അഞ്ച് മുതൽ 10-ാം തരംവരെ 125/- രൂപയും പ്ലസ് ടൂ, ഐടി കോഴ്സുകളിൽ പഠിക്കുന്നവർക്ക് 150/- രൂപയും എല്ലാ ഡിഗ്രി കോഴ്സുകൾക്കും പോളിടെക്നിക്ക് തത്തുല്യമായ ട്രെയിനിങ് കോഴ്സുകൾ, എംബിബിഎസ്, എം.എസ് മുതലായവയ്ക്ക് 250/- രൂപയും നല്കിവരുവന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് വിതരണം ചെയ്യുന്നത്. ഒന്നാം ക്ലാസ്സു മുതൽ +2 വരെ പഠിക്കുന്ന അന്ധവിദ്യാർത്ഥികൾക്ക് പ്രതിമാസം 50 രൂപയും ബിരുദം മുതൽ പ്രൊഫഷണൽ കോഴ്സുകൾ വരെ പഠിക്കുന്ന അന്ധവിദ്യാർത്ഥികൾക്ക് 100/- രൂപയും റീഡേഴ്സ് അലവൻസായും വകുപ്പ് നല്കിവരുന്നു. അപേക്ഷകർ അതത് ജില്ലാസാമൂഹ്യനീതി ഓഫീസർമാർക്കാണ് സമർപ്പിക്കേണ്ടത്.

**20) അഭിഭാഷകർക്കുള്ള ധനസഹായം**

കുടുംബവാർഷിക വരുമാനം 18000/- രൂപയിൽ കവിയാത്ത അന്ധരായ അഭിഭാഷകർക്കും അസ്ഥിസംബന്ധമായ വൈകല്യമുള്ളവർക്കും ധനസഹായം നല്കുന്ന പദ്ധതിയാണിത്. അന്ധരായ അഭിഭാഷകർക്ക് പ്രതിമാസം 1000/- രൂപാ നിരക്കിൽ പരമാവധി അഞ്ച് വർഷത്തേക്ക് റീഡേഴ്സ് അലവൻസും നിയമ പുസ്തകവും സ്യൂട്ടും വാങ്ങുന്നതിനായി ഒറ്റത്തവണയായി 2500/- രൂപയും നല്കി വരുന്നു. അപേക്ഷകൾ സാമൂഹ്യ നീതിവകുപ്പിൽ സമർപ്പിക്കേണ്ടതാണ്.

**21) ഇന്റർവ്യൂ എഴുത്തുപരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്നവർക്കുള്ള യാത്രാബത്ത**

കുടുംബവാർഷിക വരുമാനം 10000/- രൂപയിൽ കവിയാത്ത വികലാംഗരായ ഉദ്യോഗാർത്ഥികൾ എഴുത്തുപരീക്ഷക്കും ഇന്റർവ്യൂവിനും ഹാജരാകുന്നതിന് യാത്രാബത്ത എന്നിവ അനുവദിച്ച് നല്കുന്ന പദ്ധതിയാണിത്.

**22) എൻ.ജി.ഒ. നടത്തുന്ന വികലാംഗ പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് നല്കേണ്ടുന്ന ഗ്രാന്റ്**

അംഗീകൃത സന്നദ്ധസംഘടനകൾ നടത്തുന്ന വികലാംഗരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണത്തിന് ധനസഹായം വകുപ്പിലൂടെ നല്കിവരുന്നു. ഒരു അന്തേവാസിക്ക് പ്രതിമാസം 525/- രൂപാ നിരക്കിലാണ് ധനസഹായം.

**23) പി.ഡബ്ല്യൂ.ഡി. രജിസ്ട്രേഷൻ (PWD Act)**

വികലാംഗരായ വ്യക്തികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 1995 ലെ (The persons with Disabilities Equal opportunities, protection of Right and full participation) അരേ -ലെ 52-ാം സെക്ഷൻ പ്രകാരം രജിസ്ട്രേഷൻ നല്കിവരുന്നു. ഈ ആനുകൂല്യങ്ങൾക്കായി സാമൂഹ്യനീതി ഡയറക്ടർക്ക് അപേക്ഷ നല്കാവുന്നതാണ്.

**24) ചികിത്സാ ധനസഹായം**

ഗ്രാമപ്രദേശങ്ങളിൽ 20000 രൂപയിൽ താഴെയും നഗര പ്രദേശങ്ങളിൽ 22375 രൂപയിൽ താഴെയും വാർഷിക, വരുമാനമുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാധനസഹായമായി പ്രതിവർഷം 5000/- രൂപ നല്കിവരുന്നു. അപേക്ഷാഫോറവും മറ്റ് വിവരങ്ങളും ജില്ലാ സാമൂഹ്യ നീതി ഓഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്.

**25) വിവാഹധനസഹായം**

36000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികൾക്കും, ശാരീരിക വെല്ലുവിളികൾ നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കൾക്കുമുള്ള വിവാഹധനസഹായമായി 10000/- രൂപ നല്കിവരുന്നു. അപേക്ഷാഫോറം ജില്ലാ സാമൂഹ്യ നീതി ഓഫീസുകളിൽ ലഭ്യമാണ്.

**26) എഡിഐപി സ്കീം (Assistance to Disabled Person for Purchase / Fitting of Aid Appliance)**

അംഗവൈകല്യമുള്ളവർക്ക് അതിന്റെ സ്വഭാവമനുസരിച്ച് ആധുനിക ഉപകരങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. ഉപകരണങ്ങൾ ലഭ്യമാക്കി അവരെ സ്വയം പര്യാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഉപകരങ്ങൾ ഉപയോഗിക്കാൻ തക്ക വൈകല്യം ഗുണഭോക്താവിനുണ്ട് എന്ന് തെളിയിക്കുന്ന ഒരു അംഗീകൃത ഡോക്ടറുടെ സാക്ഷ്യപത്രം സഹിതമുള്ള അപേക്ഷ ജില്ലാസാമൂഹ്യനീതി ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. വാർഷിക വരുമാനം 10000/- രൂപയിൽ കൂടുതലാകാൻ പാടില്ല. കൂടുതൽ വിവരങ്ങൾ www.socialjustice.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ബി. ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്ഥാപനങ്ങൾ**

**1) ഹോം ഫോർ മെന്റിലി ഡെഫിഷ്യന്റ് ചിൽഡ്രൻ (HMDC)**

ബുദ്ധിവൈകല്യമുള്ള നാലിനും പതിനാറിനുമിടയിൽ പ്രായമുള്ള

കുട്ടികൾക്ക് സംരക്ഷണം നല്കുന്ന സ്ഥാപനമാണിത്. കോഴിക്കോട് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലേക്കുള്ള പ്രവേശനത്തിന് കുട്ടി മുൻപ് താമസിച്ചിരുന്ന സ്ഥാപനമേധാവിയുടെ ശുപാർശ കത്തോ / ആഫ്റ്റർ കെയർ ഓഫീസറുടെ ശുപാർശ കത്തോ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇവിടെ പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് ചികിത്സയും പാർപ്പിട സൗകര്യങ്ങളും നല്കിവരുന്നു. വിദ്യാഭ്യാസം, കരകൗശലം, ദൈനംദിനാവശ്യങ്ങൾ എന്നിവ സംയോജിപിച്ചുകൊണ്ടുള്ള പരിശീലനപരിപാടിയും ഉണ്ട്. വിശദാംശങ്ങൾ സ്ഥാപന സൂപ്രണ്ടിൽ നിന്നും ലഭ്യമാണ്.

**2) പ്രതീക്ഷാഭവൻ**

ബുദ്ധിമാന്ദ്യമുള്ള പ്രായപൂർത്തിയായ പുരുഷൻമാർക്കുള്ള സ്ഥാപനമാണ് മലപ്പുറം ജില്ലയിലെ തവനൂരിൽ പ്രവർത്തിക്കുന്ന പ്രതീക്ഷാഭവൻ. മെഡിക്കൽ ഓഫീസറുടെ ശുപാർശാ കത്ത് സഹിതമുള്ള അപേക്ഷ സ്ഥാപന സൂപ്രണ്ടിന് സമർപ്പിക്കാവുന്നതാണ്. അന്തേവാസികൾക്ക് വസ്ത്രവും, ഭക്ഷണവും, കിടക്കയും, ആരോഗ്യപരിപാലനവും, ആവശ്യമായ വൈദ്യചികിത്സയും ഇവിടെ നല്കി വരുന്നു.

പ്രതീക്ഷാ ഭവൻ
തവനൂർ, മലപ്പുറം ഫോൺ–0494–2103507

**3) പ്രത്യാശാഭവൻ**

ബുദ്ധിമാന്ദ്യമുള്ള പ്രായപൂർത്തിയായ സ്ത്രീകൾക്ക് വേണ്ടിയുള്ള സ്ഥാപനമാണിത്. തൃശൂർ രാമവർമ്മപുരത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിന് മെഡിക്കൽ ഓഫീസറുടെ ശുപാർശകത്ത് സഹിതമുള്ള അപേക്ഷ സ്ഥാപന സൂപ്രണ്ടിന് സമർപ്പിക്കാവുന്നതാണ്. അന്തേവാസികൾക്ക് ഭക്ഷണവും വസ്ത്രവും കിടക്കയും ആരോഗ്യപരിപാലനവും ഇവിടെ നല്കിവരുന്നു.

പ്രത്യാശാ ഭവൻ (സ്ത്രീകൾ)

രാമവർമ്മപുരം, തൃശ്ശൂർ ഫോൺ–04987–2325863

**4) വികലാംഗസദനം**

തിരുവനന്തപുരത്തും എറണാകുളത്തും വനിതാ വികലാംഗർക്കും കോഴിക്കോട് പുരുഷ വികലാംഗകർക്കും സദനങ്ങൾ പ്രവർത്തിച്ചുവരുന്നു. മെഡിക്കൽ ഓഫീസറുടെ ശുപാർശ സഹിതമുള്ള കത്ത് അപേക്ഷയോടൊപ്പം സ്ഥാപന സൂപ്രണ്ടിന് സമർപ്പിക്കാവുന്നതാണ്. സ്ഥാപനത്തിലെ അന്തേവാസികൾക്ക് അടിസ്ഥാനസൗകര്യങ്ങൾക്ക് പുറമേ

വിദഗ്ദ്ധ ചികിത്സാസഹായവും സംരക്ഷണവും നല്കിവരുന്നു.

1. ഗവ. വികലാംഗ സദനം
   മായനാട് പി.ഒ., കോഴിക്കോട് ഫോൺ–0495–2351498
2. വികലാംഗ വനിതാസദനം
   പൂജപ്പുര, തിരുവനന്തപുരം ഫോൺ–0471–2341090
3. വികലാംഗ വനിതാസദനം
   തേവര, എറണാകുളം ഫോൺ–0484–2663688

**5) വികലാംഗർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ**

1 സംസ്ഥാനത്ത് തിരുവനന്തപുരത്തും കോഴിക്കോടും രണ്ട് തൊഴിൽ പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവിടെ 16 വയസിനുമേൽ പ്രായമുള്ള യുവജനങ്ങൾക്ക് ബുക്ക് ബൈൻഡിങ്, ടൈലറിങ്, എംബ്രോയിഡറി, കമ്പ്യൂട്ടർ ലെതർവർക്കുകൾ, ഓഫ്സെറ്റ് പ്രിന്റിംഗ് എന്നിവയിൽ വിദഗ്ദ്ധപരിശീലനം നല്കുന്നു. രണ്ട് വർഷം ദൈർഘ്യമുള്ള ഈ കോഴ്സിലേക്കുള്ള പ്രവേശനത്തിന് മെഡിക്കൽ ഓഫീസർ നല്കുന്ന ശുപാർശ കത്ത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള കത്ത് എന്നിവ സഹിതമുള്ള അപേക്ഷ സ്ഥാപന മേധാവിക്ക് സമർപ്പിക്കാവുന്നതാണ്. ഇതിന് പുറമേ ആറ് മാസം ദൈർഘ്യമുള്ള ഹ്രസ്വകാല കോഴ്സുകളും ടി സ്ഥാപനങ്ങൾ നടത്തി വരുന്നു.

**6) ബാലവികലാംഗസദനം**

നാലിനും 16 നുമിടയിൽ പ്രായമുള്ള വികലാംഗരായ കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനമാണിത്. മെഡിക്കൽ ഓഫീസറുടെ ശുപാർശ കത്ത്, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള കത്ത്, പ്രവേശനത്തിനാവശ്യമായ രേഖകൾ എന്നിവ സഹിതമുള്ള അപേക്ഷ സ്ഥാപനമേധാവിക്ക് സമർപ്പിക്കാവുന്നതാണ്. ആലപ്പുഴയിലും കണ്ണൂരിലും പ്രവർത്തിക്കുന്ന ഈ സദനങ്ങളിൽ കുട്ടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നല്കുന്നതോടൊപ്പം വൈദ്യസഹായവും സംരക്ഷണവും നല്കുന്നു. കുട്ടികൾക്ക് ഉപയുക്തമായ മേഖലയിൽ പരിശീലനം നല്കുന്നതോടൊപ്പം കലാകായിക രംഗങ്ങളിൽ കഴിവ് തെളിയിക്കുവാനുള്ള അവസരവും അവർക്കിവിടെ ലഭിക്കുന്നു. കൂടുതൽ വിവരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

1. ആലപ്പുഴ ഫോൺ–0477–2251291
2. തലശേരി, കണ്ണൂർ ഫോൺ–0490–2321605
3. വെള്ളിമാട് കുന്ന്, കോഴിക്കോട് ഫോൺ–0495–2751632

## VI. മറ്റു വിഭാഗങ്ങൾക്കുള്ള പദ്ധതികൾ

**1) തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം**

സ്ത്രീ തടവുകാരുടെ മക്കൾക്കും പുരുഷൻമാർ ദിർഘകാലമായി ജയിൽശിക്ഷ അനുവഭിക്കുന്നതിനാൽ കുടുംബനാഥകളായ സ്ത്രീകളുടെ കുട്ടികൾക്കുമാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. കുട്ടികളുടെ ആഹാരം, വസ്ത്രം, സ്കൂൾഫീസ് തുടങ്ങിയ ചെലവുകൾക്കായി തുക അനുവദിച്ചു വരുന്നു. LKG, UKG കുട്ടികൾക്ക് പ്രതിവർഷം 3000 രൂപയും സ്കൂൾ തലത്തിലുള്ള കുട്ടികൾക്ക് പ്രതിമാസം 500/- രൂപാ വീതം പ്രതിവർഷം 6000/- രൂപയും +1, +2 തലത്തിലുള്ള കുട്ടികൾക്ക് ബിരുദതലങ്ങളിലെ വിദ്യാർത്ഥികൾക്കായി പ്രതിമാസം 1000/- രൂപാ നിരക്കിൽ മൊത്തം 12000/- രൂപയും ലഭിക്കുന്നു. ബിപിഎൽ വിഭാഗത്തിൽ വരുന്ന, അംഗീകൃതസ്ഥാപനങ്ങളിൽ ഡിഗ്രി/ഡിപ്ലോമ വരെ പഠിക്കുന്ന തടവുകാരുടെ കുട്ടികൾക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. മതിയായ രേഖകൾ സഹിതമുള്ള അപേക്ഷ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർക്കാണ് സമർപ്പിക്കേണ്ടത്. കൂടുതൽ വിവരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

**2) തടവുകാരുടെ ആശ്രിതരുടെ പുനരധിവാസപദ്ധതി**

ഏഴ് വർഷമോ അതിന് മുകളിലോ തടവിന് ശിക്ഷിക്കപ്പെട്ടവരുടെ കുടുംബാംഗങ്ങളുടെ പുനരധിവാസത്തിന് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായപദ്ധതിയാണിത്. സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ലഭിക്കുന്ന ബാങ്ക് വായ്പയുടെ 30%മോ, 10000 രൂപയോ ഏതാണോ കുറവ് അത് അപേക്ഷകന് ലഭിക്കുന്നു. മതിയായ രേഖകൾ സഹിതമുള്ള അപേക്ഷ ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്കാണ് സമർപ്പിക്കേണ്ടത്.

**3) ആക്രമണങ്ങൾക്ക് ഇരയായവരുടെ പുനരധിവാസം**

അക്രമത്തിന് ഇരയായ വ്യക്തിയുടെ ചികിത്സ, വീടിന്റെ കേടുപാട് തീർക്കൽ, കൃഷിക്കുണ്ടായ നാശനഷ്ടങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം, സ്വയംതൊഴിൽ കണ്ടെത്തൽ തുടങ്ങിയ പുനരധിവാസ പ്രവർത്തനങ്ങൾക്കായി 10000/- രൂപാ വരെ ധനസഹായമായി നല്കിവരുന്നു. ജില്ലാതലത്തിൽ കളക്ടർ, സൂപ്രണ്ട് ഓഫ് പോലീസ് മുതലായവരുൾപ്പെടുന്ന കമ്മിറ്റി കുറ്റകൃത്യങ്ങളിലിരയാകുന്നവരുടെ കേസുകൾ പരിഗണിച്ച് ശുപാർശ ചെയ്യുന്നു. ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കുന്നത്.

**4) മുൻകുറ്റവാളികൾക്കുള്ള ധനസഹായം**

ജയിൽ മോചിതരായ മുൻ കുറ്റവാളികൾ, പ്രൊബേഷൻ ഓഫ് ഒഫെൻഡേഴ്സ് ആക്ട് പ്രകാരം പ്രൊബേഷൻ റിലീസ് ലഭിച്ച

പ്രൊബേഷണർമാർ ജുവനൈൽ ഹോമുകളിൽ നിന്നും വിടുതൽ ചെയ്തവർ എന്നിവർക്ക് ഈ പദ്ധതിപ്രകാരം ധനസഹായം നല്കിവരുന്നു. ദരിദ്ര കുടുംബങ്ങളിൽപ്പെട്ടവർക്ക് ഉപജീവനമാർഗ്ഗത്തിനായി ഏതെങ്കിലും തൊഴിൽ ആരംഭിക്കുന്നതിനാണ് ഈ സഹായം ലഭിക്കുന്നത്. പരമാവധി 15000/- രൂപയാണ് ഈയിനത്തിൽ ലഭിക്കുക. ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസുകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**5) അനാഥ മന്ദിരങ്ങൾക്കും മറ്റ് ധർമ്മ സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം**

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സന്നദ്ധസംഘടനകൾ നടത്തുന്ന ഓർഫനേജുകൾ, വൃദ്ധസദനങ്ങൾ, യാചകമന്ദിരങ്ങൾ എന്നിവയ്ക്കാണ് സാമൂഹ്യ നീതിവകുപ്പിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നത്. ഒരു അന്തേവാസിക്ക് പ്രതിമാസം 750/- രൂപയാണ് ഗ്രാന്റ്. പ്രസ്തുത ഹോമുകളിൽ പ്രവേശിക്കപ്പെട്ട അഞ്ചു വയസിനും 21 വയസിനുമിടയിൽ പ്രായമുള്ള അനാഥരും ഉപേക്ഷിക്കപ്പെട്ടവരുമായ കുട്ടികൾക്ക് ഗ്രാന്റിനർഹതയുണ്ട്. 55 വയസിന് മുകളിൽ പ്രായമുള്ള ആലംബഹീനരും നിർധനരുമായ വൃദ്ധജനങ്ങൾക്കും ഗ്രാന്റ് ലഭിക്കും. കൂടാതെ 55 വയസിന് താഴെ പ്രായമുള്ള അംഗവൈകല്യം കൊണ്ടോ മാനസിക അസ്വസ്ഥത കൊണ്ടോ സാധാരണ ജീവിതം നയിക്കാൻ കഴിയാത്തവർക്കും മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റിന് അർഹതയുണ്ട്.

ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് മതിയായ രേഖകൾ സഹിതമുള്ള അപേക്ഷ എല്ലാവർഷവും ജൂൺ ഒന്നിന് മുൻപായി സമർപ്പിക്കേണ്ടതാണ്.

**6) സന്നദ്ധസംഘടനകൾക്കുള്ള ധനസഹായപദ്ധതി**

മദ്യത്തിനും മയക്ക് മരുന്നിനും അടിമപ്പെട്ടുപോയ ജനവിഭാഗങ്ങളെ മെച്ചപ്പെട്ട രീതിയിൽ പുനരധിവസിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുന്നതിനും, ലഹരിവസ്തുക്കളുടെ ദുരുപയോഗം തടയുന്നതിനും കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണിത്. ലഹരിവസ്തുക്കൾക്ക് അടിമപ്പെട്ടുപോയവർക്ക് ലഹരിവിമുക്ത കേന്ദ്രങ്ങളിലൂടെ പുനരധിവാസം സാധ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ബന്ധപ്പെട്ട രേഖകൾ സഹിതമുള്ള അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർക്കാണ് സമർപ്പിക്കേണ്ടത്.

**7) ദുർബല ജനവിഭാഗങ്ങൾക്കുള്ള സംരക്ഷണ പുനരധിവാസ പദ്ധതി**

അനാരോഗ്യം ബാധിച്ച നിരാശ്രയർക്കും, അശരണരായി തെരുവിൽ

അലയുന്നവർക്കും, രോഗം ഭേദമായ ശേഷവും ആശുപത്രികളിൽ കഴിയാൻ വിധിക്കപ്പെട്ടവർക്കും സംരക്ഷണവും നല്കുന്ന പദ്ധതിയാണിത്. ഇത്തരം ആൾക്കാർക്ക് സംരക്ഷണവും ചുമതലയും നല്കാൻ തയാറുള്ള സന്നദ്ധസംഘടനകളെ തിരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അവരുടെ ക്ഷേമത്തിനായി തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്കാണ് സർക്കാർ ധനസഹായം നല്കുന്നത്. അപേക്ഷ സാമൂഹ്യനീതി ഡയറക്ടർക്കാണ് നല്കേണ്ടത്. കൂടുതൽ വിവരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

**8) മിശ്രവിവാഹധനസഹായ പദ്ധതി**

വാർഷിക വരുമാനം 22000/– രൂപയിൽ കവിയാത്തവർക്കും, വിവാഹം കഴിഞ്ഞ് രണ്ട് വർഷം പൂർത്തിയാക്കുകയും, മൂന്നു വർഷം കഴിയാത്തവർക്കുമാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളത്. എസ്.സി/എസ്.ടി. ഒഴികെയുള്ള മിശ്രവിവാഹിതർക്ക് ഈ വകുപ്പ് മുഖേന 30000/– രൂപാവരെ ധനസഹായം നല്കിവരുന്നുണ്ട്. മതിയായ രേഖകൾ സഹിതമുള്ള അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർക്കാണ് സമർപ്പിക്കേണ്ടത്.

**10) സ്നേഹസ്പർശം – അവിവാഹതരായ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും പുനരധിവാസം**

ആദിവാസി വിഭാഗക്കാരുടെ ഇടയിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം കൂടി വരുന്നു. വയനാട് ജില്ലയിലെ പട്ടികവർഗ സങ്കേതങ്ങളിലാണ് ഏറ്റവുധികം അമ്മമാരുള്ളത്. ഇവർക്ക് സഹായമായി മാസം തോറും 1000/– രൂപ പെൻഷൻ നല്കുന്ന പദ്ധതിയാണ് ഉദ്ദേശിച്ചിട്ടുള്ളത്. പട്ടികവർഗ്ഗ വിഭാഗത്തിൽ ഏകദേശം 1000 പേരും പട്ടികജാതി വിഭാഗത്തിലും മറ്റ് വിഭാഗങ്ങളിലുമായ ഏകദേശം 2000/– പേർക്ക് ധനസഹായം നൽകുന്നു.

**11) എൻഡോസൾഫാൻ – പ്രത്യേക പാക്കേജ്**

കാസർകോഡ് ജില്ലയിൽ 11 ഗ്രാമപഞ്ചായത്തുകളിൽ എൻഡോസൾഫാൻ എന്ന മാരക കീടനാശിനിയുടെ ഉപയോഗം മൂലം ദുരിതം അനുഭവിക്കുന്ന ധാരാളം പേർ ഉണ്ട്. ഇവരുടെ മുഴുവൻ ചികിൽസാ ചെലവും സർക്കാരാണ് വഹിക്കുന്നത്. ഇവരുടെ ആശ്രിതർക്ക് ധനസഹായവും സൗജന്യറേഷനും നല്കി വരുന്നു. ഇതിനു പുറമേ താഴെ പറയുന്ന ഒരു സംയോജിത പാക്കേജ് കൂടി എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി നടപ്പിലാക്കുന്നു.

1. മികച്ച പാലിയേറ്റീവ് കെയർ രോഗികളുടെ വീട്ടിൽ തന്നെ എത്തി

ക്കുക.

2. ദുരിത ബാധിത പഞ്ചായത്തുകളിൽ മരുന്ന്, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ, ആംബുലൻസ്, മെഡിക്കൽ ക്യാമ്പുകൾ എന്നിവ കൂടി നല്കി ഇപ്പോൾ നല്കുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുക.

3. കാസർകോഡ് ജനറൽ ആശുപത്രിയിലും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും ഇവർക്കായി പ്രത്യേക ചികിത്സാ സൗകര്യം ഒരുക്കുക.

4. വിവിധ പുരനധിവാസ പദ്ധതിയിലൂടെ ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക.

5. ആരോഗ്യകേന്ദ്രങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹ്യനീതിവകുപ്പ് എന്നീ ഏജൻസികളിലൂടെ വിവരങ്ങൾ ശേഖരിച്ച് മോണിറ്ററിങ് നടത്തുക.

## * സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന നിയമങ്ങൾ

### എ. സ്ത്രീധന നിരോധന നിയമം

1961ലെ കേരള സ്ത്രീധന നിരോധന നിയമ പ്രകാരം 2004 ൽ സംസ്ഥാന സർക്കാർ കേരള ഡൗറിപ്രൊഹിബിഷൻ റൂൾസ് പുറപ്പെടുവിക്കുകയുണ്ടായി. ദേശീയ വനിതാകമ്മിഷന്റെ ദീർഘനാളായുള്ള ആവശ്യം

## കേരള സാമൂഹ്യ സുരക്ഷ മിഷൻ

കേരള സാമൂഹ്യ സുരക്ഷാ മിഷൻ, നിരാശ്രയരും, നിരാലംബരും രോഗാതുരുമായ എല്ലാ വിഭാഗം ആളുകൾക്കും ആശ്വാസം പകരാനുള്ള സംസ്ഥാന സർക്കാരിന്റെ ഏജൻസിയാണ്. സാമൂഹ്യനീതി വകുപ്പ് മന്ത്രി ചെയർമാനായിട്ടുള്ള ഗവേണിങ് ബോഡിയാണ് നയപരവും ഭരണപരവുമായ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കുന്നത്.

അഗതികൾ, വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ, വികലാംഗർ, കിടപ്പുരോഗികൾ തുടങ്ങി അവശതയനുഭവിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും ക്ഷേമവും സുരക്ഷയും ഉറപ്പ് വരുത്തുകയാണ് സുരക്ഷാ മിഷന്റെ പ്രധാന ലക്ഷ്യം. സാമൂഹ്യക്ഷേമത്തിന് പുതിയ മാനങ്ങൾ നല്കി ബൃഹത്തും, നൂതനവുമായ നിരവധി പദ്ധതികൾ സാമൂഹ്യസരുക്ഷാ മിഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

മുൻനിർത്തിയാണ് സ്ത്രീധന നിരോധന ചട്ടങ്ങൾ നിർമിച്ചിരിക്കുന്നത്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിങ്ങനെ മൂന്ന് റീജിയണൽ ഡൗറി പ്രൊഹിബിഷൻ ആഫീസർമാരെ സ്വതന്ത്രചുമതല നൽകി നിയമിച്ചിട്ടുണ്ട്. സാമൂഹ്യനീതി ഡയറക്ടറാണ് ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ. സ്ത്രീധനം സംബന്ധിച്ചുള്ള പരാതികൾ സ്വന്തമായോ, രക്ഷകർത്താക്കൾ അല്ലെങ്കിൽ ബന്ധുക്കൾ അല്ലെങ്കിൽ ഏതെങ്കിലും അംഗീകൃത സംഘടന, സ്ഥാപനം വഴിയോ നൽകാവുന്നതാണ്. ആർ.ഡി.പി.ഒ. ഒരു മാസത്തിനുള്ളിൽ പരാതി അന്വേഷിച്ച് കണ്ടെത്തലുകൾ രേഖപ്പെടുത്തുന്നതായിരിക്കും. ഇവ തടയുക, പരിഹരിക്കുക എന്നതായിരിക്കും ആർ.ഡി.പി.ഒ-വിന്റെ പ്രാഥമിക സമീപനം. നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ നിർദ്ദേശങ്ങളും ഉത്തരവുകളും അനുസരിക്കാത്തവർക്കെതിരെ മാത്രമേ ശിക്ഷാനടപടി ഉണ്ടാകൂ. വിവാഹിതരാകാൻ പോകുന്ന എല്ലാ സർക്കാർ ജീവനക്കാരും വിവാഹത്തിനുശേഷം തങ്ങൾ സ്ത്രീധനം വാങ്ങിയിട്ടില്ലെന്ന് സത്യവാങ്മൂലം അവരുടെ വകുപ്പ് തലവന് നൽകണം. ഈ സത്യവാങ്മൂലത്തിൽ ഭാര്യയും അച്ഛനും ഭാര്യയുടെ പിതാവും ഒപ്പിട്ടിരിക്കണം. ഇത് നിർബന്ധമായും നൽകേണ്ടതും ഈ രേഖ സ്ത്രീധനനിരോധന നിയമത്തിന്റെപരിധിയിൽ വരുന്നതുമാണ്.

## ബി. ഗാർഹികപീഡന നിരോധന നിയമം

2006 ഒക്ടോബറിലാണ് ഗാർഹികപീഡന നിരോധന നിയമം പ്രാബല്യത്തിൽ വന്നത്. സ്ത്രീകൾക്ക് അപമാനവും ഉപദ്രവും ആയിത്തീരാൻ സാധ്യതയുള്ള ഓരോ അതിക്രമങ്ങളും ഗാർഹിക പീഡനത്തിന്റെ വിശാലമായ നിർവചനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് സംരക്ഷണവും താമസവും സാമ്പത്തികാശ്വാസ നടപടികളും നിയമപരമായി ഉറപ്പുവരുത്തുന്നു. ജീവിതപങ്കാളിയായ ഭർത്താവിൽനിന്നും അവരുടെ പുരുഷന്മാരായ ബന്ധുക്കളിൽനിന്നും ഭാര്യക്ക് അല്ലെങ്കിൽ സ്ത്രീക്ക് നേരിടേണ്ടിവരുന്ന പീഡനങ്ങളിൽനിന്ന് സംരക്ഷണം നൽകുന്നതിനായാണ് ഈ നിയമം. സാമ്പത്തികവും വൈകാരികവും ശാരീരികവും ലൈംഗികവുമായ അപമാനിക്കലും അപമാനഭീഷണികളുമെല്ലാം ഈ നിയമത്തിന്റെ പരിധിയിൽ വരുന്നു. നിയമവിരുദ്ധമായി സ്ത്രീധനം ആവശ്യപ്പെട്ട് പീഡിപ്പിക്കെട്ട സ്ത്രീകളും അവരുടെ ബന്ധുക്കളും ഗാർഹിക പീഡനത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നുണ്ട്.

## നിയമത്തിന്റെ പ്രധാന പ്രത്യേകതകൾ

1. ശാരീരികം, ലൈംഗികം, ആംഗ്യം, ഉപദ്രവകരമായ തരത്തിൽ വൈകാരികവും സാമ്പത്തികവുമായ അപവാദം, ആരോഗ്യം, സുരക്ഷ, മെച്ചപ്പെട്ട ജീവിതസാഹചര്യം എന്നിവയ്ക്ക് തടസം സൃഷ്ടിക്കുക, മാനസികമായോ ശാരീരികമായോ ഒരു വ്യക്തിയെ വ്രണപ്പെടുത്തുക എന്നിവയെല്ലാം നിയമത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നു.

2. ഭാര്യ അല്ലെങ്കിൽ പുരുഷന്റെ ലൈംഗികപങ്കാളിയായ എന്നാൽ ഭാര്യയായി അംഗീകരിക്കപ്പെടാത്ത സ്ത്രീ, ഇവരിലാരെങ്കിലുമാണ് പീഡിപ്പിക്കപ്പെട്ട വ്യക്തിയെങ്കിൽ അവർ നിയമത്തിന്റെ പരിധിയിൽ വരും.

3. വിവാഹമോചനക്കേസിലെ പ്രതിയുമായി ബന്ധമുള്ള, അയാളുടെ വീട്ടിൽ താമസിക്കുന്ന ഏതെങ്കിലും സ്ത്രീ, അമ്മ, വിധവയായ ബന്ധു, മകൾ എന്നിവർകൂടി ഈ നിയമത്തിന്റെ പരിധിയിൽ വരും.

4. നിയമപരമായ അവകാശമോ, സ്വത്തിൽ ഓഹരിയോ ഇല്ലെങ്കിലും പീഡിപ്പിക്കപ്പെട്ട സ്ത്രീയെ ഇറക്കിവിടാതിരിക്കുവാനും അവിടെത്തന്നെ താമസിപ്പിക്കുന്നതിനും ഭർത്താവിന് നിർദ്ദേശം കൊടുക്കുന്നതിനുള്ള അധികാരം മജിസ്ട്രേട്ടിനുണ്ട്.

5. സാമ്പത്തിക ആശ്വാസം, മാസംതോറും ജീവനാംശം എന്നിവ കൊടുപ്പിക്കുന്നതിന് മജിസ്ട്രേറ്റിന് അധികാരമുണ്ട്.

6. സംരക്ഷണ ഉത്തരവോ അല്ലെങ്കിൽ ഇടക്കാലസംരക്ഷണ ഉത്തരവോ ലംഘിച്ചാൽ ഒരു വർഷംവരെ നീളാവുന്ന തടവുശിക്ഷയും 20,000 രൂപവരെ പിഴയും ചിലപ്പോൾ ഇവ രണ്ടും കൂടിയോ അനുഭവിക്കേണ്ടിവരും.

7. പരാതി സമർപ്പിച്ച് മൂന്ന് ദിവസത്തിനുള്ളിൽ ആദ്യ ഹിയറിങ്ങിന് വിളിച്ചുചേർത്ത് കോടതി നടപടി ക്രമങ്ങൾ തുടങ്ങിക്കൊണ്ട് വേഗത്തിൽ നീതി ലഭ്യമാകുന്നുവെന്ന് ഈ നിയമം ഉറപ്പുവരുത്തുന്നു.

8. ആദ്യഹിയറിങ് മുതലുള്ള 60 ദിവസ കാലാവധിക്കുള്ളിൽ ഓരോ കേസും തീർക്കുന്നു. ഗാർഹികപീഢനത്തിന് വിധേയമാക്കപ്പെട്ട സ്ത്രീ താമസിച്ചുകൊണ്ടിരിക്കുന്ന വീടുമായി ബന്ധപ്പെട്ട, പ്രായപൂർത്തിയായ പുരുഷൻ അല്ലെങ്കിൽ അയാളുടെ ബന്ധുക്കൾ (സ്ത്രീകളുമാകാം. ഉദാഹരണം: ഭർത്താവ്, പുരുഷ പങ്കാളി, അമ്മായിയമ്മ) എന്നിവർക്കെതിരെ പരാതി നൽകാം. പ്രൊട്ടക്ഷൻ ഓഫീസർ, പോലീസ് ഓഫീസർ, സേവനദാതാക്കൾ (ക്ഷേമസംഘടനകൾ), ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് അല്ലെങ്കിൽ മെട്രോ പൊളിറ്റൻ മജിസ്ട്രേറ്റ് എന്നിവർക്കാണ് പരാതി സമർപ്പിക്കേണ്ടത്. പരാതി എഴുതി നൽകുകയാണ് വേണ്ടത്.

* ഗാർഹികപീഡന സമാനമായ സംഭവങ്ങൾ ഉണ്ടാകുമ്പോൾ, ഗാർഹികപീഡനം നടന്നുകൊണ്ടിരിക്കുമ്പോൾ, പീഡനം നടക്കാനുള്ള സാധ്യത ഉണ്ടാകുമ്പോൾ, പീഡനം നടക്കുന്ന വിവരം അറിയാവുന്ന ആർക്കും പരാതി/വിവരം നൽകാവുന്നതാണ്. ഗാർഹികപീഡന നിയമം അനുസരിച്ച് പരാതി നൽകാൻ സ്ത്രീക്ക് മാത്രമേ കഴിയുകയുള്ളൂ. ഗാർഹികപീഡനത്തിന് ഇരയാകുന്നവർക്ക് സഹായം ലഭ്യമാക്കുന്നതിന് താഴെ പറയുന്ന സംവിധാനങ്ങൾ പ്രവർത്തിക്കുന്നു.

* പീഡനത്തിന് ഇരയായവർക്ക് അടിയന്തിര സഹായങ്ങൾ (ഉദാ: അഭയം, കൗൺസലിംങ്, ചികിത്സ, മാർഗനിർദ്ദേശം എന്നിവ) നൽകുന്നതി

നായി 80 സർവ്വീസ് പ്രൊവൈഡേഴ്സിനെ സംസ്ഥാനത്തുടനീളം അംഗീകാരം നൽകിയിട്ടുണ്ട്. ഇവയുടെ വിവരങ്ങൾ www.keralawomen.gov.in എന്ന വെബ്പോർട്ടലിലും, www.swd.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

* പീഡനത്തിന് ഇരയായവർക്ക് സൗജന്യ നിയമ സഹായം നൽകുന്നതിന് ലീഗൽ കൗൺസിലേഴ്സിന്റെ സേവനങ്ങളും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനങ്ങളും സർവീസ് പ്രൊവൈഡിംഗ് സെന്ററുകളിൽ ലഭ്യമാണ്.

* പീഡനത്തിന് ഇരയായവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് എല്ലാ ജില്ലകളിലും പ്രൊട്ടക്ഷൻ ഓഫീസേഴ്സിന്റെ സേവനം ലഭ്യമാണ്.

**സി. മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് - 2007**

മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും ക്ഷേമവും പരിരക്ഷയും ഉദ്ദേശിച്ചാണ് ഈ നിയമം നടപ്പാക്കിയിരിക്കുന്നത്. ഈ നിയമപ്രകാരം മെയിന്റനൻസ് ട്രിബ്യൂണൽ രൂപീകരിച്ചിട്ടുണ്ട്. സ്വന്തം വരുമാനത്തിൽനിന്നോ സ്വന്തം സ്വത്തിൽ നിന്നുള്ള വരുമാനത്തിൽ നിന്നോ സ്വയം പരിപാലനത്തിനു കഴിവില്ലാത്ത മാതാപിതാക്കളുൾപ്പെടെയുള്ള മുതിർന്ന പൗരന്മാർക്ക് നിയമത്തിന്റെ ഖണ്ഡം അഞ്ച് പ്രകാരം പരിരക്ഷയ്ക്കുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. ട്രൈബ്യൂണലിനു അനുവദിക്കാവുന്ന പരമാവധി പരിരക്ഷ തുക സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് പതിനായിരം രൂപയിൽ കവിയാത്തതായിരിക്കണം.

ദരിദ്രരായ 150 മുതിർന്ന പൗരന്മാരെ വീതം പാർപ്പിക്കാവുന്ന വൃദ്ധസദനങ്ങൾ തുടക്കത്തിൽ ജില്ലയ്ക്ക് ഒന്നു വീതം സ്ഥാപിക്കൽ, മുതിർന്ന പൂരന്മാരുടെ വൈദ്യശുശ്രൂഷ, ജീവനും സ്വത്തിനുമുള്ള സംരക്ഷണം എന്നിവ ഈ നിയമം ഉറപ്പ് നൽകുന്നു.

**ഡി. ജുവനൈൽ ജസ്റ്റിസ് (കുട്ടികളുടെ സംരക്ഷണവും സുരക്ഷയും) ആക്ട് –2000**

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും വികസനത്തിനും പുനരധിവാസത്തിനും ചില പ്രത്യേക സാഹചര്യത്തിൽ ശ്രദ്ധ്യയും സംരക്ഷണവും ആവശ്യമായ കുട്ടികൾക്കും വേണ്ടിയാണ് ജുവനൈൽ ജസ്റ്റിസ് ആക്ട് (കുട്ടികളുടെ സംരക്ഷണവും സുരക്ഷയും) - 2000 രൂപപ്പെടുത്തിയിട്ടുള്ളത്. പോലീസ് ലോക്കപ്പുകളിലോ ജയിലുകളിലോ ഏതൊരു സാഹചര്യത്തിലും ഒരു കുട്ടിപോലും അടയ്ക്കപ്പെടുകയില്ലെന്ന് ഉറപ്പുവരുത്തുന്നതിന് രാജ്യവ്യാപകമായി ഒരു ഏകീകൃത നിയമസംവിധാനം ഇത് നൽകുന്നുണ്ട്.

ഈ നിയമത്തിൽ 18 വയസുവരെയുള്ള കുട്ടികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കുട്ടികളുടെ പുനരധിവാസം, വികാസം, സംരക്ഷണം, സുരക്ഷ എന്നിവയ്ക്കാവശ്യമായ സംവിധാനവും അന്തരികഘടനയും നിയമം വ്യക്തമാക്കുന്നുണ്ട്. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ നിരീക്ഷിക്കുന്നതിനുള്ള ജുവനൈൽ ജസ്റ്റിസ് ബോർഡുകളും സംരക്ഷണവും പരിചരണവും സുരക്ഷയും ആവശ്യമായ കുട്ടികൾക്ക് അവ നൽകുന്നതിനുവേണ്ടിയുള്ള ശിശുക്ഷേമ സമിതികളും ഈ സംവിധാനത്തിൽ ഉൾപ്പെടുന്നു. കുട്ടികളുടെ പുനരധിവാസത്തിനും തുടർവിദ്യാഭ്യാസത്തിനും പഴയനില വീണ്ടെടുക്കുന്നതിനും ആവശ്യമായ വിശാലമായ സമീപനം കൈക്കൊള്ളുന്നു.

കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് ഐക്യരാഷ്ട്രസഭ 1989 ൽ നടത്തിയ കൺവെൻഷനിൽ എടുത്ത തീരുമാനങ്ങളെ ഇന്ത്യാഗവൺമെന്റ് 1992–ൽ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമങ്ങളും നയങ്ങളും എല്ലാ സംസ്ഥാനങ്ങളിലും ഒരുപോലെ നടപ്പാക്കുന്നതിനുള്ള ബാധ്യത ഏറ്റെടുത്തിരിക്കുന്നു.

### ഇ. ജൂവനൈൽ ജസ്റ്റിസ് ബോർഡ്

ജൂവനൈൽ ജസ്റ്റിസ് ആക്ട് 2000 പ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലും ജുവനൈൽ ജസ്റ്റിസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. അതത് ജില്ലകളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് പ്രിൻസിപ്പൽ മജിസ്ട്രേട്ടും, രണ്ട് സാമൂഹ്യപ്രവർത്തകരുമടങ്ങുന്ന ഒരു ബോർഡാണിത്. സാമൂഹിക പ്രവർത്തകരിൽ ഒരാൾ നിർബദ്ധമായും വനിതയായിരിക്കണം. ബാലനീതി നിയമം അനുശാസിക്കുന്ന വിദ്യാഭ്യാസ യോഗ്യതയും, പരിചയവും ഉള്ളവരെയാണ് അംഗങ്ങളായി തിരഞ്ഞെടുക്കുന്നത്. സംസ്ഥാനതല തിരഞ്ഞെടുപ്പ് കമ്മിറ്റിയാണ് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ട കുട്ടികളുടെ പുനരധിവാസ കാര്യത്തിൽ ആവശ്യമായ അന്വേഷണത്തിൽ തീർപ്പു കൽപ്പിക്കുകയാണ് ബോർഡിന്റെ ചുമതല.

### എഫ്. ചൈൽഡ് വെൽഫെയർ കമ്മിറ്റി

ബാലനീതി നിയമപ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ കേരളത്തിലെ എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. ഒരു ചെയർമാനും നാല് അംഗങ്ങളുമടങ്ങുന്നതാണ് ഈ കമ്മിറ്റി. ബാലനീതി നിയമം അനുശാസിക്കുന്ന വിദ്യാഭ്യാസയോഗ്യത, പരിചയം എന്നിവയുടെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ്. ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗങ്ങളിൽ ഒരാൾ നിർബന്ധമായും വനിതയായിരിക്കണം. ബാലനീതി നിയമത്തിന്റെ പരിധിയിൽ വരുന്ന സംരക്ഷണവും, പരിചരണവും ആവശ്യമുള്ള വിഭാഗത്തിലെ കുട്ടികളുടെ കാര്യത്തിൽ തീർപ്പ് കൽപ്പിക്കുക, ദത്ത് നൽകുന്നതിന്റെ മുന്നോടിയായി അർഹരായ കുട്ടികളുടെ ലീഗലി ഫ്രീ ഫോർ അഡോപ്ഷൻ സർട്ടിഫിക്കറ്റ് നൽകുക, കുട്ടികളെ താമസിപ്പിക്കുന്ന സ്ഥാപനങ്ങൾ പരിശോധിക്കുക എന്നിവയാണ് പ്രധാന

ചുമതലകൾ.

**ജി. ജുവനൈൽ പ്രൊബേഷൻ സർവീസ്**

ബാലനീതി നിയമപ്രകാരം കുട്ടികളെക്കുറിച്ചുള്ള അന്വേഷണം, മേൽനോട്ടം തുടങ്ങിയ ചുമതലകൾ നിർവഹിക്കുന്നതിനുവേണ്ടി തിരുവനന്തപുരം,കോഴിക്കോട് , തൃശൂർജില്ലകളിൽ സ്പെഷ്യൽ പ്രൊബേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ജുവനൈൽ കേസുകൾ കൈകാര്യം ചെയ്യുന്നത് പ്രൊബേഷൻ ഒഫ് ഒഫന്റേഴ്സ് ആക്ട് വ്യവസ്ഥയനുസരിച്ച് നിയമിച്ച പ്രൊബേഷൻ ഓഫീസർമാരാണ്.

*** പ്രോഗ്രാം ഡവലപ്മെന്റ് ആന്റ് മോണിറ്ററിങ് സെല്ലിന്റെ പ്രധാന ചുമതലകൾ**

ജുവനൈൽ ജസ്റ്റിസ് ആക്ട് നടപ്പാക്കലും മേൽനോട്ടവും യൂണിസെഫ് സഹായത്തോടെയുള്ള ബോധവൽക്കരണ/പരിശീലന പരിപാടികളും ജുവനൈൽ ജസ്റ്റിസ് ആക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പി.ഡി.എം.സിയുടെ കീഴിൽ പുനരധിവാസ മാർഗങ്ങൾ ആവിഷ്കരിക്കുക, കുട്ടികൾക്കും മുൻ വിദ്യാർത്ഥികൾക്കും തുടർവിദ്യാഭ്യാസം നൽകുക തുടങ്ങിയ പരിപാടികളും നടത്തുന്നു. സെല്ലിന്റെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ജുവനൈൽ ജസ്റ്റിസ് ആക്ട് നടപ്പാക്കലും മേൽനോട്ടവും
2. ദേശീയ-സംസ്ഥാനതല പരിപാടികൾ നടത്തുക, മേൽനോട്ടം വഹിക്കുക.
3. യൂണിസെഫ് സഹായമുള്ള പരിപാടികൾ വികസിപ്പിക്കുകയും നടത്തിപ്പും മേൽനോട്ടവും വഹിക്കുകയും ചെയ്യുക.
4. എല്ലാ വിഭാഗത്തിലുമുള്ള കുട്ടികൾക്കായി, പ്രത്യേകിച്ച് ദുരിതസാഹചര്യങ്ങളിലുള്ള കുട്ടികൾ - കുടുംബപിന്തുണയില്ലാതെ കുട്ടികൾക്കുവേണ്ടിയുള്ള നയപരിപാടികൾ രൂപീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.
5. കുട്ടികൾക്കായുള്ള സേവനപരിപാടികളുടെ ഫലപ്രദമായ നടത്തിപ്പിനും വികസനത്തിനും രൂപീകരണത്തിനുമായി സംസ്ഥാന സർക്കാരിനെ സഹായിക്കുക.
6. ജുവനൈൽ ജസ്റ്റിസ് നിയമം അനുസരിച്ച് ബോധവൽക്കരണപരിപാടി നടത്തുക.
7. ട്രെയിനിങ്ങുകൾ, ശിൽപ്പശാലകൾ, സെമിനാറുകൾ, കൺസൾട്ടേഷനുകൾ എന്നിവ നടത്തുക.
8. കേന്ദ്ര-സംസ്ഥാന സർക്കാരുകളും എൻജിഒകളും നടപ്പിലാക്കുന്ന പരിപാടികൾ.
9. ജുഡീഷ്യറി, പോലീസ്, ജെ.ജെ. ബോർഡ് ചെയർമാൻ അംഗങ്ങൾ,

ശിശുക്ഷേമസമിതികൾ, ജെജെ ഇൻസ്റ്റിറ്റ്യൂഷൻ പ്രൊബേഷൻ ഓഫീസർമാർ–സ്റ്റാഫ്, സാമൂഹികപ്രവർത്തകർ, എൻജിഒകൾ എന്നിവർക്ക് പരിശീലനം നൽകുക.

10. തെരുവ് കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

11. അക്രമത്തിനും സൈബർ കുറ്റത്തിനും ഇരയായ കുട്ടികളെ സംരക്ഷിക്കുക.

12. എച്ച്.ഐ.വി. രോഗികളുടെയും എച്ച്.ഐ.വി ബാധിതരായ കുട്ടികൾക്കും പരിചരണവും സംരക്ഷണവും നൽകുക.

13. ബാലഭിക്ഷാടനം നിരോധിക്കുക
14. ചൈൽഡ്‌ലൈൻ പരിപാടികൾ നടത്തുക.
15. ബാലവേല ചെയ്യുന്നവരുടെ പുനരധിവാസം

**എച്ച്. പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് – 1958**

കുറ്റം തെളിയുന്ന പ്രതികളെ ജയിൽശിക്ഷ വിധിക്കാതെ പകരം സംവിധാനം എന്ന രീതിയിൽ പ്രൊബേഷൻ ആഫീസറുടെ മേൽനോട്ടത്തോട് കൂടിയോ ഇല്ലാതെയോ വ്യവസ്ഥകൾക്ക് വിധേയമായി നിരീക്ഷണത്തിൽ വിടുതൽ ചെയ്യുകയും തൃപ്തികരമായി നിരീക്ഷണ കാലം പൂർത്തീകരിക്കുന്നവരെ ജയിൽ ശിക്ഷയിൽനിന്നും ഒഴിവാക്കി കൊടുക്കുകയും ചെയ്യുന്ന നിയമമാണിത്. ജീവപര്യന്തമോ തൂക്കിക്കൊലയോ ശിക്ഷവിധിക്കാവുന്ന വകുപ്പിൽ ഉൾപ്പെടാത്ത കുറ്റം ചെയ്തിട്ടുള്ളവരെ അവരുടെ പ്രായം ജീവിത സാഹചര്യം മുൻകാല ജീവിതം എന്നിവ പരിഗണിച്ച് കോടതിക്ക് പ്രാബേഷനിൽ വിടാവുന്നതാണ്.

**ഐ. ശൈശവ വിവാഹ നിരോധന നിയമം – 2006**

ബാലവിവാഹങ്ങൾ തടയുന്നതിനും, ബാലവിവാഹങ്ങൾ നടത്തിക്കൊടുക്കുന്നവരെ ശിക്ഷിക്കുന്നതിനും ഉതകുന്ന ഒരു നിയമമാണിത്. ഈ നിയമപ്രകാരം ബാലവിവാഹ നിരോധന ആഫീസർമാരായി ശിശു വികസനപദ്ധതി ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ബാലവിവാഹം നടക്കാൻ ഇടയുണ്ട് എന്നറിയാവുന്നവർക്ക് ആ വിവാഹം തടയുന്നതിനും അത്തരം വിവാഹങ്ങൾ നടത്തിക്കൊടുക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനുമായി ഈ ആഫീസർമാർക്ക് പരാതി സമർപ്പിക്കാവുന്നതാണ്.

**ജെ. നാഷണൽ ട്രസ്റ്റ് ആക്ട്**

ഓട്ടിസം, സെറിബ്രൽ പാൽസി, മെന്റൽ റീറ്റാർഡേഷൻ എന്നിവ ബാധിച്ചിട്ടുള്ളവരുടെ ക്ഷേമത്തിനായി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ബോർഡാണ് നാഷണൽ ട്രസ്റ്റ്. നാഷണൽ ട്രസ്റ്റ് ആക്ട് നടപ്പാക്കുന്നതിനായി 13 ജില്ലകളിൽ ലോക്കൽ ലെവൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മാനസികവൈകല്യം ബാധിച്ച വ്യക്തികൾക്ക് നിയമാനുസൃത

രക്ഷിതാക്കളെ നിയമിക്കുന്നതിനുള്ള അധികാരം ലോക്കൽ ലെവൽ കമ്മിറ്റികളിൽ നിക്ഷിപ്തമാണ്. ബാലവികാസ് ട്രസ്റ്റ് ആണ് നോഡൽ ഏജൻസി.

**കെ. പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട് – 1995**

വൈകല്യമുള്ളവർക്കായി ഈ (തുല്യഅവസരങ്ങളും, അവകാശസംരക്ഷണവും, പൂർണപങ്കാളിത്തവും) ആക്ട് 1995 നിലവിൽ വന്നു. വികലാംഗർക്ക് വേണ്ട ക്ഷേമപ്രവർത്തനങ്ങളും സേവനങ്ങളും ഈ നിയമം വഴി നടപ്പാക്കുന്നു.

**എൽ. ഓർഫനേജസ് ആന്റ് ചാരിറ്റബിൾ ഹോംസ് (കൺട്രോൾ ആന്റ് സൂപ്പർവിഷൻ ആക്ട്) 1960**

സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഈ നിയമപ്രകാരം അംഗീകാരം നേടിയെടുക്കേണ്ടതാണ്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് ഈ നിയമം അനുശാസിക്കുന്നു. ഈ നിയമത്തിന്റെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഓർഫനേജ് കൺട്രോൾ ബോർഡുകളാണ് സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നത്. അംഗീകാരം ലഭിക്കുന്നതിന് അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ആഫീസർക്കോ, സാമൂഹ്യനീതി ഡയറക്ടർക്കോ സമർപ്പിക്കാവുന്നതാണ്.

**എം. ദത്തെടുക്കൽ**

നിയമപരമായി വിവാഹിതരായ ദമ്പതികൾ, വിവാഹിതർ / വിവാഹമോചനം നേടിയവർ തുടങ്ങിയ ഏതു വ്യക്തികൾക്കും ദത്ത് ഏടുക്കാവുന്നത്. വിവാഹിതരായവരുടെ കാര്യത്തിൽ ദമ്പതികളിൽ ഒരാളുടെ വയസ് 55 വരെ ആയിരിക്കണം. കൂടാതെ രണ്ടുപേരുടെയും വയസു കൂട്ടുമ്പോൾ 90 വരെയാണ് പ്രായത്തിന്റെ പരിധി. മറ്റു വ്യക്തികളുടെ കാര്യത്തിൽ 30നും 45നും ഇടയിൽ പ്രായമുള്ളവർക്കാണ് ദത്ത് എടുക്കാൻ യോഗ്യത. കൂടാതെ താഴെപ്പറയുന്ന യോഗ്യതകൾ കൂടി അനിവാര്യമാണ്.

1. ശാരീരികവും മാനസികവും വൈകാരികവുമായി ആരോഗ്യമുള്ളവരായിരിക്കണം.
2. സൽസ്വഭാവമുള്ളവരും സുദൃഢമായ ദാമ്പത്യ/കുടുംബ ബന്ധം പുലർത്തുന്നവരുമായിരിക്കണം.
3. വ്യക്തിപരമായും കുടുംബപരമായും സാമൂഹികമായി പാലിക്കേണ്ട ചുമതലബോധമുള്ളവരായിരിക്കണം.

* ദത്തെടുക്കാൻ ആഗ്രഹിക്കുന്നവർ ഏതെങ്കിലും അംഗീകൃത ദത്ത് നൽകൽ കേന്ദ്രങ്ങളിൽ പേര് രജിസ്റ്റർ ചെയ്യണം.

1. പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്

2. മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

3. വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

4. സ്വന്തമായി വസ്തു / വീട് ഇവയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ

5. കുഞ്ഞിനെ ദത്തെടുത്ത് വളർത്തുവാൻ പ്രാപ്തരാണെന്ന് തെളിയിക്കുന്നതിന് വാസസ്ഥലത്തിനടുത്ത പ്രദേശത്തെ രണ്ടു വ്യക്തികളിൽ നിന്നുള്ള സാക്ഷ്യപത്രം.

6. ദമ്പതികളുടെ പോസ്റ്റ് കാർഡ് വലിപ്പത്തിലുള്ള നാല് ഫോട്ടോകൾ

7. ദത്തെടുത്ത വ്യക്തിക്ക് എന്തെങ്കിലും അത്യാഹിതങ്ങൾ സംഭവിച്ചാൽ, ദത്ത് കുട്ടിയുടെ സംരക്ഷണം ഏറ്റെടുത്തുകൊള്ളാമെന്നുള്ള അടുത്ത ബന്ധുവിന്റെ സമ്മതപത്രം.

8. കുട്ടിയുടെ പേരിൽ 25,000 രൂപ ബാങ്കിൽ നിക്ഷേപിക്കുന്നതിന് തയ്യാറാവണം.

**ആസ്ഥാന വിലാസം**

ഡയറക്ടർ
സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ
തിരുവനന്തപുരം-33
ഫോൺ-0471-2302887
ലാമശഹഷൈരസല്യമഹമ@ഴാമശഹ.രീ

സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിവരുന്ന വിവിധ ക്ഷേമപദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കളഉട സൂപ്പർവൈസർമാർ, ഇഉജഛ മാർ, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ, എന്നിവരുമായി ബന്ധപ്പെട്ട് ലഭ്യമാക്കുവാൻ കഴിയുന്നതാണ്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടേയും ജില്ലാപ്രോഗ്രാം ഓഫീസർമാരുടേയും, ജില്ലാ ബ്രൊബേഷൻ ഓഫീസർമാരുടെയും, വിമൺ പ്രൊട്ടക്ഷൻ ഓഫീസർമാരുടെയും ഫോൺ നമ്പരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

* ജില്ലാ സാമൂഹ്യനീതി ഓഫീസുകളുടെയും ജില്ലാപ്രോഗ്രാം ഓഫീസുകളുടെയും ഫോൺ നമ്പരുകൾ ചുവടെ ചേർക്കുന്നു.

| നം | ജില്ല | സാമൂഹ്യനീതി ഓഫീസ് | ജില്ലാപ്രോഗ്രാം ഓഫീസ് |
|---|---|---|---|
| 1. | തിരുവനന്തപുരം | 0471-2343241 | 0471 2341001 |
| 2. | കൊല്ലം | 0474 2790971 | 0474 2793069 |
| 3. | പത്തനംതിട്ട | 0486 2325168 | 0486 2224130 |
| 4. | ആലപ്പുഴ | 0477-2253870 | 0477 2251200 |
| 5. | കോട്ടയം | 0481-2563980 | 0481 2561677 |

| | | | |
|---|---|---|---|
| 6. | ഇടുക്കി | 0486-2228160 | 0486 2221868 |
| 7. | എറണാകുളം | 0484-2425377 | 0484 2423934 |
| 8. | തൃശൂർ | 0487-2321702 | 0487 2321689 |
| 9. | പാലക്കാട് | 0491-2505791 | 0491 2505780 |
| 10. | കോഴിക്കോട് | 0495-2371911 | 0495 375760 |
| 11. | മലപ്പുറം | 0483-2735324 | 0483 2730084 |
| 12. | വയനാട് | 04936-205307 | 049326 204833 |
| 13. | കണ്ണൂർ | 0497-2712255 | 0497 2700707 |
| 14. | കാസർഗോഡ് | 04994-255074 | 049944 256660 |

* ജില്ലാ പ്രൊബേഷൻ ഓഫീസുകളുടെയും വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാരുടെയും ഫോൺ നമ്പരുകൾ ചുവടെ ചേർക്കുന്നു.

| **നം** | **ജില്ല** | **ജില്ലാ പ്രൊബേഷൻ ഓഫീസ്** | **വിമൻ പ്രൊട്ടക്ഷൻ ഓഫീസർ** |
|---|---|---|---|
| 1. | തിരുവനന്തപുരം | 0471-2342786 | 9446357960 |
| | (ആറ്റിങ്ങൽ) | 0470-2625456 | |
| 2. | കൊല്ലം | 9447077267 | 9895258448 |
| 3. | പത്തനംതിട്ട | 0468-2325242 | 9446981621 |
| 4. | ആലപ്പുഴ | 0477-2238450 | 9447002482 |
| 5. | കോട്ടയം | 0481-2300548 | 9495750553 |
| 6. | ഇടുക്കി | 0486-2220126 | 9497794601 |
| 7. | എറണാകുളം | 0484-2394271 | 9447780053 |
| | (മൂവാറ്റുപുഴ) | 0485-28301106 | |
| 8. | തൃശൂർ | 0487-2363999 | 9447792303 |
| 9. | പാലക്കാട് | 0491-2505275 | 9400789701 |
| 10. | കോഴിക്കോട് | 0495-2373575 | 9446494919 |
| 11. | മലപ്പുറം | 0483-2777494 | 9495569358 |
| 12. | വയനാട് | 04936-207157 | 9447990008 |
| 13. | കണ്ണൂർ | 0490-2344433 | 9446693292 |
| 14. | കാസർഗോഡ് | 04994-255366 | 9895098670 |

**കേരളത്തിലെ ജുവനൈൽ ഹോമുകൾ**

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 0471-2342075 |
| 2. | കൊല്ലം | 0474-2743821 |
| 3. | ആലപ്പുഴ (നൂറനാട്) | 0479-2385577 |
| 4. | കോട്ടയം | 0481-2770530 |
| 5. | എറണാകുളം | 9447608059 |
| 6. | തൃശൂർ | 0487-2337794 |
| 7. | കോഴിക്കോട് (പെൺകുട്ടികൾക്ക്) | 0495-2730459 |
| 8. | കോഴിക്കോട് (ആൺകുട്ടികൾക്ക് | 0495-2314335 |

## * അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി

സാമൂഹ്യക്ഷേമ വകുപ്പിലെ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമായി ഒരു ക്ഷേമനിധി സാമൂഹ്യനീതി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നു. അംഗവൻവാടി വർക്കർമാരിൽനിന്നും പ്രതിമാസം 30 രൂപയും ഹെൽപ്പർമാരിൽ നിന്നും 15 രൂപയും ശേഖരിക്കുകയും തുല്യവിഹിതം സർക്കാർ നൽകുകയും ചെയ്യുന്നു. ഈ ഫണ്ട് ഉപയോഗിച്ച് അംഗങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാണ്.

1. വൈദ്യസഹായം
2. വിവാഹധനസഹായം
3. മക്കൾക്കുള്ള വിദ്യാഭ്യാസസഹായം
4. വീടുനിർമിക്കുന്നതിനുള്ള ലോൺ
5. മരണാനന്തരാനുകൂല്യം
6. പെൻഷൻ ആനുകൂല്യം

ക്ഷേമനിധിയുടെ കീഴിൽ ഒരു പെൻഷൻ സെല്ലും പ്രവർത്തിക്കുന്നു. ജില്ലാ സാമൂഹ്യനീതി ഓഫീസിനോടനുബന്ധിച്ച് ക്ഷേമനിധിയുടെ ഒരു സ്റ്റാഫ് പ്രവർത്തിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറുമായി ചേർന്ന് ഇ-ബാങ്കിങ് വഴി പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകിവരുന്നു.

ഇ-മെയിൽ: മിഴമിംമറശസവെലാമിശറവശ@ഴാമശഹ.രീാ,
പൂജപ്പുര, ഫോൺ-0471-2346508

## * ആശ്വാസകിരണം പദ്ധതി

ഒരു മുഴുവൻ സമയ പരിചാരകന്റെ ആവശ്യമുള്ളവിധം കിടപ്പിലായ രോഗികളെയും, മാനസിക, ശാരീരിക വെല്ലുവിളി നേരിടുന്നവരെയും, ഗുരുതര രോഗങ്ങളുമുള്ളവരെയും പരിചരിക്കുന്നവർക്ക് നൽകുന്ന പ്രതിമാസ ധന സഹായ പദ്ധതിയാണ് ആശ്വാസകിരണം പദ്ധതി. നിലവിൽ പ്രതിമാസം 400/- രൂപയാണ് ധനസഹായമായി നൽകിവരുന്നത്.

**മാനദണ്ഡങ്ങൾ**

* കുടുംബ വാർഷിക വരുമാനം മുനിസിപ്പൽ, കോർപ്പറേഷൻ പരിധിയിൽ 22,375/- രൂപയും, പഞ്ചായത്തുകളിൽ 20,000/- രൂപയും വരെ.
* മാനസികരോഗികൾ, ഓട്ടിസം, സെറിബ്രൽപാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരെ പരിചരിക്കുന്നതിന് വരുമാന പരിധി ബാധകമല്ല.
* വരുമാനം തെളിയിക്കുന്ന അറ്റസ്റ്റ് ചെയ്ത ബി.പി.എൽ.റേഷൻകാർഡ്/ വില്ലേജാഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് (രോഗിയുടെയും പരിചാരകന്റെയും) ഹാജരാക്കണം.
* അപേക്ഷയോടൊപ്പമുള്ള നിർദ്ദിഷ്ട മാതൃകയിൽ സർക്കാർ ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.

അപേക്ഷകൾ സാമൂഹ്യ നീതി വകുപ്പിലെ സി.ഡി.പി.ഒ., സൂപ്പർവൈസർമാർ, അംഗൻവാടി വർക്കമാർ എന്നിവരിൽ നിന്നും സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ്/ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ സമീപമുള്ള അംഗൻവാടികളിലോ ശിശുവികസന ഓഫീസിലോ നൽകാവുന്നതാണ്.

## * ക്യാൻസർ സുരക്ഷ പദ്ധതി

പതിനെട്ട് വയസിന് താഴെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണിത്. നീണ്ടകാലം ചെലവേറിയ ചികിത്സ വേണ്ടിവരുന്നവർക്ക് ചികിത്സാ ചെലവ് പരിമിതപ്പെടുത്തും.

**ചികിത്സ ലഭിക്കുന്ന ആശുപത്രികൾ**

1. ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. ഗവ. മെഡിക്കൽ കോളേജ്, തൃശൂർ
3. ഗവ. മെഡിക്കൽ കോളേജ്, ആലപ്പുഴ
4. ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട്
5. ഗവ. മെഡിക്കൽ കോളേജ്, കോട്ടയം
6. ഐ.എം.സി.എച്ച്. മെഡിക്കൽ കോളേജ്, കോഴിക്കോട്
7. ഐ.സി.എച്ച്. മെഡിക്കൽ കോളേജ് , കോട്ടയം
8. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കണ്ണൂർ
9. റീജീയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
10. ജനറൽ ആശുപത്രി, എറണാകുളം
11. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ

പ്രത്യേക അപേക്ഷാഫോറം ആവശ്യമില്ല. അതത് ആശുപത്രികളിലെ സുരക്ഷാ മിഷന്റെ കൗൺസലർ നടത്തുന്ന സാമ്പത്തിക, സാമൂഹിക വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.

## * താലോലം

പതിനെട്ട് വയസിന് താഴെ പ്രായമുള്ള കുട്ടികൾക്കുണ്ടാകുന്ന ഹൃദയ സംബന്ധമായ രോഗങ്ങൾ, നാഡീ രോഗങ്ങൾ, സെറിബ്രൽപാൾസി, ഓട്ടിസം, അസ്ഥി വൈകല്യങ്ങൾ, എൻഡോസൾഫാൻ രോഗബാധിതരുടെ രോഗങ്ങൾ, ഡയാലിസിസ്, ശസ്ത്രക്രിയ അടക്കമുള്ള ചികിത്സയിൽ ധനസഹായം നൽകുന്നു. കൂടുതൽ വിദഗ്ധ ചികിത്സാചെലവുകൾക്ക് പരിധി ഏർപ്പെടുത്തിയിട്ടില്ല.

**സൗജന്യ ചികിത്സ ലഭിക്കുന്ന ആശുപത്രികൾ**

1. ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. ഗവ. മെഡിക്കൽ കോളേജ്, തൃശൂർ
3. ഗവ. മെഡിക്കൽ കോളേജ്, ആലപ്പുഴ
4. ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട്
5. ഗവ. മെഡിക്കൽ കോളേജ്, കോട്ടയം
6. ഐ.എം.സി.എച്ച്. മെഡിക്കൽ കോളേജ്, കോഴിക്കോട്
7. ഐ.ഇസ.എച്ച്. മെഡിക്കൽ കോളേജ് , കോട്ടയം
8. കോ–ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കണ്ണൂർ
9. റീജീയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
10. ജില്ലാ ആശുപത്രി, എറണാകുളം
11. ശ്രീ ചിത്തിര തിരുനാൾ ആശുപത്രി, തിരുവനന്തപുരം
12. കോ–ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി

പ്രത്യേക അപേക്ഷാഫോറം ആവശ്യമില്ല. അതത് ആശുപത്രികളിലെ സുരക്ഷ മിഷന്റെ കൗൺസലർമാർ നടത്തുന്ന സാമ്പത്തിക, സാമൂഹ്യ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.

## * ശ്രുതിതരംഗം
## കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി

അഞ്ചു വയസ്സുവരെ പ്രായമുള്ള ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ പൂർണമായും കേൾവിശക്തി ലഭിക്കുമെന്ന് ബന്ധപ്പെട്ട ഡോക്ടർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരം കുഞ്ഞുങ്ങൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിയും തുടർച്ചയായ ആഡിയോ വെർബൽ ബഹിലിറ്റേഷനിലൂടെ സംസാരശേഷിയും ലഭ്യമാക്കുന്ന പദ്ധതിയാണിത്. അഞ്ചരലക്ഷം രൂപ ചെലവു വരുന്ന ഈ സർജറി പൂർണമായും സൗജന്യമാണ്.

പ്രതിവർഷം രണ്ട് ലക്ഷം രൂപവരെ കുടുംബവരുമാനമുള്ള രക്ഷിതാക്കളുടെ കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

**ചികിത്സ ലഭിക്കുന്ന ആശുപത്രികൾ**

1. ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. സാന്ത്വനം ഹോസ്പിറ്റൽ, തിരുവനന്തപുരം
3. കിംസ് ഹോസ്പിറ്റൽ, തിരുവനന്തപുരം
4. ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട്
5. മിംസ് ഹോസ്പിറ്റൽ, കോഴിക്കോട്
6. ഡോ. മനോജ്.ഇ.എൻ.ടി ഹോസ്പിറ്റൽ, കോഴിക്കോട്
7. ഡോ. നൗഷാദ് ഇ എൻ ടി ഹോസ്പിറ്റൽ, എറണാകുളം

8. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, കൊച്ചി
9. വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റൽ. തൃശൂർ
10. അൽഷിഫാ ഹോസ്പിറ്റൽ, പെരിന്തൽമണ്ണ

1 അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരും സാങ്കേതിക വിദഗ്ധരും അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തിയിരിക്കണം. അപേക്ഷഫോറം സാമൂഹ്യസുരക്ഷ മിഷൻ വെബ്സൈറ്റിലും, മിഷൻ വെബ്സൈറ്റിലും, ശ്രുതിതരംഗം പദ്ധതിയുടെ വെബ് സൈറ്റിലും, സുരക്ഷാ മിഷന്റെ ഓഫീസിലും ലഭ്യമാണ്.

## * സ്നേഹപൂർവ്വം പദ്ധതി

മാതാപിതാക്കൾ ആരെങ്കിലും മരിച്ചുപോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തിക പരാധീനതയാലും കുട്ടികളെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയിൽ ഇത്തരം കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രതിമാസ ധനസഹായ പദ്ധതിയാണിത്.

**മാനദണ്ഡങ്ങൾ**

ദരിദ്ര കുടുംബങ്ങളിലെ സർക്കാർ/എയ്ഡ് സ്ഥാപനങ്ങളിൽ ഡിഗ്രി വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നു. വരുമാന പരിധി നഗരങ്ങളിൽ 22,375/- പഞ്ചായത്തുകളിൽ 2,000/- രൂപ വരെ.

| | |
|---|---|
| ക്ലാസ് ഒന്നു മുതൽ അഞ്ച് വരെ | - പ്രതിമാസം 300 രൂപ |
| ക്ലാസ് ആറു മുതൽ പത്ത് വരെ | - പ്രതിമാസം 500 രൂപ |
| പ്ലസ് 1, പ്ലസ് 2 | - പ്രതിമാസം 750 രൂപ |
| കോളേജ് തലം | - പ്രതിമാസം 1000 രൂപ |

**ഹാജരാക്കേണ്ട രേഖകൾ:**

1. മാതാവിന്റെയോ പിതാവിന്റെയോ മരണസർട്ടിഫിക്കറ്റ്
2. ബി.പി.എൽ. സർട്ടിഫിക്കറ്റ്/ബി.പി.എൽ റേഷൻകാർഡിന്റെ കോപ്പി/വില്ലേജ് ആഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്.
3. അഞ്ച് വയസിന് താഴെയുള്ള കുട്ടിയാണെങ്കിൽ ജില്ലാ ചൈൽഡ് വെൽഫയർ കമ്മിറ്റി സർട്ടിഫിക്കറ്റ്.
4. നിലവിലുള്ള രക്ഷാകർത്താവിന്റെയും കുട്ടിയുടെയും പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് തുടങ്ങിയ പാസ് ബുക്കിന്റെ പകർപ്പ്.

അപേക്ഷകൾ, പഞ്ചായത്താഫീസുകൾ, കോർപ്പറേഷൻ/മുനിസിപ്പാലാഫീസുകൾ/സ്കൂളുകൾ, അംഗനവാടി വർക്കർമാർ എന്നിവിടങ്ങളിൽ നിന്നും സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ്/ഓഫീസിൽ നിന്നും ലഭ്യമാണ്.

## * സ്നേഹസ്പർശം

അവിവാഹിതരായ അമ്മമാർക്ക് പ്രതിമാസം 1000/- രൂപാവീതം ധന സഹായം നൽകുന്ന പദ്ധതിയാണിത്

**മാനദണ്ഡങ്ങൾ**

* അവിവാഹിതാവസ്ഥയിൽ പലവിധ ചൂഷണങ്ങളിലൂടെ അമ്മമാരായ വരും, നിലവിൽ കുട്ടികളുണ്ടായിരിക്കുന്നവവരുമായിരിക്കണം.
* നിലവിൽ വിവാഹിതരോ ഏതെങ്കിലും പുരുഷനുമൊത്ത് കുടുംബമായി കഴിയുന്നവരോ ആയിട്ടുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കുകയില്ല.
* വരുമാന പരിധിയില്ല.

അപേക്ഷകൾ ബന്ധപ്പെട്ട സാമൂഹ്യക്ഷേമ ഓഫീസിൽ നിന്നും സാമൂഹ്യ സുരക്ഷാമിഷന്റെ വെബ്സൈറ്റ് ഓഫീസിൽ നിന്നും ലഭ്യമാണ്.

## * വയോമിത്രം പദ്ധതി

വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണ പരിപാലന പദ്ധതിയാണിത്.

* 65 വയസിന് മുകളിൽ പ്രായമുള്ളവർക്ക് നഗരപ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും, വൈദ്യസഹായവും മരുന്നു സൗജന്യമായി നൽകുന്നു.
* കിടപ്പുരോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് ഹോംകെയർ നൽകുന്നു.
* ആശുപത്രികളിൽ വയോജനങ്ങളെകൊണ്ട് പോകുന്നതിനും, തിരിച്ചു കൊണ്ട് പോകുന്നതിനും സൗജന്യ ആംബുലൻസ് സേവനം നൽകുന്നു.

## * ഹംഗർ ഫ്രീസിറ്റി പദ്ധതി

പ്രത്യേക സാഹചര്യങ്ങളിൽപ്പെട്ട് നഗരങ്ങളിൽ എത്തിച്ചേരുകയും സ്വന്തമായി ഭക്ഷണം വാങ്ങികഴിക്കുന്നതിന് പണമില്ലാതെ ബുദ്ധിമുട്ടുന്നവർക്ക് ഒരു നേരത്തെ ഭക്ഷണമെങ്കിലും ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടെ ആരംഭിച്ച വിശപ്പുരഹിതനഗരം പദ്ധതിയിലൂടെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടപ്പറമ്പ് ബീച്ച് ഹോസ്പിറ്റൽ എന്നിവിടങ്ങളിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും അലഞ്ഞു തിരിയുന്നവർക്കും പ്രതിദിനം ഒരു നേരത്തെ ആഹാരം നൽകുന്നു.

കൊല്ലം നഗരസഭാ പരിധിയിലും മലപ്പുറം നഗരസഭാപരിധിയിലും ഈ തരത്തിൽ 500 ഓളം പേർക്ക് ഹംഗർഫ്രീസിറ്റി പദ്ധതിയിലൂടെ ഒരു നേരത്തെ ആഹാരം നൽകിവരുന്നു. തിരുവനന്തപുരത്തും പദ്ധതിയാരംഭിക്കുന്നതിനുള്ള നടപടികളാരംഭിച്ചു.

## വൈകല്യനിർണയ തിരിച്ചറിയൽ കാർഡും, സർട്ടിഫിക്കറ്റും നൽകുന്ന പദ്ധതി

സംസ്ഥാനത്തെ വൈകല്യം ബാധിച്ച മുഴുവൻപേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് ലഭ്യമാകുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അടിസ്ഥാന മാർഗരേഖയായ മെഡി. ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതിയാണിത്. ഇത്തരത്തിൽ വൈകല്യമുള്ളവരെ കണ്ടെത്തി ബ്ലോക്കടിസ്ഥാനത്തിൽ മെഡിക്കൽ ബോർഡ് പരിശോധന നടത്തി വൈകല്യത്തിന്റെ തോത് നിർണയിച്ച് തത്സമയം തന്നെ മെഡിക്കൽ സർട്ടിഫിക്കറ്റും ഐ.ഡി. കാർഡും നൽകി വരുന്നു. 2009 ഡിസംബർ മുതൽ 2012 ഡിസംബർ വരെ സംസ്ഥാനത്ത് കേരള സാമൂഹ്യ സുരക്ഷാമിഷൻ 260000ത്തോളം പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്.

## * സ്നേഹസാന്ത്വനം പദ്ധതി

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 4127 പേരുടെ ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാത്തവീട്ടിൽ കഴിയുന്നവരുമായവരിൽ തദ്ദേശസ്വയംഭരണം സ്ഥാപനങ്ങളിൽ നിന്നും വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും പെൻഷൻ ലഭിക്കാത്തവർക്ക് 2000/- രൂപയും എൻഡോസൾഫാൻ ദുരിതബാധിതരായ രോഗികൾക്ക് 1000/- രൂപ വീതവും പ്രതിമാസ ധനസഹായം നൽകി വരുന്നു. സ്നേഹസാന്ത്വനം പദ്ധതിയുലൂടെ പ്രതിമാസം 65 ലക്ഷത്തോളം രൂപ സുരക്ഷാ മിഷൻ നല്കുന്നു.

## * എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം പദ്ധതി

എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങളിലെ ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസുവരെ പഠിക്കുന്ന കുട്ടികൾ ഈ ആനുകൂല്യം ലഭ്യമാണ്. ഒരു വർഷം ഒറ്റത്തവണയായി നൽകുന്നു.

| | |
|---|---|
| ഒന്നാം ക്ലാസു മുതൽ ഏഴാം ക്ലാസ് വരെ | – 2000 രൂപ വീതം |
| എട്ടാം ക്ലാസു മുതൽ പത്താം ക്ലാസ് വരെ | – 3000 രൂപ വീതം |
| പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകൾ | – 4000 രൂപ വീതം |

## ഒ.ആർ.സി. പദ്ധതി

കുട്ടികളിലെ സാമൂഹ്യ വ്യതിയാനം തടയാനും സാമൂഹ്യ ഉത്തരവാദിത്വം വർദ്ധിപ്പിക്കാനും ലക്ഷ്യം വച്ച് കൊണ്ടുള്ള ഒ.ആർ.സി. പദ്ധതി (ഛൗൃ ഞലുീിശെയശഹശ്യേ ീ ഇവശഹറൃലി) സംസ്ഥാന വ്യാപകമായി വ്യാപിപ്പിക്കുന്നതി നായി സുരക്ഷാമിഷനെ ചുമതലപ്പെടുത്തിയിരിക്കുന്നു.

കോഴിക്കോട്, തൃശ്ശൂർ എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ നടപ്പാക്കുന്നതിന് തീരുമാനമായി. വിദ്യാർത്ഥികളിൽ സാമൂഹ്യദിശാബോധം വളർത്താനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, കുറ്റകൃത്യ

ങ്ങളിൽപ്പെട്ടുപോയ വിദ്യാർത്ഥികളുടെ സാമൂഹ്യ പുനരധിവാസം ഉറപ്പ് വരുത്തുക എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

### * പാരാപ്ലീജിക് സെന്റർ

നട്ടെല്ലിന് തകരാർ സംഭവിച്ച് കിടപ്പിലായവരെ സംരക്ഷിച്ച് ശുശ്രൂഷിക്കുന്നതിന് അത്യാധുനിക സൗകര്യങ്ങളോട് കൂടിയ പാരാപ്ലീജിക് ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

### വയോമിത്ര ഹെൽപ്പ് ഡെസ്കുകൾ

| | | |
|---|---|---|
| തിരുവനന്തപുരം | – | 9349788889 |
| കൊല്ലം | – | 9387288889 |
| പത്തനംതിട്ട | – | 9349488889 |
| ആലപ്പുഴ | – | 9387288889 |
| കോട്ടയം | – | 9349588889 |
| ഇടുക്കി | – | 9387388889 |
| എറണാകുളം | – | 9349388887 |
| തൃശ്ശൂർ | – | 9349188887 |
| പാലക്കാട് | – | 9387118889 |
| മലപ്പുറം | – | 9387558889 |
| വയനാട് | – | 938738887 |
| കോഴിക്കോട് | – | 9349668889 |
| കണ്ണൂർ | – | 9349338889 |
| കാസർഗോഡ് | – | 9387088887 |

### കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ്

2005 ലെ കുട്ടികളുടെ അവകാശ സംരക്ഷണക്കമ്മീഷൻ നിയമപ്രകാരം സംസ്ഥാനതലത്തിൽ ശ്രീമതി നീലാ ഗംഗാധരൻ കഅട (ഞറേ) ചെയർപേഴ്ണായുള്ള കേരള സംസ്ഥാന കമ്മീഷന് രൂപം നൽകിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ബാലനീതി നിയമങ്ങളും അനുബന്ധചട്ടങ്ങളും ഫലപ്രദമായി നടപ്പിലാക്കുന്നതോ എന്ന് പരിശോധിയ്ക്കുക, കുട്ടികളുമായി ബന്ധപ്പെട്ട് വിവിധ ഡിപ്പാർട്ടുമെന്റുകൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ പരിശോധിയ്ക്കുക, കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക എന്നിവ കമ്മീഷന്റെ അധികാര പരിധിയിൽപ്പെടുന്നു.

# നിർഭയ സെൽ

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന നൂതനപദ്ധതിയാണ് നിർഭയ. പ്രതിരോധ സംരക്ഷണം, നിയമനടപടികൾ, മോചനം, പുനരധിവാസം, മുഖ്യധാരയിലേക്കുള്ള തിരിച്ചുവരവ് എന്നീ ഇടപെടലുകളാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്. ജനപ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, ഇതര ഏജൻസികൾ, സന്നദ്ധസംഘടനകൾ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. നിർഭയ പദ്ധതിയുടെ നടത്തിപ്പിനായി സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിർഭയസെൽ രൂപീകരിച്ചിട്ടുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും, ആവശ്യമായ സഹായവും, മാർഗനിർദ്ദേശങ്ങളും നല്കുന്നതിനുമായി 18004251400 എന്ന നിർഭയ ടോൾ ഫ്രീ ഹെൽപ്പ്ലൈനുമായി ബന്ധപ്പെടാവുന്നതാണ്.

നിർഭയ പദ്ധതിയുടെ ഭാഗമായി രൂപം നല്കിയിട്ടുള്ള ജില്ലാതല നിർഭയകമ്മിറ്റികളും ഗ്രാമപഞ്ചായത്ത് ജാഗ്രതാ സമിതികളും നടത്തുന്ന നിർഭയ പ്രവർത്തനങ്ങൾക്ക് വേണ്ട സഹായവും പരിശീലനവും വിഭവസാമഗ്രികളും അതത് ബ്ലോക്ക് പഞ്ചായത്തുകൾ വഴി നല്കുന്നു. ഇതിനായി ആന്റി ട്രാഫിക്കിംഗ് സ്ക്വാഡ്, ജനമൈത്രി പോലീസ്, ജാഗ്രതാസമിതി അംഗങ്ങൾ, യുവാക്കൾ (നെഹ്റുയുവകേന്ദ്ര, സാക്ഷരതാ സമിതികൾ, ഗ്രന്ഥശാല പ്രസ്ഥാനങ്ങൾ, കലാ-കായിക-സാംസ്കാരിക ക്ലബുകൾ), ജില്ലാ മഹിളാ സമാജസമിതി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

ജില്ലാ, ഗ്രാമപഞ്ചായത്തുകൾ, നഗരസഭ എന്നിവിടങ്ങളിലെ നിർഭയ ഡെസ്ക്കുകൾ സ്ഥാപിച്ച് താഴെ കൊടുത്തിരിക്കുന്ന ചുമതലകൾ നിർവഹിക്കുന്നതാണ്.

പൊതുജനങ്ങളിൽ നിന്നും ലൈംഗിക അതിക്രമങ്ങളെക്കുറിച്ചുള്ള പരാതികൾ / നിർദ്ദേശങ്ങൾ സ്വീകരിക്കും.

ജാഗ്രതാസമിതികൾ കൃത്യമായി മാസത്തിൽ ഒരിക്കൽ കൂടുന്നതായി ഉറപ്പുവരുത്തും.

നിർഭയ ഡെസ്കിൽ ലഭിക്കുന്ന പരാതികൾ / നിർദ്ദേശങ്ങൾ ജാഗ്രതാ സമിതിക്ക് നല്കി തുടർനടപടികൾ സ്വീകരിക്കും.

ജാഗ്രതാ സമിതി നടപടികളുടെ റിപ്പോർട്ട് തയാറാക്കി ജില്ലാ നിർഭയ കമ്മിറ്റിയുടെ കൺവീനർക്ക് നല്കും.

ജാഗ്രതാ സമിതികളുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ്

വരുത്തും.

കൂടാതെ നിർഭയ പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാരിതര സംഘടനകൾ എന്നിവയുടെ സഹായത്തോടെ സ്ത്രീ–പുരുഷ സമത്വം, ഗാർഹിക പീഡനം തടയൽ, മദ്യവർജ്ജനം, സ്ത്രീധന നിരോധനം, സുരക്ഷിത കുടിയേറ്റം എന്നിവ പ്രോത്സാഹിപ്പിക്കുകയും, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുണ്ടാകുന്ന ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനായി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും, ബോധവത്ക്കരണ / പ്രചരണപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യും.

## ലൈംഗിക വാണിഭ വിരുദ്ധ സ്ക്വാഡ്

ഡിവൈഎസ്പി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ തലവനായുള്ള ആന്റി ട്രാഫിക്കിങ് സ്ക്വാഡിൽ താഴെപ്പറയുന്നവരിൽ അഞ്ചിൽ കുറയാത്ത അംഗങ്ങളെങ്കിലും ഉൾപ്പെട്ടിരിക്കും.

1. ജില്ലാ സാമൂഹ്യനീതിഓഫീസർ
2. പ്രൊബേഷൻ ഓഫീസർ
3. പ്രൊട്ടക്ഷൻ ഓഫീസർ
4. സാമൂഹ്യ പ്രവർത്തകർ
5. തിരഞ്ഞെടുക്കപ്പെട്ട സർക്കാരിതര സംഘടനാ പ്രതിനിധികൾ
6. മെഡിക്കൽ ഓഫീസർ
7. അഭിഭാഷകർ

ലൈംഗിക വാണിഭം, ലൈംഗിക ചൂഷണം എന്നിവയെക്കുറിച്ച് ജാഗ്രതാ സമിതികളിൽ നിന്നും/വ്യക്തികളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളിൻമേൽ നടപടി സ്വീകരിക്കുവാൻ ഈ സ്ക്വാഡിന് ചുമതലയുണ്ട്.

* പീഡിതരായ കുട്ടികളെ മോചിപ്പിക്കുന്നതിന് വേണ്ടി സമീപിക്കേണ്ട അധികാരികൾ

| | |
|---|---|
| 1) ചൈൽഡ് വെൽഫെയർ കമ്മിറ്റി | 1) അടിയന്തര നിയമസഹായം |
| 2) ചൈൽഡ് ഹെൽപ്പ് ലൈൻ | 2) സുരക്ഷിത വാസസ്ഥലം |
| 3) ജുവനൈൽ ജസ്റ്റിസ് ബോർഡ് | |
| 4) ആന്റി ട്രാഫിക്കിങ് സ്ക്വാഡ് – സ്ത്രീകളുടെയും കുട്ടികളുടെയും മോചനം | |

| | | |
|---|---|---|
| സംസ്ഥാനതല ഏകോപനസമിതി | ചെയർമാൻ | മുഖ്യമന്ത്രി |
| (മൂന്നുമാസത്തിൽ ഒരിക്കൽ കൂടുന്നു) | കൺവീനർ | പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് |

| | | |
|---|---|---|
| എക്സിക്യൂട്ടീവ് കമ്മിറ്റി (ഒരു മാസത്തിൽ ഒരിക്കൽ കൂടുന്നു) | ചെയർമാൻ | മന്ത്രി, സാമൂഹ്യനീതി വകുപ്പ് |
| ജില്ലാതല നിർഭയ കമ്മിറ്റി(രണ്ടുമാസത്തിൽ ഒരിക്കൽ കൂടുന്നു) | ചെയർമാൻ | ജില്ലാപഞ്ചായത്ത് പ്രസിഡന്റ് |
| | വൈസ് ചെയർമാൻ | ജില്ലാകളക്ടർ |
| | കൺവീനർ | ജില്ലാസാമൂഹ്യനീതി ഓഫീസർ |
| ജാഗ്രതാ സമിതി (പ്രാദേശികതലത്തിൽ മാസത്തിലൊരിക്കൽ കൂടുന്നു) | | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ജില്ലപഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ ചെയർപേഴ്സൺ |
| | | നഗരസഭ മേയർ |
| | കൺവീനർ | സി.ഡി.പി.ഒ/ ഐ.സി.ഡി.എസ് സൂപ്പർവൈസർ |

## സബല & നിർഭയ പ്രവർത്തനങ്ങളുടെ ഏകോപനം

കേന്ദ്രാവിഷ്കൃത പദ്ധതിയായ സബലയുടെ മുഖ്യലക്ഷ്യം കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ സമഗ്ര വ്യക്തിത്വവികസനവും ശാക്തീകരണവുമാണ്.

ഇതിന്റെ പ്രധാനഘടകങ്ങൾ :

ആരോഗ്യപരിരക്ഷ വിദ്യാഭ്യാസം ജീവിത നൈപുണിവികസനം എന്നിവ വഴി സുശക്തമായ ഒരു സ്ത്രീസമൂഹത്തെയാണ് വിഭാവന ചെയ്യുന്നത്. സബലയുടെയും നിർഭയുടെയും പ്രവർത്തനങ്ങൾ ഗ്രാമതലം മുതൽ ഏകോപിപ്പിച്ച് നടത്തുന്നതാണ്. സബല പദ്ധതി പ്രകാരം തിരഞ്ഞെടുത്ത നാല് ജില്ലകൾ (കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം).

## NIRBHAYA

Ist floor, Social Welfare Directorate (Annexe)
Poojappura, Thiruvananthapuram - 12
Ph: 0471-2343466
E-mail : genderadvisorkerala@gmail.com

| | |
|---|---|
| **1. NIRBHAYA Toll-Free Help Line** | 1800 425 1400 |
| Police: | |
| 2. Women Help Line | 1091/Tvpm 99953 999953 |
| 3. (City) Kozhicode | 0495-2724420 |
| 4. Kozhicode (Rural) | 0496-2517767 |
| 5. Single Window SMS | 9497900000 |
| 6. Kerala Police Help-line | 0471-3243000/44000/45000 |
| 7. Crime stopper | 1090 |
| 8. Police information Centre | 0471-2318188 |
| 9. Child Help-Line | 1098 |
| **Alert Numbers** | |
| 10. High way alert | 9846 100 100 |
| 11. Railway alert | 9846 200 100 |
| 12. Traffic alert | 1099 |
| 13. State Police Monitoring room and Coastal Police alert | 0471-2556699/00 |
| 14. HiTech Cell | 0471-2722768 |

**ഭൂമിക**

**ജെൻഡർ ബേസ്ഡ് വയലൽസ് മാനേജ്മെന്റ് സെന്റർ (GBVMC)**

- ഒരു പുരുഷൻ തന്റെ അധികാരമുപയോഗിച്ച് ഒരു സ്ത്രീയേയോ പെൺകുട്ടിയേയോ ഏതെങ്കിലും രീതിയിൽ ഉപദ്രവിച്ചാൽ, അതിനെ ലിംഗപദവിയുമായി ബന്ധപ്പെട്ട അതിക്രമം (Gender Based Violence) എന്ന് വിവക്ഷിക്കാം. ലിംഗപദവിയുമായി ബന്ധപ്പെട്ട അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് വൈദ്യസഹായവും സൗജന്യ താമസസൗകര്യവും നൽകുന്നതിനായി കേരളത്തിലെ ജില്ലാ ആശുപത്രികളും തെരഞ്ഞെടുത്ത താലൂക്ക് ആശുപത്രികളിലും ഭൂമിക പ്രവർത്തിച്ചുവരുന്നു. സെന്ററിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ഒരു വനിതാ കോ-ഓർഡിനേറ്ററേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കൂടുതൽ വിവരങ്ങൾക്ക്**

**ഭൂമിക ജില്ലാ കോ-ഓർഡിനേറ്റർ**
ജനറൽ ആശുപത്രി, തിരുവനന്തപുരം
ഫോൺ - 9946019997

**സ്നേഹിത - 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക്**

- സമൂഹത്തിന്റെ വിവിധതലങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്കും, ഉപജീവന സാധ്യതകൾ കണ്ടെത്തുന്നതിനായി ബുദ്ധിമുട്ടുന്ന സ്ത്രീകൾക്കും വ്യത്യസ്ത ആവശ്യങ്ങൾക്കായി യാത്ര ചെയ്യേണ്ടിവരുന്ന സ്ത്രീകൾക്കും, അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ മാർഗനിർദ്ദേശങ്ങളും നിയമസഹായവും ആവശ്യഘട്ടങ്ങളിൽ താമസസൗകര്യവും യഥാസമയം ലഭ്യമാക്കുന്നതിനുള്ള സംവിധാനമാണ് കുടുംബശ്രീയുടെ കീഴിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള സ്നേഹിത ഹെൽപ്പ് ഡെസ്ക്

**വിലാസം**

**സ്നേഹിത**
ജെണ്ടർ ഹെൽപ്പ് ഡെസ്ക്
'ഉഷസ്, പൈപ്പിൻമൂട് ലെയിൻ
ശാസ്തമംഗലം, തിരുവനന്തപുരം
ഫോൺ - 0471-2313661
മിഷൻ കോ-ഓർഡിനേറ്റർ - 9387690725

# സാംസ്കാരിക വകുപ്പ്

**സംസ്ഥാന കലാകാരപെൻഷൻ**

ലഭിക്കുന്ന ധനസഹായം - 750/- രൂപ (പ്രതിമാസം)

**എ. അർഹതാ മാനദണ്ഡം**

സംസ്ഥാന സർക്കാർ നിർധനരായ സാഹിത്യകാരൻമാർക്കും കലാകാരന്മാർക്കും ഏർപ്പെടുത്തിയിട്ടുള്ള പ്രതിമാസ ധനസഹായ പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം അർഹരായ കലാകാരന്മാർക്ക് 750/- രൂപ പ്രതിമാസ ധനസഹായം ലഭിച്ചുവരുന്നു.

**ബി. അപേക്ഷിക്കുവാനുള്ള നടപടിക്രമം**

പ്രസ്തുത പെൻഷൻ ലഭിക്കുന്നതിന് നിശ്ചിത അപേക്ഷാ ഫോറത്തിൽ അപേക്ഷകന്റെ കലാവിഭാഗം ഉൾപ്പെടുന്ന അക്കാദമിയിൽ ആവശ്യമായ രേഖകൾ (വയസ്, വരുമാനം, കലാവിഭാഗം എന്നിവ തെളിയിക്കുന്നതിനാവശ്യമായ) സഹിതമുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. അക്കാദമികൾ ശുപാർശ ചെയ്യുന്ന അപേക്ഷകൾ വകുപ്പ് സൂക്ഷ്മ പരിശോധന നടത്തി സർക്കാരിലേക്ക് അയക്കുന്നു. ഇതുപ്രകാരം സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് കലാകാരന്മാർക്ക് പെൻഷൻ നല്കിവരുന്നു.

* അപേക്ഷ ഫോറത്തിന്റെ മാതൃക വകുപ്പിൽ ലഭ്യമാണ്.

**മൺമറഞ്ഞ പ്രമുഖ കലാകാരന്മാരുടെ അനന്തരാവകാശികൾക്ക് നൽകിവരുന്ന വാർഷിക പെൻഷൻ പദ്ധതി**

ലഭിക്കുന്ന ആനുകൂല്യം എട്ടുപേർക്ക് 2000/- രൂപ വീതവും ഒരാളിന് 5000/- രൂപയും നൽകുന്നു.

**അർഹതാ മാനദണ്ഡം**

കലാസാംസ്കാരിക രംഗങ്ങളിൽ പ്രതിഭ തെളിയിച്ച മൺമറഞ്ഞ കലാകാരന്മാരുടെ അനന്തരാവകാശികൾക്ക് നല്കിവരുന്ന ധനസഹായ പദ്ധതിയാണിത്. സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക്, അർഹരായവരെ കണ്ടെത്തി ഇത് നല്കുന്നതാണ്.

**നിർധനരായ കലാകാരന്മാർക്കുള്ള അടിയന്തര ചികിത്സ ധനസഹായം**

സാമ്പത്തിക പിന്നാക്കവസ്ഥ നിമിത്തം അവശരായ കലാകാരന്മാർക്ക് നല്കിവരുന്ന ചികിത്സ ധനസഹായ പദ്ധതിയാണിത്.

അപേക്ഷകന്റെ കലാവിഭാഗം ഉൾപ്പെടുന്ന അക്കാദമിയിൽ ഇതുസംബന്ധിച്ച് ആവശ്യമായ രേഖകൾ (ചികിത്സാ ചെലവുകൾ സംബന്ധിച്ച വിവരങ്ങളും രേഖകളും) സഹിതം വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അക്കാദമികൾ ശുപാർശ ചെയ്തയക്കുന്ന അപേക്ഷകളിൽ തുക അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് അനുവദിച്ച തുക ഡി.ഡി. ആയി അപേക്ഷകന്റെ വിലാസത്തിൽ വകുപ്പിൽ നിന്നയച്ചുകൊടുക്കുന്നതാണ്.

**സാംസ്കാരിക സ്ഥാപനത്തിൽ നിന്നും വിരമിച്ചവർക്കുള്ള പെൻഷൻ പദ്ധതി**

സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന സ്വയംഭരണാവകാശമുള്ള സ്ഥാപനങ്ങളായ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, വിജ്ഞാന മുദ്രണം പ്രസ്, സംസ്ഥാന സർവ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സാഹിത്യ അക്കാദമി, കേരള സംഗീതഅക്കാദമി, കേരള ലളിതകലാഅക്കാദമി, കേരള ചലച്ചിത്ര അക്കാദമി എന്നിവിടങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് വകുപ്പ് മുഖേന പെൻഷൻ നല്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വാസ്തു വിദ്യാ ഗുരുകുലത്തിൽ സ്ഥിരം നിയമനം ലഭിച്ച ഒൻപത് ജീവനക്കാരെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വിരമിച്ച ജീവനക്കാരുടെ പെൻഷൻ അപേക്ഷ, ആവശ്യമായ രേഖകൾ (സർവ്വീസ് ബുക്ക്, ലയബിലിറ്റി സർട്ടിഫിക്കറ്റ് / നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ്, ലാസ്റ്റ് പേ സർട്ടിഫിക്കറ്റ്, ഇ.പി.എഫ്. വിഹിതം സംബന്ധിച്ച വിവരങ്ങൾ മുതലായവ) എന്നിവ സഹിതം ബന്ധപ്പെട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ നിന്ന് ലഭിക്കുന്ന വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പെൻഷൻകാർക്ക്/കുടുംബ പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വകുപ്പിൽ നിന്ന് അനുവദിച്ച് നല്കുന്നതാണ്